# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം  സമ്മേളനം

2019 നവംബർ 7, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1006/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | :ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .....1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .....32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....91

II **അടിയന്തരപ്രമേയം**

സിവിൽ പോലീസ് ഓഫീസർ നിയമനത്തിലെ അനിശ്ചിതത്വം

(അവതരണാനുമതി നിഷേധിച്ചു) .....430

III **ശ്രദ്ധ ക്ഷണിക്കൽ**

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം

—ശ്രീ. ബി. സത്യൻ .....447

2. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

—ശ്രീ. പി. കെ. ബഷീർ .....453

IV **സബ്മിഷൻ**

1. കടലാക്രമണം

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .....460

2. റീ-സർവ്വേ

—ശ്രീ. ഡി. കെ. മുരളി .....462

3. പുനലൂർ-പത്തനാപുരം-കോന്നി റോഡ്

—ശ്രീ. കെ. ബി. ഗണേഷ് കുമാർ .....464

4. റോഡ് നവീകരണം

—ശ്രീ. കെ. സി. ജോസഫ് .....466

5. നാടക കലാകാരൻമാർക്കായി സമിതി രൂപീകരിക്കൽ

—ശ്രീ. കെ. എൻ. എ. ഖാദർ .....469

*പേജ്*

6.കുടിവെള്ള വിതരണം

—ശ്രീമതി സി. കെ. ആശ .....474

7.ഫയർ സ്റ്റേഷൻ

—ശ്രീ. സി. കൃഷ്ണൻ .....475

**V ക്രമപ്രശ്നം**

ഒരേ പ്രശ്നം വീണ്ടും ഉന്നയിക്കുന്നത് സംബന്ധിച്ച്

—ശ്രീ. എം. ഉമ്മർ .....476

**(സബ്മിഷൻ .........തുടർച്ച)**

8. താനൂരിലെ അക്രമ സംഭവങ്ങൾ

—ശ്രീ. വി. അബ്ദുറഹിമാൻ .....477

9. ഖാദി റിബേറ്റ്

—ശ്രീ. വി. ഡി. സതീശൻ .....478

10. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്

—ശ്രീ. വി. ജോയി .....481

**VI റിപ്പോർട്ട് സമർപ്പണം**

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് .....482

**VII അറിയിപ്പ്**

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ടിനുള്ള ഭേദഗതി .....483

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മറ്റിക്ക് അയക്കണമെന്ന പ്രമേയവും .....484

(i) 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

(ii) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ .....484

*പേജ്*

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

—ശ്രീ. കെ. എസ്. ശബരീനാഥൻ .....484

**റൂളിംഗ്** .....486

**നിയമനിർമ്മാണകാര്യം-തുടർച്ച**

**അനുബന്ധം** .....572

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 നവംബർ 07, വ്യാഴം*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2019 നവംബർ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ (*241)

**പാട്ടക്കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കാൻ നടപടി**

1(*241) ശ്രീ. സി. മമ്മൂട്ടി:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എം. ഉമ്മർ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സർക്കാരിന് പ്രതിവർഷം വൻതോതിലുള്ള നഷ്ടമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടിക്കണക്കിന് തുക ഈയിനത്തിൽ ഒടുക്കേണ്ട സ്ഥാപനങ്ങളിൽ നിന്നും ഇത് ഈടാക്കിയെടുക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പാട്ടക്കുടിശ്ശികയിൽ സ്വകാര്യ വ്യക്തികളും സ്വകാര്യ സ്ഥാപനങ്ങളും വരുത്തിയിട്ടുള്ള കുടിശ്ശിക പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ; പാട്ടക്കുടിശ്ശിക പിരിക്കുന്നത് ഊർജ്ജിതമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ&ബി) സംസ്ഥാനത്ത് സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിനായി അനുവദിച്ചിട്ടുള്ളതിന്റെ വിവരശേഖരണം നടത്തുന്നതിനും പ്രസ്തുത കേസ്സുകളുടെ വിശദമായ പരിശോധന നടത്തുന്നതിനുമായി 18-2-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 55/2017/റവ. പ്രകാരം റവന്യൂ സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയമ സെക്രട്ടറി, ജോയിന്റ് കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനുശേഷം പ്രത്യേക ഉത്തരവുപ്രകാരം ധനകാര്യ (വ്യയം) സെക്രട്ടറിയെയുംകൂടി ഉൾപ്പെടുത്തി സമിതി പുനഃസംഘടിപ്പിച്ചു. പ്രസ്തുത സമിതി സമയാസമയങ്ങളിൽ യോഗം ചേർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്ത് തുടർനടപടികൾ നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശമനുസരിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ പാട്ടം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലീസ് മിഷൻ എന്ന പേരിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാട്ടം നൽകിയിട്ടുള്ള മുഴുവൻ കേസ്സുകളുടെയും പട്ടിക 14 ജില്ലാ കളക്ടർമാർ മുഖാന്തരം ശേഖരിച്ചിട്ടുള്ളതാണ്. പാട്ടം സംബന്ധിച്ച പ്രസ്തുത കേസുകളെല്ലാം വിശദമായി പരിശോധിച്ച് മുഴുവൻ പാട്ട കക്ഷികളെയും നിയമാനുസൃത നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേട്ട് പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനും പാട്ടം പുതുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പാട്ടം അടയ്ക്കാനും പുതുക്കാനും വിമുഖത കാണിക്കുന്നവരുടെ സംഗതിയിൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി കക്ഷികളിൽനിന്നും പിടിച്ചെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും പാട്ടക്കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ 3-8-2018-ലെ സ.ഉ. (കൈ) നമ്പർ 276/2018/റവ. പ്രകാരം 16 മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് പാട്ട രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാട്ടക്കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കേണ്ട തുക എത്രയാണെന്ന് പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്തുത പാട്ടക്കുടിശ്ശിക അടവാക്കാൻ പാട്ടകക്ഷികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ പാട്ടക്കുടിശ്ശിക

വരുത്തിയ സ്ഥാപനങ്ങൾ/സംഘടനകൾ/വ്യക്തികൾ എന്നിവയുടെ പാട്ടക്കുടിശ്ശിക കണക്കാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുകയും പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ടി കക്ഷികൾ പാട്ടക്കുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച് സർക്കാർ വസ്തു വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നേരിട്ടും ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, പാട്ടക്കൃഷിക്കുവേണ്ടി കൊടുത്തിട്ടുള്ള ഭൂമിയിൽനിന്നും കിട്ടാനുള്ള തുക എത്രയാണെന്ന് തിട്ടപ്പെടുത്തി പിരിച്ചെടുക്കുന്നതിന് സമിതി രൂപീകരിക്കുകയും ഇടയ്ക്കിടെ അവലോകനം ചെയ്യുകയും അതനുസരിച്ച് കുടിശ്ശിക തിട്ടപ്പെടുത്തുകയും പിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് പറഞ്ഞു. ഇത്തരത്തിൽ പാട്ടക്കൃഷിക്കുവേണ്ടി എത്ര ഹെക്ടർ ഭൂമി കൊടുത്തിട്ടുണ്ട്; അതിൽ എത്ര രൂപ കുടിശ്ശികയായി കിട്ടാനുണ്ട്; വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപടിയെടുത്തതുമൂലം എത്ര രൂപ ലഭിച്ചു; ഇനി എത്ര രൂപ കിട്ടാൻ ബാക്കിയുണ്ട്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇപ്പോഴത്തെ കണക്കനുസരിച്ച് 697 കേസ്സുകളാണുള്ളത്. വിവിധ ജില്ലകളിലായി സംഘടനകൾക്കും വ്യക്തികൾക്കുമായി ആകെ 3118.2193 ഹെക്ടർ സ്ഥലമാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. പാട്ടക്കുടിശ്ശിക ഇനത്തിൽ 1155.313649 (1156 കോടി രൂപ) കോടി രൂപയാണ് ലഭിക്കാനുള്ളത്. ഇപ്പോൾ നടത്തിയിട്ടുള്ള പരിശ്രമത്തിന്റെ ഫലമായി ഏതാണ്ട് 16,46,41,563 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ദീർഘകാലമായി നിലനിൽക്കുന്ന പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വ്യവസ്ഥകൾ ലംഘിക്കുന്നത് തക്കസമയത്ത് ചോദ്യം ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ ഭാഗമായിട്ടാണ് ഇത്തരം പ്രവൃത്തികൾ നടന്നിട്ടുള്ളത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടും 16 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്ന് പറഞ്ഞാൽ അത് വളരെ നാമമാത്രമായ തുകയാണ്. വൻകിട മുതലാളിമാരാണ് ഇത്തരത്തിൽ ഒഴിവായിപ്പോകുന്നത്. ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം പട്ടയ ഭൂമിയിൽപ്പോലും മാറ്റംവരുത്തിയതുകൊണ്ട്, 15 സെന്റും 1500 സ്ക്വയർ ഫീറ്റുമുണ്ടെങ്കിൽ നടപടിയെടുക്കാൻ വളരെ ശക്തമായ നീക്കങ്ങൾ നടക്കുന്ന സാഹചര്യത്തിൽ വൻകിട മുതലാളിമാർ ഭൂമി പാട്ടത്തിനെടുത്ത് റിസോർട്ടും മറ്റും നിർമ്മിക്കാൻ ഉപയോഗിച്ചിട്ടുണ്ടോ; ഇങ്ങനെ ദുരുപയോഗം ചെയ്തതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ

നടപടി സ്വീകരിച്ചിട്ടുണ്ടോ; അത്തരത്തിലുള്ള ഏതെങ്കിലും സംഭവം അങ്ങേയ്ക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ കാലങ്ങളിൽ അതിന് നടപടി സ്വീകരിക്കാത്തതിനെത്തുടർന്ന് ഇപ്പോഴാണ് ഇതിനുവേണ്ടി പ്രത്യേകം കമ്മിറ്റി രൂപീകരിച്ചത്. നിയമ വകുപ്പ് സെക്രട്ടറി, റവന്യൂ വകുപ്പ് കമ്മീഷണർ, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവരുൾപ്പെട്ട കമ്മിറ്റി രൂപീകരിക്കുകയും ലീസ് മിഷൻ എന്ന രീതിയിൽ കമ്മീഷണറേറ്റിൽ പ്രത്യേക സംവിധാനമുണ്ടാക്കുകയും ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുകയും ചെയ്യുന്ന നടപടിയാണ് സ്വീകരിച്ചത്. വലിയ തോതിൽ ഭൂമി കൈവശം വച്ചിരിക്കുന്ന ധാരാളം ആളുകൾക്ക് ഇപ്പോൾ നോട്ടീസ് കൊടുക്കുകയും തുടർനടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വലിയ കമ്പനികളായ ഹാരിസൺ മലയാളം പ്ലാന്റേഷനും ടാറ്റ അടക്കമുള്ള സ്വകാര്യ കുത്തക മുതലാളിമാരും വലിയ തോതിലാണ് ഭൂമി കൈവശം വച്ചിട്ടുള്ളത്. ഹാരിസൺ കമ്പനി അമ്പതിനായിരത്തോളം ഏക്കർ സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക സർക്കാരിലേയ്ക്ക് അടച്ചതിന്റെ രേഖകൾ നിലനിൽക്കവെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാർ ഫയൽ ചെയ്ത അപ്പീൽ നിരസിക്കുകയാണുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി മുമ്പാകെ പുനഃപരിശോധനാ ഹർജി നൽകാൻ സർക്കാർ ശ്രമിക്കുമോ? അവരിൽ നിന്നും 495 കോടി രൂപയോളം പാട്ടക്കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ടെന്നാണ് അറിയുന്നത്. ഇതിനുവേണ്ടി റവന്യൂ വകുപ്പ് സെക്രട്ടറിയെയും ചീഫ് സെക്രട്ടറിയെയും അധികാരപ്പെടുത്തി ഒരു സമിതിയുണ്ടാക്കിയിട്ടുണ്ട്. ആ സമിതിയുടെ നേതൃത്വത്തിൽ കുടിശ്ശികത്തുക പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അവരുടെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുക തന്നെ ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും കേസ് തള്ളിയെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ സ്വീകരിച്ച നടപടികളിലെ ചില കാര്യങ്ങളിൽ മാത്രമാണ് കോടതിവിധി ഉണ്ടായിട്ടുള്ളത്. ഭൂമിയുടെ ടൈറ്റിൽ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഡിസ്പ്യൂട്ട് നിലനിൽക്കുന്ന സാഹചര്യത്തിൽ അവർ തുക അടയ്ക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ആ തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ വൻകിടക്കാരിൽനിന്ന് അനായാസം ഈ പാട്ടക്കുടിശ്ശിക സർക്കാരിന് പിരിച്ചെടുക്കാവുന്നതാണ്. പാട്ടക്കുടിശ്ശിക ഇനത്തിൽ 1155 കോടി രൂപ കിട്ടാനുള്ളതിൽ 16 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്ന് പറയുമ്പോൾ ഒരു ശതമാനംപോലും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് വളരെ ദയനീയമാണ്. സർക്കാരിന് ലഭിക്കാനുള്ള പണത്തിൽനിന്ന് അര ശതമാനം തുകപോലും പിരിച്ചെടുക്കാൻ കഴിയാതെ ലോകബാങ്കിൽനിന്നും മറ്റും കടമെടുത്ത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വളരെ ദുർബ്ബലമായി നിൽക്കുന്ന ഈ സാഹചര്യത്തിൽ, പാട്ടക്കുടിശ്ശിക വരുത്തിയ ഏതെങ്കിലും ആളുകളിൽനിന്ന് ഒരു തുണ്ട് ഭൂമിയെങ്കിലും തിരിച്ചെടുത്തതിന്റെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പല കേസ്സുകളും സ്റ്റേ ചെയ്തതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. സ്റ്റേ ചെയ്ത കേസ്സുകളിൽ സ്റ്റേ നീക്കിക്കിട്ടുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. വിവിധ സന്ദർഭങ്ങളിൽ ഭൂമി തിരിച്ചെടുക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ കോടതി നടപടികളിലൂടെ തടയപ്പെടുന്ന സ്ഥിതിയാണ് ഇന്ന് നിലനിൽക്കുന്നത്. അത്തരം സ്റ്റേകൾ നീക്കംചെയ്യാനും തുടർനടപടിയുമായി മുന്നോട്ടുപോകാനുമാണ് തീരുമാനിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചു പോലെ സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസരത്തിൽ ഈ കുടിശ്ശിക പിരിച്ചെടുക്കുക എന്നത് ഗവൺമെന്റിന്റെ ലക്ഷ്യമാണ്. സമീപകാലത്ത് നടത്തിയ വലിയ പരിശ്രമത്തിന്റെ ഫലമായിട്ടാണ് 16 കോടി രൂപയോളം പിരിച്ചെടുക്കാൻ കഴിഞ്ഞത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പാട്ടഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാരും പാട്ടക്കാരനും തമ്മിൽ തർക്കം നിലനില്ക്കുന്ന കേസുകളിൽ ഭൂനികുതി ഒടുക്കുന്നതിന് അനുവദിക്കാറുണ്ടോ; കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന രാജമാണിക്യം റിപ്പോർട്ടിന്റെ നിലവിലെ സ്ഥിതിയെന്താണ്; ആ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഉടമസ്ഥാവകാശം തെളിയിക്കുന്നതു സംബന്ധിച്ച് തർക്കം വരുന്ന സന്ദർഭത്തിൽ സിവിൽ കോടതിയെ സമീപിക്കുക എന്ന നിർദ്ദേശത്തെ അടിസ്ഥാനപ്പെടുത്തി നടപടികളുമായി മുന്നോട്ടുപോകുകയാണ്. സർക്കാരിന്റെ ഉടമസ്ഥതയിലാണ് ഭൂമി എന്നുള്ളതിൽ സർക്കാരിന് സംശയമില്ല. ആ തർക്കം നിലനിൽക്കുന്നതുകൊണ്ടാണ് സിവിൽ കോടതിയെ സമീപിക്കാൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ അന്തിമമായ കോടതി വിധിക്ക് വിധേയമായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കരമെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമുണ്ടാകും. വലിയ കമ്പനികളുടെ കൈവശമിരിക്കുന്ന ഭൂമിയുടെ

കരമെടുക്കുന്നതു സംബന്ധിച്ച് സിവിൽ കോടതിയിൽ കേസ് നൽകാനും 'കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി' എന്ന വ്യവസ്ഥയോടുകൂടി അവരുടെ കരം സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥയാണ് ഇപ്പോഴുണ്ടാക്കിയിരിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഇടുക്കിയിലെ ഭൂമിയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകയ്യെടുക്കുന്നുണ്ട്; അതിനെ അഭിവാദ്യം ചെയ്യുന്നു. മൂന്നാർ പട്ടണം ഇപ്പോഴും പാട്ടഭൂമിയിലാണ്; കമ്പനിക്കാണ് വാടക കൊടുക്കുന്നതെന്ന് അങ്ങേയ്ക്കറിയാം. മൂന്നാറിലെ ആയിരത്തിലധികം വരുന്ന കച്ചവടക്കാർക്ക് സർക്കാരിലേയ്ക്ക് നേരിട്ട് കരം കൊടുക്കുന്നതിന് അവസരമൊരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഭൂമിക്ക് നേരത്തെ നൽകിയ വ്യവസ്ഥയ്ക്കനുസരിച്ച് തുടർന്നുവരുന്ന രീതിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചത്. അക്കാര്യത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കാൻ തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കയ്യിലിരിക്കുന്ന സർക്കാരിന്റെ ഭൂമി പരിശോധിച്ചാൽ പാട്ടക്കുടിശ്ശിക എന്നു പറയുന്നത് നാമമാത്രമായ തുകയാണെന്നു മനസ്സിലാക്കാൻ കഴിയും. അത്രയും വ്യാപ്തിയിലുള്ള സർക്കാരിന്റെ ഭൂമിയാണ് പല കാരണങ്ങൾകൊണ്ടും പല കാലങ്ങളിലായി പലരുടെയും കൈവശം വന്നത്. പേരിനുവേണ്ടി വെറുതെ പണ്ടുകാലത്ത് വച്ചിട്ടുള്ള തുകയാണ്. പാട്ടത്തുക വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ; പാട്ടക്കരാർ ലംഘിക്കുകയും പാട്ടക്കാലാവധി പൂർത്തിയാക്കുകയും ചെയ്ത ആളുകളുടെ ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടി സിവിൽ കേസുകൾ നടത്തി അന്തമില്ലാത്ത വ്യവഹാരങ്ങളാണ് സർക്കാരിന് ബാധ്യതയായി വരുന്നത്. ഒരു തീരുമാനവുമെടുക്കാതെ മൂന്ന് പതിറ്റാണ്ടുകളോളം നീണ്ടുനിൽക്കുന്ന കേസുകൾ വരെയുണ്ട്. അതുകൊണ്ട് ഇതിനെ മറികടക്കാൻ ശക്തമായ നിയമനിർമ്മാണം വേണം. കാരണം, ഈ ഭൂമി സർക്കാരിന്റേതാണ്. പാട്ടക്കാലാവധി പൂർത്തിയായാലോ പാട്ടക്കരാർ ലംഘിച്ചാലോ ഓട്ടോമാറ്റിക്കായി സർക്കാരിന്റെ കൈകളിലേയ്ക്ക് ആ ഭൂമി എത്തുന്നതിനുള്ള ഒരു ശക്തമായ നിയമനിർമ്മാണം; അല്ലെങ്കിൽ നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി സർക്കാരിന്റെ ഭൂമി സുരക്ഷിതമാക്കാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യം സംബന്ധിച്ച് നിയമനിർമ്മാണത്തിനുള്ള സാധ്യത ആരായാവുന്നതാണ്. പാട്ടക്കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അവർക്ക് നോട്ടീസ് കൊടുക്കുന്നതിന്

നടപടി സ്വീകരിക്കുകയും ഒരുപാട് പേർക്ക് നോട്ടീസ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയായിട്ടും പുതുക്കാൻ കൂട്ടാക്കാത്ത ആളുകളുടെ കാര്യത്തിൽ, അത്തരം ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമ്പോഴുണ്ടാകുന്ന നിയമപരമായ തടസ്സങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അത്തരം വിഷയങ്ങളിൽ നിയമനിർമ്മാണത്തിനുള്ള സാധ്യത ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, പാട്ടത്തുക വളരെ ചുരുങ്ങിയ സംഖ്യ തന്നെയാണ്. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ നിയമത്തെ അടിസ്ഥാനപ്പെടുത്തി ഭൂമി വിതരണത്തിലുണ്ടാക്കിയ നടപടികളുടെ ഭാഗമായി അന്ന് നിശ്ചയിച്ച അതേ റേറ്റിലാണ് ബിൽ ചെയ്തുകൊണ്ടിരിക്കുന്നത്. സാധാരണഗതിയിൽ വ്യക്തികൾക്കോ അല്ലെങ്കിൽ ലാഭകരമല്ലാത്ത ആവശ്യങ്ങൾക്കോ പാട്ടത്തിന് കൊടുക്കുന്നെങ്കിൽ മാർക്കറ്റ് റേറ്റിന്റെ രണ്ടു ശതമാനവും അല്ലാത്തതിന് അഞ്ച് ശതമാനവും എന്നുള്ള വ്യവസ്ഥയനുസരിച്ചാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എന്താണ് സാധ്യതയെന്ന് ആരായാവുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, തലസ്ഥാനത്ത് വൻകിട ക്ലബ്ബുകൾ പാട്ടഭൂമിയിൽ പ്രവർത്തിക്കുന്നുണ്ട്. ആ ക്ലബ്ബുകളാകട്ടെ നാമമാത്രമായ പാട്ടത്തുക പോലും കൃത്യമായി അടയ്ക്കുന്നില്ലെന്ന പരാതിയും ഉയരുന്നു. അതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അത്തരം ക്ലബ്ബുകളുടെ കാര്യത്തിലും ഈ പറയുന്ന രീതിയിലുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ക്ലബ്ബുകളിൽ പലതിന്റെയും പാട്ടക്കാലാവധി പൂർത്തിയായിട്ടുണ്ട്. പാട്ടക്കാലാവധി പൂർത്തിയായവർക്ക് നോട്ടീസ് കൊടുക്കാനും തുടർനടപടികളുമായി മുന്നോട്ടുപോകാനുമാണ് നിശ്ചയിച്ചിരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭൂപരിഷ്കരണ നിയമപ്രകാരം പഴയകാലത്ത് തോട്ടമായിരുന്നതുകൊണ്ട് സീലിംഗിന്റെ പരിധിയിൽ വരാതെ എക്സംപ്ഷൻ കിട്ടുകയും ഇന്ന് ആ തോട്ടങ്ങളിലെ മരങ്ങളൊക്കെ മുറിച്ചുവിറ്റതിനുശേഷം ആ ഭൂമി പലർക്കായി കൈമാറുകയും ചെയ്തിട്ടുണ്ട്. അങ്ങനെ കൈമാറിക്കിട്ടിയ ആളുകൾ തോട്ടം തരംമാറ്റി ഇപ്പോൾ 10-ഉം 20-ഉം സെന്റുകളാക്കി വീടു വച്ച് താമസിക്കുകയാണ്. ഭൂപരിഷ്കരണ നിയമത്തിൽ തോട്ടത്തിന് അന്ന് എക്സംപ്ഷൻ കിട്ടിയിരുന്നു. എന്നാൽ ഇപ്പോൾ തോട്ടം മാറി, ഭൂമി തരംമാറ്റി എന്നുപറഞ്ഞ് താമസിക്കുന്ന ആളുകൾക്ക് പട്ടയവും കൈവശ സർട്ടിഫിക്കറ്റും കൊടുക്കാത്ത ഒരു പ്രശ്നമുണ്ട്. മണ്ണാർക്കാട് ടൗണിൽ, മുമ്പ് തോട്ടമായിരുന്ന ഒരു പ്രദേശം മുഴുവനും തരംമാറ്റി ആളുകൾ വീടുകൾ വച്ചു താമസിക്കുകയാണ്. പക്ഷേ ഇപ്പോൾ അവർക്ക് രേഖകൾ നൽകാൻ കഴിയില്ലെന്നുള്ള നിലപാടാണ് അധികൃതർ സ്വീകരിച്ചിരിക്കുന്നത്. അത്തരം ഭൂമി കണ്ടെത്താൻവേണ്ടിയുള്ള നിയമഭേദഗതിക്കുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നുവെന്നുള്ള വാർത്തയുണ്ടായിരുന്നു.

<u>മി. സ്പീക്കർ</u>: പാട്ടക്കുടിശ്ശികയാണ് വിഷയം, ഭൂപരിഷ്കരണ നിയമമല്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭൂമിയാണല്ലോ.

<u>മി. സ്പീക്കർ</u>: എല്ലാം ഭൂമിയിൽ തന്നെയാണ്. അങ്ങ് വേഗം ചോദിച്ചോളൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രധാന പ്രശ്നം, തോട്ടമായിരുന്ന സ്ഥലം ഇപ്പോൾ തോട്ടമല്ലാതായിട്ട് പത്തുനാല്പത് കൊല്ലമായി. നിരവധി ആളുകൾ ഇതിന്റെ ഭീതിയിലാണ്. അവരുടെ കയ്യിലാകട്ടെ പത്തും ഇരുപതും സെന്റ് ഭൂമിയേയുള്ളൂ. തോട്ടം തരംമാറ്റിയതുകൊണ്ട് നികുതിയെടുക്കുകയോ കൈവശ സർട്ടിഫിക്കറ്റ് കൊടുക്കുകയോ ചെയ്യുന്നില്ല. എസ്.എം. ബുക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഇതിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെടുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട ചെയർ സൂചിപ്പിച്ചതുപോലെ, ഇത് പാട്ടവുമായി ബന്ധപ്പെട്ട ചോദ്യമല്ല. ബഹുമാന്യനായ എം.എൽ.എ. ഇന്നലെ ഇതുമായി ബന്ധപ്പെട്ട് ഒരു നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പോൾത്തന്നെ ഞാൻ മറുപടിയും നൽകിയതാണ്. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾക്കെല്ലാം ബോദ്ധ്യമുള്ള കാര്യമാണ്. കേരളത്തിൽ നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തെത്തുടർന്ന് തോട്ടങ്ങൾ എന്ന നിലയിൽ 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതിന് എക്സംപ്ഷൻ നൽകിയിട്ടുണ്ട്. സ്വാഭാവികമായും തോട്ടങ്ങൾ തോട്ടങ്ങളല്ലാതാകുമ്പോൾ ആ എക്സംപ്ഷനുള്ള അവകാശം അവർക്ക് നഷ്ടപ്പെടുകയാണ്. അതിന്റെ ഭാഗമായി മാത്രമേ നമുക്ക് ഈ വിഷയത്തെ കാണാൻ കഴിയൂ. അങ്ങനെ കൈവശമുണ്ടായിരുന്ന തോട്ടങ്ങൾ തുണ്ടുതുണ്ടായി വില്പന നടത്തി. അതിനെയൊക്കെ നിയമപരമായി സാധൂകരിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ നമ്മുടെ സംസ്ഥാനത്ത് പിന്നെ പ്ലാന്റേഷൻ കാണില്ലെന്നതാണ് വസ്തുത. നിലവിലിരിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ നമുക്കതിന് സാദ്ധ്യമല്ല.

1963-ലെ ഭൂപരിഷ്കരണ നിയമത്തിൽ എക്സംപ്ഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥയിൽ വരുത്താൻപോകുന്ന ഭേദഗതിയെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി. മന്ത്രിസഭ ഇപ്പോൾ അതുമായി ബന്ധപ്പെട്ട ഒരു തീരുമാനം എടുത്തിരിക്കുകയാണ്. ഇങ്ങനെ ഭൂമി കൈവശം വച്ച് വില്പന നടത്തുന്ന ആളുകൾ, വിൽപ്പന നടത്തിക്കഴിഞ്ഞാൽ അവരുടെ കയ്യിൽ നിന്ന് ഭൂമി കണ്ടെത്താൻ കഴിയാതിരിക്കുമ്പോൾ, ഇപ്രകാരം ഭൂമി തുണ്ടായി വാങ്ങിയ ആളുകളിൽ നിന്നുപോലും തിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥയോടുകൂടിയതാണ് ഇപ്പോൾ പറയുന്ന കാര്യം. നമ്മുടെ സംസ്ഥാനത്തുള്ള വലിയ പ്ലാന്റേഷൻ ഇങ്ങനെ തുണ്ടംതുണ്ടമായി വില്ക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടിയാണ് സർക്കാർ അത്തരമൊരു തീരുമാനമെടുത്തത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, പാട്ടക്കാലാവധി കഴിഞ്ഞതും ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുമ്പോൾ ബ്രിട്ടണിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഒരു പ്ലാന്റേഷനാണ് ഹാരിസൺ മലയാളം കമ്പനി. പിന്നീട് എറണാകുളത്ത് രജിസ്റ്റർ ചെയ്ത് അവരുടെ ഭൂമിയാണെന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ അത് സർക്കാരിലേയ്ക്ക് നിക്ഷിപ്തമാകേണ്ട ഭൂമിയാണ്. നിർഭാഗ്യവശാൽ കോടതിയിൽ നമുക്കത് തെളിയിക്കാൻ കഴിഞ്ഞില്ല. അവരാണെങ്കിൽ പ്ലാന്റേഷൻ ഭൂമിയാണെന്ന നിലയിൽ വികസന പ്രവർത്തനങ്ങളിലൊക്കെ, മലയോര ഹൈവേക്കുപോലും തടസ്സം നിൽക്കുകയാണ്. ആ ഭൂമി നിയമപരമായി ഏറ്റെടുക്കാൻ നമുക്ക് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ സാധിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ച ചോദ്യത്തിനൊപ്പം, കോടതിയിൽ നമ്മുടെ ഭൂമിയാണെന്ന് നമുക്ക് തെളിയിക്കാൻ കഴിഞ്ഞില്ല എന്നൊരു പ്രയോഗം നടത്തുകയുണ്ടായി. അത് ശരിയല്ല. അതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കമല്ല കോടതിയിൽ നിലനിന്നിരുന്നത്. ഹൈക്കോടതിയും സുപ്രീംകോടതിയുമൊക്കെ അന്തിമ തീരുമാനമെന്ന നിലയിൽ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്ന നിഗമനവും ഉടമസ്ഥാവകാശം സംബന്ധിച്ചുള്ളതല്ല. സ്പെഷ്യൽ ഓഫീസർ എന്ന നിലയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ അധികാരപരിധിയിൽപ്പെടാത്ത നടപടികൾ സ്വീകരിച്ചതിനെയാണ് ഹൈക്കോടതി സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും സുപ്രീംകോടതിയിൽ എസ്.എൽ.പി. (Special Leave Petition) വന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധനപോലും നടത്താതെ അവസാനിപ്പിച്ചത്. ഈ പറയുന്ന ഭൂമി സർക്കാരിന്റെ ഭൂമിയാണെന്ന ഉറച്ച ധാരണയോടുകൂടിതന്നെയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. ടൈറ്റിൽ സംബന്ധിച്ച് തീരുമാനമെടുക്കാൻ സിവിൽ കോടതിയെ സമീപിക്കണമെന്ന് കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് അതിൽ വിട്ടുവീഴ്ച ചെയ്യുന്ന വിഷയമേയില്ല.

മി. സ്പീക്കർ: ചോദ്യം നമ്പർ (*242)-ഉം ചോദ്യം നമ്പർ (*263)-ഉം ക്ലബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. അബ്ദു റബ്ബ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ചോദ്യങ്ങൾക്ക് ഒരുമിച്ച് മറുപടി നൽകിയാൽ മതിയാകും.

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി**

2 (*242) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) വിൽക്കുന്നതിനോ അന്യാധീനപ്പെടുത്തുന്നതിനോ കേന്ദ്രസർക്കാർ തീർച്ചപ്പെടുത്തിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാനം നൽകിയ ഭൂമി**

3 (*263) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മുൻപ് വിട്ടുകൊടുക്കുകയോ ഏറ്റെടുത്ത് കൈമാറുകയോ ചെയ്ത ഭൂമി ഇത്തരം സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തോടെ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കൈമാറിയതും നഷ്ടപ്പെടുന്നതുമായ ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനം സൗജന്യമായും വ്യവസ്ഥകൾക്ക് വിധേയമായും കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത ഭൂമി വിറ്റഴിക്കുന്നതിനുമുമ്പ് എന്തെങ്കിലും തരത്തിലുള്ള ആലോചനകൾ സംസ്ഥാന സർക്കാരുമായി നടത്താറുണ്ടോ; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) സംസ്ഥാനത്തെ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്.

(സി) വിൽക്കുന്നതിനോ അന്യാധീനപ്പെടുത്തുന്നതിനോ കേന്ദ്ര സർക്കാർ തീർച്ചപ്പെടുത്തിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഒരു സംസ്ഥാനത്തെ വനം ഒഴികെയുള്ള ഭൂമിയുടെ സമ്പൂർണ്ണ അവകാശം സംസ്ഥാന ഗവൺമെന്റിനാണ്. സംസ്ഥാന ഗവൺമെന്റ് ആ ഭൂമി ഓരോരോ ആവശ്യങ്ങൾക്കായി കേന്ദ്രഗവൺമെന്റിനാണെങ്കിലും മറ്റ് സംവിധാനങ്ങൾക്കാണെങ്കിലും വിട്ടുകൊടുക്കുന്നതാണ്. ഇതിൽ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഓർഡറുകളും നടപടിക്രമങ്ങളും ഗവൺമെന്റിന് അനുകൂലമായ തരത്തിൽ ഉന്നയിക്കുന്നതിന് ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരിക്കുന്നതുമെല്ലാം രേഖയിലുണ്ട്. ഈ ഭൂമിയെല്ലാം നമ്മുടെ നഗരങ്ങളിലുള്ള വിലപ്പെട്ട ഭൂമിയാണ്. എന്റെ ചോദ്യം, ഇങ്ങനെ കേന്ദ്രഗവൺമെന്റിന് കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ സമ്പൂർണ്ണ അവകാശം സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കെ ഏതെങ്കിലും കേന്ദ്ര ഗവൺമെന്റ് സ്ഥാപനം കേന്ദ്രത്തിന്റെ മാത്രം അധികാരത്തിൽ സ്വകാര്യ മേഖലയ്ക്ക് കൈമാറുകയോ മരവിപ്പിക്കുകയോ ചെയ്യുമ്പോൾ സംസ്ഥാന ഗവൺമെന്റ് നിയമപരമായി കേന്ദ്രഗവൺമെന്റുമായി എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത്തരം കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുമായി ആലോചന നടത്തിയതായി അറിയില്ല. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾക്കുവേണ്ടി ലാൻഡ് അക്വയർ ചെയ്തുകൊടുത്ത അപൂർവ്വം ചില കേസുകളുണ്ട്. കേന്ദ്രഗവൺമെന്റ് സ്ഥാപനമായതുകൊണ്ട് സർക്കാരിന്റെ ഭൂമി തന്നെ അനുവദിച്ചു കൊടുത്തിട്ടുള്ളതുമുണ്ട്. അങ്ങനെ അക്വയർ ചെയ്ത ഭൂമി കേന്ദ്രഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് കൈമാറുന്ന സാഹചര്യത്തിൽ, ആവശ്യപ്പെട്ട കാര്യത്തിനല്ലാതെ ഇത് കൈമാറ്റം ചെയ്യാൻ പാടില്ലെന്നും മറ്റേതെങ്കിലും രീതിയിൽ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനെ വിലക്കിക്കൊണ്ടുമുള്ള വ്യവസ്ഥകളും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമേ സർക്കാരിന്റെ സ്വന്തമായ ഭൂമി നൽകുമ്പോഴും ഇന്ന കേന്ദ്ര സ്ഥാപനത്തിന്റെ ആവശ്യാർത്ഥമാണ് എന്നതിൽ

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

കവിഞ്ഞ് അത് കൈമാറ്റം ചെയ്ത് കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതു കൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ ഭൂമി നിലനിർത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഒരു സമൂഹത്തിന്റെ മൊത്തം പണം കേന്ദ്ര ഖജനാവിൽ എത്തുന്നത് ചെലവഴിച്ചാണ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിൽ ജനസംഖ്യാനുപാതികമായി അർഹതപ്പെട്ട കേന്ദ്രവിഹിതം കിട്ടുന്നില്ലെന്നതാണ് നമ്മുടെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പൊതുവായ ആക്ഷേപം. അതിന് തടസ്സമായി നിൽക്കുന്നത് ഇതിൽ പലതും വിൽപ്പനയ്ക്ക് വച്ചിരിക്കുന്നുവെന്നതാണ്. ഒരു സംസ്ഥാനത്തിന്റെ പൊതുവായ, നിയമപരമായ സംവരണം ഉൾപ്പെടെയുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നത് പൊതുമേഖല നൽകുന്ന ജോലിയും അതിന്റെ സുരക്ഷിതത്വവും സംസ്ഥാനത്തിന്റെ വിഹിതവും നമുക്ക് അർഹതപ്പെട്ട അവകാശവുമെല്ലാം ചേരുമ്പോഴാണ്. സംസ്ഥാനത്തെ ജനങ്ങൾക്ക് കിട്ടുന്ന അവകാശവുംകൂടി സംരക്ഷിക്കാനാണ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാനം ഭൂമി കൈമാറുന്നത്. അങ്ങനെയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ ഈ വിഷയങ്ങൾ ഉന്നയിക്കാനും കേരളത്തിന്റെ ഭൂ അവകാശം മാത്രമല്ല ജനങ്ങളുടെ അവകാശങ്ങൾകൂടി സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് നിയമപരവും സത്വരവുമായിട്ടുള്ള നീക്കങ്ങൾ നടത്താൻ റവന്യൂ വകുപ്പ് മാത്രമല്ല, സംസ്ഥാന ഗവൺമെന്റ് മൊത്തമായി തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചത് ശരിയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വരവോടെ അവിടെ ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യതകളും വിവിധ മേഖലകളിലുണ്ടാകുന്ന നേട്ടങ്ങളും കണ്ടുകൊണ്ടാണ് ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് ഭൂമി ഉൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റുകൾ നൽകിയിട്ടുള്ളത്. 1990-നുമുമ്പ് ഏതാണ്ട് 1960-ന്റെ അവസാനത്തോടെ രണ്ടുമൂന്ന് പതിറ്റാണ്ടുകാലം ഇവിടെ ദേശവൽക്കരണവും പൊതുമേഖലയെ ശക്തിപ്പെടുത്തലുമായിരുന്നു ലക്ഷ്യമെങ്കിൽ അതിനുശേഷമുള്ള കാലയളവിൽ അതിന്റെ സ്വകാര്യവൽക്കരണ നടപടികൾ ശക്തമായി നടക്കുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ പ്രതീക്ഷകളെല്ലാം തകർക്കത്തക്ക നിലയിലുള്ള നടപടികളാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ചതു പോലെ അത്തരം കേന്ദ്ര സ്ഥാപനങ്ങൾ കൈമാറ്റം ചെയ്യാനോ വിൽപ്പന നടത്താനോ ശ്രമിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് നേരിട്ട് ഇടപെടുന്ന വിഷയം, പ്രത്യേകിച്ച് വിമാനത്താവളം ഉൾപ്പെടെയുള്ള വിഷയം വന്നപ്പോൾ അത് അനുവദിക്കാൻ പാടില്ലെന്ന നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിൽപ്പന നടത്താൻ

ശ്രമിക്കുന്നതിനെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേന്ദ്രഗവൺമെന്റ് സ്വകാര്യവൽക്കരണം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.അതിന്റെ ഭാഗമായി കേരളത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന നിരവധി വ്യവസായങ്ങൾ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. അതിൽ ഒന്നാണ് എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്). ഏറ്റവും ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന, കേരള ഗവൺമെന്റ് 700 ഏക്കർ ഭൂമി എടുത്തുകൊടുത്ത് ഏറ്റവും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനമായിരുന്ന എച്ച്.എൻ.എൽ. അതിപ്പോൾ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. അത് തിരിച്ചു തരണമെന്ന് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും അത്തരമൊരു നിലപാടല്ല കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്. നിങ്ങൾ ലേലത്തിൽ പങ്കെടുത്തുകൊള്ളൂ എന്നാണ് പറഞ്ഞത്. നമ്മൾ കൊടുത്തിട്ടുള്ള ഭൂമിക്കുപോലും കാശ് ചോദിക്കുന്ന നിലപാടാണ് എച്ച്.എൻ.എൽ.-ന്റെ കാര്യത്തിലെടുത്തിട്ടുള്ളത്. ഇതുതന്നെയാണ് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യത്തിലും കൈക്കൊണ്ടിട്ടുള്ളത്. ഇന്ത്യയിലാകെ നിറഞ്ഞുനിൽക്കുന്ന, പതിനൊന്നായിരത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന അയ്യായിരം കോടിയിലധികം രൂപ ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനമായ ബി.പി.എൽ. സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ആരംഭിച്ചിരിക്കുകയാണ്. ഇത്തരം നിലപാടിനെതിരെ കേരളം ഒരുമിച്ചുനിന്ന് പ്രതിഷേധിച്ചു കൊണ്ടിരിക്കുകയാണ്. ഈ പ്രതിഷേധം കൂടുതൽ ശക്തിപ്പെടുത്താൻ ഇത്തരത്തിലുള്ള ചർച്ചകളും പരിശോധനകളും സഹായിക്കുമെന്നാണ് കരുതുന്നത്. കേന്ദ്ര ഗവൺമെന്റ് നഷ്ടത്തിലാണെന്നുപറഞ്ഞ് ഉപേക്ഷിക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താൻ കേരളം സന്നദ്ധമാണ്. ന്യായമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഞങ്ങൾ സന്നദ്ധമാണ്. ബുക്ക് വാല്യൂ അനുസരിച്ചുള്ള പണം ഞങ്ങൾ തരാം, ഞങ്ങളുടെ സ്ഥലം തിരിച്ചുതരൂ എന്നാണ് എച്ച്.എൻ.എൽ.-ന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. എന്നാൽ അതിനുപോലും കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നില്ല, നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇപ്പോൾ ഈ കേസ് നാഷണൽ ട്രൈബ്യൂണലിനെ ഏൽപ്പിച്ചിരിക്കുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാംതന്നെ വിറ്റഴിക്കുന്ന സമീപനമാണ് അടുത്തകാലത്തായി കണ്ടുവരുന്നത്. അതിൽ കോൺഗ്രസ്സും ബി.ജെ.പി.യും ഒരു നാണയത്തിന്റെ

ഇരുവശങ്ങളാണ്. കോൺഗ്രസ് ഇന്ദിരാഗാന്ധി കൊണ്ടുവന്ന നയത്തെ പിൻതള്ളി പുതിയ നയത്തിലേയ്ക്കാണ് വന്നത്. കോൺഗ്രസ്സിന്റെ ആ നയത്തിന് അനുരോധമായി, കുറച്ചുകൂടി ശക്തിയായാണ് ശ്രീ. നരേന്ദ്രമോദി നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം വിറ്റഴിച്ചു കൊണ്ടിരിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയിന്മേൽ സംസ്ഥാന സർക്കാരിന് നിയമപരമായുള്ള അവകാശം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നേരത്തെ സൂചിപ്പിച്ചതാണ്. ഇത്തരം വിഷയത്തിന്മേൽ ഗവൺമെന്റ് സ്വീകരിക്കുന്ന നയമെന്താണെന്ന് അതിൽ നിന്നുതന്നെ വ്യക്തമാണ്. ഒരു സ്ഥാപനത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അനുവദിച്ചുനൽകിയ ഭൂമി, അത് അക്വയർ ചെയ്തുകൊടുത്ത ഭൂമിയാണെങ്കിൽപ്പോലും ആ സ്ഥാപനം അടച്ചുപൂട്ടുകയോ കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്യുന്നെങ്കിൽ ആ ഭൂമിയിന്മേലുള്ള അവകാശം ഗവൺമെന്റിൽ തന്നെ നിലനിർത്തുന്നതിനുവേണ്ട നടപടിയാണ് സ്വീകരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് നിയമപരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ അതൊക്കെ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനു വേണ്ടി ഭൂമി നൽകിയത് കേരളാ ഗവൺമെന്റാണ്. ആ ഭൂമി ഇപ്പോൾ ബിഡിന് വച്ചിരിക്കുകയാണ്. ആ ഭൂമി കേരളത്തിന് അവകാശപ്പെട്ടതാണെന്നും അത് തിരിച്ചുനൽകണമെന്നും അതിന്മേലുള്ള ബാധ്യതകൾ ഞങ്ങൾ നിർവ്വഹിച്ചുകൊള്ളാമെന്നുമുള്ള നിലപാടാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ നമ്മുടെ മുന്നിൽ നിറഞ്ഞുനിൽക്കുന്ന വിഷയം കൂടിയാണിത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണമില്ലാത്ത ആസൂത്രിതമായ ഇറക്കുമതിനയംമൂലം 453 സ്ഥിരം ജീവനക്കാരും എഴുന്നൂറോളം കരാർ തൊഴിലാളികളും പണിയെടുക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് 2013 മുതൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വെള്ളൂരിൽ കഴിഞ്ഞ 35 വർഷമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ ഭൂമി വിൽക്കുന്നതിന് തകൃതിയായ പരിശ്രമങ്ങൾ നടത്തിവരുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. അതിനെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇക്കാര്യം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നേരത്തെ സൂചിപ്പിച്ചതാണ്. 698 ഏക്കർ ഭൂമിയാണ് സംസ്ഥാന സർക്കാർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ഏറ്റെടുത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യാൻ പോകുന്ന സാഹചര്യമുണ്ടായപ്പോൾ ആ നീക്കത്തെ തടയുന്നതിനുവേണ്ടി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് നോട്ടീസ് അയയ്ക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 698 ഏക്കർ സ്ഥലത്തിനുപുറമെ 5600 ഏക്കർ വനഭൂമികൂടി നേരത്തെ എച്ച്.എൻ.എൽ.-ന് പാട്ടത്തിന് നൽകിയിരുന്നു. ആ ഭൂമികൂടി തിരിച്ചെടുക്കാൻ വനംവകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കൈവശം എത്ര ഏക്കർ ഭൂമിയാണുള്ളത്; ഏതൊക്കെ തരത്തിലുള്ള ഭൂമിയാണ് അവർ കൈവശം വച്ചിരിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിലവിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സ്ഥിതിചെയ്യുന്നത് ഏകദേശം 698 ഏക്കർ ഭൂമിയിലാണ്. അതിനുപുറമെ വനം വകുപ്പിന്റെ 5600 ഏക്കർ ഭൂമികൂടി അവർക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇതെല്ലാം തിരിച്ചെടുക്കാനുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞതുപോലെ, കഴിഞ്ഞ ജൂലൈ മാസത്തിലാണ് പുതിയൊരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് കേന്ദ്ര സ്ഥാപനങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുന്ന ഭൂമി വേണ്ടവിധത്തിൽ ഉപയോഗിക്കാതെ, കൈമാറ്റം ചെയ്യുന്നത് തടയാനുള്ള വ്യവസ്ഥകൾ വച്ചിട്ടുള്ളത്. ഇക്കാലമത്രയും ഇതിനുവേണ്ടി നമുക്ക് ഒരു വ്യവസ്ഥയു മില്ലായിരുന്നുവെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഏതോ ഒരു സ്ഥലം തിരിച്ചുനൽകാൻ പറഞ്ഞിട്ടും അവർ അതിന് കൂട്ടാക്കുന്നില്ലെന്ന രീതിയിൽ ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു. ഇതെല്ലാമുണ്ടാകുന്നത് രണ്ട് ഗവൺമെന്റുകൾ തമ്മിൽ വ്യക്തമായ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഇല്ലാത്തതുകൊണ്ടാണ്. കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിലുള്ള ധാരാളം സ്ഥലങ്ങൾ ഉപയോഗിക്കാതെയും സംസ്ഥാന ഗവൺമെന്റിനെ അതിന് അനുവദിക്കാതെയും വെറുതെ കിടക്കുകയാണ്. ഇപ്പോൾ പ്രൈവറ്റൈസേഷന്റെ കാലഘട്ടമായതുകൊണ്ട് കേന്ദ്ര സർക്കാർ പലപ്പോഴും അതിനുള്ള ശ്രമങ്ങൾ നടത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ശ്രമങ്ങളെ ദുർബലപ്പെടുത്താൻ വ്യക്തമായ അധികാരങ്ങൾ ഉപയോഗിക്കുന്നില്ലെങ്കിൽ, ആ സ്ഥലം സംസ്ഥാന ഗവൺമെന്റിന് തിരിച്ചുപിടിക്കാനാവശ്യമായ നിബന്ധനകൾ ഉൾപ്പെടുന്ന നിയമം കൊണ്ടുവരാൻ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ കൈമാറ്റം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ നമ്മൾ നൽകിയ ഭൂമി നമ്മുടെ സംസ്ഥാനത്തുതന്നെ നിലനിർത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യവസായ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ദോഷം വരാത്തവിധത്തിൽ നിയമപരമായ മാർഗ്ഗങ്ങളുൾപ്പെടെ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അന്വേഷിച്ച് അതിനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ട് പോകുകതന്നെ ചെയ്യും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എഫ്.എ.സി.ടി.-യുടെ ആരംഭകാലത്ത് നമ്മൾ കുറേയധികം സ്ഥലം ഏറ്റെടുത്ത് നൽകിയിരുന്നു. അതിൽ ഉപയോഗിക്കാതെ കിടക്കുന്ന കുറച്ച് സ്ഥലം തിരികെ ചോദിച്ചപ്പോൾ മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതൽ തുക അവർ ചോദിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. അത് ശരിയാണോ; അതിന്റെ നിജസ്ഥിതിയെന്താണ്; ആ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിൽ ഭൂമി ഏറ്റെടുത്ത് കേന്ദ്രത്തിന് നൽകുന്ന കേസുകളിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാത്തതാണ് ഈ സാഹചര്യത്തിന് ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എഫ്.എ.സി.ടി.-ക്ക് നൽകിയ സ്ഥലം തിരിച്ചെടുക്കാനുള്ള നടപടി തന്നെയാണ് നമ്മൾ ആരംഭിച്ചിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ വ്യവസായ വകുപ്പുമന്ത്രി പറയും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, എഫ്.എ.സി.ടി.-യുടെ ഭൂമി ഏറ്റെടുക്കാനും അവിടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും വ്യവസായവകുപ്പ് സന്നദ്ധമാണ്. അതിന്റെ ഭാഗമായി പെട്രോകെമിക്കൽസ് വ്യവസായങ്ങൾക്കുവേണ്ട പ്രത്യേക പാർക്ക് അവിടെ സ്ഥാപിക്കാൻ സാധിക്കും. ഇതിലെല്ലാം ഉയർന്നുവരുന്നത് രണ്ട് നയങ്ങളുടെ വിഷയമാണ്. കേരളം സ്വകാര്യവൽക്കരണത്തെയല്ല അംഗീകരിക്കുന്നത്. എന്നാൽ ഇന്ത്യയിൽ അധികാരത്തിലുണ്ടായിരുന്ന പ്രതിപക്ഷമുൾപ്പെടെയുള്ള യു.പി.എ. ഗവൺമെന്റ് സ്വകാര്യവൽക്കരണ നയം അംഗീകരിച്ചു. പിന്നീട് വന്ന എൻ.ഡി.എ. ഗവൺമെന്റ് ആ നിലപാട് തുടരുകയും അത് ശക്തിപ്പെടുത്തുകയും ചെയ്തു. ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ വിറ്റഴിക്കുകയാണ്. നവരത്ന കമ്പനികൾ വിറ്റഴിച്ചു. ഇന്ത്യയിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഇരുപത്തിമൂന്ന് സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ ചാർട്ട് ചെയ്ത് പാർലമെന്റിൽ പ്രഖ്യാപിച്ചു. ആ പ്രോസസ്സാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

അതിനെ ശക്തമായി എതിർക്കുന്നത് കേരളമാണ്. എഫ്.എ.സി.ടി.-ക്ക് നൽകിയ സ്ഥലം തിരിച്ചെടുക്കുന്നതിനുള്ള നടപടികളാണ് തുടർന്നുകൊണ്ടിരിക്കുന്നത്. എഫ്.എ.സി.ടി.-യെ സംരക്ഷിച്ചു നിർത്തുന്നുണ്ട്. എഫ്.എ.സി.ടി.-യുടെ കാര്യം മാത്രമല്ല, വ്യവസായ മേഖലയിലുള്ള പരമാവധി സ്ഥലങ്ങൾ സംരക്ഷിച്ചുനിർത്തി വ്യവസായ സംരംഭത്തിനുവേണ്ടി നൽകാനുള്ള നിലപാടാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. പൊതുമേഖലയെ ശക്തിപ്പെടുത്തുകയെന്ന നിലപാടാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. പൊതുമേഖലയോടൊപ്പം തന്നെ സ്വകാര്യമേഖലയെയും പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന നിലപാടാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എഫ്.എ.സി.ടി.യുടെ സ്ഥലം പൂർണ്ണമായും പുതിയ സംരംഭങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാണ് ഇപ്പോൾ ധാരണയായിട്ടുള്ളത്.

ശ്രീ. കെ. എം. ഷാജി: സർ, സർക്കാർ ഭൂമി പൊതുമേഖലാ സ്ഥാപനങ്ങൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ നൽകുമ്പോൾ ഇത്ര വർഷത്തിനുള്ളിൽ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലെങ്കിൽ ആ സ്ഥലം തിരിച്ചെടുക്കുമെന്ന വ്യവസ്ഥ വയ്ക്കാറുണ്ടോ; അങ്ങനെ വ്യവസ്ഥ വയ്ക്കാറുണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തി നടത്താത്ത ഏതെങ്കിലും ഭൂമി തിരിച്ചെടുത്തിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സാധാരണഗതിയിൽ വ്യക്തികൾക്ക് ഇത്തരം ഭൂമി നൽകുമ്പോൾ ഇത്ര സമയത്തിനുള്ളിൽ നിർമ്മാണം നടത്തണമെന്ന് പറയാറുണ്ട്. എന്നാൽ വ്യവസായത്തിന്റെ കാര്യത്തിൽ മൂന്ന് വർഷത്തിന്റെ വിഷയമൊന്നുമില്ല. വ്യാവസായിക ആവശ്യത്തിനാണ് സ്ഥലം കൈമാറിയതെങ്കിൽ 'നിശ്ചിത സമയത്തിനകത്ത്' എന്നുപറയുന്നതിലെ കാലപരിധി എത്രയാണെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വിശദീകരണം നൽകും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടത്തിൽ കേരളം വ്യാവസായികമായി വളരെ പിന്നോക്കമായിരുന്നതുകൊണ്ടുതന്നെ വ്യവസായ സംരംഭങ്ങൾക്കുവേണ്ടി വലിയതോതിലുള്ള സഹായങ്ങൾ നൽകുകയുണ്ടായി. അതിന്റെ ഭാഗമായിട്ടാണ് കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസിന് ഭൂമിയും വനത്തിൽനിന്ന് ആവശ്യത്തിനുള്ള റാമെറ്റീരിയൽസും നൽകിയത്. പെരുമ്പാവൂർ ഗ്വാളിയോർ റയോൺസിനും സഹായങ്ങൾ നൽകി. പിന്നീട് പല കാരണങ്ങളാൽ ഈ വ്യവസായങ്ങൾക്ക് പ്രതിസന്ധി നേരിടുകയും തകരുകയും ചെയ്തു. അവിടെ കൊടുത്തിരിക്കുന്ന ഭൂമിയിൽ പല സ്ഥാപനങ്ങളുമുണ്ട്. പെരുമ്പാവൂരിലെ ഭൂമി ഇപ്പോൾ സർക്കാർ ഏറ്റെടുത്തു. പക്ഷേ പെരുമ്പാവൂർ റയോൺസിന്റെ ഒരു കേസ് കർണ്ണാടക ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്. അതുസംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെ വന്നിട്ടില്ല. ചാലക്കുടിയിലുള്ള മധുര കോട്ട്സ് പ്രവർത്തിക്കുന്ന

സ്ഥലത്തുള്ള കുറേഭാഗം സർക്കാർ ഏറ്റെടുത്തു. അവിടെ ഇപ്പോൾ പുതിയ സംരംഭം ആരംഭിക്കുകയാണ്. കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുത്തുകൊണ്ട് പുതിയ സംരംഭങ്ങൾക്കുവേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഭൂമി പരമാവധി കേരളത്തിന്റെ ആധുനിക കാലഘട്ടത്തിന്റെ സവിശേഷതയ്ക്കനുസരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാട്. ഭൂമി നൽകുന്ന കാലഘട്ടത്തിൽ, ഇത്ര വർഷത്തേയ്ക്ക് എന്നുള്ള കാലപരിധി ഇല്ല. മാവൂർ ഗ്വാളിയോർ റയോൺസിന് നൽകുന്ന ഭൂമി ഇത്ര കൊല്ലത്തേയ്ക്ക് എന്നുള്ള കാലപരിധിയില്ല. അവിടെ വ്യവസായം തകർന്നു, എല്ലാം പൊളിച്ചുവിറ്റു. പെരുമ്പാവൂരിലും അതാണ് ഉണ്ടായിട്ടുള്ളത്. ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. പരമാവധി വ്യവസായം സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റ് ഉപേക്ഷിക്കുമ്പോൾ ഞങ്ങൾ ഏറ്റെടുക്കാമെന്ന് പറഞ്ഞുകൊണ്ട് വ്യവസായം സംരക്ഷിക്കാനും അവിടെ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കാനുമുള്ള നടപടികളാണ് കേരളാ ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. പി. കെ. ശശി: സർ, കേരളത്തിലെ രണ്ടാമത്തെ പ്രധാനപ്പെട്ട വ്യവസായ മേഖലയായ പാലക്കാട്ടെ കഞ്ചിക്കോടിൽ രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഒന്ന്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും മറ്റൊന്ന് BEML ഉം (Bharath Earth Movers Limited) ആണ്. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായ ഭൂമി സൗജന്യമായി നൽകിയത് കേരളാ ഗവൺമെന്റാണ്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി അടച്ചുപൂട്ടാനും സ്വകാര്യവത്കരിക്കാനും കേന്ദ്രഗവൺമെന്റ് തീരുമാനിച്ചപ്പോൾ ഇതിൽ സംസ്ഥാനത്തെ യൂണിറ്റ് ഞങ്ങൾ ഏറ്റെടുക്കാമെന്ന് കേരള ഗവൺമെന്റ് പറഞ്ഞു. ഈ വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റ് സൗജന്യമായി നൽകിയ 120 ഏക്കർ ഭൂമിയുടെ വില കൂടി കേന്ദ്രത്തിന് കൊടുക്കണമെന്ന ഒരു വിചിത്രമായ വാദം ഇപ്പോൾ കേന്ദ്രഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുകയാണ്. ഇതിനെ നമ്മൾ എങ്ങനെയാണ് മറികടക്കുന്നത്; ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. BEML-ന് ആവശ്യമായിട്ടുള്ള ഭൂമിയും ഗവൺമെന്റ് തന്നെയാണ് നൽകിയത്. സൗജന്യമായി വിട്ടുകൊടുത്ത ഭൂമി നമ്മുടെ സംസ്ഥാനത്തിനുതന്നെ തിരിച്ചുകിട്ടാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ സാധിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നേരത്തെ ചൂണ്ടിക്കാണിച്ചതുപോലുള്ള വിഷയം തന്നെയാണിത്. സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഭൂമിയിൽ കേന്ദ്രഗവൺമെന്റ് ആ സ്ഥാപനം നടത്താതിരിക്കുക, അത് കൈമാറ്റം ചെയ്യാൻ ആവശ്യപ്പെടുകയാണെങ്കിൽ

അതിന് വില നിശ്ചയിക്കുക എന്നുപറയുന്ന കേന്ദ്ര സർക്കാരിന്റെ നടപടിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇപ്പോൾ ചൂണ്ടിക്കാണിച്ചത്. ഇത്തരം കാര്യങ്ങളിൽ നിയമപരമായി സ്വീകരിക്കാവുന്ന നടപടികളെല്ലാംതന്നെ സ്വീകരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കാരണം, സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിലും അവകാശത്തിലുംപെട്ട ഭൂമിക്ക് സംസ്ഥാന ഗവൺമെന്റുതന്നെ വില നൽകുക എന്ന വിരോധാഭാസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇക്കാര്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിനുപുറമെ നിയമപരമായ മാർഗ്ഗങ്ങൾ എന്താണെന്നുകൂടി അന്വേഷിക്കാവുന്നതുമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്ര ഗവൺമെന്റ് വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഭൂമി ആവശ്യപ്പെടുകയും സംസ്ഥാന ഗവൺമെന്റ് ഭൂമി നൽകുകയും ചെയ്യുന്നതാണ് പതിവ്. എന്നാൽ ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുകയും ഡിസ്ഇൻവെസ്റ്റ്മെന്റ് കൂടുതലായി വരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എഫ്.എ. സി.ടി.യുടെ കാര്യം വന്ന സന്ദർഭത്തിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അന്തരിച്ച കേന്ദ്ര മന്ത്രിയായ അനന്ത്കുമാർ കേരളാ ഗവൺമെന്റുമായി സംസാരിച്ച് അവിടത്തെ ഭൂമിയുമായി ബന്ധപ്പെട്ട ഒരു പാക്കേജ് നടപ്പാക്കിയിരുന്നു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എച്ച്.എൻ .എൽ. കേരളാ ഗവൺമെന്റിന് ഏറ്റെടുത്ത് നടത്താൻ കഴിയുന്നതാണ്. നമുക്കാവശ്യമായ പേപ്പറും ന്യൂസ് പ്രിന്റും ഉല്പാദിപ്പിക്കാൻ കഴിയുന്ന സ്ഥാപനമാണ് വൈക്കത്തെ എച്ച്.എൻ.എൽ. അത്തരം ഭൂമി വിറ്റുപോകാതിരിക്കാൻ, നമുക്ക് തന്നെ സംരംഭം ആരംഭിക്കുന്നതിനുവേണ്ടി ആ ഭൂമി വിനിയോഗിക്കാൻ കഴിയുമോ; ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എച്ച്.എൻ.എൽ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നമുക്കുതന്നെ നിലനിർത്തിക്കൊണ്ടു പോകുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഓരോ പ്രശ്നങ്ങൾ വരുമ്പോഴും, പ്രത്യേകിച്ച് വിമാനത്താവളം ഉൾപ്പെടെയുള്ള വിഷയങ്ങൾ വരുമ്പോൾ നമ്മുടെ ഭൂമിയുടെ അവകാശത്തെക്കുറിച്ചും മറ്റും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും ചർച്ച ചെയ്തിട്ടുള്ളതുമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, എഫ്.എ.സി.ടി.-യുടെ കാര്യത്തിൽ നിരവധി വട്ടം ചർച്ച നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരെ

കാണുകയും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റാണ് കോട്ടയം ജില്ലയിലെ വെള്ളൂർ എച്ച്.എൻ.എൽ. 700 ഏക്കറോളം ഭൂമി വ്യവസായ ആവശ്യത്തിനായി കേരളം ഏറ്റെടുത്ത് കൊടുത്തിട്ടുള്ളതാണ്. കൂടാതെ ആ വ്യവസായത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള വെള്ളം, അസംസ്കൃത വസ്തുക്കൾ, മരങ്ങൾ തുടങ്ങിയവയും ഇലക്ട്രിസിറ്റിയും ഉദാരമായ നിലപാടനുസരിച്ച് നൽകിയിട്ടുള്ളതാണ്. ആയതിനാൽ സ്വകാര്യവത്കരണത്തിന്റെ ഭാഗമായി വിൽപ്പനയ്ക്ക് വച്ചപ്പോൾ ബുക്ക് വാല്യു അടിസ്ഥാനത്തിൽ എച്ച്.എൻ. എൽ.-ന്റെ ആസ്തികൾ സ്വമേധയാ ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന് പറഞ്ഞു. പക്ഷേ കേന്ദ്രഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ച നിലപാട് ബുക്ക് വാല്യു അനുസരിച്ച് നൽകാൻ നിർവ്വാഹമില്ല എന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ എച്ച്.എൻ.എൽ.-ന്റെ മാതൃകാ സ്ഥാപനമായിട്ടുള്ള എച്ച്.പി.സി.എൽ. (ഹിന്ദുസ്ഥാൻ പെട്രോളിയം കെമിക്കൽസ് ലിമിറ്റഡ്) ലിക്വിഡേറ്റ് ചെയ്തു. ആ ലിക്വിഡേഷനുവേണ്ടി ഏൽപ്പിച്ചിട്ടുള്ള NCLT (National Company Law Tribunal)-നെ ഇതിന്റെയും നടപടികൾ ആലോചിക്കാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിനെതിരായിട്ടും NCLT-യിൽ കേരളാ ഗവൺമെന്റ് ഇടപെട്ടിരിക്കുകയാണ്. ഇവിടെയും നമ്മുടെ ആവശ്യങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. ബുക്ക് വാല്യുംഅനുസരിച്ച് അത് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, മാവൂർ ഗ്വാളിയോർ റയോൺസിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. അവിടെ ഗവൺമെന്റ് പൊന്നുംവിലയ്ക്കെടുത്ത് കൊടുത്ത ഭൂമിയുണ്ട്. അവർ സ്വന്തമായി വിലയ്ക്കെടുത്ത ഭൂമിയുമുണ്ട്. ഗവൺമെന്റാണ് വിലയ്ക്കെടുത്ത് കൊടുത്തതെങ്കിലും അതിന്റെ പണം കൊടുത്തതും കോടതിയിൽ എക്സസ് വാല്യു കൊടുത്തതും ആ കമ്പനിയാണെന്നാണ് പറയുന്നത്. രണ്ടുപ്രാവശ്യമായി കേരളാ ഗവൺമെന്റ് ഈ ഭൂമി ഏറ്റെടുക്കാൻ ശ്രമിക്കുകയുണ്ടായി. ഹൈക്കോടതിയിൽ പോയി അതിന് സ്റ്റേ വാങ്ങിയിരിക്കുകയാണ്. അവരുടെ വാദം, അവർക്ക് ഇന്ത്യാ രാജ്യത്ത് വേറെയും ഫാക്ടറികളുണ്ട്, അതിന്റെയൊരു യൂണിറ്റ് മാത്രമാണിത്, അതുകൊണ്ട് ഞങ്ങൾ ഈ വ്യവസായം അവസാനിപ്പിച്ചിട്ടില്ല എന്നുള്ളതാണ്. ഇതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തി ഈ സ്വത്ത് ഏറ്റെടുക്കാൻ വേണ്ടിയുള്ള സംവിധാനം ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച ചോദ്യമായിരുന്നെങ്കിലും പൊതുവായി ഇത്തരം സ്ഥാപനങ്ങളിൽ പലതും വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായിരുന്നതുകൊണ്ട് ഏറ്റവും കൂടുതൽ കാര്യങ്ങൾ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടാണ് വരുന്നത്. ഇക്കാര്യത്തിൽ

നമ്മുടെ ഭൂമി നിലനിർത്തുന്നതിനാവശ്യമായ നിയമപരമായ കാര്യങ്ങളുടെ സാധ്യത എന്താണെന്ന് ആരായുന്നതാണ്. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ തീർച്ചയായും വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

**മത്സ്യമേഖലയുടെ സമഗ്ര വികസനം**

4(*243) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മത്സ്യ ത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഈ സർക്കാർ നിലവിൽ വന്നശേഷം ഫിഷറീസ് വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ തുലോം പരിമിതമാണെന്നിരിക്കെ അത് വികസിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യവിത്ത് ഉല്പാദിപ്പിക്കാൻ നിലവിൽ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) 2019-20-ലെ ബഡ്ജറ്റിൽ മത്സ്യമേഖലയിലെ പദ്ധതികൾക്കായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്; അതിൽ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു എന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) ഉണ്ട്. മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനുമായി ഫിഷറീസ് വകുപ്പും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

(a) ബി.ഐ.എഫ്.&എച്ച്.ഡി.എഫ്. (2016-17) സമഗ്ര ഭവന പദ്ധതി പ്രകാരം 800 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം

രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി. ടി പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നവർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും നൽകുകയുണ്ടായി. അപ്രകാരം സ്ഥലം വാങ്ങിയ 699 പേരിൽ 620 പേർ ഇതിനകം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(b) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം- പ്രത്യേക പാക്കേജ് (2016-17) പ്രകാരം സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം (6 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനും 4 ലക്ഷം രൂപ ഭവന നിർമ്മാണത്തിനും) ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 129 പേരിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(c) ബി.ഐ.എഫ്.&എച്ച്.ഡി.എഫ്. (2017-18) ഭവന പദ്ധതി പ്രകാരം 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധന സഹായം അനുവദിക്കുന്നത്. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 433 പേരിൽ 239 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(d) ഫ്ലാറ്റ് നിർമ്മാണം - കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകി. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി (2018-19-ൽ) 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിച്ചു.

(e) പുനർഗേഹം സമഗ്ര പുനരധിവാസ പദ്ധതി - സംസ്ഥാനത്തിന്റെ 590 കി.മീ. ദൂരം വരുന്ന തീരപ്രദേശത്ത് കടൽത്തീരത്തുനിന്നും 50 മീറ്റർ ദൂരത്ത് ഏറ്റവും കൂടുതൽ കടലാക്രമണ ഭീഷണി നേരിടുന്ന 24000-ൽ അധികം കുടുംബങ്ങളുണ്ട്. അതിൽ 18865 കുടുംബങ്ങൾ മത്സ്യത്തൊഴിലാളികളുടേതാണ്. ഈ കുടുംബങ്ങളെയെല്ലാം സുരക്ഷിത സ്ഥാനത്ത് പുനരധിവസിപ്പിക്കുന്നതിന് 'പുനർഗേഹം' എന്ന പേരിൽ ഒരു ബൃഹത് സമഗ്ര തീരദേശ പുനരധിവാസ പദ്ധതി തയ്യാറാക്കികഴിഞ്ഞു. Rebuild Kerala Initiative (RKI) പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതിക്ക് 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചുകഴിഞ്ഞു. 3 ഘട്ടങ്ങളിലായി മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന്

2450 കോടി രൂപ മൊത്തം പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി പരിശോധിച്ചുവരുന്നു.

3. ഉൾനാടൻ മത്സ്യകൃഷി വികസനം - സംസ്ഥാനത്തെ മത്സ്യ കൃഷിയിൽ നിന്നുള്ള മത്സ്യോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി പദ്ധതി II (JMK II) നടപ്പാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷം 40 കോടി രൂപയുടെ ധനസഹായ പദ്ധതികളാണ് നടപ്പാക്കിയത്. ആധുനിക മത്സ്യക്കൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനും മത്സ്യോല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും 21 ഘടകങ്ങളുള്ള പദ്ധതിയാണ് നടപ്പാക്കിവരുന്നത്. പ്രളയംമൂലം മത്സ്യ കൃഷിയിൽ നാശനഷ്ടം സംഭവിച്ചതിന് 40 കോടി രൂപയുടെ പുനർജ്ജീവന പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും കടൽക്ഷോഭംമൂലം നാശനഷ്ടങ്ങൾ സംഭവിക്കുന്നതിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2018-19 വർഷം ഒരു കോടി രൂപയും 2019-20 വർഷം 4 കോടി രൂപയും മത്സ്യബന്ധനയാനങ്ങളുടെ ഇൻഷ്വറൻസിനായി വകയിരുത്തുകയുണ്ടായി.

5. സുരക്ഷിത മത്സ്യബന്ധനത്തിന് കടൽസുരക്ഷാ പദ്ധതി-കടൽ സുരക്ഷയ്ക്കും ആശയവിനിമയത്തിനും മത്സ്യബന്ധന യാനങ്ങളെ പ്രാപ്തരാക്കുന്നതിനും GPS, DAT, VHF Radio എന്നിവ നൽകുന്നതിന് 9 കോടി രൂപയുടെ അടങ്കലുള്ള പദ്ധതി നടപ്പാക്കുന്നു. ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യമായി ലൈഫ് ജാക്കറ്റ് നൽകിവരുന്നു. മത്സ്യബന്ധനയാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ, നാവിക് എന്നീ ആശയവിനിമയ ഉപാധികളും നൽകിവരുന്നു. സുരക്ഷിത മത്സ്യബന്ധനത്തിന് 120 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ 100% ധനസഹായത്തോടെയും 200 യാനങ്ങൾ 40% ധനസഹായത്തോടെയും അനുവദിച്ചിട്ടുണ്ട്.

6. വിദ്യാഭ്യാസ സഹായ പദ്ധതികൾ - പ്ലസ്ടു മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, മെസ്ചാർജ് തുടങ്ങിയവ അർഹതയ്ക്കനുസരിച്ച് അനുവദിച്ചു

നൽകുന്നു. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നു. വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം എന്നിവ നൽകിവരുന്നു. തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 40 കരിയർ ഗൈഡൻസ് പ്രോഗ്രാമും മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19-ൽ 11 പേർക്ക് പഠനാവശ്യങ്ങൾക്ക് ധനസഹായവും നൽകിയിട്ടുണ്ട്. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കിവരുന്നു. തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികളും നടപ്പിലാക്കിവരുന്നു.

7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

(a) മത്സ്യത്തൊഴിലാളി പെൻഷൻ

(b) മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ്

(c) സംയോജിത PMJJBY/PMSBY/AABY

(d) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

(e) വിവാഹ ധനസഹായ പദ്ധതി

(f) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

(g) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച്ആശ്രിതർക്ക് ധനസഹായ പദ്ധതി

(h) കുടുംബ സംവിധാന പദ്ധതി

(i) മാരകരോഗ ചികിൽസാ പദ്ധതി

(j) ചെയർമാൻസ് റിലീഫ് ഫണ്ട്

(k) ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുകധനസഹായമായി ബോർഡിൽനിന്നും അനുവദിക്കുന്നു

(l) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

(m) ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

(n) ബോധവൽക്കരണ പരിപാടി

(o) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

8. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

(a) ഇൻഷ്വറൻസ് പദ്ധതി

(b) എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ളസംയോജിതമത്സ്യ വികസന പദ്ധതി

(c) എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി. എന്നീദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടകൂടിയുള്ള പദ്ധതികൾ

(d) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.

(e) വലകൾക്കുള്ള സബ്സിഡി പദ്ധതി

(f) മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

(g) നാടൻ വള്ളങ്ങളുടെ നവീകരണം

(h) മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി

(i) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന മത്സ്യവിപണനത്തിന് പലിശ രഹിതവായ്പാ പദ്ധതി

9. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

(a) തീരനൈപുണ്യ പദ്ധതി

(b) 3R പാക്കേജ് പദ്ധതി

(c) അഷ്ടമുടി Phase II

10. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായ ത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ.

(ബി) മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം, വിദ്യാഭ്യാസ ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കൃത്രിമ പാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്/കേന്ദ്ര സർക്കാർ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം എന്നിവയാണ് പ്രധാന പദ്ധതികൾ.

ഇതുകൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

തീരശോഷണം തടയുന്നതിന് കിഫ്ബി ധനസഹായത്തോടെ 8 പദ്ധതികൾ നടപ്പാക്കുന്നു. 125.06 കോടി രൂപ അടങ്കൽ വരുന്ന മേൽ പദ്ധതികൾ മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം തടയുന്നതിനും കൊല്ലം മുതൽ താന്നി വരെയുള്ള തീരത്തെ കരയെടുത്തുപോകുന്നത് തടയുന്നതിനുമാണ്. കൂടാതെ, പൂന്തുറ മുതൽ ശംഖുംമുഖം വരെയുള്ള തീരശോഷണം തടയുന്നതിന് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്ന പദ്ധതിയും ഇതിൽപ്പെടും.

കിഫ്ബി ധനസഹായത്തോടെ തീരപ്രദേശത്തെ 69 സ്കൂളുകളുടെ നവീകരണത്തിനും 65 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 534.43 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അതിൽ കൊയിലാണ്ടി (63.99 കോടി രൂപ),

മഞ്ചേശ്വരം (48.8 കോടി രൂപ) എന്നീ മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും തലായ് (34.79 കോടി രൂപ), ചേറ്റുവ (30.24 കോടി രൂപ) എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷനിംഗ് നടത്തുകയും ചെയ്തു. പരപ്പനങ്ങാടിയിൽ 112.21 കോടി രൂപ അടങ്കലിൽ പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് കിഫ്ബി ധനസഹായത്തോടെ അനുമതി നൽകുകയും നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന്റെ സാധ്യതാപഠനം പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ തങ്കശ്ശേരി (6.25 കോടി രൂപ), അർത്തുങ്കൽ (49.39 കോടി രൂപ), മുനക്കക്കടവ് (2.31 കോടി രൂപ), താനൂർ (44.87 കോടി രൂപ), വെള്ളയിൽ (45.8 കോടി രൂപ), പുതിയാപ്പ (13.29 കോടി രൂപ), ബേപ്പൂർ (0.98 കോടി രൂപ), ചോമ്പാൽ (4.08 കോടി രൂപ), ചെല്ലാനം (10.37 കോടി രൂപ), തോട്ടപ്പള്ളി (13.38 കോടി രൂപ), കായംകുളം (8.44 കോടി രൂപ), മുനമ്പം (10.57 കോടി രൂപ), കാസർഗോഡ് (17.20 കോടി രൂപ), നീണ്ടകര (5.11 കോടി രൂപ) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7 മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗിന് 12.34 കോടി രൂപയുടെ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, 1183 തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 514.9 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യ വിത്തുല്പാദന യൂണിറ്റുകളുടെ രൂപീകരണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/റിയറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. തിരുവനന്തപുരം നെയ്യാർ മത്സ്യ/ചെമ്മീൻ വിത്തുല്പാദന കേന്ദ്രം, തൃശ്ശൂർ പീച്ചി മത്സ്യ വിത്തുല്പാദന കേന്ദ്രം എന്നിവയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ

നടന്നുവരുന്നു. തൃശ്ശൂർ അഴീക്കോട് ഓരുജല മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണം, തൃശ്ശൂർ പീച്ചി മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നാലാംഘട്ട പ്രവർത്തനങ്ങൾ, വർക്കല ഓടയത്ത് ഓരു ജല മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കടൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിന് 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2019-20 ബഡ്ജറ്റിൽ മത്സ്യമേഖലയിലെ പദ്ധതികൾക്കായി 41235 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 36.23 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. എം. വിൻസെന്റ്: സർ, കഴിഞ്ഞ ഓഖി ദുരന്തത്തിനുശേഷം സംസ്ഥാന സർക്കാർ 2018-ലെ ബഡ്ജറ്റിൽ നടത്തിയ ഒരു വമ്പൻ പ്രഖ്യാപനമാണ് രണ്ടായിരം കോടി രൂപയുടെ ഓഖി പാക്കേജ്. ഓഖി ദുരന്തത്തിന് ഇരയായിട്ടുള്ള മത്സ്യത്തൊഴിലാളി സമൂഹം വളരെ ആഹ്ലാദത്തോടു കൂടിയാണ് ആ പ്രഖ്യാപനത്തെ സ്വീകരിച്ചത്. കഴിഞ്ഞ ജൂലൈയിൽ, നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിനുള്ള മറുപടിയായി മന്ത്രി പറഞ്ഞത്, പാക്കേജ് രൂപീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി വരുന്നുവെന്നാണ്. ദുരന്തം സംഭവിച്ച് ഒരു കൊല്ലത്തിനുശേഷം നൽകിയ മറുപടിയാണ്. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി മുൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതിയെ സർക്കാർ നിയോഗിച്ചു. ആ സമിതി വിശദമായ സർവ്വേ നടത്തുന്നതിനായി വേറൊരു സ്വകാര്യ കമ്പനിക്ക് ചുമതല മറിച്ചുനൽകി. ഇപ്പോൾ സർവ്വെയും നടന്നിട്ടില്ല, പദ്ധതി രേഖയും തയ്യാറായിട്ടില്ല. എന്റെ ചോദ്യം, ഇതുസംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കി രണ്ടായിരം കോടി രൂപയുടെ പദ്ധതി നടപ്പാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച, രണ്ടായിരം കോടി രൂപയുടെ പദ്ധതിയുടെ ഡി.പി.ആർ. അന്തിമ ഘട്ടത്തിലേയ്ക്ക് അടുക്കുകയാണ്. പക്ഷേ അതിനേക്കാൾ വമ്പൻ പദ്ധതിയാണ് ബഡ്ജറ്റിന് പുറത്തുനിന്നും കിഫ്ബിയുടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെയും സഹായത്തോടുകൂടി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ രണ്ടായിരം കോടി രൂപയുടെ പദ്ധതി വളരെ വിശദമായ ഒരു സർവ്വേയുടെ ഭാഗമായി വരേണ്ടതായതുകൊണ്ടും എല്ലാ ഘടകങ്ങളും അതിൽ ഉൾക്കൊള്ളുന്നതുകൊണ്ടും

അന്തിമഘട്ടത്തിലേയ്ക്ക് വരുന്നതേയുള്ളൂ. എന്നാൽ ഇപ്പോൾ ഫിഷറീസ് വകുപ്പ് ഭവന നിർമ്മാണത്തിന് മാത്രമായി ഇതുവരെ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് 1822 കോടി രൂപയുടെ പദ്ധതിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു വീടിന് രണ്ട് ലക്ഷം രൂപയായിരുന്നു അനുവദിച്ചിരുന്നത്. അങ്ങനെ 3149 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് നിർമ്മിച്ചുകൊടുത്തു. അതിപ്പോൾ നാല് ലക്ഷം രൂപയായി ഉയർത്തി. അതിന്റെ ഭാഗമായി 1200 വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞു. ആ പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ 'ലൈഫ്' പദ്ധതിയിലേയ്ക്ക് മാറ്റിക്കൊണ്ട് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള 1200 വീടുകളുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 1250 വീടുകൾകൂടി പൂർത്തീകരിക്കുകയാണ്. മൂന്നാം ഘട്ടത്തിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും ഫിഷറീസ് വകുപ്പുംകൂടി 3320 വീടുകളുടെ ലിസ്റ്റ് കൊടുക്കുകയാണ്. കൂടാതെ ഈ ഗവൺമെന്റ് ഭൂരഹിത-ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ പോകുന്ന പത്ത് ലക്ഷം രൂപ വച്ചുള്ള 800 വീടുകളുടെ പണി പൂർത്തിയാകാൻ പോകുകയാണ്. അതിന്റെ പണി അവസാനഘട്ടത്തിലാണ്. ഇപ്പോൾ ഭവന രഹിതരായി ആകെയുള്ളത് 5842 തൊഴിലാളികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പുനരധിവാസ പദ്ധതിക്കായി 1828 കോടി രൂപ ചെലവിൽ 1798 കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപ വച്ച് 179 കോടി രൂപ ഇപ്പോൾ ചെലവഴിച്ചു കഴിഞ്ഞു. 2450 കോടി രൂപയുടെ പദ്ധതിയാണ്. ഇപ്പോൾ പത്ത് ലക്ഷം രൂപ വച്ച് 50 മീറ്ററിനകത്തുള്ള മുഴുവൻ പേരെയും പുനരധിവസിപ്പിക്കാനുള്ള 1398 കോടി രൂപയുടെ പദ്ധതി വരികയാണ്. അതിന് തുടക്കംകുറിച്ചുകഴിഞ്ഞു. എല്ലാ ജില്ലകളിലും അതിന്റെ ലിസ്റ്റ് തയ്യാറാക്കുകയും മാറാൻ താൽപ്പര്യമുള്ളവരുടെ അനുമതി വാങ്ങിക്കുകയും എണ്ണായിരത്തി എണ്ണൂറ്റി ചില്ല്വാനം പേർ മാറി താമസിക്കാൻ സമ്മതം നൽകുകയും ചെയ്തതിന്റെ ഭാഗമായി ആ പദ്ധതിക്ക് തുടക്കം കുറിച്ചു. തീരദേശത്തെ മറ്റ് പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി 146 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. കിഫ്ബി ധനസഹായത്തോടുകൂടി തീരസംരക്ഷണത്തിനുവേണ്ടിയുള്ള 125 കോടി രൂപ അനുവദിച്ച പദ്ധതിക്ക് വർക്ക് ടെണ്ടർ ചെയ്യുകയും പണി ആരംഭിക്കുകയും ചെയ്തു. ചെത്തി ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 112 കോടി രൂപയുടെ പദ്ധതിക്ക് ടെണ്ടർ നൽകി പണി ആരംഭിക്കാൻ പോകുകയാണ്. പരപ്പനങ്ങാടി ഹാർബറിന്റെ കാര്യത്തിലാണ് നടപടികൾ പൂർണ്ണമാകാത്തത്. 69 തീരദേശ സ്കൂളുകളുടെ വികസനത്തിനായി 141 കോടി രൂപയാണ് ചെലവഴിക്കുന്നത്. 65 മത്സ്യ മാർക്കറ്റുകൾ ഇപ്പോൾ അപ്‌ലോഡ് ചെയ്തിട്ടേയുള്ളൂ, അതിനുവേണ്ടി 199 കോടി രൂപ അനുവദിച്ചു. ഇതെല്ലാം ബഡ്ജറ്റിന് പുറത്തുള്ള പദ്ധതികളാണ്. ബഹുമാനപ്പെട്ട

എം. വിൻസെന്റിന് ഒരു സംശയവും വേണ്ട; വമ്പൻ പദ്ധതികളാണ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വളരെ ദൗർഭാഗ്യകരമായിപ്പോയി; ചോദിച്ച ചോദ്യം ഒന്ന്, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി മറ്റൊന്ന്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി എവിടെയെന്ന് ചോദിക്കുമ്പോൾ വേറെ പദ്ധതികളെപ്പറ്റിയാണ് മന്ത്രി പറയുന്നത്. 1800 കോടി രൂപയുടെ പദ്ധതിയെന്ന് പറഞ്ഞിട്ട് ഇതുവരെ ചെലവഴിച്ചത് 179 കോടി രൂപ മാത്രമാണ്. വലിയ പദ്ധതിയെന്ന് പറഞ്ഞാൽ മതിയോ അത് നടപ്പിലാക്കണ്ടേ? ഓഖി പാക്കേജ് പ്രഖ്യാപിച്ചിട്ട് ഇപ്പോൾ 22 മാസമായി. ഇപ്പോഴും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂവെന്ന് പറയാൻ മന്ത്രിക്ക് xxxxxx* രണ്ടാമത്തെ ചോദ്യം, കഴിഞ്ഞ ഒന്നര മാസക്കാലമായി...... (ബഹളം..) ഇരുപത്തിരണ്ട് മാസമായിട്ടും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അത് പറയണ്ടേ?

<u>മി. സ്പീക്കർ</u>: ഉള്ള സമയം കളയാതെ ചോദ്യം ചോദിക്കൂ... എല്ലാ അംഗങ്ങളും സീറ്റുകളിൽ ഇരിക്കണം. പ്ലീസ്.... പ്ലീസ്....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 22 മാസമായിട്ടും ഡി.പി.ആർ. തയ്യാറാക്കി കഴിഞ്ഞില്ലേയെന്ന് ചോദിക്കണ്ടേ?

<u>മി. സ്പീക്കർ</u>: എല്ലാ അംഗങ്ങളും സീറ്റിലിരിക്കൂ. ചോദ്യം ചോദിക്കുന്ന അംഗത്തിന് മറുപടി കൊടുക്കാൻ മന്ത്രിക്ക് കഴിയും. നിങ്ങൾ ഇരിക്കൂ...പ്ലീസ്... പ്ലീസ്....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എന്റെ രണ്ടാമത്തെ ചോദ്യം, ഇന്ന് മത്സ്യ മേഖലയിൽ കാലാവസ്ഥ മുന്നറിയിപ്പുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ ഒന്നര മാസത്തിനിടയിൽ നാലോ അഞ്ചോ ദിവസമാണ് അവർ മത്സ്യബന്ധനത്തിന് പോയിട്ടുള്ളത്. ഇതുസംബന്ധിച്ച് രണ്ടാഴ്ചമുമ്പ് മുഖ്യമന്ത്രിക്ക് ഞാൻ ഒരു കത്ത് നൽകിയിരുന്നു. ആ കത്ത് നന്നായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഒരു മാസത്തെ സൗജന്യ റേഷനും രണ്ടായിരം രൂപയും നൽകി. ഇവിടെ അതല്ല പ്രശ്നം. ഇത് സ്ഥിരമായി ഉണ്ടാകുന്ന സ്ഥിതിവിശേഷമാണ്. വേറെ ഒരു തൊഴിലാളി സമൂഹത്തിനും ഇത്തരത്തിലുള്ള ദുരിതമില്ല. ഓഖി ദുരന്തകാലത്ത് മുന്നറിയിപ്പ് നൽകിയില്ലെന്ന പരാതി വന്നതുകൊണ്ട് ഇപ്പോൾ എപ്പോഴും മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു വർഷത്തിൽ 100 ദിവസംപോലും ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പോകുന്ന ദിവസം അവർക്ക് കാര്യമായി ഒന്നും കിട്ടുന്നില്ലെന്ന അവസ്ഥയുമുണ്ട്. മണ്ണെണ്ണയുടെ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ലഭ്യതക്കുറവും ഒരു ദുരിതമായി മാറിയിരിക്കുകയാണ്. നാടിന് ഒരാവശ്യം വരുമ്പോൾ ചാടിയിറങ്ങുന്ന ഒരു സമൂഹമാണ് മത്സ്യത്തൊഴിലാളികൾ.

മി. സ്പീക്കർ: അങ്ങ് ശ്രീമതി ഷാനിമോൾ ഉസ്മാന് ഒരവസരം കൊടുക്കൂ.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പുണ്ടാകുന്ന ദിവസങ്ങളിൽ അവരുടെ വീട് പട്ടിണിയാകാതിരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുമോ എന്നതാണ് ചോദ്യം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട എം. വിൻസെന്റിന് xxxx* ലവലേശമില്ലാത്തതുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത് മനസ്സിലാക്കാതെ ഇങ്ങനെ പറയുന്നത്. ഞാൻ ആദ്യം, രണ്ടായിരം കോടി രൂപയുടെ പദ്ധതിയെപ്പറ്റി വിശദമായി പറഞ്ഞു. അതിനുപകരമായി ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത് എന്തെല്ലാം പദ്ധതികളാണെന്ന് കൃത്യമായി പറഞ്ഞു. അത് മനസ്സിലാക്കാതെ xxxxxx* പാലിക്കാതെ മറുപടി പറയുന്നതാണ് ഇവിടത്തെ പ്രശ്നം. ....... (ബഹളം)........

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഉപചോദ്യത്തിനുള്ള മറുപടി പറഞ്ഞപ്പോൾ xxxxx* പാലിക്കാതെ എന്ന് പറഞ്ഞത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം അങ്ങ് പറയൂ... മന്ത്രിക്ക് xxxxxx* ചോദിക്കുന്നതും xxxxxx* പറയുന്നതും ഏതാണ്ട് ഒരു പോലെയാണ്. പാർലമെന്ററി നടപടിക്രമങ്ങളിൽപെടാത്ത ഒരു വാക്കും സഭാ രേഖകളിൽ ഉണ്ടാകില്ല...(ബഹളം..) സഭ്യേതരമായ ഒരു വാക്കും രേഖയിൽ ഉണ്ടാകില്ല. എല്ലാവരും ഇരിക്കൂ...

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒരു ബഹുമാനപ്പെട്ട അംഗം xxxxx* ചോദിച്ചപ്പോൾ xxxxx* പാലിക്കാതെ എന്ന് പറഞ്ഞത് നിങ്ങളെ എന്തുകൊണ്ടാണ് ചൊടിപ്പിച്ചത്? ആവശ്യമില്ലാതെ ബഹളം വച്ചൊന്നും വിരട്ടേണ്ട, അത്തരം വിരട്ടലിന് വിധേയരാകുന്ന ആരുംതന്നെ ഇവിടെയില്ല. വളരെ കൃത്യമായിട്ടാണ് മറുപടി പറഞ്ഞത്. അക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമായ രേഖകളോടുകൂടിയാണ് ഇവിടെ നിൽക്കുന്നത്. അതുകൊണ്ട് ഭീഷണിയൊന്നും വേണ്ട. ഇനി കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി അങ്ങ് പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും ലോകത്താകമാനവുമുള്ള ഒരു സംഭവമാണ്. ആ യാഥാർത്ഥ്യ ബോധത്തോടു കൂടിയാണ് ഈ ഗവൺമെന്റും ഇടപെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മത്സ്യബന്ധന മേഖലയിൽ സുരക്ഷാ പാക്കേജ്, കൺട്രോൾ സെന്റർ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ദീർഘ വീക്ഷണത്തോടുകൂടി ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ രണ്ടായിരം രൂപയും ഒരു മാസത്തെ സൗജന്യ റേഷനും കൊടുത്തുവെന്ന് അങ്ങ് പറഞ്ഞു. അത് അങ്ങ് ഒരു കത്ത് മുഖ്യമന്ത്രിക്ക് കൊടുത്തതുകൊണ്ടാണെന്നും പറഞ്ഞു. വളരെ നല്ലകാര്യമാണ്; ഈ ഗവൺമെന്റ് ചെയ്തല്ലോ; ഈ ഗവൺമെന്റ് ചെയ്തുവെന്ന് അങ്ങ് അംഗീകരിച്ചല്ലോ?

മി. സ്പീക്കർ: സമയം കഴിഞ്ഞു. അങ്ങ് ബാക്കി മറുപടി ടേബിൾ ചെയ്താൽ മതിയല്ലോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. ശ്രീ. എം. വിൻസെന്റ് മണ്ണെണ്ണയുടെ കാര്യം പറഞ്ഞു. അങ്ങയുടെ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ 15.92 കോടി അനുവദിച്ച സ്ഥാനത്ത്, ഈ ഗവൺമെന്റ് 131 കോടി രൂപയാണ് മണ്ണെണ്ണയ്ക്കുവേണ്ടി അനുവദിച്ചത്. അതാണ് ഈ ഗവൺമെന്റ്.

മി. സ്പീക്കർ: ഓർഡർ.......ഓർഡർ......ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## (2) രേഖാമൂലം നല്കിയ ഉത്തരങ്ങൾ

### ( i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### മലയോര, തീരദേശ ഹൈവേകൾ

5(*244) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണക്ടിവിറ്റി റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ള റോഡുകൾ വികസിപ്പിക്കുകയും ചെയ്ത് മലയോര ഹൈവേ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; കാലാവസ്ഥാ വ്യതിയാനം തുറന്നു കാട്ടിയ മലയോര മേഖലയുടെ പാരിസ്ഥിതിക ദുർബലാവസ്ഥ പദ്ധതിയെ ഏതെങ്കിലും തരത്തിൽ ബാധിക്കാനിടയുണ്ടോ എന്നറിയിക്കാമോ;

(ബി) പന്ത്രണ്ട് മീറ്റർ റൈറ്റ് ഓഫ് വേ ലഭ്യമായ സ്ഥലങ്ങളിൽ മലയോര ഹൈവേയുടെ പണി ആരംഭിച്ച് ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(സി) കിഫ്ബിയിൽ നിന്നുള്ള ആറായിരത്തി അഞ്ഞൂറ് കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) കാസർഗോഡ് ജില്ലയിലെ നന്ദാപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനു വേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന മലയോര ഹൈവേഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു.(തിരുവനന്തപുരം,-4, കൊല്ലം-1, ഇടുക്കി-3, എറണാകുളം -2, തൃശ്ശൂർ-2, പാലക്കാട് - 2, മലപ്പുറം-3, കോഴിക്കോട്- 3, വയനാട്- 2, കാസർഗോഡ് - 4) ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തിരുവനന്തപുരം ജില്ല | | നീളം |
|---|---|---|
| 1. കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | - | 15.495 കി.മീ. |
| 2. കള്ളിക്കാട് പാറശ്ശാല രണ്ടാംഘട്ടം | - | 15.705 കി.മീ. |
| 3. കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | - | 21.08 കി.മീ. |
| 4. പെരിങ്ങമ്മല വിതുര റോഡ് | - | 9.450 കി.മീ. |
| കൊല്ലം ജില്ല | | |
| 5. പുനലൂർ അഗസ്ത്യകോട് റോഡ് | - | 48.10 കിമീ. |
| ഇടുക്കി ജില്ല | | |
| 6. കുട്ടിക്കാനംചപ്പാത്ത് റോഡ് | - | 19.00 കി.മീ. |
| 7. പീരുമേട് ദേവികുളം റോഡ് | - | 27.717 കി.മീ. |

<u>തൃശ്ശൂർ ജില്ല</u>

| | | |
|---|---|---|
| 8. വെള്ളിക്കുളങ്ങര വെറ്റിലപ്പാറ റോഡ് | - | 19.00 കി.മീ. |
| <u>മലപ്പുറം ജില്ല</u> | | |
| 9. പൂക്കോട്ടുപാടം തമ്പുരാട്ടി കല്ല് | - | 32.19 കി.മീ. |
| 10. പൂക്കോട്ടുപാടം മുലേപാടം | - | 20.50 കി.മീ. |
| 11. പൂക്കോട്ടുപാടം കാളികാവ് | - | 26.31 കി.മീ. |
| <u>കോഴിക്കോട് ജില്ല</u> | | |
| 12. പുല്ലുവ തൊട്ടിൽപാലം | - | 28.00 കി.മീ. |
| 13. കോടഞ്ചേരി കക്കാടംപൊയിൽ | - | 35.35 കി.മീ. |
| <u>വയനാട് ജില്ല</u> | | |
| 14. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | - | 16.75 കി.മീ. |
| <u>കാസർഗോഡ് ജില്ല</u> | | |
| 15. ചേവാർ ഇടപ്പറമ്പ | - | 49.675 കി.മീ. |
| 16. നന്ദാരപ്പടവ് ചേവാർ | - | 23.00 കി.മീ. |
| 17.കൊളിച്ചൽ ചെറുപുഴ | - | 28.877 കി.മീ. |
| 18. കൊളിച്ചൽ ഇടപറമ്പ | - | 24.40 കി.മീ. |

തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തി ആരംഭിച്ച റീച്ചുകൾ ചുവടെ ചേർക്കുന്നു:

| <u>തിരുവനന്തപുരം ജില്ല</u> | <u>നീളം</u> | |
|---|---|---|
| 1. കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | - | 15.495 കി.മീ. |
| 2. കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | - | 21.08 കി.മീ. |
| <u>കൊല്ലം ജില്ല</u> | | |
| 3. പുനലൂർ അഗസ്ത്യകോട് റോഡ് | - | 48.10 കിമീ. |

വയനാട് ജില്ല

4. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ്- 16.75 കി.മീ.

റോഡ്

കാസർഗോഡ് ജില്ല

| | | |
|---|---|---|
| 5. നന്ദാരപ്പടവ് ചേവാർ | - | 23.00 കി.മീ. |
| 6.കൊളിച്ചൽ ചെറുപുഴ | - | 28.877 കി.മീ. |
| 7. കൊളിച്ചൽ ഇടപറമ്പ | - | 24.40 കി.മീ. |

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിലുള്ള റോഡുകൾ തന്നെയാണ് അലൈൻമെന്റിൽ കൂടുതലായും ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ തന്നെ കൂടുതൽ ഭൂമി ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യാതെ മലയോര മേഖലയുടെ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിലാണ് നിർമ്മാണം നടത്തിവരുന്നത്. കൂടാതെ മണ്ണിടിച്ചിലിനുള്ള സാധ്യത കുറയ്ക്കുന്ന രീതിയിൽ ആവശ്യമായ സംരക്ഷണ ഭിത്തികളും ഓടകളും കലുങ്കുകളും നിലവിലുള്ള നീർച്ചാലുകൾക്ക് തടസ്സം വരാതെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

കണ്ണൂർ ജില്ലയിലെ മലയോര ഹൈവേയുടെ സ്ഥിതി

കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം പരിധിയിൽ വരുന്ന ചെറുപുഴ മുതൽ അമ്പായത്തോട് വരെയുള്ള 109.53 കി.മീ. ദൈർഘ്യമുള്ളതാണ് നിർദ്ദിഷ്ട മലയോര ഹൈവേ. ഇതിൽ ഉൾപ്പെട്ട ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ളതും എന്നാൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തി പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ ഒഴിച്ച് ബാക്കി വരുന്ന 49.135 കി.മീ. അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്കായി ഡിസ്ട്രിക്റ്റ് ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 237.20 കോടി രൂപയുടെ ഭരണാനുമതിയും 205 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ച പ്രവൃത്തിയുടെ 49 കി.മീ. ഡി.ബി.എം പ്രവൃത്തിയും 4 കി.മീ. ബി.സി. പ്രവൃത്തിയും പൂർത്തികരിക്കുകയും ചെയ്തിരുന്നു. അരിക് സംരക്ഷണ പ്രവൃത്തികളും ഡി.ബി.എം. പ്രവൃത്തിയും പൂർത്തിയാക്കിയ ചില സ്ഥലങ്ങളിൽ 2018-ലെയും 2019-ലെയും പ്രളയം കാരണം ചില തകരാറുകൾ സംഭവിച്ചിരുന്നു. ഇവയുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ 31-3-2020 വരെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം ദീർഘിപ്പിച്ചുതരുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഹിൽ ഹൈവേ രണ്ടാം ഘട്ടമായി വള്ളിത്തോട് മുതൽ അമ്പായത്തോട് വരെയുള്ള (66/776 മുതൽ 106/620 വരെ) 39.844 കി.മീ. അഭിവൃദ്ധിപ്പെടുത്തുന്നതിന് കിഫ്ബിയിൽ 2017-18-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുകയും ആയതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് 52.55 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഹിൽ ഹൈവേയ്ക്ക് വേറെ വനഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നില്ല.

(ബി) മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോരഹൈവേയ്ക്കു വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിൽ 1506.24 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 177.70 കി.മീ. നീളത്തിൽ 589.91 കോടി മതിപ്പ് ചെലവുള്ള 7 മലയോര ഹൈവേയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ള അലൈൻമെന്റ് 21-5-2017-ലെ സ.ഉ.(സാധാ) നമ്പർ 679/2017/പൊ.മ.വ. പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഇതു പ്രകാരം 11 റീച്ചുകളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തീരദേശ ഹൈവേയുടെ വീതി 14 മീറ്ററായി പുതുക്കി നിശ്ചയിച്ച സാഹചര്യത്തിൽ 10 റീച്ചുകളുടെയും ഡി.പി.ആർ പരിഗണിക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിട്ടുള്ളത്. 15 കി.മീ. നീളം വരുന്ന മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള ഒരു പ്രവൃത്തിക്ക് മാത്രമാണ് 52.78 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം നടന്നുവരുന്നു. ആവശ്യമായ വീതി ലഭ്യമായ 3.85 കി.മീ. നീളം വരുന്ന മലപ്പുറം ജില്ലയിലെ താനൂർ മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്കൽ വരെയുള്ള ഭാഗത്തിന്റെയും 8.6 കി.മീ. നീളം വരുന്ന കോഴിക്കോട്

ജില്ലയിലെ ഫ്രാൻസിസ്റോഡ് ജംഗ്ഷൻ മുതൽ പുതിയാപ്പ വരെയുള്ള ഭാഗത്തിന്റേയും 4 ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റുള്ള ഭാഗങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**റീസർവ്വേയിലെ ക്രമക്കേടുകൾ**

6(*245) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികളുടെ ഭാഗമായി റവന്യൂ റിക്കാർഡുകളിൽ വ്യാപകമായ ക്രമക്കേടുകൾ വരുത്തിയതുമൂലം ഭൂവുടമകൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വസ്തു ഉടമയുടെ പേര് മാറ്റിച്ചേർക്കുക, ഇനം വ്യത്യാസപ്പെടുത്തി രേഖപ്പെടുത്തുക, വിസ്തീർണ്ണം തെറ്റിച്ചെഴുതുക തുടങ്ങി രേഖകളിൽ വരുത്തിയ ക്രമക്കേടുകൾ തിരുത്തിക്കിട്ടാനായി നിരവധിപേർ ഇപ്പോഴും റവന്യൂ ഓഫീസുകൾ കയറിയിറങ്ങുന്ന കാര്യം അറിയാമോ;

(സി) വസ്തു ഉടമകളുടെ ദുരിതം അവസാനിപ്പിക്കുന്നതിനും മനഃപൂർവ്വം ക്രമക്കേടുവരുത്തി അനാവശ്യ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാവുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26-8-2017-ലെ സ.ഉ. (എം.എസ്.) 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം, റീസർവ്വേ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതും ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതും റിക്കാർഡുകളുടെ നാളതീകരണവും അതാത് താലൂക്ക് മുഖാന്തരമാണ് നിർവ്വഹിച്ചുവരുന്നത്. ബോധപൂർവ്വമായ ക്രമക്കേടുകൾ വരുത്തുന്ന ജീവനക്കാർക്കെതിരെ

നിയമം അനുശാസിക്കുംവിധം ശക്തമായ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എൽ.ആർ.എം. ജോലികൾക്കായി താലൂക്കിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും റവന്യൂ വകുപ്പിലേയ്ക്ക് വിട്ടു നൽകിയിട്ടുമുണ്ട്.

(ബി) വസ്തു ഉടമയുടെ പേര്, ഇനം, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച അപാകതകൾ ഉൾപ്പെടെ തിരുത്തുന്നതിലേയ്ക്കായി നൽകിയ നിരവധി അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്കായി അതാത് താലൂക്ക് സർവ്വേ വിഭാഗത്തിൽ സർവ്വേ വകുപ്പിൽനിന്നും കൂടുതൽ ജീവനക്കാരെ വിട്ടുനൽകിയിട്ടുണ്ട്. കൂടാതെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ ഭൂരേഖ തഹസിൽദാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) വസ്തു ഉടമകളുടെ ദുരിതം അവസാനിപ്പിക്കുന്നതിന് റീസർവ്വേ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികൾ അതാത് താലൂക്ക് ഭൂരേഖ തഹസിൽദാർ മുഖേന നിർവ്വഹിച്ചുവരുന്നു. മനഃപൂർവ്വം ക്രമക്കേട് വരുത്തി അനാവശ്യ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയതായി കണ്ടെത്തിയ സർവ്വേ ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടാലുടൻ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനുമായി സർവ്വേ വകുപ്പിൽ സർവ്വേ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യാപന രംഗത്ത് ഡിജിറ്റൽ റിസോഴ്സുകളുടെ വിനിയോഗം

7(*246) ശ്രീ. എം. സ്വരാജ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ്സ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കി സജ്ജീകരിച്ചതിനെത്തുടർന്ന് ഇവയുടെ ഫലപ്രദമായ വിനിയോഗം എങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; ഡിജിറ്റൽ റിസോഴ്സുകളുടെ ശരിയായ വിനിയോഗം ഏതു തരത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(സി) ഈ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇവയുടെ ഉപയോഗം സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ഉണ്ടോ; പ്രധാന കണ്ടെത്തലുകൾ അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ് മുറികളിൽത്തന്നെ ഐ.സി.ടി. ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പഠനവിഭവങ്ങൾ തയ്യാറാക്കി ക്ലാസ് മുറികളിൽ ഓൺലൈനായും ഓഫ് ലൈനായും എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ ഐ.സി.ടി. ഉപകരണങ്ങളും സൗകര്യങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനങ്ങൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകിയിട്ടുണ്ട്. പരമ്പരാഗത രീതിയിൽ ടീച്ചിംഗ് നോട്ട് എഴുതി നൽകുന്നതിൽ നിന്നും വ്യത്യസ്തമായി അദ്ധ്യാപകർക്ക് സമഗ്രാസൂത്രണ-സൂക്ഷ്മാസൂത്രണ രേഖകൾ ഡിജിറ്റലായി തയ്യാറാക്കി സമർപ്പിക്കുന്നതിനും സംവിധാനങ്ങൾ എസ്.സി.ഇ. ആർ.ടി.യുടെ സഹായത്തോടെ കൈറ്റ് തയ്യാറാക്കിയ 'സമഗ്ര' റിസോഴ്സ് പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ധാരണയെത്തുന്നതിൽ പ്രയാസമുള്ള പാഠഭാഗങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിൽ മനസ്സിലാക്കുന്നതിന് അനുയോജ്യമായ വീഡിയോ, ഓഡിയോ, ഇന്ററാക്ടീവ്സ്, അനിമേഷൻസ് തുടങ്ങിയവയിലൂടെ തയ്യാറാക്കിയ ഡിജിറ്റൽ വിഭവങ്ങൾ ക്ലാസ് മുറികളിൽ തന്നെ ലഭ്യമാക്കുന്നുണ്ട്.

(ബി) ഉണ്ട്; ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനായി സ്കൂൾ പാഠപുസ്തകങ്ങൾക്ക് അനുയോജ്യമായ 31000-ത്തോളം ഡിജിറ്റൽ പഠന വിഭവങ്ങൾ സജ്ജമാക്കി സമഗ്ര പോർട്ടലിലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഭവങ്ങൾ ക്ലാസ് മുറിയിലെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിനാവശ്യമായ പാഠാസൂത്രണ രേഖകളും സമഗ്രയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പഠന നേട്ടങ്ങൾക്കും അനുയോജ്യമായ പഠന തന്ത്രങ്ങൾ ഡിജിറ്റൽ റിസോഴ്സുകൾ, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ, കുട്ടികൾക്ക് തനതായി ഏറ്റെടുക്കാവുന്ന അസൈൻമെന്റ് എന്നിവയെല്ലാം സമഗ്ര പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ 9,10 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്യൂ.ആർ. കോഡ് നൽകിയിട്ടുണ്ട്.

(സി) ഡിജിറ്റൽ വിഭവങ്ങളുടെ നിർമ്മാണം, ഡിജിറ്റൽ വിഭവങ്ങൾ ഉൾചേർത്ത പാഠാസൂത്രണങ്ങൾ തയ്യാറാക്കൽ, ഈ വിഭവങ്ങളുടെ ക്ലാസ്റൂം

ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. വിദ്യാഭ്യാസ ഓഫീസർമാർക്ക് പഠന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനാവശ്യമായ മോണിറ്ററിംഗ് സംവിധാനം സമഗ്രയിലൊരുക്കിയിട്ടുണ്ട്. സമഗ്രയുടെ ഉപയോഗം സംബന്ധിച്ച് കൈറ്റ് 2018 നവംബർ മാസത്തിൽ നടത്തിയ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്;

1. സംസ്ഥാനത്തെ ഹയർസെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി ഹൈസ്കൂൾ വിഭാഗങ്ങളിലെ 96% അദ്ധ്യാപകരും സമഗ്രപഠനാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു.

2. ഹൈസ്കൂൾ വിഭാഗത്തിലെ 80% അദ്ധ്യാപകരും സമഗ്രയിലെ ഡിജിറ്റൽ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തി പാഠങ്ങളുടെ സമഗ്രാസൂത്രണ- സൂക്ഷ്മതലാസൂത്രണ രേഖകൾ തയ്യാറാക്കുന്നു.

3. കൂടുതൽ ആശയ വ്യക്തതയോടെ പാഠവിനിമയം സാധ്യമാകുന്നതിനാൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിനും പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

4. പാഠപുസ്തകങ്ങളിലുള്ളതിനെക്കാൾ കൂടുതൽ അറിവ് ഈ സങ്കേതങ്ങളിലൂടെ ലഭ്യമാകുന്നുവെന്ന് 95% കുട്ടികളും അഭിപ്രായപ്പെട്ടിട്ടുണ്ട്.

**റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം**

8(*247) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മ ഉറപ്പാക്കുന്നതിനും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിൽ ആധുനിക സാങ്കേതിക വിദ്യകളുടെയും യന്ത്രങ്ങളുടെയും ഉപയോഗം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതിയുടെ പ്രത്യേകത എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ രീതി സംസ്ഥാനത്ത് എവിടെയെല്ലാം ഇതിനകം ഉപയോഗിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഡി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗപ്പെടുത്തുന്നത് പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും നിരത്തു വിഭാഗത്തിനു കീഴിൽ ആധുനിക സാങ്കേതിക വിദ്യകളുടെയും യന്ത്രങ്ങളുടെയും ഉപയോഗം നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റോഡുകൾ ഘട്ടംഘട്ടമായി ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിവരുന്നു. ബി.സി. ഉപരിതലത്തിന്റെ നിർമ്മാണം ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ച് നടപ്പിലാക്കുന്നുണ്ട്. കൂടാതെ മണ്ണ് ബലപ്പെടുത്തുന്നതിനും ചരിവു സംരക്ഷണത്തിനും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള പ്രതലം വെട്ടിയെടുത്ത് പുനരുപയോഗിക്കുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജിയും നടപ്പിലാക്കിയിട്ടുണ്ട്. എർത്ത് കട്ടിംഗ്/ഫില്ലിംഗ് എന്നിവ പരമാവധി കുറച്ച് മണ്ണിടിച്ചിൽ ഒഴിവാക്കുന്ന തരത്തിൽ നീർച്ചാലുകൾക്കും സ്വാഭാവിക നീരൊഴുക്കിനും തടസ്സം വരാതെയുമാണ് നിർമ്മാണം നടത്തുന്നത്.

ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആൻഡ് റിസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ പുറക്കാട് - പാതിരപ്പള്ളി ഭാഗത്ത് ദേശീയ പാതയുടെ ഉപരിതലം പുതുക്കുന്ന ഒരു പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഒരു പ്രവൃത്തി പ്രാരംഭ ഘട്ടത്തിലുമാണ്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾ ത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ നിലവിലുള്ള പേവ്മെന്റിൽ സിമന്റും ഇറക്കുമതി ചെയ്ത പ്രത്യേകതരം പൾവറൈസറും നിശ്ചിത അനുപാതത്തിൽ ചേർത്ത് ജർമ്മൻ യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് നിലവിലുള്ള റോഡ് 30 സെ.മീ ആഴത്തിൽ വെട്ടിയെടുത്ത് കുഴിച്ച് ടി ഭാഗത്തുതന്നെ ഇടുകയും വിവിധതരം റോളറുകൾ ഉപയോഗിച്ച് കോമ്പാക്ട് ചെയ്ത്

റോഡ് നിർമ്മിക്കുന്ന രീതിയാണ് പ്രാവർത്തികമാക്കുന്നത്. ഏറ്റവും മുകളിലായി ബിറ്റുമിനസ് കോൺക്രീറ്റിന്റെ ഒരു ലെയർ ചെയ്യുന്നതോടെ ഈ പ്രവൃത്തി പൂർത്തിയാകുന്നതാണ്.

നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ എന്നിവയ്ക്ക് വൻതോതിലുള്ള ദൗർലഭ്യം നേരിടുകയും അവയുടെ ഖനനംമൂലം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ നിലവിലുള്ള വസ്തുക്കൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന രീതി അവലംബിക്കുന്നതുകൊണ്ടും പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുവാൻ സാധിക്കും. ഇതിനു വേണ്ടിവരുന്ന നിർമ്മാണച്ചെലവ് നിലവിലെ നിർമ്മാണ രീതിയെക്കാൾ 20 ശതമാനത്തോളം അധികമാണെങ്കിലും നിർമ്മാണ വസ്തുക്കളുടെ സേവിംഗ്സിൽക്കൂടിയാകുന്ന സാമൂഹികമായ ലാഭം വളരെ വലുതാണ്. കൂടാതെ ടി സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡിന്റെ ബെയ്സ്, സബ് ബെയ്സ് എന്നിവ പത്ത് വർഷത്തിൽക്കൂടുതൽ നിലനിൽക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഒരു ദിവസം ഏകദേശം അര കിലോമീറ്ററോളം റോഡ് പൂർത്തിയാക്കാനാകുമെന്നുള്ളതിനാൽ നിർമ്മാണ സമയത്തിലും വലിയതോതിലുള്ള ലാഭം ഉണ്ടാകുന്നതാണ്. പരിസ്ഥിതി മലിനീകരണവും കുറവാണ്.

(സി) പത്തനംതിട്ട ഡിവിഷന്റെ പരിധിയിലുള്ളതും അടൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ കിഫ്ബി പ്രവൃത്തിയായ ആനയടി - പഴകുളം- കുരമ്പാല- കീരുകുഴി- ചന്ദനപ്പള്ളി കൂടൽ റോഡ് 5.9 കി.മീ. ദൂരം പൈലറ്റ് പ്രോജക്ടായി നൂതന ജർമ്മൻ സാങ്കേതിക വിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്.

(ഡി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും പ്ലാസ്റ്റിക് ഉൾപ്പെടുത്തുന്നുണ്ട്. പ്രവൃത്തിയുടെ 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ ടാറിനോടൊപ്പം ഷ്രെഡഡ് പ്ലാസ്റ്റിക് ചേർത്തുകൊണ്ട് നിർമ്മാണം നടത്തുവാൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ അംഗീകാരം ലഭിച്ച് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഇങ്ങനെ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചുവെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്.

## ഭവനനിർമ്മാണ മേഖലയിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ

9(*248) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിൽ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രളയത്തെത്തുടർന്ന് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവനനിർമ്മാണത്തിൽ സ്വീകരിക്കേണ്ട പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളെക്കുറിച്ചും ചെലവ് കുറഞ്ഞ ഭവന നിർമ്മാണത്തെക്കുറിച്ചും പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. 2018-ലെ പ്രളയാനന്തരം യു.എൻ. ഏജൻസികൾ, ലോകബാങ്ക്, എ.ഡി.ബി., യൂറോപ്യൻ യൂണിയൻ എന്നിവയുടെ പങ്കാളിത്തത്തോടെ നടത്തിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് (PDNA) റിപ്പോർട്ട് പ്രകാരം പുനർനിർമ്മാണം, അറ്റകുറ്റപ്പണി, വസ്തുവില, സാങ്കേതിക സഹായം എന്നിവയെല്ലാംകൂടി കണക്കിലെടുക്കുമ്പോൾ പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് 5433 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം, ഭൂമി സെറ്റിൽമെന്റ് എന്നിവയടങ്ങുന്ന മേഖലയിൽ 2018-ലെ പ്രളയത്തിലുണ്ടായ ആകെ നഷ്ടം 6410 കോടി രൂപയാണ്. സംസ്ഥാനത്തെ 4,24,912 വീടുകൾക്ക് 15% മുതൽ 100% വരെ നാശനഷ്ടം നേരിട്ടിട്ടുണ്ട് എന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തെത്തുടർന്ന് നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുള്ള 11-ഓളം ജില്ലകളിലായി വീടും സ്ഥലവും നഷ്ടപ്പെട്ടവർ, വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർ, ഭാഗികമായി തകർന്നതും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമായ വിഭാഗത്തിൽപ്പെട്ടവർ എന്നിങ്ങനെ മൂന്ന് വിഭാഗക്കാർ ഉണ്ട്. ഇവരെ വാസയോഗ്യവും ജീവനോപാധിക്ക് അനുയോജ്യവുമായ സ്ഥലം കണ്ടെത്തി

പുനരധിവസിപ്പിക്കുക, വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ച് കൊടുക്കുക, ഭാഗികമായി തകർന്ന വീടുകൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ പരിശോധിച്ച് അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കി തീർക്കുക എന്നിവയാണ് ഈ മേഖലയിലെ പ്രധാന വെല്ലുവിളികൾ. എന്നാൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്ഥലലഭ്യത വളരെ കുറവായതിനാൽ വാസയോഗ്യമായ സ്ഥലം കണ്ടെത്തുക എന്നതും ഒരു വെല്ലുവിളിയാണ്.

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണത്തിൽ സ്വീകരിക്കേണ്ട പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളെക്കുറിച്ചും ചെലവ് കുറഞ്ഞ ഭവനനിർമ്മാണത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. 2018-19 വർഷം 'Promotion of Innovative Building Technologies & Housing Literacy Programme' എന്ന പദ്ധതിയുടെ ഭാഗമായി സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിക്കുകയും പ്രളയാനന്തര പുനർനിർമ്മാണത്തിന് ചെലവു കുറഞ്ഞ കെട്ടിടസാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ " കേരള ബിൽഡിംഗ് കോഡ്" രൂപീകരണ പ്രവർത്തനങ്ങൾക്കായി ഹൗസിംഗ് കമ്മീഷണർ കൺവീനറായി 12 പേരുൾപ്പെട്ട സാങ്കേതിക വിദഗ്ധരുടെ ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. പ്രളയാനന്തര ഭവന നിർമ്മാണ മേഖലയിലെ പുനർ നിർമ്മാണം അതാത് പ്രദേശങ്ങളിലെ ആളുകൾക്ക് ജീവനോപാധിക്കു വേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതികൾ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് " കേരള പാർപ്പിടനയം" പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന ഭവനനിർമ്മാണ രീതികളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഹൗസിംഗ് കമ്മീഷണറേറ്റ് മുഖേന 2019-20 വർഷത്തിൽ " കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രകൃതി സൗഹൃദ ഭവനങ്ങൾ, ചെലവ് കുറഞ്ഞ ഭവന നിർമ്മാണം, പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന ഭവന

നിർമ്മാണം, പ്രീ ഫാബ് പോലുള്ള ബദൽ ഭവന നിർമ്മാണ രീതികൾ തുടങ്ങിയ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 2018-19 വർഷത്തിൽ ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, യൂണിവേഴ്സിറ്റികൾ, എൻ.ഐ.റ്റി., എഞ്ചിനീയറിംഗ് കോളേജുകൾ, പൊളീടെക്നിക്കുകൾ, വി.എച്ച്.എസ്.ഇ. എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി 'നവകേരളത്തിന് പുതിയ ഭവന സാക്ഷരത' എന്ന വിഷയത്തിൽ സെമിനാറുകളും എക്സിബിഷനും ഉൾപ്പെടുന്ന പരിപാടി 9 ജില്ലകളിൽ സംഘടിപ്പിച്ചു.

4. ദുരന്ത സാദ്ധ്യത മുൻനിർത്തിയുള്ള നിർമ്മാണ രീതികളും അതിനുതകുന്ന സാങ്കേതിക വിദ്യകളും പരിചയപ്പെടുത്തുക എന്ന ലക്ഷ്യവുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേരള പുനർനിർമ്മാണ പദ്ധതിയും ഐക്യരാഷ്ട്ര വികസന പരിപാടിയും (UNDP) സംയുക്തമായി 'സുരക്ഷിത കേരളം പ്രദർശനവും പരിശീലനവും' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുകയും ഓരോ ജില്ലയിലും 2 ദിവസം വീതം നീണ്ടു നിൽക്കുന്ന റോഡ്ഷോയും സംഘടിപ്പിച്ചു.

5. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സുരക്ഷിതമായി വീട് നിർമ്മാണം നടത്തുവാൻ ഉതകുന്നതും പ്രകൃതി സൗഹൃദ ഹരിതഭവനങ്ങൾ എങ്ങനെ നിർമ്മിക്കണം തുടങ്ങിയ ആശയങ്ങൾ ഉൾപ്പെടുത്തി രണ്ട് കൈപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേതിൽ ഭൂമികുലുക്കം പ്രതിരോധിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചും രണ്ടാമത്തേതിൽ പ്രളയ പ്രതിരോധത്തിന് ഉതകുന്ന വീടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കടലാക്രമണഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

10(*249) ശ്രീ. കെ. രാജൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയിലുണ്ടായ മാറ്റങ്ങളുടെ ഫലമായി ഈ വർഷം കടലാക്രമണത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കടലാക്രമണത്തിൽ സംസ്ഥാനത്തുണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് ശരിയായ വിലയിരുത്തൽ നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന, നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുമോ;

(ഡി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന മേഖലകളിൽ ഇതിനെ പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. കാലാവസ്ഥയിലുണ്ടായ മാറ്റങ്ങളുടെ ഫലമായി കടലാക്രമണത്തിന്റെ തോതുവർദ്ധിച്ചത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മുഖേന പഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്താറുണ്ട്.

(സി) വേലിയേറ്റ രേഖയിൽനിന്നും അൻപത് മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. അതു നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. 2016-17 കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് പ്രകാരം 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.
2. ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2017-18) ഭവന പദ്ധതി പ്രകാരം തീരപ്രദേശത്ത് വേലയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്.

3. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ച നൽകിയിട്ടുണ്ട്.

4. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി (2018-19)-ൽ 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിച്ച കഴിഞ്ഞു.

(ഇ) കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന മേഖലകളിൽ ഇതിനെ പ്രതിരോധിക്കുന്നതിന് കടൽഭിത്തി കെട്ടുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ജലവിഭവവകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി 2450 കോടി രൂപയുടെ പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗരേഖ

11(*250) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും മാതൃകകൾ പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് നിലവിൽ ഏതെല്ലാം മാർഗ്ഗരേഖകളാണ് അടിസ്ഥാനമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വ്യക്തമായ മാർഗ്ഗരേഖകളുടെ അഭാവം നിലവിലുണ്ടെങ്കിൽ ആവശ്യമായ പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ) പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങളുടെ നവീകരണത്തിനായി എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ ചുവടെ

കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്:

1. പ്രീ സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി.
2. പ്രീസ്കൂൾ അദ്ധ്യാപക സഹായി -'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി.
3. പ്രീസ്കൂൾ കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) പ്രവർത്തന പുസ്തകവും 'കളിത്തോണി - ഭാഗം I, II' എന്നിവയും അദ്ധ്യാപക വിനിമയ സഹായിയും തയ്യാറാക്കി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. ഒന്നാംഭാഗം അച്ചടിച്ച് വിതരണം ചെയ്തു. രണ്ടാം ഭാഗം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്റ്റേറ്റ് പ്രോജക്ട് ആഫീസർ എസ്.എസ്. കെ.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
4. മേൽ പറഞ്ഞ പഠന സാമഗ്രികളുടെ അടിസ്ഥാനത്തിൽ പ്രീസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം 'പ്രശിക്ഷാ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ ചെയ്തു. തുടർന്ന് ഈ വർഷം വ്യാപിപ്പിക്കുന്നതിനായി പ്രീ-സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്ക് (പി.എസ്.എസ്.ആർ.ജി.) നാലു ദിവസത്തെ പരിശീലനം നൽകി.
5. കുട്ടികളുടെ സമഗ്ര വികാസത്തിനായുള്ള അക്കാദമിക പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള പ്രവർത്തനമൂലകൾ (ആക്ടിവിറ്റി ഏരിയ) സജ്ജമാക്കുന്നതിനായി 414 പ്രീസ്കൂളുകളും അവയുടെ ചുറ്റുമുള്ള 3 വീതം അങ്കണവാടികളെയും ഉൾപ്പെടുത്തിയ ക്ലസ്റ്ററധിഷ്ഠിത പ്രീസ്കൂളിംഗ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.
6. എസ്.എസ്.കെ. പദ്ധതിപ്രകാരം കേരള സർക്കാർ അംഗീകരിച്ച പ്രീ-സ്കൂളുകളുടെ അക്കാദമിക നവീകരണത്തിനായി പ്രത്യേക നിർവ്വഹണ പദ്ധതി 2019-20 വർഷം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ആക്ടിവിറ്റി കോർണറുകൾ സജ്ജമാക്കുന്നതിന് പ്രീസ്കൂൾ കേന്ദ്രങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ അംഗീകൃത 2150 പ്രീസ്കൂളുകളിൽ ആക്ടിവിറ്റി കോർണറുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും മികച്ച പ്രീസ്കൂൾ മാതൃകകൾ പരിചയപ്പെടുന്നതിന് മറ്റ് പ്രീസ്കൂളുകളുമായി ട്വിന്നിംഗ് പരിപാടി നടപ്പാക്കിയിട്ടുണ്ട്. മാതൃ ഭാഷയിൽ പ്രീസ്കൂൾ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ള പാലക്കാട് ജില്ലയിലെ പല്ലാവൂർ ഗവ.എൽ.പി.സ്കൂളിന്റെ പ്രവർത്തനങ്ങൾ പഠിക്കുന്നതിന് എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ഒരു പ്രീസ്കൂൾ കേന്ദ്രത്തിലെ അദ്ധ്യാപിക, രക്ഷാകർതൃ പ്രതിനിധി എന്നിവർക്ക് അവസരം നൽകിയിട്ടുണ്ട്. ഇതേ മാതൃകയിൽ ജില്ലകളിൽ ട്വിന്നിംഗ് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ നിലവിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി സർക്കാർ അംഗീകരിച്ച ഏകീകൃത പ്രീസ്കൂൾ പാഠ്യപദ്ധതിയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്.

(സി) മാർഗ്ഗരേഖകളുടെ അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാർത്ഥി സമൂഹത്തിനുണ്ടാക്കിയ മാറ്റം

12(*251) ശ്രീ. സി. കെ. ഹരീന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാർത്ഥി സമൂഹത്തിനുണ്ടാക്കിയ മാറ്റമെന്തെന്ന് അറിയിക്കാമോ; പത്താം ക്ലാസ്, ഹയർ സെക്കണ്ടറി എന്നീ പരീക്ഷകളിൽ ഈ മാറ്റം പ്രതിഫലിച്ചിട്ടുണ്ടോ;

(ബി) ഈ നേട്ടം കൂടുതൽ മികവോടെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്ന വിധത്തിൽ അദ്ധ്യാപകഇടപെടൽ ഫലപ്രദമാക്കിത്തീർക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വിദ്യാർത്ഥിയുടെ കഴിവും ദൗർബല്യങ്ങളും മനസ്സിലാക്കി അവർക്ക് വഴികാട്ടിയാകുന്ന തരത്തിൽ അദ്ധ്യാപകരെ മെന്റർമാരെന്ന നിലയിൽ പരിവർത്തിപ്പിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) അദ്ധ്യയന രീതിയിലും അദ്ധ്യാപന നിലവാരത്തിലും ലക്ഷ്യത്തിനനുസൃതമായ മാറ്റം കൊണ്ടുവരുന്നതിന് പരിശീലന പരിപാടികളുണ്ടോയെന്ന് അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ: സി.രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി "അക്കാദമിക മികവാണ് വിദ്യാലയ മികവ് " എന്ന മുദ്രാവാക്യം മുന്നോട്ടുവച്ചുകൊണ്ട് ഓരോ കുട്ടിക്കും തന്റെ അഭിരുചിക്കും ശേഷിക്കുമനുസരിച്ച് മുന്നേറുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അക്കാദമിക മാസ്റ്റർ പ്ലാൻ, വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ, ജൈവവൈവിദ്ധ്യ ഉദ്യാനം, ടാലന്റ് ലാബ് തുടങ്ങിയ

നൂതന ആശയങ്ങൾ നടപ്പിലാക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള അക്കാദമിക ഇടപെടലുകളുടെ ഭാഗമായി പത്താംക്ലാസ്സ്, ഹയർ സെക്കണ്ടറി പരീക്ഷകളിൽ കുട്ടികളുടെ പ്രകടനം മെച്ചപ്പെട്ടു. വിജയശതമാനത്തിലും A+ കളുടെ എണ്ണത്തിലും 2016-17 വർഷത്തിൽ നിന്നും 2018-19 ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയ ശതമാനത്തിൽ 2017 മുതൽ വർദ്ധനവ് വന്നിട്ടുണ്ട്. ഓരോ വർഷങ്ങളുടെ വിജയശതമാനം ചുവടെ ചേർക്കുന്നു:

| വർഷം | വിജയശതമാനം |
|---|---|
| 2017 | 95.98% |
| 2018 | 97.84% |
| 2019 | 98.11% |

ഹയർസെക്കന്ററി തലത്തിൽ 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠന യോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ 84.33 ശതമാനമായി മാറി.

(ബി) ഉണ്ട്. ഓരോ കുട്ടിയുടെ വ്യക്തിവികാസവും സവിശേഷതയും തിരിച്ചറിഞ്ഞ് അദ്ധ്യാപകരുടെ ഇടപെടൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

(സി) ഉണ്ട്. ഒരു നിശ്ചിത എണ്ണം കുട്ടികളുടെ അക്കാദമികവും വ്യക്തിപരവുമായ ശേഷികളും പരിമിതികളും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിന് ഓരോ അദ്ധ്യാപകനെയും (മെന്റർമാരായി) പരിവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി ഉടനെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അദ്ധ്യാപക പരിശീലനത്തിൽ സമഗ്രമായ മാറ്റം വരുത്തിയിട്ടുണ്ട്. ഉള്ളടക്ക ധാരണ വർദ്ധിപ്പിക്കുന്നതിനും വിനിമയ ശേഷി മികവുറ്റതാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി അദ്ധ്യയനത്തിൽ ഉൾച്ചേർക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകി വരുന്നു.

അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് നാലു ദിവസത്തെ പ്രത്യേക ഐ.സി.ടി പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് മേഖലയിലെ അഴിമതി നിർമ്മാർജ്ജനം

13(*252) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് മേഖലയിലെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗം വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് വിവിധ തലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് മാന്വലിലും ക്വാളിറ്റി കൺട്രോൾ മാന്വലിലും നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ജില്ലാ തലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ പണം നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധന റിപ്പോർട്ട് നിർബന്ധമാണ്. ഒപ്പം 2nd tier ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ബിൽ തുക നൽകുന്നത്. കൂടാതെ 2 കോടി രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ പ്രവൃത്തികളും സർക്കാർ അംഗീകരിച്ച Standard Bid Document പ്രകാരമാണ്

ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നത്. നിലവിൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന സുതാര്യമായാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

(ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തി site conditions -നു അനുസൃതമായി തയ്യാറാക്കുവാനും റിവൈസ്ഡ് എസ്റ്റിമേറ്റ് പരമാവധി ഒഴിവാക്കുവാനും നിർദ്ദേശം നൽകുവാനും പ്രവൃത്തികൾ സാങ്കേതികാനുമതിക്കായി സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരവും ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലും നടപ്പാക്കുവാനും ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്; വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൂറിലധികം ജീവനക്കാർ ശിക്ഷാ നടപടികൾക്കു വിധേയരായിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്ഥല പരിശോധനയും ഫയൽ പരിശോധനയും കൂടാതെ ക്വാളിറ്റി കൺട്രോൾ മുഖാന്തരം ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. വകുപ്പിലെ പ്രവൃത്തികളെ സംബന്ധിച്ച പരാതികൾ 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ മുഖേന പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കാവുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായി ജനങ്ങൾക്കു നേരിട്ടു പരാതി അറിയിക്കാനുള്ള അവസരവും നൽകാറുണ്ട്.

കൂടാതെ, മന്ത്രിയുടെ ഔദ്യോഗിക ഇ-മെയിൽ വഴിയും പരാതികൾ ബോധിപ്പിക്കാനുള്ള അവസരം ജനങ്ങൾ ഉപയുക്തമാക്കുന്നുണ്ട്.

**റോഡ് നിർമ്മാണത്തിൽ പരിഷ്കാരങ്ങൾ**

14(*253) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എൻ. എ. ഖാദർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാറിവരുന്ന കാലാവസ്ഥയും ഇടയ്ക്കിടെ ഉണ്ടാകാറുള്ള പ്രകൃതി ദുരന്തങ്ങളും നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ എന്നിവയ്ക്ക് നേരിടുന്ന ദൗർലഭ്യവും കണക്കിലെടുത്ത് പ്രകൃതിവിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുന്ന തരത്തിൽ റോഡ് നിർമ്മാണത്തിൽ കാതലായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡ് ഡിസൈനിംഗ്, കൺസ്ട്രക്ഷൻ, മെയിന്റനൻസ് എന്നിവയിൽ എപ്രകാരം മാറ്റം വരുത്തണമെന്ന പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) നിലവിലുള്ള റോഡ് നിർമ്മാണരീതിയെക്കാൾ പുതിയ രീതികൾക്ക് ചെലവ് അധികരിക്കുമെങ്കിലും പ്രകൃതിവിഭവങ്ങളുടെ ചൂഷണം കുറയ്ക്കാമെന്ന ആശയം കണക്കിലെടുത്ത് ഇത്തരം നിർമ്മാണരീതികൾ പ്രചാരത്തിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുമോയെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) പ്രകൃതി ദുരന്തങ്ങളും നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും കണക്കിലെടുത്ത് പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുന്ന തരത്തിൽ റോഡ് നിർമ്മാണത്തിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽകാലം ഈടുനിൽക്കുന്ന ബി.എം. & ബി.സി. ഉപരിതല

നിർമ്മാണം നടപ്പിലാക്കിവരുന്നു. ട്രാഫിക് സാന്ദ്രത, മണ്ണിന്റെ ഘടന എന്നിവ കണക്കിലെടുത്ത് 10 മുതൽ 15 വർഷം വരെ നിലനിൽക്കുന്ന ഡിസൈൻ റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 15-20 വർഷം നിലനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡുകൾ നിർമ്മിക്കുന്നതും പരിഗണിച്ച് വരുന്നു. നിലവിലുള്ള റോഡിലെ വസ്തുക്കൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് പത്തനംതിട്ട ജില്ലയിൽ 5.9 കി.മീ. ദൂരം നിർമ്മിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട്- പാതിരപ്പള്ളി ഭാഗത്ത് ദേശീയപാതയിലും നിലവിലുള്ള റോഡിന്റെ ഉപരിതലം റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്ന മില്ലിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചു ചെയ്തിട്ടുണ്ട്. ഈ രീതി അവലംബിക്കുന്നത് വഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കാൻ സാധിക്കും. എർത്ത് കട്ടിംഗ്/ഫില്ലിംഗ് എന്നിവ പരമാവധി കുറച്ച് മണ്ണിടിച്ചിൽ ഒഴിവാക്കുന്ന തരത്തിൽ നീർച്ചാലുകൾക്കും സ്വാഭാവിക നീരൊഴുക്കിനും തടസ്സം വരാതെയുമാണ് നിർമ്മാണം നടത്തുന്നത്.

(ബി) റോഡ് മെയിന്റനൻസുമായി ബന്ധപ്പെട്ട് മഴക്കാലത്ത് റോഡിലെ കുഴികൾ അടയ്ക്കുന്നതിനായി 'കന്താൽ മിശ്രിത' ത്തിന്റെ പ്രായോഗികതയെക്കുറിച്ച് കെ.എച്ച്.ആർ.ഐ-യിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി '80' ടണ്ണോളം കന്താൽ മിശ്രിതം ഇതിനോടകം ഉൽപ്പാദിപ്പിച്ച് വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ '250' ടൺ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ (2019-20) പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ കെ.എച്ച്.ആർ.ഐ -യിൽ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ നിലവിലുള്ള ബിറ്റുമിനസ് റോഡുകളിൽ ഉപയോഗിച്ചിട്ടുള്ള പാറ, മെറ്റൽ, എന്നിവ നോഡുകളിൽ നിന്നും 'Milling' ലൂടെ പുറത്തെടുത്ത് പുനരുപയോഗം ചെയ്യുന്നതിനുള്ള ഗവേഷണവും കെ.എച്ച്.ആർ.ഐ. യിൽ ആരംഭിച്ചിട്ടുണ്ട്.

ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ പുറക്കാട്- പാതിരപ്പള്ളി ഭാഗത്ത് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്.

(സി) നിലവിലുള്ള നിർമ്മാണ രീതിയെക്കാൾ പുതിയ രീതികൾക്ക് ചെലവ് അധികമാണ്. എന്നാൽ ദീർഘകാലം ഈടു നിൽക്കുന്നതിനാലും പ്രകൃതി വിഭവങ്ങളുടെ ചൂഷണം മൂലമുള്ള പാരിസ്ഥിതിക ആഘാതം പരമാവധി കുറയ്ക്കാൻ സാധിക്കുന്നതിനാലും ഇത്തരം നിർമ്മാണ രീതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ഇതുവഴി പരിസ്ഥിതി മലിനീകരണവും കുറയ്ക്കാനാകുന്നതാണ്.

**കേരള ഭൂരേഖ നവീകരണ മിഷൻ**

15(*254) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് കേരള ഭൂരേഖ നവീകരണ മിഷൻ എന്ന പേരിൽ ഒരു സംവിധാനം നിലവിലുണ്ടോ;

(ബി) പ്രസ്തുത മിഷൻ റവന്യൂ, സർവ്വേ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഭൂമിസംബന്ധമായ ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റിക്കിട്ടുന്നതിന് ജനങ്ങൾക്ക് സഹായകരമാകുമോ; വ്യക്തമാക്കാമോ;

(സി) ഭൂരേഖകളുടെ ഡിജിറ്റൈസേഷനും പരിപാലനത്തിനും മിഷൻ ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിച്ച് വരുന്നതുമാണ്.

(ബി) സഹായകരമാണ്. റവന്യൂ രജിസ്ട്രേഷൻ, സർവ്വേ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾ ഭൂരേഖ നവീകരണ മിഷന്റെ കീഴിൽ, ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമാക്കുന്നതു വഴി പൊതുജനങ്ങൾക്ക് ഭൂമി സംബന്ധമായ ഏതൊരു ആവശ്യവും വളരെ വേഗത്തിൽ ഏതു സ്ഥലത്തിരുന്നു കൊണ്ടും നിറവേറ്റുന്നതിന് ഓൺലൈനായി തന്നെ സാധിക്കുന്നതാണ്. ആയതിനാൽ ടി മിഷന്റെ രൂപീകരണം ജനോപകാരപ്രദമാണെന്ന് വിലയിരുത്താവുന്നതാണ്.

(സി) റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ ഏകോപിപ്പിച്ച് ഭൂരേഖ നവീകരണ മിഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതുവഴി

ഭൂരേഖകളുടെ ഡിജിറ്റൈസേഷനും പരിപാലനത്തിനും ഒരു പുതിയ സംവിധാനം നിലവിൽ വരികയും പ്രസ്തുത വകുപ്പുകളിലെ എല്ലാത്തരം രേഖകളും ഡിജിറ്റലാക്കി ആയത് മിഷന്റെ പോർട്ടലിൽ ഏകോപിപ്പിച്ചാൽ അത് പൊതു ജനത്തിനും കൂടാതെ ടി മൂന്ന് വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വണത്തിനും ഒരുപോലെ സഹായകരമായിതീരുന്നതാണെന്ന് കരുതുന്നു.

**പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

16(*255) ശ്രീ. പി. വി. അൻവർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി രണ്ടു വർഷങ്ങളിലുണ്ടായ തീവ്ര പ്രളയത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാതയുടെ പകുതിയിലധികം ദൂരം തകർച്ച നേരിട്ടത് പൂർണ്ണമായും പുനരുദ്ധരിക്കാനായിട്ടുണ്ടോ;

(ബി) പ്ലാൻ, നോൺ പ്ലാൻ, നബാർഡ് തുടങ്ങി വിവിധ സ്കീമുകളിൽ എത്ര തുക വകയിരുത്തിയിരുന്നെന്നും അവയുടെ വിനിയോഗത്തിലെ പുരോഗതിയും അറിയിക്കാമോ; കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചിരുന്നു; വ്യക്തമാക്കുമോ;

(സി) തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പുതിയ റോഡുകളുടെ നിർമ്മാണത്തിലും കോൾഡ് ഇൻസൈറ്റ് റീസൈക്ലിംഗ്, വൈറ്റ് ടോപ്പിംഗ് തുടങ്ങിയ നവീന രീതികളും കയർ ജിയോ ടെക്സ്റ്റൈൽ, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് തുടങ്ങിയവയുടെ ഉപയോഗവും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) സംസ്ഥാനത്ത് തുടർച്ചയായി രണ്ട് വർഷങ്ങളിലുണ്ടായ പ്രളയത്തെ തുടർന്ന് വകുപ്പിന് മൊത്തം 16,480 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. 2018 ആഗസ്റ്റിലെ പ്രളയത്തെത്തുടർന്ന് തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കിയിരുന്നു. കൂടാതെ പ്ലാൻ, നബാർഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന നടപടികളും ഏറ്റെടുത്തിരുന്നു. ഈ വർഷം 5031 കി.മീ. റോഡുകൾക്ക് തകർച്ച സംഭവിച്ചിട്ടുണ്ട്. എല്ലാ റോഡുകളിലും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർച്ചയായ മഴമൂലം റോഡുകളുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 2019 ആഗസ്റ്റ് മാസത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള ചാക്ക- ശംഖുമുഖം റോഡ് 2018-ലെ കടലാക്രമണത്തിൽ 300 മീറ്റർ ഭാഗികമായി തകർന്നിരുന്നു. ആയതിന്റെ നിർമ്മാണത്തിനായുള്ള ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു.

2018-ലെ പ്രളയം നിമിത്തം തകർന്ന പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനായി 1600 കി.മീ. റോഡുകളുടെ പട്ടിക പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തയ്യാറാക്കി കെ.എസ്.ടി.പി.-ക്ക് നൽകുകയുണ്ടായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെയും ലോകബാങ്കിന്റെയും ധനസഹായം ഉറപ്പാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 666 കി.മീ. റോഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനായുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ KSTP ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കിയതിനു ശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ടുപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും പൈനാവ് - താന്നിക്കണ്ടം-അശോകകവല റോഡും അടൂർ-ചെങ്ങന്നൂർ റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർനിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിരത്തു വിഭാഗത്തിനു കീഴിൽ 2018-19 വർഷം നോൺപ്ലാൻ ഫണ്ടിൽ നിന്നും 660 കോടി രൂപയുടെ പ്രവൃത്തികൾ പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 445 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 7446 കി.മീ. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തികൾക്കായി പ്ലാൻ, നോൺപ്ലാൻ ഹെഡിൽ മൊത്തം 1766 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 142.89 കോടി രൂപയുടെ പ്രവൃത്തികൾ 312.38 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. ദുരന്തനിവാരണ വകുപ്പിൽ നിന്നും കഴിഞ്ഞ പ്രളയത്തെ തുടർന്ന് 2018-19 ൽ 71.25 കോടി രൂപ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ്

പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. NABARD ഫണ്ടിൽ ഉൾപ്പെടുത്തി 53 പ്രവൃത്തികൾക്ക് 350.49 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം നോൺ പ്ലാൻ ഫണ്ടിൽ നിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളെല്ലാം തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ 510.11 കോടി രൂപ പദ്ധതിയിനത്തിൽ കെ.എസ്.ടി.പി.-ക്ക് വകയിരുത്തി നൽകിയിട്ടുണ്ട്. ഇതിൽ 100 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. കെ.എസ്.ടി.പി.യുടെ നടപ്പ് സാമ്പത്തിക വർഷം 31-10-2019 വരെയുള്ള ചെലവ് 125.14 കോടി രൂപയാണ്.

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയപാത വിഭാഗത്തിൽ വിവിധ സ്കീമുകളിൽ വകയിരുത്തിയിട്ടുള്ള തുകയും അവയുടെ വിനിയോഗത്തിലെ പുരോഗതിയും അനുബന്ധമായി* ചേർക്കുന്നു.

(സി) നിരത്തു വിഭാഗത്തിനു കീഴിൽ സ്വാഭാവിക റബ്ബർ, കയർ, ജിയോ ടെക്സ്റ്റൈൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ്നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും പ്രവൃത്തിയുടെ 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 15-20 വർഷം നിലനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡുകൾ നിർമ്മിക്കുന്നതും പരിഗണിച്ചുവരുന്നു. നിലവിലുള്ള വസ്തുക്കൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ ദേശീയപാതയിൽ പുറക്കാട്-പാതിരപ്പള്ളി റോഡിൽ ഈ ടെക്നോളജി ഉപയോഗിച്ചു പ്രവൃത്തി പൂർത്തീകരിച്ചതാണ്. ഈ രീതി അവലംബിക്കുന്നതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കാൻ സാധിക്കും.

ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. പദ്ധതികളിൽ നവീന സാങ്കേതിക രീതികൾ അവലംബിച്ചാണ് പ്രവൃത്തികൾ ചെയ്തു വരുന്നത്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിന് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നിർമ്മാണ രീതിയാണ് നടത്തിയത്. പുനലൂർ പൊൻകുന്നം റോഡിന്റെ പുനരുദ്ധാരണത്തിൽ ഇൻസൈറ്റ് റിസൈക്ലിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണം**

17(*256) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; നിർമ്മാണ പ്രവർത്തനം ആരംഭിച്ച് അൻപത്തേഴ് മാസം കഴിഞ്ഞിട്ടും പ്രസ്തുത പ്രവർത്തനം പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന തുറമുഖ വികസനത്തിനായി ഫിഷറീസ് വകുപ്പ് മാസ്റ്റർ പ്ലാൻ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മത്സ്യബന്ധന തുറമുഖം പണി ആരംഭിച്ചശേഷം നിർമ്മാണമാരംഭിച്ച ബേപ്പൂർ,തങ്കശ്ശേരി മത്സ്യബന്ധന തുറമുഖങ്ങൾ പണി പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണം നീണ്ടുപോകുന്നത് ഗൗരവമായി പരിഗണിച്ച് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട വികസനത്തിനായി 25-9-1967- ൽ 173 ലക്ഷം രൂപയുടെ കേന്ദ്രാനുമതി നൽകി. അതിൽ ഉൾപ്പെട്ട 305 മീറ്റർ നീളമുള്ള പ്രധാന പുലിമുട്ട്, 60 മീറ്റർ നീളമുള്ള സർവ്വീസ് ജെട്ടി, ക്വാർട്ടേഴ്സ്, ജലവിതരണം, ഡ്രെയിനേജ് എന്നീ സൗകര്യങ്ങളോടെ 1974-ൽ ഒന്നാംഘട്ട വികസന പ്രവൃത്തികൾ പൂർത്തീകരിച്ചു.

രണ്ടാംഘട്ട വികസനത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 704 ലക്ഷം രൂപയുടെ ഭരണാനുമതി 4-2-1987 -ൽ നൽകി. ടി പദ്ധതിയിൽ പ്രധാന പുലിമുട്ടിന്റെ നീളം 100 മീറ്റർ വർദ്ധിപ്പിക്കൽ, 270 മീറ്റർ നീളത്തിൽ ലീവേർഡ് ബ്രേക്ക് വാട്ടർ, 250 മീറ്റർ നീളത്തിൽ 2 വാർഫുകൾ, 500 ച.മീറ്റർ വിസ്തീർണ്ണമുള്ള 2 ലേലപ്പുരകൾ, 500 ച.മീറ്റർ വിസ്തീർണ്ണമുള്ള 2 ഗിയർ ഷെഡുകൾ, ഡ്രഡ്ജിംഗ്, ആന്തരിക റോഡുകൾ, പാർക്കിംഗ് സ്ഥലം, അപ്രോച്ച്റോഡ്, ജല വിതരണം, വൈദ്യുതീകരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ചുറ്റുമതിൽ നിർമ്മാണം എന്നീ ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. ടി ഭരണാനുമതിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവയൊഴിച്ചുള്ള ഘടകങ്ങളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ 1922 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 1367 മീറ്റർ നീളംകൂടി പണിയുവാനുണ്ട്. ചുറ്റുമതിൽ നിർമ്മാണം പ്രാദേശികവാസികൾ തടസ്സപ്പെടുത്തുന്നതിനാലാണ് പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കാത്തത്.

രണ്ട് വാർഫുകളുടെയും മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഖബറുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ കാരണമാണ് ഡ്രഡ്ജിംഗ് പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ഡ്രഡ്ജിംഗ് ചെയ്യുന്നപക്ഷം ഖബർ ഒലിച്ചുപോകുവാൻ സാധ്യതയുണ്ടെന്നാണ് പ്രാദേശികവാസികൾ വിശ്വസിക്കുന്നത്. ഖബറിനെ സംരക്ഷിച്ചുകൊണ്ട് ഡ്രഡ്ജിംഗ് ചെയ്യുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുന്നോട്ട് വച്ചിരുന്നു. ടി പ്രവൃത്തിയ്ക്കായി കരാറിലേർപ്പെട്ടുവെങ്കിലും പ്രാദേശിക എതിർപ്പുമൂലം കരാർ റദ്ദ് ചെയ്യേണ്ടിവന്നു.

ചുറ്റുമതിലിന്റെ ബാക്കി നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവ തടസ്സപ്പെട്ടിരിക്കുന്നതിനാലാണ് ടി മത്സ്യബന്ധന തുറമുഖം പൂർണ്ണമായി ഉപയുക്തമാക്കുവാൻ സാധിക്കാത്തത്.

(ബി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മാസ്റ്റർ പ്ലാനിന്റെ കരട് രൂപരേഖ തയ്യാറാക്കുകയും ആയത് പ്രാവർത്തികമാക്കുവാനായി പല ആവർത്തി യൂണിയൻ പ്രതിനിധികൾ ഉൾപ്പെടെ Stake holders- മായി ഫിഷറീസ് വകുപ്പുമന്ത്രി കരട് രൂപരേഖ അവതരിപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തിയെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല.

(സി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവൃത്തിയിൽ ചുറ്റുമതിലിന്റെ ബാക്കി നിർമ്മാണം, ഡ്രെഡ്ജിംഗ് എന്നീ രണ്ട് ഘടകങ്ങൾ മാത്രമാണ് പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. പ്രാദേശിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പല മാർഗ്ഗരേഖകൾ മുന്നോട്ടുവച്ചുവെങ്കിലും തദ്ദേശ എതിർപ്പുമൂലം പ്രവൃത്തികൾ പ്രാവർത്തകമാക്കുവാൻ സാധിച്ചിട്ടില്ല.

### ദുരന്ത സാധ്യതാ പ്രദേശങ്ങളുടെ ഭൂപടം പുതുക്കൽ

18(*257) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി അതിരൂക്ഷമായ മഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പഠിക്കുവാൻ ഏതെങ്കിലും വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ അശാസ്ത്രീയമായ ഭൂവിനിയോഗത്തിന്റെ ഫലമായി ഉണ്ടാകുന്ന ആപത്തുകളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രസ്തുത സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ദുരന്ത സാധ്യതാ പ്രദേശങ്ങളുടെ നിലവിലുള്ള ഭൂപടം പുതുക്കുന്നതിനും ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) ഉണ്ട്. തുടർച്ചയായി അതിരൂക്ഷമായ മഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്ന സാഹചര്യം പഠിക്കുവാൻ 22-8-2019-ലെ സ.ഉ.(സാധാ)നമ്പർ 42/2019/ശാ.സാ.വ. പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാനത്ത് അതിതീവ്രമായ മഴയും അതിനെത്തുടർന്ന് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ച് ടി വിഷയവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായതും ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം അടിയന്തരഘട്ട പ്രവർത്തന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി തയ്യാറാക്കി ദുരന്ത നിവാരണ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ഉതകുന്നതുമായ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക എന്നിവയാണ് സമിതിയ്ക്ക് നൽകിയ നിർദ്ദേശം. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമിതി നടത്തേണ്ടതായിട്ടുണ്ട്:

- അതിതീവ്ര മഴയുടെയും ആയതിനുള്ള ഹേതുക്കളുടെയും കാരണങ്ങൾ കണ്ടെത്തുക.
- ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനാവശ്യമായ സമയത്തിനുള്ളിൽ കൃത്യമായ കാലാവസ്ഥാ പ്രവചനം നടത്തുന്നതിനുള്ള ശേഷിയും സാധ്യതയും തയ്യാറാക്കുക.
- തീവ്രമായ മഴയെത്തുടർന്നുണ്ടാകുന്ന ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും ദുരന്തങ്ങളും അനന്തര ഫലങ്ങളും കുറയുന്നതിനും സഹായിക്കുന്ന നിലവിലുള്ള സൂചകങ്ങളും സമ്പ്രദായങ്ങളും അവലോകനം ചെയ്യുക.
- തീവ്രമായ മഴയെത്തുടർന്നുള്ള പ്രളയസാധ്യതാ പ്രദേശങ്ങളുടെ നിലവിലെ ഭൂപടവും ദുരന്തങ്ങൾ കുറയ്ക്കുവാനുതകുന്ന നിലവിലെ പരിഹാരമാർഗ്ഗങ്ങളും അവലോകനം ചെയ്യുക.
- മാറുന്ന ഭൂവിനിയോഗം അപകടങ്ങളിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് പഠിക്കുക.

(ഡി) കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം വിവിധ പ്രകൃതി ദുരന്തങ്ങളുടെ സാധ്യതാ പ്രദേശങ്ങളുടെ അതിസൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി നൽകേണ്ടത് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളോട് ഇവ തയ്യാറാക്കി നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

19(*258) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :

<u>ശ്രീ. ജി. എസ്. ജയലാൽ</u> :

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിനായി സ്വീകരിച്ച ആധുനികവൽക്കരണ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ആധാരപകർപ്പുകൾ ഉൾപ്പെടെയുള്ള രേഖകൾ സംരക്ഷിക്കുന്നതിന് വകുപ്പിൽ ഡിജിറ്റൈസേഷൻ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഗഹാനകൾക്കും ഗഹാനകളുടെ ഒഴിമുറിക്കും ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി)സബ്‌രജിസ്ട്രാർ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന് ആധുനിക വൽക്കരണം ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വെളിപ്പെടുത്താമോ;

(ഇ) നവീന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ആധാരം രജിസ്ട്രേഷൻ നടപടികൾ എങ്ങനെയൊക്കെ ലളിതവും സുതാര്യവുമാക്കുമെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിനായി ചുവടെ ചേർക്കുന്ന ആധുനികവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷനായി ഫീസ് ഒടുക്കുന്നതിനുള്ള ഇ- പേയ്മെന്റ് സംവിധാനം.

3. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതു ജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

4. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടിവരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

5. പൊതുജനങ്ങൾക്ക് സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആയതിലേയ്ക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, പാർട്ട്ണർഷിപ്പ് ഫോമുകളുടെ രജിസ്ട്രേഷൻ, സൊസൈറ്റി രജിസ്ട്രേഷൻ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

8. ആധാരപകർപ്പുകൾ ഉൾപ്പെടെയുള്ള രേഖകൾ സംരക്ഷിക്കുന്നതിന് വകുപ്പിൽ ഡിജിറ്റൈസേഷൻ ആരംഭിച്ചു.

9. രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷകർക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുന്നു.

10. ഭൂമിയുടെ ന്യായവില ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

11. റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കി.

(ബി) ഉണ്ട്.

(സി) ഗഹാനുകൾക്കും ഗഹാനുകളുടെ ഒഴിമുറിക്കും ഇ-ഫയലിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പുനലൂർ, കുളത്തൂപ്പുഴ, അഞ്ചൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) രജിസ്ട്രേഷൻ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾക്കായി ആധുനികവത്കരണ നടപടികൾ സ്വീകരിക്കുകവഴി സബ് രജിസ്ട്രാർ ഓഫീസിൽ പണമിടപാടുകൾ ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഇ) നവീന സാങ്കേതികവിദ്യയുടെ സഹായത്താൽ പൊതുജനങ്ങൾക്ക് ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തുക വഴി ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ ലളിതവും സുതാര്യവുമാക്കുവാൻ സാധിച്ചിട്ടുണ്ട്.

## റോഡുകളുടെ ഈടുറ്റ നിർമ്മാണരീതി

20(*259) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണരീതി കനത്തമഴയെ അതിജീവിക്കുന്ന രീതിയിലുള്ളവയായിരുന്നില്ലെന്നതിനാൽ ഓരോ മഴക്കാലവും കഴിയും മുമ്പുതന്നെ ഗതാഗതത്തിനു ബുദ്ധിമുട്ടാക്കിയിരുന്ന സ്ഥിതി പരിഹരിക്കാനായി ഈടുറ്റ നിർമ്മാണ രീതി അവലംബിക്കാൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) ഉദ്യോഗസ്ഥരെ ആധുനിക നിർമ്മാണരീതിയിൽ പ്രാപ്തരാക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) നിർമ്മാണത്തിൽ ഉയർന്ന ഗുണനിലവാരം പുലർത്തുന്നതിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമായ ആധുനിക യന്ത്ര സംവിധാനങ്ങളെക്കുറിച്ചും പുതിയ നിർമ്മാണ വിഭവങ്ങളെക്കുറിച്ചും നിർമ്മാണ രീതിയെക്കുറിച്ചും അറിവു പകരുന്നതിനും പൊതുമരാമത്ത് കരാറുകാർക്ക് വേണ്ടി അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന കനത്ത മഴയും പ്രളയവും കണക്കിലെടുത്ത് കാലാവസ്ഥാവ്യത്യാസങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. ഇതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 15 വർഷം ഈടു നിൽക്കുന്ന ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് മണ്ണിന്റെ ഘടന, ട്രാഫിക് സാന്ദ്രത എന്നിവ കണക്കിലെടുത്ത് റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നു. മഴക്കാലത്തെ അതിജീവിക്കുന്നതിനായി റോഡുകൾ ഈടുനിൽക്കുന്ന ബി.എം. &ബി.സി ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 15-20 വർഷം ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ചെയ്യുന്നതും പരിഗണിച്ചു വരുന്നു.

ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ ടാറിംഗിന്റെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കുന്ന ഒരു പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഒരു പ്രവൃത്തി പ്രാരംഭഘട്ടത്തിലുമാണ്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

ദേശീയപാതാ വിഭാഗത്തിൽ ടാറിനോടൊപ്പം പ്ലാസ്റ്റിക് പൊടിച്ച് ചേർത്തുകൊണ്ട് നിർമ്മാണം നടത്തുവാൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്.

(ബി) ആധുനിക നിർമ്മാണ രീതിയിൽ പ്രാപ്തരാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ആവശ്യമായ ശിൽപ്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള Second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ പ്രവൃത്തികളും സർക്കാർ അംഗീകരിച്ച Standard Bid Document പ്രകാരമാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നത്. നിലവിൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന സുതാര്യമായാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

" പുതിയകാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി 5-1-2018-ലെ സ.ഉ.സാധാ.(എം.എസ്.) നമ്പർ 1/2018/പൊ.മ.വ പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികളും സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാണ്.

(സി) ആധുനിക യന്ത്ര സംവിധാനങ്ങളെക്കുറിച്ചും പുതിയ നിർമ്മാണ വിഭവങ്ങളെക്കുറിച്ചും നിർമ്മാണരീതിയെക്കുറിച്ചും നിർമ്മാണത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതിനുംവേണ്ടി പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ജില്ലാലാബുകൾ വഴി എല്ലാ ജില്ലകളിലും നടത്തിവരുന്നു. നിലവിൽ പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് വേണ്ടി അക്കാദമി സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## സാങ്കേതിക പദാവലി വിപുലീകരിക്കുന്ന നടപടി

21(*260) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. അബ്ദുൽ ഹമീദ്. പി. :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തസ്തികകളിലേക്കുമുള്ള പി.എസ്.സി. പരീക്ഷകളുടെ ചോദ്യ പേപ്പറുകൾ മലയാളത്തിൽ കൂടി നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ വിവിധ വിഷയങ്ങളിലെ സാങ്കേതിക പദാവലി വിപുലീകരിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സാങ്കേതിക പദാവലി തയ്യാറാക്കുമ്പോൾ മലയാള ഭാഷയുടെ ലാളിത്യവും തനിമയും നിലനിർത്തുവാൻ ശ്രദ്ധിക്കണമെന്ന് എസ്.സി.ഇ.ആർ.ടി. ക്ക് നിർദ്ദേശം നൽകുമോ; അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഹയർ സെക്കണ്ടറി മേഖലയിലെ വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത പാഠപുസ്തകങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക പദങ്ങളുടെ മലയാള പരിഭാഷ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

(ബി) സ്കൂൾ പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ സൗകര്യമാക്കുന്നതിനും വേണ്ടിയാണ് എസ്.സി.ഇ.ആർ.ടി. സാങ്കേതിക പദാവലി തയ്യാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടി.യുടെ അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇത് തയ്യാറാക്കി വരുന്നത്.

(സി) മലയാള ഭാഷയുടെ ലാളിത്യവും തനിമയും പരമാവധി നില നിർത്തിക്കൊണ്ടാണ് എസ്.സി.ഇ.ആർ.ടി. ഇത് തയ്യാറാക്കിയിട്ടുള്ളത്.

**കൃഷിക്കും താമസത്തിനുമായി നൽകിയ പട്ടയ ഭൂമിയിൽ ഖനനം**

22(*261) ഡോ. എം. കെ. മുനീർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കും താമസത്തിനുമായി നൽകിയ പട്ടയ ഭൂമിയിൽ ഖനനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ;

(സി) പരിസ്ഥിതിയെ തകർക്കുന്ന തരത്തിൽ പട്ടയ ഭൂമിയിൽ ഖനനം അനുവദിക്കുന്ന ഈ നിയമ ഭേദഗതി സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ & ബി) 1964-ലെ കേരള ഭൂ-പതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിനും കൃഷിക്കും ബെനിഫിഷ്യൽ എൻജോയ്മെന്റിനും വേണ്ടി പതിച്ചുനൽകിയതും കൃഷിക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമിയിൽ നിബന്ധനകൾക്ക് വിധേയമായി ക്വാറിയിംഗ് പ്രവർത്തനത്തിന് അനുമതി നൽകുന്നതിലേക്കായി ടി ചട്ടങ്ങളിലെ ചട്ടം (4) -ൽ ഭേദഗതി വരുത്തുന്നതിന് 5-3-2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെകൂടി വെളിച്ചത്തിൽ 1964-ലെ കേരള ഭൂ-പതിവ് ചട്ടങ്ങളിലെ ചട്ടം (4) ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 1-8-2019-ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ ഇക്കാര്യം ഒരിക്കൽകൂടി വിശദമായി പരിശോധിച്ചശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരാൻ നിർദ്ദേശിച്ചു. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവരുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തി ഉത്തരവ്/ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് പാറ ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെട്ടു വരുന്നുവെന്നും അതുകൊണ്ടുതന്നെ നിർമ്മാണ വസ്തുക്കളുടെ വില വർദ്ധിക്കുന്നതായും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു വരുന്നതായും നിയമസഭയിലടക്കം പരാതികൾ ഉയർന്നുവരുന്നുണ്ട്. ടി സാഹചര്യത്തിൽ പരിസ്ഥിതിക്ക് കോട്ടം വരാതെ പൂർണ്ണമായും പരിസ്ഥിതി സംരക്ഷണവും അനുബന്ധ കാര്യങ്ങളും ഉറപ്പാക്കികൊണ്ട് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് സർക്കാർ പരിശോധിച്ചു വരികയാണ്.

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

23(*262) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ട്രോളിംഗ് നിരോധനംമൂലം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനവും ധനസഹായവും നൽകി ഇതര മേഖലകളിൽ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾക്ക് സംരക്ഷണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി.
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.
4. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ.
5. മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
7. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.
8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.
9. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
10. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽസുരക്ഷാ പദ്ധതികൾ.
11. RIDF കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി തീരദേശ ആശുപത്രികൾ, ഫിഷറീസ് സ്കൂളുകൾ, അങ്കണവാടികൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ.
12. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം.

(ബി) ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2,700 രൂപയിൽ നിന്ന് 4,500 രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്തു വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നുണ്ട്. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്.

(സി) അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനവും ധനസഹായവും നൽകി ഇതരമേഖലകളിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) തീര നൈപുണ്യ പദ്ധതി

(2) 3 R Pilot പദ്ധതി

(3) അഷ്ടമുടി phase II

(ഡി) 2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി ഹള്ളിന് മാത്രമായിട്ടാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനും എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്ന് വരുന്നു.

മത്സ്യഫെഡ് മുഖേന ഉപകരണ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 10 എച്ച്.പിയിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകി വരുന്നു.

**പുനർഗേഹം സമഗ്ര തീരദേശ പുനരധിവാസ പദ്ധതി**

24(*264) ശ്രീമതി യു. പ്രതിഭ :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലിയേറ്റ പരിധിയിൽ നിന്നും അൻപത് മീറ്ററിനുള്ളിലുള്ള വീടുകളിൽ താമസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിനായി പുനർഗേഹം സമഗ്ര തീരദേശ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളോട് അടുത്ത് എന്നാൽ തീരത്തുനിന്നും സുരക്ഷിതമായ ദൂരത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീട് വച്ചു നൽകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി എന്തെന്നറിയിക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്കായി ലൈഫ് മിഷൻ മാനദണ്ഡത്തിൽ ഉചിതമായ ഇളവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. ഫിഷറീസ് വകുപ്പ് ഈ മേഖലയിൽ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും തീരദേശത്ത് അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പദ്ധതി സർക്കാർ പരിഗണനയിലാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 8487 പേരെയും രണ്ടും മൂന്നും ഘട്ടങ്ങളിൽ 5099 പേരെയും വീതം പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം ഇത്രയും ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിന് ഒരു കുടുംബത്തിന് 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങാൻ 6 ലക്ഷവും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപ ധനസഹായമായി അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിൽ മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ

1. 2016-17 കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജിന് 25 കോടി രൂപ ഭരണാനുമതി നൽകി. ഇതു പ്രകാരം 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.
2. 2017-18 വർഷം ഭവന പദ്ധതി തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

3. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ച് കൈമാറി നൽകിയിട്ടുണ്ട്.

4. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി (2017-18)-ൽ 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തവരുമായവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ലൈഫ് മിഷൻ സർവ്വേ പ്രകാരം കണ്ടെത്തിയ 1220 മത്സ്യത്തൊഴിലാളികൾ ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 528 പേർക്ക് സംസ്ഥാന പദ്ധതി വിഹിതമായ 1 ലക്ഷം രൂപാ വീതം ഫിഷറീസ് വകുപ്പിൽ നിന്നും 5.28 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിലൂടെ ഭവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ലൈഫ് മിഷനിൽ നൽകിയിട്ടുണ്ട്:

1. ഫിഷറീസ് വകുപ്പിൽനിന്നും ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 3320 പേരുടെ ലിസ്റ്റ് ലൈഫ് മിഷന്കൈമാറിയിട്ടുണ്ട്.

2. ഭൂരഹിത ഭവന രഹിതരായ 5842 മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

(ഡി) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്കായി ലൈഫ് മിഷൻ മാനദണ്ഡത്തിൽ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്.

## കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

25(*265) ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടിയുടെ ദൗർലഭ്യംമൂലം കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; കശുമാവ് കൃഷി പ്രോത്സാഹിപ്പിച്ച് ആഭ്യന്തര ഉല്പാദനം കൂട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും തരിശായിക്കിടക്കുന്ന സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽ ഭൂമി പാട്ടത്തിനെടുത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഫലപ്രദമായെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) തോട്ടണ്ടിയുടെ ഇറക്കുമതി കൂട്ടുന്നതിനായി കാഷ്യൂ ബോർഡ് എടുത്ത നടപടികൾ എന്തൊക്കെയാണ്; നിലവിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി ഉപയോഗിച്ച് കാപ്പക്സിന്റെയും കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ഫാക്ടറികൾ എത്ര ദിവസം പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ):

(എ) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടേയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചുതീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം 20,000 മെട്രിക് ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. എക്സ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സന്നദ്ധമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള വിവിധ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.
2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.
3. <u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റെസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി പ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകി വരുന്നു.

4. ഹൈഡെൻസിറ്റി പ്ലാന്റിംഗ് - നിലവിൽ ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതി നടപ്പിലാക്കിവരുന്നുണ്ട്.

5. മാതൃക കശുമാവിൻ തോട്ടം- സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികളിലേയും തരിശു ഭൂമിയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും സാധ്യമായ രീതിയിൽ അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ ഉല്പാദിപ്പിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കർഷകർക്ക് ശാസ്ത്രീയ കശുമാവ് കൃഷി സംബന്ധിച്ചുള്ള ബോധവത്കരണം കോർപ്പറേഷന്റേയും കാപ്പക്സിന്റേയും നേതൃത്വത്തിൽ നടത്തി വരുന്നു.

(സി) തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കശുമാവ് കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. പവർ ഗ്രിഡ് കടന്നു പോകുന്ന ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂർ എന്ന സ്ഥലത്ത് 53 ഹെക്ടറിൽ കശുമാവിൻ തോട്ട നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ആർ.പി.എൽ. ഹാരിസൺ പ്ലാന്റേഷന്റെ കീഴിലുള്ള പുനലൂർ എസ്റ്റേറ്റുകളിൽ 2017-18-ൽ കാഷ്യൂ പ്ലന്റേഷൻ സ്കീമിൽ കശുമാവിൻ തൈകൾ നൽകിയിട്ടുണ്ട്. 2018-19-ൽ മോഡൽ കാഷ്യൂ ഗാർഡൻ സ്കീമിൽ ഉൾപ്പെടുത്തി കെ.എസ്.സി.ഡി.സി. യുടെ ഫാക്ടറി വളപ്പിൽ 25 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2019-20-ൽ പ്രസ്തുത സ്കീമിൽ തുറന്ന ജയിൽ, നെട്ടുകാൽതേരിയിൽ 25 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി തുടങ്ങാനുള്ള നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാനങ്ങളിൽ ഭൂമി പാട്ടത്തിനെടുത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. അതിൻപ്രകാരം പ്രോജക്ട് സമർപ്പിച്ചിരുന്നെങ്കിലും പാട്ട വ്യവസ്ഥകൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

(ഇ) കേരള കാഷ്യു ബോർഡ് ലഭ്യമാക്കിയ തോട്ടണ്ടി ഉപയോഗിച്ച് പൊതുമേഖലയിലെ 40 ഫാക്ടറികളും തുടർച്ചയായി പ്രവർത്തിച്ചുവരുന്നു. കാഷ്യൂ ബോർഡ് ഇതിനകം ഇരുപതിനായിരം മെട്രിക് ടൺ തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് പൊതുമേഖലയിലെ സംസ്കരണശാലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള സ്റ്റോക്കുപയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ 2019 ഡിസംബർ അവസാനം വരേയും കാപ്പക്സിന്റെ ഫാക്ടറികൾ 2020 ജനുവരി വരെയും തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിയും. കാഷ്യൂ ബോർഡിന്റെ പ്രവർത്തനംമൂലം അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ കഴിഞ്ഞു.

**സമുദ്ര മത്സ്യബന്ധന (നിയന്ത്രണ നിർവ്വഹണ) ബിൽ**

26(*266) ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന സമുദ്ര മത്സ്യബന്ധന (നിയന്ത്രണ നിർവ്വഹണ) ബിൽ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യമേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പന്ത്രണ്ട് നോട്ടിക്കൽ മൈലിനപ്പുറം നൂറിലേറെ കിലോമീറ്റർ വരെ പോയി മീൻ പിടിക്കുന്ന സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ജയിലിൽ അടയ്ക്കുന്ന പ്രസ്തുത ബില്ലിലെ പുതിയ വ്യവസ്ഥക്കെതിരെ സംസ്ഥാന സർക്കാർ എതിർപ്പ് അറിയിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ അധികാര പരിധി 36 നോട്ടിക്കൽ മൈൽ ആക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (നിയന്ത്രണ നിർവ്വഹണ) ബിൽ 2019-ന്റെ പുതുക്കിയ കരട് പ്രകാരം തീരക്കടലിലെ മത്സ്യബന്ധനം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും

സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തുന്നതാണ്. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച കരടിൽ ഉണ്ടായിരുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഉൾപ്പെടെ ദോഷകരമായി ബാധിക്കുന്നതുമായ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ ഭൂരിഭാഗവും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കുമായിരുന്ന ബില്ലിലെ വ്യവസ്ഥകൾക്കെതിരെ സംസ്ഥാന സർക്കാർ ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്:

- 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.
- കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019-ൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം.
- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.
- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ് /മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളയണം.
- നിയമ ലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

(സി) തീരക്കടലിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരപരിധി (നിലവിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശം) ഉയർത്തണമെന്നത് സംസ്ഥാനങ്ങളുടെ കാലങ്ങളായുള്ള ആവശ്യമാണ്. എന്നാൽ കരട് ബില്ലിൽ ഇത് അനുവദിക്കുന്നില്ല. കരയിൽ നിന്ന് 36 നോട്ടിക്കൽ മൈൽ പ്രദേശം വരെ അധികാര പരിധി സംസ്ഥാന സർക്കാരുകൾക്ക് നൽകാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനം**

27(*267) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ മത്സ്യലഭ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അർഹമായ മണ്ണെണ്ണ ക്വാട്ട വെട്ടിക്കുറയ്ക്കുന്നതും ഇന്ധനവില അടിക്കടി വർദ്ധിപ്പിക്കുന്നതും പരമ്പരാഗത മേഖലയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ട്;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ):

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ മത്സ്യ ലഭ്യത സംബന്ധിച്ച് പ്രത്യേകമായ കണക്ക് ഫിഷറീസ് വകുപ്പ് ശേഖരിക്കുന്നില്ല. 2016-17 വർഷം മുതൽ 2018-19 വർഷം വരെ സംസ്ഥാനത്തിന്റെ മത്സ്യോല്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഉൾനാടൻ ഉൽപ്പാദനം (മെട്രിക് ടൺ) | സമുദ്ര ഉൽപ്പാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 | 192027 | 609730 | 801757 |
| ആകെ | 569238 | 1581752 | 2150990 |

2019-20 വർഷം ഏപ്രിൽ-ജൂൺ വരെ ആകെ 2,09,986 മെട്രിക് ടൺ മത്സ്യം ലഭിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനുവേണ്ടി മണ്ണെണ്ണ പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നതു കൊണ്ട് പൊതു വിതരണ സംവിധാനത്തിലൂടെ റേഷൻ നിരക്കിൽ പെർമിറ്റ് മുഖാന്തരം പ്രതിമാസം 1340 KL മണ്ണെണ്ണ നൽകിവരുന്നു. മുൻപ്, 2525 KL വരെ ലഭിച്ചിരുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം എഞ്ചിനുകളുടെ HP അനുസരിച്ച് താഴെ പറയും പ്രകാരമാണ് PDS മണ്ണെണ്ണ വിഹിതം അനുവദിക്കുന്നത്:

| | |
|---|---|
| 10 HP | 129 Ltr |
| 10 HP- 15 HP വരെ | 136 Ltr |
| 15 HP-ക്ക് മുകളിൽ | 180 Ltr |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10 HP വരെയുള്ള എഞ്ചിനുകൾക്ക് ഒരു മാസം മത്സ്യബന്ധനാവശ്യത്തിലേയ്ക്കായി ശരാശരി 750 ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നുണ്ട്. PDS മണ്ണെണ്ണ കോട്ടയിലെ വെട്ടിക്കുറവും അടിക്കടിയുള്ള ഇന്ധന വിലയിലെ വർദ്ധനവുംമൂലം മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനചെലവ് ഗണ്യമായി വർദ്ധിച്ചുവരുന്നു. ഇതുമൂലം മത്സ്യബന്ധനം അനാദായകരമാവുകയും ഉപജീവന സാധ്യതകളെ ബാധിക്കുകയും ചെയ്യുന്നു. സാമ്പത്തിക പരാശ്രയത്വം വർദ്ധിക്കുകയും കടക്കെണിയിലേയ്ക്ക് എത്തിപ്പെടുകയും ചെയ്യുന്നു. മത്സ്യബന്ധന മേഖലയിലെ മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിന് മത്സ്യഫെഡ് വഴി 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. സർക്കാർ പെർമിറ്റിന് നിശ്ചിത നിരക്ക് മണ്ണെണ്ണ ലിറ്റർ ഒന്നിന് 25 രൂപ നിരക്കിൽ സബ്സിഡി ആയി അനുവദിക്കുകയും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയുമാണ് ചെയ്തുവരുന്നത്. അർഹരായ പെർമിറ്റ് ഉടമകൾക്ക് താഴെ പറയുന്ന നിരക്കിൽ ആണ് മത്സ്യഫെഡ് വഴിയുള്ള സബ്സിഡി മണ്ണെണ്ണ അനുവദിക്കുന്നത്.

| | |
|---|---|
| 10 HP | 140 Ltr |
| 10 HP- 15 HP വരെ | 150 Ltr |
| 15 HP-ക്ക് മുകളിൽ | 190 Ltr |

138.16 കോടി രൂപ വെള്ള മണ്ണെണ്ണ സബ്സിഡിയായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ചിട്ടുണ്ട്.

(ഡി) ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി. ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ 200 എഫ്.ആർ.പി ബോട്ടുകളും 200 യാനങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങളും വിതരണം ചെയ്യുന്ന പദ്ധതിയും പരിഗണനയിലാണ്.

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ പ്രവണത**

28(*268) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ പരിസരം ലഹരി മുക്ത മേഖലയായി പ്രഖ്യാപിക്കുന്ന വിമുക്തി പദ്ധതി സംസ്ഥാനത്ത് പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിമുക്തി പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗ പ്രവണതകൾ കണക്കിലെടുത്ത് വിമുക്തി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ള നയപരിപാടികൾ വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ & ബി) വിദ്യാലയങ്ങളുടെ പരിസരം ലഹരി മുക്ത മേഖലയായി പ്രഖ്യാപിക്കുന്ന 'വിമുക്തി' പദ്ധതി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ലഹരിക്കെതിരെ വിദ്യാർത്ഥികളിൽ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ തലത്തിൽ 2761 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുകയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തുകയും ചെയ്തുവരുന്നു.

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പദ്ധതി രൂപീകരിച്ചിട്ടുള്ളതാണ്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര മേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടു കൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കും എതിരായ പ്രവർത്തനങ്ങളിൽ എൻഫോഴ്സ്മെന്റിനോടൊപ്പം തന്നെ പ്രസക്തമാണ് ഫലപ്രദമായ ബോധവത്കരണ പ്രവർത്തനങ്ങളും. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റെസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ലഹരിക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ സംഘടിപ്പിച്ചുവരുന്നു. വിപുലമായ ബോധവത്കരണ

ക്ലാസ്സുകൾ, കലാ സാഹിത്യ കായിക മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്.

മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെ അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ, വിപണനം എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നിവ വിമുക്തി പദ്ധതിയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഏറ്റവും ഫലപ്രദമായ രീതിയിൽ ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'നാളത്തെ കേരളം ലഹരി മുക്ത കേരളം' എന്ന പേരിൽ ഒരു തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സ്കൂളുകളിൽ വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളെയും അദ്ധ്യാപകരെയും കൂടി ലഹരിക്കെതിരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ പി.ടി.എ. യുടെ പങ്കാളിത്തം ഉറപ്പാക്കി പദ്ധതി നടപ്പിലാക്കിവരുന്നു.

വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരിക്കായി ഉപയോഗിക്കാനാകുന്ന പദാർത്ഥങ്ങളൊന്നും വില്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്താനായി നിലവിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തര പരിശോധനകൾ നടത്തിവരുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് വിൽപ്പന നടത്തുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുകയും ഷാഡോ എക്സൈസ് സംഘങ്ങളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ടി മേഖലകളിൽ രഹസ്യ നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി സ്കൂൾ പരിസരങ്ങളിൽ എക്സൈസ് സംഘങ്ങൾ കർശന പരിശോധന നടത്തിയിട്ടുള്ളതും ആയത് അനുസ്യൂതം തുടർന്ന് വരുന്നതുമാണ്. സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച വിരങ്ങൾ ലഭിച്ചാലുടൻതന്നെ ആയത് ബന്ധപ്പെട്ട എക്സൈസ് അധികാരികളെ അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ എക്സൈസ് ഉദ്യോഗസ്ഥനും ഓരോ സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്.

സ്കൂൾ കോളേജ് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. വിദ്യാലയങ്ങളിൽ പ്രവർത്തിച്ച

വരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളിൽ സ്കൂളിലെ പ്രധാനാധ്യാപകൻ, പി.ടി.എ. പ്രസിഡന്റ്, പഞ്ചായത്ത് അംഗം, പ്രദേശത്തെ എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളും പ്രധാന അദ്ധ്യാപകൻ കൺവീനറും ക്ലബ്ബിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റും ഒരു സെക്രട്ടറിയും ഉണ്ടായിരിക്കും. വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്നതാണ് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. കൂടാതെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽത്തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെ കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**സാക്ഷരതാ പദ്ധതികൾ**

29(*269) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കിവരുന്ന സാക്ഷരതാ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സാക്ഷരതാ മിഷന്റെ തുടർവിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന എല്ലാ വാർഡുകളിലും സാക്ഷരതാ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ടോയെന്നും ഇതിനായി പുതിയ കോഴ്സുകൾ, പുസ്തകങ്ങൾ, പഠന റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകൾക്ക് മുൻഗണന നൽകി ആരംഭിച്ച പ്രത്യേക സാക്ഷരതാ പരിപാടികളുടെ വിശദാംശം അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ) സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് സാക്ഷരതാമിഷൻ നടപ്പാക്കിവരുന്നത്:

1. പട്ടികജാതി-പട്ടികവർഗ്ഗ തീരദേശമേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 2000 കോളനികളിൽ നടത്തുന്ന പ്രത്യേക സാക്ഷരതാ പരിപാടി.
2. അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പരിപാടി.
3. വയനാട് സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പരിപാടി.
4. 'നവചേതന'-പട്ടികജാതി കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി.
5. 'സമഗ്ര'-തെരഞ്ഞെടുത്ത 100 ആദിവാസി ഊരുകളിൽ നടത്തുന്ന സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി.
6. 'അക്ഷരസാഗരം'- തീരദേശ മേഖലകളിൽ നടത്തുന്ന പ്രത്യേക സാക്ഷരതാ പരിപാടി.
7. 'ചങ്ങാതി'- ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കാൻ ആരംഭിച്ച പ്രത്യേക സാക്ഷരതാ പരിപാടി.
8. 'അക്ഷരശ്രീ'- തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിൽ ആരംഭിച്ച സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി.
9. 'ജയിൽ ജ്യോതി'- ജയിലുകളിലെ നിരക്ഷരരായ അന്തേവാസികളെ സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാപരിപാടി.

(ബി) 'അക്ഷരലക്ഷം' പദ്ധതിയുടെ ഭാഗമായി 2015-2018 വർഷം തുടർവിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന വാർഡുകളിൽ സാക്ഷരതാ സർവ്വേ നടത്തിയിട്ടുണ്ട്. 51628 നിരക്ഷരരെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 42933 പേരെ സാക്ഷരരാക്കിയിട്ടുണ്ട്. ഇവർക്ക് നാലാംതരം തുല്യതാകോഴ്സിൽ പഠിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്.

(സി) അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾക്കും വയനാട് ആദിവാസി സാക്ഷരതാപദ്ധതിയുടെ രണ്ട് ഘട്ടങ്ങൾക്കും സാക്ഷരതാ

ക്ലാസുകൾ നയിക്കുന്നതിന് ആദിവാസി വിഭാഗങ്ങളിൽനിന്ന് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിരുന്നു. അട്ടപ്പാടി സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി എന്നിവയ്ക്ക് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചുവരുന്നു.

(a) 'അക്ഷരശ്രീ', 'അക്ഷരസാഗരം', 'നവചേതന' എന്നീ പദ്ധതികൾക്കും പ്രത്യേക ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. 'സമഗ്ര' പദ്ധതിക്ക് 'സമഗ്ര പ്രേരക്' മാരെയാണ് നിയോഗിച്ചിരിക്കുന്നത്.

(b) ഓരോ പദ്ധതിക്കും അതത് വിഭാഗങ്ങളിൽപ്പെട്ടവരെയാണ് ഇൻസ്ട്രക്ടർമാരായി നിയോഗിച്ചിരിക്കുന്നത്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നത്.

(c) പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചു. ഇതിനായി പ്രത്യേകം അദ്ധ്യാപകരേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(d) സാക്ഷരതാ പാഠപുസ്തകം, ഹമാരി മലയാളം പാഠപുസ്തകം, സർട്ടിഫിക്കറ്റ് കോഴ്സുകളുടെ പാഠപുസ്തകം, ട്രാൻസ്ജൻഡേഴ്സ് അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കുള്ള പുസ്തകം എന്നിവ പ്രസിദ്ധീകരിച്ചു. സാമൂഹ്യ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ജലം-പരിസ്ഥിതി സാക്ഷരതാ പുസ്തകം, നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ എന്നീ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. പരിസ്ഥിതി സാക്ഷരത-സർവ്വേ റിപ്പോർട്ട്, ജലസ്രോതസുകളുടെ സ്ഥിതിവിവര പഠന റിപ്പോർട്ട്, ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ സർവ്വേ റിപ്പോർട്ട്, ട്രാൻസ്ജൻഡേഴ്സ് തുടർവിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട്, അക്ഷരശ്രീ സാക്ഷരത തുടർവിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട്, നവചേതന സാക്ഷരതാ സർവ്വേ റിപ്പോർട്ട്, വയനാട് സാക്ഷരതാ സർവ്വേ റിപ്പോർട്ട് (200 ഊരുകൾ), 'പ്രളയാനന്തര കേരളം എങ്ങനെ ചിന്തിക്കുന്നു, എന്ത് ചിന്തിക്കുന്നു'- സർവ്വേ റിപ്പോർട്ട് എന്നീ പഠന റിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്തി.

(ഡി) പട്ടികജാതി കോളനികളിലെ സാക്ഷരതാ തുല്യതാ പ്രവർത്തനങ്ങൾക്കായി നവചേതന പദ്ധതി, പട്ടികവർഗ്ഗ മേഖലകളിലെ സാക്ഷരത തുല്യതാപരിപാടികൾക്കായി അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി, സമഗ്ര ആദിവാസി സാക്ഷരത തുടർവിദ്യാഭ്യാസ പദ്ധതി, തീരദേശ മേഖലയിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി 'അക്ഷരസാഗരം' പദ്ധതി

എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ പാർശ്വവൽകൃത മേഖലകൾക്കായി 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പദ്ധതിയും ആരംഭിച്ചു.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

30(*270) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ കാലതാമസം കൂടാതെയും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനു കീഴിൽ സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ കാലതാമസം കൂടാതെയും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തി site conditions-നു അനുസൃതമായി തയ്യാറാക്കുവാനും റിവൈസ്ഡ് എസ്റ്റിമേറ്റ് പരമാവധി ഒഴിവാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സാങ്കേതികാനുമതിക്കായി സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകളുടെ അടിസ്ഥാനത്തിലാണ് ഫൈനൽ പേയ്മെന്റ് നടത്തുന്നത്. പൊതുമരാമത്ത് പ്രവൃത്തിയിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്,

എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി കൺട്രോൾ ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ പ്രവൃത്തികളും സർക്കാർ അംഗീകരിച്ച Standard Bid Document പ്രകാരമാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നത്. നിലവിൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന സുതാര്യമായാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഓരോ പ്രവൃത്തിക്കും പൂർത്തീകരണ കാലാവധി നിശ്ചയിച്ചാണ് ടെണ്ടർ ക്ഷണിക്കുന്നത്. ഈ കാലാവധിയ്ക്കുള്ളിൽതന്നെ പദ്ധതികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. എന്നാൽ മതിയായ കാരണങ്ങളാൽ പദ്ധതി കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടിനൽകി പദ്ധതി പൂർത്തിയാക്കാറുണ്ട്. കൂടാതെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകാറുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽപ്പെടുത്തി കരാർ റദ്ദ് ചെയ്ത് വേണ്ട നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

കെ.എസ്.ടി.പിയുടെ ഭാഗമായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ കാലതാമസം കൂടാതെയും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി പ്രവൃത്തികളുടെ മേൽനോട്ടം കൺസൾട്ടന്റ് മുഖേനയാണ് നടത്തിവരുന്നത്. പ്രവൃത്തികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് പ്രസ്തുത കൺസൾട്ടൻസിയുടെ ഭാഗമായി പ്രവൃത്തിയുടെ സ്വഭാവം അനുസരിച്ച് ലോകബാങ്ക് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത കൺസൾട്ടൻസി പ്രവൃത്തിയുടെ ഓരോഘട്ടത്തിലും ആവശ്യമായ ഗുണമേന്മ പരിശോധനകൾ നടത്തിയാണ്

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നത്. പ്രസ്തുത കൺസൽട്ടൻസി കൂടാതെ ലോകബാങ്ക് പ്രതിനിധികളും പദ്ധതിയുടെ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണശേഷം ആയതിന്റെ ഗുണനിലവാരം സാങ്കേതിക പരിശോധന നടത്തി അപാകതകൾ കണ്ടെത്തുന്ന പക്ഷം അവ പരിഹരിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ച് ആയത് പൂർത്തീകരിക്കുകയും ചെയ്തുവരുന്നു. കെ.സ്.ടി.പി. മുഖാന്തരം ഏറ്റെടുത്തുവരുന്ന പ്രവൃത്തികൾ കാലതാമസം ഒഴിവാക്കുന്നതിനായി പ്രവൃത്തികളുടെ എഗ്രിമെന്റിന്റെ ഭാഗമായി കഷ്ടനഷ്ടങ്ങൾ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നുണ്ട്.

(ബി) കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി G.O.(Ms).No.8/2017/PWD dated 18-2-2017 പ്രകാരം കിഫ്ബിയിൽ ഉൾപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും ഒരു പ്രധാന എസ്.പി.വി. ആയ കെ.ആർ.എഫ്.ബിയിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം ഒരു ചീഫ് എഞ്ചിനീയർ, രണ്ടു സൂപ്രണ്ടിംഗ് എഞ്ചിനീയർ ഒരു ഡിവിഷണൽ അക്കൗണ്ടന്റ് എന്നീ പോസ്റ്റുകൾ പുതുതായി രൂപീകരിച്ചും അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള 65 പോസ്റ്റുകൾ പൊതുമരാമത്ത് വകുപ്പിൽനിന്ന് പുനർവ്യന്യസിക്കാനും ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരമുള്ള പുതിയ പോസ്റ്റുകൾ രൂപീകരിച്ചെങ്കിലും പുനർവിന്യാസം നടപ്പിൽ വരുത്തിയിട്ടില്ല. തുടർന്ന് G.O.(Rt)No.1519/2018/PWD dated 25-9-2018 പ്രകാരം പി.എം.യു-കെ.ആർ.എഫ്.ബിയിൽ 14 എഞ്ചിനീയർമാരുടെ പോസ്റ്റുകൾ പുതുതായി സൃഷ്ടിക്കുകയും അതു പ്രകാരമുള്ള എഞ്ചിനീയർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ഓഫീസ് പ്രവർത്തനത്തിനായി പ്രോജക്ട് എഞ്ചിനീയർമാർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, അക്കൗണ്ടന്റ്, ഓഫീസ് അസിസ്റ്റന്റ്, ഡ്രൈവർ എന്നിവരുൾപ്പെടെ കരാർ അടിസ്ഥാനത്തിൽ മറ്റു 14 പേരും ജോലി ചെയ്യുന്നുണ്ട്.

(സി) 2016-17, 2017-18 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഈ പ്രവൃത്തികളുടെ തത്വത്തിലുള്ള ഭരണാനുമതി നൽകികൊണ്ട് പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകളിൽ പദ്ധതി നിർവ്വഹണത്തിനായി വിവിധ എസ്.പി.വി.കളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനായുള്ള ഒരു പ്രധാന എസ്.പി.വിയാണ് കെ.ആർ.എഫ്.ബി. പൊതുമരാമത്ത് ക്വാളിറ്റി മാനദണ്ഡങ്ങളും കിഫ്ബി മാനദണ്ഡങ്ങളും കർശനമായി പാലിച്ചു കൊണ്ടാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കൊപ്പം പ്രവൃത്തികളിൽ നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി 89 പ്രോജക്ട് എഞ്ചിനീയർമാരെയും 200 സൈറ്റ്

സൂപ്പർവൈസർമാരെയും നിയമിച്ചിട്ടുണ്ട്. കിഫ്ബി പ്രവൃത്തികൾ നടപ്പിലാക്കി വരുന്ന പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള പ്രോജക്ട് എഞ്ചിനീയർമാർക്കും സൂപ്പർവൈസർമാർക്കും പദ്ധതി നിർവ്വഹണത്തിനാവശ്യമായ പരിശീലനം കൊടുത്തു വരുന്നുണ്ട്. കൂടാതെ പ്രവൃത്തികൾ സമയബന്ധിതമായും ഗുണനിലവാരത്തോടെയും കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള പരിശോധനകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള അക്രഡിറ്റഡ് ഏജൻസികൾ

1(2926) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന പ്രവൃത്തികൾ ടെണ്ടറില്ലാതെ ഏറ്റെടുക്കാൻ കഴിയുന്ന അക്രഡിറ്റഡ് ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം അത്തരത്തിലുള്ള ഓരോ അക്രഡിറ്റഡ് ഏജൻസിക്കും നൽകിയ പ്രവൃത്തികൾ, അവയുടെ തുക എന്നിവ വിശദമാക്കാമോ;

(സി) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കാൻ പറ്റുന്ന അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള നിബന്ധനകൾ/മാനദണ്ഡങ്ങൾ വിശദമാക്കാമോ?

#### ഉത്തരം

(എ) 4-7-2019-ലെ ജി.ഒ.(പി) നമ്പർ 77/2019/ഫിൻ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് ടെണ്ടറിൽ പങ്കെടുക്കാതെ സിവിൽ വർക്കുകൾ ചെയ്യാൻ കഴിയുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ ഇല്ലാതെ സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകിയ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

1. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ താമരശ്ശേരി ചുരത്തിലെ നിർമ്മാണ പ്രവൃത്തികൾ - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - തുക 1.86 കോടി രൂപ. മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവൃത്തി നൽകിയിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനു കീഴിൽ പാലങ്ങളുടെ പരിസരം വൃത്തിയാക്കലും കാടുകൾ വെട്ടലും പ്രവൃത്തിക്കായി 7.39 ലക്ഷം രൂപ ടെണ്ടർ നടപടികളില്ലാതെ നൽകിയിട്ടുണ്ട്.

(സി) 25-7-2017 -ലെ ജി.ഒ.(പി) നമ്പർ 95/2017/ഫിൻ. 4-7-2019-ലെ ജി.ഒ.(പി) നമ്പർ 77/2019/ഫിൻ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവൃത്തികൾ ഏജൻസികൾക്ക് നൽകുന്നത്. ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് ഏജൻസികൾ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദിക്കുന്നില്ല. പ്രവൃത്തി തുകയ്ക്കനുസരിച്ചുള്ള ഓവർഹെഡ് ചാർജ്ജസും സെന്റേജ് ചാർജ്ജസും ഇവയ്ക്ക് ബാധകമാണ്. ഈ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് പാലിക്കുന്നത്.

**കെ.എസ്.ടി.പി.-യുടെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

2(2927) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ പ്രവർത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിക്കായി 10 പാക്കേജുകളും കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃകാ റോഡ് സുരക്ഷ ഇടനാഴി പദ്ധതിയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 819 കി.മീ. വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് 13-8-2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 25/2019/ആ.സാ.വ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ, പ്രകൃതി ദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശിപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു. റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**റോഡ് വികസന പ്രവർത്തനങ്ങൾക്കിടെയുള്ള അപകടങ്ങൾ**

3(2928) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന പ്രവർത്തനങ്ങൾക്കിടെ സംസ്ഥാനത്ത് അപകടമരണങ്ങൾ വർദ്ധിച്ചു വരുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് ഒഴിവാക്കാൻ നിർമ്മാണ മേഖലയിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളെയും സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി വിദഗ്ദ്ധാഭിപ്രായം രൂപീകരിച്ച് നിർമ്മാണ മേഖലകളിൽ ആയത് കർശനമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) റോഡ് വികസന പ്രവർത്തനങ്ങൾക്കിടെ അപകടങ്ങൾ നടക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്.

- മതിയായ മുന്നറിയിപ്പ് ബോർഡുകളും ജാഗ്രത നിർദ്ദേശങ്ങളും ഇല്ലാത്തതുകൊണ്ട്.
- വാഹനമോടിക്കുന്നവരുടെ അശ്രദ്ധ
- അമിത വേഗതയിലുള്ള വാഹനമോടിക്കൽ
- തെരുവു വിളക്കുകൾ ഇല്ലാത്തത്.
- കാൽനടക്കാരുടെ അശ്രദ്ധ
- ട്രാഫിക് നിയമ ലംഘനം
- തൊഴിലാളികൾ മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തത്
- അപകടങ്ങളിൽ എത്രയും പെട്ടെന്ന് ചികിത്സ ലഭിക്കാത്തതുമൂലം മരണം സംഭവിക്കുന്നുണ്ട്.

(ബി) നിർമ്മാണ മേഖലയിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളെയും സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ IRC-SP-55-2014 പ്രകാരമുള്ളതാണ്.

ദേശീയപാതകളുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കരാറുകാരൻ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ കരാറിലും ബന്ധപ്പെട്ട ഐ.ആർ.സി.-യിലും പ്രതിപാദിക്കുന്നുണ്ട്. ഇപ്രകാരം കോൺട്രാക്ടർ പ്രവൃത്തികൾ തുടങ്ങുന്നതിന് മുമ്പായി സുരക്ഷിതമായ നിർമ്മാണ മേഖല ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണം നടത്തി സുരക്ഷാ പദ്ധതികൾ ഉൾപ്പെടുത്തിയ ട്രാഫിക് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി എഞ്ചിനീയറുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇതിലേയ്ക്കായി -

(I) യോഗ്യതയുള്ള സുരക്ഷാ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലുള്ള സുരക്ഷാ ടീമിനെ നിയോഗിക്കേണ്ടതാകുന്നു.

(ii) സൈൻസ്, ഡിലിനിയറ്റേഴ്സ് ബാരിക്കേഡ് എന്നിവ ഐ.ആർ.സി. പ്രകാരം സ്ഥാപിക്കേണ്ടതാകുന്നു.

(iii) പൊടിശല്യം ഒഴിവാക്കാൻ വെള്ളം സ്പ്രിംഗിൾ ചെയ്യേണ്ടതാകുന്നു.

(iv) ശബ്ദമലിനീകരണം ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കണം.

(v) പേഴ്സണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ് (PPE) പ്രവൃത്തിയിൽ ഉൾപ്പെടുന്ന എല്ലാപേരും ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക.

(vi) ജോലിക്കാരിൽ സുരക്ഷാ അവബോധം ഉണ്ടാക്കുക.

തുടങ്ങിയവ നടപ്പിലാക്കി റോഡ് നിർമ്മാണ മേഖലയിൽ അപകടങ്ങൾ പരമാവധി ഒഴിവാക്കാവുന്നതാണ്.

(സി) റോഡ് വികസന പ്രവർത്തനങ്ങൾക്കിടെയുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി IRC SP-55-2014 -ലെ നിർദ്ദേശം നിർമ്മാണ മേഖലകളിൽ കർശനമാക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

4(2929) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും വിവിധ വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ 13-8-2019-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ

25/2019/ആ.സാ.വ. സർക്കാർ ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പെരുമ്പിലാവ്-നിലമ്പൂർ റോഡിന്റെ പ്രവൃത്തി നടപ്പുവർഷം പൂർത്തിയാക്കുന്ന തരത്തിൽ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 819 കി. മീ. വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് 13-8-2019-ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) നമ്പർ 25/2019/ആ.സാ.വ. പ്രകാരം ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ, പ്രകൃതി ദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശിപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു.

(ബി) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പൊതുമരാമത്ത് റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s. Feedback Infra എന്ന കൺസൾട്ടൻസിയുമായി 17-10-2019-ൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കാനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ മലപ്പുറം ജില്ലയിലെ പെരുമ്പിലാവ്-നിലമ്പൂർ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 17-10-2019-ൽ M/s. L&T Infrastructure Engineering Limited എന്ന കൺസൾട്ടന്റുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തോടുകൂടി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

(സി) കൺസൾട്ടന്റ്സ് റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുശേഷം ലോകബാങ്ക് അംഗീകാരത്തോടുകൂടി നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്യേണ്ടതാണ്. അനന്തരം സാങ്കേതിക-സാമ്പത്തിക മൂല്യനിർണ്ണയം നടത്തി കരാറുകാരനെ തെരഞ്ഞെടുക്കുകയും സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കേണ്ടതാണ്.

**ദേവികുളം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

5(2930) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) 2018-19, 2019-20 ബഡ്ജറ്റുകളിൽ ദേവികുളം മണ്ഡലത്തിൽ പ്രഖ്യാപിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും, അവയുടെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിന്റെ നോർത്തേൺ ഔട്ട് ലെറ്റ് റോഡിൽ പെരിയവാരം പാലത്തിന്റെ നിർമ്മാണത്തിന് G.O.(Rt) No. 215/2019/PWD dated 13-2-2019 പ്രകാരം 400 ലക്ഷം രൂപ അനുവദിച്ചു. പൈലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

കെട്ടിട വിഭാഗത്തിനുകീഴിൽ ദേവികുളത്ത് ആർ.ഡി.ഒ., എസ്.എസ്. ക്യാമ്പുകളുടെ നവീകരണം, മൂന്നാർ റെസ്റ്റ് ഹൗസിനുള്ള ഫർണിച്ചർ വിതരണം എന്നിവ പൂർത്തീകരിച്ചു.

കിഫ്ബി വിഭാഗത്തിൽ 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* 2018-19-ൽ പാലം വിഭാഗത്തിനു കീഴിൽ ദേവികുളം മണ്ഡലത്തിൽ പ്രഖ്യാപിച്ച പ്രവൃത്തികൾ ഇല്ല. 2019-20-ൽ അമ്പഴച്ചാൽ പാലം-സോയിൽ ഇൻവെസ്റ്റിഗേഷൻ, കോവിൽക്കടവ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയുടെ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിലേക്ക് സമർപ്പിച്ചു.

നിരത്തു വിഭാഗത്തിനു കീഴിൽ ഈ സർക്കാർ വന്നതിനുശേഷം ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## കരാറിൽ ഏർപ്പെട്ടശേഷം പ്രവൃത്തി ആരംഭിക്കാത്ത നടപടി

6(2931) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ചില കരാറുകാർ പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടശേഷം പ്രവൃത്തി ആരംഭിക്കാതെ ഒട്ടേറെ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യായമായ കാരണങ്ങളില്ലാതെ ചില കരാറുകാർ സ്ഥിരമായി ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ - സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ കരാറുകാർ പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടശേഷം പ്രവൃത്തി ആരംഭിക്കാതെ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ഥിരമായി ഒരേ കരാറുകാർ ഇത്തരം പ്രവൃത്തിയിൽ ഏർപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ന്യായമായ കാരണങ്ങളില്ലാതെ പ്രവൃത്തി വൈകിപ്പിച്ചാൽ പിരീഡ് ഓഫ് കംപ്ലീഷന്റെ എക്സ്റ്റെൻഷൻ ഫൈൻ ഈടാക്കിയാണ് അനുമതി നൽകാറുള്ളത്. കരാറുകാരുടെ പിഴവുകൊണ്ട് പ്രവൃത്തി ആരംഭിക്കാതെ വൈകുന്ന സാഹചര്യങ്ങളിൽ പൊതുമരാമത്ത് മാന്വലിൽ പരാമർശിക്കുംപ്രകാരം പ്രസ്തുത കരാറുകാരെ ടെർമിനേറ്റ് ചെയ്ത് അവരുടെ റിസ്ക് ആൻഡ് കോസ്റ്റിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## തോപ്പിൽ കൺസ്ട്രക്ഷൻ കമ്പനി

7(2932) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തോപ്പിൽ കൺസ്ട്രക്ഷൻ കമ്പനി ഏതൊക്കെ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനി കരാർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോപ്പിൽ കൺസ്ട്രക്ഷൻ കമ്പനി കരാർ എടുത്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

8(2933) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗവും കെട്ടിടവിഭാഗവും കെ.എസ്.ടി.പി.യും മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ പൂർത്തിയായവയും പൂർത്തിയാക്കാനുള്ളവയും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ പുതുതായി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിലവിൽ മാവേലിക്കര മണ്ഡലത്തിൽ സി.ആർ.എഫ്. 18-19 പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ കടശ്ശനാട്-പടനിലം-ഭരണിക്കാവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 10% പൂർത്തിയാക്കിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലം വിഭാഗത്തിനു കീഴിൽ എം.എൽ.എ. എ.ഡി.എസ്. നൂറനാട് ഗ്രാമപഞ്ചായത്തിൽ മുക്കാട് തോടിന് കുറുകെ നിർമ്മിക്കുന്ന പാലം പ്രവൃത്തി ആരംഭിച്ചു. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട കാരാറുകാരനും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ മാങ്കുഴി പാലത്തിന്റെ പുനർനിർമ്മാണം സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

KSTP വിഭാഗത്തിനു കീഴിൽ തിരുവല്ല- മാവേലിക്കര റോഡിൽ 2018 ആഗസ്റ്റിലെ പ്രളയത്തിനുശേഷം 1.9 കോടി രൂപയുടെ Flood Damage Work നടപ്പിലാക്കിയിരുന്നു. അതിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട പാശ്ചര പാലം മുതൽ പുതിയകാവ് വരെയുള്ള ഭാഗങ്ങളിലെ കുഴികൾ അടയ്ക്കുന്ന പ്രവൃത്തി നടപ്പിലാക്കിയിരുന്നു.

നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഭരണാനുമതി നൽകിയ പദ്ധതികൾ**

9(2934) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ & ബി) കെ.ആർ.എഫ്.ബി.-യുടെ കീഴിൽ ഭരണാനുമതി നൽകിയ പദ്ധതികൾ:-

1. കണ്ണൂർ നഗരപാത വികസന പദ്ധതി പ്രവൃത്തിക്കായിട്ടുള്ള ഭരണാനുമതി- G.O.(Rt)No. 1159/2017/PWD dated 3-8-2017 ഭൂമിയേറ്റെടുക്കുന്നതിലേയ്ക്കുള്ള ഭരണാനുമതി - G.O.(Rt) No. 1939/2018/PWD dated 14-12-2018- പ്രസ്തുത പദ്ധതിക്ക് ഭൂമിയേറ്റെടുക്കുന്നതിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. ഭൂമിയേറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപിക്കുന്ന പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിലേക്കായിട്ടുള്ള സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് പഠനം പുരോഗമിക്കുന്നു.

2. ആലപ്പുഴ നഗരപാതാ വികസന പദ്ധതി പ്രവൃത്തിക്കായിട്ടുള്ള ഭരണാനുമതി-GO.(Rt)No. 582/2017/PWD dated 2-5-2017- ഡി.ബി.എഫ്.ഒ.റ്റി. വ്യവസ്ഥയിൽ വിഭാവനം ചെയ്ത് രോഹൻരജദീപ് എന്ന പൂനെ ആസ്ഥാനമാക്കിയുള്ള സ്ഥാപനം കരാർ ഏറ്റെടുക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. എഗ്രിമെന്റ് പ്രകാരം 2019 ജനുവരി മാസം ഫിനാൻഷ്യൽ ക്ലോഷർ സമർപ്പിച്ച് പണി ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ ഫിനാൻഷ്യൽ ക്ലോഷർ സമർപ്പിക്കുകയോ/പണി തുടങ്ങുകയോ ചെയ്യാത്ത സാഹചര്യത്തിൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

3. മുപ്പാലം ജംഗ്ഷൻ വികസന പദ്ധതി പ്രവൃത്തിക്കായിട്ടുള്ള ഭരണാനുമതി - G.O.(Rt) No. 644/2019/PWD dated 27-5-2019 – പ്രസ്തുത പദ്ധതിക്ക് 12.692 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടൂറിസം പ്രോജക്ടുമായി ബന്ധപ്പെട്ട് കനാലിലൂടെ ബോട്ട് യാത്ര സുഗമമാക്കുന്നതിനും വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനുമായി പിയർ ഒഴിവാക്കിക്കൊണ്ട് പ്രവൃത്തി നടത്തുന്നതിനായിട്ടുള്ള നിർദ്ദേശം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിച്ചു.

നിരത്ത്, ദേശീയപാത, കെട്ടിടം, കിഫ്ബി വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

10(2935) ഡോ. എം. കെ. മുനീർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് പൂർത്തീകരിച്ച റോഡുകളുടെ ദൈർഘ്യം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്ലാസ്റ്റിക് ഉപയോഗിച്ച് കൂടുതൽ റോഡുകൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക് നിർമ്മിത റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക് ഉപയോഗിച്ച് ഏകദേശം 300 കി.മീ. റോഡ് ടാറിംഗ് ചെയ്തിട്ടുണ്ട്.

(ബി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളം എങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിലെ നിരത്തുവിഭാഗത്തിനു കീഴിൽ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ NATPAC, CRRI ഉടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ പ്രകാരം പ്ലാസ്റ്റിക് റോഡ് കൂടുതൽ കാലം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

**കോൺട്രാക്ടേഴ്സ് അക്കാദമി**

11(2936) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നിർമ്മാണ രീതികളെക്കുറിച്ചും സാങ്കേതികവിദ്യകളെക്കുറിച്ചും കരാറുകാർക്ക് അറിവ് പകരാനായി കോൺട്രാക്ടേഴ്സ് അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത അക്കാദമിയുടെ രൂപഘടനയും ബൈലോയും തയ്യാറാക്കുന്നതിന്റെ മുന്നോടിയായി കരാറുകാരുടെ സമ്മേളനം വിളിച്ച് ചേർത്ത് പ്രാരംഭ ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) പുതിയ കാലം പുതിയ നിർമ്മാണം എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി സ്ഥാപിക്കുന്ന പ്രസ്തുത അക്കാദമിയുടെ നടത്തിപ്പിനായി ഒരു കമ്മിറ്റിക്ക് രൂപം നൽകാൻ ആലോചനയുണ്ടോ ;

(ഡി) നിർമ്മാണ മേഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത നടപടി എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ - ഡി) കോൺട്രാക്ടേഴ്സ് അക്കാദമി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**അഴിമതിയാരോപണങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി**

12(2937) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയാരോപണങ്ങളിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേസ്സുകളുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 303 ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേൽ കാലയളവിൽ 16 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഓഡിറ്റ്**

13(2938) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സമിതികളെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സമിതിയംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ - സി) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ട്. 5-1-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 1/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

(ബി പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക

(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

(ഡി) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

(ഇ) ധനകാര്യ അന്വഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

(എഫ്) പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

**പൊതുമരാമത്ത് വകുപ്പ് അഴിമതിരഹിതമാക്കുവാൻ സ്വീകരിച്ച നടപടി**

14(2939) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ എണ്ണം എത്ര ; ഓരോരുത്തരുടെയും പേരുവിവരം വിശദമാക്കാമോ;

(ബി) അഴിമതിരഹിതവും സുതാര്യവുമായ ഭരണ സംവിധാനത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 303 ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പേരുവിവരം അനുബന്ധമായി ചേർക്കുന്നു.* ഇവരിൽ ചില ഉദ്യോഗസ്ഥർ ഒന്നിൽ കൂടുതൽ ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് വിവിധതലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ജില്ലാ തലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ പണം നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധന റിപ്പോർട്ട് നിർബന്ധമാണ്. ഒപ്പം 2nd tier ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ബിൽ തുക നൽകുന്നത്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അധികമായി വിജിലൻസ് വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനും ഇവ സഹായിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി**

15(2940) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഗുണമേന്മ പരിശോധന ഉറപ്പാക്കുവാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് വിവിധ തലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ജില്ലാ തലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ പണം നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധന റിപ്പോർട്ട് നിർബന്ധമാണ്. കൂടാത 2nd tier ഗുണനിലവാര പരിശോധനാ റിപ്പോർട്ടും പരിഗണിച്ചാണ് ബിൽ തുക നൽകുന്നത്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അഴിമതിയും ക്രമക്കേടുകളും ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

16 (2941) ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളിൽ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് പ്രയോഗിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികൾക്കും ഗുണനിലവാരമുള്ള പരിശോധന കർശനമാക്കിയിട്ടുണ്ട്. 15 ലക്ഷത്തിൽ മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും കോൺട്രാക്ടർ സ്വന്തം ചെലവിൽ പ്രാഥമികതല പരിശോധന ചെയ്യേണ്ടതാണ്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തിയാണെങ്കിൽ കോൺട്രാക്ടർ സൈറ്റിൽ പരിശോധന ലാബുകൾ സജ്ജമാക്കേണ്ടതാണ്.

രണ്ടാംതല ഗുണനിലവാര പരിശോധന നടത്തുന്നത് പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി വിംഗാണ്. ക്വാളിറ്റി വിംഗിന് പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഏതു പ്രവൃത്തിയുടെയും ഗുണനിലവാര പരിശോധന നടത്താം.

മൂന്നാംതല ക്വാളിറ്റി പരിശോധന (ടെക്നിക്കൽ ഓഡിറ്റ്) നടത്തുന്നത് പുറമേ നിന്നുള്ള എംപാനൽഡ് ഏജൻസിയോ/വിദഗ്ധനോ ആണ്. അഞ്ച് കോടി രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾക്കാണ് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നത്. പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞ് ആറുമാസത്തിനുള്ളിൽ ടെക്നിക്കൽ ഓഡിറ്റ് നടത്തേണ്ടതുണ്ട്.

കോൺട്രാക്ടർ ഏതെങ്കിലും തരത്തിൽ തർക്കം ഉന്നയിക്കുകയാണെങ്കിൽ തേർഡ് പാർട്ടി ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഗുണനിലവാര

പരിശോധനയിൽ തൃപ്തികരമായ റിസൾട്ട് ലഭിക്കുന്ന പ്രവൃത്തികൾക്കു മാത്രമേ ബിൽ തുക നൽകാറുള്ളൂ.

(ബി) ഗുണമേന്മ ഉറപ്പാക്കുന്നതിന് പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും നിരത്തുവിഭാഗത്തിനു കീഴിൽ ആധുനിക സാങ്കേതിക വിദ്യകളുടെയും യന്ത്രങ്ങളുടെയും ഉപയോഗം നടപ്പാക്കിയിട്ടുണ്ട്. റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റോഡുകൾ ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിവരുന്നു. ബി.സി. ഉപരിതലത്തിന്റെ നിർമ്മാണം Shereded plastic, Natural Rubber Modified Bitumen (NRMB), എന്നിവ ഉപയോഗിച്ചും നടപ്പിലാക്കുന്നുണ്ട്. കൂടാതെ മണ്ണ് ബലപ്പെടുത്തുന്നതിനും ചരിവ് സംരക്ഷണത്തിനും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള പ്രതലം വെട്ടിയെടുത്ത് പുനരുപയോഗിക്കുന്ന ഫുൾ ഡെപ്ത് റിപ്പെയർ ടെക്നോളജിയും നടപ്പിലാക്കിയിട്ടുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

പാലങ്ങളുടെ നിർമ്മാണത്തിൽ കോൺക്രീറ്റിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഡ്മിക്സ്ചറുകളും വാട്ടർ പ്രൂഫിംഗ് മെറ്റീരിയലുകളും ഉപയോഗിക്കുന്നുണ്ട്. പാലങ്ങളുടെ രൂപകല്പനയിൽ പുതിയ സാങ്കേതികവിദ്യയായ ബോസ്ട്രിംഗ്, എക്സ്ട്രാഡോസ്സ്, ഇന്റഗ്രൽ ആർച്ച് ടൈപ്പ് എന്നിവ ഉപയോഗിച്ചുവരുന്നു. ഇവ പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗമാണ് നിർവ്വഹിക്കുന്നത്. പാലങ്ങളിലൂടെയുള്ള യാത്ര സുഖപ്രദമാക്കുന്ന രീതിയിൽ ബെയറിംഗും എക്സ്പൻഷൻ ജോയിന്റുകളും ഒഴിവാക്കി സംയോജിത ഉപരിതലം നൽകിക്കൊണ്ട് പാലങ്ങളുടെ രൂപകല്പന നടത്തുന്നുണ്ട്. അപ്രോച്ച് റോഡിലെ മണ്ണ് ഒലിച്ചുപോകുന്നത് തടയാൻവേണ്ടി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ട്.

(സി&ഡി) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നുണ്ട്. ആയതിനായി 5-1-2018-ലെ ജി.ഒ.(എം.എസ്) നമ്പർ 1/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്:

(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

(ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക

(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

(ഡി) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശചെയ്യുക

(ഇ) ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

(എഫ്) പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

## ബി.എം.& ബി.സി. നിലവാരത്തിൽ നവീകരിച്ച റോഡുകളുടെ പട്ടിക

17(2942) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര കിലോമീറ്റർ റോഡുകൾ ബി.എം.& ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്;

(ബി) ഇതിനായി സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചതുക, റോഡിന്റെ ദൈർഘ്യം എന്നിവ ജില്ല തിരിച്ച് പട്ടികയാക്കി വിശദമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ബി.എം.& ബി.സി. നിലവാരത്തിൽ നവീകരിച്ച പ്രവൃത്തി തുടരുന്ന റോഡുകളുടെ വിവരങ്ങൾ ദൈർഘ്യം, അനുവദിച്ച തുക എന്നീ ക്രമത്തിൽ പട്ടികയാക്കി വ്യക്തമാക്കാമോ?

ഉത്തരം

(എ) നിരത്തു വിഭാഗത്തിനു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3479 കിലോമീറ്റർ റോഡുകളും കെ.എസ്.ടി.പി.-യുടെ കീഴിൽ ഏകദേശം 225.34 കിലോമീറ്റർ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ ദേശീയപാത വിഭാഗം സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പാതകളും ജില്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കാറുണ്ട്. ഇത്തരം പദ്ധതികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും അനുമതി ലഭ്യമാക്കിയാണ് നടപ്പിലാക്കുന്നത്. ആയതിന് പദ്ധതി പുരോഗമിക്കുന്നതനുസരിച്ച് സംസ്ഥാന സർക്കാർ തുക ചെലവഴിക്കാറുണ്ട്. ഇതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജൂൺ, സെപ്റ്റംബർ, ഡിസംബർ, മാർച്ച് എന്നീ മാസങ്ങളിൽ സംസ്ഥാന സർക്കാർവഴി കേന്ദ്രത്തിൽ സമർപ്പിക്കുമ്പോൾ ഈ തുക സംസ്ഥാന സർക്കാരിന് കേന്ദ്രത്തിൽനിന്നും റീഇംബേഴ്സ് ചെയ്യും.

(ബി & സി) നിരത്തുകൾ, ദേശീയപാത, കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## റോഡ് യൂസർ പെർസപ്ഷൻ സർവ്വേ

18(2943) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 'റോഡ് യൂസർ പെർസപ്ഷൻ സർവ്വേ' നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സർവ്വേയുടെ കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) കാൽനടയാത്രക്കാരും ഇരുചക്രവാഹന യാത്രക്കാരുമാണ് എളുപ്പത്തിൽ പരിക്കേൽക്കാവുന്ന റോഡ് ഉപഭോക്താക്കൾ എന്നതിനെ അടിസ്ഥാനമാക്കി ഈ വിഭാഗക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിൽ റോഡ് വികസനം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) റോഡ് സുരക്ഷാ പദ്ധതി/പദ്ധതിയേതരം, കേരള റോഡ് സുരക്ഷ അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖല നവീകരിക്കുന്ന പ്രവൃത്തികളും മറ്റ് കാൽനട യാത്രക്കാർക്കുമുള്ള സുരക്ഷാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു. ഇതിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി റോഡ് മുറിച്ച് കടക്കുന്നതിനുള്ള 'സീബ്രാ' മാർക്കിംഗുകൾ, സൈൻ ബോർഡുകൾ, വേഗതാപരിധി സൈൻ ബോർഡുകൾ വേഗത നിയന്ത്രണ സംവിധാനം എന്നിവയും സ്ഥല ലഭ്യതയനുസരിച്ച് നടപ്പാതകൾ, കൈവരികൾ എന്നിവ ഉൾക്കൊള്ളിച്ചും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

**റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ**

19(2944) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. റോഡ്സ് (എഞ്ചിനീയറിംഗ്) വിഭാഗം നിലവിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡിന്റെ നിർമ്മാണ രീതിയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) പി.ഡബ്ല്യു.ഡി. റോഡ്സ് (എഞ്ചിനീയറിംഗ്)-ന്റെ നിലവിലെ നിർമ്മാണ രീതിയിലൂടെ റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) നിലവിലെ നിർമ്മാണരീതിപ്രകാരം വ്യത്യസ്ത റോഡുകൾക്ക് ബന്ധപ്പെട്ട കരാറുകാർ എത്രകാലമാണ് ഗ്യാരന്റി നൽകുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

(ഇ) പി.ഡബ്ല്യൂ.ഡി റോഡുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) MORTH, IRC മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സാങ്കേതിക വിദ്യകളാണ് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റോഡുകൾ ഘട്ടംഘട്ടമായി ബി.എം.& ബി.സി. നിലവാരത്തിലേക്ക് ഉയർത്തിവരുന്നു. ബി.സി. ഉപരിതലത്തിന്റെ നിർമ്മാണത്തിന് പ്രവൃത്തിയുടെ 50% ആധുനിക സാങ്കേതിക വിദ്യകളായ ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്വറൽ റബ്ബർ, മോഡിഫൈഡ് ബിറ്റുമിൻ എന്നിവ ഉപയോഗിക്കുന്നു. കൂടാതെ മണ്ണ് ബലപ്പെടുത്തുന്നതിനും ചരിവ് സംരക്ഷണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു.

(ബി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ ഘട്ടംഘട്ടമായി കൂടുതൽ ഈടുനിൽക്കുന്ന ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തി വരുന്നു. റോഡ് പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള പ്രതലം വെട്ടിയെടുത്ത് പുനരുപയോഗിക്കുന്ന ഫുൾ ഡെപ്ത് ഡിക്ലമേഷൻ ടെക്നോളജി (milling) നടപ്പിലാക്കിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഷ്രെഡഡ് പ്ലാസ്റ്റിക് ചേർത്തുകൊണ്ട് നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ ആലപ്പുഴ ജില്ലയിലെ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ എഞ്ചിനീയറിംഗ് (EPC) പ്രൊക്യൂയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ വ്യവസ്ഥയിൽ വലിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുമുണ്ട്.

(സി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ആവശ്യമായ റോഡ് സേഫ്റ്റി ഐറ്റങ്ങൾ ഉൾപ്പെടുത്തിവരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ ക്രാഷ് ബാരിയർ, റംബിൾ സ്ട്രിപ്പ്, സൈൻ ബോർഡ്, റോഡ് മാർക്കിംഗ് എന്നിവ സ്ഥാപിക്കുന്നു.

(ഡി) 31-8-2013-ലെ സ.ഉ. (എം.എസ്.)നമ്പർ 73/2013/പി.ഡബ്ല്യൂ.ഡി. പ്രകാരം ഗ്യാരന്റി പിരീഡ് നടപ്പിലാക്കുന്നുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മലയോര ഹൈവേയുടെ പുരോഗതി**

20(2945) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ അലൈൻമെന്റിന്റെ വിശദപരിശോധനയിൽ വനമേഖലയെ ഒഴിവാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് എന്നറിയിക്കാമോ; എത്ര റീച്ചുകളായിട്ടാണ് പദ്ധതികൾ ആരംഭിക്കുന്നത്; എത്രമീറ്റർ വീതിയിലാണ് റോഡ് നിർമ്മാണം നടന്നുവരുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ഏതാനും ഡിവിഷനുകളിലെ ചില മേഖലയിൽ അലൈൻമെന്റ് പുനർ ക്രമീകരണം നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അലൈൻമെന്റിൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരളത്തിലെ ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലായി 1251 കി.മീ. നീളത്തിലാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒരോ ജില്ലയിലൂടെയും കടന്നുപോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. 12 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കിയാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4, കൊല്ലം - 1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മലപ്പുറം-3, കോഴിക്കോട് -3, വയനാട്-2, കാസർഗോഡ്-4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽനിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ 2 റീച്ചുകളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ റീച്ചും കാസർഗോഡ് ജില്ലയിലെ മൂന്ന് റീച്ചുകളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ ഏഴ് റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചു.

## ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി

21(2946) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഉത്സവകാലത്തിനുമുമ്പ് ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ വർഷമുണ്ടായ പ്രളയവും ഉരുൾപൊട്ടലും ശബരിമല റോഡുകളെ ശോചനീയാവസ്ഥയിലാക്കിയിട്ടുണ്ടോ; പ്രസ്തുതറോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിന് കിഫ്ബിയിൽ നിന്നും എന്തെങ്കിലും പ്രത്യേക ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ?

### ഉത്തരം

(എ&ബി) 2019-20-ലെ ശബരിമല മണ്ഡല മകര-വിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിലേക്കുള്ള സുപ്രധാന പാതകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകളിലേയും ഈ വർഷം ശബരിമലയുമായി ബന്ധപ്പെട്ട് പ്രധാന റോഡുകളായി തെരഞ്ഞെടുത്ത റോഡുകളെടെയും അറ്റകുറ്റപ്പണികൾക്കായി 29-6-2019-ലെ G.O.(Rt) No.803/2019/PWD പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ പ്രവൃത്തികൾക്കായി 22,424 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിക്കടിയുള്ള മഴ പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും അറ്റകുറ്റപ്പണികളും ഉപരിതലം

ബലപ്പെടുത്തുന്ന പണികളും റോഡുസുരക്ഷാ പണികളും മണ്ഡലകാലം ആരംഭിക്കുന്നതിനുമുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ വർഷം ഉണ്ടായ പ്രളയവും ഇടുക്കി ജില്ലയിലെ ശബരിമല റോഡുകളെ ബാധിച്ചിട്ടുണ്ട്. ശബരിമല റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നിരത്തുവിഭാഗത്തിന് കിഫ്ബിയിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല.

## ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി

22(2947) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല തീർഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഉത്സവകാലത്തിന് മുമ്പ് ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ഈ വർഷമുണ്ടായ പ്രളയവും ഉരുൾപൊട്ടലും ശബരിമല റോഡുകളെ ശോചനീയാവസ്ഥയിലാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് കിഫ്ബിയിൽ നിന്നും എന്തെങ്കിലും പ്രത്യേക ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) 2019-20-ലെ ശബരിമല മണ്ഡല മകര-വിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിലേക്കുള്ള സുപ്രധാന പാതകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകളുടെയും ഈ വർഷം ശബരിമലയുമായി ബന്ധപ്പെട്ട് പ്രധാന റോഡുകളായി തെരഞ്ഞെടുത്ത റോഡുകളുടെയും അറ്റകുറ്റപ്പണികൾക്കായി 29-6-2019-ലെ G.O.(Rt) No.803/2019/PWD പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ പ്രവൃത്തികൾക്കായി 22,424 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിക്കടിയുള്ള മഴ പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും അറ്റകുറ്റപ്പണികളും ഉപരിതലം

ബലപ്പെടുത്തുന്ന പണികളും റോഡുസുരക്ഷാ പണികളും മണ്ഡലകാലം ആരംഭിക്കുന്നതിനുമുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ വർഷം ഉണ്ടായ പ്രളയവും ഇടുക്കി ജില്ലയിലെ ശബരിമല റോഡുകളെ ബാധിച്ചിട്ടുണ്ട്. ശബരിമല റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നിരത്തുവിഭാഗത്തിന് കിഫ്ബിയിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല.

**ശബരിമല തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിന്**

**സ്വീകരിച്ച നടപടി**

23(2948) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉത്സവകാലത്തിന് മുമ്പ് ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ വർഷമുണ്ടായ പ്രളയവും ഉരുൾപ്പൊട്ടലും ശബരിമല റോഡുകളെ ശോചനീയാവസ്ഥയിലാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് കിഫ്ബിയിൽനിന്നും എന്തെങ്കിലും പ്രത്യേക ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) 2019-20-ലെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിലേക്കുള്ള സുപ്രധാന പാതകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകളിലേയും ഈ വർഷം ശബരിമലയുമായി ബന്ധപ്പെട്ട് പ്രധാന റോഡുകളായി തെരഞ്ഞെടുത്ത റോഡുകളുടെയും അറ്റകുറ്റപ്പണികൾക്കായി 29-6-2019-ലെ G.O.(Rt) No.803/2019/PWD പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ പ്രവൃത്തികൾക്കായി 22,424 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിക്കടിയുള്ള മഴ പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും അറ്റകുറ്റപ്പണികളും ഉപരിതലം ബലപ്പെടുത്തുന്ന പണികളും

റോഡുസുരക്ഷാ പണികളും മണ്ഡലകാലം ആരംഭിക്കുന്നതിനുമുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ വർഷം ഉണ്ടായ പ്രളയവും ഇടുക്കി ജില്ലയിലെ ശബരിമല റോഡുകളെ ബാധിച്ചിട്ടുണ്ട്. ശബരിമല റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നിരത്തുവിഭാഗത്തിന് കിഫ്ബിയിൽനിന്നും ധന സഹായം ലഭിച്ചിട്ടില്ല.

**നാട്ടിക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

24(*T 2949) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാട്ടിക മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പൊതുമരാമത്ത് /നാഷണൽ ഹൈവേ റോഡുകളുടെ വിശദാംശം അവയുടെ ദൈർഘ്യം(കിലോമീറ്ററിൽ) സഹിതം നൽകുമോ?

ഉത്തരം

നാട്ടിക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിരത്ത് വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പൊതുമരാമത്ത് വകുപ്പ് ദേശീയപാതയുടെ അധികാരപരിധിയിൽ നാട്ടിക നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച്. 66(Old NH 17) നീളം കി.മീ. 381/200 മുതൽ 385/600 വരെ 4.4 കി.മീ. ആണ്.

**വർക്കല നിയോജകമണ്ഡലത്തിലെ തീരദേശ ഹൈവേ പദ്ധതി**

25 (2950) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽകൂടി കടന്നുപോകുന്ന തീരദേശ ഹൈവേ പദ്ധതിയുടെ രൂപരേഖയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നാം പാലം മുതൽ കാപ്പിൽ വരെയുള്ള 15.60 കി.മീ. ദൂരത്തിൽ എത്ര വീടുകൾ ഉൾപ്പെടുന്നുവെന്ന കൃത്യമായ കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വീടുകളിലെ താമസക്കാരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

*T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ & ബി) വർക്കല നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന തീരദേശ ഹൈവേയുടെ ഒന്നാം പാലം മുതൽ കാപ്പിൽവരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് നിർണ്ണയിക്കൽ നടന്നുവരുന്നതേയുള്ളൂ. ആയതിനാൽ അതിൽ ഉൾപ്പെടുന്ന വീടുകളുടെ എണ്ണം ഇതുവരെയും തിട്ടപ്പെടുത്തിയിട്ടില്ല.

## റോഡുകളുടെ പരിപാലനം

26(2951) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ പരിപാലനത്തിനായി പൊതുമരാമത്ത് വകുപ്പിന് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വകയിരുത്തിയിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം റോഡുകളുടെ പരിപാലനത്തിനായി എത്ര തുക പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്; 31-8-2019 വരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാത, നിരത്തുകൾ, കെ.എസ്.ടി.പി. വിഭാഗങ്ങൾക്ക് കീഴിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുമരാമത്ത് വകുപ്പ് ദേശീയപാത, നിരത്തുകൾ കെ.എസ്.ടി.പി. വിഭാഗങ്ങൾക്ക് കീഴിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മാനന്തവാടി മണ്ഡലത്തിലെ റോഡ് നവീകരണം

27(2952) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി നിയോജക മണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡാണ് നവീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; ഇതിന് വിവിധ പദ്ധതികളിലായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് ആകെ എത്ര കിലോമീറ്റർ റോഡാണുള്ളതെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി നിയോജകമണ്ഡലത്തിലെ 165.605 കി.മീ. റോഡാണ് പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം നവീകരിക്കുന്നത്. ഇതിനായി വിവിധ പദ്ധതികളിലായി 157.09 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ CRF പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി നിയോജകമണ്ഡലത്തിലെ 23 കി.മീ. ഉൾപ്പെടുന്ന റോഡുകൾക്ക് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 29.2 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ 307.023 കി.മീ. റോഡുണ്ട്.

## വൺടൈം സെറ്റിൽമെന്റ് പദ്ധതിയിൽ നിലമ്പൂർ മണ്ഡലത്തിലെ റോഡുകൾ

28(2953) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ തകർന്ന നിലമ്പൂർ മണ്ഡലത്തിലെ പ്രധാന ഗ്രാമീണ റോഡുകൾ വൺടൈം സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നിലമ്പൂരിൽ സ്ഥിരമായുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് മണലോടി-പാട്ടരാക്ക-മുക്കട്ട-പോസ്റ്റ് ഓഫീസ് റോഡും താഴെ ചന്തക്കുന്ന്-മാനവേദൻ സ്കൂൾ റോഡ്-കളത്തിൻ കടവ് റോഡും ഒറ്റത്തവണ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുമോ; വിശദമാക്കാമോ;

(സി) ചുങ്കത്തറ-കൈപ്പിനി പാലം പൂർണ്ണമായും തകർന്നതിനാൽ പകരം ആശ്രയിക്കുന്ന പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് വഴിയുള്ള പൂക്കോട്ടുമണ്ണ കടവ്-കോലോംപാടം-വെള്ളിമുറ്റം റോഡും പൂക്കോട്ടുമണ്ണ-കോലോംപാടം-കുറുമ്പലങ്ങോട് റോഡും വൺടൈം സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(ഡി) ചുങ്കത്തറ പഞ്ചായത്തിലെ കുട്ടപ്പാടിയിൽ പി.ഡബ്ല്യൂ.ഡി. പാലം നിലവിൽ വന്നതിനാൽ എട്ട് മീറ്റർ വീതിയുള്ള ഗ്രാമീണ റോഡായ ചുങ്കത്തറ-കുട്ടപ്പാടി-വടക്കേകൈ റോഡ് പൊതുമരാമത്ത് ഏറ്റെടുക്കുമെന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

## ഉത്തരം

(എ - സി) ഗ്രാമീണ റോഡുകൾ വൺടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് പരിഗണനയിലില്ല.

## റോഡുകളുടെ പുനരുദ്ധാരണം

29(2954) ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ തകർന്ന് ഉപയോഗയോഗ്യമല്ലാതായി എന്ന ആക്ഷേപം വസ്തുതാപരമാണോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡുവികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാ ക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(സി) റോഡുകളുടെ ശോച്യാവസ്ഥയിൽ കേരള ഹൈക്കോടതി ഇടപെടൽ നടത്തിയിട്ടുണ്ടോ;

(ഡി) റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് ഹൈക്കോടതി എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത്; അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കുവാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കിഫ്ബി ഫണ്ട് ലഭ്യമായശേഷം എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുന്ന കോൺട്രാക്ടർമാർക്ക് തുക സമയബന്ധിതമായി നൽകുന്നതിനും റോഡുകളുടെ നിലവാരം ഉയർത്തുന്നതിനും ഇതുമൂലം സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസത്തിലും 2019 ആഗസ്റ്റ് മാസത്തിലും പെയ്ത കനത്ത മഴയിലും പ്രളയത്തിലും നിരത്തു വിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. 2018 ആഗസ്റ്റിലെ പ്രളയത്തെ തുടർന്ന് തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കിയിരുന്നു. ഈ വർഷമുണ്ടായ പ്രളയത്തെ തുടർന്ന് റോഡുകൾക്ക് തുടർന്നും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. തുടർച്ചയായുള്ള മഴമൂലം റോഡുകളിലെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. ടി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് ഈ വർഷം 305 കോടി രൂപയുടെ പ്രവൃത്തികൾക്ക് നോൺ പ്ലാൻ ഫണ്ടിൽനിന്നും 436.67 കോടി രൂപയുടെ പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകൾ ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിവരുന്നു. ബി.സി. ഉപരിതലത്തിന്റെ നിർമ്മാണം ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്യുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) എന്നിവ ഉപയോഗിച്ച് ഉപരിതലം ഉറപ്പാക്കിവരുന്നുണ്ട്. കൂടാതെ മണ്ണ് ബലപ്പെടുത്തുന്നതിനും ചരിവ് സംരക്ഷണത്തിനും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നു.

ദേശീയപാത വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും 2019 ആഗസ്റ്റ് മാസത്തിൽ റോഡുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയും വരുന്നു. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പെയറിലും അഞ്ച് കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പെയറിൽനിന്നും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ രണ്ട് പ്രളയത്തിലും നാശനഷ്ടം സംഭവിച്ച റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ വരുന്ന റോഡുകളിൽ കെ.ഡബ്ല്യൂ.എ., കെ.എസ്.ഇ.ബി., മറ്റ് യൂട്ടിലിറ്റി ഏജൻസികൾ കുഴിച്ച കുഴികൾ എന്നിവല്ലാതെ റോഡുകൾ തകർന്നിട്ടില്ല. ഇത്തരത്തിലുള്ള കുഴികളുടെ പുനഃസ്ഥാപനം നടത്തിവരുന്നു.

കെ.എസ്.ടി.പി.-ക്ക് കീഴിൽ 2017-18 സാമ്പത്തിക വർഷം അടൂർ-ചെങ്ങന്നൂർ റോഡ്, പേരൂർക്കട-നെടുമങ്ങാട് റോഡ് എന്നിവയ്ക്ക് 21.66 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനായി 11 കോടി രൂപയും തിരുവല്ല-മാവേലിക്കര റോഡിനായി 1.92 കോടി രൂപയും അടൂർ-ചെങ്ങന്നൂർ റോഡ്, പേരൂർക്കട-നെടുമങ്ങാട് റോഡ് എന്നിവയ്ക്കായി 60.86 ലക്ഷം രൂപയും അനുവദിച്ച് പുനരുദ്ധാരണം നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

(ബി) നിരത്ത് വിഭാഗത്തിനു കീഴിൽ പ്രവൃത്തികളെല്ലാം തന്നെ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം ഇ-ടെണ്ടർ ചെയ്താണ് നടപ്പിലാക്കിവരുന്നത്. റോഡു വികസന പദ്ധതികൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗം, വിജിലൻസ് എന്നീ വിഭാഗങ്ങളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ സർട്ടിഫിക്കറ്റും കൂടി ലഭ്യമാക്കിയതിന് ശേഷമാണ് ബിൽ തുകകൾ കരാറുകാരന് നൽകുന്നത്.

ദേശീയപാത വിഭാഗത്തിനു കീഴിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control system നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ നിയന്ത്രണത്തിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിച്ച് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക, ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുക തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ചുകോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ്

എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കുന്നതിനും വീഴ്ച വരുത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. " പുതിയ കാലം, പുതിയ നിർമ്മാണം " എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 5-1-2018-ലെ ജി.ഒ.(എം.എസ്സ്.) നമ്പർ 1/2018/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്. പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികളും സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാണ്.

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. പദ്ധതികളിൽ ലോകബാങ്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് സുതാര്യവും അഴിമതി രഹിതവുമായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.എസ്.ടി.പി.-യുടെ ഭാഗമായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിനായി പ്രവൃത്തികളുടെ മേൽനോട്ടം കൺസൾട്ടന്റ് മുഖേനയാണ് നടത്തിവരുന്നത്. പ്രവൃത്തികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് പ്രസ്തുത കൺസൾട്ടൻസിയുടെ ഭാഗമായി പ്രവൃത്തിയുടെ സ്വഭാവം അനുസരിച്ച് ലോകബാങ്ക് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത കൺസൾട്ടൻസി പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും ആവശ്യമായ ഗുണമേന്മ പരിശോധനകൾ നടത്തിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നത്. കൺസൾട്ടന്റിനെ കൂടാതെ കെ.എസ്.ടി.പി. ഡിവിഷൻ ഓഫീസുകളും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ നിശ്ചിത ഇടവേളകളിൽ

ലോകബാങ്ക് പ്രതിനിധികളും പദ്ധതികളുടെ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണശേഷം ഗുണനിലവാര സാങ്കേതിക പരിശോധന നടത്തുന്നതിനായി (പോസ്റ്റ് കൺസ്ട്രക്ഷൻ ആഡിറ്റ്) പ്രാവീണ്യം നേടിയ ഏജൻസിയെ ഏൽപ്പിക്കുകയും അപാകതകൾ കണ്ടെത്തുന്നപക്ഷം അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി-ഇ) റോഡുകളുടെ ശോച്യാവസ്ഥയിൽ ഹൈക്കോടതി ഇടപെട്ടിട്ടുണ്ട്. WP(C) No.32680 നമ്പർ കേസിലെ വിധി പ്രകാരം വകുപ്പിന് കീഴിലെ റോഡുകൾ ഡിസംബർ 31-നകം ഗതാഗതയോഗ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിസംബർ 31-നകം എല്ലാ റോഡുകളും അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ വകുപ്പുതലത്തിലെ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡുകളുടെ വിവരങ്ങൾ Kerala PWD Website-ൽ അപ്ഡേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഗുണനിലവാര മാനദണ്ഡങ്ങൾക്കും അനുസൃതമായാണ് കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

**വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡ് ടാറിംഗ്**

30(2955) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, മണലൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്- പുല്ല റോഡിന്റെ ആകെ നീളം എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ എത്ര കി.മീ. ദൂരം ഇതുവരെ ടാർ ചെയ്തെന്നും ഇനി എത്ര കി.മീ. ദൂരം ടാർ ചെയ്യാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഡി) റോഡിന്റെ അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യാത്തത് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതിനാൽ അടിയന്തരമായി പ്രസ്തുത ഭാഗം ടാർ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ, മണലൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്- പുല്ല റോഡിന്റെ ആകെ നീളം - 10 കി.മീ.

(ബി) പ്രസ്തുത റോഡിന്റെ 6 കി.മീ. ദൂരം ടാർ ചെയ്തു. ബാക്കി 4 കി.മീ. ദൂരം റോഡ് നിർമ്മിക്കേണ്ടതായുണ്ട്.

(സി&ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കുറ്റിപ്പുറം റസ്റ്റ് ഹൗസ് റോഡ് പുനരുദ്ധാരണം

31(2956) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ദേശീയ പാത വിഭാഗത്തിന്റെ കൈവശമുള്ള കുറ്റിപ്പുറം റസ്റ്റ് ഹൗസ് റോഡ് പുനരുദ്ധരിക്കണമെന്നത് സംബന്ധിച്ച് ദേശീയ പാത വിഭാഗത്തിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റസ്റ്റ് ഹൗസ്, ബിൽഡിംഗ്സ് സെക്ഷന്റെ ഓഫീസ് തുടങ്ങി നിരവധി ഓഫീസുകൾ ഉൾക്കൊള്ളുന്ന സ്ഥലത്തേയ്ക്ക് പോകുന്ന പ്രസ്തുത റോഡ് നവീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ദേശീയപാത വിഭാഗത്തിന്റെ കൈവശമുള്ള കുറ്റിപ്പുറം റസ്റ്റ് ഹൗസ് റോഡ് പുനരുദ്ധരിക്കണമെന്നത് സംബന്ധിച്ച് ദേശീയപാത വിഭാഗത്തിന് ബഹു.എം.എൽ.എ., പ്രൊഫ.ആബിദ് ഹുസൈൻ തങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) റസ്റ്റ് ഹൗസ്, ബിൽഡിംഗ്സ് സെക്ഷന്റെ ഓഫീസ് തുടങ്ങി നിരവധി ഓഫീസുകൾ ഉൾക്കൊള്ളുന്ന സ്ഥലത്തേയ്ക്ക് പോകുന്ന പ്രസ്തുത റോഡ് നവീകരിക്കുവാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഗ്യാരണ്ടി പീരിയഡ്

32(2957) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നീ പ്രവൃത്തികൾക്ക് ഗ്യാരണ്ടി പീരിയഡ് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങനെയൊക്കെയാണെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ & ബി) 31-8-2013-ലെ സ.ഉ.(കൈ) 73/2013/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികൾക്ക് ഗ്യാരണ്ടി (ഡിഫക്ട് ലയബിലിറ്റി പീരിയഡ്) നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദേശീയപാതാ വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും EPC Mode-ൽ ആണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് മൂന്ന് വർഷം ഡിഫക്ട് ലയബിലിറ്റി പീരിയഡും ഫ്ലെക്സിബിൾ പേമെന്റിൽ നിർമ്മിക്കുകയോ സ്ട്രെങ്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് അഞ്ച് വർഷവും ഡിഫക്ട് ലയബിലിറ്റി പീരിയഡുണ്ട്. പെർപെക്ച്വൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും റിജിഡ് പേവ്മെന്റ്കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാൻഡ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്കും പത്ത് വർഷം ഡിഫക്ട് ലയബിലിറ്റി പിരീയഡുണ്ട്.

മറ്റ് പ്രവൃത്തികൾക്ക് 40 എം.എം.-ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ മൂന്ന് വർഷം ഡിഫക്ട് ലയബിലിറ്റി പീരിയഡും അതിൽ കുറവ് കനമുള്ളവയ്ക്ക് ഒരു വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പീരിയഡ്.

**റോഡപകടങ്ങളും കേസുകളും**

33(2958) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് ശരാശരി ഒരു വർഷം അമ്പതു മരണം സംഭവിക്കുന്നു എന്ന കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുചക്രവാഹനക്കാരാണ് ഇങ്ങനെ മരണം വരിക്കുന്നവരിൽ ഭൂരിഭാഗവും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) 2015-17 കാലത്ത് 12,614 പേരാണ് ബൈക്കപകടത്തിൽ മാത്രം സംസ്ഥാനത്ത് മരണപ്പെട്ടതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം അപകടങ്ങളിൽ മനഃപൂർവ്വമല്ലാത്ത നരഹത്യക്കെടുക്കുന്ന കേസുകൾ പോരെന്നുള്ള പൊതുഅഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) എങ്കിൽ ഇത്തരം കേസുകളിൽ കുറ്റക്കാർക്ക് ഉയർന്ന ശിക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) 2015-17 കാലത്ത് 12,614 പേർ സംസ്ഥാനത്ത് വാഹനാപകടങ്ങളിലാണ് മരണപ്പെട്ടിട്ടുള്ളത്

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ വിഷയത്തിൽ മോട്ടോർ വെഹിക്കിൾ, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളാണ് നടപടി സ്വീകരിക്കേണ്ടത്.

## പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം

34(2959) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത് വ്യാപകമാക്കുവാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മേന്മകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്ലാസ്റ്റിക് വേസ്റ്റിന്റെ പുനരുപയോഗത്തിന്റെ ഭാഗമായി കഴക്കൂട്ടം-കാരേറ്റ് നാഷണൽ ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ ഇത് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചാൽ മഴക്കാലത്ത് റോഡുകൾ പൊളിയുന്നത് തടയാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിലെ പ്രവൃത്തികൾക്ക് ടാറിനോടൊപ്പം ഷ്രെഡഡ് പ്ലാസ്റ്റിക് ചേർത്ത് നിർമ്മാണം നടത്തുവാൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ടിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. ഇനി നടപ്പിലാക്കാനുള്ള പീരിയോഡിക്കൽ റിന്യൂവൽ, സ്ട്രെംഗ്തനിംഗ് എന്നിവയിലെ ബിറ്റുമിനസ് കോൺക്രീറ്റ് പാളിയിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. IRC SP 98/2013 Guidelines for the work of waste plastic in hot bituminous എന്ന code-ൽ ആണ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളുള്ളത്. ദൃഢത, ഉറപ്പ്, വെള്ളം മൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ മേന്മകളാണ്. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ഇവ പരിസ്ഥിതി സൗഹൃദമാകുന്നു.

(സി) കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ സർവ്വീസ് റോഡിന്റെ നിർമ്മാണത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് നിരത്ത് വിഭാഗം പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ NATPAC, CRRI തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ പ്രകാരം പ്ലാസ്റ്റിക് റോഡ് കൂടുതൽ കാലം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

**പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ**

35(2960) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ വർഷം ഡിസംബർ 31-നകവും തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണം അടുത്ത വർഷം ജനുവരി 31-നകവും പൂർത്തിയാക്കുന്ന കാര്യം സർക്കാർ ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ;

(ബി) രണ്ടു വർഷം തുടർച്ചയായുണ്ടായ പ്രളയം റോഡുകളുടെ തകർച്ചക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ ഭൂമിക്കടിയിലുണ്ടാകുന്ന വ്യതിയാനങ്ങളെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കാൻ ഉതകുന്ന റോഡ് നിർമ്മാണ രീതികൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) റോഡു നിർമ്മാണത്തിന്റെ കരാർ ഏറ്റെടുക്കുന്നവർ തന്നെ അതിന്റെ പരിപാലന ചുമതല നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കാൻ നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ അത് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) WP(C) No.32680 നമ്പർ കേസിലെ വിധി പ്രകാരം വകുപ്പിന് കീഴിലെ റോഡുകൾ ഡിസംബർ 31-നകം ഗതാഗതയോഗ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിസംബർ 31-നകം എല്ലാ റോഡുകളും അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗത യോഗ്യമാക്കാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡുകളുടെ വിവരങ്ങൾ Kerala PWD Website-ൽ അപ്ഡേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ ഈ വർഷം ഡിസംബർ 31-നകം പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) രണ്ട് വർഷം തുടർച്ചയായുണ്ടായ പ്രളയം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള റോഡുകളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

നിരത്ത് വിഭാഗത്തിനുകീഴിൽ പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനങ്ങളെയും അതിജീവിക്കുന്ന രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് മണ്ണിന്റെ ഘടന, ട്രാഫിക് സാന്ദ്രത എന്നിവ കണക്കിലെടുത്ത് റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നു. മഴക്കാലത്തെ അതിജീവിക്കുന്നതിനായി റോഡുകൾ ഈടുനിൽക്കുന്ന ബി.എം.&ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 15 മുതൽ 20 വർഷംവരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ചെയ്യുന്നതിനും പരിഗണിച്ചുവരുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ ശംഖുമുഖം ബീച്ച് റോഡ് 300 മീറ്റർ തകർന്നിട്ടുണ്ട്. ആയതിന്റെ പുനഃസ്ഥാപനത്തിനായി പൊതുമരാമത്ത്/ ഇറിഗേഷൻ വകുപ്പ് ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(സി) നിരത്തു വിഭാഗത്തിനു കീഴിൽ G.O.(Ms) No.73/2013/PWD പ്രകാരം ഓരോ പ്രവൃത്തികൾക്കും ഗ്യാരന്റി പീരിയഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ ഓർഡർ പ്രകാരം ഗ്യാരന്റി പീരിയഡിനുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന റോഡുകൾ കരാറുകാരന്റെ ചെലവിൽത്തന്നെ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ അഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും EPC mode ആണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് മൂന്ന് വർഷം ഡിഫക്ട് ലയബിലിറ്റി പീരീഡും ഫ്ലെക്സിബിൾ പേയ്മെന്റിൽ നിർമ്മിക്കുകയോ സ്റ്റേംഗ്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് അഞ്ച് വർഷവും ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉണ്ട്. പെർപെക്ച്വൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും റിജിഡ് പേവ്മെന്റ് കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാന്റ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്കും പത്ത് വർഷം ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉണ്ട്. മറ്റ് പ്രവൃത്തികൾക്ക് നാൽപ്പത് എം.എം.-ൽ കൂടുതൽ ഘനത്തിൽ ടാർ ചെയ്യുമ്പോൾ മൂന്ന് വർഷം ഡിഫക്ട് ലയബിലിറ്റി പീരിയഡും അതിൽ കുറവ് ഘനമുള്ളവയ്ക്ക് ഒരു വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പീരിയഡ്. ഡിഫക്ട് ലയബിലിറ്റി പീരീഡിനുള്ളിൽ കേടുപാടുകൾ സംഭവിച്ചാൽ ആയത് കരാറുകാരൻതന്നെ സ്വന്തം ചെലവിൽ പരിഹരിച്ച് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള റോഡുകൾ ഡി.ബി.എഫ്.ഒ.റ്റി. വ്യവസ്ഥയിൽ നിർമ്മിച്ച് പതിനഞ്ച് വർഷത്തെ പരിപാലനം അതാത് കമ്പനി തന്നെ നടത്തിവരുന്നു.

**റോഡ് വികസനത്തിന് ജർമ്മൻ ഫണ്ട്**

36(2961) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുവികസനത്തിന് ജർമ്മൻ ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഏതെല്ലാം പദ്ധതിക്കൾക്കാണ് ഇത് ലഭ്യമാകുന്നതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ പദ്ധതിയിൽ കൊല്ലം ജില്ലയിലെ ഏതെല്ലാം പദ്ധതികളെ ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച കരാർ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജർമ്മൻ ബാങ്ക് പ്രതിനിധിയും 6-11-2019-ന് ഒപ്പിട്ടിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ 59 റോഡുകളുടെ പട്ടികയിൽനിന്നും M/s. L&T Infrastructure Engineering Ltd. മുഖേന ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ഏകദേശം 819 കി.മീ. വരുന്ന റോഡുകൾക്കാണ് ജർമ്മൻ ബാങ്ക് ഫണ്ട് ലഭ്യമാകുന്നത്. ആയത് പ്രകാരം ആദ്യഘട്ടമായി പ്രസ്തുത പട്ടികയിലെ സൗത്ത് (s), സെൻട്രൽ (c) എന്നീ സോണുകളിൽ ഉൾപ്പെടുത്തിയ 538 കി.മീ. റോഡുകൾ KfW-ൽനിന്ന് ലഭിക്കുന്ന വായ്പയിൽനിന്നും വിനിയോഗിക്കുന്നതിനാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനായി റോഡുകളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിന് ചെന്നൈ ആസ്ഥാനമായ M/s. L&T Infrastructure Engineering Ltd.- കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. കെ.എസ്.റ്റി.പി. മുഖേന നടപ്പിലാക്കുന്നതിനാണ് ധാരണയായിട്ടുള്ളത്.

(സി) കൊല്ലം ജില്ലയിലെ റോഡുകൾ ആദ്യഘട്ട പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ടോൾ പിരിവ് നിർത്തലാക്കിയ പാലങ്ങളുടെ പട്ടിക**

37( 2962) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടോൾ പിരിവ് നിർത്തലാക്കിയ പാലങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) കൂടുതൽ പാലങ്ങളിൽ ടോൾ പിരിവ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ടോൾ പിരിവ് നിർത്തലാക്കുക എന്നതാണ് സർക്കാർ നയം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള താഴെപ്പറയുന്ന പാലങ്ങളുടെ ടോൾ പിരിവ് നിർത്തലാക്കിയിട്ടുണ്ട്:

1. ഇരുമ്പനം റെയിൽവേ ഓവർ ബ്രിഡ്ജ്
2. തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ റെയിൽവേ ബ്രിഡ്ജ്
3. എയർപോർട്ട്-സീപോർട്ട് റോഡ് (എറണാകുളം)
4. ആറ്റൂർ-ആറ്റൂർകുറ്റി
5. പുളിക്കക്കടവ്
6. പൂവത്തുംകടവ്
7. ന്യൂകൊച്ചിൻ (ചെറുതുരുത്തി)
8. തുരുത്തിപ്പുറം കോട്ടപ്പുറം
9. കൃഷ്ണൻകോട്ട
10. കടലുണ്ടിക്കടവ്
11. മുറിഞ്ഞപ്പുഴ
12. മായന്നൂർ
13. ശ്രീമൂലനഗരം
14. വെള്ളാപ്പ്
15. മാട്ടൂൽ മടക്കര
16. നെടുംകല്ല്
17. മണ്ണൂർക്കടവ്
18. തട്ടപ്പിള്ളി - കാട്ടുപ്പുഴ (തൃപ്പൂണിത്തുറ)

**കാക്കേരി, ചെട്ടിക്കടവ് പാലങ്ങളുടെ നിർമ്മാണം**

38(2963) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച കാക്കേരി, ചെട്ടിക്കടവ് പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കാക്കേരി സിംഗിൾ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ചെട്ടിക്കടവിൽ പാലം നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ ഇതിനായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കാക്കേരി, ചെട്ടിക്കടവ് എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസ് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. ടെന്റേറ്റീവ് ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

(സി) ഉണ്ട്. ഭരണാനുമതി ലഭിച്ചതിനുശേഷം അലൈൻമെന്റ് അപ്രൂവാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ദേശീയപാത വികസന പദ്ധതി**

39(2964) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാത 66 ആറുവരിപ്പാതയാക്കുന്ന വികസന പദ്ധതി 2021-ൽ പൂർത്തിയാക്കുന്നതിനായുള്ള സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ദേശീയപാത അതോറിറ്റിയുമായുള്ള ധാരണാപത്രം എന്നാണ് ഒപ്പിട്ടതെന്നും ശേഷം നടന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ദേശീയപാത വികസന പദ്ധതി തുടങ്ങി പൂർത്തീകരിക്കുന്നതുവരെ നിലവിലുള്ള ദേശീയപാതയുടെ അറ്റകുറ്റപ്പണികളും യാത്രക്കാരുടെ പരാതികൾ പരിഹരിക്കുവാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ദേശീയപാത അതോറിറ്റിയുടെ സഹായം ആവശ്യപ്പെട്ടുവോ;

(ഡി) എങ്കിൽ അവരുടെ ഇതിന്മേലുള്ള സമീപനം എന്ത് എന്നും ഇതിനായി കേന്ദ്രസഹായം ലഭ്യമാക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത 66 വികസന പദ്ധതിക്കായിട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. തലശ്ശേരി - മാഹി ബൈപ്പാസ് നീലേശ്വരം ROB, കഴക്കൂട്ടം ഫ്ലൈ ഓവർ എന്നിവ പുരോഗതിയിലാണ്. കോഴിക്കോട് ബൈപ്പാസ് കരാർ നടപടി പൂർത്തിയായതാണ്. കാസർഗോഡ് ജില്ലയിലെ രണ്ട് റീച്ചുകളും കോഴിക്കോട് ജില്ലയിലെ പാലോലി, മൂരാട് പാലങ്ങളും ടെണ്ടർ നടപടിയിലാണ്. ബാക്കി ഭാഗങ്ങൾ ഭൂമിയെടുക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) സ്ഥലമേറ്റെടുക്കുവാൻ ആവശ്യമായ തുകയുടെ 25% സംസ്ഥാന സർക്കാർ വഹിക്കാമെന്നുള്ള ധാരണാപത്രം ദേശീയപാതാ അതോറിറ്റിയുമായി ഒപ്പിട്ടത് 3-10-2019-ലാണ്. അതിനുശേഷമാണ് കാസർഗോഡ് ജില്ലയിലെ തലപ്പാടി - ചെങ്ങള, ചെങ്ങള- നീലേശ്വരം റീച്ചുകളും കോഴിക്കോട് ജില്ലയിലെ പാലോലി, മൂരാട് പാലങ്ങളും ടെണ്ടർ നടപടി സ്വീകരിച്ചത്. ഭൂമിയെടുക്കൽ നടപടിയും പുരോഗമിക്കുന്നു.

(സി & ഡി) ദേശീയപാതകളുടെ പരിപാലനം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ സംസ്ഥാന ദേശീയപാതാ വിഭാഗമാണ് നടപ്പിലാക്കുന്നത്. എന്നാൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി റോഡുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുമ്പോൾ മാത്രമേ അതിന്റെ പരിപാലനം അവരുടെ ഉത്തരവാദിത്വത്തിൽപ്പെടുകയുള്ളൂ. ഇപ്പോൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ള സ്ട്രെച്ചിൽ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അറ്റകുറ്റപ്പണികൾ അവർതന്നെ നടപ്പാക്കുന്നതാണ്. കൈമാറാത്ത സ്ട്രെച്ചുകൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ ദേശീയപാതാ വിഭാഗമാണ് അറ്റകുറ്റപ്പണികൾ നടപ്പാക്കുന്നത്. എന്നാൽ നാലുവരിപ്പാത വികസനത്തിന്റെ പേരിൽ NH 66-ൽ അറ്റകുറ്റപ്പണികൾക്കും പീരിയോഡിക്കൽ ഉപരിതലം പുതുക്കലിനും MORTH ഫണ്ട് നൽകിയിരുന്നില്ല. മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും തുടർച്ചയായ ഇടപെടലുകളെ തുടർന്ന് കേടായ റീച്ചുകൾ നന്നാക്കാൻ പണം അനുവദിച്ചിട്ടുണ്ട്. MORTH -ന്റെ വ്യവസ്ഥകൾ പ്രകാരം അഞ്ച് കോടിക്ക് മുകളിലുള്ള പ്രവൃത്തികൾ EPC മാതൃകയിൽ ചെയ്യണമെന്നതിനാൽ അതിന്റെ സാങ്കേതിക നടപടികൾക്ക് ഏകദേശം 6 മാസ കാലതാമസംകൂടി ഉണ്ടാകുന്നുണ്ട്. ഏതായാലും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തുന്നുണ്ട്.

## ദേശീയപാത വികസനം

40(*T 2965) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ 66 സംസ്ഥാനത്ത് 45 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളിൽ ഏതൊക്കെ റീച്ചുകളിലുള്ള ടെൻഡർ നടപടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത വികസനം വേഗത്തിലാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ദേശീയപാതാ അതോറിറ്റിക്ക് കർശന നിർദ്ദേശം നൽകിയത് പാതാവികസനത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വികസനത്തിന് ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്തിന്റെ വിലയുടെ നിശ്ചിത ശതമാനം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിലവിലെ സ്ഥിതിയിൽ ദേശീയപാത വികസനം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് സർക്കാർ വിലയിരുത്തുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള റീച്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ദേശീയപാതാ 66 - തലപ്പാടി മുതൽ ചെങ്ങളവരെവികസിപ്പിക്കൽ
2. ദേശീയപാതാ 66 – ചെങ്ങള മുതൽ നീലേശ്വരം വരെ വികസിപ്പിക്കൽ
3. നീലേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണം
4. തലശ്ശേരി -മാഹി ബൈപ്പാസ് നാലുവരിപ്പാത നിർമ്മാണം
5. പാലോലിപ്പാലം നിർമ്മാണം, മുടാടിപ്പാലം നിർമ്മാണം
6. കോഴിക്കോട് ബൈപ്പാസ് ആറുവരിപ്പാത നിർമ്മാണം
7. കഴക്കൂട്ടം മേൽപ്പാലം

(ബി) ഉണ്ട്.

*T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഉണ്ട്. ഈ വികസന പ്രവൃത്തികൾക്ക് ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്തിന്റെ വിലയുടെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിബന്ധന വച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതാ 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളവും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അത് പ്രകാരം NH 66-ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാന വഹിക്കേണ്ടിവരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്.

(ഡി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നും വില തഹസിൽദാർ (CALA) മാരെ നിയമിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാതാ അതോറിറ്റി ക്ഷണിക്കുന്നതാണ്. എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല.

**തലപ്പാടി മുതൽ കഴക്കൂട്ടംവരെയുള്ള ആറുവരിപ്പാതയുടെ നിർമ്മാണം**

41(2966) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പാടി മുതൽ കഴക്കൂട്ടം വരെ 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ആറുവരിപ്പാതയുടെ ദൈർഘ്യം, സ്ട്രെച്ച്, ചെലവ്, ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലം, അതിനുള്ള ചെലവ് എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുകയുടെ കേന്ദ്രസഹായം ലഭ്യമാകും; സംസ്ഥാന വിഹിതം എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിന്റെ ടെൻഡർ ഘട്ടം, അതിനുമുൻപുള്ള സ്ഥലമെടുപ്പിനുള്ള വിലനിർണ്ണയം, സ്ഥലമേറ്റെടുക്കൽ, വീണ്ടുമുണ്ടാകുന്ന നിയമപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത പ്രശ്നങ്ങൾ കാലോചിതമായി പരിഹരിച്ച് ഹൈവേ നിർമ്മാണം ത്വരിതപ്പെടുത്തി കാലപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ നടത്തിവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) തലപ്പാടി മുതൽ കഴക്കൂട്ടംവരെ 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ആറുവരിപ്പാതയുടെ ദൈർഘ്യം, സ്ട്രെച്ച്, ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദേശീയപാത 66-ന്റെ 45 മീറ്ററിൽ വീതികൂട്ടൽ പ്രവൃത്തി 27 പാക്കേജുകളായി വിഭജിച്ചിരിക്കുന്നു. ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായിവരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 8-8-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. NH 66-ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 75% കേന്ദ്രസർക്കാർ വഹിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിക്ക് 3425.096 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 1986.369 ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശമുണ്ട്. ബാക്കി 1438.737 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ 659.557 ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും 548.192 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും 302.163 ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.എച്ച്. ആക്ട് 1956 പ്രകാരം CALA-യുടെ നേതൃത്വത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. LARR ACT 2013 പ്രകാരം നഷ്ടപരിഹാരവും നൽകുന്നു. പല സ്ട്രെച്ചുകളിലായി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേസുകളായി നിലവിലുണ്ട്. സ്ട്രക്ചറൽ വാല്യൂവേഷൻ കൺസൾട്ടന്റുമാർക്ക് ഭൂഉടമകളുടെ എതിർപ്പുകൾ നേരിടേണ്ടിവരുന്നു.

**ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട നടപടികൾ**

42(2967) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്; ഭൂമി എറ്റെടുക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ തടസ്സങ്ങൾ ഇല്ലാതെ പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്ഥലമേറ്റെടുക്കൽ ബുദ്ധിമുട്ടാകുന്ന പ്രദേശങ്ങളിൽ 60 മീറ്റർ വീതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയപാതാ 66 വികസന പദ്ധതിക്കായിട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടം, ഭൂമി ഏറ്റെടുക്കൽ സ്പെഷ്യൽ ഓഫീസർ എന്നിവരുടെ ഇടപെടൽകൊണ്ട് പല സ്ട്രെച്ചുകളിലായി നിലനിൽക്കുന്ന സ്ഥലവാസികളുടെ എതിർപ്പുകൾ പരിഹരിച്ച് ഭൂമി ഏറ്റെടുത്തുകൊണ്ടിരിക്കുന്നു.

(ബി) നിലവിൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം 45 മീറ്റർ വീതിയിൽ ദേശീയപാതാ വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

**ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി**

43(2968) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ഹൈവേയിലെ ബാലരാമപുരം-വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ; ഈ പ്രദേശത്തെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ദേശീയപാത ഏറ്റെടുക്കൽ നടപടി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പുകളുടെ സംയുക്ത സ്ഥല പരിശോധന ഉടൻ നടത്തുന്നതാണ്.

(ബി) വഴിമുക്ക്-കളിയിക്കാവിള സ്ട്രെച്ചിന്റെ കരട് അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. സർവ്വേ ചെയ്തുകഴിഞ്ഞു. ഇനി ഐ.ആർ.സി. മാനദണ്ഡപ്രകാരം ടി റോഡുകളുടെ സർവ്വേകൂടി പരിശോധിച്ച് ആയത് പരിഗണിക്കാൻ കഴിയുമോയെന്ന് ഉറപ്പുവരുത്തി പ്രസ്തുത അലൈൻമെന്റ് അംഗീകരിക്കുന്ന നടപടികളിലേക്ക് കടക്കുന്നതാണ്.

(സി) ബാലരാമപുരം-വഴിമുക്ക് സ്ട്രെച്ച് എൽ.എ. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ഏറ്റെടുക്കാവുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വഴിമുക്ക്-കളിയിക്കാവിള സ്ട്രെച്ചിന്റെ അലൈൻമെന്റ് അംഗീകരിച്ച് എൽ.എ. ആക്ട് അനുസരിച്ചുള്ള വിവിധ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അതിരുകല്ലുകൾ സ്ഥാപിച്ച് സാമൂഹികാഘാത പഠനവും നടത്തിയശേഷം മാത്രമേ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**ദേശീയപാതാ വികസനം**

44(2969) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനം സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ പുതിയ തീരുമാനമനുസരിച്ച് ചെലവിന്റെ എത്ര ശതമാനമാണ് കേന്ദ്രം വഹിക്കുന്നത് എന്നറിയിക്കാമോ;

(ബി) നിലവിൽ ദേശീയപാതയിൽ അറ്റകുറ്റപ്പണിക്കായും പീരിയോഡിക്കൽ റിന്യൂവൽ റ്റ സർഫസിനുവേണ്ടിയും എത്ര തുക 2019-20 വർഷത്തിൽ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി)കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന ദേശീയ പാതയിൽ ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെ പുനരുദ്ധരിക്കുന്നതിന് ദേശീയപാതാ വിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) നിലവിലെ ദേശീയപാത പൂർണ്ണമായും തകർന്നകാര്യം സർക്കാർ പരിശോധിക്കുമോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കലിന് ആവശ്യമുള്ള തുകയുടെ 75%-ഉം പദ്ധതിയുടെ മുഴുവൻ തുകയും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

(ബി&സി) 2019-20 സാമ്പത്തിക വർഷം ദേശീയപാതയുടെ അറ്റകുറ്റപ്പണിക്കായി ഓർഡിനറി റിപ്പെയറിംഗിൽ 20.52 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പെയറിംഗിൽ അഞ്ച് കോടി രൂപയും പീരിയോഡിക്കൽ റിന്യൂവൽ 11 പദ്ധതികൾക്കായി 178 കോടി രൂപയും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് അനുവദിച്ചിട്ടുണ്ട്. ഈ പതിനൊന്ന് പദ്ധതികളിലെ ഒരു പ്രവൃത്തിയാണ് ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെയുള്ള റീസർഫസിംഗ്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്.

(ഡി) ചില ഭാഗങ്ങൾ കേടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ദേശീയപാതകളിൽ കേടുപാടുകൾ സംഭവിക്കുമ്പോൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കാറുണ്ട്. കൂടാതെ ശാശ്വത പരിഹാരമായി സ്ട്രെങ്ത്തനിംഗ്/പീരിയോഡിക്കൽ റീന്യൂവൽ പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്. എന്നാൽ MORTH-ൽനിന്നും ഇതിനെല്ലാമുള്ള ഫണ്ട് ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് മേൽപ്പറഞ്ഞ പ്രവൃത്തികൾ സംസ്ഥാന ദേശീയപാത വിഭാഗം നടത്തിവരുന്നുണ്ട്.

**ദേശീയപാത 85-ൽ തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം**

45(2970) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാങ്കുളം മറ്റുകുഴി മുതൽ തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷൻ വരെയുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) മറ്റുകുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ഉടമകൾക്ക് പണം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിലവിലെ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരം സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ടോ;

(ഇ) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാത്ത പദ്ധതികൾ റദ്ദാക്കുന്നത് ദേശീയപാത അതോറിറ്റിയുടെ പരിഗണനയിലുണ്ടോ;

(എഫ്) ഭൂമി ഏറ്റെടുക്കൽ പദ്ധതി തുടരേണ്ടതില്ലെന്ന നാഷണൽ ഹൈവേ അതോറിറ്റിയുടെ തീരുമാനം തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണ പദ്ധതിയെ ബാധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മധുര-കൊച്ചി ദേശീയപാത 85-ൽ തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിനായി ആദ്യഘട്ടം മറ്റക്കുഴി തിരുവാങ്കുളം റെയിൽവേ ലൈൻ വരെയുള്ള ഭാഗത്തെ 16.172 ഹെക്ടർ സ്ഥലം ആവശ്യമുള്ളതിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടം തിരുവാങ്കുളം റെയിൽവേ ലൈൻ മുതൽ തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷൻ വരെയുള്ള സ്ഥലം ഏറ്റെടുത്തിട്ടില്ല.

(ബി&സി) മറ്റക്കുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെയുള്ളതിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ നടപടികൾ പൂർത്തീകരിച്ച് ഉടമകൾക്ക് പണം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ & എഫ്) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാത്ത പദ്ധതികൾ റദ്ദാക്കാറില്ല എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം/നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൽ പ്രകാരം പദ്ധതികൾ നടപ്പിലാക്കും. കൊച്ചി-മധുര ദേശീയപാത 85-ൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ DPR തയ്യാറാക്കിവരുന്ന സ്ട്രെച്ചിന്റെ അലൈൻമെന്റ് പ്രൊപ്പോസലിൽ തൃപ്പൂണിത്തുറ ബൈപ്പാസ് ഉൾപ്പെട്ടിട്ടില്ല.

**ഗ്രീൻ ബിൽഡിംഗ് പദ്ധതി**

46 (2971) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര പാരമ്പര്യേതര ഊർജ്ജവകുപ്പിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേക്കായി ഒരു 'ഹരിത നിർമ്മാണ ചട്ടം' പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്. ഹരിത നിർമ്മാണവുമായി ബന്ധപ്പെട്ട് പഠനങ്ങളും വിദഗ്ദ്ധരുമായുള്ള ചർച്ചകളും നടത്തിയിട്ടുണ്ട്. 'ഹരിത നിർമ്മാണ ചട്ട'ത്തിൽ കേന്ദ്രഹരിത റേറ്റിംഗ് ഏജൻസിയായ 'ഗ്രിഹ'യുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapwd.gov.in ലും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത്

വകുപ്പ് വാസ്തുശില്പ വിഭാഗത്തിലെ ജീവനക്കാർക്ക് ഹരിത നിർമ്മാണ രീതിയിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. 8 ആർക്കിടെക്ടുമാർ കേന്ദ്രഹരിത റേറ്റിങ് ഏജൻസിയായ 'ഗ്രിഹ'യുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടിയവരാണ്. വകുപ്പിലെ കെട്ടിടവിഭാഗം, സാങ്കേതിക ജീവനക്കാർക്ക് ഹരിത നിർമ്മാണ സാങ്കേതികവിദ്യയിലുള്ള പരിശീലന ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ വാസ്തുശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന കെട്ടിടങ്ങളിൽ ഹരിത നിർമ്മാണ തത്വങ്ങളിലെ വ്യവസ്ഥകൾ പരമാവധി ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. ഉദാ: (രജിസ്ട്രേഷൻ വകുപ്പിന്റെ നേമത്തുള്ള ഹെഡ് ക്വാർട്ടേഴ്സ്)

(സി) പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ സഹായം അഭ്യർത്ഥിച്ചിട്ടില്ല.

**കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗം വഴി നടപ്പാകുന്നപ്രവൃത്തികൾ**

47 (2972) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം വഴി നടപ്പാകുന്ന പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി, കരാർ എന്നിവയുടെ തീയതികളും ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം വഴി നടപ്പാകുന്ന പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി, കരാർ എന്നിവയുടെ തീയതിയും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള പുരോഗതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**മാതൃകാ റെസ്റ്റ് ഹൗസുകൾ**

48(2973) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഏതെല്ലാം റെസ്റ്റ് ഹൗസുകളാണ് മാതൃകാ റസ്റ്റ് ഹൗസുകളാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; മാതൃകാ റെസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള തൈക്കാട്, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, പത്തടിപ്പാലം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, നിലമ്പൂർ, കൽപ്പറ്റ, കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് എന്നീ റെസ്റ്റ് ഹൗസുകളെയാണ് മാതൃകാ റെസ്റ്റ് ഹൗസുകളാക്കാൻ തീരുമാനിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. മാതൃകാ റെസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് ആകെ 964.975 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

12 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ തുക - 551.81138 ലക്ഷം രൂപ

2 പ്രവൃത്തികൾ ഭരണാനുമതിയ്ക്ക് സമർപ്പിച്ച തുക - 248.7 ലക്ഷം രൂപ

ഭരണാനുമതി സമർപ്പിച്ചിരിക്കുന്ന 13 ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ തുക

- 164.46368 ലക്ഷം രൂപ

---------------------------

ആകെ - 964.975 ലക്ഷം രൂപ

===============

**പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളിലെ ക്രമക്കേടുകൾ**

49(2974) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളിലെ സ്റ്റാഫ് ഘടന വ്യക്തമാക്കാമോ;

(ബി) മുറികൾ അനുവദിക്കുന്നതിലും നിയമപ്രകാരമുള്ള വാടക ഈടാക്കുന്നതിലും ഉൾപ്പെടെ റെസ്റ്റ് ഹൗസ് ജീവനക്കാർ സുതാര്യമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ പൊതുമരാമത്ത് വകുപ്പിന് സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) വ്യാജ ബില്ലുകൾ ഉണ്ടാക്കി മുറികൾ വാടകക്ക് കൊടുക്കുക; സാമൂഹ്യ വിരുദ്ധർക്ക് താവളമൊരുക്കുക തുടങ്ങിയ ഗുരുതരമായ ആരോപണങ്ങൾ ഏതെങ്കിലും റെസ്റ്റ് ഹൗസിനെതിരെ സമീപകാലത്ത് ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ക്ലാസ്സ്-I, ക്ലാസ്സ്-II കാറ്റഗറികളിലുള്ള റെസ്റ്റ് ഹൗസുകളാണുള്ളത്. മാനേജർ, കെയർടേക്കർ, മേട്ടി, ബട്ലർ, കുക്ക്, കുക്ക് കം വാച്ച്മാൻ, പാർട് ടൈം സ്വീപ്പർ, ഗാർഡനർ, വാച്ച്മാൻ, സ്വീപ്പർ കം ക്ലീനർ, പ്ലംബർ എന്നിങ്ങനെയാണ് റെസ്റ്റ് ഹൗസുകളിലെ സ്റ്റാഫ് ഘടന. എന്നാൽ റസ്റ്റ് ഹൗസുകളുടെ കാറ്റഗറിക്കനുസരിച്ച് പ്രസ്തുത സ്റ്റാഫ് ഘടനയിൽ വ്യത്യാസം വരാറുണ്ട്.

(ബി) മുറികൾ അനുവദിക്കുന്നതിനും നിയമ പ്രകാരമുള്ള വാടക ഈടാക്കുന്നതിലും റെസ്റ്റ് ഹൗസ് ജീവനക്കാർ സുതാര്യമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുവാനായി ഡിവിഷൻ ഓഫീസ് വഴിയാണ് മുറികൾ അനുവദിക്കുന്നത്. ഒക്യുപേഷൻ രജിസ്റ്റർ, രസീത് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ മെയിന്റെയിൻ ചെയ്യുകയും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ടി രജിസ്റ്ററുകൾ എല്ലാ മാസവും ഒന്നാം തീയതിയും 16-ാം തീയതിയും പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ അതാത് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(സി) ഉണ്ടായിട്ടുണ്ട്. കുന്ദംകുളം റെസ്റ്റ് ഹൗസിനെ സംബന്ധിച്ച് ഇങ്ങനെ ഒരു പരാതി ലഭിച്ചിരുന്നു. കെയർ ടേക്കറെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഡി) ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ**

50(2975) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള എത്ര പാലങ്ങളിലും/റോഡുകളിലുമാണ് നിലവിൽ ടോൾ പിരിക്കുന്നത്;

(ബി) പ്രസ്തുത ടോൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ വായ്പയെടുത്ത് പണിഞ്ഞ പാലങ്ങളുടെയും റോഡുകളുടെയും ടോൾ നിർത്തലാക്കുമ്പോൾ പ്രസ്തുത കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം എപ്രകാരം നികത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 15 മേൽപ്പാലങ്ങളിൽ 12 ഇടങ്ങളിലും, 1 പുഴപ്പാലത്തിലും നിലവിൽ ടോൾ പിരിക്കുന്നുണ്ട്.

(ബി&സി) ടോൾ നിർത്തലാക്കുക എന്നതാണ് നിലവിലെ സർക്കാർ നയം.

**മരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർ**

51(2976) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ കെട്ടിടം/പാലങ്ങൾ/നിരത്തുകൾ/ദേശീയപാത/ക്വാളിറ്റി കൺട്രോൾ തുടങ്ങിയ എത്ര വിഭാഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) വകുപ്പിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗക്കാരായ ഓവർസിയർ,അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങി ചീഫ് എഞ്ചിനീയർ വരെയുള്ള തസ്തികകളിലെ ജീവനക്കാർ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ എവിടെയും ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ കുറച്ചുപേർ സ്ഥിരമായി ഒരു വിഭാഗത്തിൽ തന്നെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ തുടരുന്നതിന് കാരണമെന്താണെന്ന് അറിയിക്കുമോ;

(ഇ) പല ഉദ്യോഗസ്ഥരും സർവ്വീസിൽ കയറി ഒട്ടേറെ വർഷങ്ങൾ പിന്നിട്ടിട്ടും ഫീൽഡിൽ ജോലി ചെയ്തിട്ടില്ലാത്തവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുകാരണം ഭാവിയിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്ന അവസരത്തിലുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) ഇത്തരത്തിൽ സ്ഥിരമായി ഒരു വിഭാഗത്തിൽതന്നെ ജീവനക്കാർ തുടരുന്നത് ഒഴിവാക്കുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ കെട്ടിടങ്ങൾ/പാലങ്ങൾ/നിരത്തുകൾ/ദേശീയപാത/ഡിസൈൻ/നിരത്ത് പരിപാലനം/കെ.എസ്.റ്റി.പി./പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിങ്ങനെ 8 വിഭാഗങ്ങളാണ് നിലവിലുള്ളത്.

(ബി) ബാദ്ധ്യസ്ഥരാണ്.

(സി) ഡിസൈൻ വിഭാഗത്തിൽ 3 വർഷത്തിൽ കൂടുതൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പാലങ്ങൾ/കെട്ടിടം/ഹൈവേ എന്നിവയുടെ ഡിസൈൻ ജോലിക്ക് പ്രവൃത്തി പരിചയം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഡിസൈൻ വിഭാഗത്തിൽ പ്രവൃത്തി പരിചയമുള്ള ജീവനക്കാരെ മൂന്ന് വർഷത്തിലധികം തുടരുവാൻ അനുവദിക്കാറുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉദ്യോഗക്കയറ്റം ലഭിക്കുന്ന അവസരത്തിൽ പ്രയാസങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഡിസൈൻ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിൽ ജീവനക്കാർ സ്ഥിരമായി തുടരുന്നത് ഒഴിവാക്കുന്നതിനായി മൂന്ന് വർഷം കൂടുമ്പോൾ സ്ഥലംമാറ്റം നൽകിവരുന്നുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ തസ്തികമാറ്റ നിയമനം**

52(2977) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ താഴ്ന്ന വേതന തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-7-2019 ലെ 0A1645/18, 1675/18, 1677/18 എന്നീ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എത്ര താഴ്ന്ന വേതന ജീവനക്കാർക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ. വ്യക്തമാക്കാമോ;

(സി) ഈ നിയമനങ്ങൾക്ക് ഉണ്ടായേക്കാവുന്ന കാലതാമസം എത്രയായിരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ താഴ്ന്ന വേതന തസ്തികയിൽ നിന്നും 53 പേർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി & സി) OA 1645/18, 1675/18, 1677/18 എന്നീ കേസുകൾ പരിഗണിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 25-7-2019-ലെ ഇടക്കാല ഉത്തരവുകളെത്തുടർന്ന് ജില്ലയിലുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ഒരു താഴ്ന്ന വേതന ജീവനക്കാരന് തസ്തികമാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നിയമനങ്ങളിൽ കാലതാമസമുണ്ടായിട്ടില്ല.

**ആർ.ഇ.സി.-മുത്തേരി-തിരുവമ്പാടി റോഡിന് സെൻട്രൽ റോഡ് ഫണ്ട്**

53(2978) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി-കുന്ദമംഗലം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആർ.ഇ.സി.-മുത്തേരി-തിരുവമ്പാടി റോഡ് പരിഷ്കരിക്കുന്നതിന് സെൻട്രൽ റോഡ് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന് സി.ആർ.എഫ്. ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 2019-20 സാമ്പത്തിക വർഷത്തിൽ CRF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി തയ്യാറാക്കിവരുന്ന പദ്ധതികളുടെ പട്ടികയിൽ ടി പ്രവൃത്തി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണം**

54(2979) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണത്തിനായി 23-7-2016-ലെ സ.ഉ.(സാധാ)നമ്പർ 1093/2016/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അൻപത് ലക്ഷം രൂപ അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അവസാനിച്ചതെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മാളികപ്പറമ്പ് ബസ് സ്റ്റോപ്പിനു സമീപം വിജയം കനാലിനു കുറുകെ കലുങ്ക് നിർമ്മിക്കുന്നതിന് MLA-ADS (LAC-ADS) പദ്ധതിയിൽ ഉൾപ്പെടുത്തി 23-7-2016-ൽ ഭരണാനുമതി ലഭിച്ചിരുന്നു. നിർദ്ദിഷ്ട കലുങ്ക് പണിയേണ്ട ഭാഗം മൂന്ന് മൺ റോഡുകളും മൂന്ന് തോടുകളും സംഗമിക്കുന്ന ഭാഗങ്ങളാണ്. കലുങ്ക് നിർമ്മിക്കുന്നതിന് അതിർത്തിയും ഉടമസ്ഥതയും സംബന്ധിച്ച് അറിയുന്നതിനും NOC-ക്കും വേണ്ടി ചെല്ലാനം ഗ്രാമപഞ്ചായത്തിൽനിന്നും വിശദാംശങ്ങൾ 30-10-2019-ന് മാത്രമാണ് ലഭിച്ചത്. അന്ന് മാത്രമാണ് ടി തോട് ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണെന്ന് അറിഞ്ഞത്. ഈ കാരണങ്ങളാലാണ് മേൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്.

(ബി & സി) ടി പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി 22-7-2019-ൽ അവസാനിച്ചു.

**പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

55(2980) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷവും ഈ വർഷവും ഉണ്ടായ പ്രളയത്തിൽ തകർന്ന പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക പര്യാപ്തമാണോയെന്ന് അറിയിക്കുമോ; അല്ലെങ്കിൽ കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കുമോ,

(ബി) പ്രസ്തുത മണ്ഡലത്തിന്റെ വലിപ്പവും മലയോര പ്രദേശങ്ങളിലെ റോഡുകളുടെ തകർച്ചയും പ്രത്യേകമായി കണക്കിലെടുത്ത് കൂടുതൽ തുക വകയിരുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം നിരത്തു വിഭാഗത്തിനു കീഴിൽ പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി 224 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 105 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

മൂവാറ്റുപുഴ നിരത്ത് വിഭാഗത്തിനു കീഴിൽ പിറവം നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 2018-ൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു. 2019-ൽ അനുവദിച്ച തുക പര്യാപ്തമല്ല. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇനി 40 ലക്ഷം രൂപ കൂടി ആവശ്യമായിവരും.

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**ചൂണ്ടി-രാമമംഗലം റോഡ് പുനരുദ്ധാരണം**

56(2981) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടി-രാമമംഗലം റോഡ് ഉന്നത നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് പരിഗണനയിലുണ്ടോ;

(ബി) ടി റോഡിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായി; എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**എകരൂൽ-കക്കയം-ഡാം സൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ**

57(2982) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കും ജലവൈദ്യുത പദ്ധതിയിലേക്കും വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർക്ക് എത്തിച്ചേരാനുള്ള പ്രധാന റോഡായ എകരൂൽ-കക്കയം-ഡാംസൈറ്റ് (ഇ.കെ.ഡി.) റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി ഏതെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കേണ്ട PWD-Ps 2-112/2019 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി എന്താണെന്നറിയിക്കാമോ;

(ഡി) പ്രസ്തുത റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) എകരുൽ-കക്കയം-ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് 107 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡ് പാച്ച് വർക്ക് ചെയ്ത് സഞ്ചാര യോഗ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എകരുൽ-കക്കയം-ഡാം സൈറ്റ് റോഡ് നവീകരണത്തിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ മുമ്പ് റിപ്പോർട്ട് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ PWD-PS2/112/2019 നമ്പർ ഫയലിൽ ഉത്തരവായിട്ടുള്ളതാണ്.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ ഡ്രെയിനേജ് കവറിംഗ്

58(2983) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എന്തെങ്കിലും പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ എത്ര കി.മീ. ഡ്രെയിനേജാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അതു പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഡ്രെയിനേജ് പലയിടത്തും കവറിംഗ് നടത്താത്തതിനാൽ ഉണ്ടാകുന്ന അപകടസാധ്യത കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ജോലികൾ പൂർത്തീകരിച്ചു. പുതുതായി ഉൾപ്പെടുത്തിയ രണ്ട് പദ്ധതികളായ

1. രാമപുരത്തെ പഴയ പാലത്തിന്റെ രണ്ട് വശത്തേയും സമീപ പാതകൾ പുതുക്കി പണിയാനുള്ള പദ്ധതി.
2. രാമപുരത്തെ അധികമുള്ള സ്ഥലത്ത് ഉദ്യാനവും ഇരിപ്പിടങ്ങളും ഭക്ഷണശാലയും തുറന്ന വേദിയും നിർമ്മിക്കാനുള്ള പദ്ധതി എന്നിവ നവംബർ മാസത്തിൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത റോഡിൽ 21.670 കി.മീ. ഡ്രൈനേജിൽ ഉൾപ്പെടുത്തിയതിൽ 19.600 കി.മീ. പ്രവൃത്തികൾ തീർന്നിട്ടുണ്ട്.

(സി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 4.90 കി.മീ. ദൂരത്തിൽ മാത്രമാണ് കവർ സ്ലാബ് നൽകുന്നതിന് ഉദ്ദേശിച്ചിരുന്നത്. തുടർന്ന് കവർ സ്ലാബ് ഇല്ലാത്തതുമൂലമുള്ള അപകടസാധ്യത കണക്കിലെടുത്ത് എസ്റ്റിമേറ്റിലുള്ളതിനേക്കാളും മൂന്ന് മടങ്ങോളം, അതായത് 15.6 കി.മീ. ദൂരത്തിൽ കവർ സ്ലാബ് നൽകുകയുണ്ടായി. നിലവിൽ വർക്ക് പൂർത്തീകരിക്കുകയും ആയതിന്റെ ഡിഫക്റ്റ് ലയബിലിറ്റി കാലാവധി അവസാനിക്കുകയും ചെയ്തിരിക്കുകയാണ്.

### മലപ്പുറം ഫ്ലൈ ഓവർ

59(2984) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലപ്പുറം ഫ്ലൈ ഓവർ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിരാക്ഷേപ പത്രം ലഭിച്ചുകഴിഞ്ഞാൽ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കാമോ; ഇതിനായി പൊതുമരാമത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) മലപ്പുറം ഫ്ലൈ ഓവർ നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി & സി) കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിരാക്ഷേപ പത്രത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുന്നതാണ്. കിഫ്ബി അംഗീകാരവും നിരാക്ഷേപ പത്രവും ലഭിച്ചതിനു ശേഷം സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

### വാമനപുരം നിയോജക മണ്ഡലത്തിൽ പണി ആരംഭിച്ച റോഡുകൾ

60(2985) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ഭരണാനുമതി നൽകി പണി ആരംഭിച്ച വെഞ്ഞാറമൂട് റിംഗ് റോഡ്, വാമനപുരം-ചിറ്റാർ റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഓരോന്നിന്റെയും എത്ര ശതമാനം വീതം പണി പൂർത്തിയായെന്ന് അറിയിക്കാമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന്റെ കരാർ കാലാവധി എന്നുവരെയെന്ന് അറിയിക്കാമോ;

(ഡി) കരാറുകാരൻ പ്രവൃത്തിയിൽ അനാസ്ഥ കാണിക്കുന്നതു കാരണം രണ്ടു റോഡുകളിലൂടെയും യാത്ര ചെയ്യുന്നതിന് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കാൻ ഇനി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വെഞ്ഞാറമൂട് റിംഗ് റോഡ്, വാമനപുരം ചിറ്റാർ റോഡ് എന്നീ പ്രവൃത്തികൾക്ക് കരാർ നൽകി പ്രവൃത്തി പുരോഗമിക്കുകയാണ്.

(ബി) വെഞ്ഞാറമൂട് റിംഗ് റോഡ് 45 ശതമാനവും വാമനപുരം ചിറ്റാർ റോഡ് 43 ശതമാനവും പണി പൂർത്തിയായി.

(സി) വെഞ്ഞാറമൂട് റിംഗ് റോഡ് പൂർത്തിയാക്കേണ്ട കാലാവധി 13-2-2020 വരെയും വാമനപുരം ചിറ്റാർ റോഡ് പൂർത്തിയാക്കേണ്ട കാലാവധി 31-1-2020 വരെയുമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സ്ഥിതി പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കരാറുകാരന്റെ അനാസ്ഥ കാരണം പ്രവൃത്തിയിൽ പുരോഗതി കുറവാണെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്.

<u>വെഞ്ഞാറമൂട്-റിംഗ് റോഡ്</u>

1. മാറ്റി സ്ഥാപിക്കേണ്ട ഇലക്ട്രിക്കൽ യൂട്ടിലിറ്റീസ് എത്രയും വേഗം മാറ്റി സ്ഥാപിച്ച് നൽകാൻ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള തുക കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്.

2. അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തിയാക്കത്തക്ക രീതിയിലുള്ള പ്രോഗ്രാം കരാറുകാരനിൽനിന്നും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.

3. പ്രവൃത്തി ആരംഭിച്ചതിനുശേഷം കിഫ്ബി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ അധികമായി ഉൾപ്പെട്ട അളവുകൾ കൂടി ചേർത്തുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. ഇതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

<u>വാമനപുരം-ചിറ്റാർ റോഡ്</u>

1. മാറ്റി സ്ഥാപിക്കേണ്ട ഇലക്ട്രിക്കൽ യൂട്ടിലിറ്റീസ് എത്രയും വേഗം മാറ്റി സ്ഥാപിച്ച് നൽകാൻ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള തുക കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്.
2. കാരേറ്റ് മുതൽ ആറാംതാനം വരെ വലതുഭാഗത്തുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റുന്നതിനായി നിലവിൽ നൽകിയിരുന്ന തുകയ്ക്കുള്ള സേവിംഗ്സ് ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കാൻ അനുമതിക്കായി കിഫ്ബിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.
3. അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാം കരാറുകാരനിൽനിന്നും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.
4. പ്രവൃത്തി ആരംഭിച്ചതിനുശേഷം കിഫ്ബി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ അധികമായി ഉൾപ്പെട്ട അളവുകൾകൂടി ചേർത്ത് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരേയും അംഗീകാരം ലഭിക്കാത്തത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(ഇ) കരാറുകാരനുമായി വീണ്ടും ചർച്ച നടത്തി സമയബന്ധിതമായി തന്നെ പ്രവൃത്തി പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നതാണ്. യൂട്ടിലിറ്റീസ് മാറ്റി സ്ഥാപിക്കുന്നതിൽ വന്ന കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെങ്കിലും കരാറുകാരന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചയുടെ ആധിക്യം വിലയിരുത്തി കരാർ പ്രകാരമുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ റിവൈസ്ഡ് പ്രോഗ്രാം ഷെഡ്യൂളും തയ്യാറാക്കിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ റോഡുകൾ ഏറ്റെടുക്കുന്ന നടപടി

61(2986) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ പുതിയ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മലപ്പുറം നിയോജക മണ്ഡലത്തിലെ തൃപ്പനച്ചി - മീഞ്ചിറ - കാവന്നൂർ, ചെങ്കടവ് - ഒറ്റത്തറ - മുട്ടിപ്പാലം - പൊന്മള, മോങ്ങം - അരിമ്പ്ര ഉൾപ്പെടെ വിവിധ റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശസ്വയംഭരണ റോഡുകളൊന്നും തന്നെ ഏറ്റെടുക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം.

### പാവറട്ടി സെന്ററിലെ വെള്ളക്കെട്ട്

62(2987) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പ്രസ്തുത സെന്റർ നവീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) നവീകരണത്തിന്റെ ഭാഗമായി കാന നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പ്രസ്തുത സെന്റർ നവീകരിക്കുന്നതിനുമായി ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### നടക്കാട്-ഓലിയപ്പുറം റോഡ് റീ-ടാറിംഗ്

63(2988) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ നടക്കാവ്- ഓലിയപ്പുറം റോഡ് റീ-ടാറിംഗ് നടത്തുന്നതിനായി അനുമതി ലഭിച്ചശേഷം പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഈ റോഡിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സ്വീകരിച്ചിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിലെ നടക്കാവ്-ഓലിയപ്പുറം റോഡിൽ എറണാകുളം നിരത്ത് വിഭാഗത്തിന്റെ കീഴിൽവരുന്ന ഭാഗങ്ങളിലെ റീ-ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ നിരത്ത് വിഭാഗത്തിൻ കീഴിൽ വരുന്ന ഭാഗങ്ങളിലെ കുഴികളടച്ച് റോഡ് സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

64(2989) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 പൊതുബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള കുന്നത്ത് നാട് നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഭരണാനുമതി നല്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 പൊതുബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**പാലക്കാട് മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

65(2990) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റത്തവണ ഫണ്ട് അനുവദിച്ച് റോഡ് യാത്രായോഗ്യമാക്കുന്ന പദ്ധതി പ്രകാരം പാലക്കാട് നിയോജക മണ്ഡലത്തിലെ റോഡുകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ പദ്ധതി ഇപ്പോൾ നിലവിലില്ല.

## ആലത്തൂർ മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകൾ

66(2991) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ എണ്ണം എത്ര; അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇവയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളുടെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ 18 റോഡുകളും 2019-ലെ പ്രളയത്തിൽ 6 റോഡുകളും തകർന്നിട്ടുണ്ട്. പ്രസ്തുത റോഡുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2018-ലെ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഉത്തരവുകളിലായി ഭരണാനുമതി നൽകിയ 37 പ്രവൃത്തികളുടെയും 2019-ലെ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഉത്തരവുകളിലായി ഭരണാനുമതി നൽകിയ 8 അടിയന്തര അറ്റകുറ്റപ്പണികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ നിർമ്മാണ പ്രവൃത്തി

67(2992) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പാതയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാനപാതയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തി 0/000 മുതൽ 09/000 (West Fort to Eravu to TFM School) വരെയുള്ള പ്രവൃത്തി 10-11-2016-ൽ ആരംഭിച്ചു. റോഡിന് ലഭ്യമായ വീതിയിൽ ബി.എം. പ്രവൃത്തിയും കാന, റീട്ടെയിനിംഗ് വാൾ എന്നിവയുടെ പ്രവൃത്തികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) 50 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ്ജിനത്തിൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ അരണാട്ടുകര, പുല്ലഴി, മനക്കൊടി, വെളുത്തൂർ, പരയ്ക്കാട്, എറവ് എന്നീ വില്ലേജുകളിലെ 3.7914 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി സ്ഥലത്തിന്റെ ഉദ്ദേശവിലയായ 21,24,14,000 രൂപയും 1.2 മൾട്ടിപ്ലിക്കേഷൻ ഫാക്ടും 100% സൊലേഷ്യവുമടക്കം 51,93,93,600 രൂപ അനുവദിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഭൂമി ഏറ്റെടുക്കൽ കേസുകളിൽ, 18-3-2019-ലെ സ.ഉ.(അച്ചടി) നമ്പർ 32/2019/ധന ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പുതുക്കിയ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തിയായ "FD work 2018-19 flood rectification works to Thrissur-Vadanappilly road Ch 9/000 to 16-02 in Manalur LAC" എന്ന പ്രവൃത്തിക്ക് 22-12-2018-ലെ G.O. (Rt) No. 1978/2018/PWD പ്രകാരം 250 ലക്ഷം രൂപ ഭരണാനുമതി നൽകി, കരാറുടമ്പടി വച്ച് ആരംഭിച്ചിട്ടുണ്ട്.

**പട്ടാമ്പി-പുലാമന്തോൾ റോഡ് പുനർനിർമ്മാണം സംബന്ധിച്ച് അന്വേഷണം**

68 (2993) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനർനിർമ്മാണം നടത്തുകയും പൂർത്തിയായി ആറ് മാസത്തിനുള്ളിൽ തകരുകയും ചെയ്ത പട്ടാമ്പി- പുലാമന്തോൾ റോഡ് പുനർനിർമ്മാണം ഗൗരവത്തോടെ അന്വേഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കാമോ; എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി ഏതെങ്കിലും വർക്കുകൾ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റ് ഈ വിഷയത്തിൽ കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയിലെ കരാർ പ്രകാരമുള്ളതും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ളതും പ്രവൃത്തിയിൽ ചെയ്തതുമായ ഇനങ്ങളും അളവുകളും അനുബന്ധമായി* ചേർക്കുന്നു. പ്രവൃത്തിയിൽ പുതിയ ഇനങ്ങൾ ഒന്നും തന്നെ കൂട്ടിച്ചേർത്തിട്ടില്ല. Plastering 1:4 Protective blasting in Hard rock, supplying and laying rectified antiskid tiles, Dry rubble masonry, Cement Concrete 1:3:6 എന്നീ ഇനങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പറക്കുന്നം പാലം നിർമ്മാണം**

69(2994) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ അനുവദിക്കപ്പെട്ട പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിൻെറയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് പറയാമോ;

(ബി) പ്രസ്തുത പ്രവർത്തനത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പറക്കുന്നം പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി 2017-18-ൽ ഉൾപ്പെട്ട ആലത്തൂർ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തിക്കായി G.O.(Rt) No.942/2017/PWD dated 10-7-2017 ഉത്തരവ് പ്രകാരം 1500 ലക്ഷം രൂപയുടെ തത്വത്തിലുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് വിശദാംശങ്ങൾ ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) ഇല്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി മാത്രമാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളത്. ഡിസൈൻ വിഭാഗത്തിൽനിന്നും ഡിസൈൻ ലഭിച്ചതിനു ശേഷം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായതിനു ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ റോഡുകളുടെ പുനർനിർമ്മാണം**

70 (2995) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം പ്രവൃത്തികൾ നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടും നടപടി സ്വീകരിക്കാതെ അനാസ്ഥ കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മഴയായതിനാൽ പ്രവൃത്തികൾ മന്ദഗതിയിലാണ് നടക്കുന്നത്. ഡിസംബർ 31-നകം പൂർത്തിയാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ വെള്ളക്കെട്ടിന് സാധ്യതയുള്ള നിരത്തുകൾ**

71(2996) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ട പൊതുമരാമത്ത് നിരത്തുകളിലെ ഭാഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വരും വർഷങ്ങളിലും പ്രളയസാധ്യത നിലനിൽക്കുന്നതിനാൽ ഈ ഭാഗങ്ങളിൽ എന്തുതരം മുൻകരുതലുകളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) വെള്ളക്കെട്ടിന് സാധ്യതയുള്ള പൊതുമരാമത്ത് നിരത്തുകളിലെ ഭാഗങ്ങൾ ഉയർത്തുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ വഴിക്കടവ് ചുരം മുതൽ വടപുറം പാലം വരെയുള്ള ഉപരിതലം ബി.എം.&ബി.സി. ചെയ്യുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ സംസ്ഥാനപാതയിൽ മമ്പാട് ടൗൺ വടപുറം, ജ്യോതിപടി, കീർത്തിപടി, ജനതപടി, മിനർവപടി, താഴെ ചന്തക്കുന്ന്, വെള്ളിയം തോട്, കരിമ്പുഴ, പൂച്ചക്കുത്ത്, മുട്ടിക്കടവ്, ചുങ്കത്തറ, ഇടമല, മുപ്പിനി, കലാസാഗർ, എടക്കര ടൗൺ, എടക്കര വില്ലേജ് പടി, നിലമ്പൂർ, വഴിക്കടവ്, കെട്ടുങ്ങൽ, അകമ്പാടം പാതാർ റോഡിൽ കി.മീ.11/1140 കി.മീ. 11/350, പാതാർ ഭൂതാനം പാലുണ്ട, മുണ്ടേരി റോഡിൽ പാണ്ടിപ്പുഴ, കുറ്റിപ്പാല, മുക്കം, മേലേമുണ്ടേരി പെരുനിലാവ്-പട്ടാമ്പി, പെരുന്തൽമണ്ണ-നിലമ്പൂർ റോഡിൽ പന്നിക്കോട്ടുമുണ്ട എന്നിവയാണ് 2019 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ട ഭാഗങ്ങൾ.

(ബി) മഴവെള്ളം ഒഴിഞ്ഞു പോകുന്നതിനാവശ്യമായ വെള്ളച്ചാലുകളും കലുങ്കുകളും നിർമ്മിച്ച് പരിപാലിക്കുന്നതാണ്.

(സി) നിലമ്പൂർ ടൗണിലെ കീർത്തിപ്പടി മുതൽ താഴെ ചന്തക്കുന്ന് വരെയും വെളിയംകോട് ഭാഗത്തും, പ്രവൃത്തി നടന്നുവരുന്ന നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണ പ്രവൃത്തിയുടെ ഭാഗമായി വെള്ളക്കെട്ടിന് സാധ്യതയുള്ള നിരത്ത് ഭാഗങ്ങൾ ഉയർത്തുന്ന പ്രവൃത്തി പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

**കളരാന്തിരി-പട്ടിണിക്കര-നെല്ലാങ്കണ്ടി റോഡ് നിർമ്മാണം**

72 (2997) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പൊതുമരാമത്ത് റോഡ് ഡിവിഷന് കീഴിൽ കൊടുവള്ളി സെക്ഷൻ പരിധിയിലുള്ള കളരാന്തിരി-പട്ടിണിക്കര-നെല്ലാങ്കണ്ടി റോഡിൽ 2011 മേയ് മാസം മുതൽ 2016 ഏപ്രിൽ വരെയുള്ള കാലയളവിൽ ഏതൊക്കെ ചെയിനേജിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത റോഡിൽ ഏതെങ്കിലും കൾവെർട്ട് പുതുതായി നിർമ്മിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ പ്രസ്തുത റോഡിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഭരണാനുമതി നൽകിയ ഉത്തരവുകളിൽ ലഭ്യമായ 3 ഉത്തരവുകളുടെ (4 പ്രവൃത്തികൾ സംബന്ധിച്ച്) പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത കാലയളവിൽ 2/100, 2/250, 2/800, 3/300 എന്നീ ചെയിനേജുകളിലായി 4 കൾവർട്ടുകൾ പുതുക്കി പണിതിട്ടുണ്ട്.

**നെയ്യശ്ശേരി-തോക്കുമ്പൻസാടിൽ റോഡിന്റെ ഡി.പി.ആർ.**

73 (2998) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ ഇടുക്കി ജില്ലയിലെ നെയ്യശ്ശേരി - തോക്കുമ്പൻസാടിൽ റോഡിന്റെ ഡി. പി. ആർ. തയ്യാറായിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണകാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഇടുക്കി ജില്ലയിലെ കുരുതിക്കുളം - ചേലച്ചുവട് റോഡിന്റെ ഡി. പി. ആർ. തയ്യാറായിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ ഇടുക്കി ജില്ലയിലെ നെയ്യാശ്ശേരി-തോക്കുമ്പൻസാടിൽ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 17-10-2019-ൽ M/s. Louis Berger Consulting Private Ltd. എന്ന കൺസൾട്ടൻസുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(സി) കുരുതിക്കുളം-ചേലച്ചുവട് റോഡിന്റെ ഡി.പി.ആർ. തയ്യാറായി വരുന്നു.

(ഡി) ഉണ്ട്. 10 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടാണ് കാലതാമസം നേരിടുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലയിലെ ഹിൽഹൈവേ

74(2999) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹിൽഹൈവേ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ-കോളിച്ചാൽ റീച്ചിൽ എത്ര കിലോമീറ്റർ വനപാതയുണ്ടെന്ന് അറിയിക്കുമോ; ഈ വനപാതയിൽ എത്ര പാലങ്ങൾ പുനർനിർമ്മിക്കേണ്ടതുണ്ട്എന്നതിന്റെ വിശദാംശം അറിയിക്കാമോ;

(സി) വനപാത ഒഴിച്ചുള്ള ഭാഗങ്ങൾ പൂർത്തിയാകുമ്പോൾ ഇതിനോട് അനുബന്ധിച്ചുതന്നെ വനപാതയിലുള്ള പ്രവൃത്തിയും പൂർത്തീകരിക്കാൻ പറ്റാത്തത് യഥാർത്ഥ ലക്ഷ്യം നിറവേറ്റാൻ പറ്റാത്ത സാഹചര്യമുണ്ടാക്കുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം മേജർ പ്രവൃത്തികൾക്ക് വനം വകുപ്പിന്റെ അനുമതി വാങ്ങാൻ ഉന്നതതലത്തിലുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയിലെ വനഭൂമിയിൽക്കൂടി കടന്നുപോകുന്ന രണ്ട് റീച്ചുകളായ കോളിച്ചൽ-ഇടപ്പറമ്പ് ഭാഗത്തിനും കോളിച്ചൽ-ചെറുപുഴ ഭാഗത്തിനും വനഭൂമി ലഭ്യമാക്കുന്നതിനായി രണ്ട് ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ്-കോളിച്ചൽ റീച്ചിൽ 3.610 കി.മീ. വനപാതയുണ്ട്.

കോളിച്ചൽ എടപ്പറമ്പ് റീച്ചിൽ കി.മീ. 18/878 ഉള്ള പള്ളിഞ്ചി പാലം (1), കി.മീ. 18/100 ഉള്ള പള്ളഞ്ചി പാലം (2), കി.മീ. 16/480 ഉള്ള കാവുങ്കൽ പാലം എന്നീ 3 പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിൽ ടെന്റേറ്റീവ് ഡ്രോയിംഗ് ലഭ്യമായ പള്ളിഞ്ചി പാലം (1), പള്ളഞ്ചി പാലം (2) എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയോര ഹൈവേ വനഭൂമിയിലൂടെ കടന്നു പോകുന്ന മേഖലകളിൽ അനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പദ്ധതിയുടെ പ്രാധാന്യം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിതലത്തിൽ യോഗം വിളിക്കുകയും വനം വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**ഈരാറ്റുപേട്ട എം.ഇ.എസ്. ജംഗ്ഷൻ ക്രോസ്‌വേയ്ക്ക് ഫണ്ട്**

75(3000) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട എം.ഇ.എസ്. ജംഗ്ഷൻ ക്രോസ്‌വേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതുസംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പൊതുമരാമത്ത് (സി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 8-7-2019-ലെ എഫ്.ആർ.5/5187/2019 നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈരാറ്റുപേട്ട എം.ഇ.എസ്. ജംഗ്ഷൻ ക്രോസ്‌വേ നിർമ്മാണത്തിനുവേണ്ടി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ആകെ 0.0126 ഹെക്ടർ ഭൂമി കെട്ടിടം ഉൾപ്പെടെ ഏറ്റെടുക്കുന്നതിന് 30,06,662 രൂപ അനുവദിച്ച് 4-11-2019-ലെ സ.ഉ.(സാധാ) നമ്പർ 1283/2019/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പാറശ്ശാലയിലെ റോഡ് കയ്യേറ്റങ്ങൾ**

76(3001) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സ്ഥലമേറ്റെടുക്കൽ നടപടി ആവശ്യമായി വരുന്നത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും ആയതിലേക്കായുള്ള നടപടികൾ ഏതു ഘട്ടത്തിൽ ആണെന്നും അറിയിക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലായുള്ള പുറമ്പോക്ക് സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാണോ;

(സി) പുറമ്പോക്ക് സ്ഥലങ്ങളിൽ സ്വകാര്യ കയ്യേറ്റങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) പാതയോരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നെയ്യാറ്റിൻകര പി.ഡബ്ല്യൂ.ഡി. സബ് ഡിവിഷന് കീഴിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; നിലവിൽ മറ്റു സ്ഥലങ്ങളിൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം പാലം വിഭാഗത്തിന്റെ കീഴിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വരുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സ്ഥലമേറ്റെടുക്കൽ നടപടി ആവശ്യമായി വന്നിട്ടുള്ളത് കിഫ്ബി പദ്ധതിയായ കുട്ടവീട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പുതിയ LA Act പ്രകാരം റവന്യൂ വകുപ്പിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായ SIA പഠനം നടന്നുവരുന്നു.

നിരത്തു വിഭാഗത്തിനു കീഴിൽ കിഫ്ബി പ്രവൃത്തിയായ മലയോര ഹൈവേയ്ക്ക് വേണ്ടി ഭൂവുടമകളിൽ നിന്നും സൗജന്യമായും പശുവണറ അരുവിക്കര റിംഗ് റോഡ് പ്രവൃത്തിക്കുവേണ്ടി Land Acquisition പ്രകാരവും ഭൂമി ഏറ്റെടുക്കുന്നുണ്ട്. റോഡ് പ്രവൃത്തിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നുണ്ട്. അമരവിള കാരക്കോണം കലിങ്ക് നട ശൂരവങ്കാണി റോഡ് സാമ്പത്തിക അനുമതിക്കുവേണ്ടി ഡി.പി.ആർ. കിഫ്ബിയിൽ സബ്മിറ്റ് ചെയ്തിട്ടുണ്ട്. അമരവിള കാരക്കോണം റോഡിൽ 18 മീറ്റർ വീതിക്കാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. ആയതിനു വേണ്ടുന്ന നടപടിക്രമങ്ങൾ സാമ്പത്തിക അനുമതി ലഭിച്ചതിനുശേഷം ആരംഭിക്കുന്നതാണ്. അമരവിള ഒറ്റശേഖരമംഗലം റോഡിൽ പൂവൻകാല മുതൽ (3/500) ആര്യങ്കോട് പാലത്തിനുശേഷം ചെയിനേജ് 12/200 വരെയാണ് സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തിയുള്ളത്. വിവിധ സ്ഥലങ്ങളിലായി വളവുകൾ നിവർത്തുന്നതിലേക്കായി ഏകദേശം 85 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി 6(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പ്രസിദ്ധപ്പെടുത്തി. 4(1) നോട്ടിഫിക്കേഷനു വേണ്ടിയുള്ള നടപടി പുരോഗമിക്കുന്നു.

കരമന കളിയിക്കാവിള ദേശീയപാതയുടെ 2-ാം ഘട്ട വികസനത്തോടനുബന്ധിച്ചുള്ള സ്ഥലമെടുപ്പാണ് പാറശ്ശാല മണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിന്റേതായി നടത്താനുള്ളത്. പക്ഷെ പ്രസ്തുത ഭാഗത്തെ അലൈൻമെന്റ് അംഗീകരിച്ച് കല്ലിടൽ ഉൾപ്പെടെയുള്ള നടപടികൾ

പൂർത്തിയാക്കിയാൽ മാത്രമേ ഏറ്റെടുക്കാൻ സാധിക്കൂ. നിലവിൽ ഈ ഭാഗത്തെ കരട് അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പുറമ്പോക്ക് സ്ഥലത്തിന്റെ വിശദാംശങ്ങൾ റവന്യൂ വകുപ്പിന്റെ കൈവശമാണുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുറമ്പോക്ക് ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. ആയതിനുശേഷം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഒഴിയാത്ത പക്ഷം റവന്യൂ, പോലീസ്, ജില്ലാ ഭരണകൂടം എന്നിവർ സംയുക്തമായി ചേർന്ന് കയ്യേറ്റം ഒഴിപ്പിക്കുന്നതാണ്. പൂവൻകാല ഭാഗത്ത് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അതിർത്തി നിർണ്ണയം നെയ്യാറ്റിൻകര തഹസീൽദാരുടെ നേതൃത്വത്തിൽ അതിർത്തി നിർണ്ണയം നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ഡി) മലയോര ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 2 ലക്ഷം രൂപയുടെ പ്രവൃത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്കായി ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള ദേശീയപാതയോരങ്ങളിൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കുതന്നെ നോട്ടീസ് നൽകി അവ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

**വല്ലാർപാടം സർവ്വീസ് റോഡിന്റെ നിർമ്മാണം**

77(T3002) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ റോഡിന്റെ സർവീസ് റോഡ്, കാന എന്നിവയുടെ നിർമ്മാണത്തിൽ എൻ.എച്ച്.എ.ഐ. അലംഭാവം കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വല്ലാർപാടം കണ്ടെയ്നർ റോഡിലെ സർവ്വീസ് റോഡിന്റെ പ്രവൃത്തികൾ 2019 ആഗസ്റ്റിൽ പൂർത്തിയാക്കാനാണ് NHAI തീരുമാനിച്ചിരുന്നത്. എന്നാൽ പൊതുജനങ്ങളുടെ എതിർപ്പ് കാരണം ചില സ്ഥലങ്ങളിലെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പൊതുജനങ്ങളുടെ എതിർപ്പ് പരിഹരിക്കുകയാണെങ്കിൽ രണ്ട് മാസത്തിനകം പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

**ഈരാറ്റുപേട്ട-പീരുമേട് റോഡ് നിർമ്മാണം**

78 (3003) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ഭാഗം -6 വികസനങ്ങൾ എന്ന തലക്കെട്ടിൽ റോഡുകൾ സംബന്ധിച്ച പട്ടികയിൽ 136 /19 ആയി ഉൾപ്പെട്ട ഈരാറ്റുപേട്ട-പീരുമേട് റോഡ് നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതിലേക്ക് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഈ റോഡിന്റെ എത്ര കിലോമീറ്റർ ഭാഗം പീരുമേട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1-11-2016-ലെ സ.ഉ.(സാധാ)നമ്പർ 1502/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഈരാറ്റുപേട്ട-പീരുമേട് റോഡിന് 25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. 11-2-2016-ന് സ.ഉ.(സാധാ) നമ്പർ 1687/2016/പൊ.മ.വ. പ്രകാരം നടക്കൽ-പീരുമേട്-വാഗമൺ റോഡ് പ്രവൃത്തി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പ്രോജക്ട് ഔട്ട്‌ലെ 63.99 കോടി രൂപയാണ്. ഭൂമി ഏറ്റെടുക്കുന്നതിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. മേൽ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഏലപ്പാറ മുതൽ വാഗമൺ വരെ 17 കി.മീ. റോഡ് പീരുമേട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തിരുവല്ല നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

79(3004) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജക മണ്ഡലത്തിലെ കാവനാൽ കടവ്, ഓട്ടോഫീസ് കടവ്, പനച്ചിമൂട്ടിൽ കടവ് പാലങ്ങളുടെ പണി എന്നത്തേക്ക് പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാവനാൽ കടവ്, പനച്ചിമൂട്ടിൽ കടവ് എന്നീ പാലങ്ങളുടെ നിർമ്മാണം 2019 ഡിസംബർ 31-ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഓട്ടോഫീസ് കടവ് പാലം പണി പൂർത്തീകരിച്ചിട്ടുണ്ട്.

**ആലത്തൂർ പുന്നപ്പാടം മമ്പാട് പാലം നിർമ്മാണം**

80 (3005) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പുന്നപ്പാടം മമ്പാട് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിന് അനുവദിക്കപ്പെട്ട തുകയെത്രയെന്നും പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും അറിയിക്കാമോ?

ഉത്തരം

(എ & ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ പുന്നപ്പാടം മമ്പാട് പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 2.60 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുകയും അതിൻപ്രകാരം 6.60 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**അതിരമ്പുഴ റോഡിൽ പുതിയ മേൽപ്പാലം**

81 (3006) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാണക്കാരി അതിരമ്പുഴ റോഡിൽ പുതിയ മേൽപ്പാലം പണിയുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ ;

(ബി) ഈ സ്ഥലത്ത് മേൽപ്പാലം ഇല്ലാത്തതു കാരണം വാഹനങ്ങളുടെ തിക്കും തിരക്കുംമൂലം ഗതാഗത സംവിധാനമാകെ താറുമാറാകുന്ന സ്ഥിതി വിശേഷത്തിന് പരിഹാരം കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഇല്ല. കാണക്കാരി അതിരമ്പുഴ റോഡിൽ പുതിയ മേൽപ്പാലം പ്രവൃത്തി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിവരുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് കുളിമാട് പാലം നിർമ്മാണം

82(3007) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച കുളിമാട് പാലത്തിന്റെ ഡിസൈനിൽ മാറ്റം വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡിസൈൻ പരിഷ്കരണ പ്രവൃത്തി ഏതു ഘട്ടത്തിൽ എത്തിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ&ബി) നിർദ്ദേശിച്ചിട്ടുണ്ട്. ഡിസൈൻ പരിഷ്കരണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(സി) പരിഷ്കരിച്ച ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അനുമതി നേടിയാൽ മാത്രമെ പ്രവൃത്തി പുനരാരംഭിക്കുവാൻ കഴിയുകയുള്ളു.

## മേലേക്കടവ് നടപ്പാലം നിർമ്മാണം

83 (3008) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിനെ വട്ടിയൂർക്കാവ് മണ്ഡലവുമായി ബന്ധപ്പെടുത്തുന്ന മേലേക്കാവ് നടപ്പാലം നിർമ്മിക്കുന്നതിന്റെ നടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിനെ വട്ടിയൂർക്കാവ് മണ്ഡലവുമായി ബന്ധപ്പെടുത്തുന്ന മേലേക്കടവ് നടപ്പാലം നിർമ്മാണത്തിന്റെ സർവ്വേ, മണ്ണ് പരിശോധന തുടങ്ങിയവ നടത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കിയശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**ഉപദേശിക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി**

84 (3009) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ര പഞ്ചായത്തിലെ ഉപദേശിക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉപദേശിക്കടവ് പാലത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 1-11-2019-ൽ 2373 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണം**

85(3010) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഉദയഗിരി പഞ്ചായത്തിലെ മുക്കട, ചീക്കാട്, മൂരിക്കടവ് എന്നിവിടങ്ങളിൽ പാലം നിർമ്മിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

## പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണം

86(3011) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം വൈകാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം മാത്രം ബാക്കിയിരിക്കെ, പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയത് ആരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോഴത്തെ കരാറുകാരന്റെ കരാർ കാലാവധി എന്നുവരെയാണ്; പ്രസ്തുത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ നിർമ്മാണം 26-5-1997-ൽ ആരംഭിച്ചു. പാലം നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, എർത്ത്, ഫില്ലിംഗ്, വെൽ ഫൗണ്ടേഷൻ ബലപ്പെടുത്തൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ ഉപരിതല നിർമ്മാണംകൂടി പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) പഴയ കരാർ റദ്ദാക്കി പുതിയ കരാർ തീരുമാനിക്കുന്നതിലുണ്ടായ കാലതാമസംമൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയത്.

(സി) 2018-19-ലെ പ്രളയവും തുടർന്നുണ്ടായ മഴയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(ഡി) ദീർഘിപ്പിച്ച കാലാവധി 2019 നവംബർ 30 വരെയാണ്. മഴ മാറിയാൽ ബാക്കി പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാകും.

## വെണ്ടുരുത്തി പാലത്തിന്റെ ഘടനാശേഷി സംബന്ധിച്ച പഠനം

87(3012) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തെയും പശ്ചിമ കൊച്ചിയെയും തമ്മിൽ ബന്ധിപ്പിക്കുന്നതും 1936-ൽ നിർമ്മിച്ചതുമായ വെണ്ടുരുത്തി പാലത്തിന്റെ

ഘടനാശേഷി സംബന്ധിച്ച് വിദഗ്ദ്ധവും വിശദവുമായ പഠനവും പരിശോധനയും നടത്തി പാലം പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ചെന്നൈയിലെ എസ്. ഇ. ആർ. സി. (സ്ട്രക്ചറൽ എൻജിനീയറിങ് റിസർച്ച് സെന്റർ ) -ക്ക് എന്നാണ് കത്തയച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കത്തിലെ ആവശ്യ പ്രകാരമുള്ള വിശദാംശങ്ങളും ഉപദേശങ്ങളും ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(സി) പാലത്തിന്റെ ശോചനീയാവസ്ഥ വർദ്ധിക്കുന്നത് കണക്കിലെടുത്ത് പാലം സംരക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ഡിസൈൻ) ഓഫീസിൽ നിന്നും 20-7-2018-ന് ചെന്നൈയിലെ എസ്.ഇ.ആർ.സി. (സ്ട്രക്ചറൽ എഞ്ചിനീയറിംഗ്)-ക്ക് കത്തയച്ചിരുന്നു. പ്രസ്തുത കത്തിനുള്ള മറുപടി ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ 5-11-2019-നു ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്.

(ബി) എസ്.ഇ.ആർ.സി.യുടെ മറുപടി ലഭ്യമായിട്ടില്ല.

(സി) ചെന്നൈയിലെ എസ്.ഇ.ആർ.സി. (സ്ട്രക്ചറൽ എഞ്ചിനീയറിംഗ്)-ൽ നിന്ന് പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി**

88(3013) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ പൊതുമരാമത്തു വകുപ്പ് എക്സി.എൻജിനീയറുടെ മേൽനോട്ടത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന ബുധനൂർ പഞ്ചായത്ത് വഴവാടിക്കടവ്, ചെങ്ങന്നൂർ കൈപ്പാലക്കടവ്, വെണ്മണി ശാർങ്ങക്കാവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ലഭ്യമാക്കാമോ?

ഉത്തരം

ചെങ്ങന്നൂർ മണ്ഡലത്തിലെ വഴവാടിക്കടവ്, കൈപ്പാലക്കടവ്, ശാർങ്ങക്കാവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി താഴെപ്പറയുന്നു:

1. <u>വഴവാടിക്കടവ് പാലം</u>

പൈൽ 24/24, പൈൽ ക്യാപ്പ് 6/6, പിയർ 4/4 ബീമുകൾ 3/15 എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് പുരോഗമിക്കുന്നു. ഏകദേശം 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. <u>കൈപ്പാലക്കടവ് പാലം</u>

പൈൽ 30/30, പൈൽ ക്യാപ്പ് 12/12, പിയർ 9/12 സ്ലാബ് 2/10 പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് പുരോഗമിക്കുന്നു. ഏകദേശം 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. <u>ശാർങ്ങക്കാവ് പാലം</u>

മണ്ണ് പരിശോധന പ്രവൃത്തികൾ പുരോഗമിക്കുന്നു.

**ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

89(3014) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടമ്പുഴ - കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാ സൗകര്യത്തിന് ഉപകാരപ്പെടുന്നതുമായ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച തുടർനടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകുന്ന പ്രസ്തുത പാലം നിർമ്മാണത്തിന് വേഗത്തിൽ അനുമതി നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഇഞ്ചത്തൊട്ടി പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. (PRICE ID No. RD/2018/7709). ഈ പ്രവൃത്തി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## വാടനംകുറിശ്ശി മേൽപ്പാലത്തിന്റെ പ്രവർത്തന പുരോഗതി

90(3015) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടനംകുറിശ്ശി മേൽപ്പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ;

(ബി) വാടനംകുറിശ്ശി മേൽപാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനോടനുബന്ധിച്ചുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായോ; എത്ര പേരിൽ നിന്നാണ് സ്ഥലം ഏറ്റെടുക്കേണ്ടതെന്നും ആരിൽ നിന്നൊക്കെയാണെന്നും എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നും വ്യക്തമാക്കാമോ;

(ഡി) സ്ഥലമേറ്റെടുക്കുന്നതിനു ഇനിയും സമ്മതം നൽകിയിട്ടില്ലാത്ത ആരെങ്കിലുമുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനു എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ; പ്രവൃത്തി എന്നു ടെണ്ടർ ചെയ്യാൻ സാധിക്കും എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാടനംകുറിശ്ശി മേൽപ്പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. ടി പ്രവൃത്തി പൂർത്തിയായാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) കിഫ്ബി 27-7-2007-ലെ ഓർഡർ നമ്പർ APR-2/136/2017/KIIFB മുഖേന പദ്ധതി അംഗീകരിക്കുകയും 30.09 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടില്ല. 18 പേരിൽ നിന്ന് 43.46 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. പ്രസ്തുത വിവരം അനുബന്ധമായി *ചേർക്കുന്നു.

(ഡി) ഒരാൾ സമ്മതം അറിയിച്ചിട്ടില്ല. നാരായണൻ ടി. കെ. എന്നയാളുടെ ഓങ്ങല്ലൂർ-2 വില്ലേജിൽ പെട്ട സർവ്വേ നമ്പർ 236/1/1-ലെ 0.07 ആർ സ്ഥലത്തെ സംബന്ധിച്ചാണ് സമ്മതം ലഭിക്കാത്തത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചാൽ മാത്രമേ ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഏകദേശം 4 മാസം കൊണ്ട് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കരുവാറ്റക്കടവ് പാലം നിർമ്മാണം**

91(3016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണികുളം, താമരശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കരുവാറ്റക്കടവ് പാലം നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ.-ന് അനുമതി നൽകുന്നതിൽ തടസ്സം എന്താണെന്നറിയിക്കാമോ;

(സി) കരുവാറ്റക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 14-8-2009-ൽ ഈ പാലത്തിന്റെ നിർമ്മാണത്തിനായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രൈസ് നമ്പർ RD/2016/5287 ആയി 200 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചെങ്കിലും പ്രസ്തുത ഹെഡ് നിർത്തലാക്കിയതിനെ തുടർന്ന് ഭരണാനുതി ലഭ്യമായിട്ടില്ല. ഈ പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടിയിരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമായാൽ ഭരണാനുമതിക്കായി ഡി.പി.ആർ. തയ്യാറാക്കുവാൻ കഴിയും. ഈ പ്രവൃത്തിയുടെ വിശദമായ ഇൻവെസ്റ്റിഗേഷന് 2,30,000 രൂപയുടെ ഭരണാനുമതി 31-1-2019-ൽ നൽകിയിട്ടുണ്ട്. ആയത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടാമ്പിയിൽ പുതിയ പാലത്തിന്റെ നിർമ്മാണം**

92(3017) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയ്ക്കു കുറുകെ പട്ടാമ്പിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ; ഈ പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; പുതിയ പാലത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ എന്നു ആരംഭിക്കുവാൻ സാധിക്കും; പ്രവർത്തനം എന്ന് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ?

ഉത്തരം

(എ) 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 3,000.00 ലക്ഷം രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 30 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 25.84 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടിയും നൽകിയിട്ടുണ്ട്. പട്ടാമ്പിയേയും തൃത്താലയേയും ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന ഈ പാലത്തിന് 14 സ്പാൻ ഉൾപ്പെടെ 370.24 മീറ്റർ നീളമാണ് ഡിസൈൻ പ്രകാരമുള്ളത്. പട്ടാമ്പിയും തൃത്താലയും ഉൾപ്പെട്ട 246 മീറ്റർ അപ്രോച്ച് റോഡും (തൃത്താല-174 മീറ്റർ, പട്ടാമ്പി-72 മീറ്റർ) ഈ നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇരുഭാഗങ്ങളിലുമായി 17.29 സെന്റ് സ്ഥലം (പട്ടാമ്പി-7.4 സെന്റ്, തൃത്താല-9.88 സെന്റ്) ഏറ്റെടുക്കേണ്ടതായിവരും.

(ബി) കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമായതിനുശേഷം എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് സാങ്കേതികാനുമതി ലഭിക്കേണ്ടതുണ്ട്. സാങ്കേതികാനുമതി ലഭിച്ച് കഴിഞ്ഞാൽ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

**മറ്റത്താൻകടവ് പാലം നിർമ്മാണം**

93(3018) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ മറ്റത്താൻകടവ് പാലം നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സമായ കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) പാലത്തിന്റെ ഉപരിതലത്തിന്റെ വെയറിംഗ് കോട്ടിന്റെയും അപ്രോച്ച് റോഡിലെ ടാറിംഗും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ സ്ഥലമേറ്റെടുത്ത് നൽകുന്നതിലെ കാലതാമസംമൂലം നിരക്ക് പുതുക്കി നൽകാൻ ആവശ്യപ്പെടുകയും അതനുസരിച്ച് പുതുക്കിയ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് അപ്രോച്ച് റോഡ് ഫില്ലിംഗും മെറ്റലിംഗും ഉൾപ്പെടെയുള്ള പ്രവൃത്തികൾ മേയ് 2019-ൽ പൂർത്തീകരിക്കുകയും ചെയ്തു. ശേഷിക്കുന്ന ടാറിംഗും പാലത്തിന്റെ ഉപരിതലത്തിൽ വെയറിംഗ് കോട്ടിന്റെ പ്രവൃത്തികളും തുടർച്ചയായ മഴമൂലം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മണ്ണാറക്കുളഞ്ഞി-പമ്പ ശബരിമല പാതയിൽ പുതിയ പാലം**

94(3019) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാറക്കുളഞ്ഞി -പമ്പ ശബരിമല പാതയിൽ വടശ്ശേരിക്കരയിൽ പുതിയ പാലം നിർമ്മിക്കാൻ എന്നാണ് അനുമതി ലഭിച്ചത് എന്നും എത്ര രൂപയാണ് ഇതിന്റെ നിർമ്മാണച്ചെലവ് എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള നിർമ്മാണക്കരാർ ആരാണ് ഏറ്റെടുത്തിരിക്കുന്നതെന്നും എന്നാണ് ഇതിനായി എഗ്രിമെന്റ് വച്ചതെന്നും എത്ര നാളാണ് കാലാവധിയെന്നും വെളിപ്പെടുത്താമോ;

(സി) പാലം നിർമ്മാണം ഏതു ഘട്ടംവരെയായി; നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത കോൺട്രാക്ടറെ കരാറിൽനിന്ന് ഒഴിവാക്കാനും ടിയാനെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്കായി 21-8-2017-ൽ 1406 ലക്ഷം രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണച്ചെലവ് 934.52 ലക്ഷം രൂപയാണ്.

(ബി) ശ്രീ. ഇബ്രാഹിംകുട്ടി എന്ന കരാറുകാരൻ 21-12-2018-ൽ 2 വർഷ കാലാവധിയിൽ പാലം പൂർത്തീകരിക്കുന്ന വിധത്തിൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(സി) പാലം നിർമ്മാണം ആരംഭിച്ചിട്ടില്ല. തടസ്സമൊന്നും തന്നെ ഇല്ല.

(ഡി) കരാറുകാരനെതിരെ നടപടി എടുക്കുന്നതിനായി കിഫ്ബിയുടെ നിർമ്മാണ ചുമതല വഹിക്കുന്ന കേരള റോഡ് ഫണ്ട് ബോഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പാഞ്ചിക്കാട്ട്കടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി**

95(3020) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പാഞ്ചിക്കാട്ട്കടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന് നൽകേണ്ട ഫണ്ട് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പാഞ്ചിക്കാട്ട്കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിട്ടുപോയ സർവ്വേ നമ്പറുകൾ ഉൾപ്പെടെയുള്ള അർത്ഥനാ പത്രം പൊതുമരാമത്ത് വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് നൽകി. എൽ.എ. ആക്ട് പ്രകാരം നടപടികൾ റവന്യൂ വകുപ്പിൽ നടന്നു വരുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ടി സ്ഥലത്ത് ബൗണ്ടറി കല്ലുകൾ പല തവണ സ്ഥാപിച്ചുവെങ്കിലും ചില കല്ലുകൾ പതിവായി missing ആകുന്നു. ഇപ്പോൾ 22 കല്ലോളം missing ആയി. ഇത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന് 3.50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജ് ഒടുക്കേണ്ടതുണ്ട്. ടി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നിരത്ത് വിഭാഗം സീനിയർ ഫിനാൻഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

**മൂരാട്, പാലോളി പാലങ്ങളുടെ പുനർനിർമ്മാണവും ദേശീയപാത വികസനവും**

96(3021) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ദേശീയപാതാ വികസനത്തിന്റെ ഭാഗമായി മൂരാട്, പാലോളി പാലങ്ങൾ പുനർനിർമ്മിക്കാനും പാലങ്ങൾക്കിടയിലുള്ള അത്രയും ദൂരം ദേശീയപാത വികസിപ്പിക്കാനും സ്റ്റാന്റ് എലോൺ ആയി പ്രവൃത്തി ആരംഭിക്കുന്നതിനും ഇപ്പോഴുള്ള തടസ്സം വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ന് ടെണ്ടർ ചെയ്ത് ആരംഭിക്കാമെന്നാണ് കരുതുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിലെ മൂരാട്, പാലോളി പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും പാലങ്ങൾക്കിടയിലുള്ള ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുമാണ് നിശ്ചയിച്ചിരിക്കുന്നത്. അത് പ്രകാരം ടെണ്ടർ വിളിക്കുകയും ചെയ്തു. ദേശീയപാത അതോറിറ്റി ഹെഡ്ക്വാർട്ടേഴ്സ് അത് ആറുവരിപ്പാതയായി പുനർ നിർമ്മിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് അപ്രകാരം ഭേദഗതികൾ വരുത്തിയ ബിഡ് ഡോക്യുമെന്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ് ക്വാർട്ടേഴ്സ്/കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിക്കുന്നതാണ്.

**കല്ലമ്പലം ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിന് നടപടി**

97(3022) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തല-കഴക്കൂട്ടം ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രൊപ്പോസൽ അനുസരിച്ച് കല്ലമ്പലം ജംഗ്ഷനിൽ 715 മീറ്റർ നീളത്തിലും 29 മീറ്റർ വീതിയിലുമുള്ള ഫ്ലൈഓവർ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

ചേർത്തല-കഴക്കൂട്ടം ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രൊപ്പോസൽ അനുസരിച്ച് കല്ലമ്പലം ജംഗ്ഷനിൽ 715 മീറ്റർ നീളത്തിലും 29 മീറ്റർ വീതിയിലുമുള്ള ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി പബ്ലിഷ് ചെയ്ത തിരുവനന്തപുരം ജില്ലയിലെ 3A നോട്ടിഫിക്കേഷൻ റദ്ദായി. ആയതിനാൽ പുതിയ 3A നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിനായി CALA-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലക്കാട്-തൃശ്ശൂർ ദേശീയപാതയിലെ കുതിരാൻ ടണൽ നിർമ്മാണം**

98(3023) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-തൃശ്ശൂർ ദേശീയപാതയിലെ കുതിരാൻ മലയിൽ നടന്നുവരുന്ന ടണൽ നിർമ്മാണത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) ടണൽ നിർമ്മാണം പൂർത്തിയാവാത്തതിനാലും മഴക്കാലത്ത് മണ്ണിടിച്ചിൽമൂലവും ദേശീയപാതയിൽ തുർച്ചയായി മണിക്കൂറുകളോളം ഗതാഗത തടസ്സം ഉണ്ടാകുന്നതും പരിഗണിച്ച് റോഡിന്റെ ശോചനീയാവസ്ഥ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 10-10-2019 വരെയുള്ള ടണലിന്റെ നിർമ്മാണ പുരോഗതി അനുബന്ധമായി* ചേർക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പുമന്ത്രി മൂന്ന് തവണ ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചിരുന്നു. 25-9-2018-ൽ കുതിരാൻ സന്ദർശിക്കുകയും യോഗങ്ങൾ നടത്തി തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. താൽക്കാലികമായി ടാറിംഗ് നടത്തിയെന്നല്ലാതെ മറ്റൊന്നും ചെയ്തില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം 30-8-2019-ൽ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ നിർമ്മാണ കമ്പനിയുടെ റിസ്ക് & കോസ്റ്റിൽ പുതിയ ഏജൻസിയെ കൊണ്ട് റോഡിന്റെ മെയിന്റനൻസ് നടത്താൻ റീജിയണൽ ഓഫീസർ NHAI തീരുമാനിക്കുകയും ഇപ്പോൾ എമർജൻസി മെയിന്റനൻസ് ടെണ്ടർ ക്ഷണിക്കുകയും അതിൻപ്രകാരം എമർജന്റ് റിപ്പയർ വർക്കുകൾ ഉടൻ തന്നെ പൂർത്തിയാക്കുന്നതാണ് എന്ന് NHAI അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി 2018-ൽ കുതിരാൻ തുരങ്കം നേരിൽ സന്ദർശിക്കുകയും തൃശ്ശൂർ കളക്ടറേറ്റിൽ വച്ച് കളക്ടർ, കരാറുകാർ, NHAI അധികാരികൾ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. 2019 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും വാഗ്ദാനം നടപ്പിലാക്കുന്നതിൽ കരാറുകാരനും NHAI-യും പരാജയപ്പെട്ടു. കരാറുകാരനെതിരെ കരാർ ലംഘിച്ചതിന് നടപടി സ്വീകരിക്കാനും ടെർമിനേറ്റ് ചെയ്യാൻ നടപടിയെടുക്കാനും NHAI-യോട് കത്ത് വഴി ആവശ്യപ്പെട്ടിരിക്കുകയാണ്. NHAI-യുമായുള്ള കരാറായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുന്നതിൽ പരിമിതികളുണ്ട്.

**കോഴിക്കോട് വെങ്ങളം-രാമനാട്ടുകര ബൈപ്പാസ് രണ്ടാം ഘട്ടം**

99 (3024) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ വെങ്ങളം-രാമനാട്ടുകര ബൈപ്പാസ് രണ്ടാം ഘട്ടം വീതി വർദ്ധിപ്പിക്കൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയതാണോ; എങ്കിൽ ഏത് കമ്പനിയാണ് പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചതെന്നും എന്നാണ് എഗ്രിമെന്റ് വെച്ചതന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാതയിൽ ഇപ്പോൾ ആവശ്യമായി വരുന്ന ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ചുമതല ആരുടേതാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ വെങ്ങളം-രാമനാട്ടുകര ബൈപ്പാസ് രണ്ടാംഘട്ട വീതി വർദ്ധിപ്പിക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് M/s. KMC Constructions Ltd. (SPV of Calicut Express Way Pvt Ltd) എന്ന കമ്പനിയുമായി 18-4-2018-ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(ബി) ഹൈബ്രിഡ് അന്വിറ്റി മോഡിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപ്പിലാക്കുന്ന ഈ പ്രോജക്ടിന് പദ്ധതി തുടങ്ങുന്നതിനു മുൻപായി കരാറുകാരൻ ഫിനാൻഷ്യൽ ക്ലോഷർ (നിശ്ചിത തുകയ്ക്കുള്ള സാമ്പത്തിക ഉറവിടം ഉറപ്പാക്കൽ തുടങ്ങിയവ) പാലിക്കേണ്ടിയിരിക്കുന്നു. ഇത് വൈകുന്നതാണ് പദ്ധതി വൈകുന്നതിനുള്ള കാരണം. ചുരുക്കത്തിൽ കരാറെടുത്ത കമ്പനിയുടെ സാമ്പത്തിക പ്രശ്നങ്ങൾ കാരണമാണ് പ്രവൃത്തി ആരംഭിക്കാനാകാത്തത്. ഇതിന്റെ ഭാഗമായി കമ്പനിയെ ഒഴിവാക്കി മറ്റു ഏജൻസികളെ ഏൽപ്പിക്കാനോ കമ്പനിക്കെതിരെ കരാർ വ്യവസ്ഥകൾ പാലിക്കാത്തതിനെതിരെ നടപടിയെടുക്കുന്നതിനോ NHAI ശ്രമിച്ചതായി കാണുന്നില്ല.

(സി) ദേശീയപാതകളുടെ പരിപാലനം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ സംസ്ഥാന ദേശീയപാതാ വിഭാഗമാണ് നടപ്പിലാക്കുന്നത്. എന്നാൽ ഈ സ്ട്രെച്ച് ഏറ്റെടുത്തില്ല എന്ന കാരണത്താൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും പദ്ധതി അവാർഡ് ചെയ്തിരിക്കുന്ന കാരണത്താൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും മെയിന്റനൻസ് നടത്തുന്നില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് 50 ലക്ഷത്തിന്റെ അറ്റകുറ്റപ്പണികൾ ഇപ്പോൾ നടത്തിവരുന്നുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്.

**കാസർഗോഡ്-മംഗലാപുരം ദേശീയപാത**

100 (3025) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് - മംഗലാപുരം ദേശീയപാതയുടെ നീളം എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗതാഗതയോഗ്യമായതും അല്ലാത്തതുമായ എത്ര കിലോമീറ്ററുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ദേശീയപാതയിൽ അവസാനമായി അറ്റകുറ്റപ്പണി നടത്തിയത് എപ്പോഴാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ദേശീയപാത ഇപ്പോൾ ഗതാഗതയോഗ്യമല്ലെങ്കിൽ ഏത് അവസ്ഥയിലാണുള്ളതെന്നും ഗതാഗതയോഗ്യമാക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും എപ്പോഴാണ് പ്രവൃത്തി ടെണ്ടർ ചെയ്തതെന്നും ഇതുവരെ പണി തുടങ്ങാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയപാത 66 മംഗലാപുരം മുതൽ തലപ്പാടി വരെ 17 കി.മീറ്ററും തലപ്പാടി മുതൽ കാസർഗോഡ് വരെ 33 കി. മീറ്ററുമാണ്. ഇതിൽ തലപ്പാടി മുതൽ കാസർഗോഡ് വരെയാണ് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്നത്.

(ബി) കാസർഗോഡ് മുതൽ തലപ്പാടി വരെയുള്ള ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. നാലുവരിപ്പാത വികസനത്തിനുള്ള ടെണ്ടർ നടപടി NHAI സ്വീകരിച്ചിട്ടുണ്ട്.

(സി) അവസാനമായി പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തി നടത്തിയത് 24-3-2016-ലാണ്. ഇതിന് ചെലവഴിച്ച തുക 5,49,28,000 രൂപയാണ്. അതിനുശേഷം താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 69,91,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിയുടെ ഭാഗമായി തലപ്പാടി മുതൽ കുമ്പള വരെയുള്ള ഭാഗങ്ങൾക്ക് കരാർ ഉടമ്പടിയായിട്ടുണ്ട്. മഴ കാരണം പ്രവൃത്തി ചെയ്യുന്നതിന് തടസ്സം നേരിടുന്നു. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെയുള്ള ദേശീയപാത നവീകരണം

101 (3026) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ കോട്ടയ്ക്കൽ ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ദേശീയപാത വിഭാഗം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രൊപ്പോസലിൽ വളാഞ്ചേരി ജംഗ്ഷനിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി ഏതെങ്കിലും പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണത്തിന് മുൻ ബഡ്ജറ്റ് പ്രസംഗത്തിൽ പത്ത്കോടി രൂപ അനുവദിക്കുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷം ദേശീയപാതകളുടെ അറ്റകുറ്റപ്പണിക്കായി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം പീരിയോഡിക്കൽ റിന്യൂവൽ പദ്ധതിയിൽ (റീ സർഫസിംഗ്) ഉൾപ്പെടുത്തി 11 പ്രവൃത്തികൾക്ക് 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ദേശീയപാത 66-ൽ ചങ്കുവെട്ടി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്തിന് റീസർഫസിംഗ് ചെയ്യുന്ന പ്രവൃത്തി, അനുമതി ലഭിച്ച 11 പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്.

(സി) പ്രസ്തുത പ്രൊപ്പോസൽ റീസർഫസിംഗ് പ്രവൃത്തിയാണ്. ആയതിനാൽ വളാഞ്ചേരി ജംഗ്ഷൻ പുനരുദ്ധാരണ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

(ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 10 കോടി രൂപയുടെ വളാഞ്ചേരി റിംഗ് റോഡ് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ വളാഞ്ചേരി റിംഗ് റോഡിന് 10 കോടി രൂപ 2016-17-ൽ Principal Sanction നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാത 66 വളാഞ്ചേരി-അങ്ങാടിപ്പുറം റോഡിനെ ബന്ധിപ്പിക്കുന്ന "Meenpara-Vaikathore road to NH 66" , Valancheri-Thiruvagappuram road-നെ ബന്ധിപ്പിക്കുന്ന മൂച്ചിക്കൽ

കരിങ്ങലത്താണി റോഡ്" കിഫ്ബി ഫണ്ട് മുഖാന്തരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ജനസാന്ദ്രതയുള്ള സ്ഥലമായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ "Project Not Feasible" ആയതിനാൽ ഡി.പി.ആർ. സമർപ്പിച്ചിട്ടില്ലെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം അറിയിച്ചിട്ടുണ്ട്.

**ആദിനാട് ഗവ. യു.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണ പുരോഗതി**

102 (3027) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആദിനാട് ഗവ. യു. പി. സ്കൂളിന് 1-3-2018-ൽ ഭരണാനുമതി ലഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ആയതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ആയതിന്മേലുള്ള നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണത്തിന് ഒരു സ്കൂൾ ഗ്രൗണ്ടിൽ പാലിക്കേണ്ട മിനിമം സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ; ആയത് പരിശോധിച്ച് കരാറുകാരന് വേണ്ട നിർദ്ദേശങ്ങൾ നൽകുമോ;

(ഇ) കെട്ടിടം പണി പൂർത്തീകരിച്ച് ആയത് സ്കൂളിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആദിനാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റിംഗ് കഴിഞ്ഞു.

(ബി) ഒരു വ്യക്തി കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. വിജിലൻസ് ഓഫീസിന്റെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്കൂളിന്റെ നിർമ്മാണപ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്.

(സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സൈറ്റ് സന്ദർശിക്കുകയും മെറ്റീരിയലുകൾ ടെസ്റ്റ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഇതനുസരിച്ച് ചെയ്ത ടെസ്റ്റ് റിപ്പോർട്ടുകൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് അയച്ചുകൊടുത്തു. പി.ഡബ്ല്യു.ഡി. വിജിലൻസ് ഓഫീസിൽനിന്നും പ്രവൃത്തി പുനരാരംഭിക്കാനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ഡി) ഇതിന്റെ നിർമ്മാണത്തിന് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് കരാറുകാരന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(ഇ) പി.ഡബ്ല്യു.ഡി. വിജിലൻസ് ഓഫീസിൽ നിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം പ്രവൃത്തികൾ

103 (3028) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള തുക, വക കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം വൈകുന്നതിനുള്ള കാരണം പ്രത്യേകമായി പരിശോധിച്ച് അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള തുക വക കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി * ചേർക്കുന്നു.

(സി) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണം വൈകുന്നതിനുള്ള കാരണം പരിശോധിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആയാംപറമ്പ് സർക്കാർ എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം**

104(3029) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആയാംപറമ്പ് സർക്കാർ എച്ച്.എസ്.എസിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുവാനുണ്ടായ കാരണം എന്താണെന്ന് അറിയിക്കാമോ; ഇതിന്റെ നിർവ്വഹണ തടസ്സം മാറുന്നതിന് സ്വീകരിക്കുന്ന നടപടി എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി 2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ. (ആർ.ടി.) നമ്പർ 4357/2016/ജി/ഇ.ഡി.എൻ. നമ്പർ ഉത്തരവ് പ്രകാരം ആയാംപറമ്പ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി 190 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൻപ്രകാരം മണ്ണ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കോളം ഫുട്ടിംഗ് രീതിയിലുള്ള ഫൗണ്ടേഷനാണ് ശിപാർശ ചെയ്തിരുന്നത്. അതനുസരിച്ച് രണ്ട് നിലകളിലായി കെട്ടിടം പണിയുന്നതിന് 186 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ഇതിന് തിരുവനന്തപുരം കെട്ടിട വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും തുടർന്ന് 17.75 ശതമാനം കുറഞ്ഞ നിരക്കിൽ കെ. മുഹമ്മദ് സക്കീർ, ഷഫീഖ് മൻസിൽ, ബിവിൻജ, തെക്കിൻഫെറി, കാസർഗോഡ് എന്ന കരാറുകാരൻ 13-11-2018 തീയതി എഗ്രിമെന്റ് വയ്ക്കുകയും 16-11-2018-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ പ്രവൃത്തി ആരംഭിച്ച ഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ സമയത്ത് മണ്ണ് പരിശോധന നടത്തിയ സ്ഥലത്തുനിന്നും മാറി സ്കൂൾ അധികൃതർ നിർദ്ദേശിച്ച സ്ഥലത്ത് പ്രവൃത്തി ചെയ്യുവാനായി മണ്ണ് നീക്കിയപ്പോൾ താഴെ ചെളിയാണെന്ന് ബോധ്യപ്പെടുകയും മേലധികാരികളുടെ നിർദ്ദേശ പ്രകാരം വീണ്ടും മണ്ണ് പരിശോധനയ്ക്കായി പണി നിർത്തിവയ്ക്കുകയും ചെയ്തു. കുട്ടനാട്ടിലെ മണ്ണിന്റെ ഘടന വളരെ സങ്കീർണ്ണവും ബഹുനില കെട്ടിടങ്ങൾക്ക് തീരെ അനുയോജ്യമല്ലാത്തതിനാലും ചെറിയ രീതിയിലുള്ള സൈറ്റ് മാറ്റങ്ങൾക്കുപോലും മണ്ണ് പരിശോധന ആവർത്തിച്ച് ചെയ്യേണ്ടതായിവരുന്നുണ്ട്. തുടർന്നുള്ള മണ്ണ് പരിശോധനയിൽ 30 മീ. താഴ്ചയിലുള്ള പൈൽ ഫൗണ്ടേഷനാണ് ശിപാർശ ചെയ്തിരിക്കുന്നത്. ആയതിനാൽ പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ആദ്യം അനുവദിച്ച തുക തികയാതെ വരികയും 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ (വാല്യം 2, ക്രമനമ്പർ 358) 200

ലക്ഷം രൂപ കൂടി സംയോജിപ്പിച്ച് ഈ കെട്ടിടം നിർമ്മിക്കുവാൻ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. രമേശ് ചെന്നിത്തല ശിപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ പൈലിംഗ് നടത്തുമ്പോൾ തൊട്ടടുത്ത് നിൽക്കുന്ന കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന സ്കൂൾ അധികൃതരുടെ അഭിപ്രായം പരിഗണിച്ച് വീണ്ടും മണ്ണ് പരിശോധന നടത്തിയ ഏജൻസിയോട് പുതിയ ഫൗണ്ടേഷന് ഡിസൈൻ നൽകുവാൻ ചീഫ് എഞ്ചിനീയർ ഡിസൈൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടന്റിനോട് ചർച്ച ചെയ്ത പ്രകാരം പൈൽ ഫൗണ്ടേഷൻ മാത്രമേ പ്രസ്തുത സ്ഥലത്ത് ഉചിതമാകുകയുള്ളൂ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ സ്ട്രക്ച്ചറൽ ഡ്രോയിംഗിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമായാലുടൻ തന്നെ ഭരണാനുമതിക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2019-20 ബഡ്ജറ്റ് വാല്യം1, പേജ് നമ്പർ 660, ഐറ്റം നമ്പർ 45-ൽ 4,29,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ആലുവ-പെരുമ്പാവൂർ റോഡിന് കിഫ്ബിയുടെ ഭരണാനുമതി**

105(3030) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ആലുവ-പെരുമ്പാവൂർ റോഡിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആലുവ-പെരുമ്പാവൂർ റോഡിന്റെ 48 കോടി രൂപയുടെ ഡി.പി.ആർ. അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിന് അനുമതി ലഭിച്ചിട്ടില്ല.

(ബി) കിഫ്ബി മാനദണ്ഡപ്രകാരം റോഡുകളുടെ വീതി കൂട്ടുന്നതിനും നാലുനിരയാക്കുന്നതിനുമുള്ള പുതിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കിഫ്ബിയിൽ ഉൾപ്പെട്ട കാസർഗോഡ് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

106 (3031) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പൂർത്തീകരിക്കാൻ കഴിയാത്തതിനും പ്രവൃത്തികൾ തുടങ്ങിയിട്ടില്ലാത്ത പദ്ധതികളുണ്ടെങ്കിൽ അതിനും കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാല് പ്രവൃത്തികൾ.

(ബി)

1. കിഫ്ബി 2016-17 കല്ലട്ക്ക-ചെർക്കള റോഡ് നവീകരണം കി.മീ. 33/000 മുതൽ കി.മീ. 52/194 വരെ-39.76 കോടി
2. കിഫ്ബി 2017-18 ബദിയടുക്ക-ഏത്തട്ക്ക-സുള്ള്യപദവ് റോഡ് നവീകരണം കി.മീ. 0/000 മുതൽ കി.മീ. 20/000 വരെ-45.47 കോടി
3. കിഫ്ബി 2017-18 നെക്രാംപാറ-അർലട്ക്ക-പൂണ്ടൂർ-നേരംപാടി-യേത്തട്ക്ക റോഡ് നവീകരണം കി.മീ. 0/000 മുതൽ കി.മീ. 11/600 വരെ-(29.55 കോടിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല.)
4. ഓടൻകല്ല് പാലം-ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(സി) മേൽപ്പറഞ്ഞ ഒരു പ്രവൃത്തിയും പൂർത്തിയാക്കിയിട്ടില്ല.

(ഡി) മുകളിൽ സൂചിപ്പിച്ച ക്രമനമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയിൽ മന്ദഗതിയിലുള്ള പുരോഗതിയും പ്രവൃത്തിയുടെ നിലവാരത്തിൽ ചില അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനാൽ കിഫ്ബിയുടെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. അപാകതകൾ പരിഹരിച്ച് ഉടൻതന്നെ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

ക്രമനമ്പർ 2 പ്രകാരമുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

ക്രമനമ്പർ 3 പ്രകാരമുള്ള പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിക്കായി 29.55 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

ക്രമനമ്പർ 4 പ്രകാരമുള്ള പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

107 (3032) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിൽ 2016 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെ നടപ്പിലാക്കിയതും ഭരണാനുമതി ലഭിച്ചതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) ചടയമംഗലം മണ്ഡലത്തിൽ 2016 ജൂൺ മുതൽ 2019 സെപ്റ്റംബർവരെ നടപ്പിലാക്കിയതും ഭരണാനുമതി ലഭിച്ചതുമായ നിരത്തുകൾ, കെട്ടിടം, കിഫ്ബി വിഭാഗത്തിന് കീഴിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പത്തനാപുരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

108 (3033) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോവർഷവും ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവയിൽപ്പെട്ട എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ, ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്നും ടെണ്ടർ ചെയ്തിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) പത്തനാപുരം നിയോജകമണ്ഡലത്തിലെ ദേശീയപാത വിഭാഗത്തിനുകീഴിൽ 2016-17 വർഷത്തിൽ പ്രവൃത്തികളൊന്നുംതന്നെ ചെയ്തിട്ടില്ല. 2017-18-ൽ എൻ.എച്ച് 744 റോഡ് സേഫ്റ്റി വർക്ക്-വിളക്കുടി (കി.മീ. 37/900) മുതൽ ഇളമ്പൽ (കി.മീ 40/000) പച്ചിലവളവ് എന്ന പ്രവൃത്തി 76.06 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി 63.64 ലക്ഷം രൂപയ്ക്ക് പണി പൂർത്തീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2018-19-ൽ പ്രീമൺസൂൺ വർക്ക്- അമ്പലത്തുംകാല മുതൽ ഇളമ്പൽ വരെ 6.50 ലക്ഷം രൂപ ഭരണാനുമതി നൽകി പണി പൂർത്തിയായിട്ടുണ്ട്.

2018-19-ൽ എൻ.എച്ച് 744-അടിയന്തര അറ്റകുറ്റപ്പണികൾ-ചേത്തടി (കി.മീ. 33/000) മുതൽ ഇളമ്പൽ (40/000)വരെ 19.65 ലക്ഷം രൂപ ഭരണാനുമതി നൽകി പണി പൂർത്തിയാക്കിയിട്ടുണ്ട്.

എഫ്.ഡി.ആർ. 2018-19 ഓടയുടെ നിർമ്മാണം-വിളക്കുടി പഞ്ചായത്ത് ആഫീസ് (38/000) വിളക്കുടി ബി.എഡ്. സെന്റർ (37/200)-44.75 ലക്ഷം രൂപ ഭരണാനുമതി നൽകി ടി പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

പൊതുമരാമത്ത് നിരത്തുകൾ, കെട്ടിട വിഭാഗങ്ങളുടെ കീഴിൽ പത്തനാപുരം നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഇതിൽ ഭരണാനുമതി നൽകിയ എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്.

പത്തനാപുരം നിയോജകമണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

കെ.എസ്.ഡി.പി. മുഖേന നടപ്പാക്കുന്ന അടൂർ-കഴക്കൂട്ടം ഇടനാഴി എന്ന പ്രവൃത്തിയുടെ 6.40 കി.മീറ്ററും പുനലൂർ-കോന്നി റോഡിന്റെ 11.40 കി.മീറ്ററും റോഡുകൾ പത്തനാപുരം മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിന്റെ ചെലവ് 126.40 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

**കരാറുകാരുടെ കുടിശ്ശിക കൊടുക്കാൻ നടപടി**

109(3034) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കുടിശ്ശികയായി എന്ത് തുകയാണ് കൊടുത്ത് തീർക്കുവാനുള്ളത്;

(ബി) കരാറുകാർക്ക് കുടിശ്ശിക നൽകാത്തതുമൂലം വകുപ്പിന്റെ ടെൻഡർ നടപടികളിൽ നിന്നും അവർ വിട്ട് നിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) കരാറുകാരുടെ കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കുടിശ്ശികയായി നൽകാനുള്ള തുക താഴെപ്പറയുന്നു:

1. പൊ.മ.വ. നിരത്തുകളും പാലങ്ങളും വിഭാഗം- 1652.28 കോടി രൂപ
2. പൊ.മ.വ. കെട്ടിട വിഭാഗം-25,503.59 ലക്ഷം രൂപ
3. പൊ.മ.വ. ദേശീയപാതാ വിഭാഗം- 58,96,74,465 രൂപ

(ബി) കരാറുകാർ ടെണ്ടർ നടപടികളിൽനിന്നും വിട്ടുനിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(സി) കരാറുകാരുടെ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മൂവാറ്റുപുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

110(3035) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ മണ്ഡലത്തിൽ അനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും എത്ര തുക വീതമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ മണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിന് കീഴിൽ ചുവടെ പറയുന്ന 2 പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

1. മൂവാറ്റുപുഴ മണ്ഡലത്തിലെ 7 പാലങ്ങളുടെ സാധാരണ അറ്റകുറ്റപ്പണികൾ- 9.60 ലക്ഷംരൂപ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
2. മൂവാറ്റുപുഴ മണ്ഡലത്തിലെ ടൗൺ പാലത്തിലും ലതാ പാലത്തിലും അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ-3.50 ലക്ഷം രൂപ-ദർഘാസ് നോട്ടീസ് 30-10-2019-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി, ദേശീയപാത, നിരത്തുകൾ, കെട്ടിട വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ട്

111(3036) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷം പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് തുകയടക്കം ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2019-20 വർഷം പൊതുമരാമത്ത് പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ തുകയടക്കം ജില്ലകൾ തിരിച്ച് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ഭൂമി രജിസ്ട്രേഷൻ സംബന്ധിച്ച പരിഷ്കാരങ്ങൾ

112 (3037) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നടത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. വിൽക്കുന്ന ആളിനോ, വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം
2. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചു.
3. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾക്ക് ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തി.
4. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

## രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ച തുക

113(3038) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2019 മുതൽ 3-9-2019 വരെ സംസ്ഥാനത്ത് എത്ര വസ്തു രജിസ്ട്രേഷൻ നടന്നു; ഇതിലൂടെ എത്ര കോടി രൂപയാണ് രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചതെന്നറിയിക്കാമോ;

(ബി) 1-4-2018 മുതൽ 3-9-2018 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ എന്ത് തുകയാണ് ലഭിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1-4-2019 മുതൽ 3-9-2019 വരെ വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട് ആകെ 355571 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 993.52 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 366.38 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) 1-4-2018 മുതൽ 3-9-2018 വരെയുള്ള കാലയളവിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 926.83 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 344.40 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ടി കാലയളവിൽ 342245 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ആധാരം സ്വയം തയ്യാറാക്കൽ പദ്ധതി

114(3039) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടും ജനങ്ങൾ പ്രസ്തുത സൗകര്യം ഉപയോഗിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയ ശേഷം സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം നൽകുമോ;

(സി) ഈ സൗകര്യം ഏറ്റവും കുറച്ച് പ്രയോജനപ്പെടുത്തിയ ജില്ലകളിൽ ഇതുസംബന്ധിച്ച് വ്യാപക പ്രചരണം നടത്തി കൂടുതൽ പേരെ ഈ സൗകര്യം ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുമോ; അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 313 |
| കൊല്ലം | 213 |
| പത്തനംതിട്ട | 161 |
| ആലപ്പുഴ | 151 |
| കോട്ടയം | 47 |
| ഇടുക്കി | 83 |
| എറണാകുളം | 203 |
| തൃശ്ശൂർ | 184 |
| പാലക്കാട് | 85 |
| മലപ്പുറം | 195 |
| കോഴിക്കോട് | 248 |
| വയനാട് | 31 |
| കണ്ണൂർ | 150 |
| കാസർഗോഡ് | 23 |
| ആകെ | 2087 |

(സി) സ്വയം ആധാരം തയ്യാറാക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതിന് കൂടുതൽ പൊതുജനപങ്കാളിത്തം ഉണ്ടാകുന്നതിനായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റിന്റെ വലിപ്പം A3-യിൽനിന്നും A4 ആയി കുറയ്ക്കുകയുണ്ടായി.

**കൊട്ടാരക്കരയിൽ സബ് രജിസ്ട്രാർ ഓഫീസ്**

115(3040) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണ്;

(ബി) പുതിയ കെട്ടിടനിർമ്മാണത്തിനായി അന്തിമ രൂപരേഖ തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പുള്ള നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര (അഡീഷണൽ) സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന 30 സെന്റ് സ്ഥലത്ത് കൊട്ടാരക്കര (പ്രിൻസിപ്പൽ) ഓഫീസിനും കൂടി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി & സി) പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് അധികൃതർ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാകൂ.

**രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം**

116(3041) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാതെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം താളംതെറ്റുന്നുവെന്നത് വസ്തുതയാണോ;

(ബി) നിലവിൽ ജില്ലാ രജിസ്ട്രാർമാരുടെയും സബ് രജിസ്ട്രാർമാരുടെയും എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിലെ ഒഴിവുകളിൽ അർഹരായവർക്ക് സ്ഥാനക്കയറ്റം നൽകുമോ; അറിയിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) നിലവിൽ ജില്ലാ രജിസ്ട്രാർമാരുടെ 3 തസ്തികകളും സബ് രജിസ്ട്രാർമാരുടെ 4 തസ്തികകളുമാണ് രജിസ്ട്രേഷൻ വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്നത്.

(സി) നിലവിലെ ഒഴിവുകളിൽ അർഹരായവർക്ക് സ്ഥാനക്കയറ്റം നൽകിവരുന്നു.

**ഭാഗാധാരങ്ങൾ സംബന്ധിച്ച പരാതികൾ**

117(3042) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നടന്നുവന്നിരുന്ന ഭാഗാധാരങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ നിയമതടസ്സം നിലനിൽക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഒരിക്കൽ ഭാഗാധാരം നടത്തിയാൽ എല്ലാ കക്ഷികളും ഒപ്പിട്ടിട്ടില്ലായെങ്കിൽ ആധാരം ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) 2010- ൽ നടന്ന ഭാഗാധാരം റദ്ദ് ചെയ്യണമെന്ന് ഭൂരിഭാഗം കക്ഷികളും ആവശ്യപ്പെട്ടാൽ ജില്ലാ കളക്ടർക്ക് ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരമുണ്ടോ; വിശദീകരിക്കാമോ;

(ഡി) ഭാഗാധാരത്തിൽ ഉണ്ടായിരിക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ മറച്ചു വച്ച് നടത്തുന്ന ആധാര രജിസ്ട്രേഷൻ തടയുന്നതിനും വകുപ്പു തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) ഒറിജിനൽ ആധാരമില്ലാതെയും മുന്നാധാരം ഇല്ലാതെയും നടത്തുന്ന ഭാഗാധാരങ്ങൾക്ക് നിയമസാധുത ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ആയത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) രജിസ്റ്റർ ചെയ്ത ആധാരം കക്ഷികൾ റദ്ദാക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ആക്ടിലോ ചട്ടങ്ങളിലോ പ്രത്യേകിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നിരുന്നാലും ആധാരകക്ഷികൾക്ക് അവർ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ റദ്ദ് കരണം എഴുതി രജിസ്ട്രേഷന് ഹാജരാക്കാവുന്നതാണ്. ടി റദ്ദ് കരണത്തിന്റെ സാധുത പരിശോധിക്കുന്നതിനുള്ള അധികാരം ബഹു. നീതിന്യായ കോടതികളിൽ നിക്ഷിപ്തമാണ്.

(സി) ഭാഗാധാരകക്ഷികൾ ആവശ്യപ്പെട്ടാൽ ജില്ലാ കളക്ടർക്ക് ആയത് റദ്ദ് ചെയ്യാൻ നിലവിൽ രജിസ്ട്രേഷൻ ആക്ടിലോ ചട്ടങ്ങളിലോ വ്യവസ്ഥയില്ല.

(ഡി) ഭാഗപത്രത്തിലെ കക്ഷികളുടെ അവകാശം സംബന്ധിച്ച തർക്കം പരിഹരിക്കുന്നത് രജിസ്ട്രേഷൻ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല. ആധാരങ്ങളിൽ വസ്തുതകൾ മറച്ചുവച്ച് രജിസ്റ്റർ ചെയ്യുക വഴി സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം ഉണ്ടായതായി ബോദ്ധ്യപ്പെട്ടാൽ കേരള മുദ്രപത്ര ആക്ട്, വകുപ്പ് 45 ബി പ്രകാരം അണ്ടർവാല്യൂവേഷൻ നടപടി സ്വീകരിക്കാറുണ്ട്. ആധാര കക്ഷികൾ ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്താലോ സർക്കാരിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഭൂമി കളക്ടറുടെ അനുമതിയില്ലാതെ രജിസ്റ്റർ ചെയ്താലോ പ്രസ്തുത ആധാരം രജിസ്ട്രേഷൻ ആക്ട് വകുപ്പ് 83 എ പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് റദ്ദാക്കാം.

(ഇ) ഒറിജിനൽ മുന്നാധാരം ഇല്ലാതെ രജിസ്റ്റർ ചെയ്തു എന്ന ഒറ്റക്കാരണത്താൽ ആധാരത്തിന്റെ രജിസ്ട്രേഷൻ അസാധുവാകുന്നില്ല.

**സംസ്ഥാനത്തിന്റെ റെയിൽവേ വികസനം**

118(3043) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കാനുള്ള തമിഴ്നാടിന്റെ നിരന്തര സമ്മർദ്ദം നിലവിൽ റെയിൽവേ വികസനകാര്യത്തിൽ ഏറ്റവും അവഗണിക്കപ്പെടുന്ന സംസ്ഥാനത്തിന്റെ താല്പര്യത്തെ ഏറെ ഹനിക്കുന്നതാകയാൽ അത്തരം നീക്കവുമായി മുന്നോട്ട് പോകരുതെന്നും സംസ്ഥാനം ആസ്ഥാനമായി സോൺ എന്ന ആവശ്യം അംഗീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുമോ;

(ബി) കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സ്വകാര്യവൽക്കരിക്കാനും തിരുവനന്തപുരം എറണാകുളം റൂട്ടിൽ സ്വകാര്യ ട്രെയിൻ അനുവദിക്കാനുമുള്ള നീക്കം സംസ്ഥാനത്തെ യാത്രക്കാരുടെ താല്പര്യത്തിന് ഗുണകരമാണോ; പകരം, റെയിൽവേ നേരിട്ട് വികസന പ്രവർത്തനം നടത്തണമെന്ന് ആവശ്യമുന്നയിക്കാൻ സാധിക്കുമോ;

(സി) കൊച്ചുവേളി, നേമം ടെർമിനലുകളുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുക, സംസ്ഥാനത്തെ പ്രധാന സ്റ്റേഷനുകൾ അന്താരാഷ്ട്ര

നിലവാരത്തിലേക്കുയർത്തുക തുടങ്ങിയ ദീർഘകാല ആവശ്യങ്ങളിൽ അനുകൂല പ്രതികരണം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുമുള്ള ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിലില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുണ്ട്. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസുള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിനു മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോഴില്ലെന്ന തീരുമാനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സ്വകാര്യവൽക്കരിക്കാനും തിരുവനന്തപുരം എറണാകുളം റൂട്ടിൽ സ്വകാര്യ ട്രെയിൻ അനുവദിക്കാനുമുള്ള നീക്കം സംസ്ഥാനത്തെ യാത്രക്കാരുടെ താല്പര്യത്തിന് ഹാനികരമാണെന്നും ആയതിനാൽ സ്വകാര്യവൽക്കരണ തീരുമാനത്തിൽനിന്നും പിന്മാറണമെന്നും റെയിൽവേയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സ്വകാര്യവൽക്കരണ നടപടികളുമായി റെയിൽവേ മുന്നോട്ടുപോയ സാഹചര്യത്തിൽ പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്

പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകളെ ഉൾപ്പെടുത്തുകയും ടി പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവെ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെടുകയുമുണ്ടായി. ഇതനുസരിച്ച് കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായി കോ-ഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്നേഴ്സിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസനം വിവിധ കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചുവേളി ടെർമിനലിന്റെ വികസനം അനന്തമായി നീളുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നേമം റെയിൽവേ ഇരട്ടിപ്പിക്കലിനും പുതിയ കോച്ചിംഗ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി തൈയ്ക്കാട്, തിരുമല, നേമം, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹ്യാഘാത പഠനം നടന്നുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

സംസ്ഥാനത്തോട് റെയിൽവേ കാട്ടുന്ന അവഗണനകൾ അവസാനിപ്പിക്കണമെന്നും കേരളത്തിന്റെ ആവശ്യങ്ങളിൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 10-7-2019-ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വീണ്ടും കത്തയച്ചിട്ടുണ്ട്.

**അങ്കമാലി ശബരിപാത നിർമ്മാണം**

119(3044) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ശബരിപാത നിർമ്മാണം ഏതുഘട്ടം വരെയായി എന്നും ഇതിന്റെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ചെലവിന്റെ കുറച്ചുഭാഗം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് എപ്പോഴെങ്കിലും തീരുമാനം എടുത്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏത് തരം ഇടപെടലുകളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ശബരിപാതയിൽ അങ്കമാലി കാലടിയിൽ സ്റ്റേഷനും പ്ലാറ്റ്ഫോമും നിർമ്മാണം പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഇരുന്നൂറ്റമ്പത് കോടി രൂപ ചെലവഴിച്ച പദ്ധതി കേന്ദ്രം ഉപേക്ഷിക്കുന്ന എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(എഫ്) ശബരിപാതയുടെ പേരിൽ കുടിയൊഴിപ്പിച്ചവരുടെയും പാത വരുമെന്നതിനാൽ സ്വന്തം ഭൂമിയിൽ വീടും സ്ഥാപനങ്ങളും തുടങ്ങാൻ കഴിയാതെ കഷ്ടപ്പെടുന്നവരുടെയും ആശങ്ക പരിഹരിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-എഫ്) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2,815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന വിഹിതം എപ്രകാരം നൽകണമെന്നും റെയിൽവേയുമായി ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ചും തുടർ തീരുമാനം കൈക്കൊള്ളുന്നതാണെന്ന വ്യവസ്ഥയിൽ 27-11-2015-ലെ സ.ഉ.(കൈ) നമ്പർ 77/2015/ഗതാ. ഉത്തരവ് പ്രകാരം പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രധാനമന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയുടെ മുഴുവൻ ചെലവും റെയിൽവേ വഹിക്കണമെന്ന് സംസ്ഥാനം അറിയിക്കുകയുണ്ടായി.

ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങളില്ലായിരുന്നു.

പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആകെ 131.6348 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

ഈ പദ്ധതി കേന്ദ്രം ഉപേക്ഷിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. അങ്കമാലി-ശബരി പദ്ധതി ചെലവിന്റെ 50% സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

**റെയിൽവേ സ്റ്റേഷനുകളുടെ വൃത്തിയും വെടിപ്പും**

120(3045) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ റെയിൽവേ സ്റ്റേഷനുകളിലെ വൃത്തിയും വെടിപ്പും നിർണ്ണയത്തിൽ സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ റാങ്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ വൃത്തിയും വെടിപ്പും ഉറപ്പാക്കുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) നിലവിലെ പ്രവർത്തനങ്ങൾ പരിഷ്കരിച്ച് വൃത്തിയും വെടിപ്പും ഉറപ്പാക്കി ആദ്യ നൂറു റാങ്കിനുള്ളിൽ എത്തുവാൻ നിശ്ചയിക്കപ്പെട്ട സംസ്ഥാനത്തെ മാതൃകാ റെയിൽവേ സ്റ്റേഷനുകളെ കണ്ടെത്തി അവയെ പ്രാപ്തമാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-ലെ റെയിൽവേയുടെ "സ്വച്ഛ് റെയിൽ സ്വച്ഛ് ഭാരത്" റിപ്പോർട്ട് പ്രകാരം റെയിൽവേ സ്റ്റേഷനുകളിലെ വൃത്തിയും വെടിപ്പും നിർണ്ണയത്തിൽ സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ റാങ്ക് ചുവടെ ചേർക്കുന്നു:

| നമ്പർ | റെയിൽവേ സ്റ്റേഷൻ | റാങ്ക് |
|---|---|---|
| (1) | (2) | (3) |
| 1 | കോഴിക്കോട് | 125 |
| 2 | വടകര | 164 |
| 3 | തിരുവനന്തപുരം സെൻട്രൽ | 174 |
| 4 | തിരൂർ | 198 |
| 5 | കാഞ്ഞങ്ങാട് | 224 |
| 6 | കാസർഗോഡ് | 265 |
| 7 | തലശ്ശേരി | 279 |
| 8 | കണ്ണൂർ | 326 |
| 9 | കായംകുളം ജംഗ്ഷൻ | 344 |
| 10 | കൊല്ലം ജംഗ്ഷൻ | 345 |
| 11 | തൃശ്ശൂർ | 352 |
| 12 | ആലുവ | 406 |
| 13 | ഷൊർണ്ണൂർ ജംഗ്ഷൻ | 429 |
| 14 | പയ്യന്നൂർ | 431 |
| 15 | എറണാകുളം ടൗൺ | 438 |

| (1) | (2) | (3) |
|---|---|---|
| 16 | കൊച്ചുവേളി | 440 |
| 17 | തിരുവല്ല | 450 |
| 18 | അങ്കമാലി | 452 |
| 19 | കോട്ടയം | 468 |
| 20 | ചെങ്ങന്നൂർ | 478 |
| 21 | എറണാകുളം ജംഗ്ഷൻ | 510 |
| 22 | പാലക്കാട് ജംഗ്ഷൻ | 542 |
| 23 | കൊയിലാണ്ടി | 550 |
| 24 | ആലപ്പുഴ | 576 |
| 25 | ഒറ്റപ്പാലം | 607 |

(ബി & സി) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ വൃത്തിയും വെടിപ്പും ഉറപ്പാക്കുന്നത് റെയിൽവേയാണ്. ഇതിലേയ്ക്കായി ട്രെയിനുകളിൽനിന്നും ശേഖരിക്കുന്ന ജൈവ-അജൈവ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കുകയും അജൈവമാലിന്യങ്ങളായ പേപ്പർ, പ്ലാസ്റ്റിക്, അലുമിനിയം ഫോയിൽ എന്നിവ പ്രത്യേകമായി തരംതിരിച്ച് പുനഃചംക്രമണ ഏജൻസികൾക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. അജൈവ മാലിന്യങ്ങൾ ക്ലീൻ ചെയ്യുന്നതിനായി ഡസ്റ്റ് റിമൂവർ മെഷീൻ, പുനഃചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക് കവറുകൾ പൊടിക്കുന്നതിനായി ഷ്രെഡ്ഡിംഗ് മെഷീൻ, പാക്കിംഗിനായി ബെയിലിംഗ് മെഷീൻ എന്നിവ ഉപയോഗിക്കുന്നുണ്ട്.

സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തി വൃത്തിയും വെടിപ്പും ഉറപ്പാക്കുന്നതിനുള്ള നടപടികൾ റെയിൽവേ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പൈങ്കുളം റെയിൽവേ മേൽപ്പാലം

121(3046) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷനുകീഴിലെ വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനും ഷൊർണ്ണൂർ ജംഗ്ഷൻ റെയിൽവേ സ്റ്റേഷനും ഇടയിലുള്ള പൈങ്കുളം റെയിൽവേ മേൽപ്പാലം നിർമ്മാണനടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തികരിച്ച് പൈങ്കുളം മേൽപ്പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനും ഷൊർണ്ണൂർ ജംഗ്ഷൻ റെയിൽവേ സ്റ്റേഷനും ഇടയിലുള്ള പൈങ്കുളം റെയിൽവേ ഗേറ്റിന് പകരമായി ഉദ്ദേശിക്കുന്ന മേൽപ്പാലത്തിന്റെ ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്) അനുമതിക്കായി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി. യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിന് റവന്യൂ വകുപ്പിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കൃഷ്ണപുരം മാമ്പ്രക്കുന്നേൽ, കാക്കനാട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

122(3047) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം മാമ്പ്രക്കുന്നേൽ, കാക്കനാട് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലത്തിന് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/പൊ.മ.വ. ഉത്തരവ് മുഖേന 60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.യെ നിയമിക്കുകയും ചെയ്തു. തുടർന്ന് 9-11-2018-ന് പദ്ധതിയുടെ വിശദമായ പദ്ധതി

രേഖ കിഫ്ബി അംഗീകരിക്കുകയും 31.21 കോടി രൂപ അനുവദിക്കുകയും ചെയ്തു. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി 13-5-2019-ന് നൽകുകയും ചെയ്തു. സ്പെഷ്യൽ തഹസിൽദാർ (എൽ.എ., ജനറൽ, ആലപ്പുഴ)-യെ സ്ഥലമേറ്റെടുപ്പ് ഓഫീസറായി ജില്ലാ കളക്ടർ 14-6-2019-ന് നിയമിച്ചു. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥരുമായിട്ടുള്ള സംയുക്ത സ്ഥല പരിശോധന 9-7-2019-ന് പൂർത്തീകരിച്ചു. തുടർന്ന് കണ്ടിജൻസി ചാർജിന്റെ ആദ്യഗഡുവായി 3 ലക്ഷം രൂപ എസ്.ഐ.എ. യൂണിറ്റിനെ നിയമിക്കുന്നതിനായി 9-10-2019-ന് എൽ.എ.ഒ.-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

27-4-2018-ലെ സ.ഉ.(സാധാ)നമ്പർ 780/2018/പൊ.മ.വ പ്രകാരം കെ.ആർ.ഡി.സി.എൽ.-നെ കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർവ്വഹണ ഏജൻസിയായി നിയമിക്കുകയുണ്ടായി. ടി റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് റെയിൽവേയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിന് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിന് തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ വിശദ പഠന റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിക്കുന്നു.

**പാപ്പിനിശ്ശേരി, താവം റെയിൽവേ മേൽപ്പാലം**

123(3048) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ പാപ്പിനിശ്ശേരി, താവം റെയിൽവേ മേൽപ്പാലങ്ങളിൽ ചില അപാകതകൾ ഉള്ളതായി ആക്ഷേപം വന്നതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിജസ്ഥിതി അറിയാൻ വിദഗ്ദ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

താവം ROB-യുടെ പിലാത്തറ സൈഡിലായിട്ടുള്ള അപ്രോച്ച് സ്ലാബിന്റെ കാന്റിലിവർ ഭാഗത്ത് അടിയിലായി നേരിയ വിള്ളൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഡിസൈൻ നിർവ്വഹിച്ച M/s ശ്രീഹരി കൺസൾട്ടന്റ് എന്ന സ്ഥാപനത്തിലെ വിദഗ്ദ്ധരെക്കൊണ്ട് പാലം പരിശോധിക്കുകയും ആയതിന്റെ

അടിസ്ഥാനത്തിലുള്ള പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എ 1 വശത്തെ അപ്രോച്ച് ഭാഗത്തെ സെറ്റിൽമെന്റ് മൂലം ഉണ്ടാകുന്ന ഉയരവ്യത്യാസം BC ഇട്ട് പരിഹരിച്ചിട്ടുണ്ട്.

പാപ്പിനിശ്ശേരി ROB-ക്ക് ഘടനാപരമായ വൈകല്യങ്ങളൊന്നുമില്ല. എക്സ്പാൻഷൻ ജോയിന്റിൽ നൽകിയിട്ടുള്ള കോൺക്രീറ്റ് സീലിൽ ചെറിയ വിള്ളലുകൾ ഉണ്ടാവുകയും അവ മാറ്റി സ്ഥാപിക്കുകയും ചെയ്തു. നിലവിൽ ഈ പാലം നന്നായി പ്രവർത്തിക്കുന്നു.

**പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി**

124(T*3049) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആവശ്യമായ കോച്ചുകൾ ഉല്പാദിപ്പിക്കാൻ നിലവിലെ ഫാക്ടറികൾക്ക് കഴിയുമെന്ന ന്യായം പറഞ്ഞാണോ പാലക്കാട് കോച്ച് ഫാക്ടറിക്ക് അനുമതി നിഷേധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കോച്ചുകൾ ആവശ്യമില്ലെന്ന കാരണം പറഞ്ഞ് ബി.ഇ.എം.എൽ. (ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) നോട് ഉല്പാദനം നിർത്താൻ ആവശ്യപ്പെട്ടശേഷം, ഇപ്പോൾ മുന്നൂറ് കോച്ചുകൾ നിർമ്മിക്കാൻ ആവശ്യപ്പെട്ടത് കേരളത്തിന് പുതിയ കോച്ച് ഫാക്ടറി ആവശ്യമില്ലെന്ന് സ്ഥാപിക്കാനുള്ള കേന്ദ്രത്തിന്റെ നീക്കമായിരുന്നോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2008-09-ലെ ബഡ്ജറ്റിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്നതായിരുന്നു പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി. ഇതിലേയ്ക്കാവശ്യമായ 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരവായിരുന്നു. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000-ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണുണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (സെയിൽ) അലുമിനിയം കോച്ചുകൾക്ക് പകരം സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്നതിനോടാണ് താല്പര്യപ്പെട്ടത്. നാഷണൽ അലുമിനിയം കമ്പനി (NALCO) യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും റെയിൽവേ അറിയിച്ചിരുന്നു. തുടർന്ന് PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലുമിനിയം കോച്ചുകൾതന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും റെയിൽവേയിൽനിന്നും അറിയിച്ചിരുന്നു. പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ചുതുടങ്ങിയ സാഹചര്യത്തിലും നിർദ്ദിഷ്ട കോച്ച് ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെപ്പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കത്തയയ്ക്കുകയുണ്ടായി. കൂടാതെ എം.പി. മാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിലേയ്ക്കായി 32.44 കോടി രൂപ മാത്രമാണ് റെയിൽവേയുടെ ഭാഗത്തുനിന്നും ചെലവഴിച്ചത്. ഇതുകൂടാതെ 1.60 കോടി രൂപ മാത്രമാണ് നാളിതുവരെ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2008-2009 ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഉത്തരപ്രദേശിലെ റായ്ബറേലിയിൽ ഉള്ള കോച്ച് ഫാക്ടറി 2012-ൽ തന്നെ കമ്മീഷൻ ചെയ്ത സാഹചര്യത്തിൽ നിർദ്ദിഷ്ട കോച്ച് ഫാക്ടറി പാലക്കാട് തന്നെ സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ലെന്നുമാണ് 19-11-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

എന്നാൽ ഈ വിഷയത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് 10-7-2019-ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

## വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനെ സാറ്റലൈറ്റ് സ്റ്റേഷനാക്കാൻ നടപടി

125(3050) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു നിന്നും പാലക്കാട്,കോയമ്പത്തൂർ വഴിയുള്ള പല ദീർഘദൂര ട്രെയിനുകളും 2019 ഏപ്രിൽ മുതൽ ഷൊർണ്ണൂർ ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ വഴിയല്ല പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ചേലക്കര മണ്ഡലത്തിലെ വള്ളത്തോൾ നഗർ, ദേശമംഗലം, വരവൂർ, മുള്ളൂർക്കര, പാഞ്ഞാൾ, ചേലക്കര, കൊണ്ടാഴി, പഴയന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആയിരക്കണക്കിന് ദീർഘദൂര യാത്രക്കാർക്ക് യാത്രാക്ലേശം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനെ സാറ്റലൈറ്റ് സ്റ്റേഷനാക്കി ഉയർത്തി ദീർഘദൂര ട്രെയിനുകൾ നിർത്തുന്നതിന് തിരുവനന്തപുരം റെയിൽവേ ഡിവിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനിൽ മെയിൽ/എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. 24 ബോഗികൾ നിർത്തുവാൻ സാധിക്കുന്ന പ്ലാറ്റ് ഫോം, ഫുട് ഓവർ ബ്രിഡ്ജ് മുതലായ സൗകര്യങ്ങൾ ഈ സ്റ്റേഷനിൽ ലഭ്യമല്ല. ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ പരിഗണനയിലാണ്. മേൽ സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വള്ളത്തോൾ നഗർ സ്റ്റേഷനിൽ ദീർഘദൂര ട്രെയിനുകൾ നിർത്തുന്ന വിഷയം സംബന്ധിച്ച് തുടർ തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

## പ്രീ-പ്രൈമറി സ്കൂൾ വിദ്യാഭ്യാസം

126(3051) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. റ്റി. വി.രാജേഷ്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയത് പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രവേശനത്തിന് അഭിമുഖം പാടില്ലെന്നും പ്രീ-പ്രൈമറി സ്കൂളുകളിൽ എഴുത്ത്, വാചിക പരീക്ഷകൾ പാടില്ലെന്നുമുള്ള എൻ.സി.ഇ.ആർ.ടി. നിർദ്ദേശം സംസ്ഥാനത്തെ സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടുണ്ടോ;

(സി) പ്രീ-സ്കൂൾ വിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാകണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ദേശീയ പ്രീസ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയ പശ്ചാത്തലം, പ്രീസ്കൂൾ വിദ്യാഭ്യാസം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി മാറിയ പശ്ചാത്തലം എന്നിവകൂടി പരിഗണിച്ച് എസ്.സി.ഇ.ആർ.ടി. റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) പ്രീസ്കൂൾ പാഠ്യപദ്ധതിയിൽ 'പ്രീസ്കൂൾ വ്യവസ്ഥാപനം' എന്ന 9-ാം യൂണിറ്റിൽ പ്രീസ്കൂളുകളിൽ എഴുത്ത് പരീക്ഷ, ഔപചാരിക പരീക്ഷകൾ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തോടൊപ്പം പ്രീസ്കൂൾ വിദ്യാഭ്യാസത്തെയും പരിഷ്കരിക്കുന്നത് പരിഗണിക്കുന്നതാണ്.

**സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

127(3052) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ശ്രമിക്കുകയും ആഗോള തലത്തിൽ അംഗീകാരം ലഭിക്കുകയും സ്കൂളുകളുടെ അക്കാഡമിക് മികവുകൾ മെച്ചപ്പെടുകയും ചെയ്ത സാഹചര്യത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണതലത്തിലുള്ള ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് തലത്തിൽ ഉണ്ടാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വലിയ പിന്തുണയോടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അക്കാദമിക പ്രവർത്തനങ്ങൾ, കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ

വികസനം, നൂതന വിവര സാങ്കേതിക വിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിനും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ മാറ്റങ്ങൾ പൊതുവിദ്യാലയങ്ങളോടുള്ള രക്ഷിതാക്കളുടെ വിശ്വാസ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ട്. കുട്ടികൾ കുറവുള്ള സ്കൂളുകളിൽ അവസ്ഥാപഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ച് മെച്ചപ്പെടുത്തുന്നതിനായി ഗൃഹസന്ദർശനം, പഠനോത്സവങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ. തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെ സംഘടിപ്പിച്ചിരുന്നു. ഇതിനെല്ലാം പ്രാദേശിക തലത്തിൽ നേതൃത്വം നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

**ശാസ്ത്രപോഷിണി ലാബ്**

128(3053) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ലാബ് സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിനായി കൊട്ടാരക്കര മണ്ഡലത്തിലെ ഏതു സ്കൂളിനെയാണ് നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ലാബ് സ്ഥാപിക്കുന്നതിനായി എം.എൽ.എ.യുടെ വികസനഫണ്ടിൽ നിന്നും തുക ലഭ്യമാക്കിയത് എന്നാണെന്ന് അറിയിക്കാമോ;

(ഇ) ഈ ലാബിന്റെ സ്ഥാപനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയാണ് ശാസ്ത്ര പോഷിണി ലാബ്

(ബി-ഇ) ബാധകമല്ല.

## സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി

129(3054) ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ സാമൂഹ്യ ശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) സാമൂഹികാവബോധമുള്ള ഒരു തലമുറ രൂപപ്പെടുത്തുന്നതിന് വിദ്യാഭ്യാസത്തെ ഉപാധിയാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പരിപാടിയുടെ ഉദ്ദേശ്യങ്ങൾ താഴെ പറയുന്നു.

- സമൂഹം നേരിടുന്ന വെല്ലുവിളികളും ആർജ്ജിച്ച അറിവും തമ്മിൽ ബന്ധിപ്പിക്കുവാനും അതുമായി പ്രശ്ന വിശകലനം നടത്തി നിലപാടുകളും പരിഹാര നിർദ്ദേശങ്ങളും രൂപപ്പെടുത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- സാമൂഹ്യശാസ്ത്ര ആശയങ്ങളെ ആസ്വാദ്യകരമായി അനുഭവവേദ്യമാക്കുന്നതിലൂടെ കുട്ടികളെ അറിവ് നിർമ്മാണ പ്രക്രിയയിൽ സജീവമാക്കി മാറ്റുക.
- സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അനുഭവങ്ങളെ സാമൂഹ്യപുരോഗതിക്കായി പ്രയോജനപ്പെടുത്തുവാനും ഭാവിയിൽ ഈ വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടുവാനും കുട്ടികളെ പ്രാപ്തരാക്കുക.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

130(3055) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ഫണ്ട് വഴി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി തീരുമാനിച്ചിട്ടുള്ള 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്നതും 18-6-2019 ലെ സ.ഉ. (സാധാ) നമ്പർ 2396/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഭരണാനുമതി ലഭിച്ചതിനുശേഷം പ്രവൃത്തി നടപ്പിലാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തി യിട്ടുള്ളത്; പ്രവൃത്തി ഏത് തീയതിയിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 18-6-2019-ലെ സ.ഉ.(സാധാ) നമ്പർ 2396/2019/പൊ.വി.വ. ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ജി.എം.യു.പി.എസ്. വാളപുരം സ്കൂളിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപ കിഫ്ബി ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി SPV-യായി KILA-യെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

131(3056) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ഓരോ സ്കൂളിന്റെയും പ്രവൃത്തി ആരംഭിക്കുന്നതിന് എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) ഓരോ സ്കൂളിന്റെയും പ്രവൃത്തി ഏതെല്ലാം എസ്.പി.വി.യെയാണ് ഏൽപ്പിച്ചിട്ടുള്ളത്; ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തി ടെണ്ടർ ചെയ്യാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദമാക്കമോ;

(സി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിൽ വന്ന കാലതാമസം വിശദമാക്കാമോ?

ഉത്തരം

(എ-സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ 5 കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ചാത്തമംഗലം RECGHSS സ്കൂളിന്റെ നിർമ്മാണം SPV-ആയി KITE-നെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ഏതാണ്ട് 72 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3 കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ GHSS കുറ്റിക്കാട്ടൂർ, GHSS മാവൂർ എന്നീ സ്കൂളുകളിൽ കുറ്റിക്കാട്ടൂർ GHSS-ന്റെ നിർമ്മാണത്തിനുള്ള SPV ആയി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ SPV-യെ മാറ്റണമെന്ന KITE-ന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. മാവൂർ GHSS-ന്റെ DPR തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV ആയി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3 കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി രണ്ടാംഘട്ടത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പെരിങ്ങളം GHSS-ന്റെ നിർമ്മാണത്തിനുള്ള SPV ആയി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ GUPS മണ്ണാർക്കാട്, GMUPS മാവൂർ, EMSGHS പെരുമണ്ണ, GHSS നായർകുഴി, GHSS ഇരിങ്ങല്ലൂർ, GUPS കോടൽ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV-ആയി KILA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾ

132(3057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി കാലപ്പഴക്കം ചെന്നതും ഉപയോഗയോഗ്യവുമായ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാതലത്തിൽ LSG എഞ്ചിനീയർ, PWD Building Division എഞ്ചിനീയർ, വിദ്യാഭ്യാസ വകുപ്പിലെ എ.ഇ.ഒ/ഡി.ഇ.ഒ എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് നൽകിയും ആയവയുടെ നിലവിലെ മൂല്യം എഴുതിത്തള്ളുന്നതിന് തദ്ദേശ സ്ഥാപനത്തിന് അനുമതി നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലപരിമിതിയുള്ളതും അടിസ്ഥാന സൗകര്യ വികസനം ആവശ്യമായതുമായ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയോ മറ്റേതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ടുപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടിവരുമ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

133(3058) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുദ്രാവാക്യം സാധൂകരിക്കുന്ന രീതിയിൽ ഈ മേഖലയിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ;

(ബി) കണക്ക്, ഇംഗ്ലീഷ്, ശാസ്ത്ര വിഷയങ്ങൾ എന്നിവയോട് താല്പര്യം ഉളവാക്കുന്നതിനും ആ വിഷയങ്ങളിലെ ശേഷി വർദ്ധനവിനും പ്രത്യേകം പദ്ധതികൾ ഉണ്ടോ;

(സി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനശേഷി ഉയർത്തുന്നതിന് നടപ്പാക്കി വരുന്ന പ്രത്യേക പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) പഠന നിലവാരം കൈവരിക്കാൻ ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഒമ്പത്, പത്ത് ക്ലാസുകളിലേക്കും ഹയർ സെക്കന്ററി ക്ലാസുകളിലേക്കും കൂടി ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 'അക്കാദമിക മികവ് വിദ്യാലയ മികവ്' എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുദ്രാവാക്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അക്കാദമിക പ്രവർത്തനങ്ങൾ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, നൂതന വിവര സാങ്കേതിക വിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിനും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അതിന്റെ ഫലമായി കുട്ടികളുടെ പൊതുപരീക്ഷകളിലെ പ്രകടനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2016-17 വർഷത്തിൽ നിന്നും 2018-19 വർഷത്തിൽ എത്തുമ്പോൾ പൊതു പരീക്ഷകളിലെ (പത്താം ക്ലാസ്, ഹയർ സെക്കണ്ടറി) വിജയശതമാനത്തിലും A+ കളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. ഗണിതത്തിന് ഉല്ലാസ ഗണിതം, ന്യൂമാറ്റ്സ്, ഇംഗ്ലീഷിന് ഹലോ ഇംഗ്ലീഷ്, ശാസ്ത്രത്തിന് ശാസ്ത്രഫലം, സാമൂഹ്യശാസ്ത്രത്തിന് സ്റ്റെപ്പ് എന്നീ പരിപോഷണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതിയാണ് ശ്രദ്ധ. കൂടാതെ ഗണിതത്തിന് ഉല്ലാസ ഗണിതം, ന്യൂമാറ്റ്സ്, ഇംഗ്ലീഷിന് ഹലോ ഇംഗ്ലീഷ്, ശാസ്ത്രത്തിന് ശാസ്ത്രഫലം, സാമൂഹ്യശാസ്ത്രത്തിന് സ്റ്റെപ്പ് എന്നീ പരിപോഷണ പരിപാടികൾ നടത്തുന്നുണ്ട്.

(ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിൽ സ്കൂളുകളിലെ പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ നടപടി

134(3059) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സ്കൂൾ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ രണ്ടാംഘട്ട പാഠപുസ്തകങ്ങൾ ഇതുവരെയും വിതരണം പൂർത്തിയായിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിന്റെ കാരണം വ്യക്തമാക്കാമോ; നവംബർ 15 ന മുമ്പ് തന്നെ പുസ്തക വിതരണം പൂർത്തിയാക്കാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ ജില്ലകളിലും രണ്ടാം വാല്യം പാഠപുസ്തകങ്ങളാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആയത് പൂർത്തീകരിച്ചുകഴിഞ്ഞു.

രണ്ടാം വാല്യം 22173000 പാഠപുസ്തകങ്ങൾക്കാണ് പുതുക്കിയതുൾപ്പെടെ പ്രിന്റ് ഓർഡർ നൽകിയത്. ഇതിൽ ഒന്നു മുതൽ 8 വരെ ക്ലാസ്സുകളിലേയ്ക്കുള്ള 220835 എണ്ണവും 9, 10 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾക്ക് 43481 എണ്ണവും ഷോർട്ടേജ് അനുഭവപ്പെട്ടിരുന്നു. ആയതും റീപ്രിന്റ് ചെയ്ത് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) മലപ്പുറം ജില്ലയിലെ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്വീകരിച്ചപ്പോൾ ഇൻഡന്റ് ചെയ്യാത്ത ഗവൺമെന്റ്/എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾക്കും യഥാർത്ഥ എണ്ണം ഇൻഡന്റ് ചെയ്യാതെയും ഇൻഡന്റ് ചെയ്ത എണ്ണത്തിൽ വ്യത്യാസം വന്നതുമായ പാഠപുസ്തകങ്ങളുമാണ് കൊടുക്കാനുണ്ടായിരുന്നത്. മുഖ്യമായും വിവിധ ക്ലാസുകളിലെ ഇംഗ്ലീഷ് മീഡിയം 27 ടൈറ്റിൽ പാഠപുസ്തകങ്ങളാണ് കുറവ് വന്നത്. വിവിധ ജില്ലകളിൽനിന്നും ഷോർട്ടേജായ പാഠപുസ്തകങ്ങളുടെ എണ്ണം ശേഖരിച്ചപ്പോൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിലാണ് പാഠപുസ്തകങ്ങൾക്ക് കുറവ് വന്നത്. ഇംഗ്ലീഷ് ടൈറ്റിൽ പാഠപുസ്തകങ്ങൾ ബഫർ സ്റ്റോക്കിലും അധികരിച്ചതിനാലും ക്ലോസിംഗ് സ്റ്റോക്കിൽനിന്നും നൽകുവാൻ തികയാത്തതിനാലും ഷോർട്ടേജായ പാഠപുസ്തങ്ങൾ ഇംഗ്ലീഷ് ടൈറ്റിൽ പാഠപുസ്തകങ്ങളായതിനാലും ആയതിന്റെ റിപ്പോർട്ട് ജില്ലയിൽനിന്നും ലഭ്യമായ ഉടൻ ടി പാഠപുസ്തകങ്ങൾ റീപ്രിന്റ് ചെയ്യുകയും 28-10-2019 മുതൽ 31-10-2019 വരെ വിതരണം നടത്തി പൂർത്തീകരിക്കുകയും ചെയ്തു.

ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ ഷോർട്ടേജും നൽകിക്കഴിഞ്ഞു. 9, 10 ക്ലാസുകളിലെ വിവിധ ജില്ലകളിൽനിന്നും ശേഖരിച്ച ഷോർട്ടേജ് പാഠപുസ്തങ്ങളുടെ വിതരണം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. നവംബർ 15-നകം ആയതിന്റെയും വിതരണം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രസവാവധി

135(3060) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലിയെടുക്കുന്നവർക്ക് പ്രസവാവധി ആനുകൂല്യം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) എത്ര ആഴ്ചത്തെ അവധിയാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) 2017-ലെ കേന്ദ്ര മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് ഭേദഗതി പ്രകാരം നിലവിൽ 26 ആഴ്ചത്തെ പ്രവസവാവധിയാണുള്ളത്. അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലിയെടുക്കുന്നവരെക്കൂടി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുമ്പോൾ അവർക്കും 26 ആഴ്ചത്തെ അവധി ലഭ്യമാകുന്നതാണ്.

## പൊതു വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ

136(3061) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ പാചകതൊഴിലാളികളുടെ വർദ്ധിപ്പിച്ച പുതിയ വേതനനിരക്ക് എന്നു മുതലാണ് നിലവിൽ വന്നതെന്നും ഇപ്പോൾ എത്ര രൂപയാണ് ഒരാൾക്ക് വേതനം ലഭിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) വർദ്ധിപ്പിച്ച നിരക്കിന്റെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക വിതരണത്തിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ; എത്രയും വേഗം കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പാചകതൊഴിലാളികൾക്ക് ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം സ്കൂൾ പാചക തൊഴിലാളികളുടെ കുറഞ്ഞ വേതനത്തിൽ 1-4-2017 മുതൽ 50 രൂപയുടെയും 1-4-2019 മുതൽ വീണ്ടും 50 രൂപയുടെയും വർദ്ധനവ് വരുത്തിയത് പ്രകാരം നിലവിൽ പാചക തൊഴിലാളികളുടെ കുറഞ്ഞ വേതനം 500 രൂപയും പരമാവധി വേതനം 575 രൂപയുമാണ്.

(ബി) വർദ്ധിപ്പിച്ച നിരക്കിന്റെ കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ദേശീയ വിദ്യാഭ്യാസ നയം

137(3062) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തിന്റെ ഏതെങ്കിലും അവകാശങ്ങളിലേക്കുള്ള കടന്നു കയറ്റമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കരട് നയത്തിന്റെ പകർപ്പ് മലയാളത്തിൽ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ വിദ്യാഭ്യാസ നയം ഉണ്ടാക്കുന്നതിന്റെ ഭാഗമായി കരട് രേഖ ചർച്ചയ്ക്കായി പൊതു സമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഉയർന്നുവരുന്ന അഭിപ്രായങ്ങൾകൂടി പരിഗണിച്ച് നയരേഖയാക്കി ലഭ്യമാക്കുന്ന മുറയ്ക്കേ ഇതുസംബന്ധിച്ച അഭിപ്രായം രൂപീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) കരട് വിദ്യാഭ്യാസ നയരേഖ ഇംഗ്ലീഷിലും ഹിന്ദിയിലുമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പിന്നീട് ഇതിന്റെ സംഗ്രഹം മലയാളമുൾപ്പെടെ ഏതാനും

ഭാഷകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ രേഖയുടെ പൂർണ്ണരൂപം എട്ടാം ഷെഡ്യൂളിലുള്ള മുഴുവൻ ഭാഷകളിലേയ്ക്കും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

138(3063) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നിലമ്പൂർ നിയോജകമണ്ഡലത്തിൽ മൂന്ന് കോടി രൂപ അനുവദിച്ച സ്കൂളുകളും ഒരു കോടി രൂപ അനുവദിച്ച സ്കൂളുകളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യഥാക്രമം തുകകൾ അനുവദിച്ച പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇതുവരെയും പ്രസ്തുത സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നിലമ്പൂർ നിയോജകമണ്ഡലത്തിൽ മൂന്ന് കോടി രൂപ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു:

1. GHSS പൂക്കോട്ടുംപാടം

2. GHSS ഇടക്കര

3. GHSS മുത്തേടത്ത്

4.GHSS പുലാങ്ങോട്

5. GMBHS മാമ്പാട്

6. GUPS പറമ്പ

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു കോടി രൂപ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു.

1. പുളിയിൽ GUPS

2. GUPS കുറുമ്പലങ്ങോട്

3. GMLPS നിലമ്പൂർ

4. IGMMRS നിലമ്പൂർ

5. GHS മുണ്ടേരി

6. GMUPS നിലമ്പൂർ

7. GHS മരുത

(ബി-ഡി) മൂന്ന് കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെട്ട GHSS പൂക്കോട്ടുംപാടം, GHSS പുലാങ്ങോട്, GMBHS മാമ്പാട്, GUPS പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV ആയി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. GHSS ഇടക്കര, GHSS മുത്തേടത്ത് എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. SPV ആയ KITE-നെ മാറ്റി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കണമെന്ന കൈറ്റിന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട GUPS പുളിയിൽ, GUPS കുറുമ്പലങ്ങോട്, GMLPS നിലമ്പൂർ, IGMMRS നിലമ്പൂർ, GHS മുണ്ടേരി, GMUPS നിലമ്പൂർ, GHS മരുത എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ SPV ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്ന നടപടി**

139(3064) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമന നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. കെ. സലീം നൽകിയ WP (C ) No: 41271/2018 നമ്പർ കേസിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഹൈക്കോടതി മുമ്പാകെ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമന നടപടി നിലവിൽ സുതാര്യമായാണ് നടക്കുന്നതെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമന നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തണമെന്ന് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച നിയമസഭാ സമിതി 2017 മേയ് 18 ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൻമേൽ പൊതുവിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ കേസ് സംബന്ധമായ സർക്കാർ നിലപാട് ഹൈക്കോടതിയെ അറിയിച്ചുകൊണ്ട് നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരുന്നു.

## സ്കൂൾ യൂണിഫോം വിതരണം

140(3065) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സ്കൂൾ യൂണിഫോം വിതരണത്തിന്റെ വിശദാംശങ്ങൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിലവിൽ പ്രൈമറി വിഭാഗം ആൺകുട്ടികൾക്ക് ഹാഫ് ട്രൗസറിനും, പെൺകുട്ടികൾക്ക് ഹാഫ് സ്കർട്ടിനുള്ള തുണിയും മാത്രം നൽകുന്നത് മൂലം വിദ്യാർത്ഥികൾക്ക്, വിശേഷിച്ച് രാവിലെ മദ്രസ്സയിൽ പോയി അവിടെ നിന്ന് സ്കൂളുകളിലേക്ക് വരുന്ന കുട്ടികളുടെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പ്രശ്നത്തിന് അടുത്ത വർഷം എന്ത് പരിഹാരമാണ് കാണുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2020-21-ലേയ്ക്ക് ആവശ്യമായ കൈത്തറി യൂണിഫോം തുണി 3801536.42 മീറ്റർ വേണ്ടിവരുമെന്ന് പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

141(3066) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അധ്യയന വർഷത്തിൽ എത്ര കുട്ടികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളാണ്; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായമെന്തെന്നും ഇതിനായി സംസ്ഥാന സർക്കാർ വകയിരുത്തുന്ന തുകയെന്തെന്നും വിശദമാക്കാമോ;

(സി) ഇതിന്റെ നടത്തിപ്പു ചെലവുകൾ എങ്ങനെയാണ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് നൽകുന്നതെന്ന് വിശദമാക്കുമോ; ഈയിനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരമുള്ള തുക മുൻകൂർ നൽകുന്നതിന് പകരം ഹെഡ്മാസ്റ്റർമാർ ഉച്ചഭക്ഷണ വിതരണചെലവ് സ്വയം വഹിച്ച ശേഷം പിന്നീട് ബിൽ തയ്യാറാക്കി ട്രഷറിയിലെ അലോട്ട്മെന്റ് ഫണ്ടിൽ നിന്നും മാറ്റിയെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) ഉച്ചഭക്ഷണപദ്ധതി നടത്തിപ്പ് മുഴുവൻ ഒരു ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്വമാക്കിത്തീർക്കുന്ന ഈ നടപടിയിൽ നിന്ന് പിൻമാറുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലായി 2019-20 അദ്ധ്യയന വർഷം 2627846 വിദ്യാർത്ഥികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതിൽ എൽ.പി. വിഭാഗത്തിൽ 1423054 കുട്ടികളും യു.പി. വിഭാഗത്തിൽ 983942 കുട്ടികളും പ്രീ പ്രൈമറി വിഭാഗത്തിൽ 220850 കുട്ടികളും ഉൾപ്പെടുന്നു.

(ബി) ഈ അദ്ധ്യയന വർഷം 10-5-2019-ൽ ഡൽഹിയിൽ ചേർന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലാൻ അപ്രൂവൽ ബോർഡ് യോഗം സംസ്ഥാനത്തിലെ പദ്ധതി നടത്തിപ്പിനായി 334 കോടി രൂപ നിശ്ചയിക്കുകയും ആയതിൽ കേന്ദ്ര വിഹിതമായി 214 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള 334 കോടി രൂപ അടങ്കൽ തുകയുടെ സ്ഥാനത്ത് 531 കോടി രൂപ സംസ്ഥാനം പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

(സി) ഈ അദ്ധ്യയന വർഷത്തെ പാചകച്ചെലവിനുള്ള ആദ്യഗഡു (45 ദിവസത്തെ) സ്കൂൾ പ്രഥമാദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിലേയ്ക്കാവശ്യമായ തുക നിലവിൽ കുടിശ്ശികയായി നിലനിൽക്കുന്നു. ടി തുക അലോട്ട്മെന്റ് മുഖാന്തരം ഉടൻതന്നെ സ്കൂളുകൾക്ക് അനുവദിക്കുന്നതാണ്. അലോട്ട്മെന്റ് മുഖാന്തരം അനുവദിക്കുന്ന തുകയിൽനിന്ന് പദ്ധതി നടത്തിപ്പിനാവശ്യമായ തുക പ്രഥമാദ്ധ്യാപകർക്ക് ഓരോ മാസവും അഡ്വാൻസായി ട്രഷറിയിൽനിന്ന് മാറാവുന്നതാണ്. ഇങ്ങനെ അഡ്വാൻസായി എടുക്കുന്ന തുക മൂന്ന് മാസത്തിനകം ബില്ലും വൗച്ചറും ട്രഷറിയിൽ സമർപ്പിച്ച് സെറ്റിൽമെന്റ് ചെയ്യേണ്ടതാണ്.

(ഡി) നിർദ്ദേശം നൽകിയിട്ടില്ല.

(ഇ) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിക്കാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് സ്ഥാപന മേധാവി എന്ന നിലയിലാണ് പ്രഥമാദ്ധ്യാപകന്റെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് അനുവദിച്ചു നൽകുന്നത്. ഉച്ചഭക്ഷണ പദ്ധതി മേൽനോട്ടം വഹിക്കുന്നതിന് പ്രഥമാദ്ധ്യാപകരെ സഹായിക്കുന്നതിനായി രണ്ട് സഹ അദ്ധ്യാപകരെ കൂടി നിയോഗിച്ചിട്ടുണ്ട്.

**തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം**

142(3067) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കാലവർഷത്തിലോ പ്രകൃതിക്ഷോഭത്തിലോ മഹാപ്രളയത്തിലോ തകർന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ല – ഗവ. എൽ.പി.എസ്. ആനവിരട്ടി

പാലക്കാട് ജില്ല - ഗവ.ജെ.ബി.എൽ.പി.എസ്. പെരുവമ്പ്

വയനാട് ജില്ല - 1. ഗവ. എൽ.പി.എസ്. മക്കിമല

2. ഗവ. എൽ.പി.എസ്. കുറിച്ചിയാർമല

3.ഗവ.ജി.എൽ.പി.എസ്. പുത്തുമല- സ്കൂളിലേയ്ക്കുള്ള റോഡ് ഒലിച്ചുപോയി.

കാസർഗോഡ് ജില്ല- ഗവ. എൽ.പി.എസ്. ബാവിക്കര

(ബി) ഇടുക്കി ജില്ലയിലെ ആനവിരട്ടി ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ പുനഃനിർമ്മാണം പഞ്ചായത്ത് പൂർത്തിയാക്കി. ഈ അദ്ധ്യയന വർഷം മുതൽ അദ്ധ്യയനം തുടങ്ങിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പെരുവമ്പ് ഗവൺമെന്റ് ജെ.ബി.എൽ.പി. സ്കൂൾ തുടക്കം മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രളയത്തിൽ പ്രസ്തുത കെട്ടിടം ഭാഗികമായി തകർന്നു. ടി കെട്ടിടത്തിന്റെ ഉടമസ്ഥൻതന്നെ പുനഃനിർമ്മാണം നടത്തി. ഇപ്പോൾ ഇവിടെ അദ്ധ്യയനം നടന്നുവരുന്നു.

വയനാട് ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ്. മക്കിമല സർക്കാർ ഫണ്ടുപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി. ഈ അദ്ധ്യയന വർഷത്തിൽ അദ്ധ്യയനം തുടങ്ങി. പ്രസ്തുത ജില്ലയിലെ കുറിച്ചിയാർമല ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടങ്ങൾ പൂർണ്ണമായി തകർന്നു. സ്ഥലംതന്നെ ഒഴുകിപ്പോയി. കെട്ടിടം നിലനിന്നിരുന്ന സ്ഥലം പരിസ്ഥിതിലോല പ്രദേശമായതിനാൽ വീണ്ടും ആ സ്ഥലത്തുതന്നെ കെട്ടിടം നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ മറ്റൊരു സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ ശ്രമിച്ചുവെങ്കിലും സ്ഥലവാസികൾ ടി സ്ഥലത്തുനിന്നും സ്കൂൾ മാറ്റി നിർമ്മിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പുതിയതായി സ്ഥലം വാങ്ങാൻ കഴിഞ്ഞിട്ടില്ല. അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അദ്ധ്യയനം നടന്നുവരുന്നു. വയനാട് ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ്. പുത്തുമല സ്കൂൾ കെട്ടിടങ്ങൾക്ക് യാതൊരു കുഴപ്പവുമില്ലെങ്കിലും സ്കൂളിലേയ്ക്ക് പോകുന്ന റോഡ് ഒലിച്ചുപോയി. പാലം നിർമ്മിക്കുന്നതിനുള്ള അനുമതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. അടുത്തുള്ള ഫോറസ്റ്റ് സ്റ്റേഷനിൽ അദ്ധ്യയനം നടന്നുവരുന്നു.

കാസർഗോഡ് ജില്ലയിലെ ബാവിക്കര ഗവൺമെന്റ് എൽ.പി.എസ്. പുനഃനിർമ്മാണത്തിനായി സർക്കാർ ഫണ്ട് അനുവദിക്കുകയും ടി സ്കൂൾ കെട്ടിടങ്ങളുടെ പണി ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു. പണി പൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിൽ അദ്ധ്യയനം ആരംഭിക്കുന്നതാണ്. ഇപ്പോൾ അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അദ്ധ്യയനം നടന്നുവരുന്നു.

**യൂണിഫോം കൈത്തറി വസ്ത്രമാക്കാൻ നടപടി**

143(3068) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണത്തിനായി സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിലെ യൂണിഫോം കൈത്തറി വസ്ത്രമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ നല്ല തുണിത്തരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകുന്നത്. 2017-18, 2018-19 അദ്ധ്യയന വർഷത്തിൽ സർക്കാർ എൽ.പി./യു.പി. സ്കൂളുകളിലും 2019-20 അദ്ധ്യയനവർഷം സർക്കാർ എൽ.പി./യു.പി. സ്കൂളുകൾക്ക് പുറമെ എയ്ഡഡ് എൽ.പി. സ്കൂളുകളിലും കൈത്തറി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

144(T* 3069) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉള്ളതും നേരത്തെ തന്നെ ഡി. ഡി.(എഡ്യുക്കേഷൻ) ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തതുമായ നിരവധി ഒഴിവുകൾ സമയബന്ധിതമായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ താല്പര്യം കാണിക്കാതെ ഉദ്യോഗാർത്ഥികളെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.ഡി. ഓഫീസിലെ ഒഴിവുകൾ യഥാസമയം പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിനാൽ ഉദ്യോഗാർത്ഥികൾ ഏറെ പ്രയാസം നേരിടുന്നതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നിർദ്ദേശം നല്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വേക്കൻസികൾ സമയബന്ധിതമായി കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 9-10-2018-ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകന യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം, വേക്കൻസികൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്. കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ വിവിധ ഓഫീസുകളിലും സ്കൂളുകളിലും ഉണ്ടായ വേക്കൻസികൾ റിപ്പോർട്ട് ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി

145(3070) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലാപ്പറമ്പ് എ.യു.പി സ്കൂൾ കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ കോഴിക്കോട്, മരങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ മലപ്പുറം, കിരാലൂർ പി.എം.എൽ.പി. സ്കൂൾ തൃശ്ശൂർ എന്നിവ സർക്കാർ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏറ്റെടുക്കുന്നതിന് മാനേജ്മെന്റുകൾക്ക് എത്ര രൂപവീതമാണ് നഷ്ടപരിഹാരമായി നൽകിയതെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടുതൽ സ്കൂളുകൾ ഏറ്റെടുക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 27-7-2016-ലെ സ.ഉ.(പി) നമ്പർ 122/2016/പൊ.വി.വ. പ്രകാരം പ്രസ്തുത സ്കൂളുകൾ വിജ്ഞാപനം ചെയ്ത് ഏറ്റെടുക്കുകയും ആയതിനുള്ള നടപടി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

(ബി)

1. എ.യു.പി. സ്കൂൾ മലാപ്പറമ്പ്, കോഴിക്കോട്-5,85,86,710 രൂപ (അഞ്ച് കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) (25-1-2017-ലെ സ.ഉ. (സാധാ) നമ്പർ 181/2017/പൊ.വി.വ. ഉത്തരവ് പ്രകാരം)

2. എ.എം.എൽ.പി. സ്കൂൾ മങ്ങാട്ടുമുറി, മലപ്പുറം- 63,89,645 (അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) (7-4-2018-ലെ സ.ഉ. (സാധാ) നമ്പർ 1375/2018/പൊ.വി.വ. ഉത്തരവ് പ്രകാരം)

3. പി.എം.എൽ.പി. സ്കൂൾ കിരാലൂർ, തൃശ്ശൂർ -79,54,550 രൂപ (എഴുപത്തി ഒൻപത് ലക്ഷത്തി അൻപത്തിനാലായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ മാത്രം) (11-7-2017-ലെ സ.ഉ. (സാധാ)നമ്പർ 2289/2017/പൊ.വി.വ. ഉത്തരവ് പ്രകാരം)

4. എ.യു.പി. സ്കൂൾ പാലാട്ട്, കോഴിക്കോട് 11-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2289/2017/പൊ.വി.വ. ഉത്തരവ് പ്രകാരം 56,09,947 രൂപ (അമ്പത്തിയാറു ലക്ഷത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി നാൽപത്തി ഏഴ് രൂപ മാത്രം)നഷ്ടപരിഹാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് സ്കൂൾ

മാനേജർ കോഴിക്കോട് ജില്ലാ കോടതിയിൽ CMA No.44/2018 കേസ് ഫയൽ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കൈപ്പറ്റിയിട്ടില്ല.

(സി) ഇല്ല. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും 2011-ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടത്തിന്റെയും വ്യവസ്ഥകൾ പ്രകാരം എയ്ഡഡ് മാനേജ്മെന്റുകൾക്ക് സ്കൂളുകൾ ഭംഗിയായി നടത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടത് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളാണ്. സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത് പ്രത്യേക സാഹചര്യം പരിഗണിച്ചാണ്. സ്കൂളുകൾ ഏറ്റെടുക്കണമെന്നത് സർക്കാരിന്റെ നയമല്ല.

## പാഠ്യപദ്ധതി പരിഷ്കരണം

146(3071) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തയ്യാറാകുമോ;

(ബി) ഏതൊക്കെ മേഖലകളിലൂന്നിയാണ് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതെന്നത് സംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാട് വ്യക്തമാക്കാമോ;

(സി) ഭാവിയിൽ സക്രീയമായി ഇടപെടത്തക്കതരത്തിൽ അറിവും ശേഷിയും ഉണ്ടാക്കി നല്കുന്നതിന് നമ്മുടെ അദ്ധ്യാപക സമൂഹത്തെ പരിവർത്തനപ്പെടുത്തുമോ;

(ഡി) ഗവേഷണ മേഖലയും സാമൂഹ്യചലനങ്ങളെയും സൂക്ഷമമായി നിരീക്ഷിച്ചുകൊണ്ട് ഭാവികാലത്തെ മുൻകൂട്ടിക്കണ്ട് കരുത്തുറ്റ ഒരു വിദ്യാഭ്യാസ സംവിധാനമാക്കിത്തീർക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള സമീപനരേഖ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിവരുന്നു. ഇത് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കിയാണ് സർക്കാർ നടപ്പാക്കുന്നത്. സമീപനരേഖ പൂർത്തിയാകുമ്പോൾ മാത്രമേ ഊന്നൽ മേഖലകളെക്കുറിച്ച് പ്രതിപാദിക്കാൻ കഴിയൂ.

(സി) അദ്ധ്യാപക സമൂഹത്തെ ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാലാനുസൃതമായ ഇൻസർവ്വീസ് പരിശീലനം എല്ലാ മേഖലയിലെയും അദ്ധ്യാപകർക്ക് ലഭ്യമാക്കി. മികച്ച അദ്ധ്യാപകരെ രൂപപ്പെടുത്തുന്നതിന് ഡി.എൽ.എഡ്. പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പാക്കി. ഹയർ സെക്കണ്ടറി മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സവിശേഷമായ രീതിയിൽ അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നുവരുന്നു. കൂടാതെ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി 'ഓൺലൈൻ കോഴ്സ്' നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അദ്ധ്യാപക പരിപോഷണ പരിപാടികൾ കാലാനുസൃതമായും കാലോചിതമായും പരിഷ്കരിച്ച് നടപ്പിലാക്കി. അദ്ധ്യാപക സമൂഹത്തെ പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടികൾ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായി നടത്തിവരുന്നു.

(ഡി) സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഭാവിയുടെ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്ന വിദ്യാഭ്യാസ ക്രമം കെട്ടിപ്പടുക്കാൻ ഉദ്ദേശിക്കുന്നു. വിവരങ്ങൾ പകർന്നുനൽകുന്ന പഠനത്തിൽ നിന്ന് അന്വേഷണത്തിലൂടെയും അപഗ്രഥനത്തിലൂടെയും അറിവ് നിർമ്മിക്കുന്ന തരത്തിലേയ്ക്ക് പഠനം മാറേണ്ടതുണ്ട്. ഇതിനായി പാഠ്യപദ്ധതിയിലെ ഉള്ളടക്കം ക്രമീകരിക്കുകയും വിലയിരുത്തൽ സമ്പ്രദായം അടിമുടി മാറ്റുകയും ചെയ്യണം. ദേശീയ പാഠ്യപദ്ധതിയോട് സമരസപ്പെടുന്ന രീതിയിലും ഇത് നിർവഹിക്കപ്പെടേണ്ടതുണ്ട്. എല്ലാ വിഭാഗത്തിലുംപെട്ട വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന തരത്തിൽ പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ ആവശ്യമാണ്. ഇതിനായുള്ള മുന്നൊരുക്കങ്ങൾ നടന്നുവരുന്നു.

**അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് നടപടി**

147(3072) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് സമഗ്രശിക്ഷ കേരള, ഡയറ്റുകൾ, പൊതുവിദ്യാഭ്യാസ വകുപ്പിലെ സംവിധാനങ്ങളായ എ.ഇ.ഒ, ഡി.ഇ.ഒ., ഡി.ഡി.ഇ. എന്നീ സ്ഥാപനങ്ങൾ നേതൃത്വം നൽകിവരികയാണ്.

(ബി) നിലവിൽ ജില്ലാടിസ്ഥാനത്തിൽ അദ്ധ്യാപക പരിശീലന പ്രവർത്തനങ്ങൾക്ക് ഡയറ്റുകൾ നേതൃത്വം നൽകിവരുന്നു. കൂടാതെ ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി.) ഇതിൽ മുഖ്യ പങ്കുവഹിക്കുന്നുണ്ട്.

(സി) അദ്ധ്യാപക ശാക്തീകരണ പരിപാടികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. അവധിക്കാല പരിശീലനങ്ങളും ക്ലസ്റ്റർതല പരിശീലനങ്ങളും ഹയർസെക്കണ്ടറി മേഖലയിൽ നടപ്പാക്കിവരുന്ന HSSTTP (Higher Secondary School Teachers Transformation Programme), വി.എച്ച്.എസ്.ഇ. മേഖലയിൽ വിവിധ ജോബ് റോളുകൾക്കനുസരിച്ചുള്ള പരിശീലന പരിപാടികൾ എന്നിവ അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്ന തിന് ലക്ഷ്യമിട്ടുകൊണ്ടുള്ളവയാണ്. എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലന കോഴ്സ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതോടൊപ്പം അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഡിജിറ്റൽ വിഭവങ്ങൾ നിർമ്മിക്കുന്നതിനും അതുപയോഗിച്ച് ക്ലാസ്റൂം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനവും കൈറ്റ് മുഖാന്തിരം നൽകിയിട്ടുണ്ട്.

**സർവ്വീസിലുള്ള അദ്ധ്യാപകരുടെ കെ-ടെറ്റ് യോഗ്യത**

148(3073) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ- ടെറ്റ് യോഗ്യതാപരീക്ഷ വിജയിച്ചില്ല എന്ന കാരണത്താൽ നിലവിൽ സർവീസിലുള്ള അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തീകരണം, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ തടയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സർവീസിലുള്ള അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യതാപരീക്ഷ വിജയിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ ഉത്തരവുകളിലൂടെ 2012-13 മുതൽ 2018-19 വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 31-3-2019 വരെ ഇളവ്

അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി കാലയളവിനുള്ളിൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത അദ്ധ്യാപകരുടെ നിയമനാംഗീകാരം, പ്രൊബേഷൻ, ഇൻക്രിമെന്റ് തുടങ്ങിയ വ്യവസ്ഥകൾ എപ്രകാരം നിശ്ചയിക്കണമെന്നത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)-യെ ആണ്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല.

**മാനേജ്മെന്റ് സ്കൂളുകൾ അടച്ച് പൂട്ടുന്നത് സംബന്ധിച്ച അപേക്ഷ**

149(3074) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മാനേജ്മെന്റ് സ്കൂളുകൾ അടച്ച് പൂട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എന്ത് തീരുമാനമാണ് എടുത്തത്;

(സി) അപ്രകാരം അപേക്ഷ നൽകിയ സ്കൂളുകളിൽ ഏതിലൊക്കെയാണ് ഒരു വിദ്യാർത്ഥി പോലും നിലവിൽ പഠിക്കുവാനില്ലാത്തത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് 14, 15, വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XX എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ്. അടച്ചുപൂട്ടുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) അപേക്ഷ നൽകിയതിൽ ഒരു വിദ്യാർത്ഥിപോലും നിലവിൽ പഠിക്കാനില്ലാത്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

കോട്ടയം

സെന്റ് ജോസഫ് എൽ.പി. സ്കൂൾ, കുമ്മണ്ണൂർ.

എറണാകുളം

1. അയ്യനാട് എൽ.പി. സ്കൂൾ, കാക്കനാട്
2. സെന്റ് ജോൺസ് എൽ.പി.എസ്., കോന്തുരുത്തി
3. എസ്.ആർ.വി.എസ്.എം.ജി.എൽ.പി. സ്കൂൾ കുമ്പളം
4. സെന്റ് ജോൺസ് എൽ.പി.എസ്., എളംകുളം
5. സെന്റ് സേവ്യേഴ്സ് എൽ.പി. സ്കൂൾ, കലൂർ
6. എ.ജെ.എൽ.പി. സ്കൂൾ, വടുതല
7. എം.റ്റി.എൽ.പി.സ്കൂൾ, ഐമുറി
8. എൽ.എൽ.സി. ഹൈസ്കൂൾ, മട്ടാഞ്ചേരി
9. എസ്.ജെ.എ.എൽ.പി. സ്കൂൾ, കരയാംപറമ്പ്
10. സെന്റ് ജോസഫ് എൽ.പി. സ്കൂൾ, മലയാറ്റൂർ

കോഴിക്കോട്

ചെറുവണ്ണൂർ എ.എൽ.പി.സ്കൂൾ, ഫറോക്ക്

കണ്ണൂർ

വാണിവിലാസം യു.പി. സ്കൂൾ, തലശ്ശേരി

**കായികാദ്ധ്യാപക സമരം**

150(3075) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴ ലക്ഷം പ്രൈമറി വിദ്യാർത്ഥികൾക്കും എട്ട് ലക്ഷം ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കും കായികവിദ്യാഭ്യാസവും കായിക അദ്ധ്യാപകരും ഇന്ന് പ്രാപ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാറ്റമില്ലാതെ തുടരുന്ന ഈ ദുരവസ്ഥക്കെതിരെ സംസ്ഥാനത്തെ കായികാദ്ധ്യാപകർ കഴിഞ്ഞ നാലു മാസമായി നടത്തിവരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(സി) അദ്ധ്യാപക സമരത്തെ തുടർന്ന് സ്കൂൾ കായികമേളകൾക്ക് താഴെത്തട്ടിലുണ്ടായ പകിട്ടില്ലായ്മയും പിടിപ്പുകേടും പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ അടുത്ത മാസം നടക്കാനിരിക്കുന്ന സംസ്ഥാന സ്കൂൾ കായികമേള നീട്ടിവയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ സമരം ഒത്തു തീർപ്പിലെത്തിക്കുന്നതിന് സാഹചര്യമൊരുക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കായികവിദ്യാഭ്യാസം എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് പ്രാപ്തരായ അദ്ധ്യാപകർ ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തുണ്ട്. എന്നിരുന്നാലും കായികാദ്ധ്യാപക സംഘടനകൾ നൽകിയ നിവേദനങ്ങളിലെ ചില ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**പൊതുവിദ്യാലയങ്ങളിൽ പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ**

151(3076) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ കുറഞ്ഞ വേതനത്തിൽ ജോലി നോക്കുന്ന പാചകതൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ ജോലി നോക്കുന്നവർക്ക് നൽകുന്ന വേതനം എത്രയാണെന്നും, ആയത് സർക്കാരിന്റെ പ്രഖ്യാപിത ദിവസവേതന തൊഴിലാളികൾക്ക് നൽകുന്ന ദിവസവേതനത്തിന് തുല്യമാണോ എന്നും വിശദമാക്കാമോ;

(സി) ഓഫീസ് അസിസ്റ്റന്റ്, തോട്ടം തൊഴിലാളികൾ, ആശുപത്രിയിലെ ക്ലീനർമാർ, ഡ്രൈവർ എന്നിവർക്ക് ദിവസം എത്ര രൂപയാണ് സർക്കാർ വേതനമായി നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സമൂഹത്തിൽ വളരെ പ്രയാസം അനുഭവിക്കുന്ന പാചകതൊഴിലാളികൾക്കും, കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ. ആനുകൂല്യവും, ചികിത്സാ സൗകര്യവും, സൗജന്യ ഇൻഷ്വറൻസും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ കുറഞ്ഞ ഓണറേറിയം 500 രൂപയും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം എന്ന നിലയിൽ 575 രൂപയും നൽകിവരുന്നു. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പാചകത്തൊഴിലാളികൾക്ക് നിഷ്കർഷിച്ചിരിക്കുന്ന പ്രതിമാസ ഓണറേറിയം 1,000 രൂപ മാത്രമാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി കേരളത്തിലെ പാചകത്തൊഴിലാളികൾക്ക് വളരെ ഉയർന്ന വേതനമായ പ്രതിദിനം 500/575 രൂപ ക്രമത്തിൽ പ്രതിമാസം ശരാശരി 10,000 രൂപയിൽ കൂടുതൽ ഓണറേറിയമായി നൽകിവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അദാലത്ത്**

152(3077) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ നടത്തുന്ന അദാലത്തിൽ 2019 സെപ്റ്റംബർ മാസം വരെ എത്ര ഫയലുകൾ തീർപ്പാക്കി എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; ഇതിൽ നിയമന അപ്പീലുകൾ സംബന്ധിച്ച എത്ര ഫയലുകൾ തീർപ്പാക്കി; ഇനി എത്ര എണ്ണം തീർപ്പാക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) നിയമനം സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കിയതിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ അദാലത്തുകളിലൂടെ 5772 പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുകയുണ്ടായി. ഇതിൽ 862 എണ്ണം നിയമനാംഗീകാരം സംബന്ധിച്ച അപ്പീൽ ഫയലുകളാണ്. ഇനി 917 അപ്പീൽ ഫയലുകൾ അവശേഷിക്കുന്നു. ഇതിൽ ഏറിയ പങ്കും ബഹു. കോടതികളിൽ നിന്നും അന്തിമ ഉത്തരവിനായി കാത്തിരിക്കുന്നവയാണ്.

ജില്ലാതലത്തിൽ നടത്തിയ അദാലത്തുകളിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി തീർപ്പാക്കിയ 41507 ഫയലുകളിൽ 924 എണ്ണം എയ്ഡഡ് നിയമന അപ്പീൽ ഫയലുകളാണ്. ഈ വിഷയത്തിൽ ഇനി 788 അപ്പീലുകൾ അവശേഷിക്കുന്നു.

(ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 862 അപ്പീൽ ഫയലുകളും 14 ഉപഡയറക്ടറേറ്റുകളിലായി 924 അപ്പീൽ ഫയലുകളും ഇതിനകം തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഇവയിൽ നിയമനാംഗീകാരം നൽകിയവ, നിരസിച്ചവ എന്ന രീതിയിൽ കണക്കെടുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടില്ല. തസ്തിക ലഭ്യമായ എല്ലാ സ്കൂളുകളിലും നിയമനം ലഭിച്ചവർക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**സർട്ടിഫിക്കറ്റുകളിലെ അക്ഷരത്തെറ്റുകൾ തിരുത്തി നൽകുന്നത് സംബന്ധിച്ച്**

153(3078) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ നിന്നും വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ അക്ഷരത്തെറ്റുകൾ കടന്നുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ട് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷകന്റേതല്ലാത്ത ഇത്തരം പിഴവുകൾ ഏതെങ്കിലും ഒരു അംഗീകൃത തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേയ്ക്ക് നൽകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

(ബി) സർട്ടിഫിക്കറ്റിലെ ഓരോ വിഭാഗം തിരുത്തലിനും നിഷ്കർഷിച്ചിരിക്കുന്ന രേഖ മാത്രമേ ആവശ്യപ്പെടാറുള്ളൂ. പ്രസ്തുത രേഖ ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങളുടെ പ്രിന്റ് മുൻകൂട്ടി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകി കൃത്യത ഉറപ്പാക്കി പ്രധാനാദ്ധ്യപകൻ വെരിഫൈ ചെയ്താണ് വിവരങ്ങൾ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്നത്.

## ഹെറിറ്റേജ് സ്കൂളുകളുടെ സംരക്ഷണം

154(3079) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹെറിറ്റേജ് സ്കൂളുകളുടെ സംരക്ഷണത്തിനും നവീകരണത്തിനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ വിശദവിവരവും എസ്റ്റിമേറ്റ് തുകയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ഏതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ-ഡി) 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ വിഷയം ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ വഴി അമ്മമാർക്ക് പരിശീലനം

155(3080) ശ്രീ. അബ്ദുൽ ഹമീദ് പി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഹൈടെക് സംവിധാനങ്ങൾ സംബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബുകൾ വഴി അമ്മമാർക്ക് പരിശീലനം നൽകുന്നുണ്ടോ;

(ബി) പ്രസ്തുത പരിശീലന പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; വിശദവിവരം നൽകാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. മക്കളുടെ പഠന പ്രവർത്തനങ്ങൾക്ക് സമഗ്ര ഡിജിറ്റൽ വിഭവപോർട്ടൽ ഉപയോഗപ്പെടുത്തൽ, ഹൈടെക് ക്ലാസ്മുറികളുടെ സംവിധാനങ്ങൾ പരിചയപ്പെടുത്തൽ, ക്യൂ.ആർ. കോഡ് സഹായത്തോടെ പാഠപുസ്തകത്തിൽ ലഭ്യമാക്കിയിട്ടുള്ള റിസോഴ്സുകൾ ഉപയോഗിക്കുന്ന രീതി പരിചയപ്പെടുത്തൽ, സൈബർ സെക്യൂരിറ്റിയെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് എന്നിവയാണ് പ്രസ്തുത പരിശീലന പദ്ധതിയിലെ ഉള്ളടക്കം.

**മൂവാറ്റുപുഴ മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന വിദ്യാലയങ്ങൾ**

156(3081) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളാണ് മികവിന്റെ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അനുവദിച്ച തുക, നിലവിലെ സ്ഥിതി, ലഭ്യമാകുന്ന സൗകര്യങ്ങൾ എന്നിവ സഹിതം അറിയിക്കാമോ?

ഉത്തരം

മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്ത വിദ്യാലയം ജി.എച്ച്.എസ്. പേഴക്കാപ്പള്ളിയാണ്. ആയതിന് കിഫ്ബി 5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 20 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ. അനുസരിച്ച് ഒരു Vertical Expansion-ഉം 3 പുതിയ ബ്ലോക്കുകളും ഒരു ടോയ്‌ലെറ്റ് ബ്ലോക്കുമാണുള്ളത്.

**അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന പദ്ധതി**

157(3082) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര നിയോജക മണ്ഡലങ്ങളിൽ ഈ പദ്ധതി പൂർത്തിയാക്കിയെന്ന് അറിയിക്കുമോ;

(സി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കായി നാളിതുവരെ അനുവദിച്ച സാമ്പത്തിക സഹായം എത്രയെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലും ഒരു സർക്കാർ സ്കൂൾ എന്ന നിലയിൽ 141 സ്കൂളുകളിൽ 5 കോടി രൂപ വീതം കിഫ്ബി അനുവദിച്ചുകൊണ്ടുള്ള പദ്ധതിയിൽ സംസ്ഥാനമൊട്ടാകെ ഇതുവരെ 9 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. മൂന്ന് സ്കൂളുകളുടെ പണികൾ ഉടൻ പൂർത്തീകരിച്ച് നൽകാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60 ശതമാനത്തിലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## എയ്ഡഡ് എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം

158(3083) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ ഏതെങ്കിലും എയ്ഡഡ് എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം സർക്കാരിന്റെ മുന്നിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ;

(ബി) അത്തരത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അപ്രകാരം സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണം; വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. അസ്ഹർ എൽ.പി. സ്കൂളിന്റെ മാനേജർ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ലെന്നതിനാൽ സർക്കാർ സ്കൂൾ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കൽപ്പറ്റ നഗരസഭ കൗൺസിൽ തീരുമാനം കൈക്കൊണ്ട് സർക്കാരിനെ അറിയിച്ചിരുന്നു. അക്കാര്യത്തിൽ കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടത്തിലും പ്രതിപാദിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂൾ ഏറ്റെടുക്കുന്നത് കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് 14, 15, വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XX എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ്.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

159(3084) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ വിശദവിവരം നൽകുമോ?

ഉത്തരം

നെടുമങ്ങാട് അരുവിക്കര നിയോജകമണ്ഡലങ്ങളിലെ അഡീഷണൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സ്കിൽ ഡെവലപ്മെന്റ് സെന്റർ ഗവ. കോളേജ് നെടുമങ്ങാട് ആസ്ഥാനമാക്കിയാണ്

പ്രവർത്തിക്കുന്നത്. നെടുമങ്ങാട് സ്കിൽ ഡെവലപ്മെന്റ് സെന്ററിൻ കീഴിലായി ആകെ 16 വിദ്യാലയങ്ങളിലാണ് അസാപ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അസാപ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള വിദ്യാലയങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. എസ്.കെ.വി.എച്ച്.എസ്.എസ്., നന്നിയോട്
2. ഗവ. ഗേൾസ് എച്ച്.എസ്.എസ്., നെടുമങ്ങാട്
3. എസ്.എൻ.എച്ച്.എസ്.എസ്., ഉഴമലയ്ക്കൽ
4. ഇക്ബാൽ എച്ച്.എസ്.എസ്., പെരിങ്ങമ്മല
5. ഗവ. വി.എച്ച്.എസ്.എസ്., വെള്ളനാട്
6. ഗവ. എച്ച്.എസ്.എസ്., അരുവിക്കര
7. ഗവ. എച്ച്.എസ്.എസ്., പൂവത്തൂർ
8. ഗവ. വി.എച്ച്.എസ്.എസ്., കരകുളം
9. ഗവ. എച്ച്.എസ്.എസ്., തൊളിക്കോട്
10. ഗവ. വി.എച്ച്.എസ്. എസ്., വിതുര
11. എസ്.എൻ.വി. എച്ച്.എസ്.എസ്., ആനാട്
12. എൽ.എം.എസ്. എച്ച്.എസ്.എസ്., വട്ടപ്പാറ
13. ഗവ. വി.എച്ച്.എസ്.എസ്., ആര്യനാട്
14. പി.എച്ച്.എം.കെ.എം. എച്ച്.എസ്.എസ്., പനവൂർ

ഗവ. എച്ച്.എസ്.എസ്. തൊളിക്കോടിൽ ബാച്ച് ആരംഭിക്കാൻ വേണ്ട വിദ്യാർത്ഥികളുടെ എണ്ണം തികയാത്തതിനാൽ 2016-17 അദ്ധ്യയന വർഷം മുതൽ അസാപ് നടപ്പിലാക്കുന്നില്ല.

<u>അസാപ് പദ്ധതി വിശദാംശങ്ങൾ</u>

ഉന്നത വിദ്യാഭ്യാസത്തിനു ശേഷവും തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നതിനാൽ ഈ അവസ്ഥ പരിഹരിക്കാനായി ഉന്നത പൊതു വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന സംരംഭമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം അഥവാ ASAP.

സ്കൂൾ കോളേജുതല അദ്ധ്യയനത്തോടൊപ്പംതന്നെ വിദ്യാർത്ഥികളെ തൊഴിൽ മേഖലയ്ക്ക് അനുസൃതമായി സജ്ജരാക്കുവാൻ വേണ്ടുന്ന ലൈഫ് സ്കിൽ ജീവിത നൈപുണ്യ പരിശീലനമാണ് അസാപ് പദ്ധതി വഴി നടപ്പിലാക്കുന്നത്. ഗവ./എയ്ഡഡ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നു. പ്ലസ് വൺ ക്ലാസ്സുകളിലേയും ബിരുദതലത്തിലെ ഒന്നാം വർഷ ക്ലാസ്സുകളിലെയും വിദ്യാർത്ഥികളെയാണ് അസാപ് ക്ലാസ്സുകളിലേക്ക് തെരഞ്ഞെടുക്കുന്നത്.

സ്കൂൾ കോളേജ് സമയത്തിന് പുറത്തുള്ള സമയമായിരിക്കും അധ്യയന സമയമായി തെരഞ്ഞെടുക്കുക. ദിവസവും ഒരു മണിക്കൂറായി ഇത് നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവധി ദിവസങ്ങളിലും ശനിയാഴ്ചകളിലും കൂടുതൽ സമയം ക്ലാസ്സുകളുണ്ടായിരിക്കുന്നതാണ്.

അസാപിൽ അംഗമാകുന്ന സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, 80 മണിക്കൂർ ദൈർഘ്യമുള്ള വിവര സാങ്കേതിക വിദ്യാ പാഠങ്ങൾ എന്നിവ ഉൾപ്പെടുന്ന ഫൗണ്ടേഷൻ മോഡ്യൂൾ പരിശീലനം നൽകപ്പെടുന്നു. ഇതിലൂടെ ആധുനിക തൊഴിൽ മേഖലകളിൽ പ്രവർത്തിക്കാനാവശ്യമായ തൊഴിൽ ക്ഷമത കൈവരിക്കാൻ സഹായിക്കും. ഈ ഫൗണ്ടേഷൻ മോഡ്യൂൾ പരിശീലകരെ അസാപ് തെരഞ്ഞെടുത്ത് പരിശീലനം സജ്ജമാക്കുന്നുണ്ട്.

ഇതുകൂടാതെ ദേശീയ നൈപുണ്യ പരിശീലന ചട്ടക്കൂടനുസരിച്ചുള്ള 100 ഓളം തൊഴിൽ നൈപുണ്യ ക്ലാസ്സുകൾ അസാപ് പരിശീലനത്തിന്റെ ഭാഗമായി സജ്ജമാക്കിയിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (121 എണ്ണം) അസാപ് സജ്ജമാക്കിയിട്ടുണ്ട്. പരിശീലന പൂർത്തിയിൽ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഭാഗമായ സെക്ടർ സ്കിൽ കൗൺസിലുകൾ (SSCs) നൽകുന്ന നൈപുണ്യ സർട്ടിഫിക്കറ്റുകളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുക.

ഫൗണ്ടേഷൻ മോഡ്യൂൾ പരിശീലനത്തിന് ബ്രിട്ടീഷ് കൗൺസിൽ നൽകുന്ന APTIS സർട്ടിഫിക്കറ്റുകളാണ് ലഭ്യമാക്കുന്നത്.

**കുന്ദമംഗലം അംശം ദേശത്ത് അസാപ് കമ്മ്യൂണിറ്റി സ്കീൽ പാർക്കിന് ഭൂമി**

160(3085) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം അംശം ദേശത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരു ഏക്കർ സ്ഥലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മിച്ചഭൂമിയിൽനിന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന് മാറ്റിവച്ച ഈ സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കുന്ദമംഗലം അംശം ദേശത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരേക്കർ സ്ഥലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ**

161(3086) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന സ്കൂളുകളുടെയും പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ എസ്.പി.വി.കൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി, 3 കോടി, ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്. ആയതിൽ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| മാവേലിക്കര ജി.ജി.എച്ച്.എസ്.എസ്. | - 5 കോടി രൂപ |
| ജി.എച്ച്.എസ്.എസ്., ചുനക്കര | -3 കോടി രൂപ |
| ജി.കെ.കെ.എം. എച്ച്.എസ്.എസ്.,വള്ളിക്കുന്നം | -3 കോടി രൂപ |
| ജി.എസ്.വി.എച്ച്.എസ്.എസ്. കുടശ്ശനാട് | -1 കോടി രൂപ |
| ജി.എൽ.പി.എസ്., മറ്റത്തിൽ ഭാഗം | -1 കോടി രൂപ |
| ജി.വി.എച്ച്.എസ്.എസ്., മാവേലിക്കര | -1 കോടി രൂപ |
| ജി.എച്ച്.എസ്.എസ്.,കുന്നം | -1 കോടി രൂപ |

ഇതിൽ 5 കോടി രൂപ പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. മാവേലിക്കരയുടെ 37 ശതമാനം വർക്ക് പൂർത്തീകരിച്ചു കഴിഞ്ഞു. 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ട ജി.കെ.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്നം സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) ജി.ജി.എച്ച്.എസ്.എസ്. മാവേലിക്കര, ജി.കെ.കെ.എം. എച്ച്.എസ്.എസ്. വള്ളിക്കുന്നം എന്നീ സ്കൂളുകളുടെ എസ്.പി.വി. ആയി കൈറ്റാണ് പ്രവർത്തിച്ചുവരുന്നത്. ജി.എച്ച്.എസ്.എസ് ചുനക്കര സ്കൂളിന്റെ എസ്.പി.വി. ആയി ഇൻകെലിനെയും ജി.എച്ച്.എസ്.എസ്. കുന്നം, ജി.വി.എച്ച്.എസ്.എസ്. മാവേലിക്കര, ജി.എസ്.വി. എച്ച്.എസ്.എസ്. കുടശ്ശനാട് എന്നീ സ്കൂളുകളുടെ എസ്.പി.വി. ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ജി.എച്ച്.എസ്.എസ്. മാവേലിക്കര 2020 ജനുവരിയോടെയും ജി.കെ.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്നം 2020 ആഗസ്റ്റോടെയും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പത്തനംതിട്ട ജില്ലയിലെ സ്കൂളുകൾക്ക് കെട്ടിടം

162(3087) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഫണ്ട് ഉപയോഗിച്ച് പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ സ്കൂളുകൾക്ക് കെട്ടിടം പണിയുവാൻ അനുമതി നൽകിയെന്നും അനുവദിച്ച തുക എത്രയെന്നും നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) റാന്നി മണ്ഡലത്തിൽ ഫണ്ടനുവദിച്ചതിൽ ഏതൊക്കെ സ്കൂളുകളിൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇനിയും നിർമ്മാണം ആരംഭിക്കാത്തവ ഏതെല്ലാമെന്നും ഇതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ;

(ഡി) നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജി.എച്ച്.എസ്.എസ്. വെച്ചൂച്ചിറ കോളനി

(സി&ഡി) റാന്നി നിയോജകമണ്ഡലത്തിൽ കെട്ടിട നിർമ്മാണം ആംരഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ജി.എച്ച്.എസ്.എസ്. ഇടമുറി
2. ജി.എച്ച്.എസ്.എസ്. എഴുമറ്റൂർ
3. ജി.എൽ.പി.എസ്. അയിരൂർ
4. ജി.യു.പി.എസ്. പുതുശ്ശേരിമല, റാന്നി
5. ജി.എൽ.പി.എസ്. റാന്നി

ടി സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികൃതർക്കും അക്രഡിറ്റഡ് ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

163(3088) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആയതിൽ ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ)

1. ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ
2. കെട്ടിട നിർമ്മാണം
3. യൂണിഫോം വിതരണം.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## തിരുവനന്തപുരം ജില്ലയിലെ ചലഞ്ച് ഫണ്ട്

164(3089) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ചലഞ്ച് ഫണ്ടായി ഒരു സ്കൂളിന് പരമാവധി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) 1-3-2018-ലെ സ. ഉ. (അച്ചടി) നമ്പർ 30/2018/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനായി പ്രൊപ്പോസൽ നൽകേണ്ടതാണ്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

(സി) സ്കൂൾ മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതിക മായിട്ടാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഹിതവും 1:1 എന്ന അനുപാതത്തിലായിരിക്കും.

| | |
|---|---|
| എൽ.പി. | -25 ലക്ഷം |
| യു.പി. | -25 ലക്ഷം |
| എൽ.പി. & യു.പി. | -40 ലക്ഷം |
| എൽ.പി., യു.പി. & എച്ച്.എസ്. | -50 ലക്ഷം |
| എച്ച്.എസ്.എസ്. | -50 ലക്ഷം |

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രവർത്തനങ്ങൾ**

165(3090) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി G.O. (Rt)No.5503/2018 പൊ.വി.വ. മുഖേന ഉത്തരവായ ബന്ധപ്പെട്ട സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും നിർവ്വഹണവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം അനുമതി ലഭ്യമായ ജി.എച്ച്.എസ്.എസ്. കുളത്തുമ്മൽ, എച്ച്.എസ്.എസ്.വിളവൂർക്കൽ, യു.പി.എസ്. നേമം, യു.പി.എസ്. വിളപ്പിൽശാല എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർ നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) G.O. (Rt) No. 5503/2018/പൊ.വി.വ. തീയതി 31-12-2018-നെ ഭേദഗതി വരുത്തി 446 സ്കൂളുകൾക്ക് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി 18-6-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി. ആയി തദ്ദേശസ്വയം ഭരണ വകുപ്പിന്കീഴിലെ കിലയെ ചുമതലപ്പെടുത്തി സർക്കാർ 17-8-2019-ൽ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ജി.എച്ച്.എസ്.എസ്. കുളത്തുമ്മൽ, എച്ച്.എസ്.എസ്. വിളവൂർക്കൽ, യു.പി.എസ്.നേമം, യു.പി.എസ്. വിളപ്പിൽശാല എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

166(3091) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പെരിന്തൽമണ്ണ ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്.-ന്റെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ള ഗവൺമെന്റ് എച്ച്.എസ്.എസ്. പുലാമന്തോൾ, ഗവൺമെന്റ് എച്ച്. എസ്.എസ്.കുന്നക്കാവ് എന്നീ സ്കൂളുകളുടെയും പ്രവൃത്തി എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കുവാൻ ബാക്കിയുള്ളതെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ വിശദാംശങ്ങൾ, നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പെരിന്തൽമണ്ണ ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവൃത്തികൾ 40 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത ഗവൺമെന്റ് എച്ച്.എസ്.എസ്. പുലാമന്തോളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 5 ശതമാനവും ഗവൺമെന്റ് എച്ച്.എസ്.എസ്. കുന്നക്കാവ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 10 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ സ്കൂളിന്റെ 3 നിലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞു. നാലാമത്തെ നിലയുടെ പണികളാണ് പുരോഗമിക്കുന്നത്. പുലാമന്തോൾ സ്കൂളിന്റെ ഫൗണ്ടേഷൻ വർക്കുകളും കുന്നക്കാവ് സ്കൂളിന്റെ ഗ്രേഡ് ബീമിന്റെ പണികളും പുരോഗമിക്കുന്നു.

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനായി കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ വിശദാംശങ്ങൾ,

നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സമഗ്രശിക്ഷാ പദ്ധതി ഫണ്ട് ലഭ്യത**

167(3092) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിക്ഷാ പദ്ധതിയുടെ പ്രവർത്തനത്തിൽ ഫണ്ട് ലഭ്യതയുടെ കുറവ് വന്നിട്ടുണ്ടോ; അതു കാരണം പ്രവർത്തനത്തിന് തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എപ്രകാരമാണ്; കേന്ദ്ര ഫണ്ട് പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, സുരീലി ഹിന്ദി എന്നീ പരിപാടികൾ ഈ വർഷം സ്കൂളുകളിൽ നടത്തി കഴിഞ്ഞോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സമഗ്രശിക്ഷാ കേരളയുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഫണ്ട് ലഭ്യതയുടെ കുറവ് വന്നിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 2019-20 വർഷത്തെ വാർഷിക പദ്ധതി പ്രകാരം അംഗീകരിച്ച ആകെ തുകയായ 777.928 കോടി രൂപയിൽ നിന്നും 60 ശതമാനം തുകയായ 466.7568 കോടി രൂപ കേന്ദ്ര വിഹിതമായും 40 ശതമാനം തുകയായ 311.1712 കോടി രൂപ സംസ്ഥാന വിഹിതമായും എസ്.എസ്.കെ.-ക്ക് ലഭിക്കേണ്ടതാണ്.

എന്നാൽ കേന്ദ്ര സർക്കാരിന്റെ പി.എ.ബി. മിനിട്ട്സ് പ്രകാരം 242.16 കോടി രൂപ മാത്രമേ സംസ്ഥാനത്തിന് കേന്ദ്രം നീക്കിവച്ചിട്ടുള്ളൂ.

പി.എ.ബി. മിനിട്ട്സ് പ്രകാരം അനുവദിച്ച തുകയായ 242.16 കോടി രൂപയിൽ നിന്നും അഡ്ഹോക് തുകയും (55.7998 കോടി രൂപ) ആദ്യഗഡുവും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(91.6156 കോടി രൂപ) ചേർത്ത് 147.4154 കോടി രൂപ (എലിമെന്ററി വിഭാഗം- 132.4422 കോടി രൂപ, സെക്കണ്ടറി വിഭാഗം- 14.4328 കോടി രൂപ, ടീച്ചർ എഡ്യൂക്കേഷൻ വിഭാഗം 0.5404 കോടി രൂപ) കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിൽ അഡ്ഹോക് തുകയുടെ സെക്കണ്ടറി, ടീച്ചർ എഡ്യൂക്കേഷൻ വിഭാഗങ്ങൾക്കായുള്ള സംസ്ഥാന വിഹിതവും ചേർത്ത് 57.5086 കോടി രൂപ റിലീസ് ചെയ്ത് അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യ ഗഡുവിന്റെ സെക്കണ്ടറി വിഭാഗത്തിനുള്ള സംസ്ഥാന വിഹിതവും ചേർത്ത് 99.8889 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേന്ദ്രം അനുവദിച്ച തുകകളുടെ എലിമെന്ററി വിഭാഗത്തിനുള്ള സംസ്ഥാന വിഹിതമായി തദ്ദേശസ്വയംഭരണ വകുപ്പ് നൽകേണ്ട തുകയിൽ 82.3 കോടി രൂപ ഇതുവരെ സമഗ്രശിക്ഷ കേരളയ്ക്ക് ലഭ്യമായിട്ടുണ്ട്.

(സി) മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നീ പദ്ധതികൾ കഴിഞ്ഞ മൂന്നു വർഷമായും ഗണിതവിജയം, സുരീലിഹിന്ദി എന്നീ പദ്ധതികൾ കഴിഞ്ഞ രണ്ടു വർഷമായും സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. ഈ വർഷം പാഠഭാഗവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ക്ലാസ്സുകളിൽ ഈ പദ്ധതികൾ നടത്തിവരുന്നു. ഈ വർഷത്തെ അവധിക്കാല പരിശീലനത്തിൽ ഈ പരിപാടികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു.

## ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും ആരംഭിക്കുന്നതിന് പദ്ധതി

168(3093) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത്തിയെട്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും ആരംഭിക്കുന്നതിന് അനുമതി ലഭ്യമായ സർക്കാർ ഉത്തരവ് (G.O. (Rt) No. 4198/17/G.Edn) ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പ്രോജക്ട് നാളിതുവരെ നടപ്പിലാകാത്തതിന്റെ കാരണമെന്താണ്; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തുമ്മൽ ജി.എച്ച്.എസ്.എസ്., വിളവൂർക്കൽ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലനിൽക്കുന്നുണ്ട്.

(ബി) 19-10-2019-ലെ സ.ഉ. (സാധാ) നമ്പർ 4310/2019/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2017-18 വർഷത്തെ പ്രവൃത്തി Kerala Infrastructure and Technology for Education (KITE) മുഖേന നിർവ്വഹിക്കുന്നതിന് 6-11-2017-ലെ G.O. (Rt) No.4198/2017/G.Edn. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിൽനിന്ന് KITE പിൻമാറുകയും 19-10-2019-ലെ സ.ഉ (സാധാ) നമ്പർ 4310/2019/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പുതുക്കിയ ഉത്തരവ് പ്രകാരം കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ ജി.എച്ച്.എസ്.എസ്., വിളവൂർക്കൽ ജി.എച്ച്.എസ്.എസ്. എന്നിവ ഉൾപ്പെടെയുള്ള സ്കൂളുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**പിന്നാക്ക മേഖലകളിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം**

169(3094) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധികൾ നേരിടുന്ന തോട്ടം മേഖലകളും ആദിവാസി പിന്നാക്ക മേഖലകളും ഉൾപ്പെടുന്ന ഇടുക്കി, വയനാട് ജില്ലകളിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലുള്ള സ്ക്കൂളുകളിലെ കുട്ടികൾ പോഷകക്കുറവുമൂലം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിലേക്ക് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) വ്യക്തികൾ, സ്കൂൾ പി.ടി.എ., സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായത്തോടെ പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കുവാൻ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ വയനാട് ജില്ലയിലെ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 321 സ്കൂളുകളിൽ

282 സ്കൂളുകളിൽ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രഭാതഭക്ഷണം നൽകുന്നുണ്ട്. ഇടുക്കി ജില്ലയിൽ 35 സ്കൂളുകളിൽ നിലവിൽ പ്രഭാതഭക്ഷണ പദ്ധതി നടക്കുന്നുണ്ട്. ഇതിൽ 28 സ്കൂളുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി നടപ്പിലാക്കുന്നത്.

## സ്കൂളുകളിൽ സൗരോർജ്ജ പാനൽ

170(3095) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തി വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുന്ന പദ്ധതി നടപ്പിലാക്കുമോ; പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; അറിയിക്കുമോ?

ഉത്തരം

(എ & ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിലെ ലാബിന്റെയും ലൈബ്രറിയുടെയും കെട്ടിടങ്ങളുടെ നിർമ്മാണം

171(3096) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യശ്ശേരി മണ്ഡലത്തിലെ കൊട്ടില, കുഞ്ഞിമംഗലം, മാട്ടൂൽ എന്നീ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കനുവദിച്ച ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണവും കിഫ്ബി വഴി ഒരു കോടി രൂപ വീതം അനുവദിച്ച അഞ്ച് ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കൊട്ടില, കുഞ്ഞിമംഗലം എന്നീ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അനുവദിച്ച ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവൃത്തി Kerala Infrastructure and Technology for Education (KITE) മുഖേന നിർവ്വഹിക്കുന്നതിന് 6-11-2017-ലെ G.O. (Rt) No.4198/2017/G.Edn. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിൽനിന്ന് KITE പിൻമാറുകയും 19-10-2019-ലെ സ.ഉ. (സാധാ) നമ്പർ 4310/2019/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പുതുക്കിയ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ലാബ്, ലൈബ്രറി നവീകരണ പ്രവൃത്തി സിഡ്കോയെ ഏൽപ്പിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

കിഫ്ബി വഴി ഒരു കോടി രൂപ വീതം അനുവദിച്ച 5 ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എസ്.പി.വി. ആയി കിലയെയും പ്രവൃത്തി നിർവ്വഹണത്തിന് എൽ.എസ്.ജി.ഡി.യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് നടപടി**

172(3097) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾപാഠപുസ്തകങ്ങൾ മൂന്ന് വാല്യമായി പ്രിന്റ് ചെയ്ത് നൽകുന്നത് പുസ്തകങ്ങളുടെ അമിതഭാരംമൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധി വരെ കുറയ്ക്കുവാൻ സഹായകമായിട്ടുണ്ടോ;

(ബി) ഇപ്രകാരം മൂന്ന് വാല്യമായി പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് നൽകുന്നത് കൂടുതൽ സാമ്പത്തികഭാരം സർക്കാരിനുണ്ടാക്കുന്നുണ്ടോ;

(സി) പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഓരോ ക്ലാസ്സിലെയും പാഠപുസ്തകങ്ങളുടെ പേജിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 60 പേജുള്ള പാഠപുസ്തകങ്ങൾ ഒന്നാം വാല്യവും 60 മുതൽ 120 വരെ പേജുള്ളവ രണ്ടാം വാല്യമായും 120-ൽ കൂടുതൽ പേജുള്ളവ മൂന്നാം വാല്യമായും പരിഷ്കരിച്ച് അച്ചടിച്ച് വിതരണം ചെയ്തുവരുന്നു. 9, 10 ക്ലാസ്സുകളിൽ രണ്ട് വാല്യങ്ങളാണ്. ഇതുമൂലം പാഠപുസ്തകങ്ങളുടെ അമിതഭാരം കുറയ്ക്കുവാനും വിദ്യാർത്ഥികളുടെ ആരോഗ്യ പ്രശ്നങ്ങൾ കുറയ്ക്കുവാനും സഹായകരമായിട്ടുണ്ട്.

(ബി) അധിക സാമ്പത്തിക ഭാരമില്ല.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിന്റെ പേരിൽ വാർഷിക ഇൻക്രിമെന്റ് തടയൽ**

173(3098) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ന് മുൻപ് മറ്റ് സർക്കാർ വകുപ്പുകളിൽ ജോലിക്ക് പ്രവേശിക്കുകയും 2016-ൽ സർക്കാർ എൽ.പി.സ്കൂളിൽ അദ്ധ്യാപകരായി ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ആളുകൾക്ക് കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിന്റെ പേരിൽ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന വാർഷിക ഇൻക്രിമെന്റ് തടയാനുള്ള ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ സർവീസിലുള്ള അദ്ധ്യാപകർക്ക് മാത്രമായി കെ-ടെറ്റ് പരീക്ഷ നടത്തുന്ന കാര്യം സർക്കാർ അനുഭാവപൂർവം പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ) കെ-ടെറ്റ് യോഗ്യത നേടാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ ഇൻക്രിമെന്റ് അനുവദിക്കുകയോ ചെയ്യാൻ പാടില്ലെന്ന പൊതുനിർദ്ദേശം 18-16-2019-ലെ എച്ച്.3/30197/2016/ഡി.ജി.ഇ. നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം**

174(3099) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികൾക്ക് കൂടുതൽ ആധുനികവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രീ-പ്രൈമറി അധ്യാപകരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രീ-പ്രൈമറി അധ്യാപികമാർക്ക് കാലത്തിനനുസരിച്ച് കൂടുതൽ ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ പ്രീ-പ്രൈമറികൾ ആധുനികവൽക്കരിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നുണ്ട്.

(ഡി) നിലവിലുള്ള അദ്ധ്യാപകർക്കും ആയമാർക്കും പൊതുവിദ്യാഭ്യാസ വകുപ്പ് പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്.

## കൊടക്കാട് സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്

175(3100) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് കഴിഞ്ഞ് പത്ത് വർഷം പിന്നിട്ടിട്ടും ഇവിടെ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്ലസ് ടു കോഴ്സിന് വേണ്ടി കിഫ്ബി വഴി പുതിയ കെട്ടിടം പൂർത്തീകരിച്ചു വരുന്ന ഈ സ്ഥാപനത്തിൽ എപ്പോൾ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## സർക്കാർ ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകർ

176(3101) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഹൈസ്കൂളുകളിൽ നിലവിൽ എത്ര ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയുണ്ടെന്നുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് നൽകാമോ;

(ബി) പല സ്കൂളുകളിലും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.ഇ.ആർ അനുസരിച്ച് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി യോഗ്യതയുള്ള അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ ഹൈസ്കൂളുകളിൽ നിലവിൽ 2136 ഇംഗ്ലീഷ് അദ്ധ്യാപക തസ്തികകളുണ്ട്.

(ബി) 8 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 5-ൽ കുറഞ്ഞ ഡിവിഷനുകളുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദനീയമല്ല.

(സി) തസ്തിക നിർണ്ണയം നടത്തുന്ന സമയം ചട്ടപ്രകാരം അനുവദനീയമായ തസ്തികകൾ സൃഷ്ടിച്ച് വരുന്നുണ്ട്.

**ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ സംഘർഷങ്ങൾ**

177(3102) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിലും, സമീപ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിലും സംഘർഷങ്ങളും, പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നേരെ റാഗിങ്ങും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച വിധത്തിലുള്ള സംഘർഷങ്ങൾ കാരണം സ്കൂളിൽ നടക്കുന്ന പൊതു പരിപാടികളും മേളകളും അലങ്കോലപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഘർഷങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സംഘർഷങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയ പഠനം നടത്തി കണ്ടെത്തുന്നതിനും ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം ഉണ്ടാകുന്നതായും പ്ലസ് വൺ വിദ്യാർത്ഥികളുടെ നേരെ റാഗിംഗ് നടക്കുന്നതായുമുള്ള പരാതികൾ ലഭിക്കുകയും ടി പരാതികളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. എന്നാൽ സമീപ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

(ബി) സ്കൂളുകളിലെ വിദ്യാർത്ഥികൾ തമ്മിലുള്ള സംഘർഷം കാരണം സ്കൂളിൽ നടക്കുന്ന പൊതുപരിപാടികളും മേളകളും അലങ്കോലപ്പെടുന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(സി&ഡി) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായുള്ള കൗൺസിലിംഗും നടത്തുന്നുണ്ട്. 'മക്കളെ അറിയാൻ' എന്ന പേരിൽ രക്ഷകർത്താക്കൾക്കായി അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ആവശ്യമായ ക്ലാസ്സുകൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ താൽക്കാലിക ജീവനക്കാർ**

178(3103) <u>ശ്രീ. എം. വിൻസെന്റ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിലവിൽ എത്ര താല്ക്കാലിക ജീവനക്കാരുണ്ടെന്നും ഏതൊക്കെ തസ്തികകളിലെന്നും വിശദമാക്കാമോ;

(ബി) ഇവരെ എപ്രകാരമാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 2 ഡ്രൈവർമാരും പരീക്ഷാ സംബന്ധമായ ജോലികൾക്കുവേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച 32 ഡാറ്റാ എൻട്രി ജീവനക്കാരും ജോലി ചെയ്യുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പരീക്ഷാ സംബന്ധമായ ജോലികൾക്കുവേണ്ടി നിയമിക്കപ്പെട്ട 32 ഡാറ്റാ എൻട്രി ജീവനക്കാർ ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവരുന്നു. ഡ്രൈവർമാരെ താൽക്കാലികാടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

## കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണ പ്രവൃത്തികൾ

179(3104) <u>ശ്രീ. മാത്യൂ റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിൽ ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലാസ് മുറികൾ പൊളിച്ച് മാറ്റിയതുമൂലം ക്ലാസ്സുകൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 2019-20 വർഷം നഷ്ടപ്പെട്ട ബാച്ചുകൾ അടുത്ത വർഷം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്തംഭനാവസ്ഥയിലായിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.നിർമ്മാണ പ്രവൃത്തികൾ ക്ലാസ്സ് തടസ്സപ്പെടുത്തുന്ന പക്ഷം ബദൽ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അടുത്ത വർഷം സ്ഥിതി വിലയിരുത്തിയതിനുശേഷം ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു ഹൈസ്കൂൾ ബ്ലോക്കും കിച്ചൺ ബ്ലോക്കുമാണ് പ്രധാനമായി വിഭാവനം ചെയ്തിട്ടുള്ളത്. ഹൈസ്കൂൾ ബ്ലോക്കിന്റെ ഒന്നാം നില നിർമ്മാണം പൂർത്തിയായി രണ്ടാം നിലയുടെ നിർമ്മാണ വേളയിൽ മണ്ണിന്റെ ഉറപ്പിന്മേൽ കിഫ്ബി രേഖാമൂലം സംശയം ഉന്നയിക്കുകയും പ്രവൃത്തി നിർത്തിവയ്ക്കാൻ കിഫ്ബി രേഖാമൂലം നിർദ്ദേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ വീണ്ടും മണ്ണ് പരിശോധനയ്ക്ക് 'കിറ്റ്കോ'യെ ചുമതലപ്പെടുത്തുകയും

ചെയ്തു. കിറ്റ്കോ സമർപ്പിച്ച പരിശോധന റിപ്പോർട്ട് കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്. സ്തംഭനാവസ്ഥ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്പെഷ്യൽ റൂൾ ഭേദഗതി

180(3105) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (G.O.(P) No.144/2001/Gen.edn തീയതി 16-4-2001), എച്ച്.എസ്.എസ്.റ്റി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിൽ ബി.എഡ്. കമ്പ്യൂട്ടർ സയൻസ് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുവാൻ നാളിതുവരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എൻ.സി.റ്റി.ഇ. (ഡിറ്റർമിനേഷൻ ഓഫ് മിനിമം ക്വാളിഫിക്കേഷൻ ഫോർ റിക്രൂട്ട്മെന്റ് ആന്റ് ടീച്ചേഴ്സ് ഇൻ സ്കൂൾ) റഗുലേഷൻ, 2014 പ്രകാരം ഹയർ സെക്കൻഡറി ടീച്ചേഴ്സിന്റെ മിനിമം യോഗ്യത പി.ജി.യും ബി.എഡ്-ഉം ആയിരിക്കെ എച്ച്.എസ്.എസ്.റ്റി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിലേക്ക് ബി.എഡ്. കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണനയോ പ്രത്യേക പരിഗണനയോ നൽകുവാൻ നാളിതുവരെ സർക്കാർ തയ്യാറായിട്ടുണ്ടോ;

(സി) ഇതിന്മേൽ എന്ത് നടപടി കൈക്കൊള്ളുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മേൽ വിഷയത്തിൽ ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിൽ നീന്തൽ പരിശീലനം

181(3106) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി നീന്തൽകുളങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിൽ നിന്നും ഏത് സ്കൂളിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന്അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ നീന്തൽ കുളങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) എല്ലാ മണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. മണലൂർ മണ്ഡലത്തിലെ ഏത് സ്കൂളിലാണ് നടപ്പിലാക്കുന്നത് എന്ന വിവരം പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

**കായിക ഇനങ്ങളുടെ ഗ്രേസ് മാർക്ക്**

182(3107) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക ഇനങ്ങളിൽ അന്തർദേശീയ, ദേശീയ, സംസ്ഥാനതല മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ;

(ബി) ചെന്നൈ റൈഫിൾ ക്ലബ്ബ് നടത്തിയ ദക്ഷിണ മേഖല ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ 2018-ൽ വിദ്യാർത്ഥികൾ ഗ്രേസ് മാർക്ക് നേടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികൾ ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ അംഗീകാരവും അർഹതയുള്ളവയുമാണോ എന്ന് പരിശോധിക്കാതെ ഗ്രേസ് മാർക്ക് അനുവദിച്ചത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ;

(ഡി) പരാതി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ വിഷയത്തിൽ കേസെടുത്ത് അന്വേഷിക്കുന്ന കൊല്ലം വെസ്റ്റ് പോലീസ് റിപ്പോർട്ട് നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ. സജു എസ്. ദാസ് WP (C) 23905/19 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(സി) സൗത്ത്സോൺ റൈഫിൾ ഷൂട്ടിംഗ് സംസ്ഥാന ചാമ്പ്യൻഷിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടല്ല നടത്തുന്നത്. സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ ഇനങ്ങളിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിനായി നൽകിയത്. സൗത്ത്സോൺ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ സർട്ടിഫിക്കറ്റ് ഗ്രേസ് മാർക്കിന് പരിഗണിക്കാമെന്ന് സ്പോർട്സ് കൗൺസിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്കിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽ പരാതി ലഭിച്ചിട്ടില്ല.

**കായികമേളയിൽ ഉയർന്നുവന്നിട്ടുള്ള പരാതികൾ**

183(3108) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ നടന്ന റവന്യൂ ജില്ലാ കായികമേളയിൽ ഉയർന്ന് വന്നിട്ടുള്ള ആക്ഷേപങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ അർഹരായ വിദ്യാർത്ഥികളെ സ്കൂൾ കായികമേള പട്ടികയിൽ നിന്ന് ഒഴിവാക്കിയും ഓൺലൈൻ വെബ്സൈറ്റിന്റെ സാങ്കേതിക തകരാർ കാരണം ഓൺലൈൻ എൻട്രി ചെയ്യാൻ സാധിക്കാത്ത അർഹരായ വിദ്യാർത്ഥികളെ ഒഴിവാക്കിയും ജില്ലാ കായികമേള നടത്തിയെന്ന പ്രധാനപ്പെട്ട പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ ജില്ലാ കായികമേളയിൽ കാര്യമായ ആക്ഷേപങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. കുട്ടികൾ റവന്യൂ ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ടവർ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

(ബി) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കായികമേള പട്ടികയിൽ നിന്നും വിദ്യാർത്ഥികളെ ഒഴിവാക്കിയതായി പരാതി ലഭിച്ചിട്ടില്ല. മലപ്പുറം, കോഴിക്കോട് റവന്യൂ ജില്ല കായികമേളയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്ത് ദേശീയ ടീമിലേയ്ക്കുള്ള സെലക്ഷനും പൂർത്തീകരിച്ച് ടീം ആയിട്ടുള്ളതാണ്. മത്സരക്രമം അനുസരിച്ച് ദേശീയ മത്സരങ്ങൾക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## പൊതുവിദ്യാലയങ്ങൾക്കായുള്ള ഐ.ടി. മേള പരിഷ്കരണം

184(3109) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങൾ ഹൈടെക്കായ സാഹചര്യത്തിൽ ഐ.ടി.മേളയുടെ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനിമേഷൻ സ്ക്രാച്ച് പ്രോഗ്രാമിങ്ങ്, മൾട്ടീമീഡിയാ പ്രസന്റേഷൻ തുടങ്ങിയ മത്സരയിനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ മത്സര ഇനങ്ങളിലെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) അദ്ധ്യാപകർക്കായി ഐ.ടി മേളകളിൽ ഏതൊക്കെ പുതിയ മത്സരയിനങ്ങൾ ഉൾപ്പെടുത്തിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മത്സരത്തിന് നിലവിലുണ്ടായിരുന്ന ഇനങ്ങൾ കൂടാതെ സ്ക്രാച്ച് പ്രോഗ്രാമിംഗ്, അനിമേഷൻ നിർമ്മാണം എന്നിവ കുട്ടികൾക്കും ഐ.സി.ടി. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ടീച്ചിംഗ് എയ്ഡ് നിർമ്മാണം അദ്ധ്യാപകർക്കും ഉൾപ്പെടുത്തി കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്ക് അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ് മത്സരങ്ങൾ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. രചനയും അവതരണവും എന്ന പേരിൽ ഒരു മണിക്കൂർകൊണ്ട് തയ്യാറാക്കി പത്ത് മിനിട്ട് നേരിട്ട് അവതരിപ്പിക്കുന്ന രീതിയിൽ മെച്ചപ്പെടുത്തിയ മൾട്ടി മീഡിയാ പ്രസന്റേഷൻ മത്സരവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയറിൽ ലഭ്യമായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചാണ് മത്സരം. ലഭ്യമാക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് ഒരു മണിക്കൂർകൊണ്ട് 25 സെക്കന്റിൽ കുറയാത്ത ചലന ചിത്രം നിർമ്മിക്കലാണ് ആനിമേഷൻ മത്സരം. നൽകുന്ന വിഷയത്തെ അടിസ്ഥാനമാക്കി സ്ക്രാച്ച് ഉപയോഗിച്ച് ആനിമേഷൻ/ഗെയിം തയ്യാറാക്കുന്ന മത്സരമാണ് ഒന്ന്.

(സി) ഉണ്ട്.

(ഡി) അദ്ധ്യാപകർക്കായി ടീച്ചിംഗ് എയ്ഡ് മത്സരം ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

185(3110) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്കും ഓഫീസുകൾക്കും ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഐ. ടി. ഉപകരണങ്ങൾ ഏതൊക്കെ ഏജൻസികളും സംവിധാനങ്ങളും മുഖേന വാങ്ങുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ ലാപ് ടോപ് വാങ്ങുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) സ്കൂളുകളിൽ ഡിജിറ്റൽ ഉള്ളടക്കം/ഡിജിറ്റൽ ലൈബ്രറി എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും 27-9-2019-ലെ സ.ഉ (സാധാ) നമ്പർ 3847/2019/പൊ.വി.വ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 27-9-2019-ലെ സ.ഉ (സാധാ) നമ്പർ 3847/2019/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ 9, 11 വ്യവസ്ഥകൾ പ്രകാരം ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകളിലും ഓഫീസുകളിലും ലാപ്ടോപ് ഉൾപ്പെടെയുള്ള ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 27-9-2019-ലെ സ.ഉ. (സാധാ) നമ്പർ 3847/2019/ പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എസ്.സി.ഇ.ആർ.ടി.യും കൈറ്റും സംയുക്തമായി അംഗീകരിച്ചതിനു ശേഷം മാത്രമേ സ്കൂളുകളിലേക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാഡമിക് കണ്ടന്റ് ലഭ്യമാക്കാവൂ എന്നും പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതുമായ സോഫ്റ്റ്‌വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ലെന്നും നിബന്ധനപ്പെടുത്തിയിട്ടുണ്ട്.

## ഉപയോഗശൂന്യമായതും പ്രവർത്തനക്ഷമതയില്ലാത്തതുമായ ഐ.ടി. ഉപകരണങ്ങളുടെ കണക്ക്

186(3111) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്നതും കാലഹരണപ്പെട്ടതും പ്രവർത്തന ക്ഷമതയില്ലാത്തതുമായ ഐ.ടി. അനുബന്ധ ഉപകരണങ്ങളുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) എറണാകുളം റവന്യൂ ജില്ലയിലുള്ള പൊതുവിദ്യാലയങ്ങളിലെ ഉപയോഗ ശൂന്യമായതും പ്രവർത്തനക്ഷമതയില്ലാത്തതുമായ ഐ.ടി. ഉപകരണങ്ങളുടെ കണക്ക് വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള സ്കൂളുകളുടെ വിലാസം ഉൾപ്പെടെ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കേടുപാടുകൾ സംഭവിച്ച ഐ.ടി. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവ പ്രത്യേക ഹാർഡ്‌വെയർ ക്ലിനിക്കുകളിലൂടെ ശരിയാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിവരികയാണ്. യാതൊരു വിധത്തിലും ഉപയോഗിക്കാൻ കഴിയാത്ത ഉപകരണങ്ങളെ ഇ-മാലിന്യമായി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന 741 ടൺ ഇ-മാലിന്യം സ്കൂളുകളിൽ നിന്ന് ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്.

(ബി) ഉപയോഗയോഗ്യമല്ലാത്ത ഐ.ടി. ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിച്ച് ഉപയോഗപ്രദമാക്കുന്നതിനും യാതൊരു വിധത്തിലും ഉപയോഗിക്കാൻ കഴിയാത്ത ഉപകരണങ്ങൾ ഇ-മാലിന്യമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. എറണാകുളം റവന്യൂ ജില്ലയിലെ പൊതു വിദ്യാലയങ്ങൾക്കും ഇതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഏതെങ്കിലും സ്കൂളുകളിൽ ഇപ്പോഴും ഉപയോഗശൂന്യമായതും പ്രവർത്തിക്കാത്തതുമായ ഐ.ടി. ഉപകരണങ്ങൾ ഉണ്ടോ എന്നതു സംബന്ധിച്ച ഡാറ്റാ നിലവിൽ ശേഖരിച്ചിട്ടില്ല.

## സമഗ്രശിക്ഷാ കേരള പദ്ധതിയിലെ വെട്ടിക്കുറച്ചതും സൃഷ്ടിച്ചതുമായ തസ്തികകൾ

187(3112) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ.- യും എസ്.എസ്.എ.-യും തമ്മിൽ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ കേരള എന്ന പുതിയ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) സമഗ്ര ശിക്ഷാ കേരള നിലവിൽ വന്നതോടുകൂടി നിലവിൽ ആർ.എം.എസ്.എ.-യിലും എസ്.എസ്.എ.-യിലും ഉണ്ടായിരുന്ന എത്ര തസ്തികകളാണ് വെട്ടിക്കുറച്ചത്; അതിന്റെ വിശദാംശം നൽകുമോ;

(സി) ഉയർന്ന തസ്തികകൾ നിലനിർത്തിക്കൊണ്ട് താഴെക്കിടയിലുള്ള തസ്തികകൾ കുറക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(ഡി) സമഗ്ര ശിക്ഷാ കേരളയിൽ പ്രോജക്ട് മാനേജർ എന്ന തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; തസ്തികകൾ പലതും കുറച്ചിട്ടും പ്രോജക്ട് മാനേജർ എന്ന ഒരു പുതിയ തസ്തിക ഉണ്ടാക്കിയതിന്റെ കാരണം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ആർ.എം.എസ്.എ.,എസ്.എസ്.എ. എന്നീ പദ്ധതികൾ സംയോജിപ്പിച്ച് സമഗ്രശിക്ഷാ കേരളം പദ്ധതി നടപ്പിലാക്കുന്നതിന് 3-5-2018 -ലെ ജി.ഒ. (എം.എസ്.) നമ്പർ 49/2018/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1955-ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് സ്കൂൾ എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി കേരള (SEDSK) 1-11-2018-ന് രജിസ്റ്റർ ചെയ്ത് സമഗ്രശിക്ഷ കേരളം പദ്ധതി നിലവിൽവന്നു.

(ബി) എസ്.എസ്.എ. സ്റ്റേറ്റ് ഓഫീസിൽ നിലവിലുണ്ടായിരുന്ന 12 ക്ലാർക്ക് തസ്തികകൾ 10 ആയും ജില്ലാ ഓഫീസുകളിലുണ്ടായിരുന്ന 3 ക്ലാർക്ക് തസ്തികകൾ 2 ആയും കുറഞ്ഞിട്ടുണ്ട്.

(സി & ഡി) സബ്കമ്മിറ്റി ശിപാർശ ചെയ്ത സമഗ്രശിക്ഷാ കേരളയ്ക്കായുള്ള സ്റ്റാഫ് ഘടന സർക്കാർ വിശദമായി പരിശോധിച്ചശേഷം ആവശ്യകത വിലയിരുത്തിയാണ് തസ്തികകൾ സൃഷ്ടിക്കേണ്ടത്/കുറവ് ചെയ്യേണ്ടത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സമഗ്രശിക്ഷ കേരളയിൽ പ്രോജക്ട് മാനേജർ എന്ന തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

## ഗവ. മോയൻ മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനം

188(3113) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഗവഃ മോയൻ മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനത്തിനുശേഷം ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്കൂളിനോട് ചേർന്നുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടും സ്ഥലപരിമിതി കാരണം ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ക്ലാസ്സ് മുറികളുടെ അഭാവംമൂലം ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുന്നതിനുള്ള പ്രയാസം നേരിടുന്നുണ്ട്.

(ബി) മോയൻ എൽ.പി. സ്കൂളിനോട് ചേർന്നുള്ള റവന്യൂ വകുപ്പിന്റെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളിനോട് ചേർന്നുള്ള റവന്യൂ വകുപ്പിന്റെ പുറമ്പോക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും അനുവദിച്ച തുകയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## മങ്കട മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

189(3114) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും മങ്കട നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കേണ്ടതുമായ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അടക്കം ഉൾപ്പെടുത്തി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിൽ 11 സ്കൂളുകളെ ജൈവ വൈവിധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. ജി.യു.പി.എസ്., പനങ്ങാങ്ങര
2. എ.എൽ.എൽ.പി.എസ്., മണ്ണറമ്പ
3. കെ.എച്ച്.എം.എ.എൽ.പി.എസ്. കുഴരമ്പ
4. എ.എൽ.പി.എസ്. പാതിരാമണ്ണ
5. പി.പി.റ്റി.എം.എ.എൽ.പി.എസ്. പുന്നക്കാട്
6. എ.എം.എൽ.പി.എസ്. വറ്റല്ലൂർ
7. എഫ്.യു.പി. പരിയാപുരം
8. എ.യു.പി.എസ്. കടന്നമണ്ണ
9. എ.എം.എൽ.പി.എസ്. ചെരക്കാപറമ്പ
10. ജി.എച്ച്.എസ്. പാങ്ങ്
11. ജി.എച്ച്.എസ്. മങ്കട

## ചേരിയം പ്രദേശത്തെ ഗവ.ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിന് നടപടി

190(3115) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അദ്ധ്യയന വർഷം ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി ആയി ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ ചേരിയം പ്രദേശത്തെ ഗവ. ഹൈസ്കൂളിനെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് അനുകൂല നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് 2019-20 അദ്ധ്യയന വർഷം ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കോങ്ങോട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ സ്കൂളുകൾ

191(3116) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ എത്ര സ്കൂളുകൾക്കാണ് അഞ്ചു കോടി, മൂന്ന് കോടി, ഒരു കോടി രൂപയുടെ വീതം ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഭരണാനുമതി നൽകിയിട്ടുള്ള ഓരോ സ്കൂളുകളുടെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ;

(സി) ഇനിയും നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ വിശദവിവരം നൽകുമോ; പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം എന്നു മുതൽ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കോങ്ങോട് മണ്ഡലത്തിൽ 5 കോടി, 3 കോടി, ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ജി.എച്ച്.എസ്.എസ്. പത്തിരിപ്പാല | - 5 കോടി |
| 2. | ജി. എച്ച്. എസ്.എസ്. മങ്കര | - 3 കോടി |
| 3. | ജി.എച്ച്.എസ്.എസ്. കാരക്കുറിശ്ശി | -3 കോടി |
| 4. | ജി.എച്ച്.എസ്. കരിമ്പ | -3 കോടി |
| 5. | ജി.എച്ച്.എസ്.എസ്. പൊട്ടശ്ശേരി | -3 കോടി |
| 6. | ജി.യു.പി.എസ്. കോങ്ങോട് | -3 കോടി |
| 7. | ജി.യു.പി.എസ്. കരിമ്പ | -1 കോടി |
| 8. | ജി.യു.പി.എസ്. ഇടത്തറ | -1 കോടി |

ജി.എച്ച്.എസ്.എസ്. പത്തിരിപ്പാല സ്കൂളിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. 25 ശതമാനത്തിലധികം വർക്ക് പൂർത്തിയായിട്ടുണ്ട്.

(ബി&സി) ജി.എച്ച്.എസ്. മങ്കരയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എസ്.പി.വി. ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൈറ്റ് പലവട്ടം ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനെത്തുടർന്ന് കൈറ്റിന്റെ നിർദ്ദേശപ്രകാരം എസ്.പി.വി. ആയി INKEL-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ജി.എച്ച്.എസ്.എസ്. കാരക്കുറിശ്ശിയുടെ നിർമ്മാണത്തിനും എസ്.പി.വി. ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ എസ്.പി.വി. ആയ കൈറ്റിനെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് നൽകിയ ശിപാർശ സർക്കാർ പരിഗണിച്ചുവരുന്നു

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ജി.എച്ച്.എസ്. കരിമ്പ, ജി.എച്ച്.എസ്.എസ്. പൊട്ടശ്ശേരി, ജി.യു.പി.എസ്. കോങ്ങോട് എന്നീ സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ജി.യു.പി.എസ്. കരിമ്പ, ജി.യു.പി.എസ്. ഇടത്തറ എന്നീ സ്കൂളുകൾക്ക് കിഫ്ബി മുഖാന്തിരം ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനായി എസ്.പി.ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ചിറ്റൂർ റ്റി.റ്റി.ഐ. വിദ്യാർത്ഥികൾക്ക് തമിഴിൽ ചോദ്യപേപ്പർ

192(3117) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ റ്റി.റ്റി.ഐ.തമിഴ് വിഭാഗത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ തമിഴിൽ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ തമിഴ് ഭാഷയിലുള്ള റ്റി.റ്റി.ഐ. ആരംഭിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ;

(സി) ചോദ്യപേപ്പർ തമിഴിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 63 വർഷം (1956)

(സി) ഉണ്ട്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തമിഴ് മാധ്യമം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് തമിഴ് ഭാഷയിൽ ചോദ്യപേപ്പർ നൽകാറുണ്ട്.

## നോർത്ത് വാഴക്കുളം യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം

193(3118) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോർത്ത് വാഴക്കുളം യു.പി.സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ ഉപയോഗിച്ച് സ്കൂൾ മന്ദിരം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

## കുനിശ്ശേരി സ്കൂളിലെ സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം

194(3119) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ പഞ്ചായത്ത് കുനിശ്ശേരി ജി. എച്ച്. എസ്. എസ്.- ലെ സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് കഴിഞ്ഞ 4 വർഷമായി ശമ്പളം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശമ്പളം ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് പ്രസ്തുത സംസ്കൃതം അധ്യാപകർക്ക് അടിയന്തരമായി ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുനിശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2007-8 അധ്യയന വർഷം മുതൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിച്ചിരുന്നു. 2014-15 അധ്യയന വർഷംവരെ വിദ്യാർത്ഥികളില്ലാതിരുന്ന പ്രസ്തുത ബാച്ചിൽ 2015-16 അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾ ഉണ്ടായിരിക്കുകയും ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. 2007-8-ൽ അനുവദിച്ച ബാച്ച് 2014-15 വരെ പ്രവർത്തിക്കാതെ 2015-16 മുതൽ ആരംഭിച്ചതിന് സർക്കാർ അനുമതി ആവശ്യമായിരുന്നു. എന്നാൽ സ്കൂളധികൃതർ പ്രസ്തുത അനുമതി

വാങ്ങാതെ അനധികൃതമായി ബാച്ചുകൾ ആരംഭിച്ച് പ്രവർത്തിപ്പിച്ചതിനാലാണ് അധ്യാപകർക്ക് വേതനം ലഭ്യമാകാത്ത സാഹചര്യമുണ്ടായത്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കൊട്ടാരക്കര മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജൈവവൈവിധ്യപാർക്ക്**

195(3120) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ജൈവ വൈവിധ്യ പാർക്ക് നിർമിക്കുന്നതിനായി ശിപാർശ ചെയ്തിരുന്നതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വിദ്യാലയങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത വിദ്യാലയങ്ങൾക്ക് 10,000 രൂപ (പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുകയും പ്രധാനാദ്ധ്യാപകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**പല്ലാരിമംഗലം ജി.വി.എച്ച്.എസ്. മികവുറ്റതാക്കുന്ന പദ്ധതി**

196(3121) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം ജി.വി.എച്ച്.എസ്. ന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വിശദമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ട് വളരെ നാളുകളായെങ്കിലും എന്തുകൊണ്ടാണ് ഇതുവരെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി. ആയ കൈറ്റിന് പകരം പുതിയ എസ്.പി.വി.യെ ഏല്പിക്കുവാനുള്ള ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുതിയ എസ്. പി. വി. യെ തീരുമാനമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ;

(ഇ) സാങ്കേതികപ്രശ്നങ്ങൾ ഒഴിവാക്കി പ്രസ്തുത സ്കൂൾ പുതിയ എസ്.പി.വി.ക്ക് കൈമാറി ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി 3 കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം ജി.വി.എച്ച്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി. ആയി കൈറ്റിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കൈറ്റിനെ എസ്.പി.വി. ആക്കിയത് മാറ്റി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കൈറ്റ് നൽകിയിരിക്കുന്ന കത്ത് സർക്കാർ പരിശോധിച്ചുവരുന്നു.

**പുലമന്തോൾ സ്കൂളിന്റെ കെട്ടിട നിർമ്മാണം**

197(3122) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിന് 26-12-2016-ലെ ജി. ഒ. (ആർ.ടി.) 4357/2016/പൊവിവ. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പുലമന്തോൾ സ്കൂളിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി, ടെണ്ടർ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പ്രവൃത്തി ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സാങ്കേതികാനുമതി പൂർത്തിയാക്കി ടെണ്ടർ നടപടി ആരംഭിച്ചു. 18 മാസം അഥവാ 6/2021-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ഹൈടെക് ക്ലാസ് മുറികൾ

198(3123) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ എൽ.പി. മുതൽ യു.പി. വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്ത് എന്ന് വിശദമാക്കാമോ;

(ബി) സർക്കാർ, എയ്ഡഡ് എൽ.പി.- യു.പി. വിഭാഗത്തിൽ എത്ര സ്കൂളുകളിൽ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളുടെ പേരു വിവരവും ഹൈടെക് ആക്കുന്ന ക്ലാസുകളുടെ എണ്ണവും തരം തിരിച്ച് വിശദമാക്കാമോ;

(ഡി) ഹൈടെക് ക്ലാസ് മുറികൾ ആക്കുന്നതിന് എത്ര തുകയാണ് ഓരോ സ്കൂളിലും ചെലവ് വരുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ പ്രൈമറി വിഭാഗത്തിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിനുള്ള 'ഹൈടെക് ലാബ്' പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി പ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ലാപ്ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ, പ്രിന്റർ, ടെലിവിഷൻ എന്നിവ ലഭ്യമാക്കുന്നു.

(ബി) സംസ്ഥാനത്തെ 9941 സർക്കാർ എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലാണ് 'ഹൈടെക് ലാബ്' പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രൈമറി വിഭാഗത്തിൽ ക്ലാസ്സുകൾ ഹൈടെക്കാക്കുകയല്ല. പകരം സ്കൂളുകളിൽ ഹൈടെക് ലാബിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രൈമറി വിഭാഗത്തിൽ ക്ലാസ്സുകൾ ഹൈടെക്കാക്കുകയല്ല. പകരം സ്കൂളുകളിൽ ഹൈടെക് ലാബിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തെ 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ 'ഹൈടെക് ലാബ്' പദ്ധതി കിഫ്ബി ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹയർ സെക്കണ്ടറി മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം

199(3124) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളായാണ് കണക്കാക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഒഴിവുകളെ അതാത് ജില്ലാ ഒഴിവുകളായി പരിഗണിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗത്തിന് രണ്ടു ജില്ലകൾക്കുകൂടി ഒരു റീജിയണൽ ഓഫീസ് വീതം ആകെ 7 റീജിയണൽ ഓഫീസും ഒരു ഡയറക്ടറേറ്റുമാണ് നിലവിലുള്ളത്. റീജിയണൽ ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സീനിയോറിറ്റി ക്രമപ്രകാരം പ്രസ്തുത റീജിയണൽ ഓഫീസുകളുടെ പരിധിയിൽ വരുന്ന ജില്ലകളിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരായവർക്ക് സ്ഥലം മാറ്റം നൽകി നികത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ വേക്കൻസികൾ അന്തിമമായി എപ്പോഴും ഹെഡ്ക്വാർട്ടേഴ്സിലാണ് ഉണ്ടാകുന്നത്. ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ടേൺ അനുസരിച്ച് എല്ലാ ജില്ലക്കാർക്കും നിയമനം ലഭിക്കുന്നുമുണ്ട്.

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തിന് ജില്ലാതലത്തിൽ ഓഫീസുകളില്ല.

## വയസ്സിളവ് ലഭിക്കാനുള്ള അപേക്ഷ

200(3125) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി എൻ.യു.പി. സ്കൂളിൽ ഓഫീസ് അറ്റൻഡന്റായി നിയമനം ലഭിച്ച ശ്രീമതി ദീപ എ.എം. വയസ്സിളവ് അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ വയസ്സിളവ് അനുവദിച്ച് നൽകുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകണമെന്ന ശ്രീമതി ദീപ എ.എം.-ന്റെ 5-7-2017-ലെ നിവേദനത്തിലെ ആവശ്യത്തിന്മേൽ സർക്കാർ

അന്തിമ തീരുമാനമെടുത്തിട്ടില്ല. എന്നാൽ നിയമനത്തിനുള്ള പ്രായപരിധി കടന്നതിനാൽ നിയമനാംഗീകാരം റദ്ദാക്കിയതിനെതിരെ ടിയാരി സമർപ്പിച്ച റിവിഷൻ ഹർജി, ടിയാരി ഫയൽ ചെയ്ത കോടതി കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നിരസിച്ച് ഉത്തരവായിട്ടുണ്ട്.

**ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ നിയമനങ്ങൾ സംബന്ധിച്ച പരാതി**

201(3126) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലെ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നില്ലെന്ന് കാണിച്ച് നൽകിയ 1059/2019/VIP/M Edn എന്ന നിവേദനത്തിലെ നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; നോട്ട് ഫയൽ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഡി.ജി.ഇ. ഓഫീസിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 6-6-2019-ലെ സ.ഉ. (കൈ) നമ്പർ 58/19/പൊ.വി.വ പ്രകാരം ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 6-6-19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26-6-19-ലെ സ.ഉ (കൈ) നമ്പർ 73/19/പൊ.വി.വ. പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 6-6-19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ രണ്ടുംകൂടി ഉപവിഷയമല്ലാതെ ബി.എസ്.സി. ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ്. നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ.ഇ.ആർ അധ്യായം XIV എ റൂൾ 43, 51 എ, 51 ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽനിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി. ഇതിനിടയിൽ ഫിസിക്സും കെമിസ്ട്രിയും പഠിച്ച് ഫിസിക്കൽ സയൻസിൽ ബി.എഡും നേടിയ നിരവധി ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കവേ അവരെ പരിഗണിച്ചതിനുശേഷം മാത്രമേ ഇവ രണ്ടും ഒരുമിച്ച് പഠിക്കാത്തവരെ

പരിഗണിക്കാവൂ എന്ന് അപേക്ഷിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. 1059/2019/VIP/Medn നിവേദനത്തിന്റെ വിഷയവും ആയതിന്റെ പരിധിയിൽ വരും. രണ്ട് വിഭാഗക്കാരും അവരുടെ അവകാശം ഉന്നയിച്ച് മുന്നോട്ടുവന്ന സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ പരിശോധനയിലിരിക്കുകയാണ്. (നോട്ട് ഫയൽ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) പരിശോധിച്ചിട്ടുണ്ട്. 6-6-2019 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയങ്ങളല്ലാതെ പഠിച്ച് ബി.എസ്.സി. ഫിസിക്സ്/കെമിസ്ട്രി ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സുകൾ പഠിക്കുന്നവരെയും ഈ തീയതിയിൽ 43, 51 എ, 51 ബി അവകാശം സിദ്ധിച്ചവരെയും 6-6-2019-ലെ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി. (ഡി.ജി.ഇ. ഓഫീസിലെ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

**പുല്ലഞ്ചേരി സ്കൂളിലെ അറബിക് അദ്ധ്യാപികയുടെ ലീവ് റെഗുലറൈസേഷൻ**

202(3127) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പുല്ലഞ്ചേരി എ.എം.എൽ.പി. സ്കൂളിലെ അറബിക് അദ്ധ്യാപികയുടെ ലീവ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട DPI/G2/1368/19, 32/250/19/G.Edn എന്നീ ഫയലുകളിന്മേൽ നാളിതുവരെയും നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ധനകാര്യ റൂൾസ് വകുപ്പിന്റെ B4/276/2019/Fin എന്ന ഫയലിൽ മേൽനടപടി റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത അദ്ധ്യാപികയുടെ ലീവ് റെഗുലറൈസ് ചെയ്യാൻ എന്നത്തേക്ക് സാധിക്കുമെന്നറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പുല്ലഞ്ചേരി എ.എം.എൽ.പി.എസ്.-ലെ അറബിക് അദ്ധ്യാപികയായ ശ്രീമതി ഖൗലത്തുന്നീസയുടെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാൻ കാലതാമസം നേരിട്ടതിനാൽ പ്രസ്തുത ലീവ് അനുവദിക്കാൻ അപേക്ഷയും അനുബന്ധ രേഖകളും പൊതുവിദ്യാഭ്യാസ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡയറക്ടറുടെ ജി2/1368/2019 തീയതി 24-8-2019 നമ്പർ കത്ത് പ്രകാരം ലഭിച്ചിട്ടുണ്ട്. അവധി മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അംഗീകാരം ആവശ്യമായതിനാൽ ടി അപേക്ഷ എസ്2/250/19/പൊ.വി.വ. ഫയലിൽ ധനകാര്യവകുപ്പിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

(ബി) ഇല്ല.

(സി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അവധി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**സർക്കാർ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ എണ്ണം**

203(3128) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവ് നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 അധ്യയന വർഷത്തെ അദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച നിലവിലെ കണക്കുകൾ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന പ്രൈമറിതലം മുതൽ ഹൈസ്കൂൾതലം വരെയുള്ള സർക്കാർ സ്കൂളുകളിലായി ആകെ 49,742 അദ്ധ്യാപകരും എയ്ഡഡ് സ്കൂളുകളിലായി ആകെ 86,259 അദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നുണ്ട്.

ഹയർ സെക്കണ്ടറി വിഭാഗത്തിന് കീഴിൽ സർക്കാർ മേഖലയിൽ 13017 അദ്ധ്യാപകരും എയ്ഡഡ് മേഖലയിൽ 15150 അദ്ധ്യാപകരും സേവനമനുഷ്ഠിച്ചു വരുന്നു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖലയിൽ 1871 അദ്ധ്യാപകരും എയ്ഡഡ് മേഖലയിൽ 1263 അദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷത്തിലെ അദ്ധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച നിലവിലെ കണക്കുകൾ പ്രകാരം പ്രൈമറി തലം ഹൈസ്കൂൾ തലം വരെയുള്ള സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവ് ജില്ല തിരിച്ച്

ചുവടെ ചേർക്കുന്നു:

| ജില്ല | അദ്ധ്യാപകരുടെ ഒഴിവുകൾ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 746 |
| കൊല്ലം | 522 |
| പത്തനംതിട്ട | 77 |
| ആലപ്പുഴ | 270 |
| കോട്ടയം | 54 |
| ഇടുക്കി | 99 |
| എറണാകുളം | 257 |
| തൃശ്ശൂർ | 295 |
| പാലക്കാട് | 310 |
| മലപ്പുറം | 787 |
| കോഴിക്കോട് | 798 |
| വയനാട് | 841 |
| കണ്ണൂർ | 280 |
| കാസർഗോഡ് | 319 |
| ആകെ | 5655 |

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം സംസ്ഥാന തലത്തിലാണ്. സംസ്ഥാനതലത്തിൽ HSST 520 ഒഴിവുകളും HSST Jr തസ്തികയിൽ 1296 ഒഴിവുകളും നിലവിലുണ്ട്. ആയത് തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനുമായി പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ടവയാണ്.

വൊക്കേഷണൽ വിഭാഗത്തിൽ പൊതു സ്ഥലംമാറ്റം നടക്കുന്നതിനാൽ കൃത്യമായ ഒഴിവുകളുടെ എണ്ണം ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നില്ല. സ്ഥലമാറ്റം പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകളുടെ എണ്ണം കണക്കാക്കുന്നതാണ്.

**താൽക്കാലിക ജീവനക്കാരുടെ സർവ്വീസ് ക്രമപ്പെടുത്തൽ നടപടി**

204(3129) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലിചെയ്യുന്ന എത്ര

ജീവനക്കാരെ സർവ്വീസിൽ ക്രമപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ; ഏതൊക്കെ സ്ഥാപനങ്ങളിൽ ആരെയെല്ലാം ക്രമപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സ്കോൾ കേരളയിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളെത്രയെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിൽ നിലവിൽ സ്കോൾ കേരളയിൽ താൽക്കാലികമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നുണ്ടെങ്കിൽ ആരെയൊക്കെയെന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലെന്നും വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) 20-8-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 126/19/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 80 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി *ഉൾക്കൊള്ളിക്കുന്നു.

(ഡി) മേൽ തസ്തികകളിൽ നിലവിൽ ആരെയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടില്ല.

## തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. മലയാളം നിയമനം

205(3130) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തസ്തികമാറ്റം,പ്രൊമോഷൻ എന്നിങ്ങനെയുള്ള വിഭാഗങ്ങൾക്ക് മതിയായ ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനങ്ങൾക്കായി റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) എങ്കിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 39 എണ്ണം.

(ബി) ഡിസംബർ 2019.

(സി) ഉണ്ട്.

(ഡി) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ച ഒരു ഒഴിവ് ഒഴികെ ബാക്കിയെല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ശൂന്യവേതനാവധിയിൽ പ്രവേശിച്ച അദ്ധ്യാപകർ

206(3131) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എൽ.പി., യു.പി സ്കൂളുകളിൽ ആറുമാസത്തിലധികം കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച അധ്യാപകരുണ്ടോ ; എങ്കിൽ ഇത്തരത്തിൽ എത്ര പേരുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. എൽ.പി.എസ്.ടി.- 7 പേർ, യു.പി.എസ്.ടി. - 2 പേർ.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിലെ നിയമനം

207(3132) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികൾ വർദ്ധിക്കുന്നതുമൂലം പുതുതായി രണ്ട് തസ്തിക ഉണ്ടാകുകയാണെങ്കിൽ അതിൽ ഒരെണ്ണം തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് നൽകണമെന്ന നിബന്ധനയുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ നിബന്ധന കേരള ഹൈക്കോടതി ശരിവച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുവാൻ മാനേജ്മെന്റുകൾ തയ്യാറാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകളിൽ അധിക തസ്തികകളിൽ മാനേജ്മെന്റുകൾ നിയമിച്ച അദ്ധ്യാപകർക്ക് സർക്കാർ അംഗീകാരം നൽകാത്തതുമൂലം അവർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടോ;

(ഇ) ഹൈക്കോടതി ഉത്തരവുണ്ടായിട്ടും സർക്കാർ ഉത്തരവ് നടപ്പിലാക്കാത്ത മാനേജ്മെന്റുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 21 ചട്ടം 7-ലെ ഉപചട്ടങ്ങൾ (1), (2), (3) അനുസരിച്ച് എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ 43/51A/51B അവകാശികൾക്ക് വിധേയമായി 1:1 അനുപാതത്തിൽ നിയമനം നടത്തണം.

(ബി) ഈ നിബന്ധന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ശരിവെച്ചിട്ടുണ്ട്. ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ പരിഗണനയിലാണ്.

(സി) 3-12-2016 ലെ ജി.ഒ. (പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ സമർപ്പിക്കപ്പെട്ട അപ്പീലിൽ 19-12-2017-ലെ തൽസ്ഥിതി തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട ഒഴിവുകളിൽ അവരെ വിന്യസിക്കാനാകാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

(ഡി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള 1:1 അനുപാതം പാലിക്കാതെ അധിക തസ്തികകളിൽ മാനേജർമാർ നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാത്തതുമൂലം ശമ്പളം ലഭിക്കാത്ത സാഹചര്യമുണ്ട്.

(ഇ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലായതിനാൽ പ്രസ്തുത കേസിലെ അന്തിമവിധി വരുന്നതുവരെ പുതിയ നടപടികളൊന്നും ആരംഭിക്കാൻ കഴിയില്ല.

## കാസർഗോഡ് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ

208(3133) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ നിയമന അംഗീകാരം കാത്തിരിക്കുന്ന എത്ര അദ്ധ്യാപകരുണ്ടെന്ന് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് ശമ്പളമില്ലാതെ ജോലി ചെയ്യുന്ന ഇവരുടെ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താൽക്കാലിക ആശ്വാസമെന്ന നിലയിൽ നിയമനം അംഗീകരിക്കുന്നതുവരെ ഇവർക്ക് എന്തെങ്കിലും ആശ്വാസധനം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ നിയമനാംഗീകാരം നല്കാതിരിക്കുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമനാംഗീകാരം കാത്തുനിൽക്കുന്നവരിൽ നിയമനം തിരസ്കരിക്കപ്പെടാൻ സാധ്യതയുള്ള എത്ര പേരുണ്ടെന്നും എങ്കിൽ ആയതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം കാത്തിരിക്കുന്ന 268 അദ്ധ്യാപകരുണ്ട്. സ്കൂൾ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം കാത്തിരിക്കുന്ന അദ്ധ്യാപകരുടെ എണ്ണവും സ്കൂളുകളുടെ പേരും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | Iqbal HSS Ajanur | -4 |
| 2. | HHSIBSHSS Edneer | -1 |
| 3. | St.Thomas HSS Thomapuram | -3 |
| 4. | Durga HSS Kanhangad | -6 |
| 5. | SVVHSS Kodlamogaru | -6 |
| 6. | MS College HSS Nirchal | -1 |
| 7. | Raja's HSS Nileshwar | -1 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| 8. | SDPA HSS Dharmathadka | -6 |
| 9. | SSHSS Sheni | -7 |
| 10. | Navajivana HSS Perdala | -2 |
| 11. | BEM HSS Kasargod | -1 |
| 12. | TIHSS Naimarmoola | -1 |
| 13. | Holy Family HSS Rajapuram | -1 |
| 14. | Chemmanad Jama Ath HSS | -1 |

(ബി) ആശ്വാസധനം നൽകുന്നത് സംബന്ധിച്ച് വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ 3-12-2016 തീയതിയിലെ സ.ഉ (പി) 199/2016/ന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതുണ്ട്. ഇത്തരത്തിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാത്ത സ്കൂളുകളിലെ മറ്റ് അദ്ധ്യാപക നിയമനം നിലവിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല. അതോടൊപ്പം വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും പ്രകാരം കെ-ടെറ്റ് യോഗ്യത ഇല്ലാത്തവർക്കും നിയമനാംഗീകാരം നൽകാൻ കഴിയില്ല. സർട്ടിഫിക്കറ്റിന്റെ ആധികാരികത വിലയിരുത്തിയതിനുശേഷം നിയമനാംഗീകാരം നൽകേണ്ടുന്ന ചില ഫയലുകളിലും നിയമനാംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ 2019-20-ലെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാംഗീകാരം കാത്ത് നിൽക്കുന്നവരിൽ 32 പേരുടെ നിയമനം തിരസ്കരിക്കപ്പെടാൻ സാധ്യത കാണുന്നു. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1:1 അനുപാതത്തിൽ നിയമനം നൽകാൻ മാനേജർ വിസമ്മതിച്ചതിനാലും കെ-ടെറ്റ് യോഗ്യതയില്ലാത്ത നിയമനാർത്ഥികളെ നിയമിച്ചതിനാലുമാണ് മേൽ സൂചിപ്പിച്ച 32 പേരുടെ നിയമനം നിരസിക്കേണ്ടി വരുന്നത്.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ തസ്തിക നിർണയ പരിപാടി പൂർത്തിയാകാത്തതിനാൽ നിയമനാംഗീകാര അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

## എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലെ തസ്തികകൾ

209(3134) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം അനുവദിച്ച എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) 2016 ജൂണിന് ശേഷം എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അനുദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അവയിൽ ന്യൂനപക്ഷ പദവിയുള്ള സ്കൂളുകൾ എത്രയാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത എയ്ഡഡ് സ്കൂളുകളിൽ എത്ര അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ പുതുതായി അനുവദിച്ചു; ഇതുമൂലമുണ്ടായിട്ടുള്ള അധിക സാമ്പത്തിക ബാധ്യത എത്രയാണ്; വിശദമാക്കുമോ?

### ഉത്തരം

(എ) 2014-15 വർഷം അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 21-8-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 106/2017/പൊ.വി.വ. പ്രകാരം അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുള്ള സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| പ്രിൻസിപ്പാൾ | -125 |
| എച്ച്.എസ്.എസ്.റ്റി | -642 |
| എച്ച്.എസ്.എസ്.റ്റി (ജൂനിയർ) | -674 |
| അപ്ഗ്രഡേഷൻ | -167 |
| ലാബ് അസിസ്റ്റന്റ് | -188 |
| ആകെ | 1796 |

(ബി) 13-10-2017 ലെ ജി.ഒ. (ആർ.ടി.) നമ്പർ 3710/2017/പൊ.വി.വ. ഉത്തരവ് പ്രകാരം കടയ്ക്കാവൂർ സേതു പാർവ്വതീഭായി ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിച്ചിട്ടുണ്ട്.

(സി) ന്യൂനപക്ഷ പദവിയുള്ള സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല.

(ഡി) 13-10-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച എയ്ഡഡ് സ്കൂളിന് തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടില്ല.

**എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ഒഴിവും നിയമനവും**

210(3135) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മേയ് 9 വരെയുള്ള കണക്കുകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയുടെ എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകും;അറിയിക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്തവർക്ക് ഉടൻ നിയമനം ലഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2019-2020 ഫിക്സേഷൻ പ്രകാരം എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയില്ലാത്ത എത്ര ഗവ.സ്കൂളുകൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ട്; വ്യക്തമാക്കാമോ;

(ഡി) 2019-2020 ഫിക്സേഷൻ പ്രകാരം കേരളത്തിലെ എത്ര ഗവ.സ്കൂളുകളിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയില്ലായെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2020 മേയ് 9 വരെയുള്ള കണക്കുകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിൽ ഒരൊഴിവാണ് ഉണ്ടാവുക.

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2019-2020 ഫിക്സേഷൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയില്ലാത്ത 42 ഗവൺമെന്റ് സ്കൂളുകളാണുള്ളത്.

(ഡി) 2019-2020 ഫിക്സേഷൻ പ്രകാരം കേരളത്തിലെ 368 സ്കൂളുകളിലാണ് എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയില്ലാത്തത്.

## എറണാകുളം ജില്ലയിൽ എൽ.പി.സ്കൂൾ ടീച്ചർ (മലയാളം മീഡിയം)ഒഴിവുകൾ

211(3136) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എൽ.പി. സ്കൂൾ ടീച്ചർമാരുടെ (മലയാളം മീഡിയം) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്കൂളുകളിലാണ് ഒഴിവുകളുള്ളതെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) 115 ഒഴിവുകൾ

| | | |
|---|---|---|
| 1 | ജി.യു.പി.എസ്., പായിപ്ര | 1 |
| 2 | ജി.യു.പി.എസ്., റാക്കാട് | 3 |
| 3 | ജി.എൽ.പി.എസ്., കുന്നക്കാൽ വെസ്റ്റ് | 1 |
| 4 | ജി.എൽ.പി.ജി.എസ്., തൃക്കളത്തൂർ | 1 |
| 5 | ജി.എൽ.പി.എസ്., വാളകം | 2 |
| 6 | ജി.എൽ.പി.എസ്., മേക്കടവ് | 1 |
| 7 | ജി.യു.പി.എസ്., പണ്ടപ്പിള്ളി | 1 |
| 8 | ജി.എൽ.പി.ബി.എസ്., തൃക്കളത്തൂർ | 1 |
| 9 | ജി.യു.പി.എസ്., ഏഴക്കരനാട് | 2 |
| 10 | ജി.യു.പി.എസ്., മേമ്മുറി | 2 |
| 11 | ജി.യു.പി.എസ്., കാലാമ്പൂർ | 1 |
| 12 | ഗവൺമെന്റ് ന്യൂ എൽ.പി.എസ്., പിറമടം | 1 |
| 13 | ജി.എൽ.പി.എസ്., നെച്ചൂർ | 2 |
| 14 | ആസാദ് മെമ്മോറിയൽ എൽ.പി.എസ്., ഏഴക്കരനാട് | 2 |

| | | |
|---|---|---|
| 15 | പി.എൽ.പി.എസ്., എടക്കാട്ടുവയൽ | 2 |
| 16 | ജി.എൽ.പി.എസ്., ഊരമന ഈസ്റ്റ് | 2 |
| 17 | ജി.എൽ.പി.എസ്., കിഴുമുറി | 1 |
| 18 | ജി.എൽ.പി.എസ്., പാഴൂർ | 1 |
| 19 | ജി.യു.പി.എസ്., സൗത്ത് മാറാടി | 1 |
| 20 | ജി.എൽ.പി.എസ്., ക്ലുത്താട്ടുകുളം | 1 |
| 21 | ജി.എൽ.പി.എസ്., ഇടയാർ | 1 |
| 22 | ജി.എൽ.പി.എസ്., ആറ്റിനിക്കര | 1 |
| 23 | ജി.എൽ.പി.എസ്., കക്കാട്ടുപാറ | 1 |
| 24 | ജി.എൽ.പി.എസ്., മലയിടംതുരുത്ത് | 1 |
| 25 | ജി.ജെ.ബി.എസ്., നീരമുഗൾ | 2 |
| 26 | ജി.യു.പി.എസ്., കുറിഞ്ഞി | 1 |
| 27 | ജി.യു.പി.എസ്., വിലങ്ങ് | 1 |
| 28 | ജി.യു.പി.എസ്., വലമ്പൂർ | 2 |
| 29 | സെന്റ് പോൾ ഗവൺമെന്റ് എൽ.പി.എസ്. ഐരാപുരം | 1 |
| 30 | ജി.യു.പി.എസ്., കറുകപ്പിള്ളി | 1 |
| 31 | ജി.യു.പി.എസ്., പുറ്റുമാനൂർ | 1 |
| 32 | ജി.എൽ.പി.എസ്., ഒക്കൽ | 1 |
| 33 | ജി.എൽ.പി.എസ്., വാണിയപ്പിള്ളി | 1 |
| 34 | ജി.എൽ.പി.എസ്., സൗത്ത് വാഴക്കുളം | 1 |
| 35 | ജി.യു.പി.എസ്., കൊമ്പനാട് | 2 |
| 36 | ജി.യു.പി.എസ്., പെരുമാനി | 1 |
| 37 | ജി.യു.പി.എസ്., കണ്ടന്തറ | 3 |
| 38 | ജി.യു.പി.എസ്., നോർത്ത് എഴിപ്പുറം | 1 |
| 39 | ജി.എൽ.പി.എസ്., പുല്ലുവഴി | 2 |
| 40 | ജി.യു.പി.എസ്., അല്ലപ്ര | 2 |
| 41 | ജി.എൽ.പി.എസ്., മേക്കപ്പാല | 2 |
| 42 | ജി.എൽ.പി.എസ്., മലയാറ്റൂർ | 1 |

| | | |
|---|---|---|
| 43 | ജി.യു.പി.എസ്., ഇല്ലിത്തോട് | 1 |
| 44 | ജി.യു.പി.എസ്., കാലടി | 2 |
| 45 | ജി.യു.പി.എസ്., പീച്ചാനിക്കാട് | 1 |
| 46 | ജി.എൽ.പി.എസ്., കാരിമറ്റം | 2 |
| 47 | ജി.എൽ.പി.എസ്., കാവന | 1 |
| 48 | ജി.എൽ.പി.എസ്., മണിയന്ത്രം | 2 |
| 49 | പഞ്ചായത്ത് യു.പി.എസ്., മരുളൂർ | 1 |
| 50 | പഞ്ചായത്ത് യു.പി.എസ്., വെള്ളാരംകല്ല് | 1 |
| 51 | ജി.എൽ.പി.എസ്., കടവൂർ | 1 |
| 52 | ജി.എൽ.പി.എസ്., കരിങ്ങഴ | 2 |
| 53 | ജി.എൽ.പി.എസ്., കോട്ടപ്പടി നോർത്ത് | 2 |
| 54 | ജി.എൽ.പി.എസ്., കുട്ടമ്പുഴ | 1 |
| 55 | ജി.എൽ.പി.എസ്., കുറ്റിയാംചാൽ | 3 |
| 56 | ജി.എൽ.പി.എസ്., മണിമരുതുംചാൽ | 2 |
| 57 | ജി.എൽ.പി.എസ്., മാരമംഗലം | 2 |
| 58 | ജി.എൽ.പി.എസ്., പാലമറ്റം | 1 |
| 59 | ജി.എൽ.പി.എസ്., പുന്നേക്കാട് | 2 |
| 60 | ജി.എൽ.പി.എസ്., പുതുപ്പാടി | 1 |
| 61 | ജി.എൽ.പി.എസ്., തൃക്കാരിയൂർ | 1 |
| 62 | ജി.എൽ.പി.എസ്., വെണ്ടുവഴി | 1 |
| 63 | കെ.എം.എൽ.പി.എസ്., വലിയപാറ | 1 |
| 64 | ജി.യു.പി.എസ്., ഇടമലയാർ | 2 |
| 65 | ജി.യു.പി.എസ്., കോതമംഗലം | 1 |
| 66 | ജി.യു.പി.എസ്., നേര്യമംഗലം | 2 |
| 67 | ജി.യു.പി.എസ്., പൈമറ്റം | 2 |
| 68 | ജി.യു.പി.എസ്., പാനിപ്ര | 4 |
| 69 | ജി.യു.പി.എസ്., തട്ടേക്കാട് | 1 |

| | | |
|---|---|---|
| 70 | ഗവൺമെന്റ് മോഡൽ എച്ച്.എസ്. പാലക്കുഴ | 1 |
| 71 | ജി.എച്ച്.എസ്., പൊയ്യ | 2 |
| 72 | ജി.എച്ച്.എസ്., ചാത്തമറ്റം | 1 |
| 73 | ജി.എച്ച്.എസ്., അയ്യങ്കാവ് | 1 |
| 74 | ജി.എച്ച്.എസ്., കല്ലിൽ | 2 |
| 75 | ജി.വി.എച്ച്.എസ്.എസ്., നേര്യമംഗലം | 1 |
| 76 | ജി.വി.എച്ച്.എസ്.എസ്., ഓടക്കാലി | 1 |
| 77 | ഗവൺമെന്റ് മോഡൽ എച്ച്.എസ്., ചെറുവട്ടൂർ | 2 |
| 78 | ജി.എച്ച്.എസ്., ചേരാനെല്ലൂർ | 1 |
| 79 | ജി.വി.എച്ച്.എസ്.എസ്., പല്ലാരിമംഗലം | 1 |
| | ആകെ | 115 |

(സി) മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടില്ല.

1. നേരിട്ടുള്ള നിയമനത്തിന് 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും അഡ്വൈസ് ലഭിച്ചതനുസരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.
2. ബൈട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിന് 67 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സ്റ്റാഫ് ഫിക്സേഷൻ 2019-20 റിവ്യൂ പൂർത്തിയാക്കിയതിന് ശേഷം തസ്തികകളുടെ എണ്ണം കണക്കിലാക്കി കേഡർ നിലയനുസരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹെഡ് ടീച്ചർ ഒഴിവ്**

212(3137) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എൽ.പി., യു.പി. സ്കൂളുകളിലെ ഹെഡ് ടീച്ചർ ഒഴിവ് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് എപ്രകാരമെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹെഡ് ടീച്ചർ ഒഴിവ് എന്നാൽ ഹെഡ്മാസ്റ്റർ തസ്തികയിലുണ്ടാകുന്ന ഒഴിവാണ്. ഇത്തരം ഒഴിവുകൾ ചട്ടപ്രകാരം സീനിയോറിറ്റി അടിസ്ഥാനമാക്കി അതാത് സമയത്തുതന്നെ പ്രൊമോഷൻവഴി നികത്തിവരുന്നുണ്ട്. എന്നാൽ നിശ്ചിത എണ്ണത്തിലധികം കുട്ടികളുള്ള സ്കൂളുകളിൽ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്നും ഒഴിവാക്കുമ്പോൾ എൽ.പി.എസ്.ടി., യു.പി.എസ്.ടി., ഒഴിവുകൾ ഉണ്ടാകുന്നുണ്ട്. അപ്രകാരം നിലവിൽ എറണാകുളം ജില്ലയിലുള്ള ഒഴിവുകൾ ചുവടെപ്പറയുന്നു:

| | | |
|---|---|---|
| ഗവൺമെന്റ് എൽ.പി.എസ്.ടി. | - | 20 |
| ഗവൺമെന്റ് യു.പി.എസ്.ടി. | - | 13 |
| എയ്ഡഡ് എൽ.പി.എസ്.ടി. | - | 65 |
| എയ്ഡഡ് യു.പി.എസ്.ടി. | - | 46 |

(ബി) എയ്ഡഡ് മേഖലയിലുള്ള ഇത്തരം ഒഴിവുകൾ സംരക്ഷിത അദ്ധ്യാപകരെ ഉപയോഗിച്ചും സർക്കാർ മേഖലയിൽ ദിവസ വേതനാടിസ്ഥാനത്തിലുമാണ് നികത്താൻ നിർദ്ദേശമുള്ളത്.

(സി)2019-20 സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് തിട്ടപ്പെടുത്തിയ പരമാവധി തസ്തികകളിൽ നിയമനം നടത്തിക്കഴിഞ്ഞു. അപ്പീൽ/റിവിഷൻ സ്റ്റേജുകളിലുള്ള സ്റ്റാഫ് ഫിക്സേഷൻ സംബന്ധമായ തീരുമാനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ബാക്കി ഒഴിവുകളുടെ എണ്ണം കൃത്യമാകുകയുള്ളൂ.

(ഡി) ഇക്കാര്യം തല്ക്കാലം പരിഗണനയിലില്ല.

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ**

213(3138) ശ്രീ. കെ. എം. ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ പേര്, രക്ഷിതാക്കളുടെ പേര്, മേൽവിലാസം എന്നിവയിലെ പിശകുകൾ പരിഹരിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിക്കൊണ്ട് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരം തിരുത്തലുകൾക്ക് ഏതെങ്കിലും തീയതിക്കു മുമ്പ് ജനിച്ചവർക്ക് ജനനസർട്ടിഫിക്കറ്റ് നിർബന്ധമല്ലായെന്നുള്ള ഉത്തരവുകൾ നിലവിലുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്ക് ഇത്തരം തിരുത്തലുകൾ വരുത്തുന്നതിന് പകരമായി ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പേര് തിരുത്തുന്നതിന് 14-3-1984-ലെ ജി.ഒ. (എം.എസ്.)നമ്പർ 80/84/ജി.എ.ഡി. ഉത്തരവും രക്ഷിതാക്കളുടെ പേര്, ജനനസ്ഥലം എന്നിവ തിരുത്തുന്നതിന് 29-12-2011-ലെ (സാധാ)നമ്പർ 5867/2011/ പൊ.വി.വ. ഉത്തരവും നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇല്ല.

(സി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ നിലവിലില്ല. എന്നിരുന്നാലും ജനന സർട്ടിഫിക്കറ്റിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖാമൂലം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം**

214(3139) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മേൽ പ്രവർത്തനങ്ങൾക്കായി 31-12-2018-ലെ 5503/18/പൊ.വി.വ. ഉത്തരവ് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) 31-12-18-ലെ 5501/18/പൊ.വി.വ. ഉത്തരവിന്റെ വെളിച്ചത്തിൽ പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖേന പശ്ചാത്തല സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിൽനിന്നും 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. മക്കരപ്പറമ്പിന്റെ പണി 80% പൂർത്തിയായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3 കോടി രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. കടുങ്ങാപുരത്തിന്റെ SPV യായിരുന്ന കൈറ്റിനെ മാറ്റി INKEL-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനത്തിന് ജി.എച്ച്.എസ്.എസ്. പാങ്ങ്, ജി.എച്ച്.എസ്.എസ്.മങ്കട, പള്ളിപ്പുറം, ജി.എച്ച്.എസ്.എസ്.മങ്കട എന്നീ സ്കൂളുകളെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ SPV യായി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 31-12-2018-ലെ G.O.(Rt)No.5503/2018 പൊ.വി.വ. ഉത്തരവ് ഭേദഗതി വരുത്തി 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി 18-6-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ KILA-യെ ചുമതലപ്പെടുത്തി സർക്കാർ 17-8-2019-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 31-12-2018-ലെ സ.ഉ.(സാ.ധാ) നമ്പർ 5501/18/പൊ.വി.വ. ഉത്തരവ് ഭേദഗതി വരുത്തി 12-6-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV-യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് കൈറ്റിന്റെ നിർദ്ദേശപ്രകാരം SPV-യായി INKEL-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**എയ്ഡഡ് സ്കൂളുകളിലെ പി.എസ്.സി. നിയമന മാനദണ്ഡം**

215(3140) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിൽ പിന്നാക്ക വിഭാഗങ്ങൾക്കും, വികലാംഗർക്കും പി.എസ്.സി. നിയമന മാനദണ്ഡം കൊണ്ട് വരാൻ നിയമ നിർമ്മാണം നടത്തുമോ?

ഉത്തരം

ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിഭാഗങ്ങൾക്കുള്ള സംവരണം ഇപ്പോൾ പരിഗണനയിലില്ല.

## ക്ലാസ്സ്റൂമുകൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

216(3141) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സ് മുറികൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സ്കൂൾ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്കൂളുകളിൽ നൽകിയിട്ടുള്ള ഐ.ടി. ഉപകരണങ്ങളുടെ പ്രവർത്തന ശേഷി വിലയിരുത്തുന്നതിനും, ഇവയുടെ ഉപയോഗം മോണിറ്റർ ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾക്ക് ഏതൊക്കെ ഐ.ടി. ഉപകരണങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്;

(ഡി) പാറശ്ശാല നിയോജക മണ്ഡലത്തിൽ എത്ര വീതം ഉപകരണങ്ങൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്; പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകളുപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും കൈറ്റിന്റെ മേൽനോട്ടത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സാങ്കേതിക സമിതി നിർദ്ദേശിക്കുന്ന ഉപകരണങ്ങളാണ് സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്. ഇവയുടെ ഉപയോഗം ഉറപ്പ് വരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനായി സ്കൂൾ പാഠപുസ്തകങ്ങൾക്ക് അനുയോജ്യമായ 31000 ത്തോളം ഡിജിറ്റൽ പഠന വിഭവങ്ങൾ സജ്ജമാക്കി സമഗ്ര പോർട്ടലിലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഭവങ്ങൾ ക്ലാസ്സ് മുറിയിലെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിനാവശ്യമായ പാഠാസൂത്രണ രേഖകളും സമഗ്രയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലാപ്ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ്, 42" ടെലിവിഷൻ, വെബ്ക്യാം,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൾട്ടിഫംഗ്ഷൻപ്രിന്റർ, ഡി.എസ്.എൽ.ആർ. ക്യാമറ, വൈറ്റ് സ്ക്രീൻ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, ഫേസ്‌പ്ലേറ്റ്, എച്ച്.ഡി.എം.ഐ. കേബിൾ തുടങ്ങിയ ഉപകരണങ്ങളാണ് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ലഭ്യമാക്കിയത്.

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ചാലക്കുടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിന് പുതിയ കെട്ടിടം**

217(3142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം അതീവ ജീർണ്ണാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും പരിഗണിച്ച് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചാലക്കുടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും ചാലക്കുടി പൊതുമരാമത്ത് വകുപ്പ് വിഭാഗത്തിൽ പരിശോധിച്ച് വരുന്നു.

**ഓഫീസുകളിലെ സീറ്റ്/സെക്ഷൻ മാറ്റാനുള്ള മാനദണ്ഡങ്ങൾ**

218(3143) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ഡി.ഇ., ഡി.ഇ.ഒ. ഓഫീസുകളിൽ ഒരേ സെക്ഷനിലോ, സീറ്റിലോ അഞ്ചു വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്നവരുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുടർച്ചയായി വർഷങ്ങളോളം പ്രസ്തുത സീറ്റ്/സെക്ഷനിൽ ജോലി ചെയ്യാൻ അനുവദിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) തുടർച്ചയായി മൂന്ന് വർഷം ഒരേ സീറ്റിൽ/സെക്ഷനിൽ ജോലി ചെയ്യുന്നവരെ മാറ്റി പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) തുടർച്ചയായി അഞ്ചുവർഷം ഒരേ ഓഫീസിലും തുടർച്ചയായി മൂന്ന് വർഷംവരെ ഒരേ സെക്ഷനിലും ജോലി ചെയ്യാൻ അനുവദിക്കുകയെന്നതാണ് വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നയം. ഇതനുസരിച്ചുള്ള സ്ഥലംമാറ്റ/സീറ്റ് മാറ്റ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നെടുമങ്ങാട് താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ലാ ഓഫീസ്**

219(3144) <u>ശ്രീ. കെ. എസ്. ശബരീനാഥൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ലാ ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഇല്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

220(3145) <u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കാര്യക്ഷമമായി നടപ്പാക്കിയതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക നിലവാരത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പൊതുവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ അക്കാദമിക മികവ് എന്നതിലുപരി അവരിൽ അന്തർലീനമായ മുഴുവൻ കഴിവുകളെയും വികസിപ്പിക്കുന്നതിനും അവരുടെ സർഗവൈഭവത്തെ കണ്ടെത്തി ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുന്നതിനും

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എപ്രകാരമാണ് പ്രയോജന പ്രദമാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠനഗുണതയും വർദ്ധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ 2016 മാർച്ചിൽ വിജയ ശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും 'എ പ്ലസ്സ്' ലഭിച്ച കുട്ടികളുടെ ശതമാനം 4.8-ൽ നിന്നും 2019 മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ 'എ പ്ലസ്' ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽ നിന്നും 79.48 ശതമാനമായും ഉയർന്നു. ഏതെങ്കിലും വിഷയത്തിൽ 'ഡി പ്ലസ്' നേടിയ കുട്ടികളുടെ എണ്ണം 25.91 ശതമാനത്തിൽ നിന്നും 18.01 ശതമാനമായി കുറഞ്ഞു.

ഹയർസെക്കണ്ടറി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠന യോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ ഇത് 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്. കൂടാതെ മലയാളത്തിളക്കം, ഗണിതവിജയം തുടങ്ങി അക്കാദമിക രംഗത്ത് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടക്കുമ്പോൾ പദ്ധതിയുടെ ആരംഭഘട്ടത്തിൽ കുട്ടികൾ എവിടെ നിൽക്കുന്നുവെന്നും പദ്ധതിയുടെ ഫലമായി എന്ത് മാറ്റങ്ങൾ വന്നുവെന്നും വിലയിരുത്താറുണ്ട്.

(ബി) പൊതുവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സമഗ്രമായ ഇടപെടലാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഭൗതിക സൗകര്യവികസനം, സ്കൂളുകളെ സാങ്കേതികവിദ്യാ സൗഹൃദമാക്കൽ, അക്കാദമിക മികവിനായുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ, സ്കൂളിന്റെ വികസനത്തിനാവശ്യമായ എല്ലാ കാര്യങ്ങളിലും സമൂഹപങ്കാളിത്തം ഉറപ്പാക്കൽ എന്നിവയിലൂന്നിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആവിഷ്കരിച്ച സവിശേഷ പദ്ധതിയാണ് 'ടാലന്റ് ലാബ്'. ഓരോ കുട്ടിയിലും അന്തർലീനമായ സർഗ്ഗപ്രതിഭയെ കണ്ടെത്തി പരിപോഷിപ്പിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം എന്നത് സമഗ്രവികാസമായതുകൊണ്ടുതന്നെ കുട്ടികളിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്തി അവയെ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളർത്താൻ സഹായിക്കേണ്ടതുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാനിലുൾപ്പെടുത്തിക്കൊണ്ട് നിർവ്വഹിച്ചു വരുന്നു.

## കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം

221(3146) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജില്ലകളിലെ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണ്;

(സി) സാക്ഷരതാ മിഷൻ നടത്തുന്ന തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾമൂലം സമൂഹത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) മിഷൻ വരുമാന വാർദ്ധക്യ പരിപാടി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണ്;

(ഇ) 2016 മുതൽ ഓരോ വർഷവും സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയും, ചെലവഴിച്ച തുകയുടെയും വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് മുഖ്യമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിലും വിദ്യാഭ്യാസവകുപ്പുമന്ത്രി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും അടങ്ങുന്ന മിഷന്റെ ഭരണസമിതികളാണ്. രണ്ടുമാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും വർഷത്തിലൊരിക്കൽ ജനറൽ കൗൺസിലും ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

(ബി) ഓരോ ജില്ലകളിലും ജില്ലാ ഓഫീസുകളും അതിനുതാഴെയായി പഞ്ചായത്തുതലങ്ങളിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ തുടർ വിദ്യാകേന്ദ്രങ്ങളുമുണ്ട്. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരാണ് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാൻ നേതൃത്വം നൽകുന്നത്. ജില്ലാതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാ സാക്ഷരതാസമിതിയാണ്.

(സി) ഉണ്ട്. സാക്ഷരതമുതലുള്ള വിവിധ കോഴ്സുകളുടെ ഗുണഭോക്താക്കൾക്ക് കോഴ്സുകളുടെ ഭാഗമായി ആരോഗ്യ-ശുചിത്വ-നിയമ ബോധവൽക്കരണം നടത്താൻ കഴിയുന്നുണ്ട്. തുല്യതാകോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർ ഉന്നത വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും എത്തിച്ചേരുന്നുണ്ട്. ഇതിലൂടെ ആ വ്യക്തികളുടെയും അവരുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതഗുണ നിലവാരത്തിൽ മാറ്റം വരുന്നുണ്ട്.

(ഡി) വരുമാന വാർദ്ധക്യ പരിപാടികൾ എന്ന പേരിൽ പ്രത്യേക പദ്ധതി സാക്ഷരതാ മിഷൻ നടപ്പിലാക്കിയിട്ടില്ല.

(ഇ)

| |
|---|
| 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക - 15 കോടി രൂപ |
| ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച തുക - 11.25 കോടി രൂപ |
| ചെലവഴിച്ച തുക- 11.25 കോടി രൂപ |
| 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക - 15.50 കോടി രൂപ |
| SDG പ്രകാരം വകയിരുത്തിയ തുക - 12 കോടി രൂപ |
| ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച തുക - 23.75 കോടി രൂപ |
| ചെലവഴിച്ച തുക - 23.75 കോടി രൂപ |
| 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക - 17 കോടി രൂപ |
| അഡീഷണൽ ആതറൈസേഷൻ മുഖേന വകയിരുത്തിയ തുക - 5 കോടി രൂപ |
| ആകെ - 22 കോടി രൂപ |
| ചെലവഴിച്ച തുക - 21,11,31,628 രൂപ |
| (ബാക്കി തുക 2019-20 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ വിനിയോഗിച്ചു.) |
| 2019-20 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക - 17.50 കോടി രൂപ |
| ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഇതുവരെ അനുവദിച്ച തുക - 9,35,75,017 രൂപ |
| ഒക്ടോബർ 31 വരെ ചെലവഴിച്ച തുക - 8,19,13,733 രൂപ |

## ഇ-ഗസറ്റ് പരിശോധിച്ച് അവകാശ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് അനുമതി

222(3147) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ടവരുടെ ആശ്രിതർക്ക് താലൂക്ക് ഓഫീസിൽനിന്നും നൽകുന്ന അവകാശ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന ഇ-ഗസറ്റ് പരിശോധിച്ച് അനുവദിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഗസറ്റിന്റെ പുസ്തക രൂപത്തിലുള്ള പകർപ്പ് യഥാസമയം താലൂക്ക് ഓഫീസുകളിൽ ലഭിക്കാത്തതിനാൽ അവകാശ സർട്ടിഫിക്കറ്റുകൾ ആശ്രിതർക്ക് യഥാസമയം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അവകാശ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന ഇ-ഗസറ്റ് പരിശോധിച്ച് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് ശിപാർശകൾ നിലവിലില്ല.

(ബി) ഗസറ്റിന്റെ പുസ്തകരൂപം യഥാസമയം ലഭിക്കാത്ത അവസ്ഥ ചില ജില്ലകളിൽ നിലവിലുണ്ട്.

## മണൽ ഓഡിറ്റിംഗ്

223(3148) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനായി മണൽ ഓഡിറ്റിംഗ് നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) പ്രളയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനായി മണൽ ഓഡിറ്റിംഗ് നടത്തുന്ന വിഷയത്തിൽ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. പ്രളയം ബാധിച്ച പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ 6 നദികളിൽ വീണ്ടും സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് 24-1-2019-ലെ സ.ഉ.(സാധാ)നമ്പർ 254/2019/റവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നദികളിലെ സാൻഡ് ഓഡിറ്റിംഗ് പുരോഗമിച്ചുവരുന്നു.

## റവന്യൂ വകുപ്പിലെ അഴിമതിയാരോപണ കേസുകൾ

224(3149) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2019 സെപ്റ്റംബർ വരെ റവന്യൂ വകുപ്പിൽ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

2016 മേയ് മുതൽ 2019 സെപ്റ്റംബർ വരെ റവന്യൂ വകുപ്പിൽ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് 79 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 131 ജീവനക്കാരുൾപ്പെട്ടിട്ടുണ്ട്.

## റവന്യൂ വകുപ്പിൽ ആഭ്യന്തര പരിശോധന (വിജിലൻസ്) വിഭാഗം

225(3150) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ കീഴിൽ ആഭ്യന്തര പരിശോധന (വിജിലൻസ്) വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 2017, 2018 എന്നീ വർഷങ്ങളിൽ ഈ വിഭാഗം എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ കീഴിൽ ജില്ലാ കളക്ടറേറ്റുകളിലും മൂന്ന് മേഖലകളിലുമായി (ഉത്തര മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, മദ്ധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ) ആഭ്യന്തര വിജിലൻസ് പരിശോധനാ വിഭാഗം പ്രവർത്തിച്ചുവരുന്നു. ജില്ലാ കളക്ടറേറ്റിലെ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം അതാത് ജില്ലാ കളക്ടർമാരും മേഖലാ വിജിലൻസ് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം ലാൻഡ് റവന്യൂ കമ്മീഷണറും വിലയിരുത്തിവരുന്നു.

(ബി) ജില്ലാതല പരിശോധന വിഭാഗം

| | | |
|---|---|---|
| 2017 | - | 865 |
| 2018 | - | 758 |

ഡെപ്യൂട്ടി കളക്ടർ വിജിലൻസ് വിഭാഗം നടത്തിയ പരിശോധന

| | | |
|---|---|---|
| 2017 | - | 332 |
| 2018 | - | 467 |

(സി) ടി വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാതലത്തിലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## വൈദ്യുതി ബില്ലിന്റെ പിഴ ഇനത്തിൽ റവന്യൂ വകുപ്പിന് നഷ്ടം

226(3151) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ബില്ലടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടായിട്ടും അത് നടപ്പാക്കാത്തതിനാൽ വൈദ്യുതി ബില്ലിന്റെ പിഴ ഇനത്തിൽ റവന്യൂ വകുപ്പിന് പ്രതിമാസം ലക്ഷങ്ങൾ നഷ്ടം വരുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബില്ലുകളുടെ കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നിലവിൽ വന്ന് മാസങ്ങൾ പിന്നിട്ടിട്ടും റവന്യൂ വകുപ്പിൽ ഇത് നടപ്പാക്കാത്തതാണോ പ്രസ്തുത പ്രശ്നത്തിന് കാരണം എന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലകളുടേതുമടക്കം പതിനഞ്ചോളം അക്കൗണ്ടുകൾ റവന്യൂ വകുപ്പിനുള്ളതിനാൽ ഏതിൽ നിന്ന് പണമെടുക്കണമെന്ന ആശയക്കുഴപ്പവും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കുന്നതിന് തടസ്സമാണോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഭീമമായ സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) യഥാസമയം ബില്ലടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടായിട്ടും അത് നടപ്പാക്കാത്തതിനാൽ വൈദ്യുതി ബില്ലിന്റെ പിഴ ഇനത്തിൽ റവന്യൂ വകുപ്പിന് പ്രതിമാസം ലക്ഷങ്ങൾ നഷ്ടം വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) വ്യത്യസ്ത ശീർഷകത്തിൽ നിന്നും ബില്ല് തയ്യാറാക്കാൻ നിലവിൽ സോഫ്റ്റ്‌വെയറിൽ സംവിധാനമില്ലെന്ന് കെ.എസ്.ഇ.ബി. അറിയിച്ചതിനാൽ കേന്ദ്രീകൃത ബില്ലുകൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ഡി) കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലേക്ക് മാറാത്തതിനാൽ വൈദ്യുത ബില്ലിന്റെ പിഴയിനത്തിൽ ഭീമമായ നഷ്ടമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആകയാൽ ഇക്കാര്യത്തിൽ നടപടി ആവശ്യമുണ്ടെന്ന് കാണുന്നില്ല.

**വില്ലേജ് ഓഫീസുകളിൽ സ്വൈപ്പിംഗ് മെഷീൻ സ്ഥാപിക്കൽ**

227(3152) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നികുതിയും ഫീസുകളും അടയ്ക്കാൻ സ്വൈപ്പിംഗ് മെഷീൻ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം വില്ലേജാഫീസുകളിലാണ് ആദ്യഘട്ടമായി സ്വൈപ്പിംഗ് മെഷീൻ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുള്ള 1649 വില്ലേജുകളിൽ സ്വൈപ്പിംഗ് മെഷീൻ സ്ഥാപിക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 21-6-2019-ൽ തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജിൽ നടപ്പിലാക്കിയ ഈ പദ്ധതി നാളിതുവരെ 1128 വില്ലേജ് ഓഫീസുകളിൽ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. വില്ലേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**ഭൂപരിഷ്കരണ നിയമത്തിലെ ഉപവകുപ്പ്**

228(3153) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിൽ 87(എ) ഉപവകുപ്പ് ഉൾക്കൊള്ളിക്കുവാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത ഉപവകുപ്പ് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ജനപ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലെ 81-ാം വകുപ്പ് പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകുന്ന ഭൂമി തുണ്ടുകളാക്കി വില്പനയിലൂടെയോ അല്ലാതെയോ കൈമാറ്റം ചെയ്യുന്ന സാഹചര്യങ്ങളിൽ, കൈമാറ്റം ചെയ്യുന്ന ഭൂമി അങ്ങനെയുള്ള ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ അത്രയും വിസ്തീർണ്ണം ഭൂമി കൈമാറ്റം ചെയ്തു നൽകിയ ആളിന്റെ പേരിലുള്ള ഭൂമിയിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവാക്കിനൽകാതിരുന്നുവെങ്കിൽ മിച്ചഭൂമിയായി സർക്കാരിൽ നിക്ഷിപ്തമാകേണ്ട ഭൂമിയായിരുന്നുവെന്ന കാരണത്താലാണ് ഇപ്രകാരമൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അപ്രകാരം മിച്ച ഭൂമിയായി ഏറ്റെടുക്കുന്നതിന് ഭൂമി കൈമാറ്റം ചെയ്ത ആളിന്റെ പേരിൽ ആവശ്യമായത്ര ഭൂമി ഇല്ലാതിരുന്നതു വഴിയും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം കാരണവും അപ്രകാരമുള്ള നടപടികൾക്കെതിരെ ബഹുമാനപ്പെട്ട കോടതികളുടെ സ്റ്റേ ഉത്തരവുകൾ കാരണവും നടപടിക്രമങ്ങൾ പാലിച്ച് മിച്ചഭൂമിയായി ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയാണിപ്പോഴുള്ളത്. ആയതിനാൽ വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്.

സംസ്ഥാനത്ത് പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി പ്രസ്തുത ആവശ്യത്തിനുതന്നെ ഉപയോഗിക്കാതെ കൈമാറ്റം ചെയ്ത് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന അവസ്ഥ സാധാരണമായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള അവസരങ്ങളിൽ സീലിംഗ് കേസെടുത്ത് ഭൂമി വില്പന നടത്തിയ ആളിന്റെ പേരിലുള്ള ഭൂമിയിൽ നിന്നും വില്പന നടത്തിയ അത്രയും വിസ്തീർണ്ണം ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം കേസ്സുകളിലും വില്പന നടത്തിയ ആളിന്റെ പേരിൽ അപ്രകാരം

ഏറ്റെടുക്കുന്നതിനുള്ള ഭൂമി ഇല്ലാത്ത അവസ്ഥയാണ് കണ്ടുവരുന്നത്. സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്കുപോലും ഭൂമി ലഭിക്കുന്നതിന് ദൗർലഭ്യം നേരിടുന്ന പുതിയ സാഹചര്യത്തിൽ ഭൂമി വില്പനയിലൂടെ വാങ്ങുന്ന ആളും ഭൂമി ഏതാവശ്യത്തിനാണോ ഒഴിവാക്കി നൽകിയിരുന്നത് അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നതിന് നിർബന്ധിക്കപ്പെടുന്നതിനും ഉപയോഗം മാറ്റുകയെന്ന ഉദ്ദേശ്യത്തോടെ ഭൂമി വാങ്ങുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും ഭൂമി അന്യാധീനപ്പെട്ടുപോകുന്നത് ഒഴിവാക്കുന്നതിനുമാണ് 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിൽ ഭേദഗതി കൊണ്ടുവരുന്നത്.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യം നിറവേറ്റുന്നതിന് 1963-ലെ ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഭേദഗതി ബിൽ നിയമസഭയിൽ വരുമ്പോൾ ചർച്ചചെയ്യാവുന്നതാണ്.

**സംസ്ഥാനത്തുണ്ടായ തീവ്ര മഴ**

229(3154) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ 21-ാം തീയതിയിലെ തീവ്ര മഴ ജനജീവിതത്തെ ദുരിതത്തിലാക്കുകയും, പല വീടുകളിലും, വ്യാപാരസ്ഥാപനങ്ങളിലും വെള്ളം കയറുകയും ചെയ്തു. ആയതുമൂലമുള്ള നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര ദുരിതാശ്വാസ ക്യാമ്പുകളാണ് ആരംഭിച്ചത്; എത്ര പേരെ പ്രസ്തുത ക്യാമ്പിൽ എത്തിക്കുകയുണ്ടായി; അറിയിക്കാമോ;

(സി) എത്ര വീടുകൾ പൂർണ്ണമായും, എത്ര വീടുകൾ ഭാഗികമായും നശിച്ചു; നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2019 ഒക്ടോബർ 21-ാം തീയതിയിലെ തീവ്ര മഴ കാരണം വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിവരുന്നു.

(ബി) 2019 ഒക്ടോബർ 21-ാം തീയതിയിലെ തീവ്ര മഴ കാരണം ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചവരുടെയും ക്യാമ്പുകളുടെ എണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ക്യാമ്പുകളുടെ എണ്ണം | ക്യാമ്പുകളിൽതാമസിച്ച വരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 0 | 0 |
| കൊല്ലം | 3 | 134 |
| പത്തനംതിട്ട | 1 | 103 |
| ആലപ്പുഴ | 1 | 1050 |
| കോട്ടയം | 4 | 210 |
| ഇടുക്കി | 0 | 0 |
| എറണാകുളം | 11 | 2153 |
| തൃശ്ശൂർ | 289 | 49739 |
| പാലക്കാട് | 2 | 101 |
| മലപ്പുറം | 0 | 0 |
| കോഴിക്കോട് | 1 | 34 |
| വയനാട് | 0 | 0 |
| കണ്ണൂർ | 0 | 0 |
| കാസർഗോഡ് | 0 | 0 |
| ആകെ | 312 | 53524 |

(സി) വീടുകളുടെ നാശനഷ്ടം വിലയിരുത്തുന്നതിലേക്കും ധനസഹായം ലഭ്യമാക്കുന്നതിലേക്കുമായി ജില്ലയിലെ ദുരിത ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം, റവന്യൂ ഐ.ടി. മിഷൻ മുതലായവയിലെ ഉദ്യോഗസ്ഥർ/സ്റ്റാഫ് ഉൾപ്പെടുന്ന സംഘം സർവ്വെ നടത്തി നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പുനർനിർമ്മാണ പ്രവർത്തനം**

230(T* 3155) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള പുനർനിർമ്മാണ വികസന പരിപാടി പ്രകാരം ഇരിങ്ങാലക്കുട നിയോജകണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

*മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പെടുക്കുന്നതിനു വേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാന പാത ഉൾപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ കാറ്ളർച്ചിറ അഞ്ചലങ്ങാടി റോഡുമുൾപ്പെടുത്തിയിട്ടുണ്ട്.

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

231(3156) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിലടക്കം തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി മുതൽ ആറ് മാസത്തിനകം കരാർ വയ്ക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാത്തതുമൂലം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച പല പ്രവൃത്തികളും നടപ്പാക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പലവട്ടം സ്വീകരിച്ചിട്ടും കരാറുകൾ ഏറ്റെടുക്കാത്തതുമൂലം യഥാസമയം കരാർവയ്ക്കുന്നതിനോ നടപ്പാക്കുന്നതിനോ കഴിയാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കൂടുതൽ സമയം അനുവദിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി, കൊടകര ബ്ലോക്കുകൾക്ക് കീഴിൽ ഇത്തരത്തിൽ കരാർ വയ്ക്കാൻ സാധിക്കാത്ത, ഭരണാനുമതി ലഭിച്ച, കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് കൂടുതൽ സമയം അനുവദിക്കുന്നതിനോ ഭരണാനുമതി പുതുക്കി നൽകുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം (immediate repair/restoration) മാത്രമാണ് അനുവദനീയം. അപ്രകാരം അനുവദിക്കുന്ന പ്രവൃത്തികളിൽ ഒഴിവാക്കാനാകാത്തതും അപ്രതീക്ഷിതവുമായ കാരണങ്ങളാൽ കരാർ വയ്ക്കാനാകാതെ ഭരണാനുമതി റദ്ദാകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുന്നതിന് ജില്ലാകളക്ടർമാരിൽ നിന്നും അപേക്ഷ ലഭിക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത പ്രവൃത്തികൾ പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ലഭിക്കുന്നപക്ഷം ജില്ലാ കളക്ടർ സർക്കാരിലേക്ക് ശിപാർശ/റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പത്തിയൂർ വില്ലേജിനെ സ്മാർട്ട് വില്ലേജാക്കി ഉയർത്തുന്നതിനുള്ള നടപടി**

232(3157) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ പത്തിയൂർ വില്ലേജിനെ സ്മാർട്ട് വില്ലേജാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

സ്മാർട്ട് വില്ലേജ് ആഫീസ് നിർമ്മാണത്തിനായി പ്ലാൻ സ്കീം 2019-2020-ൽ പത്തിയൂർ വില്ലേജ് ഓഫീസ് ഉൾപ്പെടുത്തിയിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിനായി 8.80 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കൈമാറിയിട്ടുള്ളതുമാണ്.

**പട്ടയം നൽകുന്നതിന് തടസ്സമായിട്ടുള്ള കേസ്സുകൾ**

233(3158) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം സംസ്ഥാനത്ത് എത്ര പട്ടയങ്ങൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള വിശദീകരണം ലഭ്യമാക്കുമോ;

(ബി) കോട്ടയം ജില്ലയിലെ ആലപ്ര, പൊന്തൻപുഴ, മേലേൽ കവല, പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി എന്നിവിടങ്ങളിൽ പട്ടയം വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലങ്ങളിലെ ജനങ്ങൾക്ക് എപ്പോൾ പട്ടയം നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പട്ടയം നൽകുന്നതിന് തടസ്സമായിട്ടുള്ള കേസ്സുകൾ നിലവിലുള്ളത്; എങ്കിൽ ഇവ അടിയന്തരമായി

തീർപ്പാക്കി പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പുവർഷം സംസ്ഥാനത്ത് 23756 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണം ചെയ്യാനുദ്ദേശിക്കുന്ന പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | നടപ്പുവർഷം വിതരണം ചെയ്യാനുദ്ദേശിക്കുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 650 |
| കൊല്ലം | 187 |
| പത്തനംതിട്ട | 352 |
| ആലപ്പുഴ | 236 |
| കോട്ടയം | 200 |
| ഇടുക്കി | 10000 |
| എറണാകുളം | 758 |
| തൃശ്ശൂർ | 1378 |
| പാലക്കാട് | 2128 |
| മലപ്പുറം | 3333 |
| കോഴിക്കോട് | 1000 |
| വയനാട് | 500 |
| കണ്ണൂർ | 1116 |
| കാസർഗോഡ് | 1918 |
| ആകെ | 23756 |

(ബി) പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ വ്യക്തിഗത കൈവശങ്ങൾ അളന്ന് തിരിച്ച് മഹസ്സർ തയ്യാറാക്കുന്ന സർവ്വെ നടപടികൾ പൂർത്തിയാക്കി 12(1) നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 37 സർവ്വെ ഫീൽഡുകളിലായി നാളിതുവരെയായി ഭൂമി പതിവിനായി 733 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇവർ 60 വർഷത്തിലധികമായി പ്രസ്തുത ഭൂമി കൈവശം വച്ചുവരുന്നു. വ്യക്തിഗത കൈവശങ്ങളുടെ സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. പട്ടയ നടപടികളുടെ ഭാഗമായി പതിവുത്തരവ് നൽകുന്നതിന് മുമ്പായി കൈവശഭൂമിയിൽ നിൽക്കുന്ന 1390-ഓളം മരങ്ങളുടെ വില

നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പെരുമ്പെട്ടി വില്ലേജിലെ ബ്ലോക്ക് നമ്പർ 34-ൽ റീസർവ്വെ നമ്പർ 174 മുതൽ 192 വരെയും 194 മുതൽ 211 വരെയുമുള്ള സബ്ഡിവിഷനുകളിൽ ഉൾപ്പെട്ട കൈവശഭൂമി വനംവകുപ്പിന്റെ 31-5-1958-ലെ നോട്ടിഫിക്കേഷൻ നമ്പർ F(A)2/1089/57/AD പ്രകാരം വലിയകാവ് റിസർവ്വിന്റെ പരിധിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായി സംയുക്ത പരിശോധനയിൽ വ്യക്തമായിട്ടുള്ളതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ കരം കാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്നും ഭൂവുടമയുടെ പേര് കാണിക്കുന്ന കോളം 9-ൽ സർക്കാർ എന്നും റിമാർക്സ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റീസർവ്വെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ചില സർവ്വെ നമ്പറുകളിൽ റിസർവ് ഫോറസ്റ്റെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിലെ ആലപ്ര വനഭൂമിയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന എം.എസ്.എ.1/81 നമ്പർ കേസ് സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായി വിധിയായിട്ടുള്ളതിനാൽ ടി വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയത് നടപടിയിൽ ഇരിക്കുന്നതുമാണ്. ടി കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കി മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) തിരുവനന്തപുരം ജില്ലയിൽ പതിവിന് വിധേയമല്ലാത്ത ചാനൽ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, റെയിൽവെ പുറമ്പോക്ക്, പാറപുറമ്പോക്ക്, കാട് പുറമ്പോക്ക്, കാവ് പുറമ്പോക്ക്, പഞ്ചായത്ത് തരിശ്, ദേവസ്വം പുറമ്പോക്ക് എന്നീ പ്രദേശങ്ങളിലെ കൈവശക്കാർക്കും അഞ്ചുചങ്ങല പ്രദേശത്തെ നെയ്യാർഡാം സംരക്ഷിത മേഖലയിലെ കൈവശക്കാർക്കും പട്ടയം അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടയം നൽകുന്നതിനായി ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് കോടതി കേസ്സുകൾ നിലവിലുള്ളതാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്ത 832 പട്ടയങ്ങളിൽ 345 പട്ടയങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ളതും ഭൂമി വിതരണം ചെയ്യാൻ കഴിയാത്തതുമായ പട്ടയങ്ങളിന്മേലുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി, സബ്കോടതി, മുൻസിഫ് കോടതി എന്നിവിടങ്ങളിൽ നിരവധി കേസുകൾ നിലനിൽക്കുന്നുണ്ട്. ടി ഭൂരിഭാഗം കേസ്സുകളിലും സ്റ്റേയും

നിലനിൽക്കുന്നു. ടി കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ തയ്യാറാക്കിയിട്ടുള്ള പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. ലോംഗ് പെൻഡിംഗ് കേസ്സുകൾ തീർപ്പാക്കുന്നതിന് അഡ്വാൻസ് പോസ്റ്റിംഗ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും ജില്ലാതല എംപവേർഡ് യോഗങ്ങളിൽ സർക്കാർ പ്ലീഡർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽപ്പെട്ട ആലപ്ര പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ എം.എസ്.എ.1/81 നമ്പർ കേസ്സുള്ളതിനാൽ തടസ്സപ്പെട്ടിരിക്കുന്നു. ടി കേസിലെ വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് നടപടിയിൽ ഇരിക്കുന്നതുമാണ്. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിലെ മണികണ്ഠൻചാൽ, കല്ലേലിമേട് ഭാഗത്തെ വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സർവ്വെ റിക്കോർഡുകൾ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് എന്ന രേഖപ്പെടുത്തലുകൾ തടസ്സമായി നിലവിലുള്ളതാണ്. പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണയന്നൂർ താലൂക്കിലെ കോഞ്ഞുരത്തി കോളനി, മാനവനഗർ കോളനി, പണ്ടാരച്ചിറ കോളനി, സൂര്യ നഗർ കോളനി എന്നിവിടങ്ങളിലായി ഏകദേശം 150 പട്ടയങ്ങൾ, പ്രസ്തുത സ്ഥലം പുഴ പുറമ്പോക്കായതിനാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി.നമ്പർ 16077/96 നമ്പർ വിലക്ക് മാനിച്ച് നൽകുവാൻ സാധിക്കുകയില്ല. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തവിഞ്ഞാൽ വില്ലേജിൽ റീസർവ്വെ നമ്പർ 68/1 ബി, റീസർവ്വെ 90/1 എന്നിവയിൽപ്പെട്ടതും മിലിട്ടറി ഉദ്യോഗസ്ഥർ ഉൾപ്പെടെ 364 പേർക്ക് പതിച്ചു നൽകിയിട്ടുള്ളതുമായ ഭൂമിയിൽ നിലവിൽ ഏകദേശം 762 പേർ കൈയ്യേറി കൈവശം വച്ച് വരുന്നുണ്ട്. പട്ടയം ലഭിച്ചിട്ടുള്ളവർ ഭൂമി കൈവശം വയ്ക്കാത്തതിനാൽ നിലവിലെ കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ മേൽ പരാമർശിച്ച ഭൂമിയിൽനിന്നും നഷ്ടപ്പെട്ട 3614 ഈട്ടി മരങ്ങളുടെ ബാദ്ധ്യത കണക്കാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാലും 990.12 ഏക്കർ ഒട്ടളവിലുള്ള മേൽ പരാമർശിച്ച ഭൂമിയിൽ നിലവിലെ താമസക്കാർ കൈവശം വച്ച് വരുന്ന ഭൂമി യഥാർത്ഥത്തിൽ ഏത് പട്ടയത്തിലുൾപ്പെട്ടതാണെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാലും പട്ടയം റദ്ദ് ചെയ്യുന്നതിന് കൂടുതൽ സമയ ദൈർഘ്യം ആവശ്യമാണെന്നതും പ്രസ്തുത ഭൂമിയിലെ നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തടസ്സമാകുന്നുണ്ട്. വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ വില്ലേജിൽ സർവ്വെ നമ്പർ 298/1എ 1 എ 1എ-ൽപ്പെട്ട 526.33 ഏക്കർ ഭൂമി ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായുള്ള ചീങ്ങേരി ട്രൈബൽ സ്കീമിന്റെ ഭാഗമായി നീക്കിവച്ചിട്ടുള്ളതാണ്. ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസ

ത്തിനായി നീക്കിവച്ച ഭൂമിയിൽ മറ്റ് വിഭാഗത്തിൽപ്പെട്ടവരും വർഷങ്ങളായി താമസിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ച ഭൂമി മറ്റ് വിഭാഗക്കാർക്ക് പതിച്ചു നൽകാൻ സാധിക്കുകയില്ല എന്നതിനാലാണ് 61-ഓളം പട്ടയ ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കാത്തത്.

**കൊച്ചി രാമേശ്വരം കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം**

234(3159) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ രാമേശ്വരം കോളനിയിൽ പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിൽ നേരിടുന്ന തടസ്സമെന്തെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് 24-10-2013-ൽ റവന്യൂ വകുപ്പ്(എ)-ൽ നിന്നും ഇറക്കിയ 469/2013/റവന്യൂ നമ്പർ ഉത്തരവിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) കോളനിയിലെ എത്ര പേർക്ക് പട്ടയം കൊടുക്കാനുണ്ടെന്നും എത്ര പേർക്ക് പട്ടയം കൊടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) പട്ടയം ലഭിക്കാത്തവർക്ക് എപ്പോൾ പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടയത്തിന് അർഹതയില്ലാത്ത നാലുപേരുടെ കാര്യത്തിൽ ഒഴികെ മറ്റു തടസ്സങ്ങളില്ല.

(ബി) നടപ്പിലാക്കിയിട്ടുണ്ട്. 236 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 4 പേർ അർഹതയില്ലാത്തവരാണ്.

(സി&ഡി) 247 അപേക്ഷകരിൽ 236 പേർക്ക് പട്ടയം വിതരണം ചെയ്തു. 4 പേർ അർഹതയില്ലാത്തവരാണ്. 7 അപേക്ഷകൾ പുനഃപരിശോധന നടത്തി, പതിവു കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പുനഃപരിശോധന നടത്തി പതിവു കമ്മിറ്റിയുടെ അംഗീകാരത്തിന് നൽകിയിട്ടുള്ള കേസുകളിൽ പതിവു കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ്.

## കടേഭാഗം വ്യാസപുരം കോളനിയിലെ കളത്തിപ്പറമ്പ് നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് നടപടി

235(3160) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ രാമേശ്വരം വില്ലേജിൽ ഉൾപ്പെടുന്ന കടേഭാഗം വ്യാസപുരം കോളനിയിലെ കളത്തിപ്പറമ്പ് നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനായി പാട്ടക്കുടിശ്ശിക ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിഗണനയിലുണ്ടോ;

(ബി) അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) മുപ്പതു മുതൽ അറുപത് വർഷം വരെയായി അവിടെ താമസിക്കുന്നവരും മത്സ്യതൊഴിലാളികളും കൂലിവേലക്കാരുമായ അവർക്ക് പാട്ടക്കുടിശ്ശിക ഒടുക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാൽ, 2015-ൽ കൊച്ചി താലൂക്കിലെ ചക്കരയിടുക്കിൽ താമസിക്കുന്ന 71 കുടുംബങ്ങൾക്ക് 1-10-2015-ലെ സ.ഉ.(കൈ)നമ്പർ 524/2015/റവ. നമ്പർ ഉത്തരവ് പ്രകാരം പരാമാവധി 5 സെന്റ് ഭൂമി വരെ പാട്ടക്കടിശ്ശിക ഒഴിവാക്കി സൗജന്യമായി പതിച്ചു നൽകിയത് പോലെ, അവർക്കും ഭൂമി പാട്ടക്കുടിശ്ശിക ഒഴിവാക്കി പതിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തികച്ചും അർഹരായ പ്രസ്തുത അപേക്ഷകൾക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി-ഡി) പള്ളുരുത്തി വില്ലേജ് കോർപ്പറേഷൻ വക പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കോളനി നിവാസികൾക്കും രാമേശ്വരം വില്ലേജിൽ ഗ്രൗണ്ട് റെന്റ് ഭൂമിയിൽ താമസിക്കുന്ന വ്യാസപുരം കോളനി നിവാസികൾക്കും പള്ളുരുത്തി വില്ലേജിൽ തോട് പുറമ്പോക്കിൽ താമസിക്കുന്ന തോട്ടിപ്പുര കോളനി നിവാസികൾക്കും മണകുന്നം വില്ലേജിലെ ശ്രീമതി ജാനകി കുമാരനും നടമ തെക്കുംഭാഗം വില്ലേജിൽ വണിക വൈശ്യ സംഘത്തിനും ഭൂമി പതിച്ചു നൽകുന്നതിലേക്കായി സ്കെച്ച്, മഹസ്സർ, ബി.റ്റി.ആർ. പകർപ്പ്, കമ്പോളവില ജില്ലാ കളക്ടറുടെ വ്യക്തമായ അഭിപ്രായം എന്നിവ സഹിതമുള്ള പുതുക്കിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കുവാൻ 25-10-2018-ലെ A3/143/2017/RD കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭ്യമായിട്ടില്ല.

**പട്ടയഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

236(3161) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണിക്കായലിന്റെ ജലവിതാനത്തിൽ അടിയിൽപ്പെട്ടുപോയ പട്ടയഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 13-6-2017-ലെ B3/9458/16 നമ്പർ പ്രകാരം ചേർന്ന യോഗ തീരുമാനത്തിൽ നാളിതുവരെ എടുത്ത നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വെള്ളായണിക്കായലിന്റെ ജല വിതാനത്തിൽ അടിയിൽപ്പെട്ട പട്ടയഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 16-5-2017-ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ് 13-6-2017-ലെ ബി3-9458/16/റവ നമ്പർ കത്ത് പ്രകാരം ലഭ്യമായതിൻ പ്രകാരം ജില്ലാ കളക്ടർ സ്ഥലം സർവ്വെ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കുവാൻ തീരുമാനിച്ചിരുന്നു. അത് പ്രകാരം സർവ്വെ നടപടികൾ പൂർത്തിയാക്കി ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പേര് വിവരം ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) ന്യായമായ വില നൽകി ഭൂമി ഏറ്റെടുക്കുന്നതിന് ജല വിഭവ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭ്യമാകാത്തതിനാൽ വില നിർണ്ണയിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

237(3162) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും 2016 ജൂൺ മുതൽ 2019 ജൂൺ വരെ പട്ടയം അനുവദിച്ചു കൊടുക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(ബി) അപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം അനുവദിച്ചു എന്നതിന്റെ കണക്ക് വില്ലേജടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകളിന്മേൽ പട്ടയം അനുവദിക്കാനുണ്ടെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ)

| | | |
|---|---|---|
| ആലത്തൂർ വില്ലേജ് | - | 17 (ലക്ഷം വീട് പട്ടയം) |
| എരിമയൂർ 1 വില്ലേജ് | - | 06 (ലക്ഷം വീട് പട്ടയം) |
| മംഗലം ഡാം വില്ലേജ് | - | 22 (വനഭൂമി പട്ടയം) |

(ബി)

| | | |
|---|---|---|
| ആലത്തൂർ വില്ലേജ് | - | 01 (ലക്ഷം വീട് പട്ടയം) |
| എരിമയൂർ വില്ലേജ് | - | 02 (ലക്ഷം വീട് പട്ടയം) |

(സി)

| | | |
|---|---|---|
| ലക്ഷം വീട് പട്ടയം | - | 20 |
| വനഭൂമി പട്ടയം | - | 22 |

വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് വനഭൂമി കൈവശ കേസ്സുകളിൽ പട്ടയം അനുവദിക്കുന്നതാണ്.

**കണയന്നൂർ താലൂക്കിൽ പട്ടയം നൽകുന്നതിലെ കാലതാമസം**

238(3163) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽപ്പെട്ട പണ്ടാരച്ചിറ ഭാഗത്തുള്ള നാല്പത്തിനാല് വീട്ടുകാർക്ക് പട്ടയം നൽകുന്നതിന് 24-6-2019-ൽ കോർപ്പറേഷൻ എൻ. ഒ. സി. നൽകിയിരുന്നെങ്കിലും പട്ടയം ലഭിക്കാത്തതിന്റെ കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി അവർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും, ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോർപ്പറേഷനിൽ നിന്നുള്ള നിരാക്ഷേപപത്രം ലഭ്യമായിട്ടില്ല. പുഴ പുറമ്പോക്ക് പതിച്ചുനൽകുന്നത് വിലക്കിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി.നമ്പർ 16077/96-ലെ ഉത്തരവ് നിലനിൽക്കുന്നുണ്ട്. കൂടാതെ കേരളാ പഞ്ചായത്ത് രാജ് നിയമപ്രകാരം പുഴ പുറമ്പോക്ക് പതിവിന് വിധേയമല്ല.

## കൈവശഭൂമിക്ക് പട്ടയം

239(3164) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്കിൽ കഴിയുന്നവരുൾപ്പെടെയുള്ളവരിൽ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് നടത്തിയ പ്രവർത്തനം അറിയിക്കാമോ;

(ബി) ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടത്തിയ ഇടപെടലുകളെക്കുറിച്ച് അറിയിക്കാമോ;

(സി) ഇടുക്കി മൂന്നുചങ്ങല പ്രദേശത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി ലഭ്യമായതിനെ തുടർന്ന് റവന്യൂ വകുപ്പ് പട്ടയം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇടുക്കി മൂന്നാറിൽ സ്വന്തം താമസത്തിനായുള്ള ഗൃഹനിർമ്മാണത്തിന് അനുമതി ലഭിക്കാൻ നേരിട്ടിരുന്ന തടസ്സം ഒഴിവാക്കാൻ നടപടിയെടുത്തിരുന്നോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടെ കഴിയുന്ന അർഹരായ കൈവശക്കാർക്ക് കേരളഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ്/തോട് പുറമ്പോക്കിൽ കഴിയുന്നവർക്ക് കൈവശ രേഖയും നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അർഹരായ എല്ലാ പേർക്കും പട്ടയം ലഭ്യമാക്കുകയെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ 45 പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുള്ളതും വിവിധ ഇനങ്ങളിലായി 111004 പട്ടയങ്ങളും 222 കൈവശരേഖകളും വിതരണം ചെയ്തിട്ടുമുണ്ട്.

(ബി) ലാൻഡ് ട്രൈബ്യൂണൽ മുഖേന നൽകിയ പട്ടയങ്ങൾ

ലാൻഡ് ട്രൈബ്യൂണലുകളിൽ കയറിയിറങ്ങുന്നുവെന്നത് ആശാവഹമായ സംഗതിയല്ല. ഈ പ്രശ്നം പരിഹരിക്കാൻ, ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കേസ്സുകൾ അതിവേഗം തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുമുള്ള തീവ്രമായ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ലാൻഡ് ട്രൈബ്യൂണലിൽ വലിയ തോതിൽ കേസ്സുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീർപ്പാക്കിയ ലാൻഡ് ട്രൈബ്യൂണൽ കേസ്സുകൾ - 130504

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ - 74061

എൽ.റ്റി. കേസ്സുകൾ പൂർണ്ണമായി തീർപ്പാക്കിയ ജില്ലകൾ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ കേസ്സുകൾ പൂർണ്ണമായോ നാമമാത്രമാക്കാനോ കഴിഞ്ഞിട്ടുണ്ട്. ഈ ജില്ലകളിൽ ബാക്കി നിൽക്കുന്ന നാമമാത്രമായ കേസ്സുകൾ തീർപ്പാക്കാൻ ആ ജില്ലകളിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും കേസ്സുകൾ വീതിച്ച് നൽകിയിട്ടുണ്ട്. ഈയിനത്തിൽ 34 താലൂക്ക് ലാൻഡ് ട്രൈബ്യൂണലുകൾ ഈ ജില്ലകളിൽ പ്രവർത്തിക്കുന്നു.

പുതിയ 6 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ

തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ രണ്ട് വർഷത്തിനുള്ളിൽ തീർപ്പാക്കണമെന്ന കർമ്മ പരിപാടിയുടെ ഭാഗമായി 6 പുതിയ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. തെക്കൻ ജില്ലകളിൽ കേസ്സുകൾ നാമമാത്രമായ ലാൻഡ് ട്രൈബ്യൂണലുകളെ പുനർവിന്യസിച്ചാണ് പുതിയ ലാൻഡ് ട്രൈബ്യൂണലിൽ ജീവനക്കാരെ കണ്ടെത്തിയത്.

| | | | |
|---|---|---|---|
| തൃശ്ശൂർ | - | 1. | കുന്ദംകുളം എൽ.റ്റി. |
| | | 2. | ഇരിങ്ങാലക്കുട എൽ.റ്റി. |
| പാലക്കാട് | - | 3. | പട്ടാമ്പി എൽ.റ്റി. |
| കോഴിക്കോട് | - | 4. | വടകര എൽ.റ്റി. |
| മലപ്പുറം | - | 5. | തിരൂരങ്ങാടി എൽ.റ്റി. |
| കണ്ണൂർ | - | 6. | ഇരിട്ടി എൽ.റ്റി. |

സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ

| | | |
|---|---|---|
| തൃശ്ശൂർ1 | 1. | തഹസിൽദാർ (ആർ.ആർ.), തൃശ്ശൂർ |
| | 2. | പുഞ്ച സ്പെഷ്യൽ ഓഫീസ്, തൃശ്ശൂർ |
| | 3. | സ്പെഷ്യൽ തഹസിൽദാർ എൽ.എ. തൃശ്ശൂർ കോർപ്പറേഷൻ |
| പാലക്കാട് | 4. | തഹസിൽദാർ (ആർ.ആർ.) പാലക്കാട് |
| | 5. | എൽ.എ. ജനറൽ നമ്പർ 1 പാലക്കാട് |
| | 6. | എൽ.എ. ജനറൽ നമ്പർ 2- പാലക്കാട് |

| | | |
|---|---|---|
| | 7. | പി.എ.ആർ. (ഇറിഗേഷൻ), പാലക്കാട് |
| മലപ്പുറം | 8. | എൽ.എ. ജനറൽ, മലപ്പുറം |
| | 9. | എൽ.എ.ജനറൽ, തിരൂർ |
| | 10. | എൽ.എ. എയർപോർട്ട്, കരിപ്പൂര് |
| കോഴിക്കോട് | 11. | കോഴിക്കോട് എൽ.എ. |
| | 12. | കൊയിലാണ്ടി എൽ.എ. |
| | 13. | ആർ.ആർ. കോഴിക്കോട് |
| കണ്ണൂർ | 14. | ആർ.ആർ. തലശ്ശേരി |
| | 15. | എ.എസ്.എൽ. ഓഫീസ് കണ്ണൂർ |

<u>ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ</u>

ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ. ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി.കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

<u>നടപടികൾ ഒറ്റനോട്ടത്തിൽ</u>

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)-ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.
2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.
3. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ടു വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.
4. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി.
5. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6. അദാലത്ത് മാതൃകയിൽ ലാൻഡ് ട്രൈബ്യൂണൽ കേസ്സുകൾ തീർപ്പാക്കാൻ ചട്ടഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. ജന്മിമാർക്ക് നോട്ടീസ് നൽകുന്നതുമായി ബന്ധപ്പെട്ട് യാതൊരു സങ്കീർണ്ണതയും നിലവിലില്ല. നോട്ടീസ് കൈപ്പറ്റാത്ത കേസ്സുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ contest ചെയ്യാത്ത കേസ്സുകളിൽ നിലവിൽ എക്സ്പാർട്ടിയായി വിധി പ്രസ്താവിക്കാനും കഴിയുന്നു.

8. കേരളത്തിലുണ്ടായിരുന്ന 300-ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കോർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷംതന്നെ ആരംഭിച്ചിട്ടുണ്ട്. 7 ജില്ലകളിൽ ഒന്നാംഘട്ട ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

9. കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡ് അവലോകന യോഗങ്ങൾ നടത്തിവരുന്നു.

(സി) മൂന്നു ചെയിൻ പ്രദേശത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ജലവൈദ്യുത പദ്ധതികളുടെ ക്യാച്ച്മെന്റ് ഏരിയായിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്നതും നിയന്ത്രണങ്ങളില്ലാതിരിക്കുന്നതും മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും തദ്വാര ടി മണ്ണ് വീണ് ജലസംഭരണിയുടെ ആഴം കുറയുന്നതിനിടയാക്കുന്നതുമായ വിഷയംകൂടി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) മൂന്നാർ മേഖലയിലെ സ്വന്തം ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. അനുവദിക്കുന്നതിന് അതാത് വില്ലേജാഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 26-5-2018-ൽ സ.ഉ.(കൈ)199/2018/റവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എൻ.ഒ.സി. അനുവദിക്കുന്നതിന് ബന്ധപ്പെട്ട പട്ടയ ഫയലുകളുടെ പരിശോധന അനിവാര്യമായതിനാലും ആയത് താലൂക്കാഫീസുകളിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നതിനാലും എൻ.ഒ.സി. അനുവദിക്കുന്നതിന് അതാത് താലൂക്ക് തഹസീൽദാർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ.(കൈ)381/2018/റവ തീയതി 20-10-2019 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചു. ആയത് പ്രകാരം എൻ.ഒ.സി. ബാധകമാക്കിയിട്ടുള്ള വില്ലേജുകളിൽ സ്വന്തം ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തഹസിൽദാർമാർ എൻ.ഒ.സി. അനുവദിച്ചുവരുന്നു.

## കൈവശഭൂമിക്ക് പട്ടയം

240(3165) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ വില്ലേജിൽ വവ്വാക്കാവിനു സമീപം 60 വർഷം മുമ്പ് പുവർ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്തി ഭൂമി അനുവദിക്കപ്പെട്ട 5 കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇവരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആയത് സംബന്ധിച്ച നടപടികൾ തുടർന്നുവരുന്നു.

(ബി) പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീമതി മാധവി - 5.10 ആർ
2. ശ്രീമതി ചെല്ലമ്മ - 1.99 ആർ
3. ശ്രീ. ശിവൻകുട്ടി - 1.47 ആർ
4. ശ്രീ. സോമരാജൻ - 1.51 ആർ
5. ശ്രീമതി നാണി - 2.34 ആർ

(സി) വില്ലേജ് റിക്കാർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ പ്രസ്തുത സ്ഥലം വർഷങ്ങൾക്ക് മുമ്പ് പുവർ ഹൗസിംഗ് പദ്ധതി പ്രകാരം 5 കക്ഷികൾക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ഭൂമി എത്രയാണെന്ന് രേഖകളില്ലാത്ത സാഹചര്യത്തിൽ ഓരോ കൈവശക്കാരന്റെയും കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം നൽകുന്നതാണ് ഉചിതം. ആയതിനാൽ നാളിതുവരെ പട്ടയം നൽകിയിട്ടില്ലാത്തതും നിലവിൽ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ടതുമായ പ്രസ്തുത ഭൂമി ദീർഘകാല കൈവശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷാ കക്ഷികളുടെ പേരിൽ ചട്ടപ്രകാരം പട്ടയം നൽകുന്നതിനായുള്ള നടപടികൾ കൊല്ലം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

## പെരുമ്പട്ടി വില്ലേജിലെ കൈവശകർഷകർക്ക് പട്ടയം

241(3166) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടി വില്ലേജിലെ കൈവശകർഷർക്ക് പട്ടയം നൽകുന്ന നടപടി ഏതുഘട്ടം വരെയായി; എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകാനുള്ളത്; ഇവർ എത്രവർഷമായി ഇവിടെ താമസിക്കുന്നു;

(ബി) ഇവിടെ കർഷകർ നട്ടുവളർത്തിയ വൃക്ഷങ്ങൾക്ക് തടിവിലയോ തറവിലയോ ഈടാക്കാതെ ഉപാധിരഹിത പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) പട്ടയത്തിനായി ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; നടപടികൾ പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാനാവും എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ വ്യക്തിഗത കൈവശങ്ങൾ അളന്ന് തിരിച്ച് മഹസ്സർ തയ്യാറാക്കുന്ന സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 37 സർവ്വെ ഫീൽഡുകളിലായി നാളിതുവരെയായി ഭൂമി പതിവിനായി 733 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർ 60 വർഷത്തിലധികമായി പ്രസ്തുത ഭൂമി കൈവശം വച്ചുവരുന്നു.

(ബി) 1964-ലെ കേരള ലാൻഡ് അസൈൻമെൻഡ് റൂൾസ് ചട്ടം 10 (3)-ഉം 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് സെക്ഷൻ 22 പ്രകാരവും നിഷ്കർഷിച്ചിരിക്കുന്ന 10 ഇനം ഒഴികെയുള്ള വൃക്ഷങ്ങൾക്കാണ് തടിവില ഈടാക്കാതെതന്നെ പട്ടയം അനുവദിക്കാവുന്നത്.

(സി) വ്യക്തിഗത കൈവശങ്ങളുടെ സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. പട്ടയ നടപടികളുടെ ഭാഗമായി Order of Assignment നൽകുന്നതിന് മുമ്പായി കൈവശഭൂമിയിൽ നിൽക്കുന്ന 1390-ഓളം മരങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെരുമ്പെട്ടി വില്ലേജിലെ ബ്ലോക്ക് നമ്പർ 34-ൽ റീ സർവ്വെ നമ്പർ 174 മുതൽ 192 വരെയും 194 മുതൽ 211 വരെയുള്ള സബ് ഡിവിഷനുകളിൽ ഉൾപ്പെട്ട കൈവശ ഭൂമി വനം വകുപ്പിന്റെ 31-5-1958-ലെ നോട്ടിഫിക്കേഷൻ നമ്പർ F(A)2-1089/57/AD പ്രകാരം വലിയകാവ് റിസർവ്വിന്റെ പരിധിക്ക് പുറത്തായി സ്ഥിതിചെയ്യുന്നതായി

സംയുക്ത പരിശോധനയിൽ വ്യക്തമായിട്ടുള്ളതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്നും ഭൂ ഉടമയുടെ പേര് കാണിക്കുന്ന കോളം 9-ൽ സർക്കാർ എന്നും റിമാർക്സ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. ചില സർവ്വെ നമ്പരുകളിൽ RF എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിക്ക് 1964 ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കഴിവതും വേഗം പട്ടയം നൽകാനാവുമെന്നാണ് കരുതുന്നത്.

**ചെറുവത്തൂർ പഞ്ചായത്തിലെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം**

242(3167) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുറമ്പോക്കുകളിൽ അൻപത് വർഷത്തിലധികമായി താമസിക്കുന്നവർക്ക് പട്ടയം നല്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 67 കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 154/എൽ4/17/റവ നമ്പർ ഫയൽ സർക്കാർ പരിശോധിക്കുകയും ഇക്കാര്യത്തിൽ ജില്ലാ കളക്ടറോട് ചില അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയുമാണ്. ആയത് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

243(3168) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ട ഭൂമിയിൽ നിന്നും ലഭിക്കേണ്ട പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര രൂപ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാട്ട ഭൂമിയിൽനിന്നും ലഭിക്കേണ്ട പാട്ടകുടിശ്ശിക അവലോകനം ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനുമായി റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ നിർദ്ദേശ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ലീസ് മിഷൻ ആരംഭിക്കുകയും പ്രസ്തുത സെൽ പ്രാരംഭഘട്ടത്തിൽ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാട്ടം നൽകിയിട്ടുള്ള മുഴുവൻ കേസ്സുകളുടെയും പട്ടിക 14 ജില്ലാ കളക്ടർമാർ മുഖാന്തരം ശേഖരിക്കുകയും പ്രസ്തുത കേസ്സുകളെല്ലാം തന്നെ വിശദമായി പരിശോധിച്ച് മുഴുവൻ പാട്ടകക്ഷികളെയും നിയമാനുസൃത നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽകേട്ട് പാട്ടകുടിശ്ശിക ഈടാക്കുന്നതിനും പാട്ടം പുതുക്കുന്നതിനും ആയതിന് വിസമ്മതിക്കുന്ന കക്ഷികളിൽനിന്നും ഭൂമി തിരിച്ചുപിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും പാട്ടക്കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും ലാൻഡ് റവന്യൂ കമ്മീഷണർ നേരിലും രേഖാമൂലവും നൽകിയിട്ടുള്ളതാണ്. ഇപ്രകാരം രൂപീകരിക്കപ്പെട്ട സമിതി വിവിധ യോഗങ്ങൾ ചേർന്ന് പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്.

കൂടാതെ പാട്ടകുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2019-20 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുന്ന വിഷയവുമാണ്.

(ബി) 22,70,90,236 രൂപ (ഇരുപത്തിരണ്ട് കോടി എഴുപത് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം).

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ടകുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | പാട്ടക്കുടിശ്ശിക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 1562070704 |
| കൊല്ലം | 961122505 |
| പത്തനംതിട്ട | 49632196 |
| ആലപ്പുഴ | 1474880 |
| കോട്ടയം | 113900361 |
| ഇടുക്കി | 3595285 |
| എറണാകുളം | 5869504539 |
| തൃശ്ശൂർ | 2131853189 |
| പാലക്കാട് | 34231435 |
| മലപ്പുറം | 114952201 |
| കോഴിക്കോട് | 741007723 |
| വയനാട് | 0 |
| കണ്ണൂർ | 6263523 |
| കാസർഗോഡ് | 35809477 |
| ആകെ | 11638692018 |

**ഉരുൾപൊട്ടി വീട് തകർന്നവർക്കുള്ള സഹായം**

244(3169) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ ഉരുൾപൊട്ടി വീട് തകർന്ന സീതത്തോട്, ചിറ്റാർ പഞ്ചായത്തുകളിലെ മുഴുവൻ കുടുംബങ്ങൾക്കും പുതിയ വീട് വയ്ക്കുന്നതിനുള്ള സഹായം നൽകുന്നതിന് ഡോ. വർഗ്ഗീസ് കുര്യൻ എന്ന പ്രവാസി സന്നദ്ധത പ്രകടിപ്പിച്ചിരുന്നുവോ; എങ്കിൽ എത്ര കുടുംബങ്ങൾക്കാണ് സഹായം വാഗ്ദാനം ചെയ്തത് ;വിശദമാക്കാമോ;

(ബി) ആദ്യഗഡുവായി സർക്കാർ ഒരു ലക്ഷം രൂപ നൽകി പണി ആരംഭിക്കുമ്പോൾ ഡോ. വർഗ്ഗീസ് കുര്യന്റെ കമ്പനി മൂന്ന് ലക്ഷം രൂപ നല്കി നിർമ്മാണം പൂർത്തിയാക്കും എന്ന ധാരണ ഉണ്ടാക്കിയിരുന്നോ; എങ്കിൽ ഇതുപ്രകാരം എത്ര കുടുംബങ്ങൾക്ക് സർക്കാർ വിഹിതമായ ഒരു ലക്ഷം രൂപ വീതം നൽകി ; ഇനി എത്രപേർക്ക് ആദ്യഗഡു നൽകുവാനുണ്ട് വിശദമാക്കാമോ ?

ഉത്തരം

(എ) 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ ഉരുൾപൊട്ടി വീടുതകർന്ന ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിലെ പട്ടയമുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ഡോ. വർഗ്ഗീസ് കുര്യൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. സീതത്തോട് പഞ്ചായത്തിൽ 11 പേർക്കും ചിറ്റാർ പഞ്ചായത്തിലെ 7 പേർക്കും സഹായം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

(ബി) ഉണ്ടായിരുന്നു. സർക്കാരുമായുള്ള ധാരണ പ്രകാരം മുഴുവൻ കുടുംബങ്ങൾക്കും (18 കുടുംബം) സർക്കാർ വിഹിതമായ 1 ലക്ഷം രൂപ നൽകിയിട്ടുള്ളതാണ്.

**പ്രളയ പുനർനിർമ്മാണത്തിന് ലോകബാങ്കിന്റെ സാമ്പത്തിക സഹായം**

245(T* 3170) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ലോകബാങ്ക് ആയിരം കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക് വികസനനയ വായ്പ (Development Policy Loan) അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായ 1779.58 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് സർക്കാർ അംഗീകരിച്ച് ഉത്തരവായ സമഗ്ര

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme)യിൽ സുപ്രധാന മേഖലകളായി പരാമർശിച്ചിരിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാദ്ധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, തുടങ്ങിയ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ദുരന്ത നിവാരണ ചെലവുകൾ**

246(3171) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2019 സെപ്റ്റംബർ 30 വരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കേന്ദ്രത്തിൽ നിന്നും എത്ര കോടി രൂപ ലഭിച്ചുവെന്നറിയിക്കുമോ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത തീയതി വരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും 2019 നവംബർ 6 വരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക കോടിയിൽ |
|---|---|
| 2016-17 | 152.30 |
| 2017-18 | 193.64 |
| 2018-19 | 1317.63 |
| 2019-20 (06-11-2019 വരെ) | 784.90 |

(ബി&സി) സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേക്ക് വകയിരുത്തി യിരിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| 2016-17 | 145.50 | 48.50 |
| 2017-18 | 153.00 | 51.00 |
| 2018-19 | 160.50 | 53.50 |
| 2019-20 | 84.375 | 28.125 |

2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് അടിയന്തര സഹായമായി 31.72 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. ഓഖിയുമായി ബന്ധപ്പെട്ട് 133 കോടി രൂപയുടെ അടിയന്തര സഹായം അനുവദിക്കുകയും ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ് കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് 2904.85 കോടി രൂപയുടെ അടിയന്തര സഹായവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കുന്ന തുകയോടൊപ്പം സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ക്രെഡിറ്റ് ചെയ്യുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ദുരന്ത പ്രതികരണത്തിന് വിനിയോഗിക്കുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ജില്ലകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**വീടിന് മുകളിൽ വീണ മണ്ണ് നീക്കുന്നതിന് സഹായം**

247(3172) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവർഷത്തിൽ വീടിന് മുകളിൽ മണ്ണ് വീണ് പല വീടുകളിലും താമസിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടിന് മുകളിൽ വീണ മണ്ണ് നീക്കുന്നതിന് ദുരന്ത നിവാരണ വകുപ്പ് തുക നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം മാനുഷികമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ;

*മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇത്തരത്തിൽ വീടിന് മുകളിൽ വീണ മണ്ണ് റോയൽറ്റി അടയ്ക്കാതെ ഉടമകളുടെ സ്വന്തം ചെലവിൽ നീക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭം കാരണം മണ്ണിടിഞ്ഞ് നാശനഷ്ടം സംഭവിച്ചാൽ വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധി (SDRF) മാനദണ്ഡം അനുസരിച്ച് തുക അനുവദിക്കാറുണ്ട്.

(സി) ദുരന്തം ബാധിച്ച ഒരു പ്രദേശത്ത് പുനർനിർമ്മാണം നടത്തുന്നതിനായും ദുരന്തത്തിൽ വന്നടിഞ്ഞ മണ്ണ്, ചെളി എന്നിവ മാറ്റുന്നതിനായും മറ്റെല്ലാ നിയമത്തെയും മറികടന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ഉചിതമായ നടപടി സ്വീകരിക്കാം. ദുരന്തത്തിൽ വന്നടിഞ്ഞ മണ്ണ്, ചെളി എന്നിവ മാറ്റുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തീരുമാനിച്ച് ഉത്തരവായി പുറപ്പെടുവിച്ചാൽ റോയൽറ്റി നല്കേണ്ട ആവശ്യം ദുരന്ത നിവാരണ നിയമത്തിലില്ല. നിലവിൽ വ്യാവസായിക അടിസ്ഥാനത്തിൽ മാത്രമാണ് മണ്ണ് റോയൽറ്റി അടച്ച് മാറ്റുന്നത്. ദുരന്ത നിവാരണ നിയമപ്രകാരം വീടുകളുടെ മുകളിൽ വീഴുന്ന മണ്ണ് വ്യാവസായിക അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നില്ലെന്ന ഉറപ്പിന്മേൽ റോയൽറ്റി അടയ്ക്കാതെ ഉടമകളുടെ സ്വന്തം ചെലവിൽ നീക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിൽ തടസ്സമില്ലാത്തതാണ്.

**ചേലക്കര മണ്ഡലത്തിലെ പ്രളയ ദുരിതബാധിതർക്ക് ധനസഹായം**

248(3173) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ചേലക്കര നിയോജകമണ്ഡലത്തിലെ വീടുകളിൽ വെള്ളം കയറി എത്രപേർക്ക് നാശനഷ്ടവും ദുരിതവും ഉണ്ടായിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് ദുരിതാശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വീടുകളുടെ നാശനഷ്ടം വിലയിരുത്തുന്നതിലേയ്ക്കും ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കുമായി ജില്ലയിലെ ദുരിത ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം, റവന്യൂ, ഐ.ടി.മിഷൻ മുതലായവയിലെ ഉദ്യോഗസ്ഥർ/സ്റ്റാഫ് ഉൾപ്പെടുന്ന സംഘം സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് വരുന്ന നടപടി തുടർന്നുവരുന്നു.

### ചേലക്കര മണ്ഡലത്തിലെ ദുരിതബാധിതർക്ക് ധനസഹായം

249(3174) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ ചേലക്കര നിയോജകമണ്ഡലത്തിലെ എത്ര വീടുകൾ യഥാക്രമം പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ പൂർണ്ണമായി തകർന്ന എത്ര വീടുകൾ പുനർനിർമ്മിച്ച് നൽകിയിട്ടുണ്ട്; കെയർഹോം പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട് വിശദാംശം നൽകുമോ;

(സി) ഭാഗികമായി വീട് തകർന്ന എത്ര പേർക്ക് തലപ്പിള്ളി താലൂക്കാഫീസ് മുഖേന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) വീടുകളിൽ വെള്ളം കയറി നാശനഷ്ടം ഉണ്ടായത് കണക്കിലെടുത്ത് എത്ര പേർക്ക് പതിനായിരം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയക്കെടുതിയിൽ ചേലക്കര മണ്ഡലത്തിൽ 166 വീടുകൾ പൂർണ്ണമായും 569 വീടുകൾ ഭാഗികമായും തകർന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇതിൽ 68 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. 67 വീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കെയർ ഹോം പദ്ധതി പ്രകാരം ചേലക്കര മണ്ഡലത്തിൽ നിർമ്മിച്ച് നൽകുന്ന 24 വീടുകളിൽ 21 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

(സി) ഭാഗികമായി തകർന്ന ചേലക്കര മണ്ഡലത്തിലെ 569 വീടുകൾക്കും തലപ്പിള്ളി താലൂക്കാഫീസ് മുഖേന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) വീടുകളിൽ വെള്ളം കയറി നാശനഷ്ടമുണ്ടായത് കണക്കിലെടുത്ത് 636 പേർക്ക് പതിനായിരം രൂപ വീതം തലപ്പിള്ളി താലൂക്കാഫീസ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്.

### റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

250(3175) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടി ദുരന്തനിവാരണ വകുപ്പിന്റെ ഭരണാനുമതി

ലഭ്യമായിട്ടുള്ള കണ്ണൂർ ജില്ലയിലെ എത്ര റോഡുകൾക്ക് അനുവദിച്ച ഫണ്ടാണ് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സമയബന്ധിതമായി പ്രവൃത്തി തീർക്കാത്തതിനെ തുടർന്ന് ലാപ്സായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾ ഏതൊക്കെയാണെന്നും എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ ഭരണാനുമതി ലഭിച്ച 9 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ റദ്ദായിട്ടുണ്ട്.

(ബി) വട്ടക്കയം കാക്കടവ് ബൈപ്പാസ് റോഡ്, കാവുങ്കൽ മാണക്കര റോഡ്, ഉദയഗിരി-മുതുശ്ശേരി ബൈപ്പാസ് റോഡ്, പോത്താംകണ്ടം സ്കൂൾ റോഡ്, കിഴക്കേക്കര റോഡ്, മേലുത്താണി റോഡ്, കൊണ്ടോട്ട് പീടിക- കാറാട്ട് മെട്ട തന്നട റോഡ്, പനോന്നേരി ആറാട്ടുതറ റോഡ്, മുത്തേടം ക്ഷേത്രം-കരിങ്കൽക്കുന്ന് റോഡ് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് റദ്ദായിട്ടുള്ളത്. ഇവയിൽ വട്ടക്കയം കാക്കടവ് ബൈപ്പാസ് റോഡ് ആലക്കോട് ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾ, ടെണ്ടർ ചെയ്തിട്ടും ആരും പ്രവൃത്തി ഏറ്റെടുക്കാത്തത്, കാലാവധിക്കുള്ളിൽ കരാർ വയ്ക്കാത്തത്, കാലവർഷം ശക്തിപ്രാപിച്ചതും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും തുടങ്ങിയ കാരണങ്ങളാലാണ് നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത്.

**പ്രളയാനന്തര അടിയന്തര സഹായം**

251(3176) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലുണ്ടായ പേമാരിയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് അടിയന്തര സഹായം അനുവദിച്ചിട്ടുണ്ടോ; ഇതിനകം എത്ര പേർക്കാണ് പ്രസ്തുത സഹായം നൽകിയത്; വിശദമാക്കാമോ;

(ബി) പ്രളയ സമയത്ത് ക്യാമ്പുകളിൽ പോകാതെ ബന്ധുവീടുകളിൽ താമസിച്ചവർക്കും ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കുടുംബങ്ങളുടെ കണക്ക് എപ്രകാരമാണ് എടുക്കുന്നത്; വ്യക്തമാക്കമോ;

(സി) അനർഹർ ആനുകൂല്യം പറ്റുന്നതായും, അർഹതയുള്ളവർ ഒഴിവാക്കപ്പെടുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹതയുള്ള എല്ലാവർക്കും ആനുകൂല്യം നൽകുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ കഞ്ഞിപ്പുരകളിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ ഉൾപ്പെടെ 4-11-2019 വരെ ആകെ 130159 കുടുംബങ്ങൾക്ക് അടിയന്തര സഹായം നല്കി.

(ബി) ഉണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിൽ ടി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, താലൂക്ക്, വില്ലേജ്തല ഉദ്യോഗസ്ഥർ എന്നിവർ സർവ്വെ നടത്തിയാണ് ബന്ധുവീടുകളിൽ താമസിച്ച കുടുംബങ്ങളുടെ കണക്കെടുക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദുരിതാശ്വാസ ധനസഹായം**

252(3177) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തുണ്ടായ മഴക്കെടുതിയിലും, ഉരുൾപൊട്ടലിലും എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചു;

(ബി) ഇതിനകം എത്ര കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം നൽകി; വീടുകൾ നഷ്ടപ്പെട്ടവർക്ക് ഇതിനകം എന്ത് തുക അനുവദിച്ചു; വിശദമാക്കാമോ;

(സി) ക്യാമ്പുകളിൽ എത്താതെ ബന്ധുവീടുകളിലും മറ്റും മാറിതാമസിച്ച കുടുംബങ്ങൾ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്ക് എന്തൊക്കെ സഹായമാണ് ഇതിനകം നൽകിയത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2019-ലെ പ്രളയക്കെടുതിയിൽ ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകളുടെ പരിശോധനയ്ക്ക് വില്ലേജ് ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, ഐ.ടി. വിദഗ്ദ്ധൻ എന്നിവരടങ്ങുന്ന ടീമുകളെ ഉപയോഗിച്ച് മൊബൈൽ ആപ്പ് വഴി വീടുകളുടെ നഷ്ടം തിട്ടപ്പെടുത്തി വരുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കഞ്ഞിപ്പുരകളിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ ഉൾപ്പെടെ 4-11-2019 വരെ ആകെ 130159 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായ 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) ദുരന്ത നിവാരണ (എ) വകുപ്പിന്റെ 22-8-2019 തീയതിയിലെ സ.ഉ. (എം.എസ്.)നമ്പർ 23/2019/ദു.നി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രളയ സമയത്ത് ക്യാമ്പുകളിൽ പോകാതെ ബന്ധുവീടുകളിൽ താമസിച്ചവർക്കും അടിയന്തര ധനസഹായമായ 10,000 രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ കണക്ക് ശേഖരിച്ച് വരുന്നു.

**തമ്മാനിമറ്റം ഌക്ക് പാലത്തിന്റെ പുനർ നിർമ്മാണം**

253(3178) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച തമ്മാനിമറ്റം ഌക്ക്പാലം കഴിഞ്ഞ പ്രളയത്തിൽ തകർന്ന് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഌക്ക് പാലത്തിൻെറ പുനർ നിർമ്മാണത്തിന് പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തമ്മാനിമറ്റം ഌക്കുപാലം പുനർനിർമ്മിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കേരള ലിമിറ്റഡ് സമർപ്പിച്ച 2,19,70,506(രണ്ട് കോടി പത്തൊമ്പത് ലക്ഷത്തി എഴുപതിനായിരത്തി അഞ്ചൂറ്റി ആറ് രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് എറണാകുളം ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഡി.എം.ഡി.1/48/2019-ഡി.എം.ഡി. ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു.

**വ്യാപാരികൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടികൾ**

254(3179) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സഹായധനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ട വ്യാപാരി/വ്യവസായികൾക്കായി ഉജ്ജീവന സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(ബി&സി) അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ,

അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെയുള്ള ഉജ്ജീവന സഹായ പദ്ധതി നടപ്പാക്കി. ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്ങ്-പലിശ നൽകുന്നു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽനിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകുന്നു. MSME സ്ഥാപനങ്ങൾക്കുള്ള കടം- റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ Section 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെടുകയും ചെയ്തു. ഈ ആവശ്യം പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു. 1563 സ്ഥാപനങ്ങൾക്കായി 112.95203 കോടി രൂപയുടെ വായ്പ വിവിധ ബാങ്കുകൾ മുഖേന ഉജ്ജീവന സഹായ പദ്ധതി വഴി നല്കിയിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

255(3180) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗം ഫലപ്രദമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എന്ത് തുക ലഭ്യമായിയെന്നും അതിൽ നിന്നും എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഫണ്ട് വിനിയോഗത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടം 2002 വകുപ്പ് 22(3) അനുശാസിക്കും പ്രകാരമുള്ള നദീതീര വികസന പദ്ധതി, നദീതീര സംരക്ഷണ പദ്ധതി, അനധികൃത മണൽ കടത്ത് തടയൽ പദ്ധതി, കടവ്/നദീതടം എന്നിവയുടെ പരിപാലനം തുടങ്ങിയവയാണ് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളും ജനപ്രതിനിധികളിൽ നിന്നും ലഭിക്കുന്ന ശിപാർശകളും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിക്കുന്ന പ്രവർത്തനങ്ങൾ റവന്യൂ മന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉന്നതതല സമിതിയിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന ഉന്നതതല സമിതിയുടെ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുന്നത്.

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷം RMF-ലേയ്ക്ക് ലഭ്യമായ തുകയുടെയും അതാത് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുകയുടെയും വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

256(3181) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിലുമായി മലപ്പുറം ജില്ലയിലെ എന്തെല്ലാം പ്രവൃത്തികൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം 2019 സെപ്റ്റംബർ 30-ന് ഫണ്ടിൽ ഉള്ള നീക്കിയിരുപ്പ് തുക എത്രയാണ്; പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഇനിയും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതും അവയുടെ ഇപ്പോഴത്തെ അവസ്ഥയും ചുവടെ ചേർക്കുന്നു:

1. ആർ.എം.എഫ് കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് 10 കുനിയിൽ കോലോത്തുംതൊടി കക്കുഴികുന്നത്ത് ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം - ടെണ്ടർ നടപടി പുരോഗമിക്കുന്നു.

2. ആർ.എം.എഫ്. മമ്പാട് ഗ്രാമപഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതിക്ക് സമീപം കുതിരപ്പുഴയുടെ ഇടതുകര സംരക്ഷണം - ടെണ്ടർ നടപടികൾ കഴിഞ്ഞു.

3. ആർ.എം.എഫ്. കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നൂറാൾ പാലത്തിനു താഴെ ചോലശ്ശേരി കടവിൽ കടലുണ്ടിപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം - ടെണ്ടർ നടപടികൾ കഴിഞ്ഞു.

(ബി) ആർ.എം.എഫ്. അക്കൗണ്ടിൽ 30-9-2019-ൽ മലപ്പുറം ജില്ലയിലെ നീക്കിയിരുപ്പ് തുക 1,52,84,643 (ഒരു കോടി അൻപത്തിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി അറുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപാ മാത്രം) രൂപയാണ്. നടപ്പുസാമ്പത്തിക വർഷം 11 പുതിയ നദീതീര സംരക്ഷണ പ്രവൃത്തികൾക്കാണ് 2-10-2019-ലെ സ.ഉ.(സാധാ)നമ്പർ 2754/2019/റവ പ്രകാരം അനുമതി നൽകിയത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. മലപ്പുറം ജില്ലയിലെ മലപ്പുറം മുനിസിപ്പാലിറ്റിയിലെ വാർഡ് 13, 14 ശാന്തി നഗറിൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 51.59 ലക്ഷം രൂപ

2. മലപ്പുറം ജില്ലയിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ 13 വാർഡിലെ കാളമ്പാടിയിൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 46.40 ലക്ഷം രൂപ

3. മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഇല്ലിപുലാക്കലിൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 23.51 ലക്ഷം രൂപ

4. എ.ആർ. നഗർ പഞ്ചായത്തിൽ 19-ാം വാർഡിൽ മൂഴിക്കലിൽ (293 സി വീടിനോട് ചേർന്ന്) കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 40 ലക്ഷം രൂപ

5. എ.ആർ.നഗർ പഞ്ചായത്തിൽ 19-ാം വാർഡിൽ മമ്പുറം പുതിയ പാലത്തിന് മേൽ ഭാഗത്ത് കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 17 ലക്ഷം രൂപ

6. എ.ആർ.നഗർ ഗ്രാമപഞ്ചായത്തിൽ മൂഴിക്കൽ കോളനിയിൽ പി.എം. ജാഫർ എന്നവരുടെ വീടിനോട് ചേർന്ന് (റീ.സ.നമ്പർ226/14) കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 31 ലക്ഷം രൂപ

7. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ നെടുവ വില്ലേജിൽ ഉള്ളണം ലാക്കൽ പ്രദേശത്ത് കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം - 60 ലക്ഷം രൂപ

8. വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 5 റീ.സ.നമ്പർ23/1 വാഴക്കാട്, വാഴക്കാട് ആമക്കോടിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - 52 ലക്ഷം രൂപ

9. മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ ശ്രീമതി പത്മജ, w/o സത്യൻ എന്നവരുടെ സ്ഥലത്ത് കലക്കൻ പുഴയുടെ ഇടതുകരയിലും വലതുകരയിലും സംരക്ഷണ ഭിത്തി നിർമ്മാണം - 18.50 ലക്ഷം രൂപ

10. മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ കുറ്റിക്കാട് കടവിന്റെ താഴ്ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാം ഘട്ടം - 51 ലക്ഷം രൂപ

11. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപാറയ്ക്ക് സമീപം ചെങ്ങണ കടവിന് മേൽ ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാം ഘട്ടം - 25 ലക്ഷം രൂപ.

## ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്കുള്ള നഷ്ടപരിഹാരം

257(3182) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് ബദൽ സംവിധാനവും നഷ്ടപരിഹാരവും നൽകാൻ പദ്ധതിയോ, പാക്കേജോ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്ഥലമെടുപ്പ് നോട്ടിഫിക്കേഷൻ വരുന്നതിന് മൂന്നവർഷം മുൻപേ ലൈസൻസ് എടുത്ത വ്യാപാരി ആയിരിക്കണമെന്ന നിബന്ധന ഉണ്ടോ; ഈ

നിബന്ധന കാരണം പല വ്യാപാരികൾക്കും ആനുകൂല്യം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരമുള്ള നഷ്ടപരിഹാരവും ഷെഡ്യൂൾ 2 പ്രകാരമുള്ള പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ. (എം.എസ്.)448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് തൊട്ടുമുൻപുള്ള 3 വർഷമോ അതിൽ കൂടുതലോ കാലയളവിൽ ഒരു സ്ഥലത്ത് താമസിക്കുകയും/വ്യാപാരം നടത്തുകയും ഭൂമി ഏറ്റെടുക്കുന്നതിലൂടെ ജീവനോപാധി പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്യുന്ന കുടുംബം/വ്യാപാരികളെയാണ് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 3 പ്രകാരം ബാധിക്കപ്പെട്ട കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതുകൊണ്ടുതന്നെ 29-12-2017-ലെ ജി.ഒ. (എം.എസ്.)നമ്പർ 448/2017/RD പ്രകാരമുള്ള പുനരധിവാസം പ്രസ്തുത കുടുംബങ്ങൾ/വ്യാപാരികൾക്കാണ് നൽകിവരുന്നത്.

**തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി**

258(3183) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവ്വകലാശാലക്ക് വേണ്ടി തിരൂർ വെട്ടം വില്ലേജിൽ ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി സംബന്ധമായ എന്തെല്ലാം അനുമതികളാണ് ഇതിനകം ലഭിച്ചത് വ്യക്തമാക്കാമോ;

(സി) ഈ പ്രദേശത്തിന്റെ പരിസ്ഥിതി ആഘാതം പഠിക്കുന്നതിന് വിദഗ്ദ സമിതിയെ നിയോഗിക്കുവാൻ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ദക്ഷിണ മേഖല ബെഞ്ച് ഉത്തരവായിട്ടുണ്ടോയെന്നറിയിക്കാമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ;

(ഇ) ഭൂമി ഏറ്റെടുക്കുന്നതിൽ വൻ അഴിമതി നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം സംബന്ധിച്ച് എന്ത് അന്വേഷണമാണ് ഇതിനകം നടത്തിയത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 4.4546 ഹെക്ടർ (11 ഏക്കർ)

(ബി) മലപ്പുറം ജില്ലയിൽ വെട്ടം വില്ലേജിൽ സർവ്വെ നമ്പർ 313/1 ബി, 313/3 ബി, 313/4 ബി, 313/5, 313/6, 313/7, 313/8 ബി, 313/9, 315/1, 315/2, 315/3, 316/6, 316/9, 316/11, 340/5, 341/1, 341/2, 341/3, 341/4, 341/5, 341/6-ൽ ഉൾപ്പെട്ട 17 ഏക്കർ 21 സെന്റ് സ്ഥലം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് വൈസ് ചാൻസലർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സമർപ്പിച്ച അപേക്ഷയിലെ ആവശ്യം പൊതു ആവശ്യമായതിനാൽ ടി സ്ഥലത്തെ തണ്ണീർത്തടങ്ങളും ജലാശയങ്ങളും കണ്ടൽക്കാടുകളും നിലവിലുള്ളതുപോലെ നിലനിർത്തിക്കൊണ്ട് നീരൊഴുക്കിനെ ബാധിക്കാത്ത തരത്തിൽ പരിവർത്തനം നടത്തണം എന്ന വ്യവസ്ഥയോടെ നികത്തുന്നതിന് 9-7-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 123/2015/കൃഷി പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ 18-9-2019 തീയതിയിലെ OA No.24/2019 നമ്പറായി ഉത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ 18-9-2019 തീയതിയിലെ OA No.24/2019 നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ നോഡൽ ഓഫീസറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമതി സൗമ ഹമീദ്, നോഡൽ ഓഫീസർ (എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മലപ്പുറം ജില്ല)
2. ശ്രീ. ജാഫർ മാലിക് ഐ.എ.എസ്., ജില്ലാ കളക്ടർ, മലപ്പുറം
3. ഡോ. ജയചന്ദ്രൻ കെ., മെമ്പർ, സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റി
4. ഡോ. ലക്ഷ്മി പി.എം., കേരള സെൻട്രൽ സോൺ മാനേജ്മെന്റ് അതോറിറ്റി

5. ഡോ. ജോൺ സി. മാത്യു., സ്റ്റേറ്റ് വെറ്റ് ലാൻഡ് അതോറിറ്റിയുടെ പ്രതിനിധി
6. ശ്രീ. എം. ധർമ്മരാജ്, നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രതിനിധി
7. ശ്രീ. എൻ. ടി. സാജൻ ഐ.എഫ്.എസ്., കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) നോർത്തേൺ റീജിയണൽ കോഴിക്കോട്, പ്രിൻസിപ്പാൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) കേരള സ്റ്റേറ്റിന്റെ പ്രതിനിധി
8. ശ്രീ. ഇ. തിരുനവുകരശു, ശാസ്ത്രജ്ഞൻ, റീജിയണൽ ഓഫീസ്, ബംഗലൂരു, MOEF&CC യുടെ പ്രതിനിധി.

(ഇ) ഇല്ല.

## ചെറുവള്ളി എസ്റ്റേറ്റ് ശബരിമല വിമാനത്താവളത്തിനായി ഏറ്റെടുക്കൽ

259(3184) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ശബരിമല വിമാനത്താവളം നിർമ്മിക്കുന്നതിനായി ചെറുവള്ളി എസ്റ്റേറ്റിന്റെ എത്ര ഏക്കർ സ്ഥലമാണ് വിലകൊടുത്ത്ഏറ്റെടുക്കുന്നത്;

(ബി) പ്രസ്തുത എസ്റ്റേറ്റ് ഹാരിസൺ മലയാളം പ്ലാന്റേഷന് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയാണോ; എങ്കിൽ സർക്കാർ പാട്ടത്തിന് കൊടുത്ത ഭൂമി സർക്കാർ തന്നെ വില കൊടുത്ത് വാങ്ങുന്നത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വിമാനത്താവള

നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് പകരം നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്ന കാര്യമാണ് പരിഗണിച്ച് വരുന്നത്.

(ബി) നിർദ്ദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, മണിമല, എരുമേലി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ഭൂമി 2005-ൽ M/s. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിനു വിൽപ്പന നടത്തിയ തോട്ടം ഭൂമിയാകുന്നു. സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ ഭരണാധികാരികളും സ്വകാര്യ വ്യക്തികളും പാട്ടമായും ഗ്രാന്റായും റബ്ബർ കൃഷിക്കായി ബ്രിട്ടീഷ് പൗരന്മാർക്കും കമ്പനികൾക്കും നൽകിയ ഭൂമി, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൈമാറ്റം ചെയ്യലും ഉടമസ്ഥത സ്ഥാപിക്കാതെ ഭൂമി വിൽപ്പന നടത്തിയതും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർ ചെറുവള്ളി എസ്റ്റേറ്റ് അടക്കം ഹാരിസൺ കമ്പനിയുടെ കൈവശമുള്ളതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 38171 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. 11-4-2018-ലെ WP(C)No.33122/2014 & Ors കേസുകളിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നും ബഹു.കോടതി നിർദ്ദേശിച്ചിരുന്നു. ഹാരിസൺ മലയാളവും അവരുടെ മുൻഗാമികളും അവരിൽ നിന്ന് ഭൂമി നേടിയവരും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്നു സ്ഥാപിക്കുന്നതിനായി ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ട് 6-6-2019-ൽ സ.ഉ.(കൈ.)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉടമസ്ഥത സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമവിധിക്ക് വിധേയമായി മാത്രമേ ടി ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ടിലെ സെക്ഷൻ 77(2) പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് ശബരിമല വിമാനത്താവള നിർമ്മാണത്തിനായി നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്നത് സർക്കാർ പരിഗണിച്ചു വരുന്നത്.

## കാട്ടാക്കട മണ്ഡലത്തിലെ ലാന്റ് അക്വിസിഷൻ നടപടികൾ

260(3185) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന കരമന - വെള്ളറട റോഡ് നിർമ്മാണത്തിനായുള്ള ലാന്റ് അക്വിസിഷൻ നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പോങ്ങുംമൂട് - പുന്നാവൂർ പാലം നിർമ്മാണത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പാലം നിർമ്മാണത്തിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരമന - വെള്ളറട റോഡ് വികസനത്തിനുള്ള പൊന്നുംവില നടപടിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ എൽ.എ. (എൻ.എച്ച്.), പി.എം.ജി.യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് 3 ഫേസ് ആയി വിഭാവന ചെയ്തിരിക്കുന്നു.

റീച്ച്-1

കരമന – വെള്ളറട റോഡ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ ഉൾപ്പെട്ട കരമന മുതൽ കുണ്ടമൺകടവ് വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി എസ്.ഐ.എ. യൂണിറ്റിനെ നിയമിച്ച് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി യിട്ടുള്ളതും പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. എസ്.ഐ.എ റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

റീച്ച്-2

കരമന – വെള്ളറട റോഡ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 2-ൽ ഉൾപ്പെട്ട 4.5670 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 28-9-2019-ലെ സ.ഉ.(സാധാ)2723/2019/റവ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കി എസ്.ഐ.എ. യൂണിറ്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റീച്ച് - 3

റീച്ച് 3-ൽ ഉൾപ്പെട്ട ഞാറവിള മുതൽ വെള്ളറട വരെയുള്ള പൊന്നുംവില നടപടിക്കായി പുതുക്കിയ അർത്ഥന സമർപ്പിച്ചിട്ടുണ്ട്.

(ബി) പോങ്ങുംമൂട് - പുന്നാവൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ വില്ലേജിലുൾപ്പെട്ട 0.16 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 24-4-2019-ലെ സ.ഉ.(സാധാ)1041/2019/റവ പ്രകാരം

ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത പൊന്നുംവില നടപടിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ., പി.ഡബ്ല്യു.ഡി. സതേൺ സർക്കിളിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എസ്.ഐ.എ റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ചിട്ടുള്ളതും എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിവാക്കുവാൻ നടപടി**

261(3186) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അത്തരം കയ്യേറ്റങ്ങളെ നിയന്ത്രിക്കുന്നതിനും കയ്യേറിയ സർക്കാർ ഭൂമി തിരിച്ചുപിടിച്ച് സംരക്ഷിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ;

(സി) ഭൂമി കയ്യേറ്റങ്ങൾ ഒഴിവാക്കുവാൻ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) അപ്രകാരം കയ്യേറിയ ഭൂമയിൽ എത്ര ഹെക്ടർ ഭൂമി 2016-ന് ശേഷം തിരിച്ചുപിടിച്ചു;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ.(സാധാ)3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥലപരിശോധന നടത്തി കയ്യേറ്റത്തിനെതിരെ നടപടികൾ സ്വീകരിച്ച് വരികയുമാണ്. രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള നടപടികളും ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തിലാണ്. 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കമ്മീഷണറേറ്റ് തലത്തിൽ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നുണ്ട്. ഈ ടീം സ്ഥലപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും ടി മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

(ഡി) 2016-ന് ശേഷം 260.4256 ഹെക്ടർ ഭൂമിയിലെ കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം**

262(3187) ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഇടനാഴി, ദേശീയപാത, വ്യവസായ പാർക്കുകൾ, റെയിൽവേ തുടങ്ങിയ പൊതുവികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ പലപ്പോഴും വലിയ കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കാൻ പരിപാടിയുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കുമ്പോൾ വാസസ്ഥലവും ഭൂമിയും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസം ഉറപ്പാക്കുന്നതിനും ന്യായമായ പ്രതിഫലം നൽകുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) വികസനാവശ്യങ്ങൾക്ക് സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനുപോലും ഏറെ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനത്ത് ലാൻഡ് ബാങ്കിന്റെ രൂപീകരണം ഫലപ്രദമായിട്ടുണ്ടോ; സർക്കാർ ഭൂമി കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നവരിൽ നിന്നും ഉണ്ടാകുന്ന എതിർപ്പുകൾമൂലം കാലതാമസം നേരിടാറുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കാൻവേണ്ടി എല്ലാ ആഴ്ചയിലും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം അവലോകന യോഗങ്ങൾ നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ മാസവും റിക്വിസിഷൻ അതോറിറ്റി ഉൾപ്പെടുന്നവരുടെ സാന്നിദ്ധ്യത്തിൽ അവലോകന യോഗം നടത്തി ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. ഭൂവുടമകളെ ബോധവൽക്കരിച്ചും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പ്രത്യേക പാക്കേജുകൾ നൽകിയും കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

(ബി) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരമുള്ള നഷ്ടപരിഹാരവും ഷെഡ്യൂൾ 2 പ്രകാരമുള്ള പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.)448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) വികസനാവശ്യങ്ങൾക്ക് സർക്കാർ ഭൂമി വകുപ്പുതലത്തിലുള്ള കൈമാറ്റം കൂടുതൽ വേഗത്തിലാക്കുവാൻ വേണ്ടി പഞ്ചായത്തിൽ 50 സെന്റ് വരെയും മുനിസിപ്പൽ പ്രദേശങ്ങളിൽ 25 സെന്റ് വരെയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 10 സെന്റ് വരെയും വകുപ്പ് തലത്തിൽ കൈമാറി ഉത്തരവിറക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 5-6-2018-ലെ G.O.(P)No.31/2018/RD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്. ഭൂമിയെ സംബന്ധിച്ച വിശദമായ കണക്ക് തയ്യാറാക്കി കയ്യേറ്റം തടയുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ ഭൂവിനിയോഗവും ഭൂസംരക്ഷണവും സാദ്ധ്യമാക്കുന്നതിനും വേണ്ടി 21-6-2007-ലെ സ.ഉ.(സാധാ)നമ്പർ 2563/2007/റവ പ്രകാരമാണ് 'കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതിക്ക്

തുടക്കമിട്ടത്. ഇതിനുവേണ്ടി സംസ്ഥാനത്തെ ഭൂമി സംബന്ധിച്ചുള്ള വിശദമായ വിവരം ശേഖരിക്കുകയും ലാൻഡ് ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിലെ വികസന സാധ്യതകൾ കൂടി മുന്നിൽ കണ്ട് യുക്തിപൂർവ്വം സർക്കാർ ഭൂമി വിനിയോഗിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നുണ്ട്.

സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമ പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ. (സാധാ)3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം സർക്കാർ ഭൂമി കയ്യേറ്റത്തിനെതിരെ ജാഗ്രത പുലർത്തുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്താനുമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥല പരിശോധന ഉൾപ്പെടെ നടത്തിവരുന്നതുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**പൊൻമുടി പദ്ധതിക്കായി വൈദ്യുതി ബോർഡിന് കൈമാറിയ ഭൂമി**

263(3188) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊൻമുടി പദ്ധതിക്കായി വൈദ്യുതി ബോർഡിന് കൈമാറിയ ഭൂമി രാജക്കാട് സഹകരണ ബാങ്കിന് ഹൈഡൽ ടൂറിസം പദ്ധതിക്കായി കൈമാറിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു പ്രത്യേക ആവശ്യത്തിനായി വൈദ്യുതി ബോർഡിന് കൈമാറിയ റവന്യൂ തരിശുഭൂമി, ബോർഡ് മറിച്ച് മറ്റൊരു സ്ഥാപനത്തിന് പാട്ടത്തിന് നൽകുന്നത് നിയമവിധേയമാണോ;

(സി) ഇത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ഡി) പതിച്ച് നൽകിയ ഭൂമി ഉപയോഗിച്ചില്ലെങ്കിൽ തിരിച്ച് വകുപ്പിന് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഈ നടപടിയിൽ റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്നും ഇതിനകം എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമവിധേയമല്ല.

(സി) ഉണ്ട്. പ്രസ്തുത ഭൂമി ഉടുമ്പൻചോല താലൂക്കിൽ രാജാക്കാട് വില്ലേജിൽ പഴയ സർവ്വേ നമ്പർ 180, 187, 700, 708, 94 Part, 95 Part, 96, 97, 99, 100 Part, 103 Part, 104-1, 104-3, 256 Part, 257, 258, 259, 260, 265, 587 part, 588, 589/1-2, 590 part, 591 part, 592 part, 209, 253 (റീസർവ്വെ നമ്പർ 351, 352) ഉൾപ്പെട്ടുവരുന്ന സർക്കാർ പുറമ്പോക്കാണ്.

(ഡി) ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുറ്റിക്കോൽ ഗവ.ഐ.ടി.ഐ.-ക്ക് റവന്യൂ വകുപ്പിൽനിന്നും സ്ഥലം**

264(3189) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗവ. ഐ.ടി.ഐ.-ക്ക് റവന്യൂ സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗവ.ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് കാസർഗോഡ് താലൂക്കിൽ കുറ്റിക്കോൽ വില്ലേജിൽ സർവ്വെ നമ്പർ 149/2-ൽ 2.24 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് അധികൃതരുടെ അപേക്ഷ ലഭ്യമായതിനെത്തുടർന്ന് പ്രസ്തുത വിഷയത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടറിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർ വഴി ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

**ഭൂരഹിതർക്ക് മിച്ചഭൂമി**

265(3190) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് മിച്ചഭൂമി പതിച്ചുകിട്ടുന്നതിന് കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര അപേക്ഷകരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് തീയതി വരെ ലഭിച്ച അപേക്ഷകർക്കാണ് ഇതുവരെ ഭൂമി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) നിലവിൽ പതിച്ചു നൽകുന്നതിനുവേണ്ടി എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ട്; കണ്ടെത്തിയ ഭൂമി എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ 878 അപേക്ഷകരാണുള്ളത്.

(ബി) ഫെബ്രുവരി 2016 വരെ ലഭിച്ച അപേക്ഷകർക്കാണ് ഇതുവരെ ഭൂമി നൽകിയിട്ടുള്ളത്.

(സി) നിലവിൽ പതിച്ചു നൽകുന്നതിന് വേണ്ടി 6 ഏക്കർ 58 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ ഭൂമി എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല.

**ചീമേനി വില്ലേജിൽ ബസ് സ്റ്റാന്റ് കം കംഫർട്ട് സ്റ്റേഷൻ**

266(3191) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി വില്ലേജിൽ ബസ് സ്റ്റാന്റ് കം കംഫർട്ട് സ്റ്റേഷൻ പണിയുന്നതിന് പ്ലാന്റേഷൻ ഭൂമി ലീസിന് നൽകാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി തുക നീക്കിവച്ചിട്ടുള്ളതിനാൽ ലീസ് ഉത്തരവ് എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി വില്ലേജിൽ ബസ് സ്റ്റാൻഡ് കം കംഫർട്ട് സ്റ്റേഷൻ പണിയുന്നതിന് പ്ലാന്റേഷൻ ഭൂമി ലീസിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ യു3/210/2018/റവ നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു. ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

## കുടിശ്ശിക വരുത്തുകയും വ്യവസ്ഥകൾ ലംഘിക്കുകയുംചെയ്ത പാട്ടഭൂമി തിരിച്ചെടുക്കൽ

267(3192) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംഘടനകൾക്കും വ്യക്തികൾക്കും പാട്ടത്തിന് പതിച്ച് നൽകിയ ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ബി) പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച ഭൂമിയും തിരിച്ചെടുക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ നിലവിൽ വന്നശേഷം അത്തരത്തിൽ എത്ര ഹെക്ടർ ഭൂമിയാണ് തിരിച്ചെടുത്തത്; വ്യക്തമാക്കുമോ;

(ഡി) 2016-ന് ശേഷം പാട്ടത്തുകയിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയ സർക്കാർ ഭൂമി പാട്ടവ്യവസ്ഥ ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയ പാട്ട കേസുകളിലെല്ലാം നിയമാനുസൃത നോട്ടീസ് നൽകി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിനും ലീസ് റദ്ദ് ചെയ്ത് പാട്ടഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും ലാൻഡ് റവന്യൂ കമ്മീഷണർ നേരിട്ടും രേഖാമൂലവും കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്.)നമ്പർ 55/17/റവ തീയതി 18-2-2017, ജി.ഒ.(എം.എസ്.)നമ്പർ 161/17/റവ തീയതി 20-5-2017 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ കേസ്സുകൾ പരിശോധിക്കുന്നതിനായി ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറായും റവന്യൂ-ധനം-നിയമവകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിക്കുകയും ടി സമിതി വിവിധ യോഗങ്ങൾ ചേർന്ന് പാട്ട കുടിശ്ശിക നിവാരണത്തിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

കൂടാതെ 2019-ലെ ബഡ്ജറ്റ് പ്രസംഗങ്ങൾ പാട്ടകുടിശ്ശിക തീർപ്പാക്കുന്നതിനു വേണ്ട പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നിയമഭേദഗതിയടക്കമുള്ള നടപടിക്രമങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമിയും പാട്ട വ്യവസ്ഥ ലംഘിച്ച ഭൂമിയും തിരിച്ചെടുക്കുന്നതിന് കേരള ഭൂപതിവ് നിയമം 1964-ലെ ചട്ടങ്ങളിൽ ചട്ടം 15(4)-ലും കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂപതിവ് നിയമം 1995-ലെ ചട്ടങ്ങളിൽ ചട്ടം 17-ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ആകെ 6.9749 ഹെക്ടർ ഭൂമിയാണ് അപ്രകാരം തിരിച്ചെടുത്തിട്ടുള്ളത്. ആയത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | എത്ര ഹെക്ടർ ഭൂമിയാണ് തിരിച്ചെടുത്തത് |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1.09 ഹെക്ടർ |
| കോട്ടയം | 0.1215 ഹെക്ടർ |
| ഇടുക്കി | 0 |
| എറണാകുളം | 5.7572 ഹെക്ടർ |
| തൃശ്ശൂർ | 0 |
| പാലക്കാട് | 0.002285 ഹെക്ടർ |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 0.0040 ഹെക്ടർ |
| കണ്ണൂർ | 0 |
| കാസർഗോഡ് | 0 |
| ആകെ | 6.9749 ഹെക്ടർ |

(ഡി) ഇല്ല.

## സർക്കാർ വക സ്ഥലം പാട്ടത്തിനെടുത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ

268(3193) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക സ്ഥലം പാട്ടത്തിനെടുത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ക്ലബ്ബുകൾ ഓരോന്നിനും അനുവദിച്ച് നൽകിയ ഭൂമിയുടെ അളവ് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ലബ്ബുകളിൽ ഏതെങ്കിലും പാട്ടകുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ക്ലബ്ബും വരുത്തിയ പാട്ടകുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവൃത്തികൾ

269(3194) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേഷൻ വഴി കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിലെ വിവിധ സ്കീമുകളായ ആർ.ഐ.ഡി.എഫ്./ആർ.കെ.വി.വൈ. സ്കീമുകൾ വഴി കാർഷിക മേഖലയിലെ അടിസ്ഥാന വികസന പദ്ധതികളാണ് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) പ്രധാനമായും നടപ്പിലാക്കുന്നത്. കേരളത്തിലെ വിവിധ ജില്ലകളിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന തോടുകളും നീർച്ചാലുകളും പുനരുദ്ധരിച്ച് കൃഷിക്കനുയോജ്യമായ രീതിയിൽ ജലസംരക്ഷണം നടത്തുന്നതിനായി പഞ്ചായത്ത് പാടശേഖര സമിതികൾ, ജനപ്രതിനിധികൾ, സർക്കാർ, വിവിധ ഏജൻസികൾ തുടങ്ങിയവർ മുഖേന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കെ.എൽ.ഡി.സി.യിൽ ലഭ്യമാകുന്ന നിർദ്ദേശങ്ങളിന്മേൽ കെ.എൽ.ഡി.സി. ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് കൃഷിക്ക് ഉപയുക്തമാണെന്ന് വിലയിരുത്തിയതിനുശേഷം ആർ.ഐ.ഡി.എഫ്./ ആർ.കെ.വി.വൈ. സ്കീമുകളുടെ നിയമാവലിക്കനുസൃതമായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ഫണ്ടും ഭരണാനുമതിയും സർക്കാരിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഇ-ടെണ്ടർ നടപടിക്രമം പാലിച്ച് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യം വഴി അടഞ്ഞ ജല സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും തദ്വാര കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പിന്റെ കീഴിൽ സഹസ്ര സരോവർ പദ്ധതിയും കെ.എൽ.ഡി.സി. വഴി നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പ്രളയ സഹായം ലഭിക്കുന്നതിനുള്ള നടപടികൾ**

270(3195) ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ, കോട്ടൂർ, അവിടനല്ലൂർ, ബാലുശ്ശേരി, പനങ്ങാട് വില്ലേജുകളിലായി എത്ര കുടുംബങ്ങൾക്കാണ് പതിനായിരം രൂപ അടിയന്തര സഹായമായി ലഭിച്ചിട്ടുള്ളത്;

(ബി) ഈ വില്ലേജുകളിൽ അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവർക്ക് ഇനിയും സഹായം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

ഉത്തരം

(എ&ബി) 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ, കോട്ടൂർ, അവിടനല്ലൂർ, ബാലുശ്ശേരി, പനങ്ങാട് വില്ലേജുകളിൽ 10,000 രൂപയുടെ അടിയന്തര സഹായം ലഭിച്ചവരുടെയും ഇനിയും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലഭിക്കാനുള്ളവരുടെയും വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | 10,000 രൂപ ലഭിച്ചത് | 10,000 രൂപ ലഭിക്കാൻ ശേഷിക്കുന്നവർ |
|---|---|---|---|
| 1 | നടുവണ്ണൂർ | 124 | 298 |
| 2 | കോട്ടൂർ | 10 | 40 |
| 3 | അവിടനല്ലൂർ | 105 | 188 |
| 4 | ബാലുശ്ശേരി | 26 | 139 |
| 5 | പനങ്ങാട് | 56 | 8 |
| | ആകെ | 321 | 673 |

(സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വിശദാംശങ്ങൾ ശേഖരിക്കുവാൻ റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥനും ഐ.ടി. വിഭാഗം ഉദ്യോഗസ്ഥനും ചേർന്ന സംഘം നാശനഷ്ടം സംഭവിച്ച അർഹരായവരുടെ വീടുകളിൽ നേരിട്ട് സന്ദർശിച്ച് മൊബൈൽ ആപ്പ് വഴി സർവ്വെ നടത്തി റിപ്പോർട്ട് അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പ്രക്രിയ നടന്നുവരുന്നു.

## കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

271(3196) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന എത്ര റോഡുകൾക്ക് പുനർനിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ച് കണക്കുകൾ നൽകാമോ;

(ബി) ഇവയിൽ എത്ര റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന പ്രവൃത്തികളുടെ പുരോഗതി എത്ര ശതമാനം എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി 2016-17-ൽ 133 പ്രവൃത്തികൾക്കും 2017-18-ൽ 112 പ്രവൃത്തികൾക്കും 2018-19-ൽ 165 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2016-17-ൽ 67 പ്രവൃത്തികളും 2017-18-ൽ 25 പ്രവൃത്തികളും 2018-19-ൽ 28 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിന് വിരുദ്ധമായതിനാലും സമയബന്ധിതമായി കരാർ വയ്ക്കാത്തതിനാലും എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിനാലുമൊക്കെയായി 2016-17-ൽ 66 പ്രവൃത്തികളും 2017-18-ൽ 83 പ്രവൃത്തികളും 2018-19-ൽ 122 പ്രവൃത്തികളും റദ്ദാക്കിയിട്ടുണ്ട്. നിലവിൽ 2017-18-ൽ ഭരണാനുമതി നൽകിയ 4 പ്രവൃത്തികളും 2018-19-ൽ ഭരണാനുമതി നൽകിയ 15 പ്രവൃത്തികളും നടന്നുവരുന്നുണ്ട്.

**പ്രളയത്തിൽ മലപ്പുറം ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ**

272(3197) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തെ തുടർന്ന് മലപ്പുറം ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിവിധ വകുപ്പുകൾ തയ്യാറാക്കിയ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇക്കഴിഞ്ഞ പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനും പരുക്കേൽക്കപ്പെട്ടവർക്കും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും കൃഷി നാശം ഉണ്ടായവർക്കും തുടങ്ങി പ്രളയത്തിൽ ഇരയായവർക്ക് സാമ്പത്തിക സഹായം വിതണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സംഘത്തിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് നടത്തിയ കണക്കെടുപ്പ് പ്രകാരമുള്ള നാശനഷ്ടങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | നഷ്ടം |
|---|---|---|
| 1 | ഫിഷറീസ് | 588 Ha മത്സ്യകൃഷി, 17 ബോട്ട് പൂർണ്ണം 9 ഭാഗികം |
| 2 | കൃഷി | 1611.30 Ha |
| 3 | കെ.എസ്.ഇ.ബി. | 94 ട്രാൻസ്ഫോമർ 3448 ഇലക്ട്രിക് പോസ്റ്റ് 37400 മീറ്റർ ലൈൻ |
| 4 | റോഡ്സ്& ബ്രിഡ്ജസ് | 414.762 KM റോഡ്, 14 ബ്രിഡ്ജസ് |
| 5 | വിദ്യാഭ്യാസം | 4 സ്കൂൾ, 72 അംഗൻവാടികൾ |
| 6 | ആരോഗ്യം | 14 പി.എച്ച്.സി. |

(ബി) പ്രളയത്തിൽ മരണപ്പെട്ട 68 പേരുടെ കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതം ധനസഹായം വിതരണം ചെയ്തു. കൃഷിനാശം, ഭവന നാശം എന്നിവ സംഭവിച്ചവരുടെ വിവരശേഖരണം നടന്നുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

**കവളപ്പാറയിൽ ഉരുൾപൊട്ടലുണ്ടായതിനുള്ള സാഹചര്യം**

273(3198) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവളപ്പാറയിൽ ഉരുൾപൊട്ടലുണ്ടായതിനുള്ള സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്തുണ്ടായ ഉരുൾപൊട്ടലിൽ എത്ര പേർ മരിച്ചുവെന്നും എത്ര പേരെ കാണാതായിയെന്നും മരിച്ചവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് എന്ത് ധനസഹായമാണ് ഇതിനകം നൽകിയതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. 62 മുതൽ 70 ഡിഗ്രിയോളം ചെരിവ് വരുന്ന കവളപ്പാറയുടെ ഉയർന്ന ഭാഗങ്ങളിൽ അശാസ്ത്രീയമായ രീതിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിച്ച് മണ്ണ് നീക്കം ചെയ്ത് (Earth cutting) ആധുനിക മെഷിനറികൾ ഉപയോഗിച്ച് റബ്ബർ കൃഷിക്കായി ടെറസ്സുകൾ നിർമ്മിക്കുകയും വളരെയധികം വെള്ളം ഭൂമിയിലേയ്ക്ക് ഊഴ്ന്നിറങ്ങുവാൻ സാഹചര്യമുണ്ടായതായും ഈ അശാസ്ത്രീയമായ കൃഷി അവലംബവും പ്രവർത്തനങ്ങളും മലയിടിച്ചിലിന് കാരണമായതായും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) കവളപ്പാറയിൽ ഉരുൾപൊട്ടലിൽ 48 പേർ മരണപ്പെടുകയും 11 പേരെ കാണാതാവുകയും ചെയ്തു. മരിച്ചവരിൽ 43 പേരുടെ ആശ്രിതർക്കും കാണാതായവരിൽ 7 പേരുടെ ആശ്രിതർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ വീതം ധനസഹായം നൽകി.

**പ്രളയബാധിതർക്കുള്ള ധനസഹായം**

274(3199) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തോടനുബന്ധിച്ച് നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് സർക്കാർ നല്കിവരുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങളും എത്ര രൂപ ധനസഹായം ലഭിക്കും എന്നതും വിശദമാക്കാമോ;

(ബി) പ്രളയത്തിൽ വാസസ്ഥലങ്ങളിൽ വെള്ളം കയറുകയും താമസിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ മറ്റു ബന്ധുവീടുകളിൽ അഭയം പ്രാപിക്കുകയും ചെയ്തവർക്ക് പ്രളയ ദുരിതാശ്വാസമെന്ന നിലയിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇത്തരം ആളുകൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചില്ല എന്ന കാരണത്താൽ സഹായം ലഭിക്കാതിരിക്കുമോ; ഇതിനെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ?

ഉത്തരം

(എ) ദുരന്ത ബാധിതർക്ക്, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള അടിയന്തര സഹായമായി പരമാവധി 10,000 രൂപ അനുവദിക്കുന്നു. പ്രകൃതിദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം 4 ലക്ഷം രൂപ അനുവദിക്കുന്നു. പൂർണ്ണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ (75% അധികം നാശനഷ്ടം നേരിട്ട വീടുകൾ) ചെയ്ത വീട് ഒന്നിന് നാല് ലക്ഷം രൂപയും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനായി ആറ് ലക്ഷം രൂപയും അനുവദിക്കുന്നു.

(ബി&സി) ഉണ്ട്. ചില കുടുംബങ്ങൾ ദുരന്ത മുന്നറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ക്യാമ്പുകളിലല്ലാതെ, സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വീടുകളിൽ മാറിത്താമസിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരെക്കൂടി 'ദുരിതബാധിത കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ

275(T*3200) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള സ്റ്റേഷനറി സാധനങ്ങൾ യഥാസമയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയതുപോലെ മറ്റു ജില്ലകളിലും വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് ജില്ലാതലത്തിൽ അടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(ഡി) കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയതുപോലെ സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളിലും ഇൻവെർട്ടറുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) ഇല്ലെങ്കിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട്(SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തിക വർഷം സ്മാർട്ട് റവന്യൂ പദ്ധതിക്കായി 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 50 വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടവും ഫർണിച്ചറും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയ്‌ലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി 1800 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

**ദേവികുളത്ത് റവന്യൂ ടവർ**

276(3201) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ടവർ നിർമ്മാണത്തിൽ പിൻതുടരുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലിയിൽ റവന്യൂ ടവർ സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മിനി സിവിൽ സ്റ്റേഷനില്ലാത്ത താലൂക്ക് ആസ്ഥാനങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ

ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ, സർക്കാരിന്റെ (റവന്യൂ വകുപ്പിന്റെ) കൈവശത്തിലുള്ള ഭൂമി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കൈമാറി ലഭ്യമാക്കി, പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അതിന് സർക്കാർ അംഗീകാരം ലഭിച്ചതിനു ശേഷം റവന്യൂ ടവർ പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും തുടർന്നുള്ള മറുപടി പ്രസംഗത്തിലും 14 റവന്യൂ ടവറുകൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയും അതിനു ബോർഡിനെ SPV ആയി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റവന്യൂ ഭൂമി കണ്ടെത്തി ബോർഡിന് കൈമാറുന്ന മുറയ്ക്ക് സർക്കാരിന്റെ ഭരണാനുമതിയും കൂടാതെ പത്തു കോടിക്ക് മുകളിലുള്ള പദ്ധതിയാണെങ്കിൽ KIIFB അംഗീകാരവും നേടിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. എന്നാൽ പലപ്പോഴും ഭൂമി കണ്ടെത്തി കൈവശം നൽകാത്തതിനാൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ബി) അടിമാലി റവന്യൂ ടവർ സ്ഥാപിക്കുന്നതിനായി റവന്യൂ ഭൂമി കണ്ടെത്തി കൈമാറുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

277(3202) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്മാർട്ട് വില്ലേജ് ഓഫീസുകളെക്കുറിച്ച് വിശദീകരണം നൽകാമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര വില്ലേജുകളാണ് സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; ആയതിൻെറ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള

അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട്(SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഈ സാമ്പത്തിക വർഷം 50 വില്ലേജുകളാണ് സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയ്‌ലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനമെന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

(ഡി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയ്‌ലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനമെന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് ഇതുവരെ 179 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനമെന്ന പദ്ധതിക്കായി 2019-20 വർഷത്തിൽ 1800 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പണികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു. [ചുറ്റുമതിൽ നിർമ്മാണം (80 വില്ലേജാഫീസുകൾ-വില്ലേജ് ഒന്നിന് 5 ലക്ഷം രൂപ പ്രകാരം 400 ലക്ഷം), അറ്റകുറ്റപ്പണി (80 വില്ലേജാഫീസുകൾ - വില്ലേജ് ഒന്നിന് 5 ലക്ഷം രൂപ പ്രകാരം 400 ലക്ഷം), അഡീഷണൽ റൂം നിർമ്മാണം (100 വില്ലേജാഫീസുകൾ - വില്ലേജ് ഒന്നിന് 10 ലക്ഷം രൂപ പ്രകാരം 1000 ലക്ഷം)]

## ഷൊർണ്ണൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം

278(3203) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി, ഷൊർണ്ണൂർ-ഒന്നും രണ്ടും വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ വില്ലേജുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2020-21 സാമ്പത്തിക വർഷത്തിലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി, ഷൊർണ്ണൂർ 1, ഷൊർണ്ണൂർ 2 വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പിൽ താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി

279(3204) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ വകുപ്പിൽ താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി ഇല്ലാത്തതുമൂലം റവന്യൂ റിക്കവറി, ലാൻഡ് അക്വിസിഷൻ, സർവ്വേ എന്നീ സ്പെഷ്യൽ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസുകളുടെ തുടർച്ചാനുമതിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എത്ര തസ്തികകൾക്കാണ് ഓരോ വിഭാഗത്തിലും തുടർച്ചാനുമതി ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) T2/17/2016/Rev. നമ്പർ ഫയൽ പ്രകാരം റവന്യൂ റിക്കവറി യൂണിറ്റുകളിൽ നിലവിലുള്ള തസ്തികകൾക്ക് അംഗീകാരം നൽകുന്ന പ്രൊപ്പോസൽ കാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് അംഗീകാരം നൽകി ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും എത്രയും വേഗം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താൽക്കാലിക തസ്തികകൾക്കും സർവ്വേയും ഭൂരേഖയും വകുപ്പിലെ 2999 താൽക്കാലിക തസ്തികകൾക്കും തുടർച്ചാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 34 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 485 തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി&ഡി) റവന്യൂ റിക്കവറി യൂണിറ്റുകളിൽ നിലവിലുള്ള തസ്തികകൾക്ക് തുടർച്ചാനുമതി നൽകി 4-11-2019-ലെ സ.ഉ.(കൈ)നമ്പർ 334/2019/റവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ഒഴിവുകൾ**

280(3205) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നറിയിക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 33 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ടി 33 ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പി.എസ്.സി.-യുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന റവന്യൂ ഭൂമി**

281(3206) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിയ്ക്കാവുന്ന റവന്യൂ ഭൂമിയുടെ വിശദാംശം വില്ലേജ് തിരിച്ച് നൽകുമോ?

<u>ഉത്തരം</u>

പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന റവന്യൂ ഭൂമി നിലവിൽ ലഭ്യമല്ല.

**കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി ഭൂമി ഏറ്റെടുക്കൽ**

282(3207) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിന് ഭൂമി ഏറ്റെടുക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം 2019 ജൂൺ 11-ന് പുറപ്പെടുവിച്ചിട്ടുണ്ടോ; പുതിയതെരു ഉൾപ്പെടുന്ന സ്ഥലങ്ങളിലെ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഏത് വർഷത്തെ സർവ്വേ പ്രകാരമാണ് ഭൂമി ഏറ്റെടുക്കലിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നത് ദേശീയ പാതയുടെ ഇരുഭാഗത്തുനിന്നുമായി തുല്യ അളവിലാണോ എന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ തുല്യ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയതെരു പട്ടണത്തിലെ വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി നൽകാൻ നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക പത്ത് ലക്ഷം രൂപയായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കുന്നതിന്റെ ഫലമായി കച്ചവട സ്ഥാപനങ്ങൾ പൂട്ടേണ്ട സാഹചര്യമുണ്ടാകുമ്പോൾ എല്ലാ തൊഴിലാളികൾക്കും തൊഴിൽ കാലപരിധി ബാധകമാക്കാതെ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) വ്യാപാരികളായ കെട്ടിട ഉടമകൾക്ക് വ്യാപാര നഷ്ടത്തിന് മിനിമം പത്ത് ലക്ഷം രൂപയെങ്കിലും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം 14-6-2019-ലെ കേരള ഗസറ്റ് (അസാധാരണം) 1322 പ്രകാരവും സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി 14-3-2019-ലെ സ.ഉ.(അച്ചടി)21/2019/റവ പ്രകാരം 4(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

വിദഗ്ധ സമിതി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) 2013-ൽ നടത്തിയ സർവ്വേ പ്രകാരമാണ് ഭൂമി ഏറ്റെടുക്കലിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) അല്ല. കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമാണ് സ്ഥലമേറ്റെടുക്കുന്നത്.

(ഡി-എഫ്) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ ഷെഡ്യൂൾ (1) പ്രകാരം നഷ്ടപരിഹാരവും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവുമാണ് നൽകിവരുന്നത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2019-ലെ ജി.ഒ.(എം.എസ്.)448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 29-12-2017-ലെ ജി.ഒ. (എം.എസ്.) 448/2017/RD ഉപരിയായി പുനരധിവാസത്തുക ഉയർത്തിനൽകാൻ നിർവാഹമില്ലാത്തതാണ്.

**റാന്നി വലിയപാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

283(3208) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന റാന്നി വലിയപാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര സ്വകാര്യവ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടിവരും എന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വസ്തു ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പ്തന്നെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ പമ്പാ നദിക്ക് കുറുകെ റാന്നിയിൽ നിലവിലുള്ള പാലത്തിന് സമീപത്ത് പുതിയപാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും 31-10-2019-ലെ സ.ഉ.(സാധാ)നമ്പർ 3120/2019/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 5% കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

(ബി) എത്ര സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്ന വിവരം സംയുക്ത പരിശോധന പൂർത്തിയായതിനുശേഷം മാത്രമേ വ്യക്തമാകുകയുള്ളൂ.

(സി) ഇല്ല. എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ ഷെഡ്യൂൾ (1) പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

(ഡി) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൂളിമാട് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കൽ**

284(3209) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കൂളിമാട് പാലത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ മലപ്പുറം ജില്ലയിൽ വരുന്ന അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(സി) അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുക്കൽ നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സ്ഥലമേറ്റെടുപ്പ് എത്രകാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കുളിമാട് പാലത്തോടനുബന്ധിച്ചുള്ള റോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിന് 29-10-2019-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) അപ്രോച്ച് റോഡ് സ്ഥലമെടുപ്പിൽ 1-3-2019, 7-8-2019 എന്നീ തീയതികളിൽ നടത്തപ്പെട്ട DLFC യോഗത്തിൽ ഭൂവുടമകൾ ജില്ലാതല വില നിർണ്ണയ സമിതി വാഗ്ദാനം ചെയ്ത വില അംഗീകരിക്കാത്തതിനാലാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ നീണ്ടുപോയത്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആധാരം രജിസ്റ്റർ ചെയ്ത് അർത്ഥനാധികാരിക്ക് സ്ഥലം കൈമാറാവുന്നതാണ്.

## പാലശ്ശാല മണ്ഡലത്തിലെ സ്ഥലമേറ്റെടുപ്പ് നടപടി

285(3210) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമരവിള-ഒറ്റശേഖരമംഗലം റോഡ്, കുടുവീട്ടുകടവ് പാലം, ആയയിൽ-മുള്ളറുവിള പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ എന്നത്തേക്ക്പൂർത്തിയാക്കി നൽകാനാകും എന്ന് അറിയിക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പാതയോരങ്ങളിലെ പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന്അറിയിക്കാമോ?

ഉത്തരം

(എ&ബി)

അമരവിള – ഒറ്റശേഖരമംഗലം റോഡ്

തിരുവനന്തപുരം ജില്ലയിൽ കീഴാറൂർ, പെരുങ്കടവിള, കൊല്ലയിൽ, നെയ്യാറ്റിൻകര വില്ലേജുകളിൽ ഉൾപ്പെടെ 86.125 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 24-4-2018-ലെ സ.ഉ.(സാധാ)നമ്പർ 1487/2018/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതും എസ്.ഐ.എ. പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

കുടുവീട്ടുകടവ് പാലം

തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം, കുളത്തുമ്മൽ വീരണകാവ് വില്ലേജുകളിൽ ഉൾപ്പെട്ട 94.00 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 26-3-2018-ലെ സ.ഉ.(സാധാ)നമ്പർ 1107/2018/റവ പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ. പഠനം നടത്തുന്നതിന് പ്ലാനറ്റ് കേരളയെ നിയമിച്ച് 4(1) വിജ്ഞാപനം 30-7-2019-ൽ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എസ്.ഐ.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

അമരവിള മുള്ളറവിള ആയയിൽപാലം

തിരുവനന്തപുരം ജില്ലയിൽ പെരുമ്പഴുതൂർ, പെരുങ്കടവിള വില്ലേജുകളിൽ ഉൾപ്പെട്ട 69 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 12-11-2018-ലെ സ.ഉ.(സാധാ)നമ്പർ 4692/2018/റവ പ്രകാരം ലഭ്യമായിട്ടുള്ളതും പൊന്നുംവില ആഫീസറായി സ്പെഷ്യൽ തഹസീൽദാർ, പി.ഡബ്ല്യു.ഡി.-യെ നിയമിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജ് ലഭിക്കുന്ന മുറയ്ക്ക് എസ്.ഐ.എ. പഠനം നടത്തുന്നതിനായുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള പാതയോരങ്ങളിലെ പുറമ്പോക്ക് ഒഴിപ്പിക്കുന്നതിനുള്ള അധികാരം പ്രസ്തുത വകുപ്പുകളിലെ അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം വില്ലേജ് ഓഫീസർ, എ ഫോറം തയ്യാറാക്കി നൽകുന്ന കേസുകളിൽ തഹസീൽദാർ (ഭൂരേഖ) കെ.എൽ.സി. നിയമപ്രകാരമുള്ള നടപടിക്രമത്തിലൂടെ കയ്യേറ്റം ഒഴിപ്പിച്ചു വരുന്നതുമാണ്.

**പാറശ്ശാല മണ്ഡലത്തിലെ പട്ടയരഹിതർക്ക് പട്ടയം**

286(3211) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി പട്ടയ രഹിതരായി എത്രപേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;എങ്കിൽ പഞ്ചായത്തടി സ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് പട്ടയം ലഭ്യമാക്കാൻ കഴിയുമെന്നും ആയതിന് എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഇതിൽ ഏതൊക്കെ തരത്തിലുള്ള ഭൂപ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിൽ പട്ടയം നൽകാൻ കഴിയാത്ത മേഖലകൾ ഉണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഇതിൽ നൽകാൻ കഴിയുന്ന പട്ടയങ്ങൾ അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലായി പട്ടയത്തിനായി 241 അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പാറശ്ശാല - 12

വെള്ളറട - 163

കുന്നത്തുകാൽ - 36

പെരുങ്കടവിള - 5

കൊല്ലയിൽ - 25

(ബി) ഇതിൽ 37 പേർക്ക് പട്ടയം നൽകാൻ കഴിയുന്നതാണ്. ആയതിലേയ്ക്ക് 1964 -ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിൽ പഞ്ചായത്ത് പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പതിവിന് വിധേയമല്ലാത്ത ചാനൽ/തോട്/കുളം/റോഡ്/പഞ്ചായത്ത് പുറമ്പോക്ക്/പാറ തരിശ്/ദേവസ്വം വക വസ്തു/പഞ്ചായത്തിന്റെ കൈവശമുള്ളതും രേഖ പ്രകാരം മുൻ ജന്മിയുടെ പേരിലുള്ളതുമായ ഭൂമികളും ഉൾപ്പെട്ടിട്ടുള്ളതാണ്.

(ഡി) പട്ടയം നൽകാൻ കഴിയുന്ന 37 പേർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**കോതമംഗലം മണ്ഡലത്തിൽ പട്ടയ വിതരണം**

287(3212) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 1977 ന് മുൻപായി വനഭൂമി കൈവശം വച്ച് കൃഷി ചെയ്ത് ജീവിച്ചുപോരുന്ന അയ്യായിരത്തോളം വരുന്ന കർഷകർക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാകാത്തതിനാൽ യഥാസമയം പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും G.O.No. 478/L/റവന്യൂ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-1-1977 ന മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോതമംഗലം മണ്ഡലത്തിൽ അടിയന്തരമായി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി വേഗത്തിൽ പട്ടയ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ 1977-ന് മുമ്പായി വനഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 8-2-2019-ലെ സ.ഉ.(സാധാ)നമ്പർ 476/19/റവ പ്രകാരം കേന്ദ്ര സർക്കാർ അനുമതി ലഭിച്ച ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും 1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതിനുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 8-2-2019-ലെ സർക്കാർ നിർദ്ദേശത്തെത്തുടർന്ന് സംയുക്ത പരിശോധന നടത്തുന്നതിലേയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുള്ള സ്ഥലങ്ങളുടെ വിവരം അടിയന്തരമായി സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി കോതമംഗലം താലൂക്കിൽ ഇല്ലാത്തതാണ്. ഇനിയും സംയുക്ത പരിശോധന നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമുള്ള സാഹചര്യത്തിൽ 1-1-1977-ന് മുൻപുള്ള വനഭൂമി കൈവശം സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നതായി കാണുന്നു. ഇക്കാര്യത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്.

## കൃഷ്ണപുരം വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടി

288(3213) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ച കഴിഞ്ഞിട്ടും അതിലേക്ക് മാറുവാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം വില്ലേജിനായുള്ള പുതിയ കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലെത്തിയെങ്കിലും കെട്ടിടം നിൽക്കുന്ന വസ്തുവിന്റെ ഉടമസ്ഥത അവകാശപ്പെട്ട് അയൽ വസ്തു ഉടമ ഒ.എസ്.26/2016 നമ്പരായി കായംകുളം മുൻസിഫ് കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുള്ളതും തുടർന്ന് ഐ.എ.നമ്പർ 157/2016 പ്രകാരം തൽസ്ഥിതി തുടരുന്നതിന് ബഹു.കോടതി ഉത്തരവായിട്ടുള്ളതുമാണ്. ടി കാരണത്താൽ അവസാന ജോലികൾ പൂർത്തിയാക്കാനായിട്ടില്ല. ബഹു. കേരള ഹൈക്കോടതിയിൽ റിവിഷൻ ഹർജി ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നിലമ്പൂർ വനം ഡിവിഷണൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ രേഖകൾ

289(3214) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ വില്ലേജിലെ വനം വകുപ്പ് ഡിവിഷണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വേനമ്പരും വിസ്തീർണ്ണവും അടക്കമുള്ള വിവരങ്ങൾ നൽകുമോ;

(ബി) ഈ ഭൂമിയുടെ തരവും സ്റ്റാറ്റസും ഉടമസ്ഥാവകാശവും വ്യക്തമാക്കാമോ;

(സി) മേൽ ഭൂമിയുടെ ക്രയവിക്രയ, ഉടമാവകാശ, കൈവശാവകാശ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 92-ൽ റീസർവ്വെ നമ്പർ 240/2-ൽപ്പെട്ട 3.386 ഹെക്ടർ ഭൂമിയിലാണ് വനം വകുപ്പ് ഡിവിഷണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്നത്.

(ബി) വില്ലേജ് അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരം ഭൂമിയുടെ തരം "പുറമ്പോക്ക്" എന്നും, ഉടമയുടെ പേരായി "സർക്കാർ ഫോറസ്റ്റ് ഓഫീസ്" എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

(സി) വനം വകുപ്പ് നോർത്ത് ഡിവിഷണൽ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ഫോറം 88- Register of Lands Acquired by the Forest Department പ്രകാരം പ്രസ്തുത ഭൂമി 16-6-1868-ലെ എഗ്രിമെന്റ് പ്രകാരം നിലമ്പൂർ കോവിലകത്തുനിന്നും വനം വകുപ്പിന് ലഭ്യമായിട്ടുള്ളതാണെന്ന് അറിയുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## താമരശ്ശേരി താലൂക്കിലെ ഭൂമി പ്രശ്നങ്ങൾ

290(3215) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികൾ നൽകിയ കേസിന്റെ ഭാഗമായി താമരശ്ശേരി താലൂക്കിലെ ഈങ്ങാപ്പുഴ, പുതുപ്പാടി വില്ലേജുകളിലെ നൂറുകണക്കിന് കർഷകർക്കും കൈവശക്കാർക്കും ഭൂമി ക്രയവിക്രയം ചെയ്യാനാവാത്തതും ബാങ്ക് ലോൺ ലഭ്യമാകാത്തതുമായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ അപ്പീൽ നൽകുന്നതിനും കൈവശക്കാർക്ക് അനുകൂല നടപടി സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽ താമസിച്ചു വരുന്ന കൈവശക്കാരുടേയും ഭൂമിയുടെ മുൻ ഉടമകളുടേയും യോഗം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്നിട്ടുള്ളതും പ്രശ്ന പരിഹാരത്തിന് തുടർനടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്.

(സി) ടി വിഷയത്തിൽ സർക്കാരോ ജില്ലാ കളക്ടറോ പ്രതി ഭാഗത്ത് വരുന്നില്ല. എന്നിരുന്നാലും പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമാകുന്ന പക്ഷം കോടതിയെ സമീപിക്കുന്നതാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തൊളിക്കോട് സ്വദേശിയുടെ തീപിടിച്ച വീടിനുള്ള നഷ്ടപരിഹാരം

291(3216) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന ശിവൻകുട്ടി. കെ, വടക്കുംകര വീട്, കിളിയന്നൂർ, പറണ്ടോട് പി.ഒ., തൊളിക്കോട് എന്ന ആളിന്റെ വീട് തീപിടിച്ച് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരം ലഭിക്കുന്നതിനായി ശിവൻകുട്ടി അപേക്ഷ നൽകിയിട്ടുള്ളത് എന്നാണെന്നും ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ ഇതിനുള്ള കാലതാമസം വന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ;

(സി) സർക്കാരിൽ നിന്നും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിന് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വീടിന് തീപിടിച്ച് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിലേയ്ക്കായി ശ്രീ. ശിവൻകുട്ടി അപേക്ഷ സമർപ്പിച്ചത് 21-7-2017-നാണ്. എന്നാൽ ധനസഹായം അനുവദിക്കുന്നതിനായി മതിയായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നില്ല. ടി രേഖകൾ പൂർണ്ണമായി സമർപ്പിച്ചത് 22-9-2019-നാണ്. തുടർന്ന് 5-11-2019-ലെ സ.ഉ.(സാധാ)നമ്പർ 3188/2019/റവ പ്രകാരം ടിയാൾക്ക് 15,000 രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെങ്ങന്നൂർ മണ്ഡലത്തിലെ പാലം പണികൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ

292(3217) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിലെ കൈപ്പാലക്കടവ് പാലം, ബുധന്നൂർ പഞ്ചായത്തിലെ വഴുവാടികടവ് പാലം,വെൺമണി പഞ്ചായത്തിലെ ശാർങ്ങക്കാവ് പാലം എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നത് ഗൗരവമായി പരിഗണിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി)

<u>കൈപ്പാലക്കടവ് പാലം</u>

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 100 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 18-5-2019-ലെ സ.ഉ.(സാധാ)നമ്പർ 1143/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ. പഠനം നടത്തുന്നതിന് ശ്രീമതി പ്രിൻസി ജേക്കബ്, എറണാകുളം-ന്റെ നേതൃത്വത്തിലുള്ള ഏജൻസിയെ നിയമിച്ചിട്ടുള്ളതുമാണ്. എസ്.ഐ.എ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

<u>വഴവാടി കടവ് പാലം</u>

ആലപ്പുഴ ജില്ലയിൽ എണ്ണയ്ക്കാട്, തഴക്കര വില്ലേജുകളിൽ ഉൾപ്പെട്ട 24 ആർ ഭൂമി ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 3-4-2019-ലെ സ.ഉ.(സാധാ)നമ്പർ 986/2019/റവ പ്രകാരം ഉത്തരവായിരുന്നതും സർവ്വെ ഡിവിഷൻ റിക്കാർഡുകളും അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും (BVR) ആലപ്പുഴ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസീൽദാർ തയ്യാറാക്കി വരുന്നതുമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് DLFC കൂടുകയും DLFC യുടെ ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്.

<u>ശാർങ്ങക്കാവ് പാലം</u>

ശാർങ്ങക്കാവ് പാലം നിർമ്മാണ ആവശ്യത്തിലേയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ അർഹരായവർക്ക് പട്ടയം അനുവദിക്കൽ

293(3218) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ പട്ടയത്തിനായി എത്ര അപേക്ഷകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം താലൂക്ക് / വില്ലേജ് തിരിച്ച് അറിയിക്കുമോ;

(സി) ഇവയിൽ അർഹമായവർക്ക് സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിലേക്കായി സ്ഥലം എം.എൽ.എ.യെക്കൂടി ഉൾപ്പെടുത്തി താലൂക്ക് തിരിച്ച് ഒരു പരാതി പരിഹാര അദാലത്ത് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഇ) ഇവർക്ക് എന്നത്തേക്ക് പട്ടയം അനുവദിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ലഭ്യമായ കണക്കുകൾ പ്രകാരം 133 അപേക്ഷകളാണ് നിലവിലുള്ളത്

കണയന്നൂർ താലൂക്ക് - 84

വില്ലേജ് തിരിച്ചുള്ള വിവരം

| | | |
|---|---|---|
| കുമ്പളം | - | 4 |
| മണകുന്നം | - | 7 |
| മരട് | - | 16 |
| പൂണിത്തുറ | - | 30 |
| തിരുവാങ്കുളം | - | 13 |
| നടമ | - | 14 |
| | | ------- |
| ആകെ | | 84 |

കൊച്ചി താലൂക്ക് 49

വില്ലേജ് തിരിച്ചുള്ള വിവരം

| | | |
|---|---|---|
| രാമേശ്വരം | - | 25 |
| പള്ളുരുത്തി | - | 24 |
| | | ------ |
| ആകെ | | 49 |

(സി) അപേക്ഷകരുടെ അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) പട്ടയ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പവിത്രാനന്ദപുരം കോളനി നിവാസികൾക്ക് പട്ടയം

294(3219) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം കോളനി നിവാസികൾക്ക് പട്ടയം നൽകുന്ന നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം നൽകാൻ നഗരസഭ നൽകേണ്ട രേഖകൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളനിയിൽ നിലവിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം കോളനിയിൽ ആകെ 35 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുള്ളതിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നിന്നും അനുവാദ പത്രിക ലഭിച്ച 11 കേസുകളിൽ പട്ടയം നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) നഗരസഭ പ്രദേശത്ത് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട നഗരസഭയിൽ നിന്നും അനുവാദ പത്രിക ലഭിക്കേണ്ടതുണ്ട്.

(സി) പവിത്രാനന്ദപുരം കോളനിയിൽ ആർക്കും തന്നെ നിലവിൽ പട്ടയം നല്കിയിട്ടില്ല.

## പട്ടയ വിതരണത്തിലുള്ള തടസ്സം

295(3220) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ എതിർപ്പ് അഥവ കേസ്സുകൾമൂലം പട്ടയവിതരണം എവിടെയെല്ലാമാണ് തടസ്സപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വനം, പുറമ്പോക്ക് എന്നീ പേരുകളുടെ നിർവ്വചനം എന്താണെന്ന് വിശദമാക്കാമോ;

(സി) കോട്ടയം ജില്ലയിൽ എരുമേലി വനം റേഞ്ചിൽ ഉൾപ്പെട്ട ആലപ്ര, പൊന്തൻപുഴ, മേലേൽകവല എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന ആയിരത്തിലധികം വരുന്ന കുടുംബങ്ങൾക്ക് വനം വകുപ്പിന്റെ എതിർപ്പുകൾമൂലം പട്ടയം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് വനവുമായി അതിർത്തി പങ്കിടുന്ന ഏതെങ്കിലും സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾ പട്ടയം നേടി സ്ഥലം കൈവശം വച്ച് അനുഭവിച്ചുവരുന്നുണ്ടോ; എങ്കിൽ സർവ്വേ നമ്പർ ഉൾപ്പെടെ പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസുകൾമൂലം പട്ടയ വിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ഇല്ലാത്തതാണ്.

കൊല്ലം - കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ കുളത്തുപ്പുഴ വില്ലേജിൽ സർവ്വെ 959/11-ൽപ്പെട്ട 200.78 ഏക്കർ മിച്ചഭൂമി ജില്ലാ കളക്ടറുടെ 27-11-1975-ലെ എൽ5/20366/74 നമ്പർ ഉത്തരവ് പ്രകാരം ഒരേക്കർ വീതം 200 കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ ഉത്തരവായിരുന്നു. എന്നാൽ ടി ഭൂമി വനം വകുപ്പ് പരിസ്ഥിതി ദുർബല ഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ മിച്ചഭൂമി വിതരണ നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്.

പത്തനംതിട്ട –

1. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, കോന്നിത്താഴം, അരുവാപ്പുലം, കലഞ്ഞൂർ എന്നീ വില്ലേജുകളിലെ പട്ടയം.
2. റാന്നി ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള കട്ടമീൻചിറ തെക്കേത്തൊട്ടി 237 കൈവശങ്ങളിലായി 57.5839 ഹെക്ടർ, പരുവ 176 കൈവശങ്ങളിലായി 41.50 ഹെക്ടർ, കക്കട്ടുക്ക 120 കൈവശങ്ങളിലായി 19.3140 ഹെക്ടർ, വേലംപ്ലാവ് 16 കൈവശങ്ങളിലായി 10.90 ഹെക്ടർ, പെരുന്തേനരുവി 114 കൈവശങ്ങളിലായി 22.79 ഹെക്ടർ സ്ഥലങ്ങൾ.
3. കൊല്ലമുള വില്ലേജിലെ അറയാഞ്ഞിലിമണ്ണ് ട്രൈബൽ സെറ്റിൽമെന്റ് പ്രദേശത്തെ 540 ഓളം കൈവശങ്ങൾ.
4. കൊല്ലമുള മണ്ണടിശാല, പരുവ കറുമ്പൻമൂഴി, മണക്കയം എന്നീ പ്രദേശങ്ങളിലെ ആദിവാസി സെറ്റിൽമെന്റ് ഭൂമി.

ആലപ്പുഴ - വനഭൂമി ഇല്ലാത്തതിനാൽ ബാധകമല്ല.

കോട്ടയം - കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ഉൾപ്പെട്ട ആലപ്ര വനഭൂമി പ്രദേശങ്ങളുടെ പട്ടയം വിതരണം ബഹു. ഹൈക്കോടതിയുടെ എം.എസ്.എ. 1/81 നമ്പർ കേസിന്റെ വിധിമൂലം തടസ്സപ്പെട്ടിരിക്കുന്നു.

ഇടുക്കി - ഇടുക്കി താലൂക്കിൽ കഞ്ഞിക്കുഴി വില്ലേജിൽ ഉൾപ്പെട്ട നേര്യമംഗലം ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ വരുന്ന തട്ടേക്കണ്ണി ഭാഗത്ത് പട്ടയം നൽകുന്നതിന് വനം വകുപ്പ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതാണ്. വനത്തിനോട് ചേർന്ന് കിടക്കുന്നതും വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കാത്തതുമായ ഇടുക്കി, കഞ്ഞിക്കുഴി എന്നീ വില്ലേജുകളിലെ ഏതാനും കേസ്സുകളിലും ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ചിട്ടുള്ള തങ്കമണി വില്ലേജുകളിലെ ചില പ്രദേശങ്ങളിലും പട്ടയ നടപടികൾ തടസ്സപ്പെട്ടിട്ടുള്ളതാണ്.

എറണാകുളം - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടില്ല.

തൃശ്ശൂർ - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ഇല്ലാത്തതാണ്.

പാലക്കാട് - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ഇല്ലാത്തതാണ്.

മലപ്പുറം - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ഇല്ലാത്തതാണ്.

കോഴിക്കോട് - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വയനാട് - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടില്ല.

കണ്ണൂർ - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകൾ ഇല്ലാത്തതാണ്.

കാസർഗോഡ് - വനം വകുപ്പിന്റെ എതിർപ്പ് അഥവാ കേസ്സുകൾമൂലം പട്ടയവിതരണം തടസ്സപ്പെട്ടിട്ടുള്ള കേസ്സുകളില്ല.

(ബി) കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) നിയമം, 2003 പ്രകാരം 'വനം' എന്നത് മുഖ്യമായും സ്വാഭാവികമായും വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ് വനമെന്നോ സംരക്ഷിത വനമെന്നോ മറ്റേതെങ്കിലും തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരു വനവും ഉൾപ്പെടുന്നതും എന്നാൽ പ്രധാനമായും തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക്, കശുമാവ്, എന്നിവ പോലെയുള്ള ദീർഘകാല വിളകളിലേതെങ്കിലും കൃഷി

ചെയ്തിട്ടുള്ള ഏതൊരു ഭൂമിയോ വാസഗൃഹങ്ങളിരിക്കുന്നതും അതിന് ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ളതുമായ മറ്റേതെങ്കിലും ഭൂമിയോ അതിൽ ഉൾപ്പെടാത്തതുമാകുന്നു.

1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 4 പ്രകാരം നിർവ്വചിച്ചിട്ടുള്ള 'പുറമ്പോക്ക്' എന്നത് എല്ലാ പൊതുനിരത്തുകളും തെരുവുകളും ഇടവഴികളും പാതകളും പാലങ്ങളും ചാലുകളും ചിറകളും അവയുടെ മീതെയോ അവയ്ക്കരികെയോ ഉള്ള വേലികളും കടലിന്റേയും തുറമുഖങ്ങളുടേയും അടിപ്രദേശങ്ങളും വേലിയേറ്റ ചിഹ്നത്തിന് താഴെയുള്ള കടൽപ്പള്ളകളും പുഴകളുടെ തടങ്ങളും കരകളും അരുവികളും ജലസേചനച്ചാലുകളും നീരോട്ടച്ചാലുകളും തോടുകളും കുളങ്ങളും തടാകങ്ങളും കായലുകളും നീർച്ചാലുകളും നിശ്ചലമായി നിൽക്കുന്ന എല്ലാ ജലവും ഒഴുക്കുവെള്ളവും എവിടെ സ്ഥിതി ചെയ്തിരുന്നാലും ശരി, എല്ലാ ഭൂമികളും അല്ലെങ്കിൽ ഗവൺമെന്റ് വക വസ്തുവുമായിരിക്കുകയും പൊതു കാര്യങ്ങൾക്കോ ഗ്രാമീണരുടെ സാമൂഹികാവശ്യത്തിനോ ഉപയോഗിക്കുകയും അഥവാ നീക്കിവച്ചിരിക്കുകയും ചെയ്യുന്ന നികുതി ചുമത്തപ്പെടാത്ത ഭൂമികൾ എന്നർത്ഥമാകുന്നതും അതിൽ അവ ഉൾപ്പെടുന്നതുമാകുന്നു.

(സി) ആലപ്ര വനപ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ബഹു. ഹൈക്കോടതിയുടെ എം.എസ്.എ. 1/81 നമ്പർ കേസിന്റെ വിധിമൂലം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ടി വിധിക്കെതിരെ ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള ഹർജിയിൽ അനുകൂല തീരുമാനം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പട്ടയ വിതരണം സാധ്യമാകുകയുള്ളൂ.

(ഡി) ടി വന പ്രദേശങ്ങൾ സംബന്ധിച്ച് സ്വകാര്യ വ്യക്തികൾക്ക് റവന്യൂ റിക്കാർഡുകൾ പ്രകാരം കൈവശം ലഭിച്ചിട്ടുള്ളതോ അനുഭവം ഉള്ളതോ അല്ല.

## സി.എം.ഡി.ആർ.എഫ്. അപേക്ഷകളിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം

296(T*3221) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസ് തലത്തിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) തൃശ്ശൂർ ജില്ലയിലെ വെളുത്തൂർ വില്ലേജ് ഓഫീസർക്ക് ഓൺലൈൻ റിപ്പോർട്ടിനായി ജാനകി (D170101025), ചന്ദ്രൻ സി. കെ. (D170904151), അന്തോണി (D180502600), ജോയ്സി ജോർജ് (D181102895) എന്നീ അപേക്ഷകളിന്മേൽ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകൾ വില്ലേജ് ഓഫീസർക്ക് ലഭിച്ച തീയതി അറിയിക്കാമോ;

(സി) എളവള്ളി വില്ലേജ് ഓഫീസർക്ക് ഓൺലൈൻ റിപ്പോർട്ടിനായി പരമേശ്വരൻ (D180401216),വിൻസെന്റ് (D180401230), സരോജിനി (D180401428),ശശിധരൻ പി.എസ്. (D180401433), ദേവു (D180402459), സരോജിനി (D180602012) എന്നിവർ സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകൾ വില്ലേജ് ഓഫീസർക്ക് ലഭിച്ച തീയതി, റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ അറിയിക്കാമോ;

(ഡി) മണലൂർ എം.എൽ.എ.യുടെ ശിപാർശയോടുകൂടി ലഭിച്ചതും മൂന്ന് മാസത്തിലേറെയായി റിപ്പോർട്ട് സമർപ്പിക്കാതെ കൈവശം വച്ചിരിക്കുന്നതുമായ എത്ര സി.എം.ഡി.ആർ.എഫ്. അപേക്ഷകളാണ് യഥാക്രമം വെങ്കിടങ്ങ്, പാവറട്ടി, വെൺമേനാട് വില്ലേജ് ഓഫീസുകളിൽ നിലവിലുള്ളത്; അറിയിക്കുമോ;

(ഇ) തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷകരെ അറിയിച്ചിട്ടും ഹാജരാകാത്തതിനാലാണ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത്.

(ബി)

1. 7-1-2017-ന് ശ്രീമതി ജാനകി ഓൺലൈൻ ആയി അപേക്ഷിച്ചിട്ടുള്ളതും 6-3-2018-ന് വരുമാനവും, ധനസഹായവും അനുവദിക്കുന്നതിനുള്ള ശിപാർശയും സഹിതം വില്ലേജ് ഓഫീസർ തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 7-3-2018-ന് പ്രസ്തുത അപേക്ഷയിൽ ചികിത്സാ ചെലവും തുടർ ചികിത്സയ്ക്ക് ആവശ്യമായ തുകയും രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് അപേക്ഷ തിരികെ വില്ലേജിലേയ്ക്ക് ലഭിക്കുകയും ചെയ്തു. മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക്

പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിന് അപേക്ഷകനോട് വില്ലേജ് ഓഫീസർ നിർദ്ദേശിച്ചിട്ടും ഇതുവരേയും ഹാജരാക്കിയിട്ടില്ല.

2. ശ്രീ. ചന്ദ്രൻ സി.കെ. 16-9-2017-ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 19-10-2017-ന് വില്ലേജ് ഓഫീസർ ശിപാർശ സഹിതം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഹോസ്പിറ്റൽ ഡിസ്ചാർജ് സമ്മറി മാത്രമാണ് ഹാജരാക്കിയിരുന്നത്. ചികിത്സിക്കുന്ന ആശുപത്രിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും ഹാജരാക്കുന്നതിന് നിർദ്ദേശം നൽകി തഹസിൽദാർ 20-4-2018-ന് അപേക്ഷ വില്ലേജ് ഓഫീസർക്ക് തിരികെ അയച്ചു. അപേക്ഷകനോട് വില്ലേജ് ഓഫീസർ നിർദ്ദേശിച്ചിട്ടും ആയത് ഇതുവരെ ഹാജരാക്കിയിട്ടില്ല.

3. 8-5-2018-ന് ശ്രീ. അന്തോണി ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും 10-7-2018-ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചികിത്സയ്ക്ക് ചെലവായ തുകയും ചേർത്ത് സമർപ്പിക്കുവാൻ നിർദ്ദേശിച്ച് 1-2-2019-ൽ തഹസിൽദാർ അപേക്ഷ വില്ലേജ് ഓഫീസർക്ക് അയയ്ക്കുകയും ചെലവായ തുക ഉൾപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ അപേക്ഷകനോട് നിർദ്ദേശിച്ചിരിക്കുകയുമാണ്.

4. 13-11-2018-ന് ശ്രീമതി ജോയ്സി ജോർജ്ജ് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 10-1-2019-ന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ഹാജരാക്കുന്നതിന് വില്ലേജ് ഓഫീസർ നിർദ്ദേശം നൽകിയിരുന്നു.

(സി)

1. 9-4-2018-ന് ശ്രീ. പരമേശ്വരന്റെ ഓൺലൈൻ അപേക്ഷ വില്ലേജ് ഓഫീസർക്ക് ലഭ്യമായിട്ടുള്ളതും 8-6-2018-ന് റിപ്പോർട്ട് തഹസിൽദാർക്ക് അയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഹൃദയ സംബന്ധമായ അസുഖമായതിനാൽ ചികിത്സിക്കുന്ന ആശുപത്രിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് 22-6-2018-ന് തഹസിൽദാർ അപേക്ഷ വില്ലേജിലേയ്ക്ക് അയയ്ക്കുകയും വില്ലേജ് ഓഫീസർ 24-7-2018-ന് അപേക്ഷകൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വിവരം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. 26-9-2019-ന് അപേക്ഷകനോട് വീണ്ടും നിർദ്ദേശിച്ചിരുന്നെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ് ഇതുവരെ ഹാജരാക്കിയിട്ടില്ല.

2. ശ്രീ. വിൻസെന്റിന്റെ (D180401230) നമ്പറിലുള്ള അപേക്ഷ ഡ്യൂപ്ലിക്കേറ്റ് അപേക്ഷയാണ്. അപേക്ഷകന്റെ (D191000181) എന്ന നമ്പറിലുള്ള അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

3. ശ്രീമതി സരോജിനി 9-4-2018-ന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുകയും ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4. ശ്രീ. ശശിധരന്റെ അപേക്ഷ 9-4-2018-ന് വില്ലേജിൽ ലഭിച്ചിട്ടുണ്ട്. 6 മാസത്തിനകമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്.

5. ശ്രീമതി ദേവുവിന്റെ അപേക്ഷ 12-4-2018-ന് സമർപ്പിച്ചിട്ടുള്ളതും 25-7-2018-ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ 4-11-2019-ലെ സ.ഉ.(സാധാ)നമ്പർ 3177/19/റവ പ്രകാരം അപേക്ഷകയ്ക്ക് 15,000 രൂപ ധനസഹായം അനുവദിച്ചിട്ടുമുണ്ട്.

6. ശ്രീമതി സരോജിനി 7-6-2018-ന് അപേക്ഷ സമർപ്പിക്കുകയും ബാങ്ക് പാസ്ബുക്ക്, ആധാർ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്ത വിവരം 24-7-2018-ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയും 26-7-2018-ന് തഹസിൽദാർ രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷ തിരികെ വില്ലേജിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. രേഖകൾ ഇതുവരേയും ഹാജരാക്കിയിട്ടില്ല.

(ഡി) വെങ്കിടങ്ങ് വില്ലേജിൽ 3, പാവറട്ടി വില്ലേജിൽ 4, വെൺമേനാട് വില്ലേജിൽ 4 അപേക്ഷകൾ നിലവിലുണ്ട്. അപേക്ഷകൻ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാധിക്കാത്തത്.

(ഇ) തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി ഫയൽ അദാലത്തും നടത്തിവരുന്നുണ്ട്.

**പുതിയ താലൂക്കുകൾ**

297(3222) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം എത്ര പുതിയ താലൂക്കുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇനി പുതുതായി രൂപീകരിക്കുവാൻ സർക്കാരിന്റെ പരിഗണനയിലുള്ള താലൂക്കുകളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവിടങ്ങളിൽ രണ്ട് താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ടീം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം**

298(3223) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കളക്ടറേറ്റിലും ജില്ലയിലെ താലൂക്ക് ഓഫീസുകളിലും കഴിഞ്ഞ അഞ്ച് വർഷമായി തീർപ്പാക്കാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ഫയലുകൾ ഏത് സെക്ഷനുകളിലാണ് ഉള്ളതെന്നും, പരിഹാരം അനന്തമായി നീളുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് കാലവിളംബത്തെക്കുറിച്ച് എപ്പോഴെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് കളക്ടറേറ്റിലും ജില്ലയിലെ താലൂക്ക് ഓഫീസുകളിലും കഴിഞ്ഞ അഞ്ച് വർഷമായി തീർപ്പാക്കാതെ കിടക്കുന്ന 3903 ഫയലുകളുണ്ട്.

(ബി) കളക്ടേറ്റ് - ബി സെക്ഷനിൽ റവന്യൂ റിക്കവറി, കോടതി വാറണ്ട് സംബന്ധമായ ഫയലുകളും, കെട്ടിട നികുതി റിവിഷൻ പെറ്റീഷൻ ഫയലുകളും,

മഞ്ചേശ്വരം ടി.എൽ.ബി. സംബന്ധമായ ഫയലുകളുമാണ് കൈകാര്യം ചെയ്തുവരുന്നത്. ഇതിൽ റവന്യൂ റിക്കവറി ഫയലുകളിൽ പൊതുജനങ്ങൾ നൽകുന്ന പരാതികളിലും അപേക്ഷകളിലും ഒരു മാസത്തിനുള്ളിൽത്തന്നെ തീർപ്പു കൽപ്പിക്കുന്നുണ്ട്. കെട്ടിട നികുതി റിവിഷൻ പെറ്റീഷൻ ഫയലുകളിൽ സൈറ്റ് ഇൻസ്പെക്ഷൻ, ഹിയറിംഗ് മുതലായവ നടത്തി ഒരു വർഷത്തിനകം തീർപ്പാക്കി വരുന്നുണ്ട്. മഞ്ചേശ്വരം ടി.എൽ.ബി.-യുടെ 8 കേസ്സുകൾ ഹിയറിംഗ് നടന്നുവരുന്നുണ്ടെന്നും മുഴുവൻ ഫയലുകളും നിരവധി വർഷത്തെ കാലപ്പഴക്കമുള്ളതും നിരവധി തവണ തീർപ്പാക്കിയതും കോടതി നിർദ്ദേശപ്രകാരം വീണ്ടും പരിഗണിച്ചിട്ടുള്ളതുമാണ്. ഈ കേസികളിലെല്ലാം നിരവധി കക്ഷികളെ കേൾക്കേണ്ടതും ഓരോ കക്ഷിയുടേയും സ്ഥല പരിശോധന നടത്തി ബന്ധപ്പെട്ട ഓഫീസർമാർ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. ആയതിനാലാണ് കാലതാമസം നേരിടുന്നത്.

<u>കളക്ടേറ്റിലെ എൻ സെക്ഷനിൽ</u> എൽ.എ.ആർ. സംബന്ധിച്ച കേസ്സുകളും സിവിൽ കോടതി കേസ്സുകളുമാണ് ഉള്ളത്. ടി കേസ്സുകൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലാണ് തീർപ്പാക്കാതെ ശേഷിക്കുന്നത്.

<u>കളക്ടേറ്റിലെ എൻഡോസൾഫാൻ സെക്ഷനിലെ</u> എൻഡോസൾഫാൻ ദുരിതബാധിതരുടെ ദുരിതാശ്വാസ ധനസഹായം (3 ഗഡുക്കൾ), പെൻഷൻ, സൗജന്യ ചികിത്സ, ഡയാലിസിസ്, എൻഡോസൾഫാൻ രോഗിയാണെന്നുള്ള സാക്ഷ്യപത്രങ്ങൾ, ബാങ്ക് വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച്, ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ, കോടതി സംബന്ധമായവ, സെൽ മീറ്റിങ്ങുകൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ മീറ്റിംഗ്, ബഡ്സ് സ്കൂൾ സംബന്ധം, മെഡിക്കൽ ക്യാമ്പുകൾ, ഫണ്ട് ആവശ്യപ്പെടുന്നത്, നബാർഡ്/ആർ.ഐ.ഡി.എഫ്. പദ്ധതികൾ എന്നിവ സംബന്ധിച്ച പൊതു ഫയലുകളാണ് കൈകാര്യം ചെയ്യുന്നത്. ടി ഫയലുകളിൽ അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.

<u>ജില്ലയിലെ താലൂക്ക് ഓഫീസുകൾ</u>

ജില്ലയിലെ താലൂക്ക് ഓഫീസ് ഫയലുകൾ പ്രധാനമായും ഭൂമി പതിവ്, ഭൂസംരക്ഷണം, മിച്ചഭൂമി എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ടി ഫയലുകളിൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടാകുന്ന കാലതാമസംമൂലമാണ് വൈകുന്നത്.

(സി) ഉണ്ട്. താലൂക്ക് ഓഫീസുകളിൽ നിന്നും കത്ത് വഴി അറിയിപ്പ് നൽകി വരുന്നു.

(ഡി) ഇത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഫയൽ തീർപ്പാക്കാനുള്ള ഊർജ്ജിത നടപടികളും ജില്ലാ കളക്ടറുടെ അഭിപ്രായമോ ഉത്തരവോ സ്പഷ്ടീകരണമോ ആവശ്യമായ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് സബ് ഓഫീസുകളിൽ വച്ച് "റീച്ച് ഔട്ട് പ്രോഗ്രാം" സംഘടിപ്പിച്ചും ഫയൽ അദാലത്ത് സംഘടിപ്പിച്ചും ഫയലുകൾ തീർപ്പാക്കിവരുന്നുണ്ട്.

**അമ്പലമുകൾ സ്കൂളിലെ സ്ഥലം കൈമാറ്റം**

299(3224) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുകൾ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ സ്ഥലം കൈമാറ്റം നടത്തുന്നതിനായി സ്കൂൾ മുൻപ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെയും ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും മൂല്യനിർണയം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് എത്രയാണെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കൂൾ പ്രവർത്തിച്ചിരുന്ന കുഴിക്കാട് ഏരിയയിലെ കെട്ടിടങ്ങൾക്ക് 64,42,485 രൂപയും അമ്പലമുകൾ ഏരിയയിലെ കെട്ടിടങ്ങൾക്ക് 83,67,478 രൂപയും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. പെരുമ്പാവൂർ ബിൽഡിംഗ്സ് സെക്ഷനിൽ നിന്നും പ്രസ്തുത കെട്ടിടങ്ങൾ അളന്ന് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ അനുവദിച്ചിരുന്നെങ്കിലും 20-ൽ അധികം വരുന്ന ടി കെട്ടിടങ്ങൾ ഭൂരിഭാഗവും ഓട് മേഞ്ഞവ ആയതിനാൽ മരഉരുപ്പടികൾ അളന്ന് തിട്ടപ്പെടുത്താൻ കാലതാമസം നേരിട്ടതും കെട്ടിടങ്ങൾക്ക് ചുറ്റും പുല്ലും കാടും നിറഞ്ഞിരുന്നതിനാൽ പുല്ല് വെട്ടി തെളിച്ച് അളവുകൾ എടുക്കുവാൻ കാലതാമസം നേരിട്ടതുമാണ് മൂല്യനിർണ്ണയം താമസിച്ചതിനുള്ള കാരണം.

(സി) പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ സ്കൂൾ അധികൃതർ സമർപ്പിക്കുകയും അതുപ്രകാരം തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിൽ വി.എച്ച്.എസ്.ഇ. സ്കൂൾ അമ്പലമുകളിന് 7.65 കോടിയും ഹൈസ്കൂൾ അമ്പലമുകളിന് 21.45 കോടിയും നിർമ്മാണ ചെലവ് വരുന്നുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

300(3225) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായിരുന്ന കാലതാമസം നീക്കി വികസന പ്രവൃത്തികളുടെ ഗതിവേഗം കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹൈവേക്ക് ഉൾപ്പെടെ പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽമൂലം വീട് നഷ്ടപ്പെടുന്നവർക്ക് വീട് നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ;

(ഡി) ഭൂമി ഏറ്റെടുക്കുമ്പോൾ ജീവനോപാധികൾ നഷ്ടപ്പെടുന്നവർക്ക് പ്രസ്തുത പദ്ധതി മൂലമുണ്ടാകുന്ന തൊഴിൽ അവസരങ്ങളിൽ മുൻഗണന നൽകുന്നുണ്ടോ;

(ഇ) ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ പാക്കേജിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കാൻവേണ്ടി എല്ലാ ആഴ്ചയിലും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം അവലോകന യോഗങ്ങൾ നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ മാസവും റിക്വിസിഷൻ അതോറിറ്റി ഉൾപ്പെടുന്നവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർമാർ അവലോകന യോഗം നടത്തി ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു. ഭൂമി വിട്ടുതരുന്നതിന് ഭൂവുടമകളുടെ ഭാഗത്ത് നിന്നുള്ള നിസ്സഹകരണമാണ് ഭൂമി ഏറ്റെടുക്കലിൽ നേരിടുന്ന പ്രധാന തടസ്സം. കോടതി വ്യവഹാരങ്ങളും തടസ്സം വരുത്തുന്നു.

വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 2 പ്രകാരമുള്ള പുനരധിവാസം നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.)448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) നാഷണൽ ഹൈവേയ്സ് ഉൾപ്പെടെ പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ ഷെഡ്യൂൾ 2 പ്രകാരം വീട് നഷ്ടപ്പെടുന്നവർക്ക് വീട് ലഭിക്കുന്നതിന് അർഹതയുണ്ട്. കേരള സർക്കാരിന്റെ 29-12-2017-ലെ ജി.ഒ.(എം.എസ്.)448/2017/RD പ്രകാരം ഭൂമി ഏറ്റെടുക്കൽമൂലം വീട് നഷ്ടപ്പെടുന്നവർക്ക് ഗ്രാമീണ മേഖലയിൽ ഇന്ദിര ആവാസ് യോജനയുടെ നിബന്ധന പ്രകാരമുള്ള വീടോ നഗര മേഖലയിൽ 50 സ്ക്വയർ മീറ്ററിൽ കുറയാത്ത വീടോ നിർമ്മിച്ചു നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീട് സ്വീകരിക്കാൻ വിസമ്മതിക്കുന്നവർക്ക് 3 ലക്ഷം രൂപയിൽ കുറയാത്ത സാമ്പത്തിക സഹായം നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുമ്പോൾ ജീവനോപാധികൾ നഷ്ടപ്പെടുന്നവർക്ക് പ്രസ്തുത പദ്ധതി, തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിയാണെങ്കിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പക്ഷം മുൻഗണന നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(ഇ) 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/2017/RD പ്രകാരമാണ് പുനരധിവാസ പാക്കേജ് അനുവദിച്ച് വരുന്നത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂമി കയ്യേറ്റം

301(3226) ശ്രീ. പി. ടി. തോമസ് :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ, ചിന്നക്കനാൽ വില്ലേജുകളിൽ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ കയ്യേറ്റങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ ദേവികുളം സബ്കളക്ടറായിരുന്ന ഡോ. രേണുരാജിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നോ;

(സി) പ്രസ്തുത അന്വേഷണ സംഘം കയ്യേറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) സബ്കളക്ടർ ഉൾപ്പെടെ സംഘത്തിലെ ഭൂരിപക്ഷ അംഗങ്ങളെയും സ്ഥലം മാറ്റിയിട്ടുണ്ടോ;

(ഇ) അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് കയ്യേറ്റ മാഫിയയെ സഹായിക്കുമെന്നതിനാൽ ഇക്കാര്യം പുനഃപ്പരിശോധിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നിയോഗിച്ചിരുന്നു.

(സി) നടപടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി&ഇ) സബ്കളക്ടറെ സ്ഥലം മാറ്റിയിട്ടുണ്ട്. എന്നാൽ സംഘാംഗങ്ങളെ സ്ഥലം മാറ്റിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തെ ജലാശയങ്ങളുടെ വിസ്തൃതി

302 (3227) ശ്രീ. റോജി എം. ജോൺ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കനാലുകൾ എന്നിവയുടെ വിസ്തൃതി വ്യാപകമായ കയ്യേറ്റംമൂലം വർഷംതോറും കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ വിസ്തൃതി സംബന്ധിച്ച് സർവ്വേ നടപടികൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി)വ്യാപകമായ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുള്ള ജില്ലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ; പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ കായലുകളും തടാകങ്ങളും മറ്റും വ്യാപക കയ്യേറ്റംമൂലം ഓരോ വർഷവും വിസ്തൃതി കുറഞ്ഞുവരുകയും മലിനപ്പെടുകയും ചെയ്യുന്ന സ്ഥിതി ഗൗരവമായി കണക്കിലെടുത്ത് ഭാവി തലമുറയ്ക്ക് വേണ്ടി അവയെ സംരക്ഷിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കനാലുകൾ എന്നിവയിലെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കയ്യേറ്റങ്ങൾ 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1958-ലെ അനുബന്ധ ചട്ടം, 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരം ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കനാലുകൾ എന്നിവയുടെ നിലവിലുള്ള വിസ്തൃതി സംബന്ധിച്ച വ്യക്തമായ വിവരം എല്ലാ വില്ലേജുകളിലെയും റീസർവ്വെ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. കായൽ പുറമ്പോക്ക് ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ വ്യാപകമായ കയ്യേറ്റമുള്ളതായി ലഭിക്കുന്ന പരാതികളിൽ പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സർവ്വെ ചെയ്ത് കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും കേരള ഭൂസംരക്ഷണ നിയമ പ്രകാരം പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വേമ്പനാട് കായൽ കയ്യേറ്റം നടക്കുന്നുവെന്നുള്ള പരാതിയിൽ അത്തരത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും സർവ്വെ ജോലികൾ പൂർത്തിയാക്കിവരുന്നതുമാകുന്നു.

(സി) കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിലും വേമ്പനാട് കായൽ ഉൾപ്പെട്ടു വരുന്ന കോട്ടയം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലും കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 218, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 -ലെ 20-ാം ആക്ട്) സെക്ഷൻ 218 എ പ്രകാരവും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും തോടുകളും തടാകങ്ങളും കായലുകളും കുളങ്ങളും, നീർത്തടങ്ങളും ജലമാർഗ്ഗങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ ജലവും പഞ്ചായത്ത്/മുനിസിപ്പൽ വകുപ്പുകളിൽ നിക്ഷിപ്തമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ 4,5 പ്രകാരം അപ്രകാരമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി.-ക്ക് പൂർണ്ണതോതിൽ അധികാരമുണ്ട്. മാത്രവുമല്ല എസ്.ആർ.ഒ. 204/16 നമ്പരായി വിഞ്ജാപനം ചെയ്തിട്ടുള്ള ജി.ഒ (പി)191/2016/ആർ.ഡി. തീയതി 1-3-2016-ലെ ഉത്തരവ് പ്രകാരം, കെ.എൽ.സി. നിയമപ്രകാരം ജില്ലാ കളക്ടറിൽ സെക്ഷൻ 15 പ്രകാരം നിക്ഷിപ്തമാക്കിയിരുന്ന അധികാരം പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർക്കുകൂടി വികേന്ദ്രീകരിച്ച് നൽകിയിട്ടുണ്ട്. ഇത്തരം കൈയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ നിയമാനുസൃത കയ്യേറ്റ സ്കെച്ച് ഉൾപ്പെടെ തയ്യാറാക്കി തുടർ നടപടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിവരുന്നു.

ഇതിനു പുറമേ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാനടപടികളും റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ.(സാധാ) നമ്പർ 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും റവന്യൂ ഡിവിഷൻ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും ടി സ്ക്വാഡിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളതാകുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ ഭൂമിയിലെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) കായലുകളും തടാകങ്ങളും കൈയ്യേറപ്പെടുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണെന്നു കാണുന്നു. ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## ഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച്

303(3228) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവടിയാർ വില്ലേജിലെ ബ്ലോക്ക് 54 റീ സർവ്വെ നമ്പർ 22-ൽ പ്പെട്ട അജയാനന്ദകുമാർ എന്നയാളുടെ ഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഭൂമിയ്ക്ക് തിരുവനന്തപുരം താലൂക്ക് തഹസിൽദാർ ഓഫീസിൽ നിന്നും LA 11/1/91-ാം നമ്പർ പട്ടയ പ്രകാരം എത്ര സെന്റ് ഭൂമിയ്ക്കാണ് പട്ടയം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ; ഈ പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) LA 11/1/91-ാം നമ്പർ പട്ടയം നൽകുന്നതിന് തയ്യാറാക്കിയ ഭൂമിയുടെ സ്കെച്ചിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റീ സർവ്വെയിൽ ആധാരത്തിൽ പറഞ്ഞിരിക്കുന്ന ഭൂമിയിൽ നിന്നും 1.20 ആർ വസ്തുവിന്റെ കുറവ് ഉണ്ടായത് റീസർവ്വെയിലുണ്ടായ തെറ്റാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കവടിയാർ വില്ലേജ് ബ്ലോക്ക്-54, റിസർവ്വെ നമ്പർ 22- ൽ പ്പെട്ട ഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച് അജയാനന്ദകുമാർ സമർപ്പിച്ച അപേക്ഷയിൽ സർവ്വെയർ സ്ഥലപരിശോധന നടത്തുകയും ഹെഡ് സർവ്വെയർ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി അപേക്ഷ വസ്തുവിൽ റിസർവ്വെ പ്രകാരം 2.05 ആർ വസ്തു അപേക്ഷകന്റെ പേരിൽ കൊണ്ട് കിടക്കുന്നതും ബാക്കിയുള്ള 1.20 ആർ വസ്തു ബ്ലോക്ക് 54 റീ സർവ്വേ 245-ൽ പ്പെട്ട പുറമ്പോക്കിൽ ഉൾപ്പെട്ടുവരുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം തിരുവനന്തപുരം ഭൂരേഖാ തഹസിൽദാർ 17-8-2019-ാം തീയതി കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്.

(ബി&സി) തിരുവനന്തപുരം തഹസിൽദാർ LA11/191-ാം നമ്പരായി നൽകിയ പട്ടയ ഫയൽ റിക്കോർഡ് വിഭാഗത്തിലും എൽ.എ സെക്ഷനിലും പരിശോധനയിൽ കണ്ടെത്താനായിട്ടില്ലാത്തതിനാൽ ടി പട്ടയ പകർപ്പും പട്ടയ സ്കെച്ചും പട്ടയം അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണവും ലഭ്യമല്ല.

(ഡി) പ്രസ്തുത ഭൂമിയുടെ റിക്കാർഡുകൾ പരിശോധിച്ചതിൽ റിസർവ്വെ പ്രകാരം കവടിയാർ വില്ലേജ് ബ്ലോക്ക് നമ്പർ 54-ൽ സർവ്വെ നമ്പർ 22-ൽ പ്പെട്ട

2.05 ആർ സ്ഥലം (1) കൃഷ്ണൻ നായർ മകൻ അജയാനന്ദകുമാർ, രാജഗിരി, കവടിയാർ വില്ലേജ്, കുറവൻകോണം വാർഡ്, (2) അജയാനന്ദകുമാർ ഭാര്യ ഗിരിജാ നന്ദകുമാർ, രാജഗിരി, കുറവൻകോണം കവടിയാർ എന്നീ വ്യക്തികളുടെ പേരിലാണ് ലാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തി റിക്കാർഡ് തയ്യാറാക്കിയിരിക്കുന്നത്. റിസർവ്വെയ്ക്ക് മുൻപ് 19048 നമ്പർ തണ്ടപ്പേരിൽ 2.02 ആർ സ്ഥലത്തിന് മാത്രമാണ് അവകാശിയായിരുന്നതെന്ന് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. റിസർവ്വെ റിക്കാർഡുകൾ പരിശോധിച്ചതിൽ അപാകതകൾ ഒന്നും തന്നെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

**സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന ഡിജിറ്റൽ ലാന്റ് റിക്കോർഡ്സിന്റെ നിയമസാധുത**

304 (3229) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഏജൻസികൾ നടത്തുന്ന റീസർവ്വെ നടപടികൾക്ക് സർക്കാർ അംഗീകാരമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഡിജിറ്റൽ റീസർവ്വെ നടത്തുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അവയുടെ ഫീസ് സ്ട്രക്ച്ചറിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) സർവ്വെ നടപടികൾക്ക് ആവശ്യമായ അടിസ്ഥാന യോഗ്യതയുള്ളവരെയാണോ അതിലേക്ക് നിയമിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; സർവ്വെ നടപടികൾ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ആരായിരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിജിറ്റൽ ലാന്റ് റിക്കോർഡ് തയ്യാറാക്കുന്നതിന് നിയമസാധ്യതയുണ്ടോ; ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 10-5-2018-ലെ സ.ഉ.(എം.എസ്.) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും

സർവ്വെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ ക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ സർവ്വെ വകുപ്പിൽ ആസൂത്രണം ചെയ്തുവരികയാണ്.

(ബി&സി) നിലവിൽ, സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വെ നടത്തുന്നതി നായി പദ്ധതികൾ നടപ്പിലാക്കുകയോ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ പദ്ധതി തയ്യാറാക്കുമ്പോൾ സർവ്വെ നടപടികൾ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശംകൂടി ഉൾപ്പെടുത്താവുന്നതാണ്.

(ഡി) നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവ്വെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ടി നിയമത്തിൽ ഭേദഗതി ആവശ്യമാണെങ്കിൽ അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

### ഭൂപരിഷ്കരണ നിയമത്തിലെ 87(എ) ഉപവകുപ്പ് സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുവാൻ നടപടി

305 (3230) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിൽ 87 (എ) ഉപവകുപ്പ് ഉൾക്കൊള്ളിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉപവകുപ്പ് സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുവാൻ സർവ്വകക്ഷി യോഗം വിളിച്ച് ചേർക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച മന്ത്രിസഭാ തീരുമാനമുണ്ടായിട്ടുണ്ടെങ്കിലും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

### പ്രീ-ഫാബ് സാങ്കേതികവിദ്യ

306 (3231) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികളിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ ഇതിനകം ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും കൺസൾട്ടന്റിന്റെ സേവനം ഉപയോഗിച്ചിരുന്നോ; എങ്കിൽ ആരുടെ സേവനമെന്നും പ്രസ്തുത കൺസൾട്ടൻസി സ്ഥാപനത്തിന് ഫീസ് ഇനത്തിൽ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ മേഖലയിലെ ബദൽ സാങ്കേതിക വിദ്യ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ വീട് നിർമ്മാണത്തിന് പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പൊതു ജനങ്ങളിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യയെ കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2016-ൽ 400 ചതുരശ്ര അടിയുള്ള ഒരു വീട് പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലെ ക്യാമ്പസിൽ നിർമ്മിച്ചിട്ടുണ്ട്. ഈ മേഖലയിൽ വലിയ പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ഏജൻസിയും പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രൊമോട്ട് ചെയ്യുന്നതിന് മാത്രമായി രൂപീകരിച്ച ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡിനെ പ്രീ-ഫാബ് കൺസ്ട്രക്ഷന്റെ ടെക്നോളജി പ്രൊവൈഡറായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നിരവധി പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്.

(സി) ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിൽ കൊച്ചിയിലെ പൊതുമേഖല സ്ഥാപനമായ ഫാക്ടിന്റെ (FACT) ഒരു ഉപോൽപ്പന്നമായ ഗ്ലാസ് ഫൈബർ റീ ഇൻഫോഴ്സ്ഡ് ജിപ്സം (ജി.എഫ്.ആർ.ജി.) പാനലുകൾ ഉപയോഗിച്ചും മദ്രാസ് ഐ.ഐ.ടി.യുടെ സാങ്കേതിക സഹായം പ്രയോജനപ്പെടുത്തിയുമാണ് പ്രീ-ഫാബ് കെട്ടിട നിർമ്മാണ രീതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയത്. സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ടെക്നോളജി പ്രൊവൈഡർ & പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി M/s. ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡിനെ നിയമിച്ചിട്ടുണ്ട്. എന്നാൽ കൺസൾട്ടൻസി സേവനം പ്രയോജനപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾ കൺസൾട്ടൻസി ഫീസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## ഭവന നിർമ്മാണ പദ്ധതികൾ

307 (3232) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കാസർഗോഡ്:- സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി ഘട്ടം IV
2. സംസ്ഥാനതല പദ്ധതി:- ലക്ഷം വീട് ബമ്പർ ലോട്ടറിയുടെ അറ്റാദായം ഉപയോഗിച്ചുള്ള ലക്ഷം വീടുകളുടെ (154 എണ്ണം) പുനർ നിർമ്മാണം നടത്തിവരുന്നു.

കൂടാതെ വയനാട്-വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മാനന്തവാടി പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് മുഖേന ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന നിർമ്മിതി കേന്ദ്രം 2019-20 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ 30 ഭവന യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു സമുച്ചയത്തിന് അനുമതി നൽകിയിട്ടുണ്ട്.

## ഭവന നിർമ്മാണ വകുപ്പിന്റെ പ്രവർത്തനം

308 (3233) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമാണ വകുപ്പ് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന ഗൃഹശ്രീ പോലെയുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഭവനനിർമ്മാണ ബോർഡ് മുഖേന എന്തെല്ലാം പുതിയ ഭവന നിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന സംസ്ഥാനത്തെ വിവിധ വരുമാന വിഭാഗം ജനങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് അനുയോജ്യവും വൈവിദ്ധ്യവുമാർന്ന ഭവന നിർമ്മാണ/പാർപ്പിട പദ്ധതികളും മറ്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കൂടാതെ നിർമ്മിതി കേന്ദ്രം മുഖേന പരിസ്ഥിതിയ്ക്ക് ഇണങ്ങിയതും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സമൂഹത്തിൽ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എൻ.സി.സി നഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
2. കിഴക്കേ ചാലക്കുടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
3. മുളങ്കുന്നത്തുകാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
4. ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
5. കോഴിക്കോട് ചേവായൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
6. ഇടുക്കി, കട്ടപ്പന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
7. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കാസർഗോഡ് ഘട്ടം III
8. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കുട്ടനെല്ലൂർ.
9. ഹരിപ്പാട് റവന്യൂ ടവർ

10. ഇന്നവേറ്റീവ് ഭവന പദ്ധതി, പൂജപ്പുര ഘട്ടം III
11. ഇന്നവേറ്റീവ് ഭവന പദ്ധതി പൂജപ്പുര, ഘട്ടം IV
12. ചേളന്നൂർ സാഫല്യം ഭവന പദ്ധതി
13. റവന്യൂ ടവർ കടകംപള്ളി.

കൂടാതെ വിവിധ സർക്കാർ, അർദ്ധ സർക്കാർ സർക്കാരേതര സ്ഥാപനങ്ങളുടെ കൺസൾട്ടൻസി ജോലികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം വഴി 2018-19 വർഷത്തിൽ പ്രൊമോഷൻ ഓഫ് ഇന്നവേറ്റീവ് ബിൽഡിംഗ് ടെക്നോളജീസ് ആന്റ് ഹൗസിംഗ് ലിറ്ററസി പ്രോഗാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് 538 ലക്ഷം രൂപയുടെ താഴെപറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. ആർട്ടിസാൻ ട്രെയിനിംഗ്
2. Kalavara
3. Upgradation of production Centre
4. പുതിയ ഉത്പാദന കേന്ദ്രം
5. Carpentary Unit
6. Habitat Museum
7. Total Station Training
8. Skill development training for KESNIK staff
9. ഹരിത സാങ്കേതിക വിദ്യ അവബോധന പരിപാടി
10. ലാറി ബേക്കർ അന്താരാഷ്ട്ര പഠന കേന്ദ്രം അടിസ്ഥാന സൗകര്യ വികസനം
11. ഹരിത സാങ്കേതിക വിദ്യ കാലാവസ്ഥാ വ്യതിയാനം എന്നിവയെപ്പറ്റിയുള്ള പ്രസിദ്ധീകരണങ്ങൾ/ Engineer's hand book
12. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്കുള്ള ഏകദിന ശിൽപ്പശാല.

(സി) ഭവന നിർമ്മാണ ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഗൃഹശ്രീ ഭവന പദ്ധതി ഇപ്പോഴും നിലവിലുണ്ട്. 2017-18, 2018-19 വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി തുക വകകൊള്ളിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ടി പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 19-10-2019-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിരുന്നു.

(ഡി) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ ഭവന നിർമ്മാണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ലൈഫ് മിഷനു കീഴിൽ ഫ്ലാറ്റ് സമുച്ചയം

   (കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തും)EWS ഭവന പദ്ധതി

2. തുക്കൈപ്പറ്റ EWS ഭവന പദ്ധതി

3. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കാസർഗോഡ് ഘട്ടം IV

**ശുചിത്വ സാഗരം പദ്ധതി**

309(3234) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ കടലിനെ പ്ലാസ്റ്റിക് വിമുക്തമാക്കുവാൻ ശുചിത്വ സാഗരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നിലവിൽ ഇതിനകം ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളിലാണ് നടപ്പിലാക്കിയത്;

(സി) എത്ര ടൺ പ്ലാസ്റ്റിക് മാലിന്യം ഇതിലൂടെ ശേഖരിച്ച് സംസ്കരിക്കുവാൻ സാധിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് നിയമിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കടലിനെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സംസ്ഥാന ശുചിത്വ മിഷൻ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നെറ്റ് ഫിഷ്, സംസ്ഥാനത്തെ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടെ ആവിഷ്കരിച്ച 'ശുചിത്വ സാഗരം' പദ്ധതി കൊല്ലത്ത് നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ നടപ്പിലാക്കിവരുന്നു.

(സി) ഇതിനകം 52000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ട്. 27000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള തീരദേശ വികസന കോർപ്പറേഷനെയാണ് നിയമിച്ചിരിക്കുന്നത്.

**മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ്/ രജിസ്ട്രേഷൻ ഫീസ് വർദ്ധനവ്**

310 (3235) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ വൻവർദ്ധനവ് വരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫീസ് നിരക്ക് കുറയ്ക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ്, പെർമിറ്റ് ഫീസ് എന്നിവയിൽ വർദ്ധന വരുത്തുകയും എന്നാൽ ടി ഫീസ് കുറയ്ക്കണമെന്ന ആവശ്യം മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച ഫീസ് നിരക്കുകളിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ഫീസുകളുടെ നിരക്ക് അനുബന്ധമായി* ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും രക്ഷിക്കുന്നതിന് നടപടി

311 (3236) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് മത്സ്യലഭ്യത വർഷംതോറും ഗണ്യമായി കുറയുന്നുവെന്ന സി.എം.എഫ്.ആർ.ഐ.-യുടെ റിപ്പോർട്ട് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) മത്സ്യസമ്പത്ത് കുറയുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പതിനാല് ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിൽ കൂടുതൽ കർശന നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള നിയമങ്ങൾ കർശനമാക്കിയും പുതിയ നിയമങ്ങൾ ആവശ്യമുണ്ടെങ്കിൽ കൊണ്ടുവന്നും മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) മത്സ്യസമ്പത്ത് കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമീനുകളെ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ്. അതോടൊപ്പം ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും ഒരു പരിധി വരെ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്.

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നിരവധി നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി KMFR ആക്ടിൽ ഭേദഗതി വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ്

നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തു. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 HP-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) ലൈസൻസ് നിരോധിച്ചു. കേരളതീരത്ത് സുലഭമായ 58 മത്സ്യയിനങ്ങൾക്ക് പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും നടപ്പിലാക്കുകയും ചെയ്തു. KMFR നിയമം ലംഘിക്കുന്ന യാനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. ഇത്തരം നടപടികളിലൂടെ 2016-17 വർഷത്തെ 4.89 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2018-19 വർഷം 6.09 ലക്ഷം മെട്രിക് ടൺ ആയി സമുദ്ര മത്സ്യോത്പാദനം വർദ്ധിച്ചിട്ടുണ്ട്. ട്രോൾബാൻ കാലാവധി 2018 വർഷം മുതൽ 47-ൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നവീകരണ മത്സ്യബന്ധന രീതികളായ പഴ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവയും ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷവും മറ്റ് രാസവസ്തുക്കളും കലർത്തിയുള്ള മത്സ്യബന്ധനം, 12 വാട്സിൽ കൂടുതലുള്ള പ്രകാശമുപയോഗിച്ചുള്ള മത്സ്യബന്ധനം, തെങ്ങിന്റെ ക്ലാഞ്ഞിൽ, സൂക്ഷ്മ ശിഖിരങ്ങൾ കൂട്ടിക്കെട്ടിയും പ്ലാസ്റ്റിക് കുപ്പികൾ കൂട്ടിക്കെട്ടിയും ഉപയോഗ ശൂന്യങ്ങളായ വലകൾ കൂട്ടിക്കെട്ടിയുമൊക്കെയുള്ള മത്സ്യബന്ധനം എന്നിവ പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.

(ഡി) കേരളത്തിന് സുലഭമായ 58 മത്സ്യഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യയാനങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിച്ചുവരുന്നു. KMFR ആക്ട് പ്രകാരം കുറ്റകൃത്യം ചെയ്യുന്ന യാനങ്ങൾക്ക് പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2.5 ലക്ഷം രൂപ പിഴ ഈടാക്കുന്ന വിധത്തിലാണ് നിയമ ഭേദഗതി.

(ഇ) സംസ്ഥാനത്ത് അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം സംസ്ഥാനത്തെ അശാസ്ത്രീയ മത്സ്യബന്ധനത്തിലേർപ്പെടുന്നവരെ പിടികൂടുന്നതിനായി മറൈൻ ജില്ലകളിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ഹാർബറുകൾ കേന്ദ്രീകരിച്ചും കടലിലും ശക്തമായ പരിശോധന നടത്തുകയും KMFR ആക്ട് ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികളും സ്വീകരിച്ചു വരുന്നു. പുതുക്കിയ KMFR ആക്ടിൽ നിഷ്കർഷിച്ച പ്രകാരമുള്ള വർദ്ധിച്ച പിഴ ഈടാക്കുന്നുണ്ട്.

## തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

312(3237) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ഓൺലൈൻ മത്സ്യവിപണനം

313 (3238) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ ഭാഗമായി തീരദേശത്തെ യുവജനങ്ങളെയും സ്ത്രീകളെയും ഓൺലൈൻ മത്സ്യവിപണന മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതുസംബന്ധിച്ച് അവർക്കാവശ്യമായ മാർക്കറ്റിംഗ് പരിശീലനം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തെ എത്ര മത്സ്യ മാർക്കറ്റുകളെയാണ് ആദ്യഘട്ടത്തിൽ ഓൺലൈൻ ശൃംഖലയിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി പ്രത്യേക വെബ്സൈറ്റ് ആരംഭിക്കുമോയെന്നും വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പരിപാടിയും മത്സ്യത്തൊഴിലാളികൾ മുഖാന്തിരം കൂട് മത്സ്യ കൃഷികളും നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കാൻ അവർ അംഗമായുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘംവഴി എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.) പ്രകാരം കേന്ദ്ര സബ്സിഡിയോടുകൂടി പലിശരഹിത വായ്പ മത്സ്യ ഫെഡ് വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. കൂടാതെ മത്സ്യഫെഡിന്റെ സഹകരണ സംഘങ്ങൾവഴി തീരദേശ ലേലം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതുവഴി മത്സ്യത്തിന് ലഭിക്കേണ്ട വില ഉറപ്പാക്കുവാൻ ഒരു പരിധിവരെ സാധിക്കുന്നു. അതിനായി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കുന്നു. മത്സ്യവിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ അടയ്ക്കുന്നവർക്ക് ഇതിന്റെ 50% തുക സർക്കാർ വിഹിതമായി അനുവദിച്ച് ആകെ 1.50% തുക ഉല്പാദന ബോണസ്സായി നൽകുകയും ചെയ്യുന്നുണ്ട് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു.

1. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2. എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ.

   a. ടേം വായ്പകൾ

   b. മൈക്രോഫിനാൻസ് വായ്പ
3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി
4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം
5. വലകൾക്കുള്ള സബ്സിഡി പദ്ധതി
6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
7. നാടൻ വള്ളങ്ങളുടെ നവീകരണം.

(ബി&സി) മത്സ്യഫെഡ്വഴി ഓൺലൈൻ മത്സ്യവിപണനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ മത്സ്യവിപണന മേഖലയിൽ പ്രവർത്തിക്കുന്നതിന് തീരദേശത്തെ യുവജനങ്ങൾക്കും സ്ത്രീകൾക്കും മുൻഗണന നൽകുന്നതാണ്.

(ഡി) ഓൺലൈൻ ശൃംഖല മാർക്കറ്റ് കേന്ദ്രീകരിച്ചല്ല ആരംഭിക്കുന്നത്. ഇതിനായി പ്രത്യേക 'വെബ്സൈറ്റ് പദ്ധതി തുടങ്ങുന്നതിന് മുന്നോടിയായി ഒരുക്കുന്നതാണ്.

**വിഴിഞ്ഞത്ത് സീഫുഡ് റെസ്റ്റോറന്റ്**

314 (3239) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിഭവങ്ങൾ വിൽക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിഴിഞ്ഞത്ത് സീഫുഡ് റെസ്റ്റോറന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഓഖി പുനരധിവാസ ഫണ്ടിൽ നിന്നും ഇതിനായി തുക കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റെസ്റ്റോറന്റിലേക്കായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആരുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക സമുദ്രഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിനുവേണ്ടി 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓഖി പുനരധിവാസ ഫണ്ടിൽ നിന്നുമാണ് ഈ തുക കണ്ടെത്തുന്നത്.

(ഡി) സംസ്കരണ യൂണിറ്റിലും വിപണന ഔട്ട്ലെറ്റിലും തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവസ്റ്റ് ടെക്നോളജി

& ട്രെയിനിംഗ് (NIFPHATT), മറ്റ് ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ വഴി പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ**

315 (3240) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യോപയോഗത്തിന്റെ ഏറിയ പങ്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യങ്ങളായതിനാൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി നശിച്ചുകൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥ ജലാശയങ്ങളിൽ പുന:സ്ഥാപിക്കുന്നതിനും തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനും ചെറുകിട മത്സ്യ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ ട്രപ്പിസോയിഡൽ ആകൃതിയിലുള്ള 140 കൃത്രിമ പാരുകൾ വീതം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനോടകം തന്നെ പാരുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കടലിൽ ആയവ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപാരു മോഡ്യൂളുകൾ വീതം

സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു. വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി പൊതു ജലാശയങ്ങളിൽ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടത്തിവരുന്നു. ഇതുകൂടാതെ കായലിലെ തദ്ദേശീയ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് വേമ്പനാട്, അഷ്ടമുടി കായലുകളിൽ സംരക്ഷണ പദ്ധതിയും നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി കക്ക സംരക്ഷണ മേഖല, മത്സ്യ സംരക്ഷണ മേഖല എന്നിവ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. ചെറുകിട മത്സ്യകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ കൃത്രിമ കുളങ്ങളിലെ മത്സ്യകൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം തുടങ്ങിയ പദ്ധതികൾ യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡിയോടെ നടപ്പാക്കിവരുന്നു. ഇത് കൂടാതെ ഈ കൃഷി രീതികളിൽ പരിശീലനവും നൽകിവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ശാക്തീകരണം**

316(3241) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി വള്ളങ്ങളുടെയും വല ഉൾപ്പെടെയുള്ള മത്സ്യബന്ധനോപകരണങ്ങളുടെയും ഉടമകളാക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) കടലിൽനിന്നും പിടിക്കുന്ന മീനിന്റെ വില നിശ്ചയിക്കാൻ പ്രാപ്തി നേടും

വിധം മത്സ്യത്തൊഴിലാളികളുടെ വിലപേശൽ ശേഷി വർദ്ധിപ്പിക്കുന്നതിനും വിപണന ശൃംഖല ആധുനീകരിച്ച് വിപുലീകരിക്കുന്നതിനുമുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; ഓൺലൈൻ മത്സ്യവിൽപ്പനയും റെഡി റ്റു കുക്ക് ഉത്പന്നങ്ങളുടെ വിൽപനയും വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ;

(സി) മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ബോർഡ് എന്നിവ വഴി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളിൽ മുഴവൻ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെയും അംഗങ്ങളാക്കി തീരദേശലേലം സംഘടിപ്പിക്കുക വഴി ആദ്യ വിൽപ്പനയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നു. ഇതുവഴി സംസ്ഥാനത്ത് ഏകീകരിച്ച ലേല സംവിധാനം നടപ്പിൽ വരുത്തുവാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനും കഴിയുന്നുണ്ട്. മത്സ്യ വിപണന ശൃംഖല  വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം എയർ കണ്ടീഷൻ സംവിധാനത്തോടുകൂടിയ 37 ഹൈടെക് ഫിഷ് മാർട്ടുകൾ സർക്കാർ ധനസഹായത്തോടെ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്ത്-2, കൊല്ലത്ത്-2, ആലപ്പുഴയിൽ ഒന്നും സഞ്ചരിക്കുന്ന മത്സ്യ വിൽപ്പനശാല (അന്തിപ്പച്ച) പ്രവർത്തിച്ചുവരുന്നു. റെഡി റ്റു കുക്ക് & റെഡി റ്റു ഈറ്റ് ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, കട്‌ലെറ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറി മിക്സ് (സ്പൈസി & തേങ്ങ ചേർത്തത്) ഫിഷ് ഫ്രൈ മസാല എന്നിവ "മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ്" എന്ന ബ്രാന്റിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. മത്സ്യഫെഡ് വഴി ഓൺലൈൻ മത്സ്യ വ്യാപാരം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ബോർഡ് എന്നിവ മുഖാന്തിരം നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

317(3242) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം എടുക്കുമ്പോൾ അവരിൽ നിന്നും അംഗത്വം എടുക്കാൻ വൈകിയതിനോ മുടങ്ങിപ്പോയ അംഗത്വം പുതുക്കുന്നതിനോ കുടിശ്ശികയായോ പിഴയായോ തുക ഈടാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗമായ അവരെ പ്രസ്തുത തുക അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി ക്ഷേമനിധി അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസ് പ്രവർത്തനം ആരംഭിക്കുമോ; ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ പുതുതായി ആരംഭിക്കുന്ന മത്സ്യഭവനുകളോട് അനുബന്ധമായി ക്ഷേമനിധി ഓഫീസുകളുടെ പ്രവർത്തനം കൂടി ആരംഭിക്കുവാനുള്ള നടപടി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടും അതിലെ ചട്ടങ്ങളും അനുസരിച്ച് ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുമ്പോൾ അംഗത്വം ലഭിക്കുന്നവരിൽനിന്നും അംശദായം, മേൽ ആക്ടിനും ചട്ടത്തിനും ബോർഡിന്റെ മാർഗ്ഗരേഖകളും അനുസരിച്ച് ടി വ്യക്തിക്ക് 18 വയസ്സായതു മുതൽ പൂർത്തിയായ വയസ്സുവരെയുള്ള കാലയളവിലെ കുടിശ്ശികയും കുടിശ്ശികയുടെ പിഴയും അടയ്ക്കുന്നതിന് അംഗത്വം ലഭിക്കുന്ന എല്ലാ വിഭാഗക്കാരും ബാധ്യസ്ഥരാണ്. പട്ടികജാതി പട്ടികവർഗ്ഗ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം ലഭിക്കുമ്പോൾ മേൽ വിഭാഗക്കാരിൽനിന്നും മാത്രമായി അംഗത്വമെടുക്കാൻ വൈകിയതിനോ മുടങ്ങിപ്പോയ അംഗത്വം പുതുക്കുന്നതിനോ കുടിശ്ശികയായോ പിഴയായോ തുക ഈടാക്കിവരുന്നില്ല.

(സി) ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ പ്രത്യേക ഓഫീസ് തുടങ്ങുന്നത് നിലവിൽ നിലവിൽ മത്സ്യബോർഡിന്റെ പരിഗണനയിലില്ല. എന്നിരുന്നാലും പുതിയ മത്സ്യഭവന ബോർഡുകൾ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ മത്സ്യബോർഡിന്റെ പ്രവർത്തനം അധിക സാമ്പത്തിക ഭാരവും ജീവനക്കാരെയും അനുവദിക്കാതെ മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

## ഉൾനാടൻ മത്സ്യകൃഷി

318(3243) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്തിലുണ്ടായ കുറവ് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ ദോഷകരമായി ബാധിച്ചുവെന്ന് കണക്കാക്കുന്നുണ്ടോ;

(ബി) പൊതുജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാനായി കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളി സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി 2019-20 വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി ഓരുജല ശുദ്ധജല കൂടുകൃഷി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകിവരുന്നു. കൂടാതെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തിക വർഷം 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 40% തുക പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിവരുന്നു. കൂടാതെ മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനവും സാങ്കേതിക സഹായവും ചെയ്തുവരുന്നു.

(ഡി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്ക്

റാഞ്ചിംഗ് പദ്ധതിയും വേമ്പനാട്, അഷ്ടമുടി കായലിലെ വിഭവ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളി സംരക്ഷണത്തിനും പ്രത്യേകം പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

### മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം

319(3244) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാമാണ് നിലവിൽ നടപ്പിലാക്കിയതെന്നും ഇനി നടപ്പിലാക്കാനുള്ളവ ഏതെല്ലാമെന്നും ഇതു നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി) അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നവയാണ്. വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന തീരദേശ നിവാസികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയുടെ വിശദരൂപരേഖ (DPR) സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

### മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനം

320 (3245) ശ്രീ. വി. ജോയി :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണ് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കുന്നതിന് സമാശ്വാസപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ രണ്ടു വർഷമായി വിഹിതം അനുവദിക്കാതെ കുടിശിക വരുത്തിയിട്ടുള്ളത് സഹായ വിതരണത്തെ ബാധിക്കാതിരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) എത്ര കോടി രൂപയാണ് ഈ ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ളതെന്നും ഈ തുക അടിയന്തരമായി അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. വർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ
5. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി
6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ
7. മത്സ്യഫെഡ് വഴിയുള്ള പലിശരഹിത വായ്പാപദ്ധതി
8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി
9. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
10. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതികൾ

11. RIDF കുഫ്ബി പദ്ധതികളിലുൾപ്പെടുത്തി തീരദേശ ആശുപത്രികൾ, ഫിഷറീസ് സ്കൂളുകൾ, അംഗനവാടികൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

12. ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം.

(ബി&സി) പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽനിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായംകൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായം അനുവദിക്കുന്നു. 1,500 രൂപയിൽ കുറഞ്ഞ ഗുണഭോക്തൃ വിഹിതം ഒടുക്കുന്നവർക്ക് ആനുപാതികമായ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും മാത്രമേ അനുവദിക്കുകയുള്ളൂ.

(ഡി) സഹായ വിതരണത്തെ ബാധിക്കാതിരിക്കാൻ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള തുക കൂടി സംസ്ഥാന സർക്കാർ നൽകുകയും ഇത് ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ നാലു വർഷമായി കേന്ദ്ര സർക്കാർ അനുവദിക്കേണ്ട 93 കോടി രൂപയിൽ 2018-19 സാമ്പത്തിക വർഷം ലഭിക്കാനുള്ള കേന്ദ്ര വിഹിതത്തിൽ 19.14 കോടി രൂപ മാത്രം 2019-20 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ഇ) 73.90 കോടി രൂപയാണ് സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര വിഹിതമായി ഇനി ലഭിക്കാനുള്ളത്. ഇത് അടിയന്തരമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം

321 (3246) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പിലാക്കി വരുന്നതെന്ന വിശദവിവരം അറിയിക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ഉന്നമനത്തിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) തീരദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ഉപരി പഠന സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷം 19.99 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 25.53 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 29.17 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം നിലവിൽ 20 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) തീരദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി തീരദേശത്തുള്ള ലൈബ്രറികൾ വിപുലീകരിച്ച് സ്റ്റഡി സെന്ററുകളാക്കി മാറ്റുന്നതിനും സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുതിർന്ന കോളേജ് വിദ്യാർത്ഥികൾ, റിട്ട.അദ്ധ്യാപകർ, അഭ്യസ്തവിദ്യരായ യുവാക്കൾ എന്നിവരുടെ സഹായത്താൽ പ്രതിഭാതീരം എന്ന ഒരു പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിലെ തീരദേശത്തുള്ള ലൈബ്രറികൾ കേന്ദ്രീകരിച്ച് പരിചയ സമ്പന്നരായവരുടെ മേൽനോട്ടത്തിൽ തീരദേശത്തെ വിദ്യാർത്ഥികളുടെ പഠന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലവാരം ഉയർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്പെഷ്യൽ ക്ലാസ്സുകൾ 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മൈക്രോ ടീച്ചിംഗ്, കായിക പരിശീലനം, ഇന്റർ ലൈബ്രറി കോമ്പറ്റീഷൻ എന്നിവ ഉൾക്കൊള്ളിച്ച് വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യത വർദ്ധിപ്പിക്കുന്നതിനാണ് ടി പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

**കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങൾ**

322 (3247) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണ ഭീഷണി നേരിടുന്ന എത്ര കുടുംബങ്ങളുണ്ടെന്ന് ഫിഷറീസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കാനായി ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; എത്ര പേരെ പുനരധിവസിപ്പിച്ചു; ഇനി എത്ര പേരെ പുനരധിവസിപ്പിക്കാനുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരായി ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എത്ര പേർ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ എത്രയായെന്നും വ്യക്തമാക്കുമോ;

(ഡി) ഇവരെ പുനരധിവസിപ്പിക്കാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു; എത്ര പേരെ പുനരധിവസിപ്പിച്ചു; ശേഷിക്കുന്നവർ എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. 2016-ൽ ഫിഷറീസ് വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം തീരദേശത്ത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 24454 കുടുംബങ്ങൾ താമസിക്കുന്നതായി കണക്കാക്കിയിരുന്നു. തുടർന്ന് ഫിഷറീസ് വകുപ്പ് ഈ മേഖലയിൽ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ടാർജറ്റ് | സ്ഥലം വാങ്ങിയവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 760 | 478 |
| 2 | കൊല്ലം | 217 | 180 |
| 3 | ആലപ്പുഴ | 188 | 101 |
| 4 | എറണാകുളം | 112 | 107 |
| 5 | തൃശ്ശൂർ | 20 | 18 |
| 6 | മലപ്പുറം | 93 | 43 |
| 7 | കോഴിക്കോട് | 117 | 70 |
| 8 | കണ്ണൂർ | 142 | 133 |
| 9 | കാസർഗോഡ് | 149 | 131 |
| | ആകെ | 1798 | 1261 |

(സി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരായി എത്ര പേർ ഉണ്ടായിരുന്നുവെന്നുള്ള കണക്കുകൾ ലഭ്യമല്ലായിരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ഈ സർക്കാർ അധികാരത്തിലേറുന്നതിന് 4 വർഷം മുൻപ് മുതൽ വിവിധ സ്കൂളുകളിൽ കഴിഞ്ഞവരുണ്ടായിരുന്നു. തിരുവനന്തപുരത്തെ മുട്ടത്തറയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് അവരുടെ പുനരധിവാസം ഈ സർക്കാർ ഉറപ്പാക്കുകയുണ്ടായി. കൂടാതെ ആലപ്പുഴ ജില്ലയിലെ പുറക്കാട് പ്രദേശത്തും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളുണ്ടായിരുന്നു. അവരെ പുനരധിവസിപ്പിക്കുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 2016 ജൂൺ-ജൂലൈയിൽ ഉണ്ടായ രൂക്ഷമായ

കടലാക്രമണത്തിൽ 248 പേർക്ക് സ്ഥലവും വീടും നഷ്ടപ്പെട്ടതായി കണക്കാക്കുകയും ഇവരെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകുകയും ഈ പദ്ധതി പ്രകാരം ആകെ 129 പേർ സ്ഥലം വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. ഇതിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2018-19)-ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## ഹൈടെക് മത്സ്യമാർക്കറ്റുകൾ

323(3248) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എവിടെയെങ്കിലും ഹൈടെക് മത്സ്യ മാർക്കറ്റുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെ അനുവദിച്ചുവെന്ന് നിയോജ കമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഹൈടെക് മത്സ്യമാർക്കറ്റുകൾ ഏതെങ്കിലും ഇനിയും പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാത്തതായുണ്ടോ;

(ഡി) എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | ജില്ല | നിയോജക മണ്ഡലം | അടങ്കൽ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കരിക്കോട് | കൊല്ലം | കുണ്ടറ | 356 | പദ്ധതി പൂർത്തീകരിച്ചു |
| 2 | മയ്യനാട് | കൊല്ലം | ഇരവിപുരം | 159.00 | പുരോഗമിച്ചു വരുന്നു |
| 3 | അരൂർ | ആലപ്പുഴ | അരൂർ | 85 | പൂർത്തീകരിച്ചു |

(സി&ഡി) തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് മത്സ്യമാർക്കറ്റ്, കോട്ടയം ജില്ലയിലെ കോടിമത മത്സ്യമാർക്കറ്റ് എന്നിവയാണ് കഴിഞ്ഞ സർക്കാർ അനുവദിച്ചതിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പദ്ധതികൾ.

**താമരക്കുളം, മാങ്കാംകുഴി, പുതിയകാപ്പ് മാർക്കറ്റുകളുടെ നവീകരണം**

324(3249) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാപ്പ് എന്നീ മാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രധാന മാർക്കറ്റുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനും കിഫ്ബിയുടെ അനുമതിക്കുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ്, പുതിയകാവ് മത്സ്യമാർക്കറ്റ്, താമരക്കുളം മത്സ്യമാർക്കറ്റ് എന്നിവ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റുകൾ, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. പുതിയ കാപ്പ് എന്ന മത്സ്യമാർക്കറ്റ് നിർമ്മാണം നടപ്പിലാക്കുന്നില്ല.

(ബി&സി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 60 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി ഓരോ മത്സ്യമാർക്കറ്റിലും പ്രാഥമിക പഠനം നടത്തി ആവശ്യകതകളറിഞ്ഞ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഇതിൻ പ്രകാരം 60 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള ഒരു പൊതു കൺസപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ ശാസ്ത്രീയ മുറകൾ**

325(3250) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമുറകൾ അവലംബിച്ച് കടൽ/ഉൾനാടൻ മത്സ്യോൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കടലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ നിരീക്ഷിക്കുന്നതിന് മാസ്റ്റർ കൺട്രോൾ സിസ്റ്റം ഏർപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ശാസ്ത്രീയ മുറകൾ അവലംബിച്ച് കടൽ/ഉൾനാടൻ മത്സ്യോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓഖിപോലുള്ള ദുരന്തങ്ങളുടെയും മറ്റും പശ്ചാത്തലത്തിൽ സംസ്ഥാനതലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂം, മൂന്ന് മേഖലാ കൺട്രോൾ റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

326 (3251) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. എം. മുകേഷ് :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയ മത്സ്യബന്ധന രീതികളും വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദവും മത്സ്യശോഷണത്തിനിടയാക്കുന്നത് പരിഹരിക്കാൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ; സംസ്ഥാന, ജില്ല, ഗ്രാമതലങ്ങളിൽ ഇത്തരം കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) നീല വിപ്ലവ പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന കടലിൽ നടത്തിവരുന്ന കൂടുകൃഷി പദ്ധതി പ്രതീക്ഷിത നേട്ടം കൈവരിച്ചിട്ടുണ്ടോ; ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. പേഴ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ, (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും 250 എച്ച്.പി. വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ

ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ചട്ടമനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടിക്കെട്ടിയുമുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

സി.എം.എഫ്.ആർ.ഐ. യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എഫ്.ആർ ആക്ടിൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമ ലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി വർദ്ധിച്ച പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശികതലത്തിലും സംസ്ഥാനതലത്തിലും മത്സ്യത്തൊഴിലാളി നേതാക്കളുടെയും പ്രതിനിധികളുടെയും യോഗം വിളിച്ചു ചേർത്തും ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ജില്ലകളിൽ രൂപീകൃതമായ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വഴിയും മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തുകയും ചെറു മത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നതുവഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്തുവരുന്നുണ്ട്. മത്സ്യസമ്പത്ത് പരിപാലിക്കുന്നതിന്റെ ഭാഗമായി 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽനിന്ന് 52 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് ഉത്തരവാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതല, വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അതിവേഗം പൂർത്തീകരിച്ച് വരികയാണ്. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രധാന ചുമതലകൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെട്ട സികേജ് ഫാമിംഗ് പദ്ധതി അഡാക് മുഖേന നടത്തുന്നതിന് 2016-17 സാമ്പത്തിക വർഷം 1398 ലക്ഷം

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 3 വർഷത്തോളമായിട്ടും പദ്ധതി നിർവ്വഹണ ഏജൻസിയായ അഡാക് മുഖേന ടി പദ്ധതി നടപ്പിലാകാത്തതിനാൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിൽ സീകേജ് ഫാമിംഗ് പദ്ധതി ജനകീയ മത്സ്യകൃഷി സെൽ മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും കേജുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു*.

**മത്സ്യകൃഷി നടത്തുന്ന കർഷകർക്ക് ധനസഹായം**

327(3252) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷി നടത്തുന്നതിനായി ലൈസൻസ് നൽകിയിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) നിലവിൽ ഇത്തരത്തിലുള്ള കർഷകർക്ക് ധനസഹായം നൽകുന്ന ഏതെങ്കിലും പദ്ധതികളുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നീലവിപ്ലവം പദ്ധതി (2017-18) പ്രകാരം സെമി ഇന്റൻസീവ് ഫാമിംഗ് ഓഫ് ഷ്രിംപ് എന്ന പദ്ധതിക്കായി നായരമ്പലം പഞ്ചായത്തിലെ 3 കർഷകർക്കും ജനകീയ മത്സ്യകൃഷി- II പദ്ധതി (2019-20) യിൽ ഉൾപ്പെടുത്തി ഓരുജല സമ്മിശ്ര മത്സ്യകൃഷിക്കായി പള്ളിപ്പുറം, എടവനക്കാട്, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ 3 കർഷകർക്കും ലൈസൻസും ധനസഹായവും നൽകിയിട്ടുണ്ട്. ഇതു കൂടാതെ ജനകീയ മത്സ്യകൃഷി -II പദ്ധതി (2019-20) യിൽ ഉൾപ്പെടുത്തി ഓരുജല സമ്മിശ്ര മത്സ്യകൃഷിക്കായി നായരമ്പലം, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തുകളിലെ 2 കർഷകരെയും സെമി ഇന്റൻസീവ് ഫാമിംഗ് ഓഫ് ഷ്രിംപ് എന്ന പദ്ധതിക്കായി നായരമ്പലം പഞ്ചായത്തിലെ ഒരു കർഷകനെയും ഗുണഭോക്താവായി അംഗീകരിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ രജിസ്ട്രേഷൻ & ലൈസൻസ് നടപടികൾ പുരോഗമിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ മത്സ്യകൃഷിക്കായി ജനകീയ മത്സ്യകൃഷി പദ്ധതി, നീലവിപ്ലവം പദ്ധതി എന്നിവ മുഖേന സീറോ വാട്ടർ ഷ്രിംപ് ഫാമിംഗ് ഓരുജല സമ്മിശ്ര മത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**കല്ലുമ്മക്കായ കൃഷിക്കാർക്ക് വിത്തും അനുബന്ധ സാമഗ്രികളും**

328(3253) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരും പരിസരപ്രദേശങ്ങളിലും വ്യാപകമായ തോതിൽ കൃഷി ചെയ്യുന്ന കല്ലുമ്മക്കായ കൃഷിക്കാർക്ക് വിത്തും അനുബന്ധ സാമഗ്രികളും സൗജന്യ നിരക്കിൽ വിതരണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരും പരിസര പ്രദേശങ്ങളിലും വ്യാപകമായ തോതിൽ കൃഷിചെയ്യുന്ന കല്ലുമ്മക്കായ കൃഷിക്കാർക്ക് വിത്തും അനുബന്ധ സാമഗ്രികളും സൗജന്യ നിരക്കിൽ വിതരണം ചെയ്യാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ പുതുതായി കല്ലുമ്മക്കായ കൃഷി ചെയ്യുന്നവർക്ക് ഒരു യൂണിറ്റ് കല്ലുമ്മക്കായ കൃഷി ചെയ്യുന്നതിന് ആകെ ചെലവിന്റെ 40%(6,000 രൂപ) ധനസഹായം അനുവദിക്കുന്നുണ്ട്. അടുത്ത വർഷം കൃഷിയിറക്കുന്ന തുടർ കൃഷിക്കും പ്രവർത്തന ചെലവിന്റെ 20%(2,000 രൂപ) ധനസഹായം നൽകുന്നതാണ്.

**കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് പ്രവൃത്തികൾ**

329(3254) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ, അവയുടെ പുരോഗതി എന്നിവ വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ വിശദാംശവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഇടക്കൊച്ചി ഗവ.ഫിഷ് ഫാമിലെ വികസന പ്രവർത്തനങ്ങൾ**

330(3255) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി ഗവൺമെന്റ് ഫിഷ് ഫാമിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 28-10-2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണങ്ങളെന്തെന്ന് വിശദമാക്കാമോ;

(സി) ഫിഷ് ഫാമിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടക്കൊച്ചി ഗവൺമെന്റ് ഫിഷ് ഫാമിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-10-2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇടക്കൊച്ചി ഫിഷ് ഫാമിൽ മത്സ്യ വിൽപ്പനയ്ക്കായുള്ള കൗണ്ടർ, ഫാമിൽ തന്നെ നിർമ്മിക്കുന്നതിന് തീരുമാനിച്ചു.
2. മത്സ്യം വാങ്ങാൻ വരുന്നവർക്കും സന്ദർശകർക്കും ഫാമിലേക്ക് കടക്കുന്നതിനായി ഒരു പാലം (പരമാവധി 2 മീറ്റർ വീതി) നിർമ്മിക്കണമെന്ന് തീരുമാനിച്ചു. ആയതിന്റെ എസ്റ്റിമേറ്റെടുക്കുന്നതിനും ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തി. പാലം നിർമ്മാണത്തിന് ബഹു. തൃപ്പൂണിത്തുറ എം.എൽ.എ., ശ്രീ.എം.സ്വരാജ് അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിനായി ശ്രമിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. ഫാമിലേക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് അടിയന്തിരമായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ചെലവ് എം.എൽ.എ. ശ്രീ. ജോൺ ഫെർണാണ്ടസിന്റെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് ലഭ്യമാക്കുന്നതാണെന്ന് എം.എൽ. എ. അറിയിച്ചു.

4. ഇടക്കൊച്ചി ഫാമിലെ കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയിരിക്കുന്ന പ്ലാനിൽ ഓഫീസ് കെട്ടിടം 1000 ചതുരശ്ര അടിയിൽ ഒതുക്കി ടൂറിസം സന്ദർശകർക്ക് അനുയോജ്യമായ രീതിയിൽ മറ്റ് സൗകര്യങ്ങൾക്കായി ടോയ്‌ലെറ്റ്, സന്ദർശക ഹാൾ, കിച്ചൺ എന്നിവ ഉൾപ്പെടുത്തി പുതുക്കിയ പ്ലാൻ, സ്ഥലം സന്ദർശിച്ച് ചർച്ച ചെയ്ത് തയ്യാറാക്കുന്നതിന് ഫിഷറീസ് ഡയറക്ടർ, അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി. ഈ നിർമ്മാണങ്ങൾ അനുമതി ലഭിച്ച 2.2 കോടി രൂപയ്ക്കുള്ളിൽ നടത്തേണ്ടതാണെന്ന് തീരുമാനിച്ചു.

5. സന്ദർശകർക്കായി ഫാമിൽ വിനോദത്തിനായുള്ള സൗകര്യങ്ങൾ (പെഡൽ ബോട്ട്, കരിങ്കൽ ടൈൽ പാകിയ നടപ്പാത, ഇരിക്കുവാനുള്ള ബെഞ്ച്, മഷ്റൂം ഹട്ടുകൾ, ലഘുഭക്ഷണ കൗണ്ടർ മറ്റിനങ്ങൾ) ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

(ബി) ഇടക്കൊച്ചി ഫിഷ് ഫാമിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇടക്കൊച്ചി ഫിഷ് ഫാമിൽ 3 ഘട്ടമായി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നതിൽ 2 ഘട്ടം പൂർത്തീകരിച്ചു. മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. എന്നാൽ ഭരണാനുമതി പ്രകാരമുള്ള തുക ഇല്ലാത്തതിനാൽ 29-10-2018 ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ പ്രകാരം നടപ്പിലാക്കേണ്ട പാലം നിർമ്മാണത്തിനുള്ള 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ബോട്ട് ജെട്ടി, ഫെൻസിംഗ്, അക്വാ ടൂറിസവുമായി ബന്ധപ്പെട്ട് ലാൻഡ്സ്കേപ്പിംഗ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പെടെ 116 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഇടക്കൊച്ചി ഫിഷ് ഫാമിൽ നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ 2020 ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കല്ലാനോട് ഫിഷ് ഹാച്ചറി

331(3256) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയോടനുബന്ധമായി ഇറിഗേഷൻ വകുപ്പ് വിട്ടുതന്ന രണ്ട് ഏക്കർ സ്ഥലത്ത് ടൂറിസം സാധ്യത കൂടി പരിഗണിച്ച് വിപുലമായ ഒരു മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(ബി) അണ്ടർ ഗ്രൗണ്ട് അക്വേറിയം ഉൾപ്പെടെയുള്ള ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ കല്ലാനോട് ശുദ്ധജല മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി ഇറിഗേഷൻ വകുപ്പിന്റെ ഭൂമികൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 11 കോടി രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി ഇറിഗേഷൻ വകുപ്പിൽനിന്നും പ്രസ്തുത സ്ഥലത്തിന്റെ പെർമിസീവ് സാങ്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതി നിർവ്വഹണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) വെള്ളപ്പൊക്കം ബാധിച്ച സ്ഥലമായതിനാൽ അണ്ടർഗ്രൗണ്ട് അക്വേറിയം സ്ഥാപിക്കുന്നതിന് വിശദമായ പഠനങ്ങൾ കൂടി ആവശ്യമാണ്.

## പൂന്തുറയിലെ മത്സ്യത്തൊഴിലാളിക്ക് നഷ്ടപരിഹാരം

332 (3257) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പൂന്തുറയിൽ റ്റി.സി. 69/1532-ൽ താമസിച്ചിരുന്ന വിത്സൺ എന്ന മത്സ്യത്തൊഴിലാളിയുടെ പേരിലുള്ള ബോട്ടും മത്സ്യബന്ധനോപകരണങ്ങളും ഓഖി ദുരന്തത്തിൽ നഷ്ടപ്പെട്ട് ഏഴുപത്തിയഞ്ച് ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന പരാതി ലഭിച്ചിരുന്നോ;

(ബി) ഈ വ്യക്തിക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) വിത്സൺ 22-5-19-ന് ക്യാൻസർ ബാധിതനായി നിര്യാതനായ സാഹചര്യത്തിൽ നഷ്ടപരിഹാരത്തുക അദ്ദേഹത്തിന്റെ ഭാര്യ വിദ്യാ വിത്സണ് നൽകുന്നതിന് അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) പരാതി ലഭിച്ചിരുന്നു. നഷ്ടപരിഹാരം നൽകിയിട്ടില്ല. കേരള അതിർത്തിയിലെ പൊഴിയൂർ തീരപ്രദേശങ്ങളിൽ ശ്രീ.വിൽസണിന്റെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടമായത് സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ നിന്നും ഇത്തരത്തിൽ ഒരു ബോട്ട് പൊഴിയൂർ തീരപ്രദേശത്തു നിന്നും മത്സ്യബന്ധനത്തിന് പോകാറുള്ളതായോ ഓഖി ചുഴലിക്കാറ്റി നോടനുബന്ധിച്ച് കാണാതായതായോ അറിയാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നാണ് പൊഴിയൂർ പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർക്കും ഇങ്ങനെയൊരു മത്സ്യബന്ധന യാനത്തെക്കുറിച്ച് അറിവില്ല. ടിയാന്റെ വള്ളത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ല. കൂടാതെ സംഭവം നടന്നുവെന്ന് പറയപ്പെടുന്നത് തമിഴ്നാട് അധികാര പരിധിയിൽ വരുന്ന നീരോടി കൊല്ലംകോട് ഭാഗത്തായതിനാൽ തുടരന്വേഷണം നടത്തിയിട്ടില്ലെന്ന് വിഴിഞ്ഞം കോസ്റ്റൽ പോലീസും രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ടിയാന്റെ വള്ളം നഷ്ടമായതിന് വ്യക്തമായ തെളിവുകളില്ലാത്തതിനാലും കൂടാതെ രജിസ്റ്റർ ചെയ്യാത്ത വള്ളമായതിനാലുമാണ് ടിയാന് നഷ്ടപരിഹാരം നൽകിയിട്ടില്ലാത്തത്.

**നിലമ്പൂരിൽ ഉൾനാടൻ മത്സ്യഭവൻ**

333 (3258) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ പുതുതായി അനുവദിച്ച ഉൾനാടൻ മത്സ്യഭവൻ എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സ്വന്തം സ്ഥലം കണ്ടെത്തുന്നതുവരെ താൽക്കാലിക കെട്ടിടത്തിൽ ഉൾനാടൻ മത്സ്യഭവൻ ആരംഭിക്കുന്നതിനായി എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 29-10-2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി)നമ്പർ 40/2019/മ.തു.വ. പ്രകാരം നിലമ്പൂർ ഉൾപ്പെട്ട പ്രദേശത്ത് അനുവദിച്ച മത്സ്യഭവന്റെ അധികാരപരിധി നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അധികാര പരിധി നിർണ്ണയിക്കപ്പെട്ട മത്സ്യഭവനുകളിൽ ജീവനക്കാരെ പുനർവിന്യസിച്ച് പ്രവർത്തനം ആരംഭിക്കുന്നതോടൊപ്പം പ്രസ്തുത മത്സ്യഭവന്റെ പ്രവർത്തനവും ആരംഭിക്കുന്നതാണ്.

(ബി) പുതിയതായി നിലമ്പൂർ, ഏറനാട്, പെരിന്തൽമണ്ണ, എന്നീ താലൂക്കുകൾക്കായി രൂപീകരിച്ച 'നിലമ്പൂർ ഉൾനാടൻ മത്സ്യഭവൻ' നിലമ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ ജലസംഭരണികളിൽ മത്സ്യകൃഷി**

334 (3259) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസൂത്രണ സാമ്പത്തിക കാര്യ(ആർ.കെ.ഐ) വകുപ്പ് 13-8-2019-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നമ്പർ 25/2019 ഉത്തരവ് പ്രകാരം, ഫിഷറീസ് വകുപ്പ് ജലസംഭരണികളിൽ മത്സ്യകൃഷി നടത്തുന്നതിന് ആയിരം യൂണിറ്റുകൾക്ക് 3.2 കോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം ജല സംഭരണികളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന വിവരങ്ങൾ ജില്ലാ ഫിഷറീസ് ഓഫീസിൽ നിന്ന് ലഭ്യമാക്കുമോ?

ഉത്തരം

ഈ പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ മത്സ്യകൃഷിക്കുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

**അക്വാപോണിക്സ് പദ്ധതി**

335(3260) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നായരമ്പലം പ്രദേശത്ത് അക്വാപോണിക്സ് പദ്ധതിക്കായി എത്ര പാടങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലൈസൻസ് കാലാവധി പൂർത്തീകരിച്ചതിനുശേഷം പുതുക്കി നൽകാതെ വന്നിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകളെന്നും എന്തു കൊണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ നായരമ്പലം പ്രദേശത്ത് അക്വാപോണിക്സ് പദ്ധതിക്കായി പാടങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

**തൃപ്പൂണിത്തുറ ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം**

336 (3261) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ;

(ബി) ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പൂത്തോട്ട ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 19 ൽ ഉൾപ്പെടുത്തി 145.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ആശുപത്രി കെട്ടിടം ഇതിനോടകം പൂർത്തീകരിക്കുകയും ആശുപത്രിക്കാവശ്യമായ ഫർണിച്ചറും മറ്റുപകരണങ്ങളും ലഭ്യമാക്കി കൈമാറ്റം ചെയ്തിട്ടുമുണ്ട്. ഇതു കൂടാതെ എം.എൽ.എ. ശ്രീ.എം സ്വരാജിന്റെ ആസ്തി വികസന പദ്ധതി 2017-18-ൽ ഉൾപ്പെടുത്തി 45.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ വെർട്ടിക്കൽ എക്സ്റ്റൻഷൻ ഓഫ് സി.എച്ച്.സി. പൂത്തോട്ട എന്ന പ്രവൃത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യ വകുപ്പാണ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്. ഉദയംപേരൂർ ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആവശ്യകത ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാര് നിർമ്മാണം

337 (3262) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര പാരുകളാണ് നിർമ്മിക്കുന്നതെന്നും, അതിനുള്ള കരാർ ആർക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) കൃത്രിമ പാരുകൾ മത്സ്യോല്പാദനത്തിന് എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 ട്രപ്പിസോയിഡൽ ആകൃതിയിലുള്ള കൃത്രിമ പാരുകൾ വീതം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനോടകം തന്നെ പാരുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കടലിൽ ആയവ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി 7 മത്സ്യഗ്രാമങ്ങളിൽ റീഇൻഫോഴ്സ്ഡ് സിമെന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാരുകളും ഒരു മത്സ്യഗ്രാമത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫെറോ സിമന്റ് നിർമ്മിതിയിലുള്ള കൃത്രിമപാരുമാണ് സ്ഥാപിക്കുന്നത്.

(ബി) കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യഗ്രാമങ്ങളിൽ 140 വീതം കൃത്രിമപാരുകൾ ഇതിനോടകം നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ശ്രീ. പ്രദീപ് ആർ.പി. എന്ന ഗവൺമെന്റ് കോൺട്രാക്ടർക്കാണ് കരാർ നൽകിയിട്ടുള്ളത്. മറ്റു രണ്ടു പദ്ധതികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നതേയുള്ളൂ. കോൺട്രാക്ടറെ നിശ്ചയിച്ചിട്ടില്ല.

(സി) പ്രകൃത്യാലുള്ള പാരുകൾ മത്സ്യങ്ങൾക്ക് സംതുലിതമായ ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുകയും അവയുടെ ആഹാര സമ്പാദനത്തിനും പ്രജനനത്തിനും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. ഈ അറിവ് പ്രയോജനപ്പെടുത്തിയാണ് തീരക്കടൽ മത്സ്യസംപുഷ്ടിയ്ക്ക് കൃത്രിമപാരുകൾ സ്ഥാപിക്കുക എന്ന ആശയത്തിന് തുടക്കം കുറിച്ചത്. കടലിന്റെ അടിത്തട്ടിൽ 12 മുതൽ 15 മാർ വരെ ആഴമുള്ളിടത്ത് കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്തമായ പാരിന് സമീപം സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി മത്സ്യത്തൊഴിലാളികളുടെ

സാന്നിദ്ധ്യത്തിൽ നിക്ഷേപിക്കുന്നു. ഈ പാരുകളിൽ ധാരാളം സസ്യപ്ലവകങ്ങളും ജന്തുപ്ലവകങ്ങളും ചേർന്ന ആവാസ വ്യവസ്ഥ രൂപപ്പെടുന്നു. ഇതു ഭക്ഷിക്കുന്നതിനായി ധാരാളം ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേയ്ക്ക് ആകർഷിക്കപ്പെടുകയും മത്സ്യങ്ങളുടെ ഒരു സുരക്ഷിത സങ്കേതമായി മാറുകയും ചെയ്യുന്നു. ഈ കൃത്രിമ ആവാസ വ്യവസ്ഥ മത്സ്യപ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. മത്സ്യലഭ്യത വർദ്ധിക്കുന്നതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നിത്യവൃത്തിക്കായി മത്സ്യം പിടിക്കുന്നതിനും കഴിയുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

338(3263) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-ന് ശേഷം ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന ഏതെല്ലാം പുതിയ പ്രവൃത്തികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-ന് ശേഷം ഭരണാനുമതി നൽകിയതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ഫൈനൽ അപ്രൈസൽ റിപ്പോർട്ട് കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ് ചെറിയഴീക്കൽ | 148.797 |
| 2 | ഗവൺമെന്റ് ടൗൺ അപ്പർ പ്രൈമറി സ്കൂൾ, കരുനാഗപ്പള്ളി. | 230.13 |
| 3 | ജി.എഫ്.എച്ച്.എസ്.എസ്., കുഴിത്തുറ | 175.58 |

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കുലശേഖരപുരം മത്സ്യമാർക്കറ്റ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**കല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ പദ്ധതികൾ**

339(3264) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി അംഗീകാരം നല്കിയ പഴയങ്ങാടി ഫിഷ് മാർക്കറ്റ് നിർമ്മാണം, കണ്ണപുരം ഫിഷ് മാർക്കറ്റ് നിർമ്മാണം, മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടി, കണ്ണപുരം എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ടി പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും അതിൻപ്രകാരം കിഫ്ബി സമർപ്പിച്ച ഫൈനൽ അപ്രൈസലിനുള്ള മറുപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സമർപ്പിച്ചിട്ടുമുണ്ട്. 189.76 ലക്ഷം രൂപ അടങ്കൽ തുകയ്ക്കാണ് പുതുക്കിയ അപ്രൈസൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

## അതിരപ്പിള്ളിയിലെ ആദിവാസി മേഖലയിലെ മത്സ്യബന്ധന തൊഴിലാളികൾ

340 (3265) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്നതിനും സംഭരണ, സംസ്കരണ, വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുവാൻ നിലവിൽ ഫിഷറീസ് വകുപ്പുതലത്തിൽ പദ്ധതികൾ ഇല്ലാത്തതിനാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിവഴി ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

സംഭരണ സംസ്കരണ വിപണന സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് നിലവിൽ സർക്കാർ പദ്ധതികൾ ഇല്ല. ആയതിനാൽ ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതും അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായ ഒരു തൊഴിൽ ലഭ്യമാക്കുന്നതിനായി തനതായ മത്സ്യങ്ങളുടെ പ്രജനന കേന്ദ്രം ഈ മേഖലയിൽ ആരംഭിക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് ഫോറസ്റ്റ് വകുപ്പുമായി സഹകരിച്ച് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

## ഭൂതത്താൻകെട്ട് മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറി

341(3266) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുരികുളം ഭൂതത്താൻകെട്ട് മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഹാച്ചറിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുകയുടെ പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഹാച്ചറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ കുരികുളം ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി, കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മത്സ്യ കുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപ്പന നടത്തിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ 3.20 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ പരിപാലനം നടത്തി കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും സ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്സ് (4 സെ.മീ.) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട്, റിയറിംഗ് പോണ്ട്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നീ സംവിധാനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 11 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യക്കുഞ്ഞുല്പാദനവും വിപണനവും നടത്തിവരുന്നു. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 11 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കാൻ കഴിയുകയുള്ളൂ.

**തുമ്പൂർമുഴിയിൽ ആധുനിക രീതിയിലുള്ള അക്വേറിയം**

342 (3267) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ തുമ്പൂർമുഴിയിലെ വിനോദസഞ്ചാര കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള അക്വേറിയവും, ഫിഷ് സ്പായും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി തുമ്പൂർമുഴിയിലെ വിനോദ സഞ്ചാര കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള അക്വേറിയവും ഫിഷ് സ്പായും നിർമ്മിക്കുന്നതിന് ഫിഷറീസ് വകുപ്പിനെ കാണിച്ച സ്ഥലം സാങ്കേതികമായി അനുയോജ്യമല്ല.

**ചെല്ലാനം മത്സ്യബന്ധന തുറമുഖനിർമ്മാണം**

343(3268) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-1-2018-ലെ മത്സ്യബന്ധന തുറമുഖ വകുപ്പ് 78/2018 ഉത്തരവ് പ്രകാരം 13 കോടിയും 3-1-2018-ലെ 10/2018/മ.തു.വ. ഉത്തരവ് പ്രകാരം നബാർഡ് ധനസഹായ പദ്ധതിയിൽപ്പെടുത്തി 10.37 കോടി രൂപയും അനുവദിച്ച കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 31-01-2018-ൽ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനാണ് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കായി അനുവദിച്ച 10.37 കോടി രൂപയിൽ (1) വാർഫ്, ആക്ഷൻഹാൾ, ഡ്രഡ്ജിംഗ് & റിക്ലമേഷൻ ബണ്ട് നിർമ്മാണം (2) അപ്രോച്ച് റോഡ് (3) റിപ്ലനിഷ്മെന്റ് ഓഫ് ബ്രേക്ക് വാട്ടർ എന്നിങ്ങനെ 3 പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. സ്ഥലമേറ്റെടുക്കുകയും എല്ലാ പ്രവൃത്തികൾക്കും കരാറുകാർക്ക് സൈറ്റ് കൈമാറി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

(ബി&സി) 2019 നവംബർ 11-ന് നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തികുളങ്ങരയിൽ നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ

344(3269) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജക മണ്ഡലത്തിലെ ശക്തികുളങ്ങരയിൽ ഹാർബറിനോട് ചേർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത 84.5 സെന്റ് സ്ഥലത്ത് നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

32.41 ആർ (80.09 സെന്റ്) സ്ഥലമാണ് ശക്തികുളങ്ങര ഹാർബർ വികസനത്തിനോടനുബന്ധിച്ച് ഏറ്റെടുത്തിട്ടുള്ളത്.

ടി സ്ഥലത്ത് എമർജൻസി റെസ്ക്യൂ വാർഫ്, ഡിസാസ്റ്റർ മാനേജ്മെന്റ് ഷെൽട്ടർ കം അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ എന്നിവയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. 12 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് പരിശോധനാ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## ചെറുവത്തൂർ തുറമുഖത്തെ മണൽതിട്ട നീക്കം ചെയ്യാൻ നടപടി

345 (3270) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്ത് ബോട്ടുകൾ അടുക്കുന്നതിന് തടസ്സമായ മണൽതിട്ട നീക്കം ചെയ്യുന്നതിനും കാലവർഷത്തിൽ തുടർച്ചയായുള്ള ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ബോട്ടുകൾക്ക് സുഗമമായി കടലിൽ പോകുന്നതിന് ചാനലിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് 2,98,000 രൂപയ്ക്ക് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ചെറുവത്തൂർ ഹാർബർ ബേസിൻ വളരെ വിസ്താരമേറിയതായതിനാൽ പുഴയുടെ ഒഴുക്ക് കുറഞ്ഞ് മണ്ണടിയുകയും തുരുത്ത് രൂപപ്പെടുകയും ചെയ്യുന്നു. ആയതിനാൽ തുടർച്ചയായി dredging നടത്തേണ്ടി വരും.

**വർക്കല മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവൃത്തികൾ**

346(3271) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വർക്കല മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ എത്രയെണ്ണമാണെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ ഭരണാനുമതി നല്കിയിട്ടുള്ള എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിച്ചവയിൽ പ്രവൃത്തി പൂർത്തിയാക്കാത്തവ ഏതെല്ലാമാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 35 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 8 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 27 പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**പാലക്കോട് പുഴയുടെ അഴിമുഖത്ത് പുലിമുട്ട് നിർമ്മാണം**

347 (3272) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽക്കുനയിൽ തട്ടി ഇടക്കിടെ ബോട്ടുകൾ മറിഞ്ഞ് അപകടം ഉണ്ടാവുന്നതും മത്സ്യബന്ധനയാനങ്ങൾ കരയ്ക്ക് അടുപ്പിക്കാൻ കഴിയാത്തതും കണക്കിലെടുത്ത് ഇതിനൊരു ശാശ്വത പരിഹാരമെന്നനിലക്ക് പുലിമുട്ട് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

പുതിയങ്ങാടിക്ക് സമീപം പാലക്കോട് അഴിമുഖത്ത് റിവർ ട്രെയിനിംഗ് വർക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് CWPRS, പൂനെ മാതൃകാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് അനുസരിച്ച് 210 മീറ്റർ, 365 മീറ്റർ നീളമുള്ള 2 പുലിമുട്ടുകളാണ് നിർമ്മിക്കേണ്ടത്.

അടഞ്ഞ് കിടക്കുന്ന പൊഴികളായ പുതിയങ്ങാടി, ഷിറിയ, അജാനൂർ തുടങ്ങിയ പൊഴിമുഖങ്ങൾ വർഷം മുഴുവനും തുറന്നിരിക്കത്തക്കവിധത്തിൽ റിവർ ട്രെയിനിംഗ് വർക്സ് ചെയ്യുന്നതിനാവശ്യമായ പദ്ധതി പരിഗണനയിലാണ്.

**കശുവണ്ടി പരിപ്പിന് പുതിയ വിപണി കണ്ടെത്തൽ**

348(3273) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിന് പുതിയ വിപണി കണ്ടെത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരുപ്പതി ക്ഷേത്രത്തിന്റെ ആവശ്യത്തിനായി കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും കശുവണ്ടി പരിപ്പ് കയറ്റി അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എത്ര ടൺ കശുവണ്ടി പരിപ്പിനാണ് നിലവിൽ ഓർഡർ ലഭിച്ചതെന്നും എന്ത് നിരക്കിലാണ് വില്പന നടത്തുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. കാപെക്സിന് 5 ടൺ പരിപ്പിന്റെ ഓർഡറും കശുവണ്ടി വികസന കോർപ്പറേഷന് 20 ടൺ കശുവണ്ടി പരിപ്പിന്റെ ഓർഡറുമാണ് ലഭിച്ചിട്ടുള്ളത്. ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് 669 രൂപ നിരക്കിലാണ് വില്പന നടത്തുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയം

### സിവിൽ പോലീസ് ഓഫീസർ നിയമനത്തിലെ അനിശ്ചിതത്വം

മി. സ്പീക്കർ: കെ.എ.പി. കാസർഗോഡ് ബറ്റാലിയനിലേയ്ക്കുള്ള സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് നടത്തിയ പി.എസ്.സി. പരീക്ഷയിൽ ക്രമക്കേട് നടത്തിയവർക്ക് ജാമ്യം ലഭിക്കാൻ ഇടയായതും കുറ്റപത്രം യഥാസമയം സമർപ്പിച്ച് അന്വേഷണം പൂർത്തിയാക്കാത്തതിനാൽ റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനം അനിശ്ചിതമായി നീണ്ടുപോകുന്നതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അനൂപ് ജേക്കബ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ജില്ലയിലെ Kerala Armed Police Battalion സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 22-7-2018-ൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ 1-7-2019-ൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ ഒന്നും രണ്ടും ഇരുപത്തിയെട്ടും റാങ്ക് നേടിയ ഉദ്യോഗാർത്ഥികൾ പരീക്ഷയിൽ ക്രമക്കേട് നടത്തിയെന്ന ആരോപണത്തെത്തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗം പ്രാഥമിക അന്വേഷണം നടത്തി. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് മേധാവിയുടെ ഉത്തരവനുസരിച്ച് ക്രൈംബ്രാഞ്ച് ക്രൈം 429/2019 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്യുകയും ഇന്ത്യൻ പീനൽ കോഡിലേയും ഐ.റ്റി. ആക്റ്റിലേയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തിവരികയുമാണ്.

കേസ് അന്വേഷണത്തിൽ ഒന്നും രണ്ടും മൂന്നും പ്രതികളായ ഉദ്യോഗാർത്ഥികൾ നാലും അഞ്ചും ആറും പ്രതികളുടെ സഹായത്തോടെ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഒന്നു മുതൽ അഞ്ച് വരെ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ആറാം പ്രതി നവംബർ മാസം 5-ാം തീയതി ബഹുമാനപ്പെട്ട കോടതി മുമ്പാകെ കീഴടങ്ങിയിട്ടുള്ളതും ഇയാളെ പോലീസ്

കസ്റ്റഡിയിൽ വാങ്ങി അന്വേഷണം നടത്തുന്നതുമാണ്. ഒന്നു മുതൽ അഞ്ച് വരെയുള്ള പ്രതികൾക്ക് ബഹുമാനപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ജാമ്യം അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കേസിന്റെ അന്വേഷണം സിബി.ഐ.-ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഹർജിയും റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മറ്റൊരു ഹർജിയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസിന്റെ അന്വേഷണത്തിനിടെ ശേഖരിച്ച ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ ശാസ്ത്രീയ പരിശോധന നടന്നുവരികയാണ്. കേസിന്റെ സമഗ്രവും ഊർജ്ജിതവുമായ അന്വേഷണമാണ് നടന്നുവരുന്നത്. കുറ്റക്കാരായ പ്രതികളെ നിയമത്തിന് മുൻപിൽ കൊണ്ടുവരാനുള്ള എല്ലാവിധ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കിക്കൊണ്ട് 6-11-2019-ൽ പബ്ലിക് സർവ്വീസ് കമ്മീഷന് മറുപടി നൽകിയിട്ടുമുണ്ട്. അവശ്യ സർവ്വീസ് എന്ന നിലയിൽ പോലീസ് സേനയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നേരിട്ട ഈ തടസ്സത്തിന് പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം ഉദ്യോഗാർത്ഥികളുടെ ഉത്കണ്ഠയ്ക്ക് പരിഹാരം കണ്ടെത്താനും കഴിയണം. ഭരണഘടനാ സ്ഥാപനമായ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ ആയതിനാൽ സർക്കാരിന് ഇടപെടുന്നതിന് പരിമിതിയുണ്ട്. എന്നിരുന്നാലും റാങ്ക് ലിസ്റ്റിൽനിന്നും പ്രൊവിഷണലായി അഡ്വൈസ് മെമ്മോ നൽകുന്നതിനുള്ള സാധ്യതകൂടി പി.എസ്.സി.-ക്ക് മുൻപിൽ അവതരിപ്പിക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പി.എസ്.സി.-യുടെ വിശ്വാസ്യത ഇന്ന് ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ വിശ്വാസ്യത നിലനിർത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നാണ് സൂചിപ്പിച്ചത്. പക്ഷെ ആ സുതാര്യതയും വിശ്വാസ്യതയും ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ വലിയ രീതിയിലുള്ള ആശങ്കയിലൂടെ കടന്നുപോവുകയാണ്. ഇതിന്റെ വിശ്വാസ്യത കളങ്കപ്പെടാനുള്ള പ്രധാന കാരണം അന്വേഷണം ഇഴഞ്ഞു നീങ്ങുന്നു എന്നതുതന്നെയാണ്. അന്വേഷണം കൃത്യമായ നിലയിലല്ല മുമ്പോട്ട് പോകുന്നത് എന്നുള്ളതുകൊണ്ടാണ് ഇതിലെ മുഖ്യ പ്രതികളായ ശിവരഞ്ജിത്തും നസീമും അടക്കമുള്ളവർക്ക് ജാമ്യം അനുവദിക്കുന്ന സാഹചര്യത്തിലേയ്ക്ക് കോടതി എത്തിച്ചേർന്നത്.

ആഗസ്റ്റ് മാസം ഏഴാം തീയതി കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പത്ര സമ്മേളനത്തിൽ പറയുകയുണ്ടായി. അങ്ങ് ഉദ്ദേശിച്ച കർശ്ശന നടപടി കാരണമാണോ ഈ വ്യക്തികൾക്ക് കുറ്റപത്രം സമർപ്പിക്കാത്തതിന്റെ പേരിൽ സ്റ്റാറ്റ്യൂട്ടറിയായ ജാമ്യം ലഭിക്കുന്ന സാഹചര്യമുണ്ടായത്. കുറ്റപത്രം സമർപ്പിച്ചില്ല എന്നുപറയുമ്പോൾ പോലീസിന്റെ നിഷ്ക്രിയത്വമാണ് അവിടെ വ്യക്തമാകുന്നത്. വളരെ ലാഘവ ബുദ്ധിയോടെ ഈ വിഷയത്തെ പോലീസ് സമീപിച്ചു എന്നുള്ളതുകൊണ്ടാണ് ഇത്രമാത്രം പ്രധാനപ്പെട്ടൊരു കേസിൽ കുറ്റപത്രംപോലും സമർപ്പിക്കാതെ പ്രതികൾക്ക് ജാമ്യം ലഭിക്കാനുള്ള ബോധപൂർവ്വമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ഇതിന്റെ തെളിവുകൾ അവിടെനിന്ന് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. ലഭിച്ച തെളിവുകളുടെ ഫോറൻസിക് റിപ്പോർട്ട് കിട്ടിയിട്ടില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. രണ്ട് മൊബൈൽ ഫോണുകളും ഒരു സ്മാർട്ട് വാച്ചുമാണ് കിട്ടിയിട്ടുള്ളത്. അതിന്റെ ഫോറൻസിക് റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. രണ്ടു മൂന്ന് മാസം കഴിഞ്ഞിട്ടും ഫോറൻസിക് റിപ്പോർട്ടുകൾ കിട്ടിയിട്ടില്ല എന്നതാണ് ക്രൈംബ്രാഞ്ചിന്റെ ഭാഷ്യം.

ഇതിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്ന സന്ദർഭത്തിൽത്തന്നെ വളരെ വ്യക്തമായ അന്വേഷണം വേണമെന്നുള്ള ആവശ്യം ഉയർന്നതാണ്. അങ്ങനെയൊരു അന്വേഷണത്തിന്റെ ആവശ്യമില്ല എന്ന നിലയിൽ അന്നുതന്നെ സർക്കാർ ഇത് തള്ളിക്കളഞ്ഞു. പിന്നീട് പി.എസ്.സി.-യുടെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ (ആഭ്യന്തര വിജിലൻസ് എന്നുള്ളത് അവരുടെ രജിസ്ട്രാറും ഡെപ്യൂട്ടേഷനിൽ വരുന്ന പോലീസുകാരുമുള്ള ഒരു ഇൻഹൗസ് എൻക്വയറി ഏജൻസിയാണ്) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകത്ത് കുറ്റമുണ്ട്, ക്രമക്കേടുണ്ട് എന്ന റിപ്പോർട്ട് പി.എസ്.സി. ചെയർമാന് ലഭിക്കുന്നു. ഈ റിപ്പോർട്ട് ലഭിക്കുന്ന പി.എസ്.സി. ചെയർമാൻ സ്വഭാവികമായും ചെയ്യേണ്ടതെന്താണ്; ആഭ്യന്തരം, വിജിലൻസ് എന്നീ വകുപ്പുകളുടെ റിപ്പോർട്ടുകൾ പോലീസിനോ അല്ലെങ്കിൽ സർക്കാർ നിയോഗിക്കുന്ന ഒരു ഏജൻസിക്കോ കൈമാറണം. അതിനുപകരം അദ്ദേഹം പത്രസമ്മേളനം വിളിച്ച് ഈ ആഭ്യന്തര റിപ്പോർട്ടിന്റെ ഓരോ വിശദാംശങ്ങളും പ്രസിദ്ധീകരിക്കുന്ന സാഹചര്യത്തിലേയ്ക്കാണ് എത്തിയത്. എല്ലാം അവിടെ പ്രസിദ്ധീകരിച്ചു. ഉത്തരങ്ങൾ അയച്ച മൊബൈൽ ഫോണുകൾ, ഉത്തരങ്ങൾ സ്വീകരിച്ച മൊബൈൽ ഫോണുകൾ, ഉത്തരങ്ങൾ വന്ന സമയം. 2 മണിക്കും 2.08 നും ഇടയ്ക്കും 2.15 നും 3.-15 നും ഇടയ്ക്കും ആണ് 98 എസ്.എം.എസ്.കൾ, 76 എസ്.എം.എസ്.കൾ എന്നിവയെല്ലാം വളരെ കൃത്യമായി അദ്ദേഹം പത്ര സമ്മേളനത്തിൽ പറയുകയാണ്. എന്നിട്ട് അദ്ദേഹം

ഒരുകാര്യം കൂടി പറഞ്ഞു, ഇതിനെല്ലാം ശാസ്ത്രീയ പരിശോധന ആവശ്യമാണ്. ഒളിവിലിരുന്ന പ്രതികൾക്ക് ശാസ്ത്രീയമായിത്തന്നെ തെളിവ് നശിപ്പിക്കാനുള്ള അവസരം അദ്ദേഹം ഒരുക്കിക്കൊടുത്തു എന്നാണ് അതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഏറ്റവും ഒടുവിൽ സി.ബി.ഐ. അന്വേഷണം വേണമെന്നുള്ള ആവശ്യം ഞങ്ങൾ ഉന്നയിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അന്നുതന്നെ ഈ വിഷയങ്ങൾ ഉന്നയിച്ചു. സി.ബി.ഐ. അന്വേഷണത്തെ സംബന്ധിച്ചുള്ള ഹർജി കോടതിയുടെ പരിഗണനയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ മറുപടിയിൽ പറഞ്ഞ കാര്യങ്ങളിലൊന്നാണത്. ആ ഹർജിയിന്മേൽ സർക്കാരിന്റെ സമീപനമെന്താണ്; സർക്കാരും പബ്ലിക് സർവ്വീസ് കമ്മീഷനും സി.ബി.ഐ. അന്വേഷണം വേണ്ട എന്നുള്ള സമീപനമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സ്വീകരിച്ചത്. അങ്ങനെ ഹൈക്കോടതിയിൽ സ്വീകരിക്കുന്ന സമയത്ത് ഈ ഹർജിക്കാരനെ സംബന്ധിച്ച് പി.എസ്.സി.-യുടെ ഒരു വാക്യമുണ്ട്. 'ഇയാൾ ഒരു ഉദ്യോഗാർത്ഥിയാണ്, കായികക്ഷമതാ പരീക്ഷയിൽ അദ്ദേഹത്തിന് മുൻപോട്ട് വരാൻ കഴിഞ്ഞില്ല. റാങ്ക് ലിസ്റ്റിൽ ഇടംനേടാൻ കഴിയാത്തതിൽ നിരാശപൂണ്ട് പബ്ലിസിറ്റിക്കുവേണ്ടി സി.ബി.ഐ. അന്വേഷണത്തിനുള്ള ഹർജിയുമായിട്ടാണ് ഹൈക്കോടതിയിൽ വന്നതെന്ന വളരെ ആക്ഷേപ രൂപേണയുള്ള സമീപനമാണ് പി.എസ്.സി. ഹൈക്കോടതിയിൽ സ്വീകരിച്ചത്.

സി.ബി.ഐ. എൻക്വയറിയെ എന്തിനാണ് നിങ്ങൾ ഭയക്കുന്നത്. ഇവിടെ ഹർജിക്കാരന് പ്രതിഷേധമുണ്ടാകും. ഹർജിക്കാരന് മാത്രമാണോ പ്രതിഷേധം? കേരളത്തിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ മനസ്സിലുള്ള പ്രതിഷേധം ഇതുവരെ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ' കഷ്ടപ്പെട്ട് ഉദ്യോഗം കിട്ടാൻ വേണ്ടി പഠിക്കുന്നവരേ, നിങ്ങൾ ഉറക്കമിളച്ച് പഠിക്കാതെ എസ്.എഫ്.ഐ.-യിൽ അംഗത്വമെടുത്താൽ മതി' എന്ന ആക്ഷേപ ട്രോളുകൾ കേരളത്തിൽ ഉയരുമ്പോൾ അത് കേരളത്തിലെ യുവമനസ്സുകളുടെ അരക്ഷിതാവസ്ഥയാണ് സൂചിപ്പിക്കുന്നത്. ആ അരക്ഷിതാവസ്ഥ ഇന്നും നിലനിൽക്കുകയാണ്. അത് മാറണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. അത് മാറണമെന്നുണ്ടെങ്കിൽ കൃത്യവും സത്യസന്ധവുമായ അന്വേഷണം കൊണ്ടുവരാൻ കഴിയണം. അതിന് പോലീസ് അന്വേഷിച്ചാൽ നടക്കുകയില്ല. അതുകൊണ്ടാണ് ഞങ്ങൾ സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെടുന്നത്. ശിവരഞ്ജിത്തിന്റെ കൂടെ നസീമിനും ജാമ്യം ലഭിച്ചു. കക്ഷിയുടെ ഒരു ഫേസ്ബുക്ക് പോസ്റ്റ് കഴിഞ്ഞ ദിവസം കണ്ടു. അതിൽ നസീം പറഞ്ഞിരിക്കുന്നത് 'ഞാൻ ഇനിയും കോപ്പിയടിക്കും. ഇത് എന്റെ മിടുക്കാണ്. 'ഇങ്ങനെ പരസ്യമായിട്ടാണ് ഒരു പ്രതി പ്രതികരിക്കുന്നത്. ഇത് എന്റെ മിടുക്കാണ്, ഞാൻ ഇനിയും വേണമെങ്കിൽ കോപ്പിയടിക്കും. രാഷ്ട്രീയ പിൻബലം ഇല്ലാതെ ഇങ്ങനെയൊരു പരസ്യ പ്രസ്താവന നടത്താൻ ഒരു പ്രതി തയ്യാറാകുമോ?

അക്കാര്യം നിങ്ങൾ ചിന്തിക്കണം. പ്രസ്തുത പോസ്റ്റിനെതിരെ കമന്റ് ചെയ്ത രണ്ടുപേരെ കാര്യമായി കൈകാര്യം ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജും സംസ്കൃത കോളേജുമൊക്കെ പഴയപടിയിൽ തന്നെയാണ് നിൽക്കുന്നത് എന്നല്ലേ ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. കുത്തുകേസ്സിൽ പ്രതിയായ നസീം മോശക്കാരനല്ല. ഇയാൾ പോലീസ് കോൺസ്റ്റബിൾ ശരത്തിനെ യൂണിവേഴ്സിറ്റി കോളേജിന് മുൻപിലിട്ട് തല്ലിയ കേസ്സിലും പ്രതിയാണ്. ശിവരഞ്ജിത്തിനും നസീമിനുമെതിരെ 2 കേസ്സുകളുണ്ട്. കുത്തുകേസ്സിലും പി.എസ്.സി. ക്രമക്കേടിലും ഇവർ പ്രതികളാണ്. ഈ രണ്ടു കേസ്സുകളിലും കുറ്റപത്രം സമർപ്പിക്കാൻ പോലീസിന് കഴിഞ്ഞിട്ടില്ല. സർവ്വകലാശാലയുടെ ഉത്തരക്കടലാസ്സുകൾ, സീലുകൾ, ഔദ്യോഗിക സീലുകൾ തുടങ്ങിയവ ശിവരഞ്ജിത്തിന്റെ വീട്ടിൽനിന്നും പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗവും കേരളത്തിലെ സർവ്വകലാശാലകളുടെ അവസ്ഥയും കഴിഞ്ഞ ദിവസം സഭ ചർച്ച ചെയ്തതാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. ഇത്തരത്തിലുള്ള ക്രമക്കേടുകൾ കാരണം കഷ്ടപ്പെട്ട് പഠിക്കുന്ന വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളും വഞ്ചിതരാകുകയാണെന്ന തിരിച്ചറിവ് ഗവൺമെന്റിനുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്വേഷണം കൃത്യമായി മുന്നോട്ട് കൊണ്ടുപോയേ മതിയാകുകയുള്ളൂ. 2 സ്മാർട്ട് വാച്ചുകൾ, 2 മൊബൈൽ ഫോണുകൾ, പരീക്ഷാസമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഇൻവിജിലേറ്റർമാരുടെ പങ്കാളിത്തം, പി.എസ്.സി. ഉദ്യോഗസ്ഥരുടെ പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളെല്ലാം കണ്ടെത്താനുണ്ട്. പോലീസിന്റെ ഭാഗത്തു നിന്നുള്ള വീഴ്ച തുടക്കം മുതലേ ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഗോകുൽ എന്ന പോലീസ് ഉദ്യോഗസ്ഥനാണ് പ്രതികൾക്ക് ഉത്തരങ്ങൾ അയച്ചുകൊടുത്തതെന്ന് അയാൾ തന്നെ പറയുന്നുണ്ട്. എന്നിട്ട് പോലീസ് അയാളെ കസ്റ്റഡിയിലെടുത്തോ? അയാളെ കസ്റ്റഡിയിലെടുക്കുന്നതിന് പകരം അയാൾ ഒളിവിൽ പോകുന്ന സാഹചര്യമുണ്ടാക്കി. ഇന്നലെ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് വന്നു. പി.എസ്.സി.-ക്കും, ഗവൺമെന്റിനും അയച്ചിരിക്കുന്ന റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് There is no mass copying and there is no leakage of Question Paper എന്നാണ്. ക്വസ്റ്റ്യൻ പേപ്പർ ലീക്ക് ആയിട്ടില്ല എന്നാണ് എ.ഡി.ജി.പി.യുടെ ഇന്നലെ വന്ന റിപ്പോർട്ടിലുള്ളത്. ക്വസ്റ്റ്യൻ പേപ്പർ ലീക്കാകാതെ ശൂന്യതയിൽ നിന്നാണോ ഗോകുൽ എന്ന പോലീസുകാരൻ ഉത്തരങ്ങൾ കൈമാറിയത്. എന്തടിസ്ഥാനത്തിലാണ് എ.ഡി.ജി.പി. ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കിയത്. അതിനകത്ത് അധികവും സാഹിത്യം കലർന്ന മറുപടിയാണ്. Investigation of the case is in the right path without any lapse or prejudice with utmost sincerity. ഒരു കാര്യം കൂടി

എഴുതിച്ചേർത്തിട്ടുണ്ട്, without any undue delay, the investigation will be concluded. അപ്പോൾ വ്യക്തമായല്ലോ, ഞങ്ങൾ സംശയിക്കുന്ന രീതിയിലേയ്ക്ക് തന്നെ കാര്യങ്ങൾ എത്തുന്നു. ഈ മൂന്ന് പേരിൽ എല്ലാം ഒതുക്കി വച്ചുകൊണ്ട്, ഇതിന്റെ യഥാർത്ഥ പ്രതികളെ സംരക്ഷിക്കാനുള്ള നടപടികളിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. ഇത് ഒരു റാക്കറ്റാണ്. ശിവരഞ്ജിത്തിലോ നസീമിലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഒന്നോ രണ്ടോ പ്രതികളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വിഷയമായി ഇതിനെ ഗവൺമെന്റ് കണക്കാക്കേണ്ട. ഇതിന്റെ പിന്നിൽ വലിയൊരു റാക്കറ്റുണ്ട്. ആ റാക്കറ്റിനെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാൻ കഴിയണം. ആറര ലക്ഷം പേർ എഴുതിയ ഒരു പരീക്ഷയായിരുന്നു ഇത്. 10900 പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ ലിസ്റ്റിലുള്ള നിയമനങ്ങൾ നീണ്ടുപോകുകയാണ്. ക്രൈംബ്രാഞ്ചിന്റെ റിപ്പോർട്ടനുസരിച്ച് മറ്റുള്ളവരെ നിയമിക്കാമായിരിക്കാം. ഇതിനകത്തുള്ള എല്ലാപേരും ക്രമക്കേട് നടത്തിയെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷെ ഇതിലെ പ്രതികളടക്കമുള്ളവരെ നിയമത്തിന് മുൻപിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇഷ്ടക്കാരായ കുറച്ചുപേരെ പി.എസ്.സി. വഴി തിരുകിക്കയറ്റാനുള്ള ശ്രമമാണ് നടക്കുന്നതെങ്കിൽ അതിനെ അംഗീകരിച്ചു കൊടുക്കാൻ കഴിയില്ല. ഈ വിഷയത്തിൽ കേരളത്തിലെ പൊതു സമൂഹത്തിനുണ്ടായിരിക്കുന്ന ആകുലതകൾ വലുതാണ്. യുവ മനസ്സുകളിലുണ്ടായിരിക്കുന്ന പ്രതിഷേധം വളരെ വലുതാണ്. ഉദ്യോഗാർത്ഥികളെ വഞ്ചിക്കുന്ന സമീപനമാണ്. ഇതു സംബന്ധിച്ചുള്ള വ്യക്തവും സത്യസന്ധവുമായ അന്വേഷണം സി.ബി.ഐ.-ക്ക് മാത്രമേ നടത്താൻ സാധിക്കൂ. അതിലൂടെ മാത്രമേ കൃത്യമായ കാര്യങ്ങൾ പുറത്തു വരികയുള്ളൂ. അതിനാൽ ഗവൺമെന്റ് ദുരഭിമാനം വെടിയണം. ഭരണഘടനാസ്ഥാപനമെന്ന് അങ്ങും നമ്മളുമെല്ലാം ആവർത്തിച്ച് പറയുമ്പോൾ, പി.എസ്.സി.-യുടെ വിശ്വാസ്യതയെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് നമ്മൾ പ്രസംഗിക്കുമ്പോൾ ആ വിശ്വാസ്യത നിലനിർത്തണമെന്നുണ്ടെങ്കിൽ കൃത്യവും സത്യസന്ധവുമായ അന്വേഷണം വേണം. അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സർക്കാരിന്റെ സമീപനം തികച്ചും പ്രതിഷേധാർഹമാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ പൊതുജന താൽപ്പര്യാർത്ഥം, പൊതുസമൂഹം ഏറെ വീക്ഷിക്കുന്ന വിഷയമെന്ന നിലയിൽ ഇതിന്റെ എല്ലാ ഭാഗങ്ങളും ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട് ഗൗരവമായ അന്വേഷണം തന്നെയാണ് നടന്നിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് എല്ലാ പ്രതികളെയും പിടികൂടാനായത്. ഈ കേസ് നമ്മുടെ സംസ്ഥാനത്തെ

പി.എസ്.സി.-യുടെ സൽപ്പേരിനെ ബാധിച്ച ഒന്നാണെന്നുള്ളതുകൊണ്ടുതന്നെ അതീവ ഗൗരവമായാണ് സർക്കാർ കണ്ടിട്ടുള്ളത്. അതിന്റെ ഫലമായി പ്രതികളെ പോലീസ് പിടികൂടുകയും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്തു. അതിൽ പോലീസ് വിചാരിച്ചാൽ വേഗത കൂട്ടാൻ കഴിയാത്ത ഒരു പ്രശ്നമുണ്ട്. ഫോറൻസിക് റിപ്പോർട്ട് കിട്ടണമായിരുന്നു. റിപ്പോർട്ട് ലഭിക്കുന്നതിന് വന്ന കാലതാമസമാണ് ഒരു ഭാഗം. ഈ അന്വേഷണം വേഗത്തിൽ പൂർത്തീകരിക്കാൻ തന്നെയാണ് പോലീസ് നടപടികൾ നീക്കിക്കൊണ്ടിരിക്കുന്നത്. കോടതി ജാമ്യം അനുവദിച്ചുവെന്ന് പറയുമ്പോൾ ഈ രണ്ടുമാസത്തിനുള്ളിൽ ചാർജ്ജ് ഷീറ്റ് കൊടുത്തില്ല എന്നത് മാത്രമല്ല കാരണമായി വരുന്നത്. അത് കോടതിക്ക് ബോധ്യപ്പെട്ടതിനാലാണ് പ്രതികൾക്ക് ജാമ്യം അനുവദിക്കുന്ന അവസ്ഥ ഉണ്ടായിട്ടുള്ളത്. ഇപ്പോഴും ഫോറൻസിക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതോടൊപ്പം ഗൗരവമായി പോലീസ് അന്വേഷണം നടക്കുന്നുവെന്നുള്ളതുകൊണ്ടും പോലീസിന് ഇതിന്റെ ഭാഗമായി ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളതുകൊണ്ടും വേറൊരു ഏജൻസിയുടെ അന്വേഷണം ആവശ്യമില്ല. ഇപ്പോൾ ക്രൈംബ്രാഞ്ചാണ് അന്വേഷിക്കുന്നത്. നല്ല രീതിയിൽ അന്വേഷിക്കാനുള്ള ശേഷി ക്രൈംബ്രാഞ്ചിനുണ്ട്. ആ അന്വേഷണം ഒരു ലാഘവത്വവുമില്ലാതെ തന്നെ നടക്കും. അതിലൊരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല. അതുകൊണ്ടുതന്നെ ഈ കേസ് സി.ബി.ഐ. അന്വേഷിക്കേണ്ട ആവശ്യം വരുന്നില്ല. സി.ബി.ഐ.-യുടെ ഭാഗമായി എന്തെങ്കിലും പ്രത്യേകമായി കണ്ടെത്തേണ്ട കാര്യങ്ങൾ ഇതിനകത്ത് ഉൾക്കൊള്ളുന്നുമില്ല. മറ്റു കാര്യങ്ങൾ ഹൈക്കോടതിയുടെ മുന്നിലുള്ളതാണ്. അത് ഹൈക്കോടതിയുടെ അന്തിമ തീരുമാനത്തിന് നമുക്ക് വിടാം. സർക്കാരിന്റെ അഭിപ്രായം സി.ബി.ഐ. അന്വേഷണം ആവശ്യമില്ലെന്നുള്ളത് തന്നെയാണ്. ഇവിടെ പ്രതിയായിട്ടുള്ള നസീമിന്റെ പ്രസ്താവന അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതികരണം പരസ്യമായി വന്നിട്ടുണ്ട്. അതിനോടൊന്നും പൊതുസമൂഹത്തിന് യോജിപ്പില്ല. പോലീസ് അദ്ദേഹത്തിനെതിരെ നടപടികൾ സ്വീകരിച്ച വരികയാണ്. അയാൾക്ക് എന്തെങ്കിലും തരത്തിലുള്ള സംരക്ഷണമോ ഈ കുറ്റകൃത്യങ്ങളിൽ ലാഘവത്വം കൊടുക്കുകയെന്നുള്ള സമീപനമോ പോലീസ് സ്വീകരിച്ചിട്ടില്ല. ഇത്തരമൊരു വൈകൃതം കാണിക്കാൻ തയ്യാറായ ഒരാൾ അദ്ദേഹത്തിന്റെ സ്വഭാവമനുസരിച്ചുള്ള ഒരു പ്രതികരണം നടത്തിയെന്നുള്ളതാണ് നാം അതിൽ കാണേണ്ടത്. അത് ഏതെങ്കിലും രാഷ്ട്രീയ പരിരക്ഷയുടെ ഭാഗമാണെന്ന് ആരോപിക്കേണ്ടതായിട്ടില്ല. ഒരു രാഷ്ട്രീയ പരിരക്ഷയും ഇത്തരമാളുകൾക്കില്ല. കുറ്റവാളികൾ കുറ്റവാളികൾ തന്നെയാണ്. കുറ്റവാളികളെ കുറ്റവാളികളായാണ് കാണുക. അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

നമ്മുടെ സംസ്ഥാനത്ത് പി.എസ്.സി. പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾ ഏതെങ്കിലും തരത്തിൽ ആശങ്കാകുലരാകാൻ പാടില്ലെന്നതാണ് സർക്കാരിന്റെ അഭിപ്രായം. അവരുടെ ആശങ്കയ്ക്ക് പരിഹാരം കാണുകയെന്നത് ഏറ്റവും പ്രധാനമാണ്. ഈ പ്രത്യേക പരീക്ഷ എഴുതിയവർക്ക് ലഭിക്കേണ്ട ജോലിയുമായി ബന്ധപ്പെട്ട് കുറച്ച് ആശങ്ക ഇപ്പോൾ അവരിൽ നിലനിൽക്കുന്നുണ്ട്. ആ ആശങ്കയ്ക്ക് പരിഹാരം കാണണമെന്നതന്നെയാണ് സർക്കാരും ആഗ്രഹിക്കുന്നത്. അത് എങ്ങനെയെന്ന് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ഒന്നോ, രണ്ടോ, മൂന്നോ, നാലോ, അഞ്ചോ ആളുകൾ തെറ്റ് ചെയ്തതിന്റെ പേരിൽ തെറ്റ് ചെയ്യാത്ത മറ്റുള്ള ഉദ്യോഗാർത്ഥികളാകെ ശിക്ഷിക്കപ്പെടുന്ന അവസ്ഥ ഉണ്ടായിക്കൂടാ എന്നു തന്നെയാണ് സർക്കാരിനും വ്യക്തമാക്കാനുള്ളത്. ഒരു കാര്യം മാത്രമാണ് പറയാനുള്ളത്. കുറ്റവാളികൾക്കെതിരെ കർക്കശമായ നടപടിയും ഫലപ്രദമായ കേസ്സന്വേഷണവും തുടരും. എല്ലാവരെയും നിയമത്തിന്റെ കരങ്ങളിൽ ഭദ്രമായി ഏൽപ്പിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് ശിക്ഷ ഉറപ്പാക്കുന്ന നടപടികളിലേയ്ക്ക് നീങ്ങുകയും ചെയ്യും. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, യൂണിവേഴ്സിറ്റി കോളേജിൽ കുത്തുകേസ് ഉണ്ടായപ്പോൾ അങ്ങ് ഒരു ഫേസ്ബുക്ക് പോസ്റ്റിട്ടിരുന്നു. " നിങ്ങളുടെ ദുർഗന്ധം ചരിത്രത്തിലെ അക്ഷരത്തെറ്റുകൾ തന്നെയാണ്. ലജ്ജാഭാരം കൊണ്ട് എന്റെ ശിരസ്സ് പാതാളത്തോളം താഴുന്നു' എന്നാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ശിരസ്സ് പാതാളത്തിനപ്പുറത്തേയ്ക്ക് ഇപ്പോഴും താഴ്ന്നുകൊണ്ടിരിക്കുകയാണ്. കാരണം, ചരിത്രത്തിലെ അക്ഷരത്തെറ്റുകൾക്ക് സംരക്ഷണം നൽകുകയാണ് ഈ സർക്കാർ. തട്ടിപ്പുകാർക്ക് കൂട്ടുനിൽക്കുകയാണ്. 'ശക്തമായ നടപടി സ്വീകരിക്കും, നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരും, ഒരാളെയും രക്ഷപ്പെടാൻ സമ്മതിക്കില്ല' എന്നെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏത് കേസ് വന്നാലും പറയുന്നതാണ്. ഇത് കേട്ടുകേട്ട് ഞങ്ങളുടെ ശിരസ്സ് താഴ്ന്നുകൊണ്ടിരിക്കുകയാണ്. 60 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാത്തതിനാൽ പ്രതികൾക്ക് ജാമ്യം കിട്ടി പുറത്തിറങ്ങി ഇപ്പോൾ അവർ ആളുകളെ വെല്ലുവിളിക്കുകയാണ്. എന്നിട്ടും ശക്തമായ നടപടി സ്വീകരിക്കുമെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയാണ്. എന്തുകൊണ്ടാണ് ഇവർക്ക് ബഹുമാനപ്പെട്ട കോടതി ജാമ്യം കൊടുത്തത്? ജാമ്യം കൊടുത്തത് മറ്റുകാരണങ്ങൾ കൊണ്ടൊന്നുമല്ല. സാധാരണ കോടതി നടപടികൾ (Jurisprudence) അറിയാവുന്ന ഒരു വ്യക്തിക്ക് ഇതിനുള്ള കാരണം പറയാൻ സാധിക്കും. കോടതിയിൽ കുറ്റപത്രം സമർപ്പിക്കാത്ത അവസരത്തിൽ ഗ്രേവ് ഒഫൻസാണെങ്കിൽ 90 ദിവസത്തിനുള്ളിലും ലൈറ്റർ ഒഫൻസാണെങ്കിൽ 60 ദിവസത്തിനുള്ളിലും പ്രതികൾക്ക് ജാമ്യം കൊടുക്കും. കേരള പി.എസ്.സി.-യുടെ വിശ്വാസ്യത ചോർത്തിയ ഇത്രയും ഗുരുതരമായ സംഭവമുണ്ടായിട്ടും ആ പ്രതികൾക്ക് ജാമ്യം കിട്ടത്തക്ക നിലയിലുള്ള അവസ്ഥ ഉണ്ടാക്കിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയുടെ പോലീസല്ലേ; അങ്ങ് എന്തിനാണ് അത് മറച്ചു വയ്ക്കുന്നത്? കുറ്റപത്രം സമർപ്പിക്കാത്ത പോലീസുകാർക്കെതിരെ നടപടിയെടുക്കുമോയെന്ന് അങ്ങ് മറുപടി പറയണം. അല്ലാതെ അവരെ പൊതിഞ്ഞ് സംരക്ഷിക്കുകയല്ല ചെയ്യേണ്ടത്. അവിടെയാണ് ഈ സംരക്ഷണത്തിന്റെ പ്രശ്നം വരുന്നത്. എന്റെ കയ്യിലുള്ളത് ഒരു പത്രവാർത്തയാണ്. 'നസീമിന്റെ ഫേസ്ബുക്ക് പോസ്റ്റിനെതിരെ പ്രതികരിച്ചതിന് രണ്ടുപേർക്ക് മർദ്ദനം, മർദ്ദനമേറ്റത് മുൻ യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥിക്കും സുഹൃത്തിനും. പാർട്ടിക്കാരുടെ ഭീഷണിയിൽ കേസ് വേണ്ടെന്ന് വച്ചു.' നസീമിന് മാനസികമായ വൈകൃതമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. ഇത്രയും വലിയ ക്രൂരകൃത്യം ചെയ്ത ഒരാൾ ഇതല്ല, ഇതിനപ്പുറവും ചെയ്യുമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഫേസ്ബുക്ക് പോസ്റ്റിനെതിരെ കമന്റ് വന്നപ്പോൾ, ആ കമന്റ് ഇട്ട രണ്ടുപേരെ ഇയാൾ ഭീകരമായി മർദ്ദിച്ചു. എന്നിട്ടും ഒരു നടപടിയുമെടുത്തില്ല, കേസുമില്ല. പാർട്ടിക്കാർ ഇടപെട്ട് സമ്മർദ്ദം ചെലുത്തി കേസ് വേണ്ടെന്നുവച്ചു എന്നാണ് പത്രവാർത്തയിലുള്ളത്. അപ്പോൾ ആരുടെ സംരക്ഷണയിലാണുള്ളത്? ഹീനമായ കുറ്റത്തിന് പിടിയിലായ പ്രതി ജാമ്യത്തിലിറങ്ങി താൻ ഇതിനെല്ലാം കഴിവുള്ളവനാണെന്ന് കാണിക്കുന്നു. ഒരു ജേതാവിന്റെ മട്ടും ഭാവവുമാണ് അയാൾക്കുള്ളത്. ഇത് എങ്ങനെയുണ്ടാകുന്നു? ഒരു സംരക്ഷണവും കൊടുക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. രണ്ടുപേർക്ക് മർദ്ദനമേറ്റിട്ടും അയാൾക്കെതിരെ കേസ്സില്ലാത്തത് സംരക്ഷണം ഉള്ളതുകൊണ്ടല്ലേ; അല്ലെങ്കിൽ മർദ്ദനമേറ്റാൽ സ്വാഭാവികമായും കേസ് ഉണ്ടാകണ്ടേ? "തോൽക്കാൻ മനസ്സില്ലെന്ന് ഞാൻ മനസ്സിൽ കുറിച്ച ദിവസമായിരുന്നു, ഞാൻ ആദ്യമായി വിജയിച്ചത്.'' എന്നിങ്ങനെയും നസീം തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ എഴുതിയിരിക്കുന്നു. നസീം തോറ്റു കാണില്ല, പക്ഷെ കേരളത്തിലെ ആയിരക്കണക്കിന് വരുന്ന ഉദ്യോഗാർത്ഥികൾ തോറ്റുപോയി. ഉറക്കമിളച്ചിരുന്ന് പഠിച്ച് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ വരാൻ വേണ്ടി കാത്തിരിക്കുന്ന പാവപ്പെട്ട ചെറുപ്പക്കാർ തോറ്റുപോയ ദിവസമായിരുന്നു.

കേരളത്തിലെ ഏറ്റവും വലിയ വിശ്വാസ്യതയുള്ള സ്ഥാപനമായിരുന്നു പബ്ലിക് സർവ്വീസ് കമ്മീഷനെന്ന് എല്ലാവർക്കും അറിയാം. ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ആശാകേന്ദ്രമായ ഒരു സ്ഥാപനത്തിനുനേരെ ഇത്രയും വലിയ ആക്ഷേപം ഉയർന്നുവന്നിട്ടും അതിൽ പ്രധാന പ്രതികളായിട്ടുള്ള ആളുകൾക്ക് ജാമ്യം കൊടുക്കാനുള്ള അവസരം ഉണ്ടാക്കിയ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ജനങ്ങൾക്ക് നീതി പ്രതീക്ഷിക്കാൻ കഴിയുമോ? പ്രസ്തുത റാങ്ക് ലിസ്റ്റിൽപ്പെട്ട മറ്റാളുകളെല്ലാം കുറ്റക്കാരാണെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. പരീക്ഷ എഴുതി പാസ്സായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികളെ ബുദ്ധിമുട്ടിക്കണമെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. ശരിയായ നിലയിൽ പരീക്ഷ എഴുതി വന്നവരുണ്ട്. ഈ സംഭവമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 25-7-2019-ലെ പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യം ഞാൻ വായിക്കാം." പരീക്ഷാ ക്രമക്കേട്, ഉന്നതതല അന്വേഷണത്തിനുള്ള ആവശ്യം മുഖ്യമന്ത്രി തള്ളി, യൂണിവേഴ്സിറ്റി കോളേജ് വിഷയത്തിൽ അന്വേഷണം നടക്കുകയാണ്. അതിന്റെ ഭാഗമായി കൂടുതൽ കാര്യങ്ങൾ വരുന്നുണ്ടെങ്കിൽ മാത്രമേ ക്രൈംബ്രാഞ്ച് അന്വേഷണം തുടരേണ്ടതുള്ളൂ. പി.എസ്.സി.-യുടെ കാര്യത്തിൽ അന്വേഷിക്കാൻ ഒന്നുമില്ല." പി.എസ്.സി.-യുടെ കാര്യത്തിൽ എന്താണ് അന്വേഷിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രക്കാരോട് ചോദിച്ചു. 'പ്രതിപക്ഷമുണ്ടാക്കുന്നതാണ്, പ്രതിപക്ഷമാണ് അനാവശ്യമായി പി.എസ്.സി.-യുടെ വിശ്വാസ്യത ഇടിച്ചുതകർക്കാൻ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി 31-8-2019 -ൽ പുറപ്പെടുവിച്ച ഉത്തരവാണ് എന്റെ കയ്യിലുള്ളത്. " ഈ കേസിൽ കുറ്റകൃത്യം നടപ്പാക്കിയ രീതി നോക്കിയാൽ സമീപകാല നിയമനങ്ങളെക്കുറിച്ചെല്ലാം അന്വേഷണം വേണം." അനർഹർക്ക് പി.എസ്.സി. വഴി നിയമനം കിട്ടുന്നില്ലെന്ന് ഉറപ്പാക്കാൻ നിഷ്പക്ഷ അന്വേഷണം ആവശ്യമാണെന്ന് വാദത്തിനിടയിൽ കോടതി പറഞ്ഞു. എന്നാൽ പ്രതിപക്ഷം അനാവശ്യമായുണ്ടാക്കുന്ന കോലാഹലങ്ങളാണെന്നും പി.എസ്.സി.-യുടെ വിശ്വാസ്യത തകർക്കാൻ ശ്രമിക്കുകയാണെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഇത് പറഞ്ഞതിന്റെ അടുത്തയാഴ്ചയാണ് നിഷ്പക്ഷവും നീതി പൂർവ്വവുമായ അന്വേഷണം വേണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. യൂണിവേഴ്സിറ്റി കുത്തുകേസ് ഉണ്ടായ സമയത്ത് അന്നത്തെ ഡി.ജി.പി. പറഞ്ഞത് ക്രൈംബ്രാഞ്ച് ഈ കേസ് അന്വേഷിക്കുമെന്നാണ്. ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ ആവശ്യമില്ല എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അപ്പോൾ യൂണിവേഴ്സിറ്റി കുത്തുകേസിലെ പ്രതികൾക്കെതിരെ ക്രൈംബ്രാഞ്ച് അന്വേഷണം വേണമെന്ന ഡി.ജി.പി.-യുടെ വാദത്തെപ്പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

തള്ളിക്കളയുന്നു. ഈ നടപടി ആരെ സംരക്ഷിക്കാൻ വേണ്ടിയാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം കോടതി നിരാകരിച്ചു. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമെന്നാണ് കോടതി പറഞ്ഞത്. ശ്രീ. ടോമിൻ ജെ. തച്ചങ്കരി പുറത്തുവിട്ട റിപ്പോർട്ടാണിത്. ഞങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ദിവസമായതുകൊണ്ട് അദ്ദേഹം ഇന്നുതന്നെ റിപ്പോർട്ട് പുറത്തുവിടണമല്ലോ. ഈ റിപ്പോർട്ടിനകത്ത് ഒന്നുമില്ല, വെള്ളപൂശാനുള്ള ഒരു റിപ്പോർട്ട് മാത്രമാണിത്. പ്രതികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള റിപ്പോർട്ടാണ്. ഈ കേസിൽ കുടുങ്ങിയിട്ടുള്ള മറ്റ് പി.എസ്.സി. ഉദ്യോഗസ്ഥരും ഒരു പോലീസുകാരനുമുണ്ട്. ഈ മൂന്ന് പേർ മാത്രം വിചാരിച്ചാൽ ഇങ്ങനെയൊരു ക്രമക്കേട് നടത്താൻ കഴിയില്ല. അവരെപ്പറ്റിയൊന്നും പരാമർശിക്കാത്ത റിപ്പോർട്ടാണിത്. പരീക്ഷാ പേപ്പർ ചോർന്നില്ല എന്നുപറയുന്നു. അത് അദ്ദേഹത്തിന് എങ്ങനെ അറിയാം? കേസിലെ അന്വേഷണം തീർന്നിട്ടില്ല. ഫോറൻസിക് പരിശോധന നടത്താനുണ്ട്. ഫോറൻസിക് പരിശോധന നടത്തി ഫലം ലഭിക്കാൻ ആറുമാസമെങ്കിലുമെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ. ഫോറൻസിക് പരിശോധനയ്ക്ക് കൊടുത്താൽ അതിന്റെ പ്രയോരിറ്റിയനുസരിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസിലെ പ്രതിയായ വ്യക്തിയുടെ വീട്ടിൽ നിന്നും യൂണിവേഴ്സിറ്റി പരീക്ഷയുടെ പ്ലെയിനായിട്ടുള്ള ഉത്തരക്കടലാസ്സുകൾ കണ്ടെത്തി. ആ പ്ലെയിനായിട്ടുള്ള ഉത്തരക്കടലാസ്സുകളും സീലും എങ്ങനെ അവിടെ എത്തിയെന്ന് അന്വേഷിക്കണ്ടേ? ബഹുമാനപ്പെട്ട സ്പീക്കർ, യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസിൽ അങ്ങയുടെ ശിരസ്സ് താഴ്ന്നുപോയ ആ സംഭവത്തിൽ ഇന്നുവരെ ഒരന്വേഷണവും നടക്കുന്നില്ല. എല്ലാ അന്വേഷണവും അട്ടിമറിച്ചിരിക്കുകയാണ്. ക്രൈംബ്രാഞ്ച് അന്വേഷണമുൾപ്പെടെ ഒരന്വേഷണവും നടക്കുന്നില്ല. മാത്രമല്ല, പി.എസ്.സി.യുടെ വിശ്വാസ്യതയെ സംരക്ഷിക്കാനുള്ള ഒരു നടപടിയുമെടുക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണമില്ലെന്ന് പറഞ്ഞതിനുശേഷമാണ് പി.എസ്.സി.-യുടെ ഇന്റേണൽ വിജിലൻസ് അന്വേഷണമുണ്ടായത്. അവരാണ് ഇത് കണ്ടെത്തുന്നത്. അവർ പറഞ്ഞതിന്റെ പേരിലാണ് ക്രൈംബ്രാഞ്ച് അന്വേഷണം വരുന്നത്. ഈ അന്വേഷണത്തിലൊന്നും ഞങ്ങൾക്ക് വിശ്വാസമില്ല. ഇത് പ്രതികളെ സംരക്ഷിക്കാനുള്ള നീക്കങ്ങൾ മാത്രമാണ്. പ്രതികളുടെ രാഷ്ട്രീയമായ allegiance മനസ്സിലാക്കിക്കൊണ്ട് അവരെ സംരക്ഷിക്കാൻ വേണ്ടിയുള്ള നീക്കമായി മാത്രമേ നമുക്കിതിനെ കാണാൻ കഴിയൂ. എ.ഡി.ജി.പി. ശ്രീ. ടോമിൻ ജെ. തച്ചങ്കരിയുടെ റിപ്പോർട്ട് പരിശോധിച്ചാൽ നമുക്കത് വ്യക്തമാകുന്ന കാര്യമാണ്. പ്രതികളെ സംരക്ഷിക്കാൻ അവർക്ക് ജാമ്യം

ലഭ്യമാകുന്നു. അവരെപ്പറ്റിയുള്ള അന്വേഷണങ്ങൾ നടക്കുന്നില്ല. അതുപോലെ ഉത്തരക്കടലാസ്സുകൾ പ്രതികളുടെ വീട്ടിൽ നിന്നും കിട്ടിയതിനെപ്പറ്റിയോ സീലിനെപ്പറ്റിയോ അന്വേഷണമില്ല. ഒരുതരത്തിലുള്ള അന്വേഷണവും നടക്കുന്നില്ല. യൂണിവേഴ്സിറ്റി കോളേജ് ഇപ്പോൾ പഴയ സ്ഥിതിയിലേയ്ക്ക് വീണ്ടും വരികയാണ്. അവിടെ നടക്കുന്ന സ്പോട്ട് അഡ്മിഷൻ വളരെ ഗുരുതരമായ പ്രശ്നമാണ്. ആർക്കുവേണമെങ്കിലും അഡ്മിഷൻ ലഭിക്കും; ആർക്കുവേണമെങ്കിലും പരീക്ഷയെഴുതി അവിടെ നിന്നും ജയിക്കാൻ കഴിയും. ഒരു തകരാറുമില്ല. ഫ്രീയായി കോപ്പിയടിക്കാനുള്ള ഒരു സോണായി അത് മാറിയിരിക്കുകയാണ്. ഇങ്ങനെയൊക്കെ ഒരു കലാലയം പ്രവർത്തിച്ചുകഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ നിലയെന്താകും?

മധ്യപ്രദേശിലുണ്ടായ വ്യാപം കുംഭകോണത്തെപ്പോലെ ഏറ്റവും വലിയ ഒരു പരീക്ഷാതട്ടിപ്പാണ് ഇവിടെ നടന്നത്. ഞങ്ങളാരും പി.എസ്.സി.-യുടെ വിശ്വാസ്യതയെ തകർക്കാൻ ആഗ്രഹിക്കുന്നവരല്ല. പി.എസ്.സി.-യുടെ വിശ്വാസ്യത നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. സംസ്ഥാനത്തെ ഏറ്റവും ഉന്നതമായ ഭരണഘടനാ സ്ഥാപനമായിത്തന്നെ പി.എസ്.സി. നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷേ അതിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ആളുകളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ എന്തിനാണ് സർക്കാർ മടിക്കുന്നത്? അങ്ങയുടെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ആരെയും സംരക്ഷിക്കാനല്ലെങ്കിൽ പിന്നെ എന്തുകൊണ്ട് അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടുകൊടുക്കുന്നില്ല? ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതുപോലെ സ്വതന്ത്രവും നീതിപൂർവ്വവുമായ അന്വേഷണം നടക്കട്ടെ.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, സി.ബി.ഐ.-യുടെ conviction rate കേരളാ പോലീസിനെക്കാൾ വളരെ താഴെയാണ്. മുൻ ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ പ്രതിപക്ഷനേതാവ് എല്ലാ അന്വേഷണവും സി.ബി.ഐ.ക്ക് വിടണമെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? സി.ബി.ഐ. നടത്തുന്ന എല്ലാ അന്വേഷണവും കുറ്റമറ്റ നിലയിലാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഞാൻ ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് സി.ബി.ഐ. അന്വേഷണം വേണമെന്ന് ഇരകൾ ആവശ്യപ്പെട്ടാൽ ആ സമയത്ത് ഞങ്ങൾ സി.ബി.ഐ. അന്വേഷണത്തിന് തയ്യാറാകുമായിരുന്നു. കാരണം ഞങ്ങൾക്ക് മറച്ചുവയ്ക്കാനൊന്നുമില്ല. ഞങ്ങൾക്ക് ആരേയും സംരക്ഷിക്കാനില്ല. ഞങ്ങൾക്ക് ഒരു പ്രതിയേയും സംരക്ഷിക്കേണ്ട ആവശ്യവുമില്ല. അതുകൊണ്ട് ശ്രീ. റ്റി. വി. രാജേഷിനോട് എനിക്ക് പറയാനുള്ളത്, അങ്ങ് ഡി.വൈ.എഫ്.ഐ.-യുടെ

പ്രസിഡന്റായിരുന്ന ആളല്ലേ? ഇത് കേരളത്തിലെ ചെറുപ്പക്കാരെ ബാധിക്കുന്ന പ്രശ്നമല്ലേ. പി.എസ്.സി.-യുടെ വിശ്വാസ്യത നിലനിർത്തണമല്ലോ. അതുകൊണ്ട് നിഷ്പക്ഷവും നീതിപൂർവ്വവുമായൊരു അന്വേഷണം വേണമെന്ന് ഞങ്ങളോടൊപ്പം ആവശ്യപ്പെടണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രതിപക്ഷനേതാവിന് സി.ബി.ഐ.-യിൽ സമ്പൂർണ്ണ വിശ്വാസം തന്നെയല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിനെപ്പറ്റി നമുക്ക് വേണമെങ്കിൽ ചർച്ച ചെയ്യാം. സാധാരണഗതിയിൽ ഇത്തരം കേസുകളുണ്ടായാൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്താൻ സെൻട്രൽ ഏജൻസിയെ ഏൽപ്പിക്കുന്നത് ആദ്യത്തെ സംഭവമാണോ? എത്രയോ കേസുകൾ സി.ബി.ഐ. അന്വേഷണത്തിന് ഏൽപ്പിച്ചിട്ടുണ്ട്. വാളയാർ കേസ്, അവരുടെ മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ സി.ബി.ഐ.-ക്ക് വിടാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതുപോലെ ഗൗരവമുള്ള കാര്യമല്ലേ? കേരളത്തിലെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും പ്രതീക്ഷയാണ് പി.എസ്.സി. ഓരോ വർഷവും സർക്കാർ സർവ്വീസിൽ ഇരുപത്തയ്യായിരം നിയമനങ്ങളുണ്ടാകും. അതിനുവേണ്ടി കോച്ചിംഗിനുപോയി, പഠിച്ച് കഷ്ടപ്പെട്ട് ബുദ്ധിമുട്ടി പരീക്ഷ എഴുതുന്ന കുട്ടികളെ മുഴുവൻ വിഡ്ഢികളാക്കുന്ന സമീപനമാണ് ഇവിടെ ഉണ്ടായത്. അത് സംബന്ധിച്ച് ശ്രീ. ടോമിൻ തച്ചങ്കരിയുടെ റിപ്പോർട്ട് ഞാൻ അങ്ങേയ്ക്ക് തരാം (പേപ്പർ ഉയർത്തിക്കാട്ടി). അതിൽ എഴുതിവച്ചിരിക്കുന്നത് എന്തെല്ലാമാണെന്ന് അങ്ങേയ്ക്ക് വായിക്കാൻ കഴിയും. ഇതുപോലുള്ള അന്വേഷണ റിപ്പോർട്ടാണോ ഇക്കാര്യത്തിൽ ആവശ്യം? ഇത് ഗുരുതരമായൊരു പ്രശ്നമാണ്. വ്യാപം അഴിമതി പോലെയൊരു പ്രശ്നമാണ്. സമീപകാലത്ത് നടന്ന എല്ലാ പി.എസ്.സി. നിയമനങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്തണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. ശിവരഞ്ജിത്തിന്റെയും നസീമിന്റെയും കാര്യം മാത്രമല്ല. ഭാവിയിൽ ഇത്തരം അപകടങ്ങളുണ്ടാകാതിരിക്കാൻവേണ്ടിയാണ് ഈ കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന് ഞാൻ വീണ്ടും ആവശ്യപ്പെടുന്നത്. അതിന് തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, Ross Mallick എന്ന വ്യക്തി എഴുതിയ ഒരു പുസ്തകമുണ്ട്. അതിന്റെ പേര് 'Development Policy of a Communist Government: West Bengal Since 1977' എന്നാണ്. മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന സന്ദർഭത്തിൽ വെസ്റ്റ് ബംഗാളിൽ കുട്ടികൾക്ക് കോപ്പിയടിക്കാൻ അവിടത്തെ മാർക്സിസ്റ്റ് അദ്ധ്യാപക സംഘടന ഒത്താശ ചെയ്തുകൊടുത്തതിനെക്കുറിച്ചുള്ള ഒരു അദ്ധ്യായം ആ പുസ്തകം വായിച്ചുനോക്കിയാൽ നിങ്ങൾക്ക് കാണാൻ സാധിക്കും. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന സന്ദർഭത്തിൽ കോപ്പിയടി നിത്യസംഭവമാണ് എന്നതിന്റെ സൂചനയാണത്. ഇവിടെത്തന്നെ ആദ്യഘട്ടത്തിൽ പി.എസ്.സി. യുടെ വിശ്വാസ്യത തകർക്കരുതെന്ന് പറഞ്ഞു. അതേ മുഖ്യമന്ത്രി തന്നെ ഇപ്പോൾ പറയുന്നത്, മൂന്ന് പേരുടെ പേരിൽ കൃത്യമായി തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് ബോധ്യമായിട്ടുണ്ടെന്നാണ്. ഏതായാലും അങ്ങ് ക്രൈംബ്രാഞ്ചിനെക്കുറിച്ച് പറഞ്ഞല്ലോ. ഇന്നത്തെ മാതൃഭൂമി ഓൺലൈനിൽ പറഞ്ഞിരിക്കുന്നത്, 'ക്രൈംബ്രാഞ്ച് ഏകദേശം കേസ് അവസാനിപ്പിച്ചുകഴിഞ്ഞു എന്നാണ്. മൂന്നേ മൂന്ന് ആളുകൾ മാത്രമേ ഈ കേസുമായി ബന്ധപ്പെട്ടിട്ടുള്ളൂവെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ഇനി മറ്റുള്ളവരെക്കുറിച്ച് അന്വേഷിക്കേണ്ട ആവശ്യമില്ല. എന്നാൽ വിശദമായ ശാസ്ത്രീയ പരിശോധനകൾ തുടരുകയാണെന്ന് ക്രൈംബ്രാഞ്ച് അറിയിച്ചു. ഇനി പി.എസ്.സി.-യാണ് റിപ്പോർട്ട് പരിഗണിച്ച് തീരുമാനിക്കേണ്ടത് എന്നാണ്. അതിനർത്ഥം ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുവെന്ന് അങ്ങ് പറഞ്ഞ കാര്യം തീർന്നിരിക്കുന്നു. ചോദ്യക്കടലാസ് എങ്ങനെ പുറത്തുവന്നുവെന്നുള്ളതിനെക്കുറിച്ച് ഇനി അന്വേഷിക്കേണ്ട ആവശ്യമില്ല. ചോദ്യക്കടലാസ് പുറത്തുവരാതെ എങ്ങനെയാണ് എസ്.എം.എസ്. മുഖേന ഇവർക്ക് ഇതിന്റെ ഉത്തരം അവിടേയ്ക്ക് കിട്ടുന്നത്? മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ എല്ലാ ടെക്നോളജിയും ഉപയോഗിച്ചിരിക്കുന്നു. എന്നിട്ട് പുറത്തിറങ്ങിയിട്ട് നസീം പിന്നെയും പറയുന്നത്, 'ഇത് എന്റെ ഒരു മിടുക്കാണ്, ഞാൻ ജയിക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ ജയിക്കുകതന്നെ ചെയ്യും തോൽക്കാൻ എനിക്ക് മനസ്സില്ല' എന്നാണ്. ഇതിനെതിരെ പ്രതികരിച്ച ആളുകളുടെ പേരുകളാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്, രണ്ടുപേർക്ക് മർദ്ദനം, മർദ്ദിച്ചുവെന്ന് മാത്രമല്ല മർദ്ദിച്ചതിൽ അനൂപ് എന്നുപറയുന്നയാളെ ആശുപത്രിയിലെത്തിച്ചു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി(ശ്രീ. ഇ. പി. ജയരാജൻ): സർ, എല്ലാ രംഗങ്ങളിലും ക്രിമിനലായി അറിയപ്പെടുന്ന ഒരാൾ ചെയ്തിട്ടുന്ന കുറ്റം, ശരിയായ നിലയിൽ അന്വേഷണം നടത്തിപ്പോകുന്ന അവസരത്തിൽ, നിയമസഭ പോലുള്ള വേദികളിൽ അവർക്ക് മാന്യത കൽപ്പിച്ചുകൊടുക്കാനൊരു സുവിശേഷ പ്രസംഗം നടത്തുന്നത് ശരിയാണോ?

ഡോ. എം. കെ. മുനീർ: സർ, മാന്യതയാണോ ഞാൻ പറയുന്നത്; പ്രതികൾക്ക് മാന്യതകൊടുക്കുന്ന പ്രസംഗമാണോ ഞങ്ങൾ ചെയ്യുന്നത്? നിങ്ങളാണ് മാന്യത കൊടുക്കുന്നത്. ശിവരഞ്ജിത്ത് എന്നുപറയുന്ന പ്രതിക്ക് ജയിലിനകത്ത് പോലീസ് കഞ്ചാവ് എത്തിച്ചുകൊടുത്തു. മാത്രമല്ല, കാസർഗോഡ് പരീക്ഷയ്ക്ക് പോയപ്പോൾ ഇവർക്ക് വി.ഐ.പി. ട്രീറ്റ്മെന്റ് കൊടുത്തത് അവിടത്തെ പോലീസുകാരാണ്. ഇവർക്ക് ഇതിന് കൂട്ടുനിന്നതും പോലീസാണ്. ആ പോലീസിനെക്കുറിച്ച് എന്താണ് നിങ്ങളൊന്നും പറയാത്തത്? ആരാണ് ശിവരഞ്ജിത്ത്; എന്തുകൊണ്ടാണ് ശിവരഞ്ജിത്തിനെ നിങ്ങൾ പേടിക്കുന്നത്; എന്തിനാണ് നസീമിനെ പേടിക്കുന്നത്? കുത്തുകേസ്സിലെ പ്രതികൾ, നസീം പുറത്തിറങ്ങി ഫേസ്ബുക്ക് പോസ്റ്റിട്ടു. അതിനെതിരെ പ്രതികരിച്ചവരെ അടിച്ച് നിലംപരിശാക്കിയിട്ടും നിങ്ങൾ പറയുന്നത് അവർ മാന്യരായിട്ടുള്ള ആളുകളാണെന്നാണ്. ......(ബഹളം....) പിന്നെ ഞാനാണോ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ഡോ. എം. കെ. മുനീർ: സർ, ഇവർക്ക് എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. ഒരു കാര്യം ഞാൻ പറയാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ പാകതയോടെ സംസാരിക്കുന്ന ആളാണെന്നാണ് നമ്മൾ മനസ്സിലാക്കിയിട്ടുള്ളത്. അദ്ദേഹം സി.പി.ഐ.(എം)-നെ അധിക്ഷേപിക്കുന്നതിനുവേണ്ടി ഏതോ ഒരു നാലാംകിട, തറ പുസ്തകം ഇവിടെ ഉദ്ധരിച്ചു. ആ പുസ്തകം എഴുതിയ ആൾക്ക് നമ്മുടെ സാഹിത്യ/വിദ്യാഭ്യാസ രംഗങ്ങളിൽ എന്ത് പ്രസക്തിയാണുള്ളത്? ഏതോ ഒരു പുസ്തകത്തിൽനിന്നൊരു ഉദ്ധരണി പറഞ്ഞുകൊണ്ട് ആക്ഷേപിക്കുകയാണ്. അതേ രീതിയിലുള്ള പ്രസംഗം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് അംഗീകരിക്കാനാകില്ല.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇതാണോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് അതാണ്. ഒരു അടിസ്ഥാനവുമില്ലാത്ത ആരും അറിയാത്ത ഒരു പുസ്തകം ഉദ്ധരിച്ചിട്ട് നമ്മളെ അധിക്ഷേപിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: അദ്ദേഹം ഏത് പുസ്തകം ഉദ്ധരിക്കണമെന്ന് അദ്ദേഹം തീരുമാനിക്കട്ടെ.

<u>ഡോ. എം. കെ. മുനീർ:</u> സർ, പ്രിയപ്പെട്ട എ. പ്രദീപ്കുമാർ, റോസ് മാലിക് എന്നുപറയുന്നത് ലോകം അറിയപ്പെടുന്ന ഒരു ചിന്തകനാണ്. അങ്ങേയ്ക്ക് അത് നാലാംകിടയായിരിക്കാം. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു റിസർച്ച് പേപ്പറാണ്. അദ്ദേഹം ആഴത്തിൽ നടത്തിയിട്ടുള്ള പഠനമാണ്. കമ്മ്യൂണിസ്റ്റ് ഭരണകാലഘട്ടത്തിൽ കോപ്പിയടിയെന്നുപറയുന്നത് ഒരു നിത്യസംഭവമാണെന്ന് ആ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുകൊണ്ട് പറഞ്ഞതാണ്. ഏതായാലും ക്രൈംബ്രാഞ്ച് അന്വേഷണം പകുതി വച്ച് നിർത്തിയിരിക്കുന്നുവെന്നാണ് ഇന്നത്തെ റിപ്പോർട്ടിൽ നിന്നും ഞങ്ങൾ മനസ്സിലാക്കുന്നത്. ഇതിലെ മറ്റു പ്രതികളെയും കണ്ടെത്തിയേ മതിയാകൂ. ചോദ്യപേപ്പർ എങ്ങനെ പുറത്തുവന്നു? കത്തിക്കുത്ത് നടത്തിയ ശിവരഞ്ജിത്തിന്റെ വീട്ടിൽ പോലീസ് പോയപ്പോൾ അവിടെ അദ്ദേഹത്തിന്റെ കുടുംബക്കാർ കട്ടപ്പാരയുമായിട്ടാണ് നിന്നിരുന്നത്. ഒരാൾ കത്തികൊണ്ട് കുത്തി, വീട്ടിൽ ചെന്നപ്പോൾ കട്ടപ്പാരയുമായി നിന്നുവെന്ന് പറയുമ്പോൾ അവരുടെ സ്വഭാവമെന്താണെന്ന് അതിൽനിന്നും മനസ്സിലാക്കാമല്ലോ. മാത്രമല്ല, answer paper ആണ് കിട്ടുന്നത്. Answer paper കിട്ടാനെന്താണ് കാരണം? ക്വസ്റ്റ്യൻ കൊടുത്താലും മനസ്സിലാകില്ല. അതുകൊണ്ട് Answer paper-ൽ എഴുതിക്കൊടുത്താലേ പാസ്സാകാൻ പറ്റുകയുള്ളൂ. പ്രണവ് എന്നയാളിനെ വിജിലൻസ് വിളിച്ചുവരുത്തി. എനിക്ക് എല്ലാ ഉത്തരവും അറിയാമെന്ന് അവൻ പറഞ്ഞു, വീണ്ടും ഇതേ ചോദ്യം ചോദിച്ചപ്പോൾ എനിക്കൊന്നും അറിയില്ലെന്നാണ് പറഞ്ഞത്. എങ്ങനെയാണ് ഇതിന് മറുപടി കിട്ടിയത്. മൂന്ന് ആളുകളെയും പരിശോധിച്ചു കഴിഞ്ഞപ്പോൾ ഇനിയും പല ആളുകളും ഇതിന്റെ പിന്നിലുണ്ടെന്ന് മനസ്സിലാകുന്നതുകൊണ്ടാണ് പെട്ടെന്ന് മൂന്നുപേരിലേയ്ക്ക് ഒതുക്കി കേസ് അവസാനിപ്പിക്കാനുള്ള ശ്രമം നടത്തുന്നത്. ഇത് ഗുരുതരമായ വിഷയമാണ്. പി.എസ്.സി.-യുടെ വിശ്വാസ്യത തകർത്തത് ഞങ്ങളല്ല, അതിലുള്ളവർ തന്നെയാണ്. അന്വേഷണം ഈ രീതിയിൽ പോയാൽ മതിയാകില്ലെന്നുള്ളതു കൊണ്ടാണ് സി.ബി.ഐ. അന്വേഷണം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. അതിന് അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ആശങ്ക ഒഴിവാക്കാൻ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. മുഖ്യമന്ത്രിയുടെ ആ സമീപനം ആത്മാർത്ഥത നിറഞ്ഞതാണെങ്കിൽ എന്തുകൊണ്ടാണ് സി.ബി.ഐ. അന്വേഷണത്തെ ഭയപ്പെടുന്നതെന്ന് എനിക്ക് നിശ്ചയമില്ല. സി.ബി.ഐ. അന്വേഷിക്കട്ടെ, കാര്യങ്ങൾ പുറത്തുവരട്ടെ. അതിൽ

ഭയപ്പെടാൻ എന്തെങ്കിലുമുണ്ടോ? തീർച്ചയായും, ഇന്ന് പൊതു സമൂഹത്തിനുണ്ടായിരിക്കുന്ന ഈ ഉത്കണ്ഠ വളരെ ഗുരുതരമാണ്. എന്തൊരു അരക്ഷിതാവസ്ഥയാണ് സമൂഹത്തിൽ ഉണ്ടായിരിക്കുന്നത്? കുറ്റം ചെയ്ത പ്രതി ജയിലിൽനിന്നിറങ്ങി വെല്ലുവിളിക്കുന്നു. കുറ്റം ചെയ്ത പ്രതിയാണ് വെല്ലുവിളിക്കുന്നത്. ആ ധൈര്യം എങ്ങനെയുണ്ടായി? ഒരിക്കലും ജാമ്യം കിട്ടാൻ സാധ്യതയില്ലാത്ത ഒരാൾക്ക് ജാമ്യം കിട്ടി. ജാമ്യം എന്തുകൊണ്ട് കിട്ടി? കുറ്റപത്രം സമയത്ത് കൊടുത്തില്ല. പ്രൊട്ടക്ഷനുണ്ട് എന്നൊരു തോന്നൽ പ്രതികൾക്ക് വന്നിരിക്കുന്നതുകൊണ്ടാണ് അവർ ജനങ്ങളെ വെല്ലുവിളിക്കുന്നത്. പാവപ്പെട്ട കുഞ്ഞുങ്ങൾ, കേരളത്തിൽ 35 ലക്ഷം പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. അങ്ങനെയൊരു സമയത്ത്, എങ്ങനെയെങ്കിലും രക്ഷപ്പെടാൻവേണ്ടി, പഠിച്ച് പരീക്ഷ എഴുതിയാൽ ആ പരീക്ഷയ്ക്ക്, പി.എസ്.സി.-ക്ക് വിശ്വാസ്യതയില്ല എന്നുവന്നാൽ, ഞങ്ങൾക്കൊന്നും രക്ഷയില്ല, ചിലർക്കേ രക്ഷപ്പെടാൻ പറ്റുകയുള്ളൂ എന്നുള്ള ഒരു തോന്നൽ കേരളത്തിൽ വന്നാൽ അത് ശരിയല്ല. അതിനെതിരായി കേരളത്തിലെ മുഖ്യമന്ത്രി ശക്തമായ നിലപാടെടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അങ്ങയുടെ നിലപാട് മാറണം. ഇത്രയും ഗുരുതരമായ കാര്യത്തിൽ സംഗതികൾ ശരിയായിട്ടല്ല പോകുന്നതെന്നൊരു തോന്നൽ ജനങ്ങളുടെ മനസ്സിൽ ഉറയ്ക്കുന്നു. അതുകൊണ്ട് ജനങ്ങളുടെ ഉത്കണ്ഠയും ഉദ്യോഗാർത്ഥികളുടെ ആശങ്കയും അകറ്റാൻ ഈ അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണം. അതിന് തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇക്കാര്യത്തിൽ രണ്ട് ഭാഗത്തിന്റെയും വാദങ്ങൾ ഞാൻ കേട്ടു. സർക്കാരിന്റെ വാദത്തിൽ ധാർമ്മികതയില്ലെന്ന് എനിക്ക് തോന്നുന്നു. ഇത് തികച്ചും തെറ്റായ സമീപനവും നീതിക്ക് നിരക്കാത്തതുമാണ്. അധാർമ്മികമായ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

# III ശ്രദ്ധ ക്ഷണിക്കൽ

## 1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള തിളക്കമാർന്ന പദ്ധതികൾ മൂന്ന് വർഷക്കാലം നടപ്പിലാക്കുകയും അത് വളരെ വിജയകരമായി മുന്നേറുകയുമാണ്. അവരുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങളിലും വിദ്യാഭ്യാസ രംഗത്തെ വിഷയങ്ങളിലുമെല്ലാം കാര്യക്ഷമമായി ഇടപെട്ട് നല്ല മുന്നേറ്റം നടത്താൻ കഴിഞ്ഞ ഒരു കാലയളവാണ്. ഇപ്പോഴും സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അഭിമുഖീകരിക്കുന്ന ഗൗരവമായ വിഷയം മണ്ണും വീടും തന്നെയാണ്. ഇതുതന്നെയാണ് അവരുടെ അടിസ്ഥാന പ്രശ്നം. ഗൗരവമായ ഈ വിഷയം പരിഹരിക്കാൻ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകൾ അധികാരത്തിൽ വരുന്ന ഘട്ടങ്ങളിലെല്ലാം വളരെ ഗൗരവമായ ആലോചനയും ചർച്ചയും നടത്തിയതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി അവരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾക്ക് വലിയ വിജയം കാണാൻ കഴിഞ്ഞു. സാർവ്വദേശീയമായിത്തന്നെ വലിയ അംഗീകാരം കിട്ടിയ കാര്യങ്ങളാണ്. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ലക്ഷംവീടുകളെ ഒറ്റ വീടുകളാക്കാൻവേണ്ടിയുള്ള എം.എൻ. ഗോവിന്ദൻ നായരുടെ നാമധേയത്തിലുള്ള ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ ആവിഷ്കരിച്ച് ഈ കാലയളവിൽ നമുക്ക് വലിയ മുന്നേറ്റം നടത്താൻ കഴിഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിഷയങ്ങളിലേയ്ക്ക് വരുമ്പോൾ, അവരുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങളിൽ പരമപ്രധാനമായി ഇപ്പോഴും തുടരുന്നത് ഞാൻ ആദ്യം സൂചിപ്പിച്ച സ്വന്തമായി ഭൂമിയും ഭവനവും തന്നെയാണ്. ആ പദ്ധതികൾ നമ്മുടെ ഡിപ്പാർട്ട്മെന്റ് വളരെ ഫലപ്രദമായി നടത്തിവന്നതാണ്. കണക്കുകൾ സൂചിപ്പിക്കുന്നത് ഇപ്പോഴും ഭവനരഹിതരായിട്ടുള്ള 39902 പേരും ഭൂരഹിതരായിട്ടുള്ള 45916 പേരും ഉണ്ടെന്നാണ്. മാത്രമല്ല, ഈ ഘട്ടത്തിലും ഭവന പുനരുദ്ധാരണമെന്ന നിലയിലുള്ള അപേക്ഷകൾ സ്വീകരിക്കാൻ ശ്രമിച്ചപ്പോൾ, ഏതാണ്ട് എഴുപത്തി രണ്ടായിരത്തോളം പേർ ഇതിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ചിരിക്കുകയാണ്. അതാണ് യഥാർത്ഥത്തിലുള്ള അവസ്ഥയിലേയ്ക്ക് വിരൽ ചൂണ്ടുന്നത്. അതുമാത്രമല്ല, ഇപ്പോഴും അവരിൽ ബഹുഭൂരിപക്ഷവും അധിവസിക്കുന്നത് കോളനികളിലും പുറമ്പോക്കുകളിലും കുളവരമ്പുകളിലും റോഡുവക്കിലും റെയിൽവേ പുറമ്പോക്കിലുമാണ്. അതുപോലെ പട്ടിവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വനാന്തരങ്ങളിൽ പലയിടങ്ങളിലാണ് അധിവസിക്കുന്നത്. സ്വന്തമായി ഭൂമി

ഇല്ലാത്തവരുടെ കണക്കുകൾ വളരെ ഗൗരവമായി ഇപ്പോഴും നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. വനാന്തരങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുണ്ട്. അതുപോലെതന്നെ, നമ്മുടെ നാട്ടിൽ, ഒരു തുണ്ട് ഭൂമിയുടെ ഉടയന്മാരല്ലാത്ത നിലയിൽ അതിജീവിക്കുന്ന, ആയിരക്കണക്കിന് വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഇപ്പോഴുമുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് അവരുടെ ഭവന നിർമ്മാണത്തിനും സ്വന്തമായി ഒരു തുണ്ട് ഭൂമിക്കും വേണ്ടിയിട്ടുള്ള വളരെ കാര്യക്ഷമമായ പദ്ധതി ആവിഷ്കരിക്കാൻ ഈ ഗവൺമെന്റ് തയ്യാറായത്. എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ 1975 കാലയളവിൽ നടപ്പിലാക്കിയ സമഗ്രമായ ലക്ഷംവീട് പദ്ധതിക്കുശേഷം രാജ്യം കണ്ട ഏറ്റവും ഫലപ്രദമായ പദ്ധതിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നമ്മൾ ആരംഭിച്ചിട്ടുള്ള ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി. ആ പദ്ധതിക്കുശേഷം ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആവിഷ്കരിച്ച LIFE (Livelihood Inclusion and Financial Empowerment) എന്ന ഭാവനാ സമ്പന്നമായ പദ്ധതി നമ്മൾ ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിച്ചുവരികയാണ്. ലൈഫ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കി മുന്നേറുമ്പോൾത്തന്നെ, അക്കാര്യത്തിൽ വന്നിട്ടുള്ള ചില പ്രായോഗിക വൈഷമ്യങ്ങൾ ഞാൻ  ചൂട്ടിച്ചേർക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ഈ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വന്നപ്പോൾ അവർക്ക് ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞിരുന്നു. വർഷങ്ങൾക്കുമുൻപ് വീട് നിർമ്മിക്കുകയും ഇപ്പോൾ വാസയോഗ്യമല്ലാതായി മാറുകയും ചെയ്യുന്ന ഒരു പശ്ചാത്തലത്തിലാണ് ലൈഫ് പദ്ധതിയുമായി നമ്മൾ മുന്നേറുന്നത്. LIFE പദ്ധതിയിലെ മാനദണ്ഡങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം ഒരു സഹായംകൂടി അഭ്യർത്ഥിക്കുകയാണ്. ഒരു പൊതുപദ്ധതി തയ്യാറാക്കുമ്പോൾ വരുന്ന അപാകതകളെക്കുറിച്ചാണ് ഞാൻ പറയുന്നത്. LIFE പദ്ധതി തയ്യാറാക്കിയപ്പോൾ അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിഷയത്തിലേയ്ക്ക് വരുമ്പോൾ, മുൻപ് ഡിപ്പാർട്ട്മെന്റ് വഴി നൽകിയിരുന്നതും  കോളനികളിലും പുറമ്പോക്കുകളിലും താമസിക്കുന്നവരെക്കൂടി ഉൾപ്പെടുത്താൻ കഴിയത്തക്ക നിലയിൽ സമഗ്രമായി ആവിഷ്കരിച്ചതുമായ പദ്ധതിയിൽ ഒരു പ്രത്യേക പ്രൊവിഷൻ വേണമായിരുന്നു. അതിൽ 'വീടുണ്ടോ' എന്ന ചോദ്യം മാത്രമാണ് ചോദിക്കുന്നത്. വീട് ശോച്യാവസ്ഥയിലുള്ളതായാലും അല്ലാതെയായാലും ഉണ്ടെന്നോ ഇല്ലെന്നോ പറയാനാകാത്ത അവസ്ഥ നിലനിൽക്കുകയാണ്. ഉണ്ട് എന്ന് പറഞ്ഞാൽ പ്രസ്തുത പദ്ധതിയുടെ ലിസ്റ്റിൽനിന്ന് ഔട്ടാകും. അതാണ് ഏറ്റവും ഗൗരവമായ ഒരവസ്ഥ. എന്നാൽ താമസിക്കാൻ കഴിയാത്ത തരത്തിൽ അപകടകരമായിരിക്കുന്ന വീടുകളിലാണ് അവർ അധിവസിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇരിക്കൂ. വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതിക്കാരുടെ ഭവന നിർമ്മാണത്തിന് സഹായിക്കണമെന്ന പോയിന്റ് അങ്ങ് പറഞ്ഞുകഴിഞ്ഞു.

ശ്രീ. ബി. സത്യൻ: സർ, 2018-19 കാലയളവിൽ 440 കോടി രൂപ വകയിരുത്തിയിരുന്നു. ഇത്തവണ 400 കോടി രൂപയാണ് വകയിരുത്തി യിരിക്കുന്നത്. 400 കോടി രൂപ വകയിരുത്തുമ്പോൾ, LIFE വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ നാൽപ്പതിനായിരം ആളുകൾക്ക് ഓരോ ലക്ഷം രൂപ വച്ച് സ്റ്റേറ്റ് വിഹിതം കൊടുക്കുന്ന രീതിയിൽ വരും. 2019-20-ലെ LIFE പദ്ധതിയിൽ ആകെ ഉൾപ്പെടുത്തിയിട്ടുള്ളത് 6727 വീടുകളാണ്. ഈയൊരു അവസ്ഥ ഇവിടെ നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പ്രത്യേക പദ്ധതി ഇതിൽ കൊണ്ടുവരണം. അതനുസരിച്ച്, അപകടം പിടിച്ച വീടുകളിൽ താമസിക്കുന്നവർ, ഇപ്പോൾ ഈ പ്രളയകാലത്ത് തകർന്നുപോയ വീടുകൾ, ഡിപ്പാർട്ട്മെന്റ് ഭൂമി വാങ്ങി നൽകിയിട്ട് അവിടെ വീട് നിർമ്മിക്കാൻ കഴിയാത്ത ആളുകൾ അങ്ങനെ വാസയോഗ്യമല്ലാതായി മാറിയ ലക്ഷംവീടുകൾ പുനർനിർമ്മിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാണ്. ലക്ഷംവീടുകൾ പുനർനിർമ്മിക്കാൻ ഇതുപോലെ .........(മൈക്ക് ഓഫ്) ...........

മി. സ്പീക്കർ: യെസ്.....മിനിസ്റ്റർ പറയട്ടെ. അതിനുശേഷം അങ്ങ് സംശയം ചോദിച്ചോളൂ. അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇരിക്കൂ..... മിനിസ്റ്റർ പറഞ്ഞോളൂ.....

ശ്രീ. ബി. സത്യൻ: ............. (മൈക്ക് ഓഫ്) ...........

മി. സ്പീക്കർ: അങ്ങ് പറഞ്ഞത് വളരെ ശ്രദ്ധേയമായ കാര്യമാണ്, വ്യക്തമായ കാര്യമാണ്. അത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇനി ഇരിക്കൂ.....മിനിസ്റ്റർ പറയൂ.

ശ്രീ. ബി. സത്യൻ: ............. (മൈക്ക് ഓഫ്) ...........

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഭവനരഹിതർക്ക് ഭവനം ഉറപ്പാക്കുന്ന ഒരു പുതിയ പദ്ധതിയാണ് ലൈഫ് മിഷന്റെ ഭാഗമായി കേരളത്തിൽ നടക്കുന്നത്. ഈ മിഷന് രൂപംകൊടുക്കുന്നതിനു മുൻപ് തന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടത്തിൽ ആദ്യത്തെ രണ്ട് വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന 23801 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 6709 വീടുകളും

അനുവദിക്കുകയുണ്ടായി. 2018-19 മുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭവനരഹിതർക്ക് ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നത്. ഇപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഫണ്ട് ലൈഫ് മിഷന് കൈമാറുകയാണ് ചെയ്യുന്നത്. 9650 പട്ടികജാതി കുടുംബങ്ങൾക്കും 3209 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷൻ മുഖേന ഇപ്പോൾ വീടുകൾ അനുവദിച്ചുകഴിഞ്ഞു. ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാത്തതും വിവിധ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ച് വാസയോഗ്യമാക്കാൻ കഴിയാതെ പോയതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് പ്രാധാന്യം കൊടുക്കണമെന്നുള്ളതാണ് ശ്രീ. ബി. സത്യൻ, എം.എൽ.എ. സൂചിപ്പിച്ചത്. ഈ രൂപത്തിൽ പണം വാങ്ങിയിട്ടും പൂർത്തീകരിക്കാതെ സ്പിൽ ഓവർ ആയിട്ടുള്ള വീടുകളുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ഒന്നരലക്ഷം രൂപ അനുവദിക്കുന്ന ഒരു പുതിയ പദ്ധതി പട്ടികജാതി വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിന് ഇപ്പോൾ ഗുണഭോക്താക്കൾ കൂടി വരുന്നുവെന്നാണ് കാണാൻ കഴിയുന്നത്. പല കാലഘട്ടങ്ങളിലായി കാശ് വാങ്ങി പൂർത്തീകരിക്കാതെ കിടക്കുന്നവയാണിവ; സ്പിൽ ഓവർ ആയിട്ടുള്ളവയല്ല. അതിന്റെ ഭാഗമായിട്ടാണ് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് ഒന്നരലക്ഷം രൂപ കൊടുത്ത് ഈ പണി പൂർത്തീകരിക്കുന്നത്. ഇതിന് സമാനമായിട്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക സ്കീമുകൾ വച്ച് ഇതിനെ augment ചെയ്യാൻ സാധിക്കും. ആ രൂപത്തിൽ ലൈഫിൽപ്പെടാത്ത ഈ വിഭാഗത്തിന്റെ പ്രശ്നം ഏറെക്കുറേ നമുക്ക് പരിഹരിക്കാൻ സാധിക്കും. എന്നാൽ മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിലും ഉൾപ്പെടാത്തതും കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിച്ച് വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ കാര്യമാണ് ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച രണ്ടാമത്തെ പ്രശ്നം. വാസയോഗ്യമായ ഭവനം ഇല്ലാതിരുന്നിട്ടും ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം ലിസ്റ്റിൽ ഉൾപ്പെടാതെപോയ വിഭാഗമാണിത്. അത്തരത്തിലുള്ള 39902 പട്ടികജാതി വിഭാഗക്കാരും 20087 പട്ടികവർഗ്ഗ വിഭാഗങ്ങളും ലൈഫ് മിഷൻ ഇപ്പോൾ കൈമാറിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇവർക്ക് വീട് അനുവദിക്കുന്നതിന് ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. flexibility ഉള്ള മാനദണ്ഡമായിരുന്നു പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുണ്ടായിരുന്നത്. ലൈഫിന്റെ മാനദണ്ഡം കുറച്ചുകൂടി rigid ആണ്. ഇത് മനസ്സിലാക്കിക്കൊണ്ട് എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ യഥാർത്ഥത്തിൽ ലൈഫ് മിഷനിൽ സ്ഥലം ഉണ്ടായിട്ടും വീടില്ലാത്ത 40000 കുടുംബങ്ങളാണുള്ളത്.

400 കോടി രൂപ ഈ ബഡ്ജറ്റിൽ ഇതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വച്ച് 40000 ആൾക്കാർക്ക് കൊടുക്കാൻ സാധിക്കും. 3 ലക്ഷം രൂപ വച്ച് ലൈഫ് പദ്ധതി കൊടുക്കേണ്ടിവരും. അത് ലൈഫ് ഏറ്റെടുത്തിട്ടുണ്ട്. അങ്ങനെവരുമ്പോൾ നമുക്ക് മൊത്തത്തിൽ ഏതാണ്ട് 1600 കോടിയോളം രൂപവരും. അതിൽ 400 കോടി രൂപ ബഡ്ജറ്ററി സപ്പോർട്ടാണ്.

ശ്രീ. പി. കെ. ബഷീർ: സർ,....

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, മിനിസ്റ്റർ പറഞ്ഞുകഴിയട്ടെ, കുറച്ചുകൂടി ക്ഷമ കാണിക്കൂ. അങ്ങ് മുഴുവൻ കേൾക്കൂ. ഇരിക്കൂ......

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നീക്കിവച്ച 400 കോടി എന്നുപറയുമ്പോൾ ഒരു ലക്ഷം രൂപയാണ് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് കൊടുക്കുന്നത്. മൂന്ന് ലക്ഷം രൂപ ലൈഫ് മിഷൻ കൊടുക്കണം. അങ്ങനെയാണ് 400 കോടി രൂപ വരുന്നത്. പട്ടികജാതിക്കാർക്ക് കൊടുക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. ഇതുപോലെതന്നെ പട്ടികവർഗ്ഗക്കാർക്ക് രണ്ട് ലക്ഷം രൂപ വകുപ്പ് കൊടുക്കും; നാല് ലക്ഷം രൂപ ലൈഫ് മിഷൻ കൊടുക്കും. ആ രൂപത്തിൽ വലിയൊരു തുക നമുക്ക് ഇതിന് ആവശ്യമായി വരും. ലൈഫ് മിഷനും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പും കൂടിയാലോചിച്ച് ഈ വർഷംതന്നെ ലൈഫിന്റെ രണ്ടാം ഘട്ടത്തിൽ ഈ വീടുകളുടെ പണി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. രണ്ടാമത്തെ കാര്യം, നേരത്തെ സൂചിപ്പിച്ചതുപോലെ സ്പിൽ ഓവർ ആയിട്ടുള്ള വീടുകളുണ്ട്. അതുപോലെ പഠനമുറിയുണ്ട്, റിപ്പെയറുണ്ട്, ഇതിന്റെയൊക്കെ ഭാഗമായി 200 കോടി രൂപ ഡിപ്പാർട്ട്മെന്റിലുണ്ട്. അതിൽ വലിയ പ്രാധാന്യം കൊടുക്കുന്ന ഒരു പുതിയ പദ്ധതിയാണ് പഠനമുറി. കേന്ദ്രഗവൺമെന്റ് തന്നെ അഭിനന്ദിച്ച ഒന്നാണത്. പേരിന് വീടുണ്ടാകും, പക്ഷേ പഠിക്കാനാഗ്രഹിക്കുന്ന കുട്ടിക്ക് പഠിക്കാനുള്ള ഒരു സംവിധാനം അവിടെയുണ്ടാകില്ല. അങ്ങനെയുള്ള പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് വീടിനോടനുബന്ധിച്ച് ഒരു പഠനമുറിയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഊര് അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി പഠനമുറിയും നിർമ്മിക്കുകയാണ് പദ്ധതി ലക്ഷ്യം. അതിൽ 7500 പഠനമുറി നിർമ്മാണം പൂർത്തിയായി. അത് 10000-ത്തിലേയ്ക്കെത്താൻ പോകുകയാണ്. ഞാൻ കേന്ദ്ര ഗവൺമെന്റിൽ കുറച്ച് തുക ചോദിച്ചിരുന്നു. കേന്ദ്രഗവൺമെന്റ് ഈ പദ്ധതിയെ അഭിനന്ദിക്കുകയും ഇന്ത്യാരാജ്യത്ത് മുഴുവൻ ഈ പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് സൂചിപ്പിക്കുകയും ചെയ്തു. നമുക്ക് ഈ പ്രശ്നം ഈ രൂപത്തിൽ പരിഹരിക്കാൻ സാധിക്കും.

രണ്ടാമത്തെ പ്രശ്നം, സ്ഥലവും വീടുമില്ലാത്തവരുടേതാണ്. അങ്ങനെ വരുന്ന 54559 പേർ ലൈഫ് മിഷന്റെ കണക്ക് പ്രകാരമുണ്ട്. അതിനായി ഇപ്പോൾ 185 കോടി രൂപ നമ്മുടെ ബഡ്ജറ്റിലുണ്ട്. ബാക്കി ലൈഫിലേയ്ക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരുടെ പ്രശ്നവും സ്ഥലവും വീടുമില്ലാത്തവരുടെ പ്രശ്നവും പരിഹരിക്കുന്നതിന് ലൈഫുമായി ബന്ധപ്പെട്ടുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇതാണ് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ക്ഷണിക്കലുമായി ബന്ധപ്പെട്ട് ചുരുക്കി സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ബി. സത്യൻ</u>: സർ, ലൈഫിന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയേ പറ്റൂ. അതിന് ഒരു തീരുമാനമുണ്ടാകണം. രണ്ടാമതായി പ്ലാൻ ഫണ്ടിൽ കട്ട് ഷോർട്ട് വരുമെന്ന് പറയുന്നു. പ്ലാൻ വിഹിതം കുറയ്ക്കാൻ സാധ്യതയുണ്ടോയെന്നറിയില്ല. അങ്ങനെ വന്നുകഴിഞ്ഞാൽ വീണ്ടും പ്രയാസത്തിലേയ്ക്ക് പോകും. അതുകൊണ്ടു രണ്ട് വർഷംകൊണ്ട് ഈ പറയുന്ന പ്രകാരം വീട് പുനരുദ്ധാരണവും വീട് പൂർത്തീകരണവും നടത്താനുള്ള ഒരു പ്രത്യേക പദ്ധതി ലൈഫിനോടൊപ്പം ചേർത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെകൂടി സഹായത്തോടുകൂടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് ആവിഷ്കരിക്കാനാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഉത്തരവായിട്ടുണ്ട്. ശ്രീ. ബി. സത്യൻ അത് കണ്ടിട്ടുണ്ടാവില്ല. നേരത്തെ സൂചിപ്പിച്ചത് വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണ്. മുപ്പത് ശതമാനത്തോളം കട്ട് വന്നുകഴിഞ്ഞാൽ ഇതിനെ എങ്ങനെ ബാധിക്കും എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവത്തിൽ പരിശോധിക്കുന്നതായിരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇവിടെ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് സൂചിപ്പിച്ചത്. സാധാരണ ഗതിയിൽ പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പ് എല്ലാ വർഷവും നിർമ്മിച്ചുകൊടുക്കുന്ന വീടുകളുടെ കണക്കുണ്ട്. അതിനൊരു സ്വാഭാവികമായ വർദ്ധനവുണ്ട്. അതിന്റെ മൂന്നിലൊന്നുപോലും ലൈഫ് മിഷനിൽ ചേർന്നതോടുകൂടി ചെയ്യാൻ സാധിക്കുന്നില്ല. എന്റെ സംശയം, നേരത്തെ നിർമ്മിച്ചിരുന്നതുപോലെ ഈ വീടുകൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ തന്നെ നിർമ്മിക്കുകയും അതേ അവസരത്തിൽ എത്ര വീടുകൾ പൂർത്തിയാക്കി എന്ന് ലൈഫ് പദ്ധതിയിൽ കണക്ക് പറയുമ്പോൾ അതുകൂടി കൊടുത്താൽ പോരേ? ഇപ്പോഴാണ് ഈ നിബന്ധനകളിൽ മാറ്റമുണ്ടായിരിക്കുന്നത്. എങ്കിൽപ്പോലും സാധാരണ പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പ് എല്ലാ വർഷവും നിർമ്മിക്കുന്ന വീടുകളുടെ അടുത്തുപോലും എത്താൻ പറ്റാത്ത ഗുരുതരമായ ഒരു സ്ഥിതി വിശേഷം കഴിഞ്ഞ മൂന്ന് വർഷമായി നിലനിൽക്കുന്നു എന്നത് ശരിയല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ പറഞ്ഞത് വസ്തുതാപരമല്ല. ആദ്യത്തെ വർഷം, ലൈഫ് മിഷന്റെ ഒന്നാംഘട്ടത്തിൽതന്നെ 23801 വീടുകൾ ഡിപ്പാർട്ടുമെന്റ് സ്വന്തമായിട്ടാണ് എടുത്തത്. അതിന്റെ സ്പിൽ ഓവർ 75% കഴിഞ്ഞു. പട്ടികവർഗ്ഗത്തിന്റേത് 6709 വീടുകൾ ലൈഫിൽപ്പെടാതെതന്നെ എടുത്തു. ഈ വർഷം ലൈഫിൽ എടുത്ത വീടുകളാണ് ഞാൻ പറഞ്ഞത്. അത് കഴിഞ്ഞാലും നല്ലൊരു വിഭാഗത്തിന് വീട് കിട്ടാതെയുണ്ട്. വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് സമഗ്രമായ പദ്ധതി വരുമ്പോൾ ഓരോ വകുപ്പുകളും പ്രത്യേകം പ്രത്യേകം സ്കീമുകളുമായി മുന്നോട്ട് പോയാൽ അത് ശരിയാകില്ല. മാത്രമല്ല പ്രളയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നവകേരള സൃഷ്ടിയുടെ ഭാഗമായി ഇതിനെ ക്ലബ്ബ് ചെയ്യുന്നതായിരിക്കും ഏറ്റവും നല്ലത്. ഉദാഹരണത്തിന് 400 കോടി രൂപയാണ് നമുക്കുള്ളത്. യഥാർത്ഥത്തിൽ 1600 കോടി രൂപ വേണം. ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയാലേ നമുക്കത് കിട്ടുകയുള്ളൂ. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പാണ് ഇത് ചെയ്യാൻ പോകുന്നതെങ്കിൽ എത്ര കാലം കഴിഞ്ഞാലും ഈ ടാർജറ്റ് പൂർത്തീകരിക്കാൻ സാധിക്കില്ല.

11.00 A.M.]

## 2. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ടാകുമെന്നാണ് ഞാൻ കരുതിയിരുന്നത് പക്ഷേ, അദ്ദേഹം പോയി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ : സർ, അതൊക്കെ ശരിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി എപ്പോഴും റീബിൽഡ് കേരള എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ പ്രവർത്തനം എവിടെയെത്തിയെന്നും ആ പ്രവർത്തനത്തിന്റെ കാലതാമസവും അത് ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ചാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്.

പിണറായി വിജയൻ സർക്കാരിന്റെ 2016 മേയ് 24 മുതൽ 2019 മേയ് 23 വരെയുള്ള പ്രോഗ്രസ് റിപ്പോർട്ടിലെ പേജ് 167-ൽ ഒരു ഖണ്ഡികയിൽ പറയുന്നുണ്ട് 'ചുവപ്പ് നാടകളിൽ കുരുങ്ങാതെ വേഗംതന്നെ പുനരധിവാസ പ്രവൃത്തികൾ പൂർത്തീകരിക്കുക' എന്ന ലക്ഷ്യത്തോടുള്ള സംവിധാനമാണ് സർക്കാർ മുന്നോട്ട് വച്ചിട്ടുള്ളത്, അതിന്റെ ഭാഗമാണ് കേരള പുനർനിർമ്മാണ പദ്ധതി. അതാണ് റീബിൽഡ് കേരള പദ്ധതിയെന്ന് പറയുന്നത്. ടി പദ്ധതിയുടെ പ്രവർത്തനം

ഇപ്പോൾ എവിടെ വരെ എത്തി? 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രളയം നമ്മളെയെല്ലാം നടുക്കി. കേരളത്തെ പുനർനിർമ്മിക്കണമെന്നുള്ളത് നല്ല കാര്യമാണ്. ഈ പുനർനിർമ്മാണത്തിനുവേണ്ടി സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നൊരു പദ്ധതിക്ക് രൂപം കൊടുത്തു. അതിനൊരു ബോർഡുണ്ടാക്കി. അതിന്റെ പ്രവർത്തനം എവിടെയെത്തിയെന്നുള്ളത് സംബന്ധിച്ച് ഈ ഗവൺമെന്റ് ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ആദ്യ ഘട്ടത്തിൽ വേൾഡ് ബാങ്ക് നമുക്ക് 1750 കോടി രൂപ തരുമെന്ന് പറഞ്ഞു; ജർമ്മനിയുടെ വക 1400 കോടി രൂപയും കിട്ടുമെന്ന് പറഞ്ഞു. ഇതിന്റെ ചർച്ചകളും കാര്യങ്ങളും ഒൻപത് മാസം മുമ്പ് നടന്നു. ഈ ഒൻപത് മാസം മുമ്പ് ചർച്ച നടന്നപ്പോൾ അതിൽ എവിടെയൊക്കെയാണ് റോഡുകൾ പുനർനിർമ്മിക്കേണ്ടത്, എവിടെയൊക്കെയാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടത്, മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ എവിടെയൊക്കെയാണ് ചെയ്യേണ്ടതെന്നുള്ള പഠനവും കാര്യങ്ങളും നടത്തി. ചർച്ച നടത്തിയപ്പോൾ ആദ്യഘട്ടത്തിൽ 31,000 കോടി രൂപയാണ് കേരളത്തെ പുനർനിർമ്മിക്കാൻ ആവശ്യമുള്ളതെന്ന് പറഞ്ഞു. അതിൽ കാറ്റഗറി ബെയ്സായി സർക്കാർ സമീപനം സ്വീകരിച്ചെന്ന് പറയുന്നു. ഇവിടെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 1000 കോടി രൂപ ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കാൻ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. റീബിൽഡ് കേരള, കിഫ്ബി ഇങ്ങനെ ഒരുപാട് പദ്ധതികൾ ഇവിടെ പറഞ്ഞു. ഇവിടെയുള്ള ഒരു വിഷയമെന്താണെന്നുവച്ചാൽ, റീ-ബിൽഡ് കേരളയ്ക്ക് 13-8-2019-ൽ ഒരു ജി.ഒ. ഇറക്കിയിട്ടുണ്ട്. 9-11-2018-ലെ ജി.ഒ. 23-5-2019-ലെ ജി.ഒ., 6-7-2019-ലെ ജി.ഒ. ഇതിൽ പറയുന്നു: പൊതുമരാമത്ത് വകുപ്പിന് 300 കോടി രൂപ, എൽ.എസ്.ജി.ഡി.- കാറ്റഗറി (എ) വിഭാഗത്തിൽ ഉൾപ്പെടുന്നതു കൊണ്ട് 315 കോടി രൂപ, റോഡുകളുടെ പുനർനിർമ്മാണത്തിന് കാറ്റഗറി (ബി), (സി) യിൽ 173 കോടി രൂപ; വനം വകുപ്പിന് 130 കോടി രൂപയുണ്ട്. നേരെമറിച്ച് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് ഒരൊറ്റ രൂപപോലും അതിൽ പറഞ്ഞിട്ടില്ല. ഇത് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി മനസ്സിലാക്കണം. നിങ്ങളുടെ ഡിപ്പാർട്ടുമെന്റിന് ആദ്യഘട്ടത്തിൽ പുനർനിർമ്മാണ പദ്ധതിക്ക് ഫണ്ടില്ല. ഞാൻ ഓഫീസുകളിലൊക്കെ കയറിയിറങ്ങി. മൂന്ന് ആഴ്ചയായിട്ട് എനിക്ക് ഇതുതന്നെയാണ് പണി. 1000 കോടി രൂപ പഞ്ചായത്തിന്റെ ഗ്രാമീണ റോഡുകൾ നന്നാക്കാൻ കൊടുക്കുമെന്ന് പഞ്ചായത്ത് വകുപ്പുമന്ത്രി പറഞ്ഞു. എവിടെയെങ്കിലും ആ പദ്ധതി നടന്നോ? ശ്രീ. ഇ. പി. ജയരാജൻ മന്ത്രിയാണല്ലോ ഇതിന് മറുപടി പറയാൻ പോകുന്നത്. ഇതിൽ ഏറ്റവും വലിയ വിരോധാഭാസമെന്നത്, സംസ്ഥാനത്തെ ഒൻപത് ജില്ലകളിൽ ഗ്രാമീണ റോഡുകളുടെ സർവ്വേ

പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്നതാണ്. ബന്ധപ്പെട്ട ഓഫീസിൽ പോയപ്പോൾ എന്താണ് പറയുന്നത്; മൂന്ന് മീറ്റിംഗ് കൂടി. ശ്രീ. എം. ഉമ്മറിന്റെയും ശ്രീ. കെ. സി. ജോസഫിന്റെയുമൊക്കെ ചോദ്യത്തിന് മറുപടിയുണ്ട്. പുനർനിർമ്മാണ പദ്ധതികൾ യുദ്ധകാല അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമാണ് റീബിൽഡ് പദ്ധതി. ഞാൻ ഇന്നലെ അന്വേഷിച്ചപ്പോൾ ഗ്രാമീണ റോഡുകൾക്കുവേണ്ടി പഞ്ചായത്തുകൾ എടുത്ത തീരുമാനം ജില്ലയിലെ പ്ലാനിംഗ് ബോർഡ് അംഗീകരിച്ചു എന്നാണ് അറിഞ്ഞത്. ഇവിടെ ഏതെങ്കിലും പഞ്ചായത്തുകൾക്ക് ഫണ്ട് കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടില്ല.

പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് മാത്രമായി ഒരു കൺസെന്റ് വച്ചിട്ടുണ്ട്. അതിന് ആദ്യഘട്ടത്തിൽ രൂപം കൊടുക്കാൻ തീരുമാനിച്ചു. ഏറ്റവുമധികം പ്രളയമുണ്ടായത് ഞങ്ങളുടെ ജില്ലയിലല്ലേ. 2018-ൽ പ്രളയമുണ്ടായിട്ട് ഏറ്റവുമധികം ദുരിതമനുഭവിച്ച മണ്ഡലമാണ് എന്റേത്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലം. അങ്ങനെ എത്ര മണ്ഡലങ്ങളുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. വേൾഡ് ബാങ്കിന്റെയും അതുപോലെ ജർമ്മനിയുടേയും പണം നിങ്ങൾക്ക് കിട്ടുമെന്ന് അറിഞ്ഞിരുന്നു. അതൊക്കെ എവിടെപോയി? നിങ്ങൾ ചോദിക്കണം. ഇന്ന് 11 മണിക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട് മന്ത്രിമാരുടെ മീറ്റിംഗ് കൂടുന്നുണ്ടല്ലോ. അവിടെ ആവശ്യമായ സ്റ്റാഫില്ലെന്നാണ് ഇപ്പോൾ പറയുന്നത്. ഞാൻ ചോദിക്കട്ടെ, കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു എഞ്ചിനീയറും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഇല്ലേ? എന്തുകൊണ്ടാണ് ആവശ്യമായ സ്റ്റാഫ് ഇല്ലാത്തത്? ഇനി ആരെയാണ് നിങ്ങൾ ഏൽപ്പിക്കാൻ പോകുന്നത്? 85,000-90,000 രൂപ മാസ വാടകയും 1,80,000 രൂപയുമൊക്കെ കൊടുത്ത് ബിൽഡിംഗ് എടുത്ത് കുറച്ച് ആൾക്കാരെ അവിടെ ഇരുത്തി. അതിൽ ഏറ്റവും വലിയൊരു വിരോധാഭാസമെന്താണെന്നോ? പുനർനിർമ്മാണത്തിന്റെ ഭാഗമായി വേൾഡ് ബാങ്കിൽനിന്നും ഫ്രെഞ്ച് ഡെവലപ്മെന്റ് ഏജൻസിയിൽനിന്നും യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിൽനിന്നും റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിൽ (ആർ.ഐ.ഡി.)-ൽ നിന്നും ആൾക്കാർ വരുമ്പോൾ അവർക്കൊക്കെ ഇരിക്കാൻ ഏതെങ്കിലും ഓഫീസിലോ അല്ലെങ്കിൽ ഹോട്ടലിലോ ഏർപ്പാടാക്കിയാൽ പോരേ, അതിനായി ഒരു ഓഫീസ് ഉണ്ടാക്കേണ്ട കാര്യമുണ്ടോ. അതും ഒരു പ്രാവശ്യമല്ലേ വരികയുള്ളൂ. അതിനെന്തിനാണ് ഇത്രയുമധികം സാമ്പത്തിക ബാധ്യത. റീബിൽഡ് കേരളയിൽ അതുമാത്രമാണ് നടക്കുന്നത്. ഇപ്പോൾ നടക്കുന്നത് പുനർനിർമ്മാണമാണോ? അല്ല. എന്റെ ബഹുമാന്യനായ മന്ത്രിമാരും അപ്പുറത്തിരിക്കുന്ന നിയമസഭാ സാമാജികരും ഇപ്പുറത്തിരിക്കുന്നവരും മനസ്സിലാക്കണം; പുനർനിർമ്മാണ പ്രവൃത്തികൾക്കല്ല പണം പോകുന്നത്. പുതിയതായി ഉണ്ടാക്കുന്ന റോഡുകൾക്കാണ്. ഗ്രാമീണ

മേഖലയിൽ റോഡ് പോകില്ല, പി.ഡബ്ല്യൂ.ഡി. റോഡിന് കാശ് കൊടുക്കില്ല. പതിനഞ്ച് കൊല്ലത്തോളം കേട്ടുവരാതിരിക്കാനുള്ള പ്ലാനും കാര്യങ്ങളുമാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ഇനിയൊന്നുകൂടി പറയാം, ഇതിന്റെ നടപടിക്രമം പൂർത്തിയാക്കാൻ ഇവിടെ കൊടുത്തൊരു മറുപടിയിൽ തന്നെ പറയുന്നുണ്ട്. ശ്രീ. എ. കെ. ബാലൻ എന്നേക്കാളും അനുഭവസമ്പത്തും പരിചയവുമുള്ള ഒരു മന്ത്രിയാണല്ലോ. ഇതിൽ അതൊക്കെ പറയുന്നുണ്ട്. ഇതൊക്കെ കിട്ടിയാലും ഇതിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങാൻ മേയ്, ജൂൺ മാസമാകുമെന്നാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ, ഒരു പദ്ധതിയുണ്ടാക്കി, പണം കിട്ടും, നമുക്ക് കിഫ്ബി പോലെ ചെയ്തുകൂടെ. പണം വരുന്നതിനുമുമ്പ് എ.എസ്. കൊടുത്തുകൂടെ. ഈ പണം നിങ്ങൾക്ക് ഉറപ്പാണല്ലോ. പണി കഴിഞ്ഞിട്ട് ഒരു കൊല്ലം കഴിഞ്ഞല്ലേ പണം കൊടുക്കേണ്ടതായുള്ളൂ. എന്തുകൊണ്ട് നിങ്ങൾക്ക് എ. എസും ടി. എസും കൊടുത്തുകൂടാ? എന്തുകൊണ്ട് നിങ്ങൾക്ക് വർക്ക് അറേഞ്ച് ചെയ്തുകൂടാ? എവിടേയ്ക്കാണ് നിങ്ങളുടെ പോക്ക്.

മി. സ്പീക്കർ: പ്ലീസ് പ്ലീസ്.. അങ്ങ് ചർച്ചയാണെന്നുള്ള ധാരണയിലാണ് സംസാരിക്കുന്നത്. ഇത് ചർച്ചയല്ല.

ശ്രീ. പി. കെ. ബഷീർ: സർ, ഇത് ഒരു ഗൗരവമായ വിഷയമാണ്. ഇത് ചർച്ചയല്ല. നിങ്ങൾ കുറേ മീറ്റിംഗ് കൂടിയിട്ട് കാര്യമുണ്ടോ. വകുപ്പുമന്ത്രിമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് കാര്യങ്ങൾ വെട്ടിത്തുറന്ന് പറയണം. ഞാൻ ജില്ലാ വികസന സമിതിയിലുണ്ട്. റീ-ബിൽഡ് കേരളയിൽ ഏതെങ്കിലും പദ്ധതി തുടങ്ങാനുള്ള എന്തെങ്കിലും നടപടി പൊതുമരാമത്ത് വകുപ്പിൽനിന്നും ഉണ്ടായിട്ടുണ്ടോയെന്ന് അങ്ങയുടെ പ്രതിനിധികളടക്കമുള്ള ജില്ലാ വികസന സമിതിയിൽ ഞാൻ ചോദിച്ചു. അവർ ഇല്ലെന്ന് പറഞ്ഞു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചു. ഒരു പദ്ധതിയുമില്ലെന്ന് അവരും പറഞ്ഞു. കേരളത്തിലെ ഏതെങ്കിലുമൊരു ജില്ലയിൽ ഏതെങ്കിലുമൊരു പദ്ധതി റീബിൽഡ് കേരള വഴി നടപ്പാക്കിയെന്ന് പറയാൻ ഈ മന്ത്രിസഭയ്ക്കോ മന്ത്രിക്കോ കഴിയുമോ?

മി. സ്പീക്കർ: യെസ് സമയമായി. അങ്ങ് വളരെ ഗൗരവത്തോടുകൂടി ശ്രദ്ധയിൽകൊണ്ടുവന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഇതിൽ ഒരു പദ്ധതിയും നടക്കില്ല. പ്രളയം കഴിഞ്ഞിട്ട് രണ്ട് വർഷമായി. ഓരോ വകുപ്പിനും പൈസ കൊടുത്തു. ഇപ്പോൾ രണ്ട് പ്രളയം കഴിഞ്ഞു. എന്റെ മണ്ഡലത്തിൽ ഒന്നും നടന്നിട്ടില്ല.

മി. സ്പീക്കർ: സമയം കഴിഞ്ഞു. ശ്രീ. പി. കെ. ബഷീർ

ശ്രീ. പി. കെ. ബഷീർ: സർ, രണ്ടാമത്തെ പ്രളയത്തിൽ മലപ്പുറം ജില്ലയിലെ ഏറനാടും കൊണ്ടോട്ടിയിലുമൊക്കെ ഒരുപാട് നാശനഷ്ടങ്ങളുണ്ടായി. റീബിൽഡ് കേരളയിൽ നിങ്ങൾ ഉൾപ്പെടുത്തിയ റോഡുകൾ ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. മേയ്, ജൂൺ മാസം പണിതുടങ്ങാമെന്ന് പറഞ്ഞാൽ, ഇടവപ്പാതി കഴിഞ്ഞാൽ വീണ്ടും മഴക്കാലം തുടങ്ങും. ഈ റോഡുകൾ വീണ്ടും കേടാകും. ഇത് താൽകാലികമായി നന്നാക്കാൻ എന്തെങ്കിലും നടപടിയുണ്ടോ? മൂന്ന് ഉന്നതതല യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിട്ട് എന്തെങ്കിലും പ്രയോജനമുണ്ടായോ; അതുകൊണ്ട് റീ-ബിൽഡ് കേരള പദ്ധതി നടപ്പിലാക്കണമെന്നതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. പി. കെ. ബഷീർ ഒരുപാട് കാര്യങ്ങൾ പറഞ്ഞു, അദ്ദേഹം ശ്രദ്ധക്ഷണിക്കൽ വിഷയത്തിൽ ഊന്നിയല്ല കാര്യങ്ങൾ പറഞ്ഞത്. അദ്ദേഹത്തിന് തോന്നിയ കുറേ കാര്യങ്ങൾ അവതരിപ്പിച്ചെന്നേയുള്ളു.

പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായം, തകർന്ന റോഡുകളുടെ പുനർനിർമ്മാണം, കാർഷിക മൃഗസംരക്ഷണ മേഖലയിലുണ്ടായിട്ടുള്ള നഷ്ടത്തിന് നൽകുന്ന സഹായം, അടിയന്തര സാമ്പത്തിക സഹായം തുടങ്ങിയവയ്ക്ക് പുറമേയാണ് റീ-ബീൽഡ് കേരള പദ്ധതി. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിലും ദുരന്ത പ്രതിരോധ ശേഷിയുള്ള രീതിയിലും ഏറ്റെടുക്കേണ്ട നിർമ്മാണ പ്രവൃത്തികളാണ് റീബിൽഡ് കേരള എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗതാഗതത്തിന്റെ 70 ശതമാനവും കൈകാര്യം ചെയ്യുന്ന കോർ റോഡ് നെറ്റ്‌വർക്കിനെ കേന്ദ്രീകരിച്ചായിരിക്കും റീബിൽഡ് കേരളയുടെ ഇടപെടൽ. ഇത്തരം റോഡുകൾ റിപ്പെയർ ചെയ്യുന്നതിന് പകരം സമഗ്രമായി പുനർനിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ഇത് സംബന്ധിച്ച് വിശദമായി സർവ്വേകൾ നടത്തി; വെള്ളം വാർന്നുപോകാൻ വേണ്ടുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തി; പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ദീർഘകാലം നീണ്ടുനിൽക്കുന്ന വിധത്തിലാണ് പുനർനിർമ്മാണം നടത്താൻ ലക്ഷ്യമിടുന്നത്. പ്രളയാനന്തരം നടത്തിയ PDNA (Post-Disaster Needs Assessment) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. ഇതിനായി, 2019 ജൂലൈ 15-ന്

ഒരു വികസന പങ്കാളി സംഗമം (Development Partners' Conclave) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ലോക ബാങ്ക് സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാകാമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് സംസ്ഥാന വിഹിതം ഉൾപ്പെടെ 5,137.34 കോടി രൂപയുടെ വികസന വായ്പ, ജർമ്മൻ ബാങ്കായിട്ടുള്ള KFW-യിൽ നിന്ന് സംസ്ഥാന വിഹിതം ഉൾപ്പെടെ 1,458 കോടി രൂപയുടെ വായ്പ എന്നിവയെ സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകി. ആ വാർത്ത ഇന്നത്തെ പത്രത്തിൽ വരികയും ചെയ്തു. ലോക ബാങ്ക് വായ്പയുടെ ആദ്യ ഗഡുവായിട്ടുള്ള 1,779.58 കോടി രൂപ ലഭിച്ചിട്ടുണ്ട്. അടുത്ത ഗഡു ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വിവിധ വകുപ്പുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് മുമ്പാകെ സമർപ്പിച്ച പദ്ധതികൾ RKI ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും ഉന്നതാധികാര സമിതിയും പരിഗണിച്ചു. പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഗതാഗതം, വനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുടെ 951.6 കോടി രൂപയുടെ പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതികളെല്ലാം നിർവ്വഹണഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അതിജീവനക്ഷമത ഉറപ്പാക്കുന്ന തരത്തിൽ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളിൽ മലപ്പുറം ജില്ലയിലെ പെരുമ്പിലാവ്-നിലമ്പൂർ റോഡ് 24.4 കി.മീ., കൊയിലാണ്ടി -എടവണ്ണ റോഡ് 32.5 കി.മീ. എന്നിവ ഉൾപ്പെടുന്നു. പരമ്പരാഗത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പകരം നവീന പ്രവർത്തന മാതൃകകളും ഉന്നത സാങ്കേതിക നിലവാരം പുലർത്തുന്ന നിർമ്മാണ രീതികളും അവലംബിച്ചുകൊണ്ട് മുന്നേറുന്ന RKI ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കിക്കൊണ്ടുതന്നെ മുന്നോട്ട് പോകുകയാണ്. കേരളത്തിന്റെ സമഗ്ര വികസനമാണ് RKI ലക്ഷ്യമിടുന്നത്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് അടിത്തറ പാകിക്കൊണ്ട് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ എഞ്ചിനീയർമാരെയും ജീവനക്കാരെയും സംബന്ധിച്ചും ഓഫീസിന്റെ കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. വലിയ ഓഫീസുകളും സജ്ജീകരണങ്ങളും ആവശ്യമാണ്. വിദേശ പ്രതിനിധികൾ വരുമ്പോൾ എവിടെയെങ്കിലും കൊണ്ടുപോയി ഇരുത്തി അവരെ പറഞ്ഞയയ്ക്കുന്നതല്ല ഇത്തരം പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ട മാതൃക. തികച്ചും പ്രവർത്തനക്ഷമതയോടുകൂടിയ ഒരു ഓഫീസ് RKI-യുടെ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പദ്ധതി അതിവേഗത്തിൽ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അങ്ങ് ഉദ്യോഗസ്ഥർ എഴുതി നൽകിയ മറുപടികൾ പറഞ്ഞു. ഇതിൽ ഞാൻ ചോദിച്ച ഒരു ചോദ്യമുണ്ട്, ഈ പ്രശ്നമിവിടെ അവതരിപ്പിച്ചപ്പോൾ റീബിൽഡ് കേരളയിൽ വന്ന പണം, ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം, ഇപ്പോൾ നിങ്ങൾക്ക് ലഭിച്ച പണം എന്നിവ ഒരു ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ വരണമെങ്കിൽ ഒൻപത് മാസമെടുക്കുമെന്ന് 28-5-2019-ൽ സഭയിലും അതുപോലെ ശ്രീ. കെ. സി. ജോസഫിന് 28-10-2019-ൽ കൊടുത്ത മറുപടിയിലും പറയുന്നു; അതായത് മേയ് മാസമേ ഇത് ആരംഭിക്കുകയുള്ളൂ. അങ്ങനെ വരുമ്പോൾ, റോഡുകൾ നിലവിലുള്ള സ്ഥിതിയേക്കാളും വീണ്ടും മോശമാകും. അതിനാൽ റോഡുകൾ താൽക്കാലികമായി പുനർനിർമ്മിക്കാനുള്ള നടപടികൾ വേണ്ടേ; വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുവേണ്ടിയാണ് പുനർ നിർമ്മാണ പദ്ധതിയുടെ പണം നീക്കിവച്ചുകൊണ്ടുള്ള ജി.ഒ. നിങ്ങൾ ഇറക്കിയത്. വനത്തിനുള്ളിലെ, വനമേഖലയുടെ ഭാഗമായ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ 18.80 കോടി രൂപ റീബിൽഡ് കേരള പദ്ധതിയിൽ നീക്കിവച്ചത് സ്വകാര്യവ്യക്തികളുടെ എസ്റ്റേറ്റ് ഏറ്റെടുക്കാൻവേണ്ടി പൈസ കൊടുക്കാനാണോ; ഇത് കേരളത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പണമല്ലേ; ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, തോട്ടം ഭൂമികളിൽ ഒരു നിശ്ചിത ശതമാനം തോട്ടേതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്ന നിയമം ഉണ്ടാക്കിയിട്ടുള്ളത് യു.ഡി.എഫ് ഗവൺമെന്റാണ്. അതനുസരിച്ചുള്ള നടപടികളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങളാണ് അതിന്റെ ഉത്തരവാദികൾ. കേരളത്തിൽ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്. വിഭവസമാഹരണം കേരളത്തിൽ അനുഭവിക്കുന്ന പ്രശ്നമുണ്ട്. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന ഒരു സംസ്ഥാനമാണിത്. പണത്തിനും ടെക്നോളജിയിലും നമുക്ക് കുറവുണ്ട്. ആ കുറവ് പരിഹരിച്ചുകൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി ലഭിക്കാവുന്ന സഹായങ്ങൾ പരമാവധി സമാഹരിച്ചെടുക്കും. വിഭവ സമാഹരണം നടത്തി പ്രയോഗിക്കാൻ ചില്ലറ സമയവും മാസങ്ങളുമൊക്കെ വേണ്ടിവരും. ഇതൊന്നും ചെയ്യാത്തവർക്ക് ഈ കാര്യങ്ങളെക്കുറിച്ച് നിശ്ചയമുണ്ടാവില്ല. ഇത് ചെയ്യുന്നവർക്ക് ഈ കാര്യങ്ങൾ അറിയാം. കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയിട്ടുള്ള പ്രവൃത്തികൾ അതിവേഗതയിലാണ് നടക്കുന്നതെന്ന് അനുഭവമുള്ളവർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസം വരാതെ കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് ഈ ഗവൺമെന്റ് പ്രവർത്തിക്കുമെന്ന് ഉറപ്പാക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# IV സബ്മിഷൻ

## (1) കടലാക്രമണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ നിയോജക മണ്ഡലത്തിലെ വളരെ ഗുരുതരമായ ഒരു പ്രശ്നം ഈ സഭയുടെയും അങ്ങയിലൂടെ ജലവിഭവ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. മൂന്നര വർഷമായി ഞാൻ എല്ലാ ജലവിഭവ വകുപ്പുമന്ത്രിമാരുടേയും മുമ്പിൽ അവതരിപ്പിക്കുന്ന ഒരു പ്രശ്നമാണിത്. യാതൊരു പരിഹാരവും കാണുന്നില്ല. കടലോരങ്ങളിൽ പോകാൻ കഴിയാത്ത സ്ഥിതിയാണ്. സഭയുടെ പുറത്തിരുന്ന് പ്രതിഷേധിക്കുന്നതിനെക്കുറിച്ചും ഞാൻ ആലോചിച്ചു, ശ്രീ. കെ. കൃഷ്ണൻകുട്ടി മന്ത്രിയായതുകൊണ്ട് അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുന്നില്ല. തന്നെയുമല്ല, പ്രതിപക്ഷനേതാവ് അങ്ങനെ ചെയ്യുന്നത് ശരിയല്ലാത്തതുകൊണ്ട് ചെയ്യുന്നില്ല. ജനങ്ങളുടെ മുമ്പിൽ പോകാൻ കഴിയാത്ത സ്ഥിതിയാണ്. മൂന്നര വർഷമായി ഒരു രൂപയുടെ കടൽഭിത്തി നിർമ്മാണംപോലും നടക്കുന്നില്ല. ഹരിപ്പാട് മണ്ഡലത്തിലെ സുനാമി ബാധിത തീരപ്രദേശങ്ങളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകൾ അതിരൂക്ഷമായ കടലാക്രമണം നേരിടുകയാണ്. പണ്ടൊക്കെയാണെങ്കിൽ സീസണിലേ കടലാക്രമണം ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴാണെങ്കിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആറാട്ടുപുഴ പഞ്ചായത്തിലെ പെരുമ്പള്ളി, രാമഞ്ചേരി, വട്ടച്ചാൽ, നല്ലാനിക്കൽ, കള്ളിക്കാട്, ആറാട്ടുപുഴ ബസ് സ്റ്റാന്റ്, മംഗലം, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയാങ്കര, പ്രണവം ജംഗ്ഷൻ, മധുക്കൽ, ചെറിയശേരി, ചേലക്കാട്, പാനൂർ പുത്തൻപുരയ്ക്കൽ ജംഗ്ഷൻ, കുറ്റിക്കാട്, കുമാരകോടി ജംഗ്ഷൻ, പല്ലനചന്ത, പുലത്തറ ജംഗ്ഷൻ തുടങ്ങിയ പ്രദേശങ്ങളിലാണ് രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നത്. കടൽഭിത്തി പൂർണ്ണമായും തകർന്നതോ അടിയന്തരമായി മെയിന്റനൻസ് ചെയ്യേണ്ടതോ ആയ സ്ഥലങ്ങളാണ് ഇവയെല്ലാം.

കടൽഭിത്തി നിർമ്മാണത്തിന് സ്റ്റേറ്റ് പ്ലാൻഫണ്ട് അനുവദിക്കാത്തതാണ് സ്ഥിതിഗതികൾ ഗുരുതരമാക്കുന്നത്. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കൊന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു രൂപപോലും ചെലവാക്കിയിട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ പരാതി. അങ്ങയുടെ നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങിലും ഇതുതന്നെയാണ് സ്ഥിതി. തന്നെയുമല്ല ഈ സഭയിലെ തീരദേശത്തുള്ള എല്ലാ എം.എൽ.എ. മാരുടെയും പരാതി ഇതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഞങ്ങളുടെയെല്ലാം ആവശ്യപ്രകാരം ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയതാണ്. അന്ന് അതും നടന്നില്ല.

അടിയന്തരമായി അവിടെ പുലിമുട്ടുകൾ നിർമ്മിച്ചില്ലെങ്കിൽ നൂറുകണക്കിന് വീടുകൾ തകരും, നിരവധി മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടും. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് അവിടെയുള്ളത്. കൂടാതെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തിൽ നിലവിലുള്ള കടൽഭിത്തി പുലിമുട്ടുകൾ ശാസ്ത്രീയമായി പുനഃക്രമീകരിച്ച് ബലപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. കടലും മത്സ്യത്തൊഴിലാളികളും തമ്മിലുള്ള ബന്ധം ഇല്ലാതാക്കി അവരെ ആട്ടിപ്പായിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകരുത്. അവരോടെല്ലാം പറയുന്നത്, നിങ്ങൾ വേറെ സ്ഥലത്തുപോയി താമസിച്ചാൽ സ്ഥലം തരാമെന്നാണ്. ആരും പോകില്ല, ഞാൻ നിരവധി ആളുകളോട് ആവശ്യപ്പെട്ടു. അവർ മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നവരാണ്. അവിടനിന്ന് വേറെ പ്രദേശങ്ങളിൽ കൊണ്ടുപോകാൻ അവർ സമ്മതിക്കുകയുമില്ല. കഴിഞ്ഞ തവണ കടലാക്രമണമുണ്ടായപ്പോൾ അടിയന്തര കടലാക്രമണ പ്രവർത്തനത്തിന് 88 ലക്ഷം രൂപ അനുവദിച്ചു. റേറ്റിന്റെ പ്രശ്നം കാരണം വർക്ക് അറേഞ്ച് ചെയ്യാത്ത സ്ഥിതിയാണ്. ഒരു രൂപയുടെ പദ്ധതിപോലും ആരംഭിച്ചിട്ടില്ല. 'എന്റെ നിയോജകമണ്ഡലത്തിൽ 480 കോടി രൂപയുടെ കിഫ്ബി പദ്ധതി അനുവദിച്ചു' എന്ന് ഇന്നലെ സഭയിൽ ശ്രീ. ആർ. രാജേഷ് പറഞ്ഞു, എനിക്ക് അതിനെക്കുറിച്ച് അറിയില്ല. അത് കടലാസ്സിൽ ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരന്റെ മണ്ഡലത്തിലും കടലാക്രമണ പ്രവർത്തനത്തിന്റെ സ്ഥിതി ഇതുതന്നെയാണ്. അമ്പലപ്പുഴ താലൂക്കിലും കിഫ്ബി സഹായം ചെയ്യുമെന്ന് പറഞ്ഞു. ഇതുവരെ ഞങ്ങൾക്ക് ഒരു സഹായവും ലഭിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. ജി. സുധാകരൻ കളക്ടറേറ്റിൽ സത്യാഗ്രഹമിരുന്നത് ഞാൻ ഓർമ്മിക്കുകയാണ്. അടിയന്തരമായി കിഫ്ബിയിലൂടെ പണം അനുവദിച്ചു എന്ന് പറഞ്ഞു: ഒരുരൂപ പോലും ചെലവഴിച്ചിട്ടില്ല. എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തുതന്നെ ഇല്ലാതാകാൻ പോകുകയാണ്. കായംകുളം കായലും അറബിക്കടലും ചേർന്നുള്ള ഒരു ചെറിയ പഞ്ചായത്താണത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി എനിക്ക് വളരെ സ്നേഹമുള്ള, ബഹുമാനമുള്ള ആളാണ്. 1982-ൽ ഞാൻ എം.എൽ.എ. ആയി വന്നപ്പോൾ അദ്ദേഹം ഇവിടെ ഉണ്ടായിരുന്നു. നല്ല മന്ത്രിയാണ്. ഈ കാര്യത്തിൽ ശക്തമായ നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായി സംസാരിച്ചശേഷം ഒരു പുരോഗതിയും ഉണ്ടായില്ല എന്നുപറയുന്നത് ശരിയല്ല. ഞാൻ വിശദമായി സംസാരിക്കാം. ഈ വർഷം ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പല്ലന ഭാഗത്ത് രണ്ട് വീടുകൾ ഉൾപ്പെടെ

തീരപ്രദേശത്തും ആറാട്ടുപുഴ പഞ്ചായത്തിലെ കാർത്തിക ജംഗ്ഷൻ, പത്തിശ്ശേരി, നല്ലാനിക്കൽ തുടങ്ങിയ ഭാഗങ്ങളിലായി 87 ലക്ഷം രൂപയുള്ള 6 അടിയന്തര കടലാക്രമണ സംരക്ഷണ പ്രവൃത്തികൾ മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖേന നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള തീരുമാനമെടുത്ത് കഴിഞ്ഞാൽ ബാർഗെയിനിംഗ് ചെയ്യാം. ഈ പ്രദേശത്തെ കടലാക്രമണത്തിന് ശാശ്വത പരിഹാരമായി മൂന്ന് പ്രവൃത്തികൾ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ടെണ്ടർ വിളിച്ചെങ്കിലും യോഗ്യമായ ഒരു ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ. ആയതിനാൽ റീ-ടെണ്ടർ ചെയ്ത പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്: ആലപ്പുഴ ജില്ലയിലെ വാട്ടർ ചാലിൽ ചെയിനേജ് 53.40 കി.മീറ്റർ മുതൽ 55.20 കി.മീറ്റർ വരെയുള്ള ഭാഗത്തെ പുലിമുട്ടുകളുടെ നിർമ്മാണം 30.67 കോടി രൂപയാണ്. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ ചെയിനേജ് 55.20 കി.മീറ്റർ മുതൽ 56.600 കി.മീറ്റർ വരെ പുലിമുട്ടുകളുടെ നിർമ്മാണം 28.519 കോടി രൂപ. ആലപ്പുഴ ജില്ലയിലെ പതിയാങ്കരയിൽ ചെയിനേജ് 60.100 കി.മീറ്റർ മുതൽ 61.60 കി.മീറ്റർ വരെയുള്ള പുലിമുട്ടുകളുടെ നിർമ്മാണം 21.635 കോടി രൂപയാണ്. റീ-ടെണ്ടറിൽ ടെക്നിക്കൽ ബിഡ് 18-11-2019-ന് തുറക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെട്ടതുകൊണ്ടാണ് ഞാൻ ഇത്രയൊക്കെ കാര്യങ്ങൾ ചെയ്തത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. മൂന്നും നാലും തവണ ടെണ്ടർ വിളിക്കുന്നു. പക്ഷേ, റേറ്റിന്റെ പ്രശ്നമുള്ളതുകൊണ്ട് ആരും ടെണ്ടർ പിടിക്കാൻ വരില്ല. അതുകൊണ്ട് റേറ്റിനെ സംബന്ധിച്ച് ചീഫ് എഞ്ചിനീയറുമായി സംസാരിച്ച് എന്തെങ്കിലും മാറ്റം വരുത്തണം. നമ്മൾ തന്നെ ആളിനെ തിരക്കി നടക്കുകയാണ്. ഒരാളും വരുന്നില്ല. നഷ്ടത്തിൽ ടെണ്ടർ പിടിക്കാൻ ഒരു കോൺട്രാക്റ്ററും വരില്ലല്ലോ. ദയവായി അങ്ങ് അവരോട് ചർച്ച ചെയ്യുക.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കരിങ്കല്ലിന്റെ റേറ്റ് മാറ്റിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ കമ്മി എന്നുള്ളത് ശരിയാണ്. ഇല്ലായെന്ന് പറയുന്നില്ല.

## (2) റീ-സർവ്വേ

ശ്രീ. ഡി. കെ. മുരളി: സർ, റീ-സർവ്വേ പൂർത്തീകരണത്തിനുശേഷം വന്ന അപാകതകളെ സംബന്ധിച്ചുള്ള ഒരു പരാതിയാണ് സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്.

എന്റെ മണ്ഡലത്തിൽ കല്ലറ വില്ലേജിൽ 2018 ഫെബ്രുവരിയിലാണ് റീ-സർവ്വേ ഇംപ്ലിമെന്റ് ചെയ്തത്. അതിനുശേഷം അതിന്റെ അപാകതകളെ സംബന്ധിച്ച് 10139 പരാതികൾ ഉയർന്നുവന്നു. നിരന്തരമായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി 2019 മാർച്ചിൽ 6 സർവ്വേയർമാരെ നിയോഗിച്ചു. പ്രവർത്തനങ്ങൾ പുരോഗമിക്കാത്തതു കാരണം വീണ്ടും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2019-ൽ 9 സർവ്വേയർമാരെക്കൂടി നിയോഗിച്ചു. അതിൽ 3 ഹെഡ് സർവ്വേയർമാരും മൂന്ന് ഡ്രാഫ്റ്റ്സ്മാൻമാരെയും പരാതി പരിഹരിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ 2962 പരാതികൾ മാത്രമാണ് തീർപ്പാക്കാൻ കഴിഞ്ഞിട്ടുള്ളത്. റീ-സർവ്വേ ഇംപ്ലിമെന്റ് ചെയ്ത് 21 മാസങ്ങൾ കഴിഞ്ഞിട്ടും 30 ശതമാനം പരാതിപോലും പരിഹരിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇങ്ങനെ പോയാൽ 4 വർഷംകൊണ്ടും ബാക്കി പരാതികൾ പരിഹരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. വിവാഹാവശ്യത്തിനും മറ്റും വസ്തുക്കൾ പണയപ്പെടുത്തി ബാങ്കിൽ നിന്നും ലോൺ എടുക്കാനോ മറ്റ് ക്രയവിക്രയങ്ങൾ നടത്താനോ കഴിയാത്ത അവസ്ഥയാണ് അവിടെയുള്ള വലിയൊരു വിഭാഗം ജനങ്ങൾ അഭിമുഖീകരിക്കുന്നത്. മറ്റ് ജില്ലകളിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. വില്ലേജുകളുടെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇത്രയും സർവ്വേയർമാരെ നിയോഗിച്ചത്. സർവ്വേയർമാർ സമയബന്ധിതമായി ജോലി ചെയ്യുന്നില്ല എന്നുള്ള പരാതിയും നാട്ടുകാരിൽനിന്നും ഉയർന്നുവരികയാണ്. അതുകൊണ്ടുതന്നെ ചെറുകിട വ്യവസായങ്ങൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ഭൂമി പണയംവച്ച് സാമ്പത്തിക സഹായം എടുക്കേണ്ടവരെല്ലാം വളരെയധികം ബുദ്ധിമുട്ടുകയാണ്. ഇക്കാര്യത്തിൽ അടിയന്തരശ്രദ്ധ വേണം. ആവശ്യത്തിന് റീ-സർവ്വേ ഉദ്യോഗസ്ഥരെയും സർവ്വേയർമാരെയും നിയോഗിക്കാനും സമയബന്ധിതമായി പരാതികൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നെടുമങ്ങാട് താലൂക്കിലെ കല്ലറ വില്ലേജിൽ റീ-സർവ്വേ പ്രാബല്യത്തിൽ വന്നതിനുശേഷം റീ-സർവ്വേ അപാകത പരിഹരിക്കുന്നതിനായി 30-9-2019 വരെ 10139 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ കല്ലറ വില്ലേജിൽ ഉൾപ്പെടുന്ന നെടുമങ്ങാട് താലൂക്കിൽ ആകെ 37 സർവ്വേയർമാരെയും 7 ഹെഡ് സർവ്വേയർമാരെയും 6 ഡ്രാഫ്റ്റ്സ്മാൻമാരെയും നിയോഗിച്ചിട്ടുള്ളതിൽ കല്ലറ വില്ലേജിൽ മാത്രമായി 5 ഹെഡ് സർവ്വേയർമാരെയും 17 സർവ്വേയർമാരെയും

4 ഡ്രാഫ്റ്റ്സ്മാൻമാരെയും 2 ക്ലാർക്കുമാരെയും നിയമിച്ച് അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 2962 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. സർവ്വേ വകുപ്പിൽനിന്ന് കൂടുതൽ ജീവനക്കാരെ ലഭ്യമാക്കി അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തി അവർ പരമാവധി കേസുകൾ തീർപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. കല്ലറ വില്ലേജിന്റെ സർവ്വേയുമായി ബന്ധപ്പെട്ട ജീവനക്കാരെ സംബന്ധിച്ച ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും പ്രസ്തുത ആരോപണം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

## (3) പുനലൂർ-പത്തനാപുരം-കോന്നി റോഡ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശബരിമലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് പുനലൂർ-പത്തനാപുരം കോന്നി വഴി ശബരിമലയ്ക്ക് പോകുന്ന റോഡ്. തമിഴ്നാട്ടിൽനിന്നും ഏറ്റവും കൂടുതൽ യാത്രക്കാർ വരുന്ന റോഡാണത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം, ശബരിമലയുമായി ബന്ധപ്പെട്ട് എല്ലാവർഷവും ശരിയാക്കേണ്ട റോഡുകളിൽ പ്രധാനപ്പെട്ടതാണ് പ്രസ്തുത റോഡ്. ഈ റോഡ് വളരെ വർഷങ്ങളായി KSTP (Kerala State Transport Project) ഏറ്റെടുക്കുമെന്ന് കേട്ടിരുന്നു. ശ്രീ. ജി. സുധാകരൻ, മന്ത്രിയായതിനുശേഷം ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികൾ സ്വീകരിച്ചു. KSTP നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുന്നുവെന്നും പാലാരിവട്ടം പാലം നിർമ്മിച്ച കമ്പനിയാണ് അത് ഏറ്റെടുക്കുന്നതെന്നും അറിഞ്ഞു. അത് ഒഴിവാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്തു. ഇപ്പോൾ അതിന്റെ സ്ഥിതി എന്തായെന്ന് അറിയില്ല; ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുമായിരിക്കും. KSTP ഉള്ളതുകൊണ്ട് കഴിഞ്ഞ 10-18 വർഷമായി ഈ പ്രദേശങ്ങളിൽ കുഴിയടപ്പ് മാത്രമാണ് നടക്കുന്നത്. ഇപ്രാവശ്യം അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഈ ദിവസംവരെ കുഴി അടച്ചിട്ടില്ല. മഴയുടെ പ്രശ്നമുണ്ടായിരുന്നു. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരോട് ചോദിച്ചപ്പോൾ പണമൊന്നും അനുവദിച്ചിട്ടില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് നിർദ്ദേശംകൊടുത്ത് പത്തനാപുരം ടൗൺ അടിയന്തരമായി വൃത്തിയാക്കണം. ശ്രീ. കെ. യു. ജനീഷ് കുമാറിന്റെ മണ്ഡലമാണ് കോന്നി കൂടൽ ഭാഗം. പുനലൂരിൽനിന്ന് തുടങ്ങിയാൽ ഏതാണ്ട് 13.8 കി.മീ. പത്തനാപുരം നിയോജകമണ്ഡലത്തിൽ മാത്രമാണ്. കോന്നി മണ്ഡലത്തിലെ പത്തനാപുരം മുതൽ പത്തനംതിട്ട എത്തുന്നതുവരെയുള്ള റോഡും തകർന്ന നിലയിലാണ്. കോന്നി മുതലുള്ള KSTP റോഡിന്റെ നിർമ്മാണം കോൺട്രാക്ട് എടുത്തുകഴിഞ്ഞു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ നിർമ്മാണോദ്ഘാടനം നടത്തുകയും ചെയ്തു. ശബരിമല സീസൺ ആരംഭിക്കാൻ രണ്ടാഴ്ചപോലുമില്ല, ഇന്നലെ കുറച്ച് ആളുകൾ കുഴിയടയ്ക്കാൻ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച സബ്മിഷൻ പുനലൂർ-പത്തനാപുരം-കോന്നി കെ.എസ്.ടി.പി. റോഡിനെപ്പറ്റിയാണ്. അദ്ദേഹം പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വേൾഡ് ബാങ്കും ഗവൺമെന്റും തമ്മിലുള്ള തർക്കം കാരണം നഷ്ടപ്പെട്ടുപോയൊരു പദ്ധതിയാണിത്. Private-Public Partnership (PPP) മോഡൽ നടപ്പാക്കണമെന്ന പ്രശ്നത്തിൽ തർക്കം വന്നതുമൂലം അത് നഷ്ടപ്പെട്ടുപോയി. പക്ഷെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വേൾഡ് ബാങ്ക് ടീം ഇവിടെ വന്നപ്പോൾ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അവരുമായി സംസാരിക്കുകയും ഈ പദ്ധതിയെ ഉൾപ്പെടുത്തണമെന്ന് പറയുകയും ഇത് Engineering Procurement and Construction (EPC) മോഡലിലേയ്ക്ക് മാറ്റാൻ വേൾഡ് ബാങ്ക് അനുവദിക്കുകയുമുണ്ടായി. Private-Public partnership ആണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉന്നയിച്ചത്. അത് Engineering, Procurement and Construction മോഡലിലേയ്ക്കാണ് മാറ്റിയിരിക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഈ രൂപത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. വേൾഡ് ബാങ്ക് ഇതാണ് അംഗീകരിച്ചിട്ടുള്ളത്. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഏകദേശം 700 കോടി രൂപയുടെള്ള റോഡ് നിർമ്മാണ പദ്ധതി അംഗീകരിക്കപ്പെടുകയാണുണ്ടായത്. മൂന്ന് റീച്ചുകളിലായിട്ടാണ് ഇതിന്റെ ടെണ്ടർ വിളിച്ചിരിക്കുന്നത്. പുനലൂർ മുതൽ കോന്നി വരെ ഏകദേശം മുപ്പത് കിലോമീറ്റർ, കോന്നി മുതൽ പ്ലാച്ചേരി വരെ മുപ്പത് കിലോമീറ്റർ, പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ ഏകദേശം ഇരുപത്തിമൂന്ന് കിലോമീറ്റർ. അങ്ങനെ മൂന്ന് ഭാഗങ്ങളായി ടെണ്ടർ ചെയ്തു. അതിൽ കോന്നി മുതൽ പ്ലാച്ചേരി വരെയുള്ള ഭാഗത്തിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്നുമാസം മുൻപ് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാറിനെയും ചടങ്ങിന് ക്ഷണിച്ചിരുന്നെങ്കിലും അദ്ദേഹത്തിന് എത്തിച്ചേരാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിന്റെ ഭാഗത്ത് പ്രത്യേക നിർമ്മാണോദ്ഘാടനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അത് ഉടൻതന്നെ നടത്താം. പുനലൂർ-കോന്നി റീച്ചിന്റെ ടെണ്ടർ ലോവസ്റ്റായി പിടിച്ചത് പാലാരിവട്ടം പാലത്തിന്റെ നിർമ്മാണത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട RDS കമ്പനിയാണ്.

അതിനോടൊപ്പം CVCC എന്നൊരു കമ്പനിയുമുണ്ട്. ഇത് ജോയിന്റ് വെഞ്ച്വർ കമ്പനിയാണ്. EPC കോൺട്രാക്ടനുസരിച്ച് അതേ സംസ്ഥാനത്തുള്ള കമ്പനിയല്ലെങ്കിൽ ആ സംസ്ഥാനത്തിലെ ഒരു കമ്പനികൂടി വേണമെന്നുള്ളതാണ്. അവർ തുക ക്വാട്ട് ചെയ്ത സമയത്ത് ഈ പ്രശ്നങ്ങളില്ലായിരുന്നു. പക്ഷെ ടെണ്ടർ തുറക്കുമ്പോൾ ഈ പ്രശ്നം ഉണ്ടായിരുന്നു. അതുകാരണം കെ.എസ്.ടി.പി. പദ്ധതികൾ മോണിറ്റർ ചെയ്യുന്ന ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റിയറിംഗ് കമ്മറ്റി ഇവർക്കനുവാദം കൊടുക്കുന്നത് തടഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ തെറ്റായൊരു ധാരണ വരുമെന്നുള്ളതുകൊണ്ട് ആ കമ്മറ്റിയിലില്ലെങ്കിലും അവർക്ക് അനുവാദം കൊടുക്കരുതെന്ന് ഞാനും നിർദ്ദേശിച്ചിരുന്നു. നിയമാനുസരണം കൊടുക്കുന്നതിന് തടസ്സമില്ലെങ്കിൽപ്പോലും ഇത് ജയിലിൽ കിടക്കുന്നയാളുടെ കമ്പനിയാണെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യം നമ്മൾ വേൾഡ് ബാങ്കിന് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുള്ളതുകൊണ്ട് അപ്രകാരം റിപ്പോർട്ട് ചെയ്തു. വേൾഡ് ബാങ്കിന്റെ തീരുമാനം കിട്ടിയാൽ മാത്രംമതി, ബാക്കി കാര്യങ്ങളൊക്കെ നടക്കും. എന്നാൽ അങ്ങനെ വരുമ്പോൾ മൂന്നുനാല് മാസത്തെ കാലതാമസമെടുക്കും. ശബരിമല പദ്ധതിയിൽ പ്രസ്തുത റോഡ് റിപ്പയർ ആന്റ് മെയിന്റനൻസിൽ ഉൾപ്പെടുത്താതിരിക്കേണ്ട കാര്യമില്ലായിരുന്നു. കഴിഞ്ഞവർഷം അത്തരത്തിൽ പണികൾ ചെയ്തതാണ്. അവിടത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയ്യേണ്ട കാര്യമായിരുന്നു. മണ്ഡലകാല ആരംഭത്തിനായി ഏതാനും ദിവസങ്ങൾ മാത്രമാണ് ഇനിയുള്ളത്. ഇക്കാര്യം ഇന്നുതന്നെ ചർച്ച ചെയ്യാം. ശബരിമലയുമായി ബന്ധപ്പെട്ട റോഡ് പണികൾക്കായി 225 കോടി രൂപ ലഭിച്ചിട്ടുള്ളതിനാൽ തുകയുടെ പ്രശ്നമില്ല. ഇന്ന് തന്നെ ഇക്കാര്യം ചർച്ച ചെയ്ത് വളരെ അർജന്റായിട്ടുള്ള വ്യവസ്ഥകൾ ഉപയോഗിച്ച് ചെയ്യുന്നതിനെപ്പറ്റി ആലോചിക്കാം. അങ്ങ് പറഞ്ഞത് ശരിയാണ്, ഏറ്റവും കൂടുതൽ തീർത്ഥാടകർ കേരളത്തിന്റെ തെക്ക് ഭാഗത്തുനിന്ന് ശബരിമലയിലെത്താനായി ആശ്രയിക്കുന്ന പ്രധാനപ്പെട്ട റോഡാണിത്. കെ.എസ്.ടി.പി. പണി ചെയ്യുന്നതോടെ പ്രസ്തുത റോഡ് ഉയർന്ന നിലവാരത്തിലേക്ക് വരുമെന്ന കാര്യത്തിൽ സംശയമില്ല. അതിനാവശ്യമായ നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കും.

## (4) റോഡ് നവീകരണം

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പി.ഡബ്ല്യു.ഡി. റോഡുകളുള്ള മണ്ഡലമാണ് ഇരിക്കൂർ മണ്ഡലം. ആ മണ്ഡലത്തിലെ MDR-ൽപ്പെട്ട റോഡാണ് ചുണ്ടപ്പറമ്പ്-വെള്ളാട് റോഡ്. ഇന്ന് ആ റോഡിന്റെ അവസാനത്തെ റീച്ച് ഒന്നര കിലോമീറ്റർ ഭാഗം ഒട്ടും യാത്രായോഗ്യമല്ല. ഡിപ്പാർട്ടുമെന്റിന്റെ മാത്രം കുഴപ്പംകൊണ്ടല്ല. ഡിപ്പാർട്ടുമെന്റ് വർക്ക് അറേഞ്ച്

ചെയ്തിരുന്നു. പക്ഷെ നാട്ടുകാർ സമരങ്ങൾ നടത്തിയതിനെത്തുടർന്ന് വർക്ക് മാറ്റിവച്ചു. ഇപ്പോൾ വീണ്ടും ആ നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലുണ്ട്. ആശുപത്രി, ഗവൺമെന്റ് ഹൈസ്കൂൾ തുടങ്ങി നിരവധി സ്ഥാപനങ്ങളുള്ള മേഖലയാണത്. നിരവധി വാഹനങ്ങൾ ഓടുന്ന സെക്ടറാണത്. ചുണ്ടപ്പറമ്പ്-വെള്ളാട് റോഡിന്റെ വെള്ളാട്-കരുവഞ്ചാൽ ഭാഗംവരുന്ന ഒന്നര കിലോമീറ്റർ നവീകരിക്കുവാൻ നടപടിയുണ്ടാകണം. രണ്ടാമത്തെ കാര്യം, തളിപ്പറമ്പ്-കൂർഗ് ബോർഡർ റോഡ് ഇന്റർ സ്റ്റേറ്റ് റോഡാണ്. ആ റോഡിൽപ്പെട്ട ആലക്കോട് പാലത്തിന് ഇപ്പോഴത്തെ ബഡ്ജറ്റിലെ വോളിയം 1-ൽ പേജ് നമ്പർ 107 സീരിയൽ നമ്പർ 2266-ൽ 20 ശതമാനം തുകയായ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാലത്തിന്റെ ആകെ എസ്റ്റിമേറ്റ് 366 ലക്ഷം രൂപയാണ്. വോളിയം 1-ൽ തുക വകയിരുത്തിയിട്ടുള്ള സാഹചര്യം പരിഗണിച്ചുകൊണ്ട് അടിയന്തരമായി ആലക്കോട് പാലത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യണം. അപ്രോച്ച് റോഡിന്റെ സ്ഥലം ഇയർമാർക്ക് ചെയ്തിട്ടുണ്ട്, അതുസംബന്ധിച്ച് പ്രശ്നങ്ങളൊന്നുമില്ല. അക്കാര്യം ഡിപ്പാർട്ടുമെന്റിന് ബോധ്യമുള്ള കാര്യമാണ്. ഇതിൽ അങ്ങയുടെ ഇടപെടലുണ്ടാകണം. തൊട്ടടുത്തുള്ള കരുവഞ്ചാൽ പാലത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇന്റർ സ്റ്റേറ്റ് റോഡാണ്. കരുവഞ്ചാൽ പാലത്തിന്റെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. അതിനുകൂടി ഭരണാനുമതി കൊടുക്കണം. അങ്ങനെ ഈ രണ്ട് പാലങ്ങളുടെയും വെള്ളാട്-കരുവഞ്ചാൽ റോഡിന്റെയും പ്രവൃത്തി എത്രയുംവേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്തുനിന്ന് ഒരുവിധത്തിലുള്ള അനാസ്ഥയും ഉണ്ടായിട്ടില്ല. അവിടെയുള്ള ഭൗതിക പരിസ്ഥിതികളുടെ ഭാഗമായി സംഭവിക്കുന്നതാണ്. കരുവഞ്ചാൽ-വെള്ളാട് റോഡിന്റെ പുനരുദ്ധാരണത്തിനായി അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത്, 2015 ഡിസംബറിൽത്തന്നെ 3 കോടി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. 8 മീറ്റർ വീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതി ജനകീയ സമിതി ഇടപെട്ട് 10 മീറ്ററാക്കണമെന്ന് ആവശ്യപ്പെട്ടു. 10 മീറ്റർ ആക്കിയതിനാൽ ആ ഗവൺമെന്റിന്റെ കീഴിൽ പണി ആരംഭിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് 10 മീറ്ററാക്കി റീ-എസ്റ്റിമേറ്റ് ചെയ്തു. അതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായി പണി ആരംഭിച്ചു. ഒരു ഭാഗം 10 മീറ്ററാക്കി മെക്കാഡം ടാറിംഗ് ചെയ്തു. അത് 2017 മേയ് മാസത്തിൽ അവസാനിച്ചു. എന്നാൽ കരുവഞ്ചാൽ ടൗണിനോട് ചേർന്ന ഭാഗത്ത് സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സ്ഥലം കിട്ടിയില്ല. സ്ഥലം ഉടമകൾ എതിർക്കുകയാണ്. ഒരു ഭാഗത്ത് പണി ചെയ്യണമെന്നും മറുഭാഗത്ത്

പണിചെയ്യേണ്ടെന്നും പറയും. ഇത് കേരളത്തിലെ ഒരു പൊതുപരിപാടിയാണ്. ഇതൊക്കെ പണിയുന്നില്ലെന്നുള്ള നിലപാട് സ്വീകരിക്കുന്നതായിരിക്കും നല്ലത്. നാട്ടുകാർക്ക് വേണ്ടെങ്കിൽ വേണ്ട. ഒരു ഭാഗം പണിയും; മറുഭാഗം സ്ഥലം തരില്ല. അത് കാരണമാണ് തടസ്സം വന്നത്. സ്ഥലം ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള 8 മീറ്ററിൽ ചെയ്യാൻ തുടങ്ങിയപ്പോൾ മറ്റൊരു കൂട്ടർ തടയുകയാണ്. ഇതാണ് പ്രശ്നം. 8 മീറ്ററിൽ പണി ചെയ്യാൻ സമ്മതിച്ചിരുന്നെങ്കിൽ അതിന്റെ പണി ഇപ്പോൾ പൂർത്തിയായേനെ. തടയുന്നവരെ അറസ്റ്റ് ചെയ്തോ, കാര്യങ്ങൾ പറഞ്ഞോ മാറ്റണം. നമുക്കെല്ലാം വോട്ട് കിട്ടേണ്ടതിനാൽ എന്ത് തെമ്മാടിത്തരം കാണിച്ചാലും നമ്മൾ കണ്ണടയ്ക്കുകയാണ്. ഈ വോട്ട് കൊണ്ട് എന്താണ് പ്രയോജനം. നാട് നന്നാക്കാൻ കഴിയാത്ത വോട്ട് എന്തിനാണ്. ഞാൻ എല്ലാവരുടേയും കാര്യമാണ് പറയുന്നത്, നമ്മളെല്ലാവരും ആലോചിക്കണം. നാട് നന്നാക്കാനാണ് വോട്ട്. അങ്ങയുടെ മണ്ഡലത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. അങ്ങ് ഇതുവച്ച് വോട്ട് പിടിച്ചുവെന്നല്ല ഞാൻ പറയുന്നത്. അങ്ങനെ അങ്ങ് കരുതരുത്. പൊതുജനങ്ങൾ തടഞ്ഞുവെന്നതാണ് പ്രശ്നം. 3,19,25,650 രൂപയ്ക്ക് ഇപ്പോൾ റിവിഷൻ വന്നു. പി.ഡബ്ല്യു.ഡി. നിരന്തരമായി അത് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിൽ കാലതാമസം നേരിട്ടതുകൊണ്ട് കരാറുകാരൻ പണി ഉപേക്ഷിച്ചു. നഷ്ടോത്തരവാദിത്തമില്ലാതെ കരാർ റദ്ദുചെയ്യണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചശേഷം റിസ്ക് ആന്റ് കോസ്റ്റിൽ ടെണ്ടർ ചെയ്യാൻ നിർദ്ദേശം കൊടുത്തു. അങ്ങനെ ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തേഴായിരം രൂപയുടെ ബാലൻസ് എസ്റ്റിമേറ്റ് കണ്ണൂർ നിരത്ത് വിഭാഗം എഞ്ചിനീയർ ഇപ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ച് അത് ടെണ്ടറിന്റെ ഘട്ടത്തിലേക്ക് വന്നിരിക്കുകയാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ അത് പരിശോധിക്കുകയാണ്. തളിപ്പറമ്പ്-കൂർഗ് ഇന്റർസ്റ്റേറ്റ് റോഡിൽ പാലത്തിനായി 5 കോടി രൂപയുടെ എസ്റ്റിമേറ്റ് വന്നിട്ടുണ്ട്. അതിന് 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷനുണ്ട്. പ്രൊവിഷണലായി 1 കോടി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആലക്കോട് പാലം നിർമ്മാണത്തിന്റെ 3 കോടി 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സർക്കാർ പരിശോധിക്കുന്നുണ്ട്. 20 ശതമാനത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. അങ്ങ് അക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കണം. അതിന് കാലതാമസം വരാൻ സാധ്യതയുണ്ടോ എന്നുള്ളത് ചോദിച്ച് മനസ്സിലാക്കുക. പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്ത് പ്രശ്നമൊന്നുമില്ല. അവിടെയുള്ള ആളുകളോട് സംസാരിച്ച് 8 മീറ്റർ വീതിയിൽ റോഡ് പണി നടത്തുവാൻ സമ്മതിപ്പിക്കണം. ആലക്കോട് പാലത്തിന്റെ കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടാൽ തീരുമാനം അറിയാവുന്നതാണ്.

## (5) നാടക കലാകാരന്മാർക്കായി സമിതി രൂപീകരിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ വളരെ സുപ്രധാനമായൊരു വിഷയമാണ് ആദരണീയനായ സാംസ്കാരിക വകുപ്പുമന്ത്രിയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. കേരളത്തിലെ നാടക പ്രവർത്തകരുടെ ദയനീയ സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നത്. കേരളത്തിൽ പ്രൊഫഷണലായി ഏതാണ്ട് 150-ലേറെ സമിതികളുണ്ട്. രണ്ടായിരത്തിലേറെ കലാകാരന്മാരുമുണ്ട്. അതിലുപരിയായി നാടക രംഗത്ത് അഭിനേതാക്കൾ, നാടക പ്രവർത്തകർ എന്നിങ്ങനെ പലരുമുണ്ട്. കേരളത്തിൽ നാടകങ്ങളുടെ ചരിത്രമെടുത്ത് നോക്കിയാൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കൊക്കെ ശക്തി പകർന്നു കൊടുക്കുന്നതിൽ കെ.പി.എ.സി.-യും ഒ. മാധവന്റെ കാളിദാസ കലാകേന്ദ്രവും തോപ്പിൽ ഭാസി, കൃഷ്ണപിള്ള, ഒ. മാധവൻ, കെ.റ്റി. മുഹമ്മദ്, ബിയാട്രീസ് ജോസഫ്, കെ.പി.എ.സി സുലോചന, ശ്രീമതി കെ.പി.എ.സി. ലളിത, കണിയാപുരം രാമചന്ദ്രൻ, ജോർജ്ജ്, അതുപോലെ നാടകങ്ങൾ പറയുമ്പോൾ അശ്വമേധം, പുതിയ ആകാശം പുതിയ ഭൂമി, എനിക്ക് മരണമില്ല, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി തുടങ്ങിയവയും പി. ഭാസ്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി. കുറുപ്പ് എന്നിങ്ങനെ ഒരുപാട് പഴയ ആളുകളും പഴയ നാടകങ്ങളുമെല്ലാം നമ്മുടെ ഓർമ്മയിലെത്തും.– ഇന്ന് വളരെ പ്രയാസകരമായ അനുഭവങ്ങളുള്ള ഒരു വിഭാഗമാണ് നാടക പ്രവർത്തകരെന്ന് എല്ലാവരും അറിയുന്നൊരു കാര്യമാണ്. ഇന്ന് നല്ലൊരു നാടകം നിർമ്മിക്കുന്നതിന് പത്ത് ലക്ഷം രൂപയെങ്കിലും ചുരുങ്ങിയ ചെലവ് വരും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

(ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. കെ. എൻ. എ. ഖാദർ നാടക നടനായിരുന്നോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പത്ത് മുപ്പത്തിരണ്ട് നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ഇനിയും ആവശ്യമുണ്ടെങ്കിലോ ആള് കുറവുണ്ടെങ്കിലോ പറഞ്ഞാൽ മതി. നാടകം നടത്തിയിട്ടുണ്ട്. കെ.പി.എ.സി.-യുടെ ധാരാളം നാടകങ്ങൾ ബുക്ക് ചെയ്ത് കളിപ്പിച്ചിട്ടുണ്ട്. അതൊന്നും ഇവിടെ പറയുന്നതിൽ പ്രസക്തിയില്ലല്ലോ. ഇപ്പോഴത്തെ നാടകനടന്മാരുടെ സ്ഥിതിയാണ് ഞാൻ പറയുന്നത്. ഒരു നാടകം നിർമ്മിക്കാൻ പത്ത് ലക്ഷം രൂപ ചെലവാകും. ഒരു വർഷമോ രണ്ട് വർഷമോ നാടകം നടത്തിയാലൊന്നും ആ തുക തിരിച്ചുകിട്ടില്ല. അത് നിർമ്മിക്കുവാൻ യാതൊരു സഹായവും സർക്കാർ നൽകുന്നില്ല. ഒരു സീനിയർ ആർട്ടിസ്റ്റിന് 2,000 രൂപയും സാധാരണ ആർട്ടിസ്റ്റിന് 500 രൂപയുമാണ്

മാക്സിമം ലഭിക്കുന്നത്. ചലച്ചിത്രവുമായി താരതമ്യം ചെയ്താൽ നല്ലൊരു സീനിയർ ആർട്ടിസ്റ്റിന് സിനിമയിലാണെങ്കിൽ പ്രതിഫലമായി എത്ര തുക ലഭിക്കും? ഒരു നാടക പ്രവർത്തകൻ അഭിനേതാവാണെങ്കിൽ പ്രത്യേകിച്ചും രണ്ടോമൂന്നോ ദിവസം ഉറക്കമിളയ്ക്കണം, ചുരുങ്ങിയത് ഒരാഴ്ചയിലേറെ റിഹേഴ്സൽ നടത്തണം. വേറൊരു ജോലിക്കു പോകാനും സാധിക്കില്ല. ഇങ്ങനെ രാത്രി മുഴുവൻ നാടകത്തിൽ അഭിനയിച്ച് പുലർച്ചെ മടങ്ങിപ്പോകുന്ന ആൾക്ക് 2,000 രൂപ എന്നുപറഞ്ഞാൽ ഒരു ബംഗാളിക്ക് ഒരു ദിവസം ലഭിക്കുന്ന സാധാരണ കൂലി പോലുമാകില്ല. സംഗീത നാടക അക്കാദമി മത്സര നാടകങ്ങൾക്ക് ഓരോന്നിനും ഓരോ ലക്ഷം രൂപ നൽകുവാൻ ശ്രീ. സൂര്യ കൃഷ്ണമൂർത്തി ചെയർമാനായപ്പോൾ തീരുമാനിച്ചിരുന്നു. ഇപ്പോൾ അങ്ങനെ ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. പിന്നെ പത്ത് നാടകങ്ങളും നൽകിയിരുന്നു. സംഗീത നാടക അക്കാദമി അവർക്ക് ചില സഹായങ്ങളൊക്കെ നൽകിയിട്ടുണ്ട്. അവർക്ക് മൂവായിരം രൂപ വരെ പെൻഷൻ ലഭിക്കുന്നുണ്ട്, ചെറിയ തുക ക്ഷേമനിധിയുമുണ്ട്. പക്ഷേ വരുമാനമുള്ളവർക്ക് മാത്രമല്ലേ ക്ഷേമനിധി അടയ്ക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നാടകങ്ങൾക്ക് പോകാൻ സാധിക്കാത്ത രീതിയിൽ കഷ്ടപ്പാടനുഭവിച്ച് കഴിയുന്ന ആളുകൾക്ക് ക്ഷേമനിധി അടയ്ക്കാൻ സാധിക്കില്ലല്ലോ. ഇതൊരു വലിയ പ്രശ്നമാണ്. അവരുടെ ജീവിതം വളരെ ദുസ്സഹമാണ്. നാടകത്തിൽത്തന്നെ നമ്മൾ കേട്ടിട്ടുള്ള വളരെ പ്രസിദ്ധമായ ഗാനങ്ങളുണ്ട്. 'മരണം വാതിൽക്കൽ ഒരുനാൾ

മഞ്ചലുമായ് വന്നു നിൽക്കുമ്പോൾ. . . . .

ചിറകടിച്ചെൻ കൂട്ടു തകരും നേരം

ജീവജലം തരുമോ. . . . . ജീവജലം തരുമോ. . . . 'എന്ന് പറയുന്നില്ലേ, ആ ജീവജലമാണ് ഞാനിപ്പോൾ ചോദിക്കുന്നത്. ആ പാട്ടെല്ലാം അറിയുന്ന ആളുകൾക്ക്...

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....

ശ്രീ. കെ. എൻ. എ. ഖാദർ: അങ്ങ് ഈ നാടകങ്ങളൊന്നും കണ്ടിട്ടില്ലേ? ഒരു സി.പി.ഐ. നേതാവായിട്ട് കെ.പി.എ.സി.-യുടെ ഈ പങ്കെല്ലാം മനസ്സിലാക്കണ്ടേ? ഞാൻ പറയുന്നത്, ഇത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. അതുപോലെ ഒരുകാലത്തും വിസ്മരിക്കാത്ത ഒരു ഗാനമല്ലേ "ബലികുടീരങ്ങളെ..." എന്നത്. അതിൽ ഒരു വരിയുണ്ട്;

'യുഗങ്ങൾ നീന്തി നടക്കും ഗംഗയിൽ

വിരിഞ്ഞു താമര മുകുളങ്ങൾ'. അത് ശരിയായി, താമര വിരിഞ്ഞു. അങ്ങനെയുള്ള നാടക പ്രവർത്തകർ....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... ശ്രീ. കെ. എൻ. എ. ഖാദർ ഒരു സബ്മിഷന് നാല് മിനിട്ടെടുത്തു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇത് പ്രധാനപ്പെട്ടൊരു സംഭവമാണ്. ഞാൻ എന്റെ മണ്ഡലത്തിലെ ഒരു റോഡോ, ചെറിയ തോടോ അല്ല ചോദിക്കുന്നത്. ഞാൻ പൊതുവായി കേരളത്തിന്റെ ഒരു പ്രശ്നമാണ് ഉന്നയിക്കുന്നത്. അനേകം നാടക കലാകാരന്മാർ കഷ്ടപ്പാട് സഹിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നാടകം നിർമ്മിക്കുന്നതിന് സബ്സിഡി നൽകണം. പെൻഷൻ തുകയും ക്ഷേമനിധിയും വർദ്ധിപ്പിക്കണം. അതുപോലെതന്നെ പത്ത് മണിവരെ മാത്രമേ പോലീസ് മൈക്കിന് അനുവാദം നൽകുകയുള്ളൂ. നാടകം കളിച്ചു കൊണ്ടിരിക്കുമ്പോൾ പത്ത് മണിയാകാൻ അഞ്ച് മിനിട്ടുള്ളപ്പോൾ പോലീസ് വന്ന് അത് നിർത്തിവയ്പ്പിക്കും. അതെല്ലാം പ്രയാസകരമായ കാര്യങ്ങളാണ്. അതുപോലെ നാടക പ്രവർത്തകരുടെ ധാരാളം പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ മുഴുവൻ ഞാൻ പറഞ്ഞാൽ ശരിയാകില്ല, തീരുകയുമില്ല. നമ്മളെല്ലാവരും പറഞ്ഞതുകൊണ്ട് കാര്യമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി അതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെയോ സമിതിയെയോ നിയോഗിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒരു നാടകക്കാരനും ഫാൻസിഡ്രസ്സിലും മോണോ ആക്ടിലുമെല്ലാം പങ്കെടുത്തിരുന്ന നല്ലൊരു വിദ്യാർത്ഥി നേതാവുമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ഇതിനോട് അനുഭാവമുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. നല്ല കലാകാരനാണ്, ബ്രണ്ണൻ കോളേജിൽ ധാരാളം അഭിനയിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹം മുൻകയ്യെടുത്ത് ഇതിനായി ഒരു സമിതിയെ നിയോഗിക്കുകയും അന്വേഷിക്കുകയും വേണം. അസംബ്ലിയുടെ മുഴുവൻ വികാരമാണ് ഞാൻ പ്രകടിപ്പിക്കുന്നത്. ഇവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവ ഓരോന്നായി പരിഹരിക്കാൻ അടിയന്തര നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. എല്ലാ കാര്യങ്ങളും പറയാൻ അദ്ദേഹം അനുവദിക്കാത്തതുകൊണ്ട് സാധിച്ചിട്ടില്ല. അത് അങ്ങ് മനസ്സിലാക്കിയാൽ മതിയെന്ന് പറഞ്ഞ് ഞാൻ നിർത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ നവോത്ഥാനത്തിലും സാമൂഹ്യ പരിവർത്തനത്തിലും നാടക കലാരംഗം സുപ്രധാന പങ്കാണ് നിർവ്വഹിച്ചിട്ടുള്ളത്. മറക്കുടക്കുള്ളിലെ മഹാനരകം, അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, ജ്ജ് നല്ലൊരു മന്സനാകാൻ നോക്ക്, പാട്ടബാക്കി തുടങ്ങി സാമൂഹിക സാംസ്കാരിക രംഗത്ത് വലിയ

ചലനങ്ങളുണ്ടാക്കിയിട്ടുള്ളത് നമ്മുടെ നാടകങ്ങളാണ്. കേരളത്തിലെ, പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനത്തെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ജനങ്ങളിലേയ്ക്കെത്തിക്കുന്നതിൽ ആശയതലത്തിൽ വലിയ സംഭാവന നൽകിയതാണ് കേരളത്തിലെ നാടകങ്ങളെന്നുള്ളത് താങ്കൾക്കറിയാം. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സഹയാത്രികൻ ആയിരിക്കുന്ന സമയത്ത് താങ്കൾ നിരവധി നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ഏറ്റവും നല്ല പ്രാസംഗികനായി കേരളത്തിന്റെ മുക്കിലും മൂലയിലുമെത്തിയിട്ടുണ്ട്. എനിക്ക് തോന്നുന്നത് കെ.ടി.യുടെ തന്നെ കാഫറിൽ താങ്കൾ അഭിനയിച്ചിട്ടുണ്ടെന്നാണ്. വിഷക്കാറ്റ്, തീക്കുടുക്ക തുടങ്ങിയ നാടകങ്ങളിലും അഭിനയിച്ചു. ശ്രീ. സിവിക് ചന്ദ്രൻ എഴുതിയിട്ടുള്ള താമ്രപത്രങ്ങൾ എന്ന നാടകത്തിൽ പ്രകാശനെന്ന നക്സൽബാരി നേതാവായി താങ്കൾ അഭിനയിച്ചിട്ടുണ്ട്. ടാഗോർ തിയേറ്ററിൽ നല്ല അവതരണമായിരുന്നു അത്. ഞാൻ ഈ സബ്മിഷൻ ലഭിച്ച സമയത്താണ് അന്വേഷിച്ചുനോക്കിയത്. പിന്നെ എങ്ങനെ മുസ്ലിം ലീഗിലായിപ്പോയി എന്നതാണ് എനിക്ക് മനസ്സിലാകാത്തത്. ഒരു ഗൃഹാതുരത്വം പോലെ നാടകവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അങ്ങയുടെ മനസ്സിനെ ഞാൻ ആസ്വദിക്കുകയായിരുന്നു. അതിനിടയിൽ ബഹുമാനപ്പെട്ട ചെയർ നിർത്ത്... നിർത്ത്... എന്ന് പറയുമ്പോഴുള്ള വിഷമമേ എനിക്കുണ്ടായിട്ടുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മുസ്ലീം ലീഗ് നല്ല കലാകാരന്മാർക്ക് അംഗീകാരം കൊടുക്കുന്ന പാർട്ടിയാണെന്ന് അങ്ങേയ്ക്കിപ്പോൾ മനസ്സിലായല്ലോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞത് മുസ്ലീം ലീഗായാൽ ദഹനശക്തിയും സഹനശക്തിയും വേണമെന്നാണ്. അപ്പോൾ അതിന്റെ ഒരു ഭാഗമായിട്ടാണ് ഇതിനെ കാണുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അങ്ങ് ബ്രണ്ണൻ കോളേജിൽ പഠിക്കുന്ന കാലത്ത് സി. എച്ച്. മുഹമ്മദ്കോയ സിന്ദാബാദ് എന്ന് മുദ്രാവാക്യം വിളിച്ചിട്ടില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, കെ.എസ്.യു.-വിനെ ഇല്ലാതാക്കാനായി പല വേഷങ്ങളും ഞാൻ അന്ന് കെട്ടിയിട്ടുണ്ട്, അക്കൂട്ടത്തിൽപ്പെട്ടതായിരിക്കും അതും. അവശത അനുഭവിക്കുന്ന കലാകാരന്മാർക്കായി പെൻഷനും അടിയന്തര ചികിത്സാ സഹായവും നൽകുന്ന പദ്ധതി നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 750 രൂപയായിരുന്ന പ്രതിമാസ പെൻഷൻ 1,500 രൂപയായും ചികിത്സാ ധനസഹായം 5,000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡിൽ നിന്നുള്ള പെൻഷൻ 1,000 രൂപയിൽനിന്നും 3,000 രൂപയായി വർദ്ധിപ്പിച്ചത് ഇനിയും വർദ്ധിപ്പിക്കണമെന്നാണ്

ഉദ്ദേശിക്കുന്നത്. അതിൽ ആളുകളെ ചേർക്കുന്നത് വളരെ ലിബറലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേരുന്നവർക്ക് പ്രതിമാസ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ ധനസഹായം, മക്കളുടെ വിവാഹത്തിനുള്ള ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങിയവ ഇപ്പോൾ നൽകിവരുന്നുണ്ട്. നിലവിൽ 1436 നാടക കലാകാരന്മാർ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഇതിൽ 60 വയസ്സ് പൂർത്തിയായ 562 പേർക്ക് പെൻഷനും അനുവദിക്കുന്നുണ്ട്. കേരള സംഗീത നാടക അക്കാദമി നാടകരംഗത്തുൾപ്പെടെയുള്ള കലാകാരന്മാർക്കായി അപകട വൈദ്യസഹായ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള സഹായം ഇതിലൂടെ കലാകാരന്മാർക്ക് ലഭിക്കുന്നു.

സംഗീതനാടക അക്കാദമി, അന്താരാഷ്ട്ര നാടകോത്സവം, അമച്വർ നാടക മത്സരങ്ങൾ, പ്രവാസി നാടക ഉത്സവങ്ങൾ എന്നിവയ്ക്ക് പുറമെ ഒരു വർഷം മുന്നൂറിലധികം നാടകങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ നടക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിപ്പോയ പ്രഗത്ഭരായ നാടക കലാകാരൻമാർക്ക് നൽകുന്ന 'അമ്മന്നൂർ പുരസ്കാരം' പുനഃസ്ഥാപിക്കുകയും എല്ലാവർക്കും അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഭാഗമായി നൽകിവരികയും ചെയ്യുകയാണ്. കേരളത്തിലെ പ്രഗത്ഭരായ നാടക കലാകാരന് സംസ്ഥാന സർക്കാർ 'എസ്.എൽ.പുരം' നാടക അവാർഡ് നൽകുന്നുണ്ട്. അത് കഴിഞ്ഞ വർഷം നൽകിയത്, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാം, ഓംചേരി എൻ. എൻ. പിള്ളയ്ക്കാണ്. അത് ഡൽഹിയിൽ വച്ചാണ് കൊടുത്തിട്ടുള്ളത്. ശ്രീ. എം. മുകേഷിന്റെ അമ്മ ശ്രീമതി വിജയകുമാരിക്ക് രണ്ടുമാസം മുൻപാണ് കൊല്ലത്തുവച്ച് നാടകപുരസ്കാരം കൊടുത്തത്. പരമാവധി പ്രോത്സാഹനങ്ങൾ നമ്മൾ നൽകുന്നുണ്ട്. കേരള സംഗീത നാടക അക്കാദമി അറുപതിലധികം ശിൽപ്പശാലകൾ ഇപ്പോൾ നടത്തിയിട്ടുണ്ട്. മൂന്ന് കേന്ദ്രങ്ങളിൽ സ്ഥിരം നാടക പഠന സംവിധാനം ഒരുക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട നാടക വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,500 രൂപ സ്കോളർഷിപ്പായി നൽകുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി 1000 കലാകാരൻമാരെ ഉൾപ്പെടുത്തി ഏർപ്പെടുത്തിയതാണ് വജ്രജൂബിലി ഫെലോഷിപ്പ്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് നല്ല പരിജ്ഞാനമുള്ള 34 പ്രതിഭകളെ തെരഞ്ഞെടുത്ത് 15,000 രൂപ വീതം ഫെലോഷിപ്പ് നൽകുന്നുണ്ട്. ഇവരുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ നാടകകലയിൽ പരിശീലനവും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ നാടകരംഗത്തെ പരിപോഷിപ്പിക്കുന്നതിനും അവശത അനുഭവിക്കുന്ന കലാകാരൻമാരെ സഹായിക്കുന്നതിനും പ്രത്യേകമായുള്ള

ഇടപെടൽ ഗവൺമെന്റ് നടത്തുന്നുണ്ട്. പ്രളയകാലഘട്ടത്തിലാണ് അവരുടെ വിഷമം മനസ്സിലാക്കിയത്. ഒരു വാഹനത്തിന് മൂന്ന് മാസത്തേയ്ക്ക് 40,000 രൂപ ഇൻഷ്വറൻസ് അടയ്ക്കണം. അവർക്ക് ഇൻഷ്വറൻസ് അടയ്ക്കാൻ കഴിയുന്നില്ല. പ്രളയ കാലഘട്ടത്തിൽ നാടകമൊന്നും ഇല്ലാതെ അക്ഷരാർത്ഥത്തിൽ കടുത്ത പട്ടിണിയായിരുന്നു. ആ സമയത്താണ് വല്ലാത്ത വിഷമം തോന്നിയത്. അതിനുശേഷമാണ് കുറെ ഇടപെടലുകൾ നടത്തിയത്. ഇവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു പരിശോധന നടത്തുന്നതിനുള്ള നടപടികൂടി സ്വീകരിക്കുന്നതാണ്.

## (6) കുടിവെള്ള വിതരണം

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾ നേരിടുന്ന അതീവ ഗുരുതരമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാണ് ഈ സബ്മിഷൻ. വെള്ളൂർ ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം വാർഡുകളിലും സമീപ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിലും നിലവിൽ കുടിവെള്ളം എത്തിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിൽ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾമൂലം ആ പൊതുമേഖലാസ്ഥാപനം ഇന്ന് വിൽപ്പനയ്ക്കായി ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. കമ്പനി കുറച്ചുകാലമായി പ്രവർത്തനരഹിതവുമാണ്. കമ്പനി നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സമയത്ത് ഗ്രാമപഞ്ചായത്തിന് നൽകിയിരുന്ന പല സേവനങ്ങളും ഇന്ന് നിർത്തലാക്കിവരുന്നു. അതിൽ വലിയ പ്രത്യാഘാതമുണ്ടാക്കുന്നത് നിലവിലെ കുടിവെള്ള വിതരണത്തിനാണ്. ചേർത്തലയ്ക്കും അരൂരിനും കുടിവെള്ളം കൊടുക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുൾപ്പെടെ നിരവധി കുടിവെള്ള പദ്ധതികളാണ് മൂവാറ്റുപുഴ ആറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന വെള്ളൂരിലുള്ളത്. വെള്ളൂർ-വെളിയന്നൂർ പദ്ധതിയിൽനിന്നും ഭാഗീകമായി ഇപ്പോൾ പഞ്ചായത്തിൽ കുടിവെള്ളം കൊടുക്കുന്നുണ്ടെങ്കിലും ശാശ്വതമായ പരിഹാരത്തിന് വെള്ളൂർ പഞ്ചായത്തിന് തനത് കുടിവെള്ള പദ്ധതികൾക്കായി ഹെഡ് ടാങ്കും സപ്ലൈ ലൈനും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും അനുവദിച്ച് നൽകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈക്കം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വൈക്കം മുനിസിപ്പാലിറ്റിക്കും വെള്ളൂർ പഞ്ചായത്തുൾപ്പെടെയുള്ള 15 പഞ്ചായത്തുകൾക്കും കേരളാ വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നത് വെള്ളൂർ പഞ്ചായത്തിലെ മേവെള്ളൂർ പ്രവർത്തിക്കുന്ന

45 എം.എൽ.ഡി ശുദ്ധീകരണശാലയിൽ നിന്നാണ്. ജാതിക്കാമലയിൽ സ്ഥിതി ചെയ്യുന്ന ഉന്നതതല സംഭരണിയിൽനിന്നും വെള്ളൂർ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നുണ്ട്. വെള്ളൂർ ഗ്രാമപഞ്ചായത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ 2332 കണക്ഷനുകളും 235 പബ്ലിക് ടാപ്പുകളുമുണ്ട്. വെള്ളൂർ ഗ്രാമപഞ്ചായത്തിലെ എട്ട് വാർഡുകളിൽപ്പെട്ട മേവെള്ളൂർ, മടത്തേടം, ചെമ്മഞ്ചി, ചന്ദ്രാമല, മുഴിക്കോട്, വെള്ളൂർ, ഇറുമ്പയം, പുത്തൻചന്ത, കോളകം എന്നീ സ്ഥലങ്ങൾക്ക് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ പ്ലാന്റിൽ നിന്നുമാണ് വെള്ളം വിതരണം ചെയ്തുകൊണ്ടിരുന്നത്. ഈ എട്ട് വാർഡുകളിൽ 20 ശതമാനം പ്രദേശങ്ങളിൽ മാത്രമാണ് കേരളാ ജല അതോറിറ്റിയുടെ വിതരണ ശൃംഖലയുള്ളത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ജലവിതരണ പദ്ധതിയിൽനിന്നും പിൻമാറുന്നപക്ഷം പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം നേരിടുന്ന ഉയർന്ന പ്രദേശങ്ങളായ കയ്യുരിക്കൽ, ചെമ്മഞ്ചി ഉൾപ്പെടെയുള്ള പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായി ഒരു പുതിയ പദ്ധതി വിഭാവന ചെയ്യുന്നതാണ്.

## (7) ഫയർ സ്റ്റേഷൻ

ശ്രീ. സി. കൃഷ്ണൻ: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങോം ഫയർ സ്റ്റേഷൻ 2009 ഏപ്രിൽ മാസത്തിൽ ആരംഭിച്ചതാണ്. സ്വന്തമായി സ്ഥലസൗകര്യമില്ലാത്തതിനാൽ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു കമ്മ്യൂണിറ്റി ഹാളിലാണ് അതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇന്ന് ഈ ഫയർ സ്റ്റേഷനിൽ 30-ലധികം ജീവനക്കാരും 5 വാഹനങ്ങളും മറ്റ് ഉപകരണങ്ങളുമെല്ലാമുണ്ട്. മലയോര മേഖലയിൽ വ്യാപകമായി പ്രയോജനപ്പെടുന്ന ഫയർ സ്റ്റേഷനാണിത്. ഇത് ആരംഭിച്ചതിനുശേഷം സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സർക്കാരിൽനിന്ന് ഭൂമി ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ പത്ത് വർഷക്കാലം പിന്നിട്ടിട്ടും അവിടെ സ്വന്തമായി ഒരു ഷെഡ്പോലും കെട്ടാൻ സാധിച്ചില്ല. ഇതിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് വിവിധ കാരണങ്ങളാൽ അധികൃതർ ഭരണാനുമതി നിഷേധിക്കുന്നൊരു നിലപാടാണ് ഇതിനുമുമ്പെല്ലാം സ്വീകരിച്ചത്. ഈ കാര്യം ഗൗരവമായി പരിശോധിക്കുകയും ഏറ്റവും ഒടുവിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി സ്വന്തമായി ഒരു കെട്ടിട സൗകര്യമുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഒരു ഇടുങ്ങിയ റോഡിലൂടെയാണ് ഈ വാഹനങ്ങളുടെ പോക്കുംവരവും. അവിടെ ആവശ്യത്തിന് വെള്ളം കിട്ടാനില്ല. ഇത്തരത്തിൽ ഏറെ പരിമിതികൾ നിലനിൽക്കുകയാണ്. അതിനാൽ ഏറ്റവും ഒടുവിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി അവിടെ സ്വന്തം കെട്ടിടം യാഥാർത്ഥ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം അനുവദിച്ചുകൊണ്ട് 8-7-2015-ൽത്തന്നെ ഉത്തരവായിരുന്നു. സ്റ്റേഷൻ നിർമ്മാണത്തിനായി ഏകദേശം 3.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ തുക ഫയർ സ്റ്റേഷൻ കെട്ടിടത്തെ സംബന്ധിച്ചിടത്തോളം ഉയർന്നതായതിനാൽ ഫയർ സ്റ്റേഷനുവേണ്ട അത്യാവശ്യ ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി കോസ്റ്റ് ഇഫക്ടീവായ ഒരു പുതിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിലേയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകി എത്രയുംവേഗം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## V ക്രമപ്രശ്നം

### ഒരേ വിഷയം വീണ്ടും ഉന്നയിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, 29-10-2019-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് താനൂരിൽ ഇസ്ഹാഖ് എന്ന ചെറുപ്പക്കാരനായ മുസ്ലീം ലീഗ് പ്രവർത്തകൻ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം ഉന്നയിച്ചിരുന്നു. ആ സമയത്ത്, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. അബ്ദുറഹിമാൻ താനൂരിലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെയുള്ള പ്രശ്നങ്ങൾ സഭയുടെ മുൻപാകെ ഉയർത്തിക്കൊണ്ടുവന്നതാണ്. റൂൾ 304(2) പ്രകാരം സഭയിൽ ഒരു സമ്മേളനത്തിൽ ഉന്നയിച്ച അതേവിഷയം തന്നെ, അതേ പ്രദേശം സമാധാനത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുമ്പോൾ സമാധാനഭംഗം ഉണ്ടാക്കത്തക്ക വിധത്തിൽ വീണ്ടും സഭയിൽ ഉന്നയിക്കുന്നത് ശരിയല്ല. റൂൾ 304 (2) പ്രകാരം അത് ഉന്നയിക്കാൻ അനുവദിക്കരുതെന്നതാണ് എന്റെ ക്രമപ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം ഉന്നയിച്ചിട്ടില്ലല്ലോ; ഉന്നയിക്കട്ടെ.

ശ്രീ. എം. ഉമ്മർ: അദ്ദേഹം പത്രങ്ങളിൽ വന്ന ചിത്രങ്ങൾ ഉൾപ്പെടെ ഉയർത്തിക്കാണിച്ചുകൊണ്ട് അവിടെ മുമ്പ് നടന്ന സംഭവങ്ങൾ വിവരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. അതുകൊണ്ട് അതേ വിഷയം വീണ്ടും ഉന്നയിക്കാൻ അനുവദിക്കരുതെന്നാണ് എന്റെ ക്രമപ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ പ്രദേശത്തുനടന്ന വിവിധ അക്രമങ്ങളെ സംബന്ധിച്ചുള്ള പോയിന്റാണ് അദ്ദേഹം ഉന്നയിക്കാൻ ശ്രമിക്കുന്നത്.

12.00 P.M.].

## (സബ്മിഷൻ-തുടർച്ച)

### (8) താനൂരിലെ അക്രമ സംഭവങ്ങൾ

ശ്രീ. വി. അബ്ദുറഹിമാൻ: സർ, താനൂരിലെ തീരപ്രദേശങ്ങളിൽ കഴിഞ്ഞ കുറെക്കാലങ്ങളായി തുടർച്ചയായുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്താനും കുറ്റവാളികളെ ശിക്ഷിക്കാനുമുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അവിടെ ഏതോ ശക്തികൾ ഇത്തരം അക്രമ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് സംശയിക്കുന്നു. അതുകൊണ്ടാണ് മുഖ്യമന്ത്രിയോട് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ആവശ്യപ്പെട്ടത്. അതിന്റെ റിപ്പോർട്ടാണ് ആവശ്യപ്പെടുന്നത്. ഇന്ന് ആ പ്രദേശത്ത് ചെറിയ തോതിലെങ്കിലും അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ ഞായറാഴ്ച രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഉപ്പന്റെപുരയ്ക്കൽ ഹംസത്തിൽ മുഹാബിയ എന്ന കുട്ടിയെ വളരെ ക്രൂരമായി മർദ്ദിക്കുകയും ആ കുട്ടിയെ തിരൂർ താലൂക്ക് ഹോസ്പിറ്റലിൽനിന്നും മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തു. ആ കുട്ടിയുടെ മാതാപിതാക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുക്കാൻപോലും പോലീസ് തയ്യാറായിട്ടില്ല. ചൈൽഡ്‌ലൈൻ പ്രവർത്തകരുടെ ഇടപെടലിനെത്തുടർന്നാണ് കേസെടുക്കാൻ പോലീസ് തയ്യാറായത്. മൊഴിയെടുത്ത സമയത്ത് ആ കുട്ടിയുടെ മാതാപിതാക്കളുടെ മൊഴി എഴുതിയ പേപ്പർ ചീന്തിയെറിയുകയും അവരെക്കൊണ്ട് നിർബന്ധപൂർവ്വം വെള്ളക്കടലാസിൽ ഒപ്പിട്ട് വാങ്ങുകയും ചെയ്തുവെന്നാണ് മനസ്സിലാക്കുന്നത്. പോലീസിന്റെ ഭാഗത്തുനിന്നും ഇപ്പോഴും കൃത്യമായ രീതിയിൽ നീതി നടപ്പാക്കാൻ കഴിയുന്നില്ല. ഒരു പ്രത്യേക പാർട്ടിയിൽപ്പെടാത്ത ആരെയും ആ ഭാഗത്തേയ്ക്കടുക്കാൻ സമ്മതിക്കുന്നില്ല. അവിടെ ബന്ധപ്പെട്ട കൊലപാതകം നടന്ന സമയത്ത് മുസ്ലീം ലീഗിന്റെ മണ്ഡലം പ്രസിഡന്റ് മുത്തുക്കോയ തങ്ങളെ ആദ്യമായി വിളിച്ചത് ഞാനാണ്. 'ഇത്തരത്തിലൊരു സംഭവം നടന്നതായി കേട്ടു, ആ ഭാഗത്തുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ നമുക്കൊന്ന് ഇരിക്കണം, ഇത്തരം പ്രശ്നങ്ങൾ വ്യാപിക്കാൻ പാടില്ല' എന്ന് പറയുകയും ആശുപത്രിയും വീടും സന്ദർശിക്കാനുള്ള സന്നദ്ധത ആദ്യമേ ഞാൻ അറിയിച്ചതുമാണ്. ഈ സമയത്ത് അങ്ങോട്ട് പോകണ്ടെന്ന് ബഹുമാനപ്പെട്ട മണ്ഡലം പ്രസിഡന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് എനിക്ക് അവിടം സന്ദർശിക്കാൻ കഴിയാതിരുന്നത്. താനൂരിലെ തീരപ്രദേശങ്ങളിൽ മഫ്തി പോലീസിനെ നിയോഗിച്ച് കുറ്റവാളികളെ

കണ്ടെത്തണമെന്ന് പലപ്രാവശ്യം ആവശ്യപ്പെട്ടതാണ്. പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടിയുണ്ടായിട്ടില്ല. ആ ഭാഗത്ത് സമാധാനം നിലനിൽക്കണമെങ്കിൽ പോലീസ് ഏകപക്ഷീയമല്ലാത്ത രീതിയിൽ ഇടപെടേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഈ റിപ്പോർട്ടിന്റെ കാര്യത്തിൽ പ്രസ്താവനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താനൂർ തീരപ്രദേശങ്ങളിലുണ്ടായ അക്രമ സംഭവങ്ങളെത്തുടർന്ന് 2017-ൽ ഒരു കേസും 2018-ൽ രണ്ട് കേസ്സുകളും 2019-ൽ 10 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ നാല് കേസ്സുകളുടെ അന്വേഷണം ക്രൈംബ്രാഞ്ചാണ് നടത്തിവരുന്നത്. ഈ നാല് കേസ്സുകളിലും പ്രതികൾ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് പ്രവർത്തകരാണ്. 4-3-2019-ൽ സി.പി.ഐ.(എം) പ്രവർത്തകരായ മുസ്തഫ, ഷംസുദ്ദീൻ എന്നിവരെ ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ച സംഭവത്തിനുശേഷം 24-10-2019-ൽ റഫീക്ക് എന്ന ഇസ്ഹാഖ് കൊല്ലപ്പെട്ട സംഭവമുണ്ടാകുന്നതുവരെ എട്ട് കേസ്സുകൾ താനൂർ പോലീസ് സ്റ്റേഷനിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരുവിഭാഗത്തിലുംപ്പെട്ടവർ പ്രതികളായ ഈ കേസുകളിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. 24-10-2019-ന് റഫീക്ക് എന്ന ഇസ്ഹാക്ക് കൊല്ലപ്പെട്ട സംഭവത്തിൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘംതന്നെ അന്വേഷണം നടത്തിവരുന്നു. താനൂർ മേഖലയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നതും കേസിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെ നിയമനടപടി സ്വീകരിച്ചു വരുന്നതുമാണ്. തിരൂർ ഡിവൈ.എസ്.പി.-യുടെ ചുമതലയിൽ ഈ തീരപ്രദേശ മേഖലയിൽ രണ്ട് സമാധാന കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനകളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ച് ബോധവൽക്കരണ സമാധാന ശ്രമങ്ങളും നടത്തിവരികയാണ്. തീരപ്രദേശങ്ങളിൽ നല്ല നിരീക്ഷണമാണ് ഇപ്പോൾ പോലീസ് നടത്തിക്കൊണ്ടിരിക്കുന്നത്.

## (9) ഖാദി റിബേറ്റ്

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ ഖാദി ഉപഭോക്താക്കൾക്ക് നൽകിയ റിബേറ്റ് ഇനത്തിൽ ഖാദി സ്ഥാപനങ്ങൾക്ക് 48 കോടി രൂപയാണ് ഇതുവരെ ലഭിക്കാനുള്ളത്. ഈ വർഷം 15 കോടി രൂപയാണ് അലോക്കേഷൻ.

അതിൽ 10 കോടി രൂപ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചപ്പോൾ അത് കേരള ഉല്പന്നങ്ങൾക്ക് മാത്രമായി നിജപ്പെടുത്തി. നമുക്കെല്ലാം അറിയാം, കേരളത്തിലെ ഖാദി സ്ഥാപനങ്ങളെല്ലാം പ്രവർത്തിക്കുന്നത് ഇവിടത്തെ ഖാദി ഉല്പന്നങ്ങൾ മാത്രം വിറ്റിട്ടല്ല, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുകൂടി കൊണ്ടുവരുന്ന ഖാദി ഉല്പന്നങ്ങൾ വിറ്റിട്ടാണ്. സാധാരണ സംസ്ഥാന/സംസ്ഥാനേതര വിവേചനമില്ലാതെയാണ് റിബേറ്റ് കുടിശ്ശിക നൽകിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടിയാണ് ഈ റിബേറ്റ് നൽകിയിരിക്കുന്നത്. കുടിശ്ശികത്തുക കേരള ഉല്പന്നങ്ങൾക്ക് മാത്രമായി വിതരണം ചെയ്യണമെന്നുള്ള ഇപ്പോഴത്തെ നിർദ്ദേശം സർക്കാരിന്റെതന്നെ മുൻ ഉത്തരവുകൾക്കും മന്ത്രിമാർ നൽകിയ ഉറപ്പുകൾക്കും വിരുദ്ധമാണ്. 48 കോടി രൂപയുടെ കുടിശ്ശിക മുഴുവൻ കൊടുത്തില്ലെങ്കിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഖാദി സ്ഥാപനങ്ങളും പൂട്ടിപ്പോകേണ്ടുന്ന രൂക്ഷമായ പ്രതിസന്ധിയാണ് നിലവിലുള്ളത്. അതുകൊണ്ട് സംസ്ഥാനം, ഇതര സംസ്ഥാനം എന്നുള്ള വിവേചനമില്ലാതെ മുഴുവൻ റിബേറ്റ് കുടിശ്ശികയും ഈ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഖാദി മേഖല കടുത്ത പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഒരു രംഗമാണ്. ഖാദി വസ്ത്രങ്ങളുടെ ചില്ലറ വില്പന പ്രോത്സാഹിപ്പിക്കുന്നതിന് സാധാരണ ദിവസങ്ങളിൽ വർഷം മുഴുവൻ സംസ്ഥാന സർക്കാർ അനുവദിക്കുന്ന 10 ശതമാനവും ഖാദി കമ്മീഷൻ നൽകുന്ന മൾട്ടിപ്പിൾ മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസിന്റെ ഒരു ഭാഗവും (10%) ഉപയോഗിച്ചുകൊണ്ട് 20% റിബേറ്റാണ് നൽകുന്നത്. ഓണം, റംസാൻ, ക്രിസ്തുമസ്, ഗാന്ധിജയന്തി, സർവ്വോദയ പക്ഷം തുടങ്ങി പ്രത്യേക ഉത്സവ ദിനങ്ങളിൽ വർഷത്തിൽ 70 ദിവസം സംസ്ഥാന സർക്കാർ അനുവദിക്കുന്ന 10% സ്പെഷ്യൽ റിബേറ്റ് ഉൾപ്പെടെ ആ സീസണുകളിൽ 30 ശതമാനംവരെ നിരക്കിൽ റിബേറ്റ് ലഭ്യമാകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിൽ ഖാദി റിബേറ്റ് ഇനത്തിൽ 42.35 കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ വർഷത്തേക്ക് 15 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതിൽ 10 കോടി രൂപ ഖാദി ബോർഡിന് അനുവദിച്ചിട്ടുണ്ട്. ഖാദി വസ്ത്ര ഉല്പാദനം സംസ്ഥാനത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിന് സംസ്ഥാന സർക്കാർ അനുവദിക്കുന്ന റിബേറ്റ് 2018 ഡിസംബർ മാസം മുതൽ സംസ്ഥാനത്തിൽ നിന്നുള്ള ഖാദി ഉല്പന്നങ്ങളുടെ

വിൽപ്പനയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷത്തെ സംസ്ഥാനത്തെ ഖാദി വസ്ത്ര ഉല്പാദനവും മറ്റ് സംസ്ഥാനങ്ങളിലെ ഖാദി വസ്ത്ര ഉല്പന്നങ്ങളുടെ വാങ്ങലും വിപണനവും നോക്കിയാൽ സംസ്ഥാന ഉല്പാദനത്തിന്റെ മൂന്നിരട്ടിയോളം തുകയുടെ തുണി കേരളത്തിൽ വാങ്ങി വിപണനം നടത്തിയതായി കാണാൻ കഴിയും. അതിന് മുഴുവനും സംസ്ഥാന സർക്കാർ റിബേറ്റ് നൽകേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇത് ഫലത്തിൽ കേരളത്തിലെ ഖാദി വസ്ത്ര ഉല്പാദന മേഖലയെ പ്രതികൂലമായി ബാധിക്കുകയാണ് ചെയ്യുന്നത്. അതിനാൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം സംസ്ഥാന റിബേറ്റ് അനുവദിക്കുക എന്നുള്ള രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. കൂടുതൽ വിപണി കണ്ടെത്താനുള്ള നടപടികളും ഈ രംഗത്ത് സർക്കാർ സ്വീകരിച്ചുവരുന്നു. ഖാദി മേഖലയെയും ഖാദി തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പുതുതായി 26 ഖാദി ഉല്പാദന കേന്ദ്രങ്ങളും 4 നൂൽനൂൽപ്പ് കേന്ദ്രങ്ങളും 3 റെഡിപാവ് ഉല്പാദന യൂണിറ്റുകളും ആരംഭിച്ചു. ഖാദി മേഖലയിൽ പുതുതായി 3384 തൊഴിലവസരങ്ങൾ ലഭ്യമാക്കി. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 92.76 കോടി രൂപ അനുവദിച്ചതിൽ 13600 തൊഴിലാളികൾക്ക് ഇത് വിതരണം ചെയ്തിട്ടുണ്ട്. ഉത്സവ ഇൻസെന്റീവ് ഇനത്തിൽ 18.30 കോടി രൂപയും സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ ഉത്സവബത്ത 900 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം കൂലി പരിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. എന്നാൽ ഖാദി തൊഴിലാളികൾക്കുള്ള ഈ ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. എല്ലാ ഖാദി തൊഴിലാളികളെയും ഇ.എസ്.ഐ.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ഗൗരവമേറിയ വിഷയം തന്നെയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം ഖാദി ഉല്പന്നങ്ങൾ വാങ്ങുന്നവർക്ക് റിബേറ്റ് നൽകി. ആ റിബേറ്റിന്റെ സ്റ്റേറ്റ്മെന്റാണ് ഗവൺമെന്റിന് മുമ്പാകെ വന്നത്. ഇപ്പോൾ അത് കൊടുക്കുക എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള വഴി. അത് നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കും. ഭാവിയിൽ ഇതു സംബന്ധിച്ചുള്ള നിലപാട് ഇവിടെ നിന്ന് ഉല്പാദിപ്പിക്കുന്ന ഖാദി ഉല്പന്നങ്ങൾക്ക് റിബേറ്റ് കൊടുക്കുക എന്നുള്ളതാണ്. അക്കാര്യവും വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കാം.

കാരണം അവർ റിബേറ്റ് കിട്ടുമെന്ന് കരുതി വിപണനം ചെയ്തതാണ്. ഇപ്പോൾ കൊടുക്കുകയില്ലെന്ന് പറഞ്ഞാൽ അവർക്ക് പ്രയാസമുണ്ടാകും. അത് ഖാദി വ്യവസായ മേഖലയിൽ അശാന്തി സൃഷ്ടിക്കും. അതുകൊണ്ട് അക്കാര്യം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (10) ഗ്ലോബൽ ആയുർവ്വേദ വില്ലേജ്

ശ്രീ. വി. ജോയി: സർ, 2012-ൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്ര വർക്കല നിയമസഭാ മണ്ഡലത്തിൽപ്പെട്ട അയിരൂർ എന്ന പ്രദേശത്ത് ഭൂമി ഏറ്റെടുത്ത് ആയുർവ്വേദ ഗ്ലോബൽ വില്ലേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. പക്ഷെ അതിന്റെ മറ്റ് പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിരുന്നില്ല. അങ്ങ് വ്യവസായ വകുപ്പുമന്ത്രിയായതിനുശേഷം മൂന്ന് പ്രാവശ്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും ഗ്ലോബൽ ആയുർവ്വേദ വില്ലേജ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. ഭൂമി വാങ്ങുന്നതിന് ധനകാര്യ വകുപ്പിൽ നിന്ന് 18 കോടി രൂപ അനുവദിപ്പിക്കുകയും അത് ഉപയോഗപ്പെടുത്തി 31 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. 60 ഏക്കർ സ്ഥലമാണ് ഈ പദ്ധതിക്ക് വേണ്ടിവരുന്നത്. ഭൂവുടമകൾ സ്വമേധയാ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണ്. ബാക്കി ഭൂമികൂടി ഏറ്റെടുത്ത് ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സാധ്യമാക്കുന്നതിനുവേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷന്റെ ഉദ്ദേശ്യം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ആയുർവ്വേദ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് കിൻഫ്ര ഗ്ലോബൽ ആയുർവ്വേദ വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കുവേണ്ടി വർക്കലയിലെ അയിരൂർ വില്ലേജിൽ 30.93 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച പ്രവർത്തനം വിലയിരുത്താൻ 29-10-2019-ന് മന്ത്രിതലത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിരുന്നു. ഏറ്റെടുത്ത സ്ഥലത്ത് ഗ്ലോബൽ ആയുർവ്വേദ വില്ലേജ് പദ്ധതി ആരംഭിക്കുന്നതിന് ഒരു കമ്പനി രജിസ്റ്റർ ചെയ്ത് ശ്രീ. വി. ജോയി, എം.എൽ.എ.യെ ചെയർമാനാക്കി കമ്മിറ്റി രൂപീകരിക്കുന്നതിനും ബിസിനസ്സ് പങ്കാളിയെ കണ്ടെത്തി ഒരു ജോയിന്റ് വെഞ്ച്വർ എന്ന നിലയ്ക്ക് ഈ സംരംഭം വിപുലീകരിക്കാനുമുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഗ്ലോബൽ ആയുർവ്വേദ വില്ലേജിന് തൊട്ടടുത്തുള്ള ഇത്തരം സംരംഭങ്ങളുമായി പരസ്പരം സഹകരിച്ചുകൊണ്ട് ഒരു പുതിയ വികസന പദ്ധതി തയ്യാറാക്കാനും അവരോട് നിർദ്ദേശിച്ചിട്ടുണ്ട്.

## VI റിപ്പോർട്ട് സമർപ്പണം

### 1. 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### 2. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ)ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2019 ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### 3. 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2019 ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### 4. 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ഞാൻ സമർപ്പിക്കുന്നു.

### 5. പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. എൻ. വിജയൻ പിള്ള: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII അറിയിപ്പ്

കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിനുള്ള ഭേദഗതി

മി. സ്പീക്കർ: 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേഗദതി) ബിൽ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ യഥാക്രമം 2019 നവംബർ 13, 14 തീയതികളിൽ സഭയുടെ പരിഗണനയ്ക്കായി വരുന്നതാണ്. എന്നാൽ ഭരണപരമായ കാരണങ്ങളാൽ പ്രസ്തുത ബില്ലുകളുടെ പരിഗണനാ തീയതികൾ പരസ്പരം മാറ്റിനൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 2019 നവംബർ 13, 14 തീയതികളിൽ സഭ പരിഗണിക്കാനിരിക്കുന്ന മേൽപ്പറഞ്ഞ രണ്ട് ബില്ലുകളുടെയും പരിഗണനാ തീയതികൾ പരസ്പരം മാറ്റി നിശ്ചയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാര്യോപദേശക സമിതിയിലെ ഭേദഗതി അംഗീകരിക്കുന്നു. പക്ഷെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്; അദ്ദേഹത്തിന് ഇക്കാര്യം ഞങ്ങളോട് പറയാമായിരുന്നു. സഭയുടെ കീഴ്വഴക്കം അതാണ്. അങ്ങ് പറയുമ്പോൾ മാത്രമാണ് ഞങ്ങളിത് അറിയുന്നത്.

മി. സ്പീക്കർ: അറിയിച്ചിട്ടില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആരും അറിയിച്ചിട്ടില്ല, ആരും പറഞ്ഞതുമില്ല.

മി. സ്പീക്കർ: ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാം.

# VIII നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

(ii) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലും 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു. ശ്രീ. കെ. എസ്. ശബരീനാഥന് അങ്ങയുടെ ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

### ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിലെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ക്രമപ്രശ്നമായി ഉന്നയിക്കുന്നത്. 1999-ൽ കേരളത്തിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും ബോർഡ് രൂപീകരിച്ചിട്ടുണ്ടായിരുന്നു. ഈ ബോർഡിനെ സഹായിക്കാൻ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കാൻവേണ്ടി ഒരു സെക്രട്ടേറിയറ്റിന്റെ തുടക്കമാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ആവശ്യം. പക്ഷെ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ചട്ടം 73 പ്രകാരം പുതിയ ബില്ലോ ആക്ടോ വരികയാണെങ്കിൽ അതിന്റെ അനാവർത്തകവും ആവർത്തകവുമായ ചെലവ് കൃത്യമായി കണക്കാക്കുന്നതിനുവേണ്ടി ധനകാര്യ മെമ്മോറാണ്ടം, യഥാർത്ഥ കണക്ക് പറയേണ്ടതുണ്ട്. നിയമസഭാ നടപടി ചട്ടങ്ങളിലെ 73- ാം ചട്ടം വായിക്കുകയാണെങ്കിൽ വളരെ വ്യക്തമായി മനസ്സിലാകും. 'A Bill involving expenditure shall be accompanied by a financial memorandum which shall invite particular

attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law.' പക്ഷെ ഇങ്ങനെയൊക്കെ ഉണ്ടെങ്കിലും ഇന്നലെ വന്ന ബില്ലിൽ ആകെത്തുക എത്രയെന്ന് പറഞ്ഞിട്ടുണ്ട്. ഇന്നത്തെ ബില്ലിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത് " ഒരു സെക്രട്ടേറിയറ്റ് രൂപീകരണത്തിനായി വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഈ ഇനത്തിലുണ്ടാകുന്ന അനാവർത്തകവും ആവർത്തകവുമായ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല" എന്നാണ്. സാമ്പത്തിക മാന്ദ്യമുള്ള സമയത്ത് പുതിയ സെക്രട്ടേറിയറ്റ് വരികയാണെങ്കിൽ അമ്പതോ അഞ്ഞൂറോ ആളുകളുണ്ടാകാം. ആ കണക്കുകളൊന്നും ഇതിൽ പറയുന്നില്ല. ഇതുപോലൊരു ബില്ലിൽ എത്ര തുക വരുമെന്ന് വ്യക്തമായി പറയേണ്ടതിന്റെ റൂളിംഗുകൾ 1998-ലൊക്കെ സ്പീക്കർ നൽകിയിട്ടുണ്ട്. ക്രമപ്രശ്നത്തിലൂടെയുള്ള എന്റെ ആവശ്യം, ബിൽ പാസ്സാക്കുന്നതിനുമുമ്പ് ഈ പുതിയ ബില്ലിലെ സെക്രട്ടേറിയറ്റ് എന്ന ആശയം കാരണം സംസ്ഥാനത്തിന് എന്ത് തുക ചെലവുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിക്കണം. ഏത് ബില്ലായാലും ബഹുമാനപ്പെട്ട ചെയർ ഇത്തരത്തിലുള്ള ഫിനാൻഷ്യൽ ഇംപാക്ട് ബില്ലിനോടൊപ്പം പറയണമെന്ന നിഷ്കർഷ വയ്ക്കണമെന്നുകൂടി ഈ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിന്റെ ചരിത്രത്തിലെ ഒരു പുതിയ സംരംഭമാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. വ്യാവസായിക കുതിപ്പിനുതകത്തക്ക നിലയിലൊരു നല്ല സംരംഭത്തിലാണ് ഗവൺമെന്റ് ഏർപ്പെടുന്നത്. 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല എന്ന ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

ബില്ലിലെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പ് 7-ാം ഉപവകുപ്പ്, സംസ്ഥാന ബോർഡിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിനായും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നുണ്ട്. എത്ര ജീവനക്കാരെ എപ്രകാരം

നിയമിക്കണമെന്നും അവരുടെ വേതനം എത്രയായിരിക്കണമെന്നും തീരുമാനിച്ചാൽ മാത്രമേ പ്രസ്തുത ഇനത്തിൽ സർക്കാരിന് സഞ്ചിതനിധിയിൽ നിന്ന് ചെലവാകുന്ന തുക കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. മുമ്പ് നിയമസഭയിൽ പ്രസിദ്ധീകരിച്ച 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ, 2012-ലെ The Kerala Forest Produce (Fixation of Selling Price) Amendment Act, 2014-ലെ The High Court Services (Determination of Retirement Age) Amendment Bill എന്നീ ബില്ലുകളിൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നുമുണ്ടാകുന്ന ചെലവ് കൃത്യമായി കണക്കാക്കാൻ ഈ ഘട്ടത്തിൽ സാദ്ധ്യമല്ല എന്ന ധനകാര്യ മെമ്മോറാണ്ടം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഇതിൽ അപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്തിയിട്ടുള്ളത്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ... ഓർഡർ...,

ഇന്ന് സഭയിൽ അവതരിപ്പിക്കാൻ ഷെഡ്യൂൾ ചെയ്തിട്ടുള്ള 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നും അതുവഴി നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 73-ലെ വ്യവസ്ഥ ലംഘിച്ചിരിക്കുന്നുവെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എസ്. ശബരീനാഥൻ തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ഇതുസംബന്ധിച്ചുള്ള വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചട്ടം 73-ൽ പറയുന്നത്, " പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും, ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പ് ചെലവുകൂടി അതിൽ നൽകേണ്ടതും ആകുന്നു" എന്നാണ്.

അതിൻപ്രകാരം മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയുന്നപക്ഷം അക്കാര്യം വിശദമായി ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുന്നതു തന്നെയാണ് നമ്മുടെ സഭയിലെ കീഴ്‌വഴക്കം. ചട്ടവും അതുതന്നെയാണ്.

എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ, മതിപ്പ് ചെലവ് മുൻകൂട്ടി വ്യക്തമായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇവിടെ സൂചിപ്പിച്ച പ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾക്കൊള്ളിക്കുന്ന കീഴ്‌വഴക്കവും

നമ്മുടെ സഭയിൽ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതിനു പുറമെ സഭയുടെ ഈ നടപ്പുസമ്മേളനത്തിൽത്തന്നെ 2019 ഒക്ടോബർ 29-ാം തീയതി സഭ പരിഗണിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിലും ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടമാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലും 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളം ഇനിയും ഒരുപാട് വളർന്ന് വികസിക്കണം. ഒരു പുതിയ കേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയും സമഗ്ര വികസനത്തിനുവേണ്ടിയുമാണ് പിണറായി സർക്കാർ പരിശ്രമിക്കുന്നത്. കേരളത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ കഴിയണമെങ്കിൽ ഇന്ന് ലോകത്താകെ ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ വികസനങ്ങളെയും കുറിച്ച് സമഗ്രമായി പഠിച്ച് അതിനനുസരിച്ച് കേരളത്തെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് സാധിക്കണം. വ്യവസായ വികസനത്തിനുവേണ്ട കർമ്മ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് വലിയ സംരംഭമുണ്ടാക്കുന്നതിനാണ് ഇന്ന് പല രാഷ്ട്രങ്ങളും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമ്മുടെ കാർഷിക വ്യാവസായിക രംഗത്തെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതിന് കഴിയത്തക്ക നിലയിലുള്ള സാഹചര്യം സൃഷ്ടിച്ചെടുക്കുക എന്നുള്ളതാണ് ഈ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനം. ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കഴിഞ്ഞ മൂന്നര വർഷത്തിനിടെ വലിയ മുന്നേറ്റം കൈവരിക്കാൻ കേരളത്തിന് സാധിച്ചു. നിക്ഷേപത്തിന് അങ്ങേയറ്റം അനുകൂലമായ സാഹചര്യം വളർത്തിയെടുക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. നിക്ഷേപം പ്രോത്സാഹിപ്പിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനം വലിയ കുതിപ്പുതന്നെ നടത്തിയിട്ടുണ്ട്.

ഭരണപരമായ കാര്യങ്ങളിലും വിദ്യാഭ്യാസം, കൃഷി, ആരോഗ്യം, ക്രമസമാധാനം, സ്ത്രീസുരക്ഷ, ശിശുക്ഷേമം, പ്രതിശീർഷ വരുമാനം തുടങ്ങിയ കാര്യങ്ങളിലും കേരളം ഇന്ത്യയിൽ ഒന്നാമതാണ്. അഴിമതിയും വർഗ്ഗീയ ലഹളകളും കേരളത്തിലാണ് ഏറ്റവും കുറവ്. അന്യായ തൊഴിൽ സമരങ്ങൾ ഓർമ്മയായി. സമരങ്ങളുടെ പേരിൽ ഒരു സ്ഥാപനവും പൂട്ടിയിട്ടില്ല. കേരളത്തിൽ കഴിഞ്ഞ മൂന്നരവർഷക്കാലം തൊഴിൽമേഖല പൂർണ്ണമായും ശാന്തമാണ്.

സാങ്കേതിക രംഗത്തെ കുതിപ്പിന്റെ പിൻബലത്തിൽ വ്യവസായരംഗത്ത് ലോകമെങ്ങും വലിയ മുന്നേറ്റമാണ് നടക്കുന്നത്. നിക്ഷേപകന് ഏറ്റവും അനുകൂലമായ സാഹചര്യമൊരുക്കാൻ ലോകരാജ്യങ്ങളും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളും കടുത്ത മത്സരത്തിലാണ്. നിയമങ്ങളിലും മറ്റ് വ്യവസ്ഥകളിലും നിക്ഷേപകരെ ആകർഷിക്കാനാവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടക്കുകയാണ്. ഈ സാഹചര്യത്തിലാണ് നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കാനുതകുന്ന ഉദാരമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളത്തെ ഇന്ത്യയിലെ മുൻനിര സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം മുൻനിർത്തി കേരള ഗവൺമെന്റ് നിയമഭേദഗതികൾ ഉൾപ്പെടെ നിരവധി പരിഷ്കാരങ്ങളും പദ്ധതികളും നടപ്പാക്കി. നിലവിലെ നിയമങ്ങൾ ലഘൂകരിക്കുകയും യുക്തിപരമായി നവീകരിക്കുകയും ക്ലിയറൻസ് സംബന്ധമായ ഭരണനിർവ്വഹണം കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യുന്നതിനാണ് ഗവൺമെന്റ് ഊന്നൽ നൽകുന്നത്.

വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന സൂചിക. പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കിന് അനുസരിച്ചാണ് റാങ്ക് നിർണ്ണയിക്കുക. സംരംഭം ആരംഭിക്കൽ, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതികണക്ഷൻ, വസ്തു രജിസ്ട്രേഷൻ, തൊഴിൽ സംബന്ധമായ അനുമതികൾ, ഏകജാലക ക്ലിയറൻസ്, കരാറുകൾ നടപ്പാക്കൽ, നികുതി അനുമതികൾ, സുതാര്യമായ പരിശോധന, പാരിസ്ഥിതിക അനുമതി എന്നീ മാനദണ്ഡങ്ങളാണ് റാങ്കിംഗിന് അടിസ്ഥാനം.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനുവേണ്ടി മാത്രം സവിശേഷമായ ഒരു നിയമം പാസ്സാക്കിയ ഏക സംസ്ഥാനമാണ് കേരളം. വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ ലളിതമാക്കാൻ നിലവിലെ 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ്

ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കി. വ്യവസായ ലൈസൻസുകളും അനുമതികളും വേഗത്തിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. വ്യവസായ ലൈസൻസുകളുടെ കാലാവധി ഒരു വർഷം മുതൽ മൂന്നുവർഷം വരെ എന്നത് 5 വർഷമാക്കി വർദ്ധിപ്പിച്ചു. ഈ പരിഷ്കാരങ്ങളുടെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

നീതി ആയോഗ് ഒക്ടോബറിൽ പുറത്തിറക്കിയ ഏറ്റവും പുതിയ പട്ടിക പ്രകാരം മികച്ച ബിസിനസ് സാഹചര്യമുള്ള സംസ്ഥാനങ്ങളിൽ കേരളം രണ്ടാമതാണ്. നിക്ഷേപത്തിലും നൂതനാശയ പ്രോത്സാഹനത്തിലും നാലാം സ്ഥാനവുമുണ്ട്. സംരംഭങ്ങൾ തുടങ്ങുക എന്നത് തീർത്തും അനായാസമാക്കുന്ന കൂടുതൽ നിയമഭേദഗതികളും പരിഷ്കരണവും കൊണ്ടുവരാനുള്ള നടപടികൾ സജീവമായി പുരോഗമിക്കുകയാണ്. കേരളത്തെ ഒരു സമ്പൂർണ്ണ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അതിന്റെ ഭാഗമായാണ് രണ്ട് ബില്ലുകൾ ഇവിടെ അവതരിപ്പിക്കുന്നത്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ ആണ് ഒന്നാമത്തേത്. നിക്ഷേപകന് സ്വാതന്ത്ര്യവും സമയലാഭവും നൽകുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കുതിപ്പേകും. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം (എം.എസ്.എം.ഇ.) വ്യവസായം തുടങ്ങാൻ മുൻകൂർ അനുമതി ആവശ്യമില്ല എന്നതാണ് പുതിയ ബില്ലിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗം. സംരംഭകന് സ്വയം സാക്ഷ്യപത്രം മാത്രം നൽകി 10 കോടി രൂപ വരെ മുതൽ മുടക്കുള്ള വ്യവസായം തുടങ്ങാം. പത്ത് കോടി രൂപ വരെയുള്ള വ്യവസായങ്ങളാണ് എം.എസ്.എം.ഇ. (Medium-Small-Micro Enterprises) വിഭാഗത്തിൽപ്പെടുന്നത്. വ്യവസായ സംരംഭം സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനും ആവശ്യമായ അംഗീകാരങ്ങളും പരിശോധനകളും മൂന്ന വർഷത്തിനുശേഷം പൂർത്തിയാക്കിയാൽ മതി. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസന ആക്ട് പ്രകാരം രൂപീകരിച്ച ജില്ലാ ബോർഡുകളുമാണ് വ്യവസായം തുടങ്ങാൻ അനുമതി നൽകുക. നോഡൽ ഏജൻസി ജില്ലാ ബോർഡാണ്. വ്യവസായം തുടങ്ങാൻ നിശ്ചിത ഫോമിൽ ജില്ലാ ബോർഡിന് സംരംഭകൻ ഒരു സ്വയം സാക്ഷ്യപത്രം നൽകണം. സാക്ഷ്യപത്രം കൈപ്പറ്റിയതായി കാണിച്ചുകൊണ്ടുള്ള ജില്ലാ ബോർഡിന്റെ രസീത് ലഭിച്ചാലുടൻ സംരംഭകന് വ്യവസായം തുടങ്ങാം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചുവപ്പ് പട്ടികയിൽ ഉൾപ്പെടുത്തിയ വ്യവസായങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കില്ല. മൂന്നുവർഷം വരെ ഈ അംഗീകാരത്തിന് പ്രാബല്യമുണ്ടാകും. ഈ കാലാവധി

പൂർത്തിയായി ആറ് മാസത്തിനകം ലൈസൻസ് ഉൾപ്പെടെയുള്ള അനുമതികൾ നേടിയാൽ മതി. ആദ്യ മൂന്നുവർഷത്തിനിടെ, അനുമതികളും ലൈസൻസുകളും നൽകുന്ന അധികാര സ്ഥാനങ്ങളായ കോർപ്പറേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനം, നഗരവികസന അതോറിറ്റി, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് ഏജൻസികൾ, അതോറിറ്റികൾ എന്നിവർ അതുമായി ബന്ധപ്പെട്ട് ഒരു പരിശോധനയും വ്യവസായ സ്ഥാപനത്തിൽ നടത്തരുതെന്ന് വ്യവസ്ഥയുണ്ട്. സാക്ഷ്യപത്രത്തിലെ ഏതെങ്കിലും നിബന്ധനകൾ വ്യവസായ സ്ഥാപനം ലംഘിച്ചാൽ അഞ്ചുലക്ഷം രൂപയിൽ കവിയാത്ത പിഴ നോഡൽ ഏജൻസിക്ക് ഈടാക്കാം. നോഡൽ ഏജൻസിയുടെ തീരുമാനം എതിരാണെങ്കിൽ സംരംഭകന് സംസ്ഥാന ബോർഡിനുമുന്നിൽ അപ്പീൽ നൽകാം. നോഡൽ ഏജൻസിയുടെ തീരുമാനമുണ്ടായി 30 ദിവസത്തിനകം അപ്പീൽ നൽകണം. അപ്പീൽ സംസ്ഥാന ബോർഡ് 30 ദിവസത്തിനകം തീർപ്പാക്കണം. 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസന (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ബില്ലാണിത്. പ്രധാനമായും രണ്ട് വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ ബിൽ കേരളത്തിന്റെ വ്യവസായ രംഗത്ത് പുതിയ സംഭാവന നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ജില്ലാ നോഡൽ ഏജൻസിക്ക് അപേക്ഷ കൊടുത്താൽ രസീത് മാത്രമാണോ ലഭിക്കുന്നത്. അപ്രൂവൽ ആരാണ് കൊടുക്കുന്നത്?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഈ നിയമം അനുസരിച്ച് വ്യവസായം തുടങ്ങാൻ നോഡൽ ഏജൻസിക്ക് അപേക്ഷ കൊടുത്താൽ, അപേക്ഷ അവിടെ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തും. അങ്ങനെ സാക്ഷ്യപ്പെടുത്തിയാൽ അവർക്ക് പത്ത് കോടി വരെ നിക്ഷേപമുള്ള വ്യവസായങ്ങൾ തുടങ്ങാം. ചുവപ്പുപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ തുടങ്ങാൻ പാടില്ല. മറ്റ് വ്യവസായങ്ങൾ തുടങ്ങാം. മൂന്ന് വർഷത്തിനുള്ളിൽ ആവശ്യമുള്ള ലൈസൻസുകളെല്ലാം പൂർത്തീകരിക്കണം. മൂന്ന് വർഷം കഴിഞ്ഞതിനുശേഷം ആറ് മാസത്തിനുള്ളിൽ എല്ലാ നടപടികളും പൂർത്തീകരിച്ച് ലൈസൻസും അനുവാദവും വാങ്ങേണ്ട താണെന്നാണ് നിയമത്തിലുള്ളത്.

1. 1999-ലെ ആക്ട് പ്രകാരമുള്ള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കാനും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു മാണ് സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നത്.

2. സംസ്ഥാന ബോർഡ്, ജില്ലാ ബോർഡ്, വ്യവസായ പ്രദേശ ബോർഡ് എന്നിവയിലെ അംഗങ്ങൾ ന്യായമായ കാരണങ്ങൾ കൂടാതെ ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പ് മേധാവികൾക്ക് ശിപാർശ ചെയ്യാനും സംസ്ഥാന ബോർഡിന് ശിക്ഷ നൽകാനുമുള്ള അധികാരമുണ്ടാകും.

3. 1999-ലെ ആക്ടിന്റെ നാലാം ഉപവകുപ്പിൽ 'ചെയർമാൻ' എന്ന വാക്കിനുശേഷം വ്യവസായ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി 'വൈസ് ചെയർമാൻ' എന്നുകൂടി ചേർക്കുന്നുണ്ട്. ഈ കാര്യങ്ങളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

വ്യവസായ രംഗത്ത് പുരോഗമനപരമായ വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കാനും കേരളത്തെ ഒരു വ്യവസായസമൂഹ നാടായി തീർക്കാനും കേരളത്തിലെ മുഴുവൻ വ്യവസായങ്ങൾക്കും വളർച്ച പ്രാപിക്കുവാനും ഇതിലൂടെ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് 52,717 എം.എസ്.എം.ഇ. യൂണിറ്റുകൾ നിലവിൽ വന്നിട്ടുണ്ട്. ഇതിലൂടെ 4740.18 കോടി രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. 1.85 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിലും കേരളത്തിൽ എം.എസ്.എം.ഇ. മേഖല മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വളർച്ചയെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ഗവൺമെന്റ് ഈ രണ്ട് ബില്ലുകളിലൂടെയും ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 14-9-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എം.എസ്.എം.ഇ. വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കാനും നടത്തിപ്പ് സുഗമമാക്കാനും വേണ്ടിയാണ് ഈ ബിൽ എന്നാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് പറയുന്ന ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ളത്. ആരംഭഘട്ടത്തിൽ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ സ്വയം സാക്ഷ്യപത്രമാണ് കൊടുക്കേണ്ടത്. ആ സാക്ഷ്യപത്രം കിട്ടിക്കഴിഞ്ഞാൽ വകുപ്പ് നൽകുന്നത് കൈപ്പറ്റ് സാക്ഷ്യപത്രമാണ്. അത് രസീതാണെന്ന് പറയാൻ പാടില്ല. കൈപ്പറ്റ് സാക്ഷ്യപത്രമെന്ന നില വരുമ്പോൾ മാത്രമേ വ്യവസായം തുടങ്ങാനുള്ള സൗകര്യം ലഭിക്കുകയുള്ളൂ. വ്യവസായം തുടങ്ങി മൂന്ന് വർഷത്തേയ്ക്ക് യാതൊരു വിധത്തിലുള്ള

പരിശോധനകളോ ലൈസൻസ് എടുക്കാത്തതിന്റെ ബുദ്ധിമുട്ടുകളോ അനുഭവിക്കാതെ കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാകുന്നതോടുകൂടി തങ്ങൾ ഉദ്ദേശിച്ച വ്യവസായം തുടങ്ങാൻ എം.എസ്.എം.ഇ. ഇനങ്ങളിൽപ്പെട്ട, നിരോധിക്കപ്പെട്ടിട്ടില്ലാത്ത, ചുവന്ന പട്ടികയിൽപ്പെടാത്ത വ്യവസായങ്ങൾ തുടങ്ങാനുള്ള സ്വാതന്ത്ര്യം ഏതൊരു സംരംഭകനും ലഭിക്കുമെന്നുള്ളത് നല്ലൊരു കാര്യമാണ്. അപ്രകാരമുള്ള ഒരു കൈപ്പറ്റ് സാക്ഷ്യപത്രം ലഭിച്ചാൽ അതിന് ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അംഗീകാരം എന്ന രീതിയിൽ മൂന്നു വർഷക്കാലത്തേയ്ക്ക് പ്രാബല്യം ഉണ്ടാകുന്നതാണെന്നും എന്നാൽ, പ്രസ്തുത കാലാവധി അവസാനിച്ചതിനുശേഷം ആറു മാസക്കാലയളവിനുള്ളിൽ പ്രസ്തുത വ്യവസായ സ്ഥാപനം' തദ്ദേശസ്വയംഭരണം, എൻവയോൺമെന്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ സ്ഥാപനങ്ങളിൽനിന്നും ലൈസൻസുകൾ നേടിയെടുക്കണമെന്നുമാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ബില്ലിൽ ലൈസൻസ് എടുക്കാൻ വേണ്ടി അനുവദിക്കപ്പെട്ട സമയം മൂന്ന് വർഷത്തേയ്ക്ക് മാറ്റിയെന്നേയുള്ളൂ. ഇതുമൂലം ബുദ്ധിമുട്ടൊന്നും തീരുന്നില്ല. ലൈസൻസേ വേണ്ടെന്ന് പറയുകയാണ് വാസ്തവത്തിൽ വേണ്ടത്. ആ സാക്ഷ്യപത്രത്തോടുകൂടി വ്യവസായം നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യം സംരംഭകന് ഉണ്ടാക്കിക്കൊടുക്കണം. ഏതെല്ലാം ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ വ്യവസായം തുടങ്ങുന്നത്, ആ ചട്ടങ്ങളെല്ലാം പാലിച്ചിട്ടുണ്ടോയെന്ന് വ്യവസായ വകുപ്പുതന്നെ പരിശോധിച്ച് കൊടുക്കുന്ന ഫൈനൽ സർട്ടിഫിക്കറ്റ് ആകണം ഈ സാക്ഷ്യപത്രം. അതല്ലെങ്കിൽ സംരംഭകൻ വ്യവസായം തുടങ്ങുന്നതിന് മുമ്പ് ചെയ്യേണ്ട കാര്യങ്ങൾ മൂന്നു കൊല്ലത്തിനുള്ളിൽ ചെയ്താൽ മതിയെന്ന് മാത്രമേ വരുന്നുള്ളൂ. സംരംഭകന്റെ ബുദ്ധിമുട്ട് നീക്കുന്നില്ല. അത് മൂന്ന് വർഷത്തേയ്ക്ക് നീട്ടിവയ്ക്കുകയാണ് ചെയ്യുന്നത്. അത് ഈ ബില്ലുകൊണ്ടുദ്ദേശിച്ച ഫലം ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല. ഒരു സംരംഭകൻ, മൂന്ന് വർഷംകൊണ്ട് ഭൂമി, കുടിവെള്ളം, വൈദ്യുതി, മൂലധനം, ഇൻഫ്രാസ്ട്രക്ച്ചർ, റാ-മെറ്റീരിയൽ, ജോലിക്കാർ ഇതെല്ലാം സംഘടിപ്പിച്ച് ഇടത്തരം വ്യവസായം ആരംഭിച്ചതിനുശേഷമാണ് ലൈസൻസിനായി പോകുന്നത്. പിന്നീട് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എതിർപ്പ് വരികയോ, തദ്ദേശസ്വയംഭരണ വകുപ്പ് ഇടപെടുകയോ ചെയ്താൽ വ്യവസായിയായ സാജൻ അനുഭവിച്ചതുപോലുള്ള പ്രശ്നങ്ങൾ ഈ സംരംഭകൻ പിന്നീട് നേരിടേണ്ടി വരികയില്ലേ? ഇദ്ദേഹം മൂന്ന് വർഷക്കാലം സുരക്ഷിതനല്ല. ആറ് മാസത്തെ പെർഫോമൻസും അതിൽ നിന്ന് അയാൾക്ക് കിട്ടുന്ന ലൈസൻസും അനുസരിച്ചേ ഒരു കൺഫേമിറ്റി സംരംഭകന്റെ വ്യവസായത്തിന് ലഭിക്കുകയുള്ളൂ. അതുകൊണ്ട് ഇദ്ദേഹത്തിന് പ്രയോജനമില്ല. മൂന്ന് കൊല്ലം അപ്പുറത്തേക്ക് മാറ്റി എന്നല്ലേയുള്ളൂ. അതിൽ നിന്ന് ഒഴിവാക്കാനാണ്

വാസ്തവത്തിൽ സർക്കാർ വഴി കണ്ടുപിടിക്കേണ്ടത്. നിലവിലുള്ള യാതൊരു നിയമങ്ങൾക്കും വിരുദ്ധമാകാത്തവിധം സാക്ഷ്യപത്രത്തിൽ പറഞ്ഞിട്ടുള്ള വ്യവസായം നടത്തുന്നുണ്ടോ എന്നുള്ള പരിശോധന വ്യവസായ വകുപ്പിന് നടത്തിക്കൂടേ? തദ്ദേശസ്വയംഭരണം, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളിലേയ്ക്ക് ഈ വ്യവസായിയെ ഓടിക്കുന്നത് എന്തിനാണ്; അവർ സാധാരണ ഉന്നയിക്കാനിടയുള്ള തടസ്സങ്ങളൊക്കെ പിന്നീടും ഉന്നയിക്കാമല്ലോ? സംരംഭകന് പ്രത്യേക ഗുണമൊന്നും ലഭിക്കുന്നില്ല. ഇന്നത്തെ കാലത്ത് വ്യവസായ രംഗത്തെ കൺസെപ്റ്റ് എന്നുപറയുന്നത് ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്ററായി തീരണമെന്നതാണ്. ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്റർ മാത്രമാണ്. ആളുകൾക്ക് ജീവിക്കാനാവശ്യമായ സംരംഭവും വ്യവസായം തുടങ്ങാനാവശ്യമായ സൗകര്യങ്ങളുമെല്ലാം സർക്കാർ സുഗമമായി ചെയ്തു കൊടുക്കുമെന്നാണ് പറയേണ്ടത്. ഫെസിലിറ്റേറ്ററുടെ തലത്തിലേക്ക് സർക്കാർ ഉയരണമെങ്കിൽ പിന്നീടുള്ള ആറ് മാസത്തെ പണിയിൽനിന്ന് ഒഴിവാക്കി കൊടുക്കാനുള്ള സംവിധാനമാണ് വേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും നിയമം ലംഘിച്ചിട്ടുണ്ടോ എന്നുള്ള പരിശോധന കൂടി വ്യവസായ വകുപ്പിന്റെ സബോർഡിനേറ്റ്സിനെ ഉപയോഗിച്ച് പരിശോധിച്ചുകൂടെ എന്ന ചോദ്യമാണ് എനിക്കുള്ളത്.

ബില്ലിലെ എട്ടാം വകുപ്പ് പ്രകാരം, ഏതെങ്കിലുമൊരു വയലേഷൻ ശ്രദ്ധയിൽപ്പെട്ടാൽ 5 ലക്ഷം രൂപവരെ പിഴശിക്ഷ വിധിക്കാവുന്നതാണെന്ന് പറഞ്ഞു. അങ്ങനെയൊരു പിഴശിക്ഷ ഇതിൽ പറയുന്നതിൽ അർത്ഥമുണ്ടോ? എവിടെയാണ് പിഴശിക്ഷ വേണ്ടത്? തദ്ദേശ വകുപ്പിന്റെ നിയമം ലംഘിച്ചാൽ ആ വകുപ്പിന്റെ പ്രിസ്ക്രൈബ്ഡായിട്ടുള്ള പിഴശിക്ഷ വേറെയായിരിക്കും. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിയമം ലംഘിക്കപ്പെട്ടാൽ അതിനുള്ള പിഴശിക്ഷ മറ്റൊരുതരത്തിലായിരിക്കും. അല്ലെങ്കിൽ അതിന്റെ തുകയിലും ശിക്ഷയുടെ സ്വഭാവത്തിലും വ്യത്യാസം വരും. അതുകൊണ്ട് ഈ ബില്ലിൽനിന്നും പിഴശിക്ഷ പൂർണ്ണമായും ഒഴിവാക്കണം. 5 ലക്ഷം രൂപയല്ല, ഒരു രൂപപോലും പിഴ വിധിക്കാനുള്ള പീനൽ പ്രൊവിഷൻ ഈ ബില്ലിനോട് ചേരുകയില്ല. സുഗമമാക്കലും ആരംഭിക്കലുമാണ് ഇതിലുദ്ദേശിച്ചിട്ടുള്ളത്. ആരംഭിക്കലിനും സുഗമമാക്കലിനും 5 ലക്ഷം രൂപവരെ പിഴശിക്ഷ എന്നുള്ള പ്രൊവിഷൻ ഒഴിവാക്കണം. പിഴയുടെ വിഷയംതന്നെ അതിൽ പറയരുത്. അത് ലംഘിക്കുന്നുണ്ടോയെന്ന് നോക്കാൻ വേറെ അതോറിറ്റിയുണ്ട്. അതിന് നേരത്തെ നിശ്ചയിക്കപ്പെട്ട പീനൽ പ്രൊവിഷനുണ്ടാകും. അതവർ ഈടാക്കുക മാത്രമേയുള്ളൂ. അത് ഇതിനകത്ത് ഉൾപ്പെടുത്താൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

എട്ടാം വകുപ്പിലെ രണ്ടാം ഉപവകുപ്പിൽ "ഈ ആക്ടിൻ കീഴിൽ കുറ്റം ചെയ്യുന്ന ആൾ, ഒരു വ്യവസായ സ്ഥാപനമാണെങ്കിൽ, പ്രസ്തുത കുറ്റം ചെയ്ത സമയത്ത് വ്യവസായ സ്ഥാപനത്തിന്റെ കാര്യങ്ങൾ നടത്തുന്നതിനായി അതിന്റെ ചാർജ്ജ് വഹിക്കുകയും പ്രസ്തുത വ്യവസായ സ്ഥാപനത്തോട് ഉത്തരവാദിത്വപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും വ്യവസായ സ്ഥാപനവും പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിയെടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ് എന്നാണ്" . അതിന്റെ തൊട്ടടുത്ത പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് "എന്നാൽ, കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവോടെയല്ലെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും തന്നെ അങ്ങനെയുള്ള യാതൊരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയമാക്കുന്നതല്ല" എന്നാണ്. അതോടുകൂടി ആദ്യത്തെ പാരഗ്രാഫ് ഇല്ലാതായി. Ignorance of Law is known excuse act ആണ്. ഒരു നിയമത്തെക്കുറിച്ച് അറിയാതിരിക്കുന്നതും ഞാനും ശ്രദ്ധിച്ചിരുന്നുവെന്ന് പറയുന്നതുമൊക്കെ മുടന്തൻ ന്യായങ്ങളാണ്. ഒരു നിയമത്തിന്റെ മുമ്പിൽ അത് വിലപ്പോകില്ല. ഒരാളെ ശിക്ഷയിൽനിന്ന് ഒഴിവാക്കിക്കൊടുക്കാൻ ഈ ഖണ്ഡികയ്ക്ക് കഴിയില്ല. ഒരുദ്യോഗസ്ഥൻ വ്യവസായിയുടെ ജോലിക്കാരനെ വിളിച്ച് ചോദ്യം ചെയ്യുമ്പോൾ, 'ഞാനത് ശ്രദ്ധിച്ചിരുന്നു, അങ്ങനെയൊക്കെ ശ്രദ്ധിക്കണമെന്ന് ഞാൻ തന്നോട് പറഞ്ഞില്ലായിരുന്നോ' എന്നുപറഞ്ഞാൽ ആ വ്യവസായി അങ്ങനെ പറഞ്ഞിരുന്നുവെന്ന് തെളിഞ്ഞു. അതോടുകൂടി അദ്ദേഹം ശിക്ഷയിൽ നിന്നും ഒഴിവായി. രണ്ടാം ഉപവകുപ്പ് മൊത്തത്തിൽ എടുത്തുകളയുമ്പോൾ തൊട്ടുതാഴെയുള്ള പാരഗ്രാഫുംകൂടി ഒഴിവാക്കണമെന്നാണ് ഞാൻ പറയുന്നത്. ആ പാരഗ്രാഫ് അസാധാരണമായിട്ടുള്ള ഒരു പ്രൊവിഷനാണ്. സാധാരണ നിയമങ്ങളിൽ പറയുന്ന രീതിയിലല്ല അത് പറഞ്ഞിട്ടുള്ളത്.

ഈ ആക്ടിൽ ഓവർ റൈഡിംഗ് ഇഫക്ട് പറഞ്ഞിട്ടുണ്ട്. അത് നിലനിൽക്കുമോ? അതിപ്രഭാവമെന്ന് മലയാളത്തിൽ പറയും. മറ്റ് ആക്ടുകളുടെ മുകളിലുള്ള ഒരു അതിപ്രഭാവമുണ്ട്. ചില സന്ദർഭങ്ങളിൽ ഓവർ റൈഡിംഗ് ഇഫക്ട് നിലനിൽക്കുന്ന സാഹചര്യങ്ങളുണ്ടെന്ന സുപ്രീംകോടതി വിധിയുണ്ട്. പക്ഷേ ഇവിടെ അത് പ്രസക്തമായിട്ടുള്ള സംഗതിയാണോ? ഓവർ റൈഡിംഗ് ഇഫക്ട് ഇതിലുണ്ടാകുമ്പോൾ മറ്റ് ആക്ടുകളെ അപ്രസക്തമാക്കിക്കൊണ്ടുള്ള ഇഫക്ട് ഇതിന് കൊടുക്കുകയാണ്. പക്ഷേ അത് നിലനിൽക്കുമോ? അങ്ങനെ കൊടുക്കുന്നതിന് ഞാൻ എതിരല്ല, പക്ഷേ അത് സാധുവാകുമോ ഇല്ലയോ എന്നുള്ള പരിശോധന ശരിയായി നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ മൂന്ന്

വർഷത്തിനുശേഷം എന്നതുകൊണ്ട് വലിയ പ്രയോജനം കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. മന്ത്രിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഞാൻ നിരാകരിക്കുന്നില്ല, നല്ല കാര്യമാണ്. അങ്ങനെ ഉദ്ദേശിക്കുന്നതും വ്യവസായ സംരംഭം ശക്തിപ്പെടുത്തുന്നതു മൊക്കെ ആവശ്യമായ കാര്യങ്ങളാണ്. അതൊന്നുമില്ലെന്ന് ഞാൻ പറയുന്നില്ല. എന്റെ അഭിപ്രായത്തിൽ ഈ ബില്ലിന് പകരം ഒരു എക്സിക്യൂട്ടീവ് ഓർഡർ മതിയായിരുന്നു. ഇങ്ങനെയൊരു ബില്ലും ഇത്രയും നടപടിക്രമങ്ങളും പണവും ബുദ്ധിമുട്ടും ഡിസ്കഷനുമൊന്നും ആവശ്യമില്ലായിരുന്നു. ഇനി ആരും ലൈസൻസൊന്നും ഹാജരാക്കേണ്ട, അത് മൂന്ന് കൊല്ലം കഴിഞ്ഞിട്ടുമതിയെന്ന് ഓർഡറിട്ടാൽ ഈ ബില്ലിലെ പ്രശ്നം തീർന്നു. ബില്ലിന്റെ ആവശ്യമില്ല. സംരംഭം തുടങ്ങുന്നതിനുമുമ്പ് എല്ലാവരും ലൈസൻസ് കൊണ്ടുവരണമെന്നാണ് നിലവിലെ നിയമം. അതുവേണ്ട, മൂന്ന് വർഷം കഴിഞ്ഞ് കൊണ്ടുവന്നാൽ മതിയെന്നുള്ള എക്സിക്യൂട്ടീവ് ഓർഡറിട്ടാൽ ഈ ബില്ലിന്റെ ആവശ്യമെന്താണ്? ആ ഓർഡർ മാത്രം മതിയാകുമെന്നാണ് എനിക്ക് തോന്നുന്നത്.

വ്യവസായം ആരംഭിക്കലും സുഗമമാക്കലും ഉദ്ദേശിച്ച് പറഞ്ഞിട്ടുണ്ട്. വ്യവസായം സുഗമമാക്കാൻ ഇതിലൊരു പ്രൊവിഷനുമില്ല. ആരംഭിക്കാനുള്ള പ്രൊവിഷനുണ്ട്. സുഗമമാക്കണമെങ്കിൽ എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അയാൾക്ക് എന്തെല്ലാം ബുദ്ധിമുട്ടുകൾ വരാനിടയുണ്ട്. വ്യവസായം സുഗമമാക്കാൻ അയാൾക്ക് മൂലധനവും മൂലധനത്തിന്റെ ലഭ്യതയും ഉറപ്പുവരുത്തണം, അസംസ്കൃത പദാർത്ഥങ്ങൾ, മാർക്കറ്റിംഗ്, വൈദ്യുതി, ആവശ്യാനുസരണം തൊഴിലാളികൾ എന്നിങ്ങനെ ധാരാളം പ്രശ്നങ്ങളുണ്ട്. ഗവൺമെന്റിന്റെ ഇടപെടലുണ്ടാകാൻ പാടില്ല, മാർക്കറ്റ് വളരെ പ്രധാനമാണ്. സുഗമമാക്കാൻ ഈ ബില്ലിൽ പ്രൊവിഷനൊന്നുമില്ല. ഉദ്ദേശ്യത്തിൽ മാത്രമാണ് സുഗമമാക്കൽ വരുന്നത്. മൂന്ന് വർഷം കഴിയുമ്പോൾ വ്യവസായിക്ക് ലൈസൻസ് കിട്ടാതിരുന്നാൽ ഈ ബിൽ പ്രകാരമാണെങ്കിൽ അയാളുടെ വ്യവസായം സ്തംഭിക്കുകയില്ലേ? അയാൾ ഇതുപേക്ഷിച്ച് പോകില്ലേ? മൂന്ന് വർഷംകൊണ്ട് അയാൾക്ക് കാര്യങ്ങൾ മനസ്സിലാവുകയും അതുകൊണ്ട് ലൈസൻസിനൊന്നും പരിശ്രമിക്കേണ്ടെന്നും അത് നടക്കുന്ന കാര്യമല്ലെന്നും പറഞ്ഞ് അയാൾ വ്യവസായം ഉപേക്ഷിച്ചുപോകാനും സാദ്ധ്യതയുണ്ട്. ശരിക്കും ഇതിലൊന്നും സർക്കാർ ഇടപെടരുത്. ലീസ്റ്റ് ഗവേണൻസുള്ളതാണ് നല്ല ഗവൺമെന്റ് എന്നാണ് പുതിയ കൺസെപ്റ്റ്. The best government is the government which governs least എന്നാണ്. ഏറ്റവും കുറച്ച് ഭരിക്കുകയാണ് വേണ്ടത്. സാധുവായ ഒരു പ്രവാസിയോ മറ്റാരെങ്കിലുമോ ഒരു വ്യവസായം തുടങ്ങുമ്പോൾ അവരെ എന്തിനാണ് പഞ്ചായത്താഫീസിലേയ്ക്കും മുനിസിപ്പാലിറ്റിയിലേയ്ക്കും അയയ്ക്കുന്നത്. പൊല്യൂഷൻ

കൺട്രോൾ ബോർഡൊക്കെ അവരുടെ കടമ നിറവേറ്റുന്നവരാണോ? പരിസ്ഥിതി പ്രവർത്തകർക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിനുമൊക്കെ എന്തുമാത്രം ജോലി ചെയ്യാനുണ്ടാകും. അതൊന്നും അവർ ചെയ്യാറില്ല. എല്ലാവരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. പൊതുവായി അവരെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും നടക്കാറില്ല. സുഗമമാക്കുന്നതിൽ വേറെയും ചില പ്രശ്നങ്ങൾ വരും. ചില സ്ഥലങ്ങളിൽ ചുമട്ടുതൊഴിലാളി പ്രശ്നവും നോക്കുകൂലി വാങ്ങുന്നതും സാധനങ്ങൾ ഇറക്കാൻ കഴിയാത്തതുമായ പ്രശ്നങ്ങളുണ്ട്. മാർക്കറ്റിൽ വലിയ ഏറ്റക്കുറച്ചിലാണ്. സംരംഭങ്ങളൊന്നും കൃത്യമായും സമയബന്ധിതമായും നടക്കാത്ത തരത്തിലുള്ള ഒരു ചലനാത്മകത ലോകത്ത് വന്നിട്ടുണ്ട്. അത് വലിയൊരു മാറ്റമല്ലേ? നമുക്ക് പഞ്ചവത്സര പദ്ധതിയൊന്നും പ്ലാൻ ചെയ്യാൻ കഴിയില്ല. കാരണം അഞ്ച് വർഷംകൊണ്ട് നടത്തേണ്ട പരിപാടി പ്ലാൻ ചെയ്യണമെങ്കിൽ അഞ്ച് വർഷവും ഈ സാഹചര്യം നിലനിൽക്കണ്ടേ? അഞ്ച് വർഷം പോയിട്ട് അഞ്ച് മാസങ്ങൾ കൊണ്ടോ അഞ്ച് ദിവസങ്ങൾ കൊണ്ടോ ആണ് സാഹചര്യങ്ങൾ മാറുന്നത്. ആളുകളിൽ ചലനാത്മകത ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എല്ലാ കാര്യങ്ങളിലും മാറ്റം വന്നു കൊണ്ടിരിക്കുകയാണ്. പൊളിറ്റിക്കലായിട്ടുള്ള മാറ്റങ്ങളും ഡെമോക്രസി ഇല്ലാത്തിടത്ത് അതുണ്ടാക്കുന്ന പ്രശ്നങ്ങളുമുണ്ട്. നിയമങ്ങൾ മാറിമാറി വരുന്നുണ്ട്. വസ്തുവകകളിലും മനുഷ്യന്റെ സ്വഭാവത്തിലും വ്യത്യാസം വരുന്നുണ്ട്. അതുകൊണ്ട് പണ്ടത്തെപ്പോലെ അഞ്ച് വർഷത്തേയ്ക്കുള്ള പ്ലാനൊന്നും തയ്യാറാക്കി വയ്ക്കാൻ ഇനിയുള്ള കാലത്ത് സാദ്ധ്യമല്ല. ഒരു നിയമമുണ്ടാക്കി വരുമ്പോഴേയ്ക്കും വ്യാവസായിക സാഹചര്യം മാറുകയാണ്. ഇപ്പോൾ വൈദ്യുതിയുടെ വില വർദ്ധിച്ചു. വ്യവസായികൾ അനുഭവിക്കുന്ന വലിയൊരു പ്രശ്നമാണ് വൈദ്യുതിയുടെ വില വർദ്ധനവ്. വൈദ്യുതി വകുപ്പുമന്ത്രിക്ക് അതിന്റേതായ ന്യായീകരണങ്ങളുണ്ടാകും, ശരിയായിരിക്കാം. അതിനിടയിൽ പ്രളയം വന്നു. അത് വ്യവസായത്തെക്കുറിച്ചുള്ള മുമ്പിലത്തെ കൺസെപ്റ്റിൽ ഉൾപ്പെട്ടതല്ല. ഇപ്പോൾ വ്യാപാരികളൊക്കെ പ്രളയ പുനർ നിർമ്മാണത്തിനുള്ള സെസ് കൊടുക്കേണ്ടിവരികയല്ലേ? ചെറിയ സംഖ്യയാണെങ്കിലും അത് ബുദ്ധിമുട്ടുണ്ടാക്കിയില്ലേ? നമ്മൾ വിചാരിക്കാതെ പ്രളയം വന്നതുകൊണ്ട് സെസ് വന്നുകയറി. ഇതൊക്കെ പുതിയ മാറ്റങ്ങളല്ലേ? ഓരോ ദിവസവും മാർക്കറ്റിൽ കോർപ്പറേറ്റുകളുമായി മത്സരിക്കാൻ ചെറിയ വ്യവസായികൾക്ക് സാധിക്കണ്ടേ? കോർപ്പറേറ്റ് ഭീമന്മാരുടെ കയ്യിലല്ലേ കാര്യങ്ങളൊക്കെയുള്ളത്. അവർ എല്ലാം വാങ്ങിവച്ചിരിക്കുകയല്ലേ? ബി.എസ്.എൻ.എൽ., എൽ.ഐ.സി., ബാങ്ക്, റെയിൽവേ, എയർപോർട്ട് എന്നിവയെല്ലാം ടാറ്റ, ബിർള, സിൻഗാനിയ, മഹീന്ദ്ര ആന്റ് മഹീന്ദ്ര, അദാനി, അംബാനി എന്നിവരുടെ കയ്യിലല്ലേ നിലനിൽക്കുന്നത്. ഇന്ത്യ മുഴുവനും അവരുടെ

കയ്യിലാണ്. അതിനിടയിൽ സാധുവായ വ്യവസായിയെ പഞ്ചായത്ത് ആഫീസിൽ പറഞ്ഞയച്ച് സമയം കളയുന്നതിനുപകരം ഒരു ദിവസം നേരത്തെ വ്യവസായം തുടങ്ങാനുള്ള സംവിധാനങ്ങളുണ്ടാക്കി കൊടുക്കുകയല്ലേ വേണ്ടത്. ആ തടസ്സങ്ങളൊക്കെ നീക്കം ചെയ്യണം. കുടിവെള്ളം കൊടുക്കാൻ കഴിയുമോ; വെള്ളം വേണ്ടിവരില്ലേ; റോഡിന് വേണ്ടത്ര ഇൻഫ്രാസ്ട്രക്ചറുണ്ടോ? ഞാൻ ആരെയും കുറ്റപ്പെടുത്തുന്നതല്ല. ഈ ഗവൺമെന്റിനെ മാത്രമായി കുറ്റം പറയുകയല്ല. പച്ചയായ മനുഷ്യരാണ് ഈ ഗവൺമെന്റിലെ മന്ത്രിമാരായ ശ്രീ. ഇ. പി. ജയരാജനും ശ്രീ. എം. എം. മണിയുമെന്ന് എനിക്കറിയാം. കമ്മ്യൂണിസ്റ്റ് പാർട്ടിയും നയവും ഇടതുപക്ഷവുമൊക്കെ നേരാണെന്ന് വിചാരിച്ച് നടക്കുന്ന രണ്ട് സാധുക്കളാണ്. നിങ്ങളെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. നിങ്ങളെ വേദനിപ്പിക്കണമെന്ന് എനിക്ക് ആഗ്രഹവുമില്ല. പക്ഷേ നമുക്ക് നല്ല റോഡുകളുണ്ടോ? ഇതുവരെ അവ ഉണ്ടാക്കാൻ കഴിഞ്ഞില്ലല്ലോ. ഇന്ന് രാവിലെ റോഡുകളെക്കുറിച്ചുള്ള ചർച്ചയുണ്ടായിരുന്നു. ഗതാഗതവും വൈദ്യുതിയും ഭൂമിയും കുടിവെള്ളവും മാർക്കറ്റുമില്ലാതെ എന്ത് വ്യവസായമാണ്. എങ്ങനെയെങ്കിലും മൂലധനം സമാഹരിച്ചാൽ അത് ഉപയോഗപ്പെടുത്തണ്ടേ? ബാങ്കുകളുടെ ലയനത്തിനുശേഷം ഡീമോണിറ്റൈസേഷൻ വന്നതുകൊണ്ട് രണ്ടര ലക്ഷം വ്യവസായശാലകളല്ലേ പൂട്ടിയത്. അതുപോലെ എത്ര കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട അംഗം ഖാദർ സാഹിബ് പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. ഞാൻ രാവിലെ തന്നെ അതിൽ ഇടപെടാൻ ശ്രമിച്ചു, എന്നാൽ സമയം ലഭിച്ചില്ല. ഇപ്പോൾ റോഡ് കൊടുത്തോ എന്ന് ചോദിച്ചല്ലോ; മനോഹരമായ ഒരു റോഡ് ഉണ്ടായിട്ടുണ്ടോ; ഒന്നുമുണ്ടായിട്ടില്ല. മാത്രമല്ല, ഇന്ന് ശ്രീ. പി. കെ. ബഷീറിന്റെ ശ്രദ്ധക്ഷണിക്കലിന്റെ സമയത്താണ് ഞാൻ ഇടപെടാൻ നോക്കിയത്. രണ്ട് പ്രളയം കഴിഞ്ഞിട്ടും ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിനുവേണ്ടി ഒരു ഫണ്ടും കൊടുത്തിട്ടില്ല. ഇന്നും മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. പി. ജയരാജൻ മലപ്പുറം ജില്ലയിൽ രണ്ട് മേജർ സ്റ്റേറ്റ് റോഡുകൾ നന്നാക്കുന്ന കാര്യമാണ് മറുപടിയായി പറഞ്ഞത്. ഗ്രാമീണ റോഡിന് ഒരു പൈസയും കൊടുത്തിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇത് എന്റെ ശ്രദ്ധയിൽപ്പെടാത്ത കാര്യമൊന്നുമല്ല. വ്യവസായത്തിനാവശ്യമായിട്ടുള്ള ഇൻഫ്രാസ്ട്രക്ചർ നല്ല ഒന്നാന്തരം ലോക നിലവാരമുള്ള റോഡുകളാണ്. ഇപ്പോൾ കൊച്ചി മെട്രോ വന്നു. മറ്റ് സൗകര്യങ്ങളൊക്കെ വന്നുവെന്ന് നമ്മൾ വലിയ അഭിമാനത്തോടുകൂടി പറയുകയാണ്. ആ മെട്രോയുടെ താഴെയുള്ള മുഴുവൻ റോഡുകളും റിപ്പെയർ

ചെയ്യാതെ വൃത്തികേടായതുകൊണ്ട് ഒരിക്കലും അത് ഉപയോഗിക്കാൻ പറ്റാതായി. മെട്രോ വന്ന സ്ഥലത്തൊക്കെ ഇങ്ങനെയാണ്. നേരെമറിച്ച്, ഈ മെട്രോയൊക്കെ ഇപ്പോഴല്ലേ ഇവിടെ വന്നത്. മറ്റു രാജ്യങ്ങളിൽ നേരത്തെ വന്നു; 1975 ആഗസ്റ്റ് മാസത്തിൽ, 44 വർഷങ്ങൾക്കുമുമ്പ് മോസ്കോ നഗരത്തിലുള്ള അണ്ടർ ഗ്രൗണ്ട് മെട്രോയിൽ ഞാൻ യാത്ര ചെയ്തിട്ടുണ്ട്. 44 വർഷം കഴിഞ്ഞ് ഞാൻ വയസ്സായ സമയത്താണ് കൊച്ചിയിൽ മെട്രോ വരുന്നത്. എന്നിട്ട് ഇവിടെ ഒരു വലിയ സംഭവമായിട്ടല്ലേ നമ്മൾ അതിനെ ചിത്രീകരിക്കുന്നത്. നമ്മൾ എത്ര പുറകിലാണ്; നമുക്ക് നല്ലൊരു റോഡുണ്ടോ; നല്ല റോഡില്ലാതെ എങ്ങനെയാണ് വ്യവസായം വരുന്നത്. നമുക്ക് ഈ വിലയ്ക്ക് വൈദ്യുതി കൊടുക്കാൻ കഴിയുമോ; അതിന് വൈദ്യുതിയുണ്ടോ? ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്റ്റ് പോസിബിളാണോ? അതിന്റെ ടെക്നോളജി റെഡിയായിട്ടുണ്ടെങ്കിലും 44 പുഴകളുണ്ടോ? 41 പുഴകൾ പടിഞ്ഞാറോട്ടും 3 പുഴകൾ കിഴക്കോട്ടും ഒഴുകുന്ന, ഇത്രയേറെ മഴ പെയ്യുന്ന കേരളത്തിൽ നമുക്ക് വെള്ളം കൊടുക്കാനോ കറണ്ട് ഉണ്ടാക്കാനോ സാധിക്കുന്നുണ്ടോ? ഹൈഡ്രോ ഇലക്ട്രിക്കൽ പവറിനുപകരം നമുക്ക് തെർമ്മൽ പവർ ആരംഭിക്കാം. അതിന് സാധിക്കണമെങ്കിൽ ഒന്നുകിൽ ഡീസൽ വേണം അല്ലെങ്കിൽ കൽക്കരി വേണം.

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള ലോക നിരീക്ഷണം, അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് 'സീറോ'-യിൽ എത്തിക്കണമെന്നതാണ്. അതിനെക്കുറിച്ച് ശാസ്ത്രം പറയുന്നത്, കാർബണിന്റെ അളവ് കൂടുന്നതുകൊണ്ട് ഈ ഭൂമിയെ വലയം ചെയ്തിരിക്കുന്ന പ്രത്യേക സംരക്ഷണവലയമായ ഓസോൺ പാളികൾ തന്നെ ദുർബലപ്പെടുമെന്നാണ്. അതുകൊണ്ട് കൽക്കരി കൊണ്ടോ ഡീസൽകൊണ്ടോ വൈദ്യുതി ഉല്പാദിപ്പിക്കുന്നത് വലിയ പൊല്യൂഷൻ ഉണ്ടാക്കും. നമ്മൾ ഇ-വെഹിക്കിളിലേയ്ക്ക് കടന്നതുതന്നെ അതിന്റെ കൂടി ഒരു ഭാഗമായിട്ടാണ്. 50 വർഷം മുമ്പുള്ള കേരളമല്ല ഇന്നത്തെ കേരളം. നിങ്ങൾ മോസ്കോയിൽ പോയ കാലത്തുള്ളതുപോലെ നമുക്ക് ഉയരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് നമ്മൾ ഈ സ്ഥാനത്തുതന്നെ നിൽക്കുകയാണോ, നമുക്ക് അവിടെ എത്തണ്ടേ; അവിടെ എത്തണമെങ്കിൽ എന്തെങ്കിലും ചെയ്യണ്ടേ;. അതിനുള്ള സംരംഭങ്ങളാണ് ഇപ്പോൾ ചെയ്യുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതുതന്നെയാണ് ഞാൻ പറഞ്ഞത്. എന്റെ അടുത്ത വരികളൊക്കെ അതാണ്. ഞാൻ പറയുന്നത്, ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടാണ് ചീപ്പായിട്ടുള്ളത്. ഇടുക്കിയിൽ തന്നെ 10 ഡാമുകളുണ്ടാക്കിയിട്ടുണ്ട്. ആ ഡാമുകൾ ഉണ്ടാക്കുന്ന ചില പ്രത്യാഘാതങ്ങളുണ്ട്. അതിന് tremor വരാനുള്ള സാദ്ധ്യതയുണ്ട്. ഭൂമി ചില സ്ഥലത്ത് കിടക്കുന്നത് ഒരു

സ്ഫടികപ്പാത്രം നിലത്തുവീണ് പൊട്ടിച്ചിതറി വിടവുകളോടുകൂടി ഉടഞ്ഞു കിടക്കുന്നതുപോലെയാണ്. അതുപോലെയുള്ള സ്ഥലത്താണ് ഇടുക്കിയിലും മറ്റും ചില ഡാമുകൾ നമ്മൾ ഉണ്ടാക്കിയിട്ടുള്ളത്. അതിൽ വെള്ളത്തിന്റെ സമ്മർദ്ദത്താൽ tremor ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ജലവൈദ്യുത പദ്ധതിയാണ് ഏറ്റവും ചീപ്പായിട്ടുള്ളതെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ ഇനിയത് കേരളത്തിൽ സാദ്ധ്യമല്ല. വലിയ പ്രയാസമാണ്. അതുകൊണ്ട് നമുക്ക് തെർമ്മൽ പവറിനെക്കുറിച്ച് ആലോചിക്കേണ്ടിവരും. അതുപോലെ കൽക്കരിയും ഡീസലും വേണ്ടിവരും. അതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നവയാണ്. മിനിസ്റ്റർ പറഞ്ഞത് നൂറു ശതമാനം ശരിയാണ്. വളരെ കോസ്റ്റ്‌ലിയാണ്. അതു രണ്ടുമല്ലാതെ ലോകത്ത് കണ്ടുപിടിച്ച ഒരു മാർഗ്ഗം ആണവ മാർഗ്ഗമാണ്. യുറേനിയം-235 ആണവ ഇന്ധനമായി ഉപയോഗിച്ച് സമ്പുഷ്ട യുറേനിയത്തിൽനിന്ന് വൈദ്യുതിയുണ്ടാക്കുന്ന ഒരു മെത്തേഡാണല്ലോ ആണവ റിയാക്ടർ. അതിന്റെ പൊട്ടിത്തെറിക്കലും ചെർണോബിലുമൊക്കെ നമ്മുടെ മുമ്പിലുണ്ട്. അത് സംബന്ധിച്ചുള്ള ഒരു ഇഷ്യു വേസ്റ്റ് ഡിസ്പോസലാണ്. വേസ്റ്റ് ഡിസ്പോസൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഏതാണ്ട് 30,000 കോടി രൂപയൊക്കെ ചെലവാക്കി ഒരു വലിയ സംഭരണി, ഭൂമി നന്നായി കുഴിച്ച് കോൺക്രീറ്റും കമ്പിയുമൊക്കെ ഉപയോഗിച്ച് ഒരു സംഭരണിയുണ്ടാക്കി അത് മൂടിവച്ച് അതിൽ വേസ്റ്റ് ഇടുകയാണ്. അതിന്റെ ഇഷ്യുവിനെപ്പറ്റി ശാസ്ത്രജ്ഞൻമാർ പറയുന്നത്, നമ്മൾ ഉപേക്ഷിക്കുന്ന ആണവ ഇന്ധന വേസ്റ്റിന്റെ റേഡിയോ വികിരണശേഷിയുടെ ആയുസ്സ് 24,000 വർഷവും നമ്മൾ ഉണ്ടാക്കുന്ന സംഭരണിയുടെ ആയുസ്സ് 2000 വർഷവുമാണെന്നാണ്. അതുകൊണ്ട് ആണവ ഇന്ധനം, തെർമ്മൽ പവർ, ഡീസൽ പ്രോജക്ട് ഇവയൊക്കെ ബുദ്ധിമുട്ടാണ്. അപ്പോൾ നമ്മുടെ ആവശ്യത്തിനുള്ള വൈദ്യുതി എവിടെനിന്ന് കിട്ടും? അതിനെന്താണ് വഴി; നമ്മൾ സോളാർ ഉപയോഗിക്കുന്നുണ്ടോ? മറ്റ് സൗകര്യങ്ങൾ ഉപയോഗിക്കുന്നുണ്ടോ? ഇവിടെ 600 കിലോമീറ്റർ കടലുണ്ട്. നമ്മൾ കല്ലിടുന്ന കാര്യമൊക്കെയാണല്ലോ നേരത്തെ ആലോചിച്ചിരുന്നത്. ഈ 600 കിലോമീറ്റർ കടലിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നമുക്ക് കഴിയുമോ? അതിൽനിന്ന് നമുക്ക് കുടിവെള്ളം, ഡീ-സലൈൻഡ് വാട്ടർ ഉണ്ടാക്കാൻ സാധിക്കുമോ? നമുക്ക് അതിൽ നിന്ന് നെത്തോലി മത്സ്യവും മറ്റും കിട്ടുമെന്നല്ലാതെ ഇതുവരെ 600 കിലോമീറ്റർ കടലിനെ പ്രയോജനപ്പെടുത്തിയിട്ടില്ല. യു.എ.ഇ.-ക്കാർക്കും കടൽ 600 കിലോമീറ്ററേയുള്ളൂ. എന്നാൽ അവർ എന്തെല്ലാം ചെയ്യുന്നു. അതുകൊണ്ട് ഞാൻ ആ വഴിക്ക് പോയാൽ ഈ വിഷയം മാറില്ല. അസംസ്കൃത പദാർത്ഥങ്ങൾ പ്രത്യേകിച്ച് വൈദ്യുതി പ്രധാനപ്പെട്ട ഒരു കാര്യമാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ വ്യവസായം മെച്ചപ്പെടുത്തുന്നതിന് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അപ്പോൾ അതിന്റെ കുറവ് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് വിവിധ റോഡുകളുടെ വികസന പദ്ധതി നടപ്പിലാക്കുന്നത്. ദേശീയപാതാ വികസനത്തിന് സാധാരണ കേന്ദ്രഗവൺമെന്റ് തരേണ്ട സഹായം വേണ്ടത്ര തരില്ലെന്ന് വന്നപ്പോൾ 6000 കോടി രൂപ നമ്മൾ ഇപ്പോൾ മാറ്റിവച്ചല്ലോ. കേരളചരിത്രത്തിൽ ഒരു ഗവൺമെന്റും അത് ചെയ്തിട്ടില്ല. ഇതുപോലെതന്നെ തീരദേശ-മലയോര പാതകൾ, കണ്ണൂർ, ആലപ്പുഴ, കോഴിക്കോട് ഇവിടെയൊക്കെ നഗരപാതാ വികസന പദ്ധതി, ഡിസൈനർ റോഡുകളാണ് ചെയ്യുന്നത്. എന്നുവച്ചാൽ ടൂറിസം പോലുള്ള ഇൻഡസ്ട്രിയുടെ ഡെവലപ്പ്മെന്റ് ഉണ്ടാകണം. അതുപോലെ മറ്റ് വ്യവസായങ്ങളുടെ വികസനവുമുണ്ടാകണം. ഇതിനൊക്കെ സഹായകരമാകുന്ന നിലയിൽ സമഗ്രമായിട്ടുള്ള ആസൂത്രണം, അങ്ങ് പറഞ്ഞ ആ ന്യൂനതകൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് മുമ്പോട്ട് പോകുകയാണ്. എന്നാൽ ഞാൻ ഒരു കാര്യം ചോദിക്കുന്നത്, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 'ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. 'എമർജിംഗ് കേരള' എന്നുപറയുന്ന വലിയൊരു പരിശ്രമം നടത്തി. ഈ അടിസ്ഥാന സൗകര്യങ്ങളൊന്നും ഒരുക്കാതെയാണ് അന്ന് അങ്ങനെയൊരു കെട്ടുകാഴ്ച നടത്തിയത്. അതിന് ഫലമൊന്നും ഉണ്ടായില്ല. ഇപ്പോഴെങ്കിലും വേണ്ടത്ര അടിസ്ഥാന സൗകര്യമൊരുക്കാതെ അന്ന് നടത്തിയ എമർജിംഗ് കേരളയും ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റും പാഴായിപ്പോയി എന്നുള്ള സങ്കടം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ബഹുമാനപ്പെട്ട അംഗം എ. പ്രദീപ് കുമാർ പറഞ്ഞതുപോലെ നിങ്ങളുടെ ഗവൺമെന്റ് ഞങ്ങളുടെ ഗവൺമെന്റ് എന്ന ഒന്ന് എനിക്കില്ല. ഞാൻ കേരള സംസ്ഥാനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. എനിക്ക് നിങ്ങളുടെ ഗവൺമെന്റും ഞങ്ങളുടെ ഗവൺമെന്റും അറിയില്ല. ആര് എന്ത് ചെയ്യുന്നു; at present what is the situation faced by Kerala industries, സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. നമ്മൾ ഇവിടെ ഇങ്ങനെ തർക്കിച്ച് അത് മാധ്യമങ്ങളിൽ വരികയും ഫെയ്സ് ബുക്കിൽ ഇടുകയും അയാൾ ഇങ്ങനെ പറഞ്ഞു, മറ്റേയാൾ അങ്ങനെ പറഞ്ഞു, ഇതൊക്കെ നമ്മുടെ അനുയായികളെ തമ്മിലടിപ്പിക്കാമെന്നല്ലാതെ കേരളം മികച്ച ഒരു വഴിയിലൂടെ പോകുന്നതിന് നമ്മളെല്ലാവരും ഒരുമിച്ച് നിൽക്കണം. വ്യവസായത്തിന്റെ കാര്യത്തിലെങ്കിലും ഒരുമിച്ചു നിൽക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അവിടെ നമ്മുടെ ഗവൺമെന്റ്, നിങ്ങളുടെ ഗവൺമെന്റ് എന്നുപറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ഒരുപാട് ഗവൺമെന്റുകൾ വന്നിട്ടുണ്ട്. ഏത് ഗവൺമെന്റാണ് എന്നൊന്നും എനിക്കറിയില്ല. ഇവിടെ എല്ലാ ഗവൺമെന്റും വന്നതിനുശേഷം നമുക്ക് വൈദ്യുതിക്ഷാമ

മുണ്ടായിട്ടുണ്ട്. അത് ഗവൺമെന്റുകളുടെ കുഴപ്പമല്ല; അത് ലോകം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം കൂടിയാണ്. അപ്പോൾ ഏത് ഗവൺമെന്റുകൾ വന്നാലും നമുക്ക് വൈദ്യുതി എങ്ങനെയുണ്ടാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ചിന്തിക്കാനാണ് ഞാൻ പറയുന്നത്. പണ്ട് ഡോ. എം. കെ. മുനീർ എക്സ്പ്രസ് ഹൈവേയെപ്പറ്റി പറഞ്ഞിരുന്നു. അന്ന് നമ്മൾ എതിർത്തില്ലേ; ഇപ്പോൾ നാഷണൽ ഹൈവേയെപ്പറ്റി പറഞ്ഞു: നാഷണൽ ഹൈവേയിൽ ജനങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് പറഞ്ഞ് അടിയന്തരപ്രമേയം കൊണ്ടുവന്നത് ഞാനാണ്. എയർപോർട്ടൊക്കെ മോദി ഗവൺമെന്റ് മുതലാളിമാർക്ക് കൊടുക്കുകയാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അറിയില്ല. നമുക്ക് ഇതൊന്നുമില്ലാതെ എന്തെല്ലാം സാധനങ്ങൾ ഇവിടെനിന്ന് കയറ്റുമതി ചെയ്യാൻ സാധിക്കും. ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) കരാറിനെപ്പറ്റി നമ്മൾ അടുത്തകാലത്ത് ചർച്ച ചെയ്തു. നമ്മുടെ കയ്യിൽ കയറ്റി അയയ്ക്കാൻ പറ്റിയ പ്രോഡക്ട്സ് ഇല്ല. അതുകൊണ്ടാണ് അന്ന് ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നമുക്കത് നഷ്ടമാകുമെന്ന് ഞാൻ പറഞ്ഞത്. അതാണ് പ്രശ്നം.

ശ്രീ. മുരളി പെരുനെല്ലി: സർ, ബഹുമാനപ്പെട്ട മെമ്പർ 45 വർഷം മുമ്പ് സോവിയറ്റ് യൂണിയൻ ഗവൺമെന്റിന്റെ ക്ഷണം സ്വീകരിച്ച് അവിടെയെത്തി മെട്രോയിൽ യാത്ര ചെയ്തതിന്റെ സൗകര്യങ്ങളെയും സുഖത്തെയും സംബന്ധിച്ചാണ് സഭയെ ബോദ്ധ്യപ്പെടുത്തിയത്. വർഷങ്ങൾക്ക് മുമ്പ് അങ്ങ് തള്ളിപ്പറഞ്ഞ് പുറത്തുപോയതും ഇപ്പോൾ എതിർത്തുകൊണ്ടിരിക്കുന്നതുമായ മാർക്സിസത്തിന്റെയും ലെനിനിസത്തിന്റെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചിരുന്ന സോവിയറ്റ് യൂണിയനിലെ ഗവൺമെന്റിന്റെ നേട്ടങ്ങളും അതിന്റെ ഗുണങ്ങളുമാണ് ഇപ്പോൾ ഇവിടെ വിവരിച്ചതെന്നുള്ള കാര്യം മെമ്പർക്ക് പറയാൻ കഴിയുമോ?

1.00 P.M.]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മാർക്സിസത്തെയും ലെനിനിസത്തെയുംകുറിച്ച് പിന്നീട് പറയാം. ഇപ്പോൾ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാം. അന്നത്തെ സോവിയറ്റ് യൂണിയനിൽ നിന്നും മാറി ഇന്നത്തെ സോവിയറ്റ് യൂണിയൻ ആയതിനെക്കുറിച്ച് ഒരുപാട് കഥകൾ പറയാനുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് അങ്ങ് സംസാരിക്കുന്നത് മുഴുവൻ കേട്ടുകൊണ്ടിരുന്ന ആളാണ് ഞാൻ. ഒരു പ്രവാസിയാണെങ്കിലും അല്ലെങ്കിലും ഒരാൾ വ്യവസായം തുടങ്ങുന്നതിനുവേണ്ടി വന്നാൽ അയാൾക്ക് ഏകജാലക സംവിധാനത്തിലൂടെ എത്രയും പെട്ടെന്ന് വ്യവസായം ചെയ്യാനുള്ള സൗകര്യം ഒരുക്കികൊടുക്കുക എന്നതാണ് ഈ

ബില്ലിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ഒരു ചെറിയ മാറ്റമേ ഇപ്പോഴുള്ളൂ. വ്യവസായം ആരംഭിക്കാൻ വരുന്ന ഒരു പ്രവാസിയെ എന്തിനാണ് പഞ്ചായത്തിലേയ്ക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിലേയ്ക്കും വിടുന്നതെന്നും ഇപ്പോഴുള്ള constraints എല്ലാം നമ്മൾ കുറച്ച് അങ്ങോട്ട് നീക്കി വയ്ക്കുന്നതല്ലേയുള്ളൂവെന്നും അങ്ങ് ചോദിച്ചു. അതുകഴിഞ്ഞ് ഇൻഫ്രാസ്ട്രക്ചറും വെള്ളവും വൈദ്യുതിയുമില്ലാത്ത കാര്യവും പറഞ്ഞു. ഇതെല്ലാം ഇല്ലാത്തപ്പോഴും അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് ഒരു വ്യവസായം തുടങ്ങുകയെന്നതല്ലേ നമ്മുടെ ലക്ഷ്യം; ഇതൊന്നും ഇല്ലാതെ വന്നാൽ നിയമവിരുദ്ധമായിട്ടുള്ള പല പരിപാടികളും ഇവിടെ വരില്ലേ; അതിനൊരു ചട്ടക്കൂട് വേണ്ടേ; ഇപ്പോൾ നമ്മൾ ഓരോന്നും ചെയ്തുകൊണ്ടിരിക്കുകയല്ലേ; അപ്പോൾ അതിന് എന്താണ് മാർഗ്ഗമെന്നുകൂടി അങ്ങ് പറയുമോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എനിക്ക് മനസ്സിലായി. അതുകൊണ്ട് നമ്മൾ അതിനൊരു മാർഗ്ഗം കണ്ടെത്തണമെന്നാണ് ഈ പറഞ്ഞതിൽ അന്തർലീനമായിട്ടുള്ള ചോദനം, നമുക്കിതിനെ മറികടക്കണം. അതിനൊരു വഴി ഗവൺമെന്റ് ആലോചിക്കണം. കുടിവെള്ളം ഉണ്ടാക്കണം, ഞങ്ങൾ സഹകരിക്കാം. ഇതിൽ ഞങ്ങളെന്നോ നിങ്ങളെന്നോ വ്യത്യാസമില്ലെന്ന പോസിറ്റീവായിട്ടുള്ള ചർച്ചയാണ് ഞാൻ കൊണ്ടുവരുന്നത്. വ്യവസായം ആരംഭിക്കുന്നതിന് പ്രായോഗിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കലാണ് യഥാർത്ഥത്തിൽ ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വം. ആ ഗവൺമെന്റ് തടസ്സങ്ങൾ ഒഴിവാക്കണം. ലൈസൻസുകളുടെ എണ്ണവും കുറയ്ക്കണം. അതൊക്കെ വ്യവസായ വകുപ്പ് ചെയ്താൽ മതിയെന്നാണ് ഞാൻ പറയുന്നത്, അല്ലാതെ ഞാനത് വേണ്ടന്നല്ല പറയുന്നത്. മാർക്സിസത്തിന്റെ കാര്യം പറഞ്ഞ് തർക്കിച്ചിട്ട് എന്ത് കാര്യമാണുള്ളത്. സോവിയറ്റ് യൂണിയൻ, ചെക്കോസ്ലോവാക്യ, ബൾഗേറിയ, ഹംഗറി, റൊമേനിയ, അൽബേനിയ, കിഴക്കൻ ജർമ്മനി തുടങ്ങിയ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിലവിൽ കമ്മ്യൂണിസം ഇല്ലല്ലോ; The only remaining Communist Nations എന്നുപറയാവുന്നത് ചൈനയും കൊറിയയും വിയറ്റ്നാമും ക്യൂബയും മാത്രമല്ലേയുള്ളൂ. ഇത് കേട്ടിട്ട് ചൈനയെപ്പറ്റി പറഞ്ഞുവെന്ന് പറഞ്ഞ് പെട്ടെന്ന് ചൂടായി എഴുന്നേൽക്കണ്ട ഒരു കാര്യവുമില്ല. അതൊക്കെ ചർച്ച ചെയ്യുന്നതിനുപകരം ഈ ബിൽ പാസ്സാക്കി വ്യവസായങ്ങൾ കൊണ്ടു വരുന്നതിനെപ്പറ്റി ചർച്ച ചെയ്യാം. ഞാൻ ശ്രീ. രാജേഷിന് പിന്നീട് വഴങ്ങിത്തരാം. എന്തെങ്കിലും പറയാനുണ്ടാകുമെന്ന് എനിക്കറിയാം. ശ്രീ. എം. സ്വരാജിനും ശ്രീ. എ. എൻ. ഷംസീറിനും പറയാനുണ്ടാകും. അതൊക്കെ മനസ്സിൽ വച്ചിട്ട് എനിക്ക് പറയാനുള്ള സമയം തന്നാൽ മതി. മലയാളികൾ അന്യരാഷ്ട്രങ്ങളിൽ

പോയി ജോലി ചെയ്യുകയാണ്. ഇവിടെ, നമുക്ക് ജോലി ചെയ്യാൻ ബംഗാളികളെ ഇറക്കുമതി ചെയ്യുകയാണ്. മുൻകാലങ്ങളിൽ ഇല്ലാത്തവിധം ഇവിടത്തെ ഹോട്ടലുകളിൽ ഫിലിപ്പൈൻസുകാരായ പെൺകുട്ടികൾ വരെ വന്നു ജോലിചെയ്യുന്നു. എന്റെ നാട്ടിലും തിരുവനന്തപുരത്തും കണ്ടിട്ടുണ്ട്. ഇവിടെ നിന്നും ആളുകൾ ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നു. ബാംഗാളികൾ ഇവിടെ വന്ന് ജോലിചെയ്യുന്നു. അങ്ങനെ ലോകം മുഴുവൻ വളരെ ചെറുതായ ഒരു കാലമാണ്, പരസ്പരം ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു സമയമാണ്.

ബഹുമാനപ്പെട്ട മന്ത്രി, വ്യവസായ രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തണം. ആവശ്യമില്ലാത്ത ഒരു ലൈസൻസും വേണ്ടെന്ന് പറയണം. പഞ്ചായത്ത് ഓഫീസിനുമുമ്പിൽ പോയി ക്യൂ നിൽക്കേണ്ട; പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്താണെന്നും എത്രയുണ്ടെന്നും നമുക്കെല്ലാവർക്കും അറിയാം. പൊല്യൂഷൻ കൺട്രോൾ ബോർഡ് ആവശ്യമില്ലാത്തവർക്കൊക്കെ ലൈസൻസ് കൊടുക്കും. അതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പുതിയ വ്യവസായങ്ങൾ വരേണ്ടത് അത്യാവശ്യമാണ്. ലക്ഷ്മി എന്ന ഒരു പെൺകുട്ടി 'അമ്മൂമ്മ തിരി' എന്ന പേരിൽ വിളക്കുതിരി വ്യവസായം ആരംഭിച്ചിട്ടുണ്ട്. ഒരു അമ്മൂമ്മ വിളക്കുതിരിയുണ്ടാക്കുന്നത് കണ്ട് ഈ പെൺകുട്ടി തിരി വ്യവസായം ആരംഭിച്ചതാണ്. ഈ ദീപാവലി സമയത്ത് രണ്ടര-മൂന്നരലക്ഷം തിരികളാണ് പ്ലാസ്റ്റിക്ക് കവറിലിട്ട് ഇന്ത്യയിലാകെ അയച്ചത്. ഇപ്പോൾ വിദേശരാഷ്ട്രങ്ങളിൽ നിന്നുവരെ 'അമ്മൂമ്മ തിരി' ആവശ്യപ്പെടുന്നുണ്ട്. ചെറിയ തിരിയാണ്. ഒരു ഇൻഫ്രാസ്ട്രക്ചറിന്റെയും ആവശ്യമില്ല. ഒരു വിരൽകൊണ്ട് ചെയ്യാവുന്നൊരു സംഗതിയാണ്. അങ്ങനെയുള്ള സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കാനുള്ള ധൈര്യം എല്ലാവർക്കുമുണ്ടാകണം. എന്റെ നാടാണ്, എനിക്ക് ഇവിടെയൊരു വ്യവസായം ആരംഭിക്കാൻ ബുദ്ധിമുട്ടുണ്ടാകില്ല, ഗവൺമെന്റും ഉദ്യോഗസ്ഥന്മാരും എന്നെ ബുദ്ധിമുട്ടിക്കില്ല എന്നൊരു ഫീലിംഗ്, ഒരു മെസേജ് നമുക്ക് കൊടുക്കാൻ സാധിക്കണം. പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ ബുദ്ധിമുട്ട് ഞാൻ പറഞ്ഞിട്ട് വേണോ ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാക്കാൻ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അര മണിക്കൂറായി, ചുരുക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ചുരുക്കാം. ഇതാണ് കേരളത്തിന്റെ സ്ഥിതി. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തണം. ഞാൻ ഇതിനെ അത്ര വലിയ ബില്ലായി കാണുന്നില്ല. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഒരു എക്സിക്യൂട്ടീവ് ഓർഡർ മതിയാകുമെന്നാണ് എന്റെ ധാരണ. തൊഴിൽ

ഉണ്ടാക്കാനും ആളുകൾക്ക് ജീവിക്കാനുള്ള സൗകര്യം ഉറപ്പുവരുത്താനുമാണ് വ്യവസായം ആരംഭിക്കാൻ പറയുന്നത്. തൊഴിലുറപ്പ് പദ്ധതി വളരെ ആപത്കരമായ സ്ഥിതിവിശേഷത്തിലാണ്. കേന്ദ്രഗവൺമെന്റിന്റെ ഇടപെടൽമൂലം തൊഴിലുറപ്പുകാർക്ക് കുടിശ്ശിക കിട്ടുന്നില്ല; അവർക്ക് പലജാതി പ്രശ്നങ്ങളുണ്ട്. അത് പൊളിഞ്ഞുപോകാനുള്ള സാധ്യത വളർന്നുവരികയാണ്. ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതിയായതുകൊണ്ടാകാം ഈ ഗവൺമെന്റ് അതിനെ പ്രോൽസാഹിപ്പിക്കുന്നില്ല. തൊഴിലുറപ്പുകാർ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തൊഴിലുറപ്പുകാരുടെ ജീവിതമാർഗ്ഗം നിലയ്ക്കാൻ പോകുകയാണ്. അങ്ങനെ സംഭവിക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. അതൊക്കെ രാജ്യത്തിന്റെ വികസനത്തിനും ആളുകളുടെ ജീവിതനിലവാരം ഉയർത്താനും ആവശ്യമാണ്.

വിദ്യാർത്ഥികളുടെ പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു ചോദ്യം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ട്. പാരലൽ കോളേജുകൾ നടത്തി ധാരാളം പേർ ജീവിക്കുന്നുണ്ട്. ടീച്ചേഴ്സും സ്റ്റുഡന്റ്സും നോൺ ടീച്ചിംഗ് സ്റ്റാഫും അതിൽപ്പെടും. കുട്ടികളിൽ നിന്നും ഫീസും കിട്ടുന്നുണ്ട്. അത് വലിയൊരു സംവിധാനമാണ്. ഓപ്പൺ യൂണിവേഴ്സിറ്റി വന്നതിന് നമ്മൾ എതിരല്ല. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കൂടെ പ്രൈവറ്റ് രജിസ്ട്രേഷനും നിലനിർത്താൻ കഴിയണം. സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ പ്രോൽസാഹിപ്പിക്കാത്ത സ്ഥിതിവിശേഷമുണ്ട്. വ്യാപാരികൾക്ക് സെസ്സ് ഏർപ്പെടുത്തിയ പ്രശ്നമുണ്ട്. നിരവധി അദ്ധ്യാപകർ നിയമിക്കപ്പെട്ട് അംഗീകാരം കാത്ത് കഴിയുന്നുണ്ട്.

പ്രൊഫഷണൽ കോഴ്സ് പാസ്സായവർക്ക് കുറച്ചുകൂടി സഹായം ചെയ്താൽ നന്നായിരിക്കും. എന്റെ നിയോജകമണ്ഡലത്തിലെ പറപ്പൂർ ഐ.യു.എച്ച്.എസ്.എസ്.-ലെ കുട്ടികൾ, ഞങ്ങളെല്ലാവരുംകൂടി പ്രോൽസാഹിപ്പിച്ച്, എൽ.ഇ.ഡി. ബൾബുകൾ നിർമ്മിച്ച് വിൽക്കുകയാണ്. സ്കൂളുകളിൽ കുട ഉണ്ടാക്കുകയോ ചെറിയ സംരംഭങ്ങൾ നടത്തുകയോ ചെയ്തുകൂടേ; അവർക്കൊന്നും ലൈസൻസിന്റെ പ്രശ്നമില്ലല്ലോ; എഞ്ചിനീയറിംഗ് കോളേജുകൾ ഒരുപാടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ബി.ടെക്, എം.ടെക് പാസ്സായ കുട്ടികളൊക്കെ വെറുതെ നിൽക്കുകയാണ്. അവർക്ക് ഒരു പ്രോഡക്റ്റ് ഉണ്ടാക്കിക്കൂടേ; എന്തെങ്കിലുമൊരു ബ്രാൻഡഡ് പ്രോഡക്റ്റ് ഒരു എഞ്ചിനീയറിംഗ് കോളേജിന് കുറഞ്ഞ വിലയ്ക്ക് ഉണ്ടാക്കിക്കൂടേ; ഇങ്ങനെയുള്ള സഹായങ്ങൾ പലതും നമുക്ക് ചെയ്തുകൊടുക്കാൻ സാധിക്കും. പുതിയതായി പാസ്സായിവരുന്ന ഡോക്ടർമാർക്ക് ഒരു ക്ലിനിക് തുടങ്ങാൻ നമുക്ക് സഹായം ചെയ്തുകൂടേ; അതൊരു വ്യവസായത്തിൽപ്പെടുമോ ഇല്ലയോ

എന്നത് നിങ്ങൾ ആലോചിച്ചാൽ മതി. അഭിഭാഷകർ ധാരാളമായി പാസ്സായി വരുന്നുണ്ട്. അവർക്കൊരു ഓഫീസ് തുടങ്ങാൻ സൗകര്യം ചെയ്തു കൊടുത്തുകൂടേ; ഇതൊക്കെ ജീവിതമാർഗ്ഗങ്ങളാണ്. വ്യവസായം അതിനുള്ളൊരു ഉപാധിയാണ്. അഭിഭാഷകർക്ക് ഒരു ഓഫീസ് സെറ്റ് ചെയ്യാൻ കുറഞ്ഞ തുക കൊടുത്താൽ മതിയല്ലോ; വീടുകളിൽ ചെറിയ റിപ്പെയറിംഗിന് പ്ലംബറിനെയും ഇലക്ട്രീഷ്യനെയും കിട്ടാറില്ല. അവർ വലിയ ജോലി ഏറ്റെടുക്കും. ഒരു വലിയ ബിൽഡിംഗ് പണിയുമ്പോൾ അവിടെ ഇലക്ട്രീഷ്യനും പ്ലംബറും വന്ന് ജോലി ചെയ്ത് നല്ല ശമ്പളം വാങ്ങും. എന്നാൽ പ്ലംബിംഗിന്റെയോ ഇലക്ട്രിക്കലിന്റെയോ വർക്ക് തകരാറിലായാൽ റിപ്പെയർ ചെയ്യുന്നതിനായി ആളെ കിട്ടാറില്ല. ഐ.ടി.ഐ.-കളിലും പോളിടെക്നിക്കുകളിലും ഇലക്ട്രിക്കൽ കോഴ്സ് പഠിച്ച ഒരു സെറ്റ് ആൾക്കാരെ ഗവൺമെന്റ് തന്നെ നിശ്ചയിച്ച് അത്യാവശ്യം ഇൻസ്ട്രുമെന്റ്സും ഒരു ഓഫീസും സെറ്റ് ചെയ്തുകൊടുത്ത് പഞ്ചായത്തിൽ ഇരുത്തിയാൽ അവർ എല്ലാ സ്ഥലത്തുംപോയി റിപ്പെയർ ചെയ്ത് ജീവിച്ചുകൊള്ളും. സിവിൽ എഞ്ചിനീയറിംഗ് പാസ്സായി വന്ന ബി.ടെക്കുകാർ ഒരുപാട് പേരുണ്ട്. കോസ്റ്റ് ഇഫക്ടീവായിട്ടുള്ള വീടുകൾ നിർമ്മിക്കാൻ അവർക്കൊരു സംവിധാനം ഏർപ്പാടാക്കിയാൽ ഏറ്റവും കുറഞ്ഞ നിരക്കിൽ നല്ല രീതിയിൽ വീടുകൾ നിർമ്മിച്ചുനൽകാൻ അവർക്ക് സാധിക്കും. എന്തുകൊണ്ട് നമ്മൾ അവരെ പ്രയോജനപ്പെടുത്തുന്നില്ല. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ഇതൊന്നും രാഷ്ട്രീയമായി കാണേണ്ട വിഷയമാണെന്ന് ഞാൻ കരുതുന്നില്ല. ഇതൊക്കെ ഇവിടെ വ്യവസായമുണ്ടാകട്ടെയെന്ന് വിചാരിച്ച് പറയുന്നതാണ്. അതാണ് ആദ്യംതന്നെ മിനിസ്റ്റർ പച്ചയായ ഒരു മനുഷ്യനാണെന്ന് പറയാൻ കാരണം. എല്ലാം ശരിയാണ്, നല്ലതാകുമെന്ന് വിചാരിച്ച് നടക്കുന്ന രണ്ട് മന്ത്രിമാരാണ് ശ്രീ. എം. എം. മണിയും ശ്രീ. ഇ.പി. ജയരാജനും. ബഹുമാനപ്പെട്ട മന്ത്രിക്ക് കാര്യങ്ങൾ ബോദ്ധ്യപ്പെട്ടാൽ മന്ത്രി അത് നടത്തുമെന്ന വിശ്വാസത്തിലാണ് ഞാൻ പറയുന്നത്. ഈ ബില്ലിനെക്കുറിച്ച് ആലോചിക്കുമ്പോൾ വ്യവസായം വളർന്നു വരണമെന്നതായിരിക്കണം മുഖ്യമായും നമ്മുടെ മുമ്പിലുണ്ടാകേണ്ട ചിന്ത.

രാഷ്ട്രീയ അതിപ്രസരം കേരളത്തിലെ പ്രധാന പ്രശ്നമാണ്. ഇവിടെ കുറേദിവസങ്ങളായി ചർച്ച ചെയ്യുന്നത് ലെനിനിസവും മാവോയിസവും വെടിവയ്പ്പുമൊക്കെയാണ്. ജനങ്ങളുടെ വിഷയങ്ങൾ ധാരാളമുണ്ടെങ്കിലും രാഷ്ട്രീയ പ്രശ്നങ്ങൾക്കാണ് നിയമസഭ അമിത പ്രാധാന്യം കൽപ്പിക്കുന്നത്. രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കണം, പക്ഷേ അമിതമാകാൻ പാടില്ല. ഇത്തരം വിഷയങ്ങളിൽ നമുക്ക് കൂടുതൽ ചർച്ചയും ശ്രദ്ധകേന്ദ്രീകരിക്കലും ആവശ്യമാണ്. ഇവിടെ ചീഫ് സെക്രട്ടറിവരെ ലേഖനമെഴുതുന്ന സാഹചര്യമുണ്ടായി.

അദ്ദേഹത്തിന് ലേഖനമെഴുതേണ്ട കാര്യമുണ്ടോ; അദ്ദേഹം വലിയ സാഹിത്യകാരനാകാൻ പോകുകയാണോ? അതുസംബന്ധിച്ച് ഗുണമോ ദോഷമോ ഉണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ മനസ്സിൽവച്ചാൽ പോരേ; അദ്ദേഹം ഇത്തരം നിലപാട് സ്വീകരിച്ചതെന്തിനാണ്; അവർക്കൊന്നും മനുഷ്യാവകാശങ്ങളില്ലെന്നു പറഞ്ഞ് വിവാദമാകാൻ ചീഫ് സെക്രട്ടറി എന്തിനാണ് മുതിർന്നത്. ചിലപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവോടുകൂടിയാകും ഇത് ചെയ്തത്. ഇതിലൂടെ മുഖ്യമന്ത്രിയെ സപ്പോർട്ട് ചെയ്യാമെന്ന് വിചാരിച്ചായിരിക്കും, ഇല്ലെങ്കിൽ പെൻഷനായതിനുശേഷം ഏതെങ്കിലും പോസ്റ്റിൽ തുടരാൻവേണ്ടി മുഖ്യമന്ത്രിയെ പ്രീതിപ്പെടുത്താൻ ചെയ്തതായിരിക്കും. അതെന്തെങ്കിലുമാകട്ടെ, അദ്ദേഹം സുഖമായി ജീവിച്ചോട്ടെ, ഞാൻ എതിരല്ല. അതിന് ഇത്തരം ലേഖനങ്ങളെഴുതി നാട്ടിൽ തർക്കങ്ങളുണ്ടാക്കേണ്ട കാര്യമുണ്ടോ; നമ്മുടെ നാട്ടിൽ ലെനിനിസ്റ്റും മാവോയിസ്റ്റും ഉണ്ടായതെന്തുകൊണ്ടാണ്; എങ്ങനെയാണ് കുറച്ചുപേർ മാവോയിസ്റ്റായത്; എന്തുകൊണ്ടാണ് ഇതൊക്കെ ശക്തിപ്പെടുന്നത്; വികസനത്തിലെ അസന്തുലിതാവസ്ഥ ഒരു പ്രധാന കാരണമാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരെ Unlawful Activities (Prevention) Act (UAPA) ചുമത്തി ജയിലിലാക്കുന്നതിനുപകരം ഇനി മറ്റൊന്നിനും പോകണ്ടെന്നുപറഞ്ഞ് അവർക്ക് എന്തെങ്കിലും ജോലി കൊടുത്തുനോക്കൂ.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗം ചുരുക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, അവർക്ക് എന്തെങ്കിലുമൊരു സഹായം ചെയ്തു കൊടുക്കണം. അവരുടെ പ്രവർത്തനത്തെ സപ്പോർട്ട് ചെയ്യുന്നില്ല. എന്നാൽ അവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നുമില്ല. അവരുടെ മാർഗ്ഗം നമുക്ക് സ്വീകാര്യമല്ല. അതൊക്കെ പരാജയപ്പെട്ട മാർഗ്ഗങ്ങളാണ്. ഇവിടെ ലെനിന്റെ പേരും മാർക്സിന്റെ പേരും ദുരുപയോഗം ചെയ്യപ്പെടുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ വരെ ലെനിനിസ്റ്റ് പാർട്ടിയുണ്ടാക്കിയ ആളാണ്. ശ്രീ. കോവൂർ കുഞ്ഞുമോന്റെ പാർട്ടിയുടെ ബ്രാക്കറ്റിനകത്തുപോലും ലെനിന് നിൽക്കേണ്ട ഗതികേട് വന്നാൽ അദ്ദേഹത്തിന്റെ സ്ഥിതിയെന്താണെന്നാണ് ഞാൻ ആലോചിക്കുന്നത്. ശ്രീ. കോവൂർ കുഞ്ഞുമോനുപോലും ലെനിനിസ്റ്റ് പാർട്ടിയുണ്ടാക്കാവുന്ന നാടായി കേരളം മാറി. അദ്ദേഹത്തിന് Russian revolutionary ആയ Vladimir Ilyich Lenin ആരാണെന്ന് അറിയാമോ? ക്ഷമിക്കണം ഞാൻ ശ്രീ. കോവൂർ കുഞ്ഞുമോനെ ആക്ഷേപിക്കുകയല്ല, അദ്ദേഹത്തിന്റെ പേരിനോടൊപ്പം ലെനിന്റെ പേര് ബ്രാക്കറ്റിനുള്ളിൽ കാണിച്ചിരിക്കുന്നു. അവരവരുടെ പേര് കാണിച്ചാൽ പോരെ; അതല്ലെങ്കിൽ പിതാമഹൻമാരുടെ പേര് കാണിച്ചാൽ മതിയായിരുന്നു. അതുപോലെ

മാവോയിസ്റ്റൊന്നൊക്കെ വെറുതെ ഇടുകയാണ്. 1925 ഡിസംബർ മാസത്തിൽ കാൺപൂരിൽ വച്ചാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടായത്. അതു സംബന്ധിച്ച് സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം തമ്മിൽ തർക്കമുണ്ട്. അവർ പറയുന്നത് 1920-ൽ താഷ്കന്റിലുണ്ടായി എന്നാണ്. 1920-കളിൽ ലോകത്തിന്റെ പലഭാഗത്തും കുറേ കമ്മ്യൂണിസ്റ്റുകാരുണ്ടായിരുന്നു. പക്ഷേ ഇതൊരു പാർട്ടിയായി തീർന്നത് 1925-ൽ ആണെന്നാണ് എനിക്ക് തോന്നുന്നത്. ചരിത്ര വിഷയത്തിൽ ഞാൻ തർക്കിക്കുന്നില്ല. ഏത് പാർട്ടിയായാലും ആ പാർട്ടി നിലവിൽ ഇവിടെയുണ്ടല്ലോ? പക്ഷേ സി.പി.ഐ. (എം) ഉണ്ടായത് 1964-ലാണ്. 1920-ൽ ആയാലും 1925-ൽ ആയാലും അതിന്റെ ഗുണം സി.പി.ഐ.-ക്ക് പോകുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>മി. ചെയർമാൻ</u>: ദയവായി പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: അത്യാവശ്യമായി പറയേണ്ട ഒരു കാര്യമാണിത്. 1964-ൽ ഒറ്റ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നത് മുപ്പത്തിരണ്ടുപേരോളം പുറത്തുപോയശേഷം രൂപീകരിക്കപ്പെട്ട പാർട്ടിയാണ് സി.പി.ഐ.(എം). 1967 വരെ ഈ പാർട്ടിയെ ചൈന സപ്പോർട്ട് ചെയ്തിരുന്നു. അതിനുശേഷം 1967-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രം എഴുതിയത് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സാമ്രാജ്യത്വത്തിന്റെ ചെരുപ്പ് നക്കികളാണ് എന്നുപറഞ്ഞ് തള്ളിപറയുകയാണ് ചെയ്തത്. അന്നാണ് ശരിയായ വിധത്തിലുള്ള ലോക കമ്മ്യൂണിസം മരിച്ചുപോയിരിക്കുന്നുവെന്നും ഞങ്ങളൊരു ദേശീയ കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്നും ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞത്. അതുവരെ സി.പി.ഐ.ക്കാരെയാണ് മറ്റ് പാർട്ടികൾ അംഗീകരിച്ചിരുന്നത്. ഈ പാർട്ടി ആദ്യം പിളർന്നതിനുശേഷം ധാരാളം പിളർപ്പുകൾ വീണ്ടുമുണ്ടായി. 2004-ൽ മാവോയിസ്റ്റുകളുടെ തീവ്രവാദ ഗ്രൂപ്പുകൾ ഒന്നുചേർന്നുണ്ടാക്കിയതാണ്. അവർ ചെയ്യുന്നത് ഒരിക്കലും ശരിയല്ല. അതിനെ അംഗീകരിക്കാൻ കഴിയില്ല. അക്രമം ശരിയല്ല. ആ മാർഗ്ഗത്തിലൂടെ സോഷ്യലിസം സ്ഥാപിക്കുക അസാധ്യമാണ് എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. മാവോയിസം എന്നുപറയുന്നത് മാർക്സിസം ലെനിനിസത്തിന്റെ വ്യതിയാനമാണ്. അതുപോലെ Santiago Carrillo ഉണ്ടാക്കിയ യൂറോ കമ്മ്യൂണിസമുണ്ടായിരുന്നു. മാവോയിസമെന്നു പറയുന്നത് അതിന്റെ മറ്റൊരു വ്യതിയാനമാണ്. യഥാർത്ഥമായ മാർക്സിസമാണെന്നൊന്നും ഞങ്ങൾ കരുതുന്നില്ല.

<u>മി. ചെയർമാൻ</u>: ദയവായി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മാവോയിസ്റ്റ് വ്യതിയാനം വന്നതിനുശേഷം അവിടത്തെ രീതിയിലൊന്നും വിപ്ലവം നടത്താൻ സാധ്യമല്ല. മാർക്സിന്റെ കാഴ്ചപ്പാടൊക്കെ വച്ചുനോക്കി എല്ലാവരും പാർലമെന്ററി വ്യാമോഹത്തിൽ അകപ്പെട്ട് പാർലമെന്ററി ജനാധിപത്യ സമ്പ്രദായം സ്വീകരിച്ച പാർട്ടികളാണ്. അതുകൊണ്ടാണ് മാവോയിസ്റ്റുകൾക്ക് ഇവിടെ നിലനിൽപ്പും സംസാരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ടാകുന്നത്. വേറെ വിപ്ലവത്തിനൊന്നും നമ്മളെയാരെയും കിട്ടില്ലെന്നതുകൊണ്ട് യഥാർത്ഥ വിപ്ലവകാരികളായി നടിക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. ലോകത്തിലെ ഏക ഹിന്ദുരാഷ്ട്രമായ നേപ്പാൾ കമ്മ്യൂണിസ്റ്റ് പാർട്ടി, തീവ്രവാദ ഗ്രൂപ്പുകളുടെ കയ്യിലായില്ലേ? അവിടത്തെ ഭരണംതന്നെ ഇടതുപക്ഷത്തിനായില്ലേ; ലോകത്തിലെ ഏക ഹിന്ദുരാഷ്ട്രമായി കരുതപ്പെട്ടിരുന്ന നേപ്പാളിൽപ്പോലും മാറ്റം വന്നില്ലേ? ഇതിനുമുമ്പും ലോക ചരിത്രത്തിലുണ്ടായിട്ടുള്ളതാണ്. Daniel Cohn-Bendit, Herbert Marcuse, Regis Debray.... Regis Debray എന്നുപറയുന്ന ഫ്രഞ്ച് ജേർണലിസ്റ്റ് 'റവല്യൂഷൻ ഇൻ ദി റവല്യൂഷൻ (വിപ്ലവത്തിൽ വിപ്ലവം)' എന്ന പുസ്തകമെഴുതിയ ആളാണ്. തൊഴിലാളി വർഗ്ഗങ്ങളുടെ ചെങ്കൊടി വലിച്ചെറിഞ്ഞ യുവാക്കളാണ് ഇനി വിപ്ലവം നടത്തേണ്ടതെന്ന് പറഞ്ഞ ആളാണ് അദ്ദേഹം. അതിനുശേഷം Regis Debray മാറി ചിലിയിൽ Allende അധികാരത്തിൽ വന്നപ്പോൾ 'A Conversation with Allende' എന്ന മറ്റൊരു പുസ്തകത്തിലൂടെ 'റവല്യൂഷൻ ഇൻ ദി റവല്യൂഷൻ' എന്ന പുസ്തകത്തിൽ പറഞ്ഞതൊക്കെ തെറ്റായിരുന്നുവെന്ന് സ്ഥാപിക്കുകയാണ് അദ്ദേഹം ചെയ്തത്.

മി. ചെയർമാൻ: നാൽപ്പത് മിനിട്ട് അങ്ങ് സംസാരിച്ചു. ദയവായി അങ്ങയുടെ പ്രസംഗം ചുരുക്കണം.....പ്ലീസ്..

ശ്രീ. കെ. എൻ. എ. ഖാദർ: പോലീസ് ഉദ്യോഗസ്ഥർ വെടിവയ്പ് നടത്തിയ സംഭവം വ്യാജ ഏറ്റുമുട്ടലായിരുന്നുവെന്ന അഭിപ്രായം ഞങ്ങൾക്കെല്ലാവർക്കുമുണ്ട്. അവരെ കൊല്ലാൻ പാടില്ലായിരുന്നു. അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാമായിരുന്നു. നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാമായിരുന്നു, ജയിലിലിടാമായിരുന്നു, ശിക്ഷിക്കാമായിരുന്നു. UAPA ഇത്തരത്തിൽ ലിബറലായി ഉപയോഗിക്കാൻ പാടില്ലായിരുന്നു. അതിന് പോലീസ് ഉദ്യോഗസ്ഥരെയാണ് നമ്മളെല്ലാവരും കുറ്റം പറയുന്നത്. എല്ലാ പോലീസ് ഉദ്യോഗസ്ഥരും അത്തരം ആളുകളല്ല. ഇവിടെ ഒന്നാന്തരം പോലീസ് ഉദ്യോഗസ്ഥരുണ്ട്. മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിൽ ആകെ അമ്പതിനായിരം പോലീസ് ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ. പാവങ്ങൾ എന്ത് സമ്മർദ്ദമാണ് അനുഭവിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? പോലീസിന്റെ അംഗസംഖ്യ ഇരട്ടിയാക്കി വർദ്ധിപ്പിക്കണം.

അവിടെ ഒരു ലക്ഷം പോലീസുകാരെങ്കിലും വേണം. വനിതാ പോലീസിന്റെയും ട്രാഫിക് പോലീസിന്റെയും എണ്ണം കൂട്ടണം. അതും ജോലിയാണ്. വ്യവസായം പോലെതന്നെ മനുഷ്യർക്ക് ജോലികിട്ടാനുള്ള ഉപാധിയല്ലേ നമ്മൾ ആലോചിക്കേണ്ടത്. മലപ്പുറം ജില്ലയിലെ നാൽപ്പത്തിനാല് ലക്ഷം ജനങ്ങളെ നിയന്ത്രിക്കാൻ ആകെ 2000 പോലീസുകാർ മാത്രമാണുള്ളത്. ഈ ആൾക്കാരെല്ലാപേരും തെറ്റായവഴിക്ക് തിരിഞ്ഞാൽ പോലീസുകാർ അവശേഷിക്കുമോ? അതുകൊണ്ടുതന്നെ പോലീസുകാരുടെയും പോലീസ് സ്റ്റേഷന്റെയും എണ്ണം കൂട്ടണം. പോലീസിന് വേണ്ട പരിശീലനം നൽകണം.

<u>മി. ചെയർമാൻ</u>: പ്ലീസ്...... അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ഈ ഗവൺമെന്റിനോട് എനിക്ക് പറയാനുള്ളത് ഒരു ദിവസം സ്ത്രീകളെ വരിവരിയായി നിർത്തി മതിലുണ്ടാക്കിയതുകൊണ്ടോ രണ്ട് സ്ത്രീകളെ എങ്ങനെയെങ്കിലും ശബരിമലയിൽ കൊണ്ടുപോയതുകൊണ്ടോ അവരുടെ പ്രശ്നം തീരില്ല. കേരളത്തിലെ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റ് സ്ത്രീകൾക്ക് റിസർവ് ചെയ്യാൻ നിങ്ങൾ തയ്യാറാണോ? 50 ശതമാനം തൊഴിൽ സ്ത്രീകൾക്ക് റിസർവ് ചെയ്യാൻ തയ്യാറുണ്ടെങ്കിൽ ഈ ഗവൺമെന്റ് സ്ത്രീകളോടൊപ്പം നിൽക്കുന്ന ഗവൺമെന്റാണെന്ന് ഞാൻ പറയും. ജനപ്രാതിനിധ്യ സഭയിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും 50 ശതമാനം സീറ്റും സ്ത്രീകൾക്ക് കൊടുത്തല്ലോ?

<u>മി. ചെയർമാൻ</u>: മറ്റംഗങ്ങൾ ഇടപെടാതിരുന്നാൽ അദ്ദേഹം കൺക്ലൂഡ് ചെയ്യും.......പ്ലീസ്...

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജോലിയിൽ 50 ശതമാനവും സ്ത്രീകൾക്ക് കൊടുക്കുമെന്ന വിപ്ലവകരമായ തീരുമാനമെടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കണം. ഇത്തരത്തിലുള്ള വിഷയങ്ങൾക്ക് പരിഹാരം കണ്ടാൽത്തന്നെ കേരളത്തിലെ നിരവധിയാളുകൾക്ക് ജോലികിട്ടുമെന്ന വസ്തുത നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

<u>മി. ചെയർമാൻ</u>: ദയവായി അങ്ങ് കൺക്ലൂഡ് ചെയ്യണം.......പ്ലീസ്. ..

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് വ്യവസായ സംരംഭം വളർന്നു വരണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരു ഫെസിലിറ്റേറ്റർ ജോലി മാത്രമേ ചെയ്യാൻ പാടുള്ളൂ. വ്യവസായ വകുപ്പിന്റേതല്ലാത്ത ഒരു ലൈസൻസും ആവശ്യമില്ല. അപേക്ഷകർ സമർപ്പിക്കുന്ന സ്വയം

സാക്ഷ്യപത്രത്തിൽ നിങ്ങൾ ആവശ്യപ്പെടുന്ന ചോദ്യങ്ങൾക്ക് ശരിയായവിധത്തിൽ മറുപടി നൽകിയിട്ടുണ്ടെങ്കിൽ ഒരാഴ്ച കൊണ്ട് അന്വേഷണം നടത്തി, ലഭിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടാൽ ആ സംരംഭം തുടങ്ങാൻ അനുവാദം നൽകണം. എന്തിനാണ് പിന്നെയും പഞ്ചായത്ത് ഓഫീസിലും മറ്റ് ഓഫീസുകളിലും കയറിയിറക്കുന്നത്. മൂന്ന് വർഷം കഴിഞ്ഞ് പിന്നെ എന്താണ് കാര്യം. ആദ്യ വർഷം സംരംഭം തുടങ്ങുന്നതും മൂന്ന് വർഷത്തിനുശേഷം തുടങ്ങുന്നതും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? That can be done by an executive order itself. അതുകൊണ്ട് ആദരണീയനായ വകുപ്പുമന്ത്രി നല്ല കാര്യങ്ങൾ ചെയ്യുമെന്ന് എനിക്ക് തോന്നിയിട്ടുണ്ട്, കാരണം, ഇസ്ലാമികമായ കാര്യങ്ങൾ അറിയുന്ന ആളാണ് ശ്രീ. ഇ. പി. ജയരാജൻ. ഇസ്ലാമിക വിശ്വാസമനുസരിച്ച് ദാനധർമ്മങ്ങൾ നിർവ്വഹിക്കുമ്പോൾ ആദ്യപരിഗണന നൽകുന്നത് സ്വന്തം കുടുംബക്കാർക്കാണ്. അത്തരം പ്രയോരിറ്റി കൊടുത്ത മന്ത്രിയാണ് അദ്ദേഹം. ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ ആദ്യം സ്വന്തം കുടുംബത്തിലെ പാവങ്ങൾക്ക് കൊടുക്കണമെന്നാണ്. അത് ഭംഗിയായി നടപ്പിലാക്കാൻ ശ്രമിച്ച് അബദ്ധം പറ്റിയ ആളാണ് അദ്ദേഹം. അദ്ദേഹത്തിന് ഇസ്ലാമിനെക്കുറിച്ച് ഇത്ര വലിയ ബോധമുണ്ടെന്ന് അന്നാണ് എനിക്ക് മനസ്സിലായത്. അദ്ദേഹം രണ്ടാമതും തിരിച്ചുവന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ബിൽ ഒഴിവാക്കി ഒരു എക്സിക്യൂട്ടീവ് ഓർഡർകൊണ്ട് എല്ലാ തരത്തിലും വ്യവസായം തുടങ്ങാൻ താൽപ്പര്യമുള്ളവർക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കണം. അതിനായി വ്യവസായ വകുപ്പിന്റെ ലൈസൻസ് മാത്രം മതി. മറ്റൊരു വകുപ്പുകളിലേയ്ക്കും അവരെ പറഞ്ഞയയ്ക്കരുതെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ജോയി: സർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്താൻ കഴിയുന്ന ഒരു ബില്ലാണ് കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ ഇവിടെ സൂചിപ്പിച്ചു. ഒരു വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ഒരാൾ നോഡൽ ഏജൻസിക്ക് ഒരു നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിച്ചാൽ, ആ അപേക്ഷ തന്നെ മതിയാകുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ഇവിടെ സൂചിപ്പിച്ചതുപോലെ കുഴപ്പത്തിലേയ്ക്കല്ല, ഒരു സംരംഭം ആരംഭിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ സംരംഭം

ആരംഭിച്ചാൽ നമുക്ക് മറ്റ് കാര്യങ്ങളെ മറികടക്കാൻ സാധിക്കും. സമയമെടുത്ത് കാര്യങ്ങൾ ചെയ്യാനും സാധിക്കും. ഇവിടെ ഇപ്പോഴുള്ള പ്രശ്നം എന്താണെന്ന് ചോദിച്ചാൽ, ഇവിടെ ഏതെങ്കിലും ഒരു ചെറുകിട അല്ലെങ്കിൽ മൈക്രോ വിഭാഗത്തിൽപ്പെട്ട ഒരു സ്ഥാപനം തുടങ്ങണമെങ്കിൽ ആദ്യം ഗ്രാമപഞ്ചായത്തിൽ പോകണം. കെട്ടിടത്തെ സംബന്ധിച്ച ലൈസൻസ് വാങ്ങണം. അങ്ങനെ ധാരാളം നൂലാമാലകൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. സംരംഭം ആരംഭിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്ന കാര്യം നമ്മൾ മനസ്സിലാക്കണം. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസികൾ പണം അയയ്ക്കുന്ന രാജ്യം ഇന്ത്യയാണ്. 2018-ലെ കണക്കുപ്രകാരം ഇന്ത്യയിലേയ്ക്ക് 7861 ഡോളറാണ് വിദേശീയരുടെ പണം വന്നിട്ടുള്ളത്. അത് ഇന്നത്തെ വിനിമയ നിരക്കുവച്ച് നോക്കിയാൽ ഏതാണ്ട് 5,57,977 കോടി രൂപ വരും. കേരളവും ഒട്ടും മോശമല്ല. ഇതിൽ നിന്ന് 2 ലക്ഷം കോടി രൂപയാണ് കേരളത്തിൽ പ്രതിവർഷം നമുക്ക് പ്രവാസികളിൽ നിന്ന് ലഭിക്കുന്നത്. ആ പ്രവാസികളിൽ നിന്നും ലഭിക്കുന്ന തുകയിൽ പലതും ഡെഡ് മണിയായി കിടക്കുകയാണ്. അവർക്കൊരു ചെറിയ സംരംഭംപോലും ഇന്നത്തെ നിലയിൽ തുടങ്ങാൻ സാധിക്കുന്നില്ല. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനുശേഷം ഇത്രയും നാളുകൾ കഴിഞ്ഞിട്ടും നമുക്ക് അതിനുവേണ്ടുന്ന ഒരു നിയമനിർമ്മാണം നടത്താൻ സാധിച്ചില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനുവേണ്ടി കേരളത്തിന്റെ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ബിൽ കൊണ്ടുവന്നിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. 3 വർഷത്തേയ്ക്ക് നമുക്ക് വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിന് ആരുടെയും അനുവാദത്തിന്റെ ആവശ്യമില്ല. നോഡൽ ഏജൻസിക്ക് ഒരപേക്ഷ കൊടുത്ത് കൈപ്പറ്റ് രസീത് വാങ്ങിയാൽ മതിയാകും. രണ്ടാമത്, ഇതിനകത്ത് സൂചിപ്പിച്ചിട്ടുള്ളത്, 10-ാം ഭാഗത്ത് 'പ്രത്യേകിച്ചും, ഈ ആക്ടിലെ മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള വ്യവസ്ഥകൾക്ക്, താഴെപ്പറയുന്ന നിയമങ്ങളിൽ എന്തുതന്നെ നിയമവിരുദ്ധമായി അടങ്ങിയിരുന്നാലും പ്രാബല്യം ഉണ്ടായിരിക്കുന്നതും പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ, ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി' പറയുന്നു. ഇതിനകത്ത് പ്രധാനമായും 6 ബില്ലുകളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഒരു സ്ഥാപനം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 235, 236, 254, 270, 271, മുനിസിപ്പാലിറ്റി ആക്ട്, കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ട്, കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് എന്നിവയാണവ. ഇത് ഡി.എം.ഒ.-യുടെ

ക്ലിയറൻസ് അടക്കമുള്ളതാണ്. ഇത് കൃത്യമായി മറികടക്കാനും ഏതൊരാൾക്കും ഇക്കാര്യം ചെയ്യുന്നതിനും യാതൊരു തടസ്സവുമില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനം. ഇനി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ തന്നെ അപ്പീൽ കൊടുക്കാനുള്ള അധികാരമുണ്ട്. അപ്പീൽ കൊടുക്കാനുള്ള സാഹചര്യം ഇതിനകത്ത് പ്രത്യേകമായി സൂചിപ്പിച്ചിട്ടുണ്ട്. ബഹുമാന്യനായ കെ. എൻ. എ. ഖാദർ പറഞ്ഞതുപോലെ എനിക്ക് ഒരു കാര്യത്തിൽ ചെറിയ മാറ്റം വരുത്തിയാൽ കൊള്ളാമെന്നുള്ള അഭിപ്രായമുണ്ട്. കുറ്റങ്ങളും ശിക്ഷകളും എന്ന ഭാഗത്ത് '5 ലക്ഷം രൂപയിൽ കവിയാതെ ഒരു തുക പിഴയായി ചുമത്താവുന്നതാണ്' എന്ന് സൂചിപ്പിക്കുന്നുണ്ട്. അതും യഥാർത്ഥത്തിൽ എന്തെങ്കിലും മാറ്റങ്ങൾക്ക് വിധേയമായി ചെയ്യാൻ കഴിയുമോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഏതെങ്കിലും ഒരുദ്യോഗസ്ഥൻ തന്നിഷ്ടപ്രകാരം അവിടെ കയറി പരിശോധിച്ച് കുഴപ്പങ്ങളുണ്ടാക്കാൻ പാടില്ല എന്ന് പ്രത്യേകമായി ഈ ബില്ലിനകത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അഴിമതി, കൈക്കൂലി വാങ്ങൽ - അവിടെ പോയി നോക്കിയപ്പോൾ കുഴപ്പമുണ്ട് എന്നുപറഞ്ഞ് കൈക്കൂലി വാങ്ങുന്ന ഒരേർപ്പാട് ഇക്കാര്യത്തിലുണ്ട്. അത് ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വച്ചുനോക്കുമ്പോൾ നമ്മുടെ നാട്ടിൽ ഒരുപക്ഷേ കാശുള്ള ഒരാൾ അല്ലെങ്കിൽ പുറത്തുപോയി കാശുണ്ടാക്കിയ ഒരാൾക്ക് മൂന്ന് തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഒരു തടസ്സവുമില്ല. 25 ലക്ഷം രൂപ വരെയുള്ള വ്യവസായങ്ങൾ മൈക്രോ വിഭാഗത്തിലും 5 കോടി രൂപവരെയുള്ള വ്യവസായങ്ങൾ സ്മാൾ വിഭാഗത്തിലും 10 കോടി രൂപ വരെയുള്ള വ്യവസായങ്ങൾ മീഡിയം വിഭാഗത്തിലും തുടങ്ങുന്നതിന് ഒരു തടസ്സവുമില്ല എന്ന് മനസ്സിലാകും. എന്തായിരുന്നാലും കേരളത്തിന്റെ വ്യവസായ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബില്ലായി ഇത് മാറാൻ പോകുകയാണ്. നമ്മുടെ നാട്ടിൽ ചെറുകിട സംരംഭങ്ങൾ തുടങ്ങിയ ആളുകൾ മതിയാക്കിപ്പോകുകയോ അല്ലെങ്കിൽ വല്ലാതെ ബുദ്ധിമുട്ടുകയോ ഒക്കെ ചെയ്ത സാഹചര്യത്തിൽ കേരളത്തിലെ ധാരാളം മാധ്യമങ്ങൾ അതിനെതിരായി നിരന്തരമായ വാർത്തകൾ കൊണ്ടുവരാറുണ്ട്. ഞാൻ ഇപ്പോൾ ഓർക്കുന്നത്, മാതൃഭൂമി ദിനപ്പത്രം ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ലേഖന പരമ്പര തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഈസി ആയില്ല. ഈസ് ഓഫ് ഡൂയിംഗ്' എന്നൊരു ഹെഡ്ഡിംഗ് വച്ചുകൊണ്ട് ഒരു പരമ്പര തന്നെ ഇതിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്. ധാരാളം വ്യവസായികളുടെ പ്രയാസങ്ങളും വേദനകളും മാതൃഭൂമിയുടെ ഈ ലേഖന പരമ്പരയ്ക്കകത്ത് വന്നിട്ടുണ്ട്. അതിനകത്ത് എറണാകുളം സ്വദേശിയായ ആന്റണി ജെയ്സന്റെ കഥ മാതൃഭൂമി പ്രത്യേകിച്ച് പറയുന്നുണ്ട്. ഉപ്പില്ലാതെ സമുദ്രോൽപ്പന്നങ്ങൾ ഉണക്കിയെടുക്കുന്ന ഒരു സ്വന്തം സംരംഭം അയാൾ ഇരുപത്തൊമ്പതാമത്തെ വയസ്സിൽ കണ്ടുപിടിച്ച് അതിനാവശ്യമായിട്ടുള്ള

പ്രവർത്തനങ്ങൾ നടത്തി. അയാൾക്കിപ്പോൾ 44 വയസ്സായി. ഇരുപത്തൊമ്പതാമത്തെ വയസ്സിൽ അയാൾ കണ്ടുപിടിച്ച വ്യവസായ സംരംഭം 44 വയസ്സായിട്ടും തുടങ്ങാൻ സാധിച്ചില്ലെന്നും അതിന്റെ നൂലാമാലകളിൽ കുരുങ്ങിക്കിടക്കുന്നുവെന്നും മാതൃഭൂമി പത്രം പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുമാത്രമാണ് സംരംഭകർ പലപ്പോഴും നിയമപരമായിട്ടുള്ള ഇത്തരം കുരുക്കുകളിൽപ്പെട്ട് കിടക്കുന്നത്. നമുക്ക് ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് വേണം. അതിന് പോയാൽ അവിടെ ആദ്യം പരിശോധിക്കാൻ വരുന്ന ഓവർസിയർ തടസ്സമുണ്ടാക്കും. ഓവർസിയറെ ഏതെങ്കിലും തരത്തിൽ മെരുക്കി എടുത്താൽ എഞ്ചിനീയർ, അതുകഴിഞ്ഞാൽ സെക്ഷൻ ക്ലാർക്ക്, അവസാനം സെക്രട്ടറിയും തടസ്സവാദമുന്നയിക്കും. ഒരു ബിൽഡിംഗ് പെർമിറ്റ് കിട്ടാൻ ഇങ്ങനെ അനന്തമായി നീണ്ടുപോകുകയാണ്. പക്ഷേ അത് മറികടക്കുന്നതിന് ഈ ബില്ലിനകത്ത് വളരെ ശ്രദ്ധയോടെ ഒരു കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. 2000 സ്ക്വയർ ഫീറ്റ് വരെയും 5 നിലകളുള്ളതും 15 മീറ്റർ ഉയരമുള്ളതുമായ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ വ്യവസായം തുടങ്ങുന്നതിന് ഈ മാനദണ്ഡമനുസരിച്ച് ബുദ്ധിമുട്ടില്ല. ഇവിടെ സൂചിപ്പിച്ച ജെയ്സനെപ്പോലുള്ള ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിക്കുമെന്നതാണ് ഏറ്റവും പ്രധാനം. മാതൃഭൂമി ദിനപ്പത്രത്തിൽത്തന്നെ പ്രധാനമായും സൂചിപ്പിച്ചിട്ടുണ്ട്.

ഗുജറാത്ത് സംസ്ഥാനം വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിൽ ഏറ്റവും മുമ്പിലാണ്. കോഴിക്കോടുള്ള ഒരു വ്യാപാര പ്രമുഖൻ ശ്രീ. സി. ഇ. ചാക്കുണ്ണി ഒരു വ്യവസായം ആരംഭിക്കാൻ ഗുജറാത്തിലേയ്ക്ക് പോയ കഥ ഇതിനകത്ത് പറയുന്നുണ്ട്. അവിടെ ചെല്ലുമ്പോൾ 100 കോടി രൂപ വായ്പ 7 ശതമാനം പലിശയ്ക്ക് നൽകാമെന്ന് ഗവൺമെന്റ് തന്നെ പറയുകയാണ്. 18 ഏക്കർ ഭൂമി നൽകാം. വെള്ളവും വൈദ്യുതിയും മറ്റ് സംവിധാനങ്ങളുമെല്ലാം നൽകാം. അങ്ങനെ ഒരു വ്യവസായി മറ്റൊരു സ്റ്റേറ്റിൽ ചെന്നുപെട്ടാൽ അവർക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്ന സംവിധാനം നമ്മുടെ രാജ്യത്തുതന്നെ പല സംസ്ഥാനങ്ങളിലുമുണ്ട്. അതെല്ലാം മുന്നിൽ കണ്ടുകൊണ്ടായിരിക്കും കേരളം വ്യാവസായികമായി ഉയർന്നുവരണമെന്ന് താൽപ്പര്യമുള്ള ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ സഭയിൽ അവതരിപ്പിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. 2016-17 കാലത്ത് വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ 20-ാം റാങ്കായിരുന്ന കേരളത്തിന് ലഭിച്ചിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 'നീതി ആയോഗ്' നമുക്കൊന്നും സ്വാധീനിക്കാൻ

കഴിയുന്ന ഒന്നല്ല. ആ നീതി ആയോഗ് ഒക്ടോബറിൽ പുറത്തിറക്കിയ ഏറ്റവും പുതിയ പട്ടികപ്രകാരം മികച്ച ബിസിനസ്സ് സാഹചര്യമുള്ള സംസ്ഥാനങ്ങളിൽ രണ്ടാമതാണ് കേരളം. ഈ നിലയിലേയ്ക്ക് കഴിഞ്ഞ മൂന്നര വർഷക്കാലംകൊണ്ട് കേരളത്തിന്റെ വ്യാവസായിക രംഗത്തെ മാറ്റിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അങ്ങ് വ്യവസായ വകുപ്പുമന്ത്രിയായതിനുശേഷം പൊതുമേഖലയിലെ മുന്നേറ്റം വളരെ ശക്തമാണ്. ഇവിടെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന നിരവധി വ്യവസായ സംരംഭങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിന് അങ്ങ് പ്രത്യേകശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. 2015-2016 കാലഘട്ടത്തിൽ എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതെങ്കിൽ, ഇപ്പോൾ അത് പതിനാറ് സ്ഥാപനങ്ങളായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ധാരാളം സ്ഥാപനങ്ങളെ പടുകുഴിയിൽനിന്നും നല്ല നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചു. നെയ്യാറ്റിൻകരയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. ഇന്ന് എത്ര വർദ്ധിത വീര്യത്തോടുകൂടിയാണ് അതിന്റെ പ്രവർത്തനം നടക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സ്പീക്കറും അങ്ങുമെല്ലാം ചേർന്ന് 'ഇ-ആട്ടോ' എന്ന സംരംഭത്തിന് തുടക്കം കുറിച്ചതിലൂടെ നമുക്ക് ഇലക്ട്രിക് വാഹനത്തിൽ സഞ്ചരിക്കാനുള്ള സാഹചര്യമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. അങ്ങ് വ്യവസായ വകുപ്പുമന്ത്രിയായി അധികാരത്തിൽ വന്നതിനുശേഷം ആറ്റിങ്ങലിലെ സ്റ്റീൽ ഫാക്ടറിയിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റവും ശ്ലാഘനീയമാണ്. അടഞ്ഞുകിടന്ന ആ സ്റ്റീൽ ഫാക്ടറി നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ 'ഇ-ആട്ടോ' എന്ന സംരംഭത്തിലൂടെ ഇലക്ട്രിക് ആട്ടോറിക്ഷ നിരത്തിലിറക്കി. അത് കണ്ട് ആഫ്രിക്കൻ രാജ്യമായ കെനിയയിൽനിന്ന് അവിടത്തെ മാർക്കറ്റിംഗ് രംഗത്ത് ഏറ്റവും സ്വാധീനമുള്ള ഒരു ഏജൻസി, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് 'ഇ-ആട്ടോറിക്ഷകൾ' അവരുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യാൻ താൽപ്പര്യമുണ്ടെന്ന് അറിയിച്ചുകൊണ്ട് ഒരു സന്ദേശം അയച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കെനിയക്കാരെ ഇക്കാര്യങ്ങൾ കാണാനും പഠിക്കാനും അതിനനുസരിച്ച് കരാറിലേർപ്പെടാനും ഇവിടേയ്ക്ക് ക്ഷണിച്ച്, ഞങ്ങൾക്ക് താൽപ്പര്യമുണ്ടെന്ന കാര്യം അറിയിച്ചിരിക്കുകയാണ്. അങ്ങനെ ഒരവസ്ഥ

വരികയാണെങ്കിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഈ വർഷം ആയിരം ആളുകൾക്കെങ്കിലും ജോലി കൊടുക്കാൻ കഴിയുന്ന ഒരു സ്ഥാപനമായി മാറും.

<u>ശ്രീ. വി. ജോയി</u>: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ സ്ഥാപനം കാടുപിടിച്ച് പൂട്ടിക്കിടന്നപ്പോൾ ഏതെങ്കിലും രൂപത്തിൽ ലേലം ചെയ്ത് വിൽക്കാൻ തീരുമാനിച്ചിരുന്ന സ്ഥാപനമായിരുന്നു. ആ സ്ഥാപനത്തെയാണ് അങ്ങയുടെ വകുപ്പിന്റെ നിരന്തരമായ ഇടപെടൽ കൊണ്ട് ഈ നിലയിലേയ്ക്ക് എത്തിക്കാൻ സാധിച്ചതെന്ന കാര്യം നാം മനസ്സിലാക്കണം. ആട്ടോ കാസ്റ്റ് എന്ന സ്ഥാപനത്തെ സംബന്ധിച്ച്, ഇപ്പോൾ ട്രെയിനിന്റെ ബോഗി നിർമ്മാണത്തിനുള്ള ഒരു ടെണ്ടർ നമുക്ക് ലഭിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യാവസായിക രംഗത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഇത്തരത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുവെന്നത് ഏറ്റവും ശ്രദ്ധേയമാണ്.

അൻപത് ശതമാനം സ്ത്രീകൾക്ക് ജോലി കൊടുക്കാൻ കഴിയുമോ അല്ലെങ്കിൽ അതിന് നിങ്ങൾ തയ്യാറുണ്ടോ എന്നൊക്കെ ഇവിടെ ബഹുമാന്യനായ അംഗം കെ. എൻ. എ. ഖാദർ ഒരു വെല്ലുവിളി ഉയർത്തുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് നിസാൻ കമ്പനി കേരളത്തിലേയ്ക്ക് വന്നത്. ടോറസ്റ്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി, അതുപോലെ എച്ച്. ആർ. ബ്ലോക്ക്, സ്പെയ്സ് ആന്റ് എയ്റോ സെന്റർ, ടെക് മഹീന്ദ്ര തുടങ്ങിയ സ്ഥാപനങ്ങൾ കേരളത്തിലേയ്ക്ക് വന്നതും അതുവഴി കൂടുതൽ ആളുകൾക്ക് ജോലി കിട്ടുന്നതിനുള്ള അവസരമുണ്ടായതുമെല്ലാം ഈ ഗവൺമെന്റിന്റെ നേട്ടമായി കാണേണ്ട കാര്യങ്ങളാണ്. ഇവിടെയുള്ള മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഓരോ വ്യവസായ സ്ഥാപനങ്ങളും നിലനിർത്താൻ കേരളം പ്രത്യേകം ശ്രദ്ധിക്കുന്നു എന്നതാണ്. അങ്ങനെ നിലനിർത്താൻവേണ്ടി ശ്രമിക്കുമ്പോൾ ഓരോന്നും പൂട്ടുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന കാര്യവും ഈ അവസരത്തിൽ കാണാതെ പോകരുത്.

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ബി.എച്ച്.ഇ.എൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ പൂട്ടുന്നതിന് വലിയ പരിശ്രമം നടക്കുന്നുണ്ടെന്നുള്ളത് നാം പ്രത്യേകമായി കാണേണ്ട കാര്യമാണ്. ഇന്നലെ ഒരംഗം സംസാരിച്ചപ്പോൾ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ സൂചിപ്പിച്ചു. പഴയ ഊരാളുങ്കലിനെപ്പോലെയല്ല പുതിയ ഊരാളുങ്കൽ എന്നൊക്കെയാണ് വാർത്ത. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, തിരുവനന്തപുരത്ത് ഏറ്റവും തലയെടുപ്പോടുകൂടി പണിത

'സഹകരണ ഭവൻ' ഊരാളുങ്കൽ സൊസൈറ്റിയാണ് നിർമ്മിച്ചതെന്ന കാര്യം ഈ പറഞ്ഞ അംഗം മനസ്സിലാക്കുന്നില്ല. ഊരാളുങ്കൽ സൊസൈറ്റിക്ക് വർക്ക് കൊടുക്കുന്നതുകൊണ്ട് പണം എ.കെ.ജി. സെന്ററിലേയ്ക്ക് പോകുന്നുവെന്നുള്ള ഒരു ധാരണ ആ അംഗം ഉന്നയിക്കുകയുണ്ടായി. പിന്നീട് അദ്ദേഹം ആ നിലപാട് തിരുത്തി.

ശ്രീ. റ്റി. വി. രാജേഷ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1500 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ച കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

ശ്രീ. വി. ജോയി: സർ, ഊരാളുങ്കൽ സൊസൈറ്റി കഴിഞ്ഞ എത്രയോ ദശാബ്ദങ്ങളായി ഇവിടെ പ്രവൃത്തികൾ ഏറ്റെടുത്ത് വരികയാണ്. അതിന്റെ നല്ല ഉദ്ദേശ്യം മനസ്സിലാക്കിയായിരിക്കും കഴിഞ്ഞ തവണ അങ്ങനെ ചെയ്തത്. അതിന്റെ വിഹിതം ഇന്ദിരാ ഭവനിലേയ്ക്ക് പോകുകയാണോ അതോ വേറെയെവിടേയ്ക്കെങ്കിലും പോകുകയാണോ എന്ന് ആരെങ്കിലും പറഞ്ഞാൽ...., ഞാൻ അങ്ങനെ പറയുന്നില്ല. അത്തരത്തിൽ പറയുന്നത് ഒട്ടും ശരിയായ രീതിയല്ല. വ്യവസായം വരണമെങ്കിൽ നല്ല റോഡുകൾ വരണം, വൈദ്യുതി വേണം, വെള്ളം വേണം. അതെല്ലാം വളരെ ശരിയായ കാര്യങ്ങളാണ്. ഈ ഗവൺമെന്റ് അതിനുവേണ്ടിയുള്ള പരിശ്രമം നടത്തുന്നില്ലേ? 1957-നുശേഷം ഇൻഫ്രാസ്ട്രക്ചറിനു വേണ്ടി ഇത്രയുമധികം പണം ചെലവഴിച്ച ഒരു ഗവൺമെന്റ് കേരളത്തിൽ ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത നാം അംഗീകരിക്കേണ്ടതായിവരും. ഇപ്പോൾ രാഷ്ട്രീയമായി അംഗീകരിക്കാൻ ബുദ്ധിമുട്ടാണെങ്കിലും അത് ഭാവിയിൽ നിങ്ങൾക്ക് അംഗീകരിക്കേണ്ടിവരും. നാഷണൽ ഹൈവേയുടെ കാര്യമായാലും ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന മലയോര/തീരദേശ ഹൈവേയുടെ കാര്യമാണെങ്കിലും ഇതിന്റെയെല്ലാം പ്രവർത്തനം നടക്കുന്നുണ്ടെന്നുള്ളത് നാം മനസ്സിലാക്കേണ്ട കാര്യമാണ്. ഇത് മനസ്സിലാക്കിയിട്ടായിരിക്കാം ഒരു പക്ഷെ ഇങ്ങനെയൊന്നുമില്ല എന്ന രീതിയിൽ സംസാരിക്കുന്നത്. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് ഒന്നും ഞാൻ പോകുന്നില്ല. ഇവിടെ ബഹുമാന്യനായ കെ. എൻ. എ. ഖാദർ സംസാരിച്ചപ്പോൾ മാർക്കുദാനം വരെയുള്ള കാര്യങ്ങളിൽ കൊണ്ടു ചെന്നെത്തിച്ചു. അതിന് നമുക്ക് കൺമുന്നിലുള്ള ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാവിന്റെ പേര് എന്നെക്കൊണ്ട് പറയിപ്പിക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് ആ പേര് പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ആരും ആ കാര്യത്തിൽ വലിയ മിടുക്കരാണെന്നുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ

കൊണ്ടുപോകുന്നത് ഒട്ടും ശരിയല്ലെന്നാണ് പറയാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം മാത്രം, കേരളം എല്ലാറ്റിനും മാതൃകയാണ്. കേരളം അഴിമതി കുറഞ്ഞ സംസ്ഥാനമാണ്; രാജ്യത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്ന ഗവൺമെന്റാണ്; നാട്ടിലെ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഏറ്റവും കൂടുതൽ കരുതലോടുകൂടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ്; സാമൂഹ്യക്ഷേമ രംഗത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഗവൺമെന്റാണ്; അതുകൊണ്ടുതന്നെ കേരളം ഒരു മാതൃകയാണ്. വ്യാവസായിക രംഗത്തും കേരളം മാതൃകയാകാൻ പോകുകയാണ്. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ബഹുമാന്യനായ കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനുമായി ജമ്മു കാശ്മീരിലെ ഒരു പെൺകുട്ടി നടത്തിയ സംവാദം ഇന്ന് വൈറലായി മാറിയിട്ടുണ്ട്. ജമ്മു കാശ്മീരിലെ ആ പെൺകുട്ടി ചോദിച്ചത്, 'ഞങ്ങളുടെ സംസ്ഥാനം എന്നാണ് കേരളം പോലെയാകുക?'. അതിന് ഗവർണർ നൽകിയ മറുപടി' നോക്കൂ ഞാൻ ഇത് പറയുന്നതുകൊണ്ട് വിഷമം തോന്നരുത്, വടക്കേ ഇന്ത്യക്കാർ ഭക്ഷണം, വസ്ത്രം, താമസിക്കുന്ന പ്രദേശങ്ങൾ, ഭാഷ എന്നിവയെല്ലാം മതാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട് തമ്മിൽത്തല്ലിയാണ് കഴിയുന്നത്. എന്നാൽ നിങ്ങൾ കേരളത്തെ നോക്കൂ- ഇവിടെ ഭക്ഷണം ഒന്നാണ്, ഒരേ പ്രദേശത്താണ് അവർ ഇടകലർന്ന് ജീവിക്കുന്നത്, ഒരേ ഭാഷയും ഒരേ വസ്ത്രവുമാണ് അവർക്ക്. നിങ്ങൾ തമ്മിൽ തല്ലുമ്പോൾ അവർ ഒത്തൊരുമയോടെ മുന്നോട്ട് നടക്കുകയാണ്. അതാണ് അവരുടെ വിജയം'. അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചതുപോലെ ഒരുമിച്ച് നിന്ന് നമുക്ക് പോരാടാം. ഒരു പുതിയ കേരളത്തിനുവേണ്ടിയുള്ള വലിയ പരിശ്രമം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുകയാണ്. 'എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകും' എന്ന് പലപ്പോഴും നിങ്ങൾ കളിയാക്കുന്നുണ്ടെങ്കിലും എൽ.ഡി.എഫ്. വന്നു, കാര്യങ്ങൾ ശരിയായി തുടങ്ങി. ആ ശരിയായ നിലയിലാണ് കേരളത്തിലെ വ്യവസായവകുപ്പും പോകുന്നത്. അതിന് ആർജ്ജവമുള്ള മന്ത്രി, അദ്ദേഹം കൃത്യമായി അതുസംബന്ധിച്ച കാര്യങ്ങളിൽ ഇടപെട്ട് നടപ്പിലാക്കുന്നുവെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ മുന്നേറ്റത്തിന് വേണ്ടിയും അത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിൽ കൂടുതൽ ആരംഭിക്കാൻ വേണ്ടിയുമാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ ക്രമസമാധാന നില, സ്ത്രീ സുരക്ഷ,

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, തൊഴിൽ തർക്കങ്ങളിലെ കുറവ് എന്നിവ സംബന്ധിച്ചൊക്കെ അങ്ങിവിടെ പ്രതിപാദിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ പ്രതിസന്ധികൾ മാറിയിട്ടില്ല എന്നതൊരു വാസ്തവം തന്നെയാണ്. ചെറുതും വലുതുമായ പ്രതിസന്ധികൾ ഇന്നും നമ്മൾ നേരിടുന്നുണ്ട്. K-Swift എന്ന ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം സർക്കാർ കൊണ്ടുവന്നിരുന്നു. കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നടപ്പിലാക്കിയിരുന്നു. ഇതൊക്കെ നമ്മൾ നടപ്പിലാക്കുമ്പോഴും ഏറ്റവുമൊടുവിൽ ഈ ബില്ലിനെ കുറിച്ച് ഇവിടെ ചർച്ച ചെയ്യുമ്പോഴും നമ്മുടെ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഈ പുതിയ നിയമത്തെക്കുറിച്ചും സഭ ഇന്ന് ചർച്ച ചെയ്യുന്നത്. സൂക്ഷ്മ-ചെറുകിട-വ്യവസായങ്ങൾ ഒരുപാട് സാധ്യതകളുള്ള മേഖല തന്നെയാണ്. നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ 6 ശതമാനം ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങളിൽനിന്നാണ്. രാജ്യത്തിന്റെ കയറ്റുമതിയിൽ 45 ശതമാനവും ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടാണ്. കേരളത്തെ സംബന്ധിച്ച് ഒട്ടനവധി അനുകൂല ഘടകങ്ങളുണ്ട്. ഇല്ലെന്ന് പറയുന്നില്ല. വ്യാവസായിക സൗഹൃദ പട്ടികയിൽ കേരളം ഇപ്പോഴും 20-ാം സ്ഥാനത്തുതന്നെയാണ് നിൽക്കുന്നത്.

ഇവിടെ അനുകൂലമായ സാഹചര്യങ്ങളുണ്ട്. വാർത്താ വിനിമയ രംഗത്ത് വളരെ മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. നമ്മെ സംബന്ധിച്ചിടത്തോളം മനുഷ്യവിഭവ സമ്പത്തുണ്ട്. ഇത്തരത്തിലുള്ള സംരംഭങ്ങളുടെ മുന്നേറ്റം ഗ്രാമീണ മേഖലയിൽ ഏറെ വികസനങ്ങൾ കൊണ്ടുവരാൻ കഴിയുന്ന ആശയം തന്നെയാണ്. ഇതുപോലുള്ള ഇടത്തര-ചെറുകിട വ്യവസായങ്ങൾ, മൈക്രോ വ്യവസായങ്ങൾ എന്നിവയൊക്കെ വരുന്നത് ഗ്രാമീണ മേഖലയിൽ കൂടുതൽ ഉണർവ് നൽകുന്ന ഒന്നുതന്നെയാണ്. പക്ഷെ അടിസ്ഥാനസൗകര്യ കാര്യങ്ങളിൽ നമ്മളിപ്പോഴും പിന്നിൽത്തന്നെയാണ്. ബഹുമാനപ്പെട്ട വി. ജോയി, എം.എൽ.എ. സംസാരിച്ചപ്പോൾ അടിസ്ഥാനസൗകര്യ വികസനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു എന്ന നിലയിൽ പ്രതിപാദിക്കുകയുണ്ടായി. പക്ഷെ റോഡ് ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യത്തിൽ നമ്മളിപ്പോഴും വളരെ പിന്നിൽ നിൽക്കുന്നൊരു സംസ്ഥാനം തന്നെയാണ്. ഹൈവേയുടെ ഡെവലപ്മെന്റ്, സ്റ്റേറ്റ് ഹൈവേയുടെ ഡെവലപ്മെന്റ് എന്നിവയൊക്കെ പല കാരണങ്ങളാൽ ഇപ്പോഴും മുടന്തി നീങ്ങുന്നു എന്നത് വിസ്മരിക്കാൻ കഴിയുന്ന ഒന്നല്ല. ഇത്തരത്തിലൊക്കെയുള്ള സാഹചര്യങ്ങൾ നിൽക്കുമ്പോഴും പുതിയ ഹൈസ്പീഡ് റെയിൽ കോറിഡോറുകളെ കുറിച്ച് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. സെമി ഹൈസ്പീഡ് ട്രെയിനിനെ കുറിച്ചുള്ള

ചർച്ചകളാണ് നമ്മൾ മുന്നോട്ട് വയ്ക്കുന്നത്. നമ്മുടെ റോഡുകളെ കൂടുതൽ വികസിപ്പിച്ചുകൊണ്ട്, അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ കരുത്തേകുവാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. 66 കോടി രൂപയുടെ നിക്ഷേപം വരുന്നുവെന്നാണ് അറിയാൻ കഴിയുന്നത്. 1,200 ഹെക്ടർ ഭൂമി ഇതിനായി പുതുതായി കണ്ടെത്തേണ്ടതായിട്ടുണ്ട്. ഒരു വലിയ ഇൻവെസ്റ്റ്മെന്റിലേയ്ക്ക് സംസ്ഥാന സർക്കാർ പോകുകയാണ്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള നടപടികൾക്ക് കൂടുതൽ കരുത്ത് പകരാൻ സർക്കാർ ശ്രദ്ധിക്കണം. നിലവിലുള്ള റെയിൽവേ ട്രാക്കുകളെ കൂടുതൽ ശാക്തീകരിച്ചുകൊണ്ട് എക്സ്പ്രസ്സ്, ഗുഡ്സ് ട്രെയിനുകളുടെ ലഭ്യതയിലൂടെ യാത്ര, ചരക്ക് ഗതാഗതങ്ങൾ മെച്ചപ്പെടുത്താൻ കഴിയുമോ എന്നത് ചിന്തിക്കേണ്ടതുണ്ട്. അതിലേയ്ക്ക് കടക്കാതെ വലിയൊരു ഇൻവെസ്റ്റ്മെന്റിലേയ്ക്ക് ഇപ്പോൾ പോകുന്നത് പ്രായോഗികതലത്തിൽ എത്രമാത്രം വരുമെന്നുള്ളത് കണ്ടറിയേണ്ടത് തന്നെയാണ്. വ്യക്തിപരമായി ഞങ്ങളാരും ഇതിനെതിരല്ല. ഇതുപോലുള്ള ആശയങ്ങൾ വരട്ടെ. പക്ഷെ എക്സ്പ്രസ്സ് ഹൈവേയെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ അതുമായി ബന്ധപ്പെട്ട് നേരിട്ട പ്രതിസന്ധികളെയും വിവാദങ്ങളെയും നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ആശയങ്ങൾ മുമ്പോട്ട് വയ്ക്കുമ്പോൾ കേരളത്തിലെ ജനസാന്ദ്രതയും ഇവിടെയുള്ള പൊതുവായ സാമൂഹ്യ പശ്ചാത്തലങ്ങളും കണക്കിലെടുക്കണമെന്നു കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

K-Swift എന്ന ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം വഴി 305 അപേക്ഷകൾ ലഭിച്ചതിൽ 43 എണ്ണത്തിനാണ് ഇപ്പോൾ അനുമതി ലഭിച്ചിരിക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. 14 വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കാൻ കഴിയുന്ന ഒരു സംവിധാനമാണ്. ഫയർ & റെസ്ക്യൂ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ടൗൺ പ്ലാനിംഗ് തുടങ്ങിയ വകുപ്പുകളൊക്കെ ഇതിൽ വരുന്നുണ്ട്. പക്ഷെ K-Swift-ഉം ആയി വകുപ്പുകളെ ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന പരാതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കുമ്പോഴും അങ്ങിവിടെ സംസാരിച്ചതുപോലെ വ്യവസായ അനുകൂല അന്തരീക്ഷം, ക്രമസമാധാനം അടക്കമുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ, ഇത്തരത്തിൽ പ്രധാനപ്പെട്ട ഒരു ബിൽ മുന്നോട്ട് വയ്ക്കുമ്പോഴും ആന്തൂരിലെ സാജനെ നമുക്ക് മറക്കാൻ കഴിയില്ല. സുഗതൻ എന്ന വ്യവസായിയുടെ ദാരുണമായ ആത്മഹത്യ വിസ്മരിക്കാൻ കഴിയില്ല. ഞാൻ രാഷ്ട്രീയം പറയാൻ ആഗ്രഹിക്കുകയല്ല. പക്ഷെ ഇതെല്ലാം വാസ്തവമാണ്. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ഈ സഭയിൽ നമ്മൾ ഒരുപാട് ചർച്ച ചെയ്തതാണ്. വീണ്ടും അവ ആവർത്തിക്കേണ്ട ആവശ്യമില്ല. പക്ഷെ ഒരു റാമ്പിന്റെ വിസ്തീർണ്ണത്തെ സംബന്ധിച്ച് വന്ന തർക്കത്തിന്റെ പേരിൽ കെട്ടിടത്തിന് നമ്പരും

ലൈസൻസും കൊടുക്കാതെ ആ വ്യവസായിയെ ശ്വാസം മുട്ടിപ്പിച്ചപ്പോൾ അവസാനം ആ മനുഷ്യൻ ആത്മഹത്യ ചെയ്യേണ്ടി വന്നു എന്നുപറയുമ്പോൾ കേരളത്തിൽ എത്രമാത്രം വ്യവസായ അനുകൂല സമീപനമാണ് ഉള്ളതെന്ന് അങ്ങ് എത്ര വാചാലനായാലും ഇത് നമ്മുടെ മുന്നിൽ ഒരു കറുത്ത അദ്ധ്യായമായി നിൽക്കുകയാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുഗതന്റെ വിഷയവും വ്യത്യസ്തമല്ല. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാൻ പാടില്ല. ശക്തമായ ഒരു പൊതുജനാഭിപ്രായം അക്കാര്യത്തിലുണ്ടെങ്കിൽ അതിനനുസരിച്ച് രാഷ്ട്രീയ തീരുമാനമെടുത്ത് മുമ്പോട്ട് പോകാൻ നമുക്ക് കഴിയണമെന്നാണ് ഞാൻ സൂചിപ്പിച്ചത്.

വ്യവസായ പാർക്കുകളുടെ പൊതുവായ അവസ്ഥയെക്കുറിച്ച് അങ്ങേയ്ക്കറിയാം. കിൻഫ്ര നൽകുന്ന തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് പുറത്ത് ഭൂമി ലഭ്യമായിട്ടുള്ള പല സ്ഥലങ്ങളുമുണ്ട്. കിൻഫ്രയുടെ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നിയമ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഒന്നുമറിയാതെ അവിടെ ഭൂമി വാങ്ങിയ വ്യവസായികൾ അതിലേയ്ക്ക് വലിച്ചിഴക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതൊക്കെയുണ്ടാക്കുന്ന പ്രയാസങ്ങൾ ചെറുതല്ല. ഒരു നിക്ഷേപകനെ സംബന്ധിച്ച് അദ്ദേഹത്തിന് അനുകൂലമായ ഘടകങ്ങൾ ഉണ്ടാകണ്ടേ? തമിഴ്നാട്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളൊക്കെ ഇവിടെ വ്യവസായങ്ങൾ നടത്താൻ കഴിയാതെ പോകുകയാണ്. കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്നു. അവർക്ക് കൂടുതൽ ഭൂമിയും സൗകര്യങ്ങളും നൽകുന്നു. ഇതുമായി ബന്ധപ്പെട്ട് രാജ്യത്ത് രാജസ്ഥാനിലാണ് ഇതുപോലെ ഒരു നിയമനിർമ്മാണം കാണാൻ കഴിഞ്ഞത്.

കെ.എസ്.ഐ.ഡി.സി. ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണല്ലോ? ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അങ്ങ് പരിശോധിക്കേണ്ടതായിട്ടുണ്ട്. എത്രമാത്രം സജീവമായ ഒരു ഇടപെടൽ കെ.എസ്.ഐ.ഡി.സി.-യുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുവെന്നത് പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം വേറെ ഉണ്ടാകുമെന്ന് കരുതുന്നില്ല. ഞാൻ ഇത് പറയാൻ രണ്ടു മൂന്ന് കാരണങ്ങളുണ്ട്. ഒന്ന്, ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനെക്കുറിച്ച് അങ്ങേയ്ക്കും അങ്ങയുടെ മുൻഗാമിയായ ശ്രീ. എ. സി. മൊയ്തീനും അറിവുള്ള കാര്യമാണ്. സാധാരണ ഒരു സ്ഥലത്ത് ഒരു പ്രോജക്ട് കൊണ്ടുവരാനുണ്ടാകുന്ന തടസ്സം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ്. കിൻഫ്രയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതുമായുള്ള പ്രശ്നങ്ങളാണ് ഏറ്റവും കൂടുതൽ നിയമ യുദ്ധങ്ങളിലേയ്ക്ക് പോകുന്നത്. ഭൂമി വിട്ടുതരാനോ അല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടോ യാതൊരു തടസ്സവും അവിടെയുള്ള ഭൂ ഉടമകൾക്കില്ല. കേരളം പോലുള്ള ഒരു സംസ്ഥാനത്ത്

അത് അനുകൂലമായ ഘടകമാണ്. അത് ഇതുവരെ പൂർണ്ണമായും ഏറ്റെടുക്കാൻ ഗവണ്മെന്റിനോ കെ.എസ്.ഐ.ഡി.സി.ക്കോ കഴിയുന്നില്ല. ഇത് 2006-ൽ മുൻപോട്ട് വച്ച ഒരാശയമാണ്. 2006-ൽ കൊണ്ടുവന്ന ആശയം ഇന്ന് 2019-ൽ എത്തിനിൽക്കുമ്പോഴും പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. 42 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ളതാണ്. ആ ലഭ്യമായ തുകപോലും വിനിയോഗിക്കാൻ കഴിയുന്നില്ലെന്നുണ്ടെങ്കിൽ പിന്നെ എന്ത് വ്യവസായത്തെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്? 2018-ലെ ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് സ്പീച്ച് പരിശോധിച്ചാൽ അതിൽ കെ.എസ്.ഐ.ഡി.സി. ഇലക്ട്രോണിക് പാർക്കിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന്റെ നിർമ്മാണം വളരെ വേഗതയിൽ പോകുന്നുവെന്നാണ് പരാമർശിക്കുന്നത്. ഭൂമി പോലും ഏറ്റെടുക്കാത്ത ഒരു കാര്യത്തെക്കുറിച്ച് കെ.എസ്.ഐ.ഡി.സി. കൊടുത്തിരിക്കുന്ന റിപ്പോർട്ട് വളരെ വേഗത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നാണ്. ഇപ്പോൾ നിങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടിലും അതിനെക്കുറിച്ച് പരാമർശമുണ്ട്. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ വിരുദ്ധമായിട്ടാണ് പ്രോഗ്രസ്സ് റിപ്പോർട്ടിലുള്ളത്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനാവശ്യമായ സ്ഥലമെടുപ്പുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അത് വേഗതയിലാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ പോകുന്നു. പരസ്പര വിരുദ്ധമായ മറുപടികൾ വിവിധ വകുപ്പുകളിലേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യിൽ നിന്ന് വരികയാണ്. ഇതിന്റെ അനന്തമായ സാധ്യതകളെക്കുറിച്ച് നമ്മൾ ചിന്തിക്കണം. 5000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭിക്കുന്ന ഒരു പദ്ധതിയാണ്. അത് ഡെവലപ് ചെയ്തെടുക്കാനുള്ള സാഹചര്യങ്ങളുണ്ട്. അത് വെറ്റ് ലാന്റാണെന്ന നിലയിലുള്ള ആക്ഷേപങ്ങൾ, അല്ലെങ്കിൽ ഇത് വരരുതെന്ന് ആഗ്രഹിക്കുന്ന ചില നിക്ഷിപ്ത താൽപ്പര്യക്കാർ മുമ്പോട്ട് വരുന്നുണ്ട്. അങ്ങ് ഒരുപാട് വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. എത്രയോ രാജ്യങ്ങളിൽ പ്രകൃതി സൗഹാർദ്ദപരമായി ഇതുപോലുള്ള പാർക്കുകൾ ഡെവലപ് ചെയ്തിട്ടുണ്ട്. നെതർലാൻഡിനെയാണല്ലോ നമ്മൾ ഏറ്റവും കൂടുതൽ മാതൃകയാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ പ്രളയ പുനർനിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച് ചർച്ച ചെയ്യാനും അതിനെക്കുറിച്ച് പഠിക്കാനും നെതർലാൻഡ്സിൽ പോയി. വാട്ടർബോഡീസും അതുപോലുള്ള ലാൻഡുകളും വളരെ ഭംഗിയായി നിലനിർത്തിക്കൊണ്ട് പ്രകൃതിക്കിണങ്ങുന്ന നിലയിൽ വ്യവസായ പാർക്കുകൾ ഉയർന്നുവന്നിരിക്കുന്നത് നമുക്കവിടെ കാണാൻ കഴിയും. ലോകത്ത് അത്തരത്തിലുള്ള നിരവധി പാർക്കുകൾ നമ്മുടെ മുന്നിലുണ്ട്. ഇതുപോലുള്ള ഒരു സ്ഥലത്ത്, ഇത്രമാത്രം അനുകൂല ഘടകങ്ങളുള്ള ഒരു സ്ഥലത്ത്, ബോധപൂർവ്വം ആ പദ്ധതിയെ ഉറക്കം വച്ചുകൊണ്ട് അതിനാവശ്യമായ ഭൂമിപോലും ഏറ്റെടുക്കാതെ, ആ

പദ്ധതിതന്നെ ടേക്ക്ഓഫ് ചെയ്യാൻ സാധിപ്പിക്കാത്ത നിലയിലേയ്ക്ക് കൊണ്ടുപോകുക എന്ന് പറയുന്നത് തീർച്ചയായും അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല. അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് ഗവൺമെന്റിന്റെ സജീവമായ ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമുക്ക് ഇതുപോലുള്ള പ്രോജക്ടുകൾ അനിവാര്യമാണ്. ഈ പ്രോജക്ടുകളൊക്കെ ഏറ്റെടുത്ത് മുമ്പോട്ട് കൊണ്ടുപോകാനും അത് യാഥാർത്ഥ്യമാക്കാനുമുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനങ്ങൾ പ്രതിഷേധാർഹമാണ്. അത്തരത്തിലുള്ള കാര്യങ്ങളിലൊക്കെ തീർച്ചയായും ഒരു കൂട്ടായ ചെറുത്തുനിൽപ്പ് വേണം. ആർ.സി.ഇ.പി. കരാറിനെക്കുറിച്ച് നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തു. സഭയുടെ പൊതുവായ വികാരവും കേരളം പോലുള്ള സംസ്ഥാനങ്ങളുടെ പ്രതിഷേധവുമൊക്കെ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് അതിൽ നിന്നും പിൻവാങ്ങാൻ തയ്യാറായി. ബി.പി.സി.എൽ.-ന്റെ ഓഹരി വിൽക്കാനുള്ള സമീപനങ്ങൾ കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്വത്തുക്കളെല്ലാം സ്വകാര്യ വ്യക്തികളിലേയ്ക്ക് കേന്ദ്രീകരിക്കാനുള്ള നടപടി രാജ്യത്തിന്റെ ഭാവിയെത്തന്നെ ബാധിക്കുന്നതാണെന്നുള്ള കാര്യത്തിൽ സംശയമില്ല. കൂട്ടായ ചെറുത്ത് നിൽപ്പിലൂടെ ഇതിനെ അതിജീവിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങളിലൊന്ന് വൈദ്യുതി നിരക്ക് വർദ്ധനവാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആവശ്യമായ ഇടപെടൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. വൈദ്യുതി നിരക്ക് വർദ്ധനവ് ചെറുകിട സംരംഭകർക്ക് അധിക ബാധ്യത ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുകാരണം 300 കോടി രൂപയുടെ അധിക ബാധ്യത ഈ മേഖലയിൽ ഉണ്ടായി എന്ന് പറയുമ്പോൾ അതിന്റെ വ്യാപ്തി വളരെ വലുതാണ്. സാധാരണക്കാരനായ ഒരു സംരംഭകന് മുന്നോട്ട് പോകാൻ കഴിയില്ല. അവൻ കിതച്ചുപോകും, അവന് നീങ്ങാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകും. വ്യവസായങ്ങൾ എന്തുകൊണ്ട് നിന്നുപോകുന്നു, എന്തുകൊണ്ട് പൂട്ടിപ്പോകുന്നുവെന്ന് ചിന്തിക്കുമ്പോൾ ഇതുപോലുള്ള പല കാര്യങ്ങൾ നമ്മുടെ മുന്നിലേയ്ക്ക് വരികയാണ്.

ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുമെന്ന് ഈ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. മൂന്നര വർഷം കഴിഞ്ഞു. ഒരൊറ്റ ഇൻകുബേഷൻ സെന്റർപോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലുള്ള ഒരു ഇൻകുബേഷൻ സെന്ററാണ് അരക്കുന്നം അഗ്രോ

സെന്റർ. വ്യവസായികൾക്ക് ട്രെയിനിംഗ് കൊടുക്കാനും അതുമായി ബന്ധപ്പെട്ട് ഫുഡ് പ്രോസസ്സിംഗ് സെന്ററിന്റെ അടിസ്ഥാനപരമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനും അവരുടെ പ്രോഡക്ട് വിപണിയിൽ എത്തിക്കാനു മൊക്കെയുള്ള സാഹചര്യങ്ങൾ അവിടെയുണ്ട്. ഒരു സംരംഭകൻ അയാൾ ആഗ്രഹിക്കുന്ന രീതിയിൽ പദ്ധതി മുമ്പോട്ട് കൊണ്ടുപോകാൻ കഴിയുമോ? അതിനെക്കുറിച്ച് പഠിക്കാനും അത് മനസ്സിലാക്കാനുമുള്ള വേദി അവിടെ ഒരുക്കപ്പെടുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇൻകുബേഷൻ സെന്റർ ക്രിയാത്മകമായ ഒരു നിർദ്ദേശമാണ്. ഈ സെന്ററിൽ വന്ന് പഠനം നടത്തിയിട്ടാണ് റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് നൽകിയത്. ആ റിപ്പോർട്ടിന്റെയും പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിലാണ് ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടായത്. പക്ഷെ മൂന്നരവർഷം കഴിഞ്ഞിട്ടും അത് വരുന്നില്ലെന്ന് പറയുമ്പോൾ സംരംഭങ്ങൾക്കുള്ള താൽപ്പര്യക്കുറവെന്ന് മാത്രമേ വിശേഷിപ്പിക്കാൻ കഴിയുകയുള്ളൂ. ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള ഫോളോഅപ്പ് നടപടികൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്, വ്യവസായ വകുപ്പിന്റെ തന്നെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി 2017-ൽ നിങ്ങൾ ഒരു ഓർഡർ ഇറക്കിയിരുന്നു. 116/2017 എന്ന നമ്പരിൽ നാനോ ഹൗസ് ഹോൾഡ് ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട ഒരുത്തരവ്. ഇതുപ്രകാരം 5 ലക്ഷത്തിൽ താഴെ മുതൽമുടക്കുള്ള ഗ്രീൻ ആന്റ് വൈറ്റ് കാറ്റഗറിയിൽ വരുന്ന സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിക്കും. എത്ര സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുണ്ടെന്ന കണക്ക് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ പഞ്ചായത്ത് ലൈസൻസ് വേണ്ട. ഇതിന്റെ പേരിൽ ആൾക്കാരെ നട്ടം തിരിക്കുന്ന സാഹചര്യമുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ ഹൗസ് ഹോൾഡ് താരിഫ് മതി. പക്ഷെ ആ താരിഫ് അംഗീകരിച്ചുകൊടുക്കാൻ കെ.എസ്.ഇ.ബി.എൽ. തയ്യാറാകുന്നില്ല. ഉത്തരവിൽ ഹൗസ് ഹോൾഡ് താരിഫ് മതിയാകില്ല കൊമേഴ്സ്യൽ താരിഫ് അതിലേയ്ക്ക് കൊണ്ടുവരുന്ന എന്നാണ് പറയുന്നത്. വ്യവസായ വകുപ്പുതന്നെ പ്രോൽസാഹിപ്പിക്കുന്നതിനുപകരം ആക്ഷേപം മുമ്പോട്ട് വയ്ക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകൾ, തദ്ദേശസ്വയംഭരണ വകുപ്പാകട്ടെ കെ.എസ്.ഇ.ബി.എൽ. ആകട്ടെ മറ്റു ഡിപ്പാർട്ടുമെന്റുകൾ ഗവൺമെന്റിന്റെ ഒരു ഉത്തരവിനെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നില്ലെന്നു വേണം മനസ്സിലാക്കാൻ. ഉദാഹരണത്തിന് ഒരു പൊടിമിൽ തുടങ്ങണമെങ്കിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്ന് അനുമതി വാങ്ങണം. എട്ടൊൻപതു മാസങ്ങൾ കഴിയാതെ ആരംഭിക്കാൻ കഴിയുന്ന സാഹചര്യങ്ങളുണ്ടോ? ഈസ് ഓഫ് ഡൂയിംഗ്

ബിസിനസ്സിനെക്കുറിച്ച് ചിന്തിക്കുമ്പോഴും സംസാരിക്കുമ്പോഴും ഇത്തരത്തിലുള്ള യാഥാർത്ഥ്യങ്ങൾ നമ്മുടെ മുൻപിൽ നിൽക്കുകയാണ്. വായ്പകളുടെ അവസ്ഥയെന്താണ്? പദ്ധതികൾ ധാരാളമുണ്ട്. പി.എം.ഇ.ജി.പി.,(Prime Minister's Employment Generation Programme) മുദ്രാലോൺ ഇതൊക്കെ ഏറ്റവും പ്രധാനപ്പെട്ട ചെറുകിട സംരംഭകരെ സഹായിക്കാൻ കഴിയുന്ന പദ്ധതികളാണ്. പി.എം.ഇ.ജി.പി. പദ്ധതിയുമായി ബന്ധപ്പെട്ട് എനിക്ക് സംസാരിക്കാൻ ഇടവന്നപ്പോൾ അറിയാൻ കഴിഞ്ഞ കാര്യം, ഒരു വർഷം വരെയാണ് ലോൺ ലഭിക്കാനുള്ള സമയം. ഇന്റർവ്യൂ ഉണ്ട്, ഇന്റർവ്യൂ കഴിഞ്ഞാൽ ഇത് സംബന്ധിച്ച് അവർക്ക് ഓറിയന്റേഷൻ പ്രോഗ്രാം ഉണ്ട്. അവർക്ക് ഇതിന്റെ അംഗീകാരം കൊടുക്കുന്നു. അതുകഴിഞ്ഞ് പ്രോജക്ട് റിപ്പോർട്ടനുസരിച്ച് ബാങ്കിലേയ്ക്ക് വായ്പയ്ക്കായി വിടുകയാണ്. ബാങ്കുകാർ പിന്നെ തട്ടിക്കളിക്കുകയാണ്. മുദ്രാലോണിന്റെ അവസ്ഥയെന്താണ്? എനിക്കുണ്ടായ സമാനമായ അനുഭവം മറ്റ് സഹപ്രവർത്തകരായ സാമാജികർക്കുമുണ്ടാകുമെന്ന് കരുതുകയാണ്. ഒരു പക്ഷെ എം.എൽ.എ.-മാർ ഏറ്റവും കൂടുതൽ ബാങ്കുകളിലേയ്ക്ക് വിളിക്കുന്നത് വിദ്യാഭ്യാസ ലോണിനുവേണ്ടിയായിരിക്കും. എങ്ങനെ വിദ്യാഭ്യാസ ലോണുകൾ കൊടുക്കാതിരിക്കാമെന്നതിൽ പല ബാങ്കുകളും ഗവേഷണം നടത്തുകയാണ് . നിസ്സാരമായ കാര്യങ്ങൾ പറഞ്ഞ് ലോൺ കൊടുക്കാതിരിക്കാൻ ശ്രമിക്കുകയാണ്. എം.എൽ.എ. വിളിച്ചുപറഞ്ഞാൽ, അല്ലെങ്കിൽ മന്ത്രി വിളിച്ചുപറഞ്ഞാൽ മാത്രമാണ് ലോൺ ലഭിക്കുകയെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. എത്രയോ വിദ്യാർത്ഥികളുടെ ഭാവി ഇതുമായി ബന്ധപ്പെട്ട് അനിശ്ചിതത്വത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിൽ വിജയാ ബാങ്ക്, ഇപ്പോൾ ബാങ്ക് ഓഫ് ബറോഡയാണ്. ഇപ്പോൾ ആ ബാങ്കിൽ നിന്നും ഒരു കാരണവശാലും ലോൺ കിട്ടില്ല. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ പറഞ്ഞു വന്നത്, വായ്പകൾ കൊടുക്കുന്ന കാര്യത്തിൽ ബാങ്കുകൾ സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ചാണ്. മുദ്രാലോൺ ഇതുപോലെയുള്ള സംരംഭകർക്ക് ലഭിക്കേണ്ടതാണ്. പക്ഷെ പുതിയ സംരംഭകരെയൊന്നും അവർക്ക് ആവശ്യമില്ല. അവർക്ക് എക്സ്പീരിയൻസുള്ള ആൾക്കാരാണെങ്കിൽ, സംരംഭകനാണെങ്കിൽ ലോൺ കൊടുക്കാൻ സന്തോഷം. ഇത്തരത്തിലുള്ള വായ്പകൾ പുതിയ സംരംഭകർക്കാണല്ലോ ആവശ്യം. മുദ്രാലോണിനായി ചെല്ലുമ്പോഴും ഇതേ അവസ്ഥയാണ്. ഇതൊക്കെ ഗവൺമെന്റ് ഇടപെടേണ്ട മേഖലകളാണ്. വായ്പകൾ എളുപ്പത്തിൽ കിട്ടാൻ, മറ്റു നൂലാമാലകളിൽപ്പെടാതെ അവർക്ക് വായ്പ ലഭിക്കാനുള്ള നടപടികൾ ഉണ്ടാകണം. നമ്മൾ ഒരുപാട് എക്സിബിഷനും എക്സ്പോകളും നടത്താറുണ്ട്. കൃഷി വകുപ്പിന്റെ 'വൈഗ' അന്താരാഷ്ട്ര ശിൽപ്പശാല നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ധാരാളം യുവ സംരംഭകർ വരുന്നുണ്ട്. പിന്നീട് സംഭവിക്കുന്നത് അവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്ത് മുൻപോട്ട് പോകാൻ കഴിയാത്ത

അവസ്ഥയാണുണ്ടാകുന്നത്. പല ഘടകങ്ങൾ ഉണ്ടാകാം, അവരുടെ എക്സ്പീരിയൻസിന്റെ പ്രശ്നമാകാം, അവർക്ക് പൂർണ്ണമായും അവതരിപ്പിച്ച് കാണിക്കാൻ കഴിയാതെ പോകുന്ന സാഹചര്യമുണ്ടാകാം. ഇതൊക്കെ ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിഷയങ്ങളാണ്. യുവ സംരംഭകരെ പ്രോൽസാഹിപ്പിക്കാൻ നമ്മൾ ധാരാളം എക്സിബിഷനുകളും ട്രേഡ് ഫെയറുകളും നടത്താറുണ്ട്. അത് വിജയിക്കണമെന്നുണ്ടെങ്കിൽ ഇതിനുവേണ്ടിയുള്ള പ്രൊമോഷൻ സെൽ അല്ലെങ്കിൽ ഇവരെ സഹായിക്കാൻ കഴിയുന്ന നിലയിലുള്ള പദ്ധതികൾ ഈ എക്സിബിഷനുമായി, ട്രേഡ് ഫെയേഴ്സുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയണം. വ്യാവസായിക ക്ലസ്റ്റർ വികസനം ഇതിന്റെയൊരു ഭാഗമാണ്. വിവിധ യൂണിറ്റുകളുടെ വികസനത്തിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇത്തരത്തിലുള്ള ചെറുകിട സംരംഭകരുടെ ക്ലസ്റ്റർ രൂപീകരിച്ച്, സാങ്കേതിക വിദ്യയുടെ സ്വാംശീകരണമടക്കമുള്ള കാര്യങ്ങളുമായി മുമ്പോട്ട് പോകുക എന്നതാണ്. അത്തരത്തിലുള്ള കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉണ്ടാകണമെന്ന് പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

2.00 P.M.]

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സുഗമമാക്കുന്നതിനുവേണ്ടിയുള്ള ബിൽ ഈ മേഖലയിൽ നിൽക്കുന്നവർക്ക് ചെറിയ തോതിലെങ്കിലും സഹായകരമാകും. ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഈ നാട്ടിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആന്തൂരിലെ സാജന്റെ കഥ അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തകർത്തെറിഞ്ഞത് നോട്ട് നിരോധനവും ജി.എസ്.ടി.യുമാണെന്നതിൽ ആർക്കും തർക്കമില്ല. ഇതുരണ്ടും ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് ചെറുകിട കച്ചവടക്കാരെയാണ്. ഇന്ത്യൻ സമ്പദ്ഘടനയുടെ നട്ടെല്ലായ ചെറുകിട വ്യവസായം തകർച്ചയിലാണെന്ന് ആർ.ബി.ഐ. റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. നരേന്ദ്ര മോദി ഗവൺമെന്റിന്റെ തെറ്റായ നയങ്ങളാണ് ഈ ദുരവസ്ഥയിലേയ്ക്ക് രാജ്യത്തെ നയിച്ചിട്ടുള്ളതെന്ന് നമുക്കറിയാം. അപ്രതീക്ഷിതമായുണ്ടായ പ്രളയംമൂലം ചെറുകിട വ്യവസായങ്ങളെല്ലാം തീർത്തും അവസാനിക്കുന്ന അവസ്ഥയായി. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ നിരവധി പ്ലൈവുഡ് വ്യവസായങ്ങളുണ്ട്. ആ പ്ലൈവുഡ് വ്യവസായങ്ങളെല്ലാം പ്രളയംമൂലം നശിച്ചുപോയി. കോടാനുകോടി രൂപ നഷ്ടത്തിലാകുന്ന അവസ്ഥയുണ്ടായി. അതുപോലെ അരി വ്യവസായവും ചെറുകിട വ്യവസായങ്ങളുമെല്ലാംതന്നെ പ്രളയംമൂലം നശിച്ച് നഷ്ടത്തിലാകുന്ന അവസ്ഥയുണ്ടായി. പ്രളയംമൂലം സാധനങ്ങളെല്ലാം നഷ്ടപ്പെട്ടിട്ടും അവരിൽനിന്നും

നഷ്ടപ്പെട്ട സാധനങ്ങൾക്കുവരെ ജി.എസ്.ടി. ചുമത്തി കരം പിടിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതും നോട്ടീസ് നൽകുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ? ചെറുകിട കച്ചവടക്കാർക്ക് ആനുകൂല്യങ്ങൾ സർക്കാർ നൽകുമെന്ന് പറയുമ്പോൾ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് നൽകുന്ന രീതിയിലുള്ള സഹകരണം പ്രളയംമൂലം നാശനഷ്ടം സംഭവിച്ചവർക്കും ലഭ്യമാക്കണമെന്ന കാര്യംകൂടി അങ്ങ് ഇവിടെ സൂചിപ്പിക്കില്ലേ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. പ്രളയ സെസിൽനിന്നും പ്രളയ മേഖലകളെ ഒഴിവാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഗവൺമെന്റ് അത് ചെയ്തില്ല. പ്രളയസെസ് എല്ലാ പ്രളയബാധിത മേഖലകളിലും ഇപ്പോഴും നിലനിൽക്കുകയാണ്. കഴിഞ്ഞ പ്രളയം 4992 ചെറുകിട വ്യവസായ സ്ഥാപനങ്ങളെ ബാധിക്കുകയും അതുമൂലം 1355 കോടി രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുമുണ്ട്. വെള്ളം കയറി കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായ അനവധി വ്യാപാര സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അവരുടെ സ്ഥാപനങ്ങൾ/ബിസിനസ് തിരിച്ചുകൊണ്ടുവരാനുള്ള ലോണുകൾ പ്രഖ്യാപിച്ചെങ്കിലും ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ അത് പ്രാപ്യമല്ല. വായ്പകൾ ഇപ്പോഴും ലഭിക്കാത്ത സാഹചര്യമുണ്ട്. ചെറുകിട വ്യവസായികളും വ്യാപാരികളുമൊക്കെ പ്രളയത്തിനുശേഷം ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് ഇപ്പോൾ നീങ്ങുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രളയാനന്തരം കേരളത്തിലെ വ്യാപാരികളും വ്യവസായികളും ചെറുകിട സംരംഭങ്ങളുമെല്ലാം അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും പ്രയാസങ്ങളെക്കുറിച്ചും അതിന്റെ മീതെ കുനിന്മേൽ കുരു എന്നപോലെ ഈ സർക്കാർ ചുമത്തിയ പ്രളയ സെസിനെക്കുറിച്ചുമാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പ്രളയ സെസ് ഒരു ശതമാനം മാത്രമാണ്. എന്നാൽ പ്രളയ സെസ് 10% ഈടാക്കണമെന്നുള്ള റിക്വസ്റ്റാണ് സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിൽ മുമ്പാകെ വച്ചതെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, തീർച്ചയായും, ഏറ്റവും വലിയൊരു വഞ്ചനയായി അതിനെ കണക്കാക്കേണ്ടിവരും. ജനങ്ങളോട് പ്രതിബദ്ധതയില്ല എന്നതിന്റെ തെളിവാണത്. പ്രളയ സെസിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. പത്തുശതമാനം ജി.എസ്.ടി. ചുമത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതുപോലുള്ള സംരംഭങ്ങളെയും സ്ഥാപനങ്ങളെയും വീണ്ടും കിതപ്പിലാക്കുന്ന നിലയിലേയ്ക്ക് മാറ്റിക്കൊണ്ടുപോകുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സാധാരണയായി കേന്ദ്രഗവൺമെന്റിന് 28% വരെ ജി.എസ്.ടി. ചുമത്താം. ഇതിന്റെ അളവ് പരമാവധി കുറച്ചുകൊണ്ടുവരാനായി എത്രമാത്രം നികുതി കുറയ്ക്കാൻ സാധിക്കുമോ അത്രമാത്രം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഇടപെടലാണ് കേരളം ജി.എസ്.ടി. കൗൺസിലിൽ നടത്തിയിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ജി.എസ്.ടി. കൗൺസിലിൽ ടാക്സിന്റെ സീലിംഗിനെക്കുറിച്ച് സംസാരിച്ചപ്പോൾ ദേശീയതലത്തിലും സംസ്ഥാന തലത്തിലും കോൺഗ്രസും യു.ഡി.എഫ്-ഉം ഈ നിയമസഭയിലടക്കം എടുത്തിരിക്കുന്ന തീരുമാനം 18% സ്റ്റാൻഡേർഡ് റേറ്റായി വയ്ക്കണമെന്നതാണ്. എന്നാൽ 28% highest sealing വയ്ക്കണമെന്ന അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അരുൺ ജെയ്റ്റ്ലിയുടെ നിർദ്ദേശത്തിന് പൂർണ്ണ പിന്തുണയാണ് നിങ്ങളല്ലെങ്കിലും സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി നൽകിയതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഇത്തരത്തിൽ ജി.എസ്.ടി. അടക്കമുള്ള കാര്യങ്ങളുമായി മുമ്പോട്ടുപോകുമ്പോൾ, ഈ മേഖലയിലെ സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും വ്യവസായികൾക്കും പ്രായോഗികമായി മുമ്പോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ ചർച്ചയ്ക്കു വിധേയമാക്കുമ്പോൾ, ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ മുമ്പോട്ടുകൊണ്ടുപോകാനോ, പ്രോത്സാഹിപ്പിക്കാനോ അല്ല മറിച്ച്, അതിനെ കൂടുതൽ പിന്നോട്ടടിപ്പിക്കുന്ന, നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങളും സമീപനങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ ബില്ലിൽ നോഡൽ ഏജൻസിയായി വച്ചിരിക്കുന്നത് ജില്ലാ ബോർഡിനെയാണ്. അത് പരിശോധിച്ചുകഴിഞ്ഞാൽ സ്വയംസാക്ഷ്യപത്രം സമർപ്പിക്കേണ്ടത് നോഡൽ ഏജൻസിയിലാണ്; കൈപ്പറ്റ് സാക്ഷ്യപത്രം നൽകേണ്ടതും നോഡൽ ഏജൻസിയാണ്. കൂടാതെ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്കെതിരെ ആവശ്യമെങ്കിൽ ശിക്ഷാ നടപടികളടക്കമെടുക്കേണ്ടതും നോഡൽ ഏജൻസിതന്നെയാണ്. ഇതൊരു ജില്ലാ ബോർഡാണ്. അതിൽ പൂർണ്ണമായും ഉദ്യോഗസ്ഥരാണെന്നത് അങ്ങേയ്ക്ക് ശ്രദ്ധിച്ചുകഴിഞ്ഞാൽ മനസ്സിലാക്കാൻ സാധിക്കും. കളക്ടർ ആണ് അതിൽ ഒരംഗം. ബാക്കി വരുന്ന എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥരാണ്. ഈ ബിൽ അതിന്റെ പൂർണ്ണതയിൽ/പൂർണ്ണ അർത്ഥത്തിൽ മുമ്പോട്ടു പോകണമെന്നുണ്ടെങ്കിൽ ഇതുപോലുള്ള സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും കൂടുതൽ മനസ്സിലാക്കാൻ കഴിയുന്ന, സംരംഭകരെ കൂടുതൽ

ഉൾക്കൊള്ളാൻ കഴിയുന്ന ഒരു അതോറിറ്റി ആയിരിക്കണം. ഇതിനുവേണ്ടി ഒരു പ്രത്യേക ബോർഡ് രൂപീകരിക്കുന്നതിൽ തെറ്റില്ല. സംരംഭകരുടെ പ്രതിനിധികളെക്കൂടി ബോർഡിൽ ഉൾപ്പെടുത്തിക്കൊണ്ട് പേകുകയെന്നത് തീർച്ചയായും അനിവാര്യമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒപ്പംതന്നെ 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നില്ല. " എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലോ (2008-ലെ 28) അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന് കൈപ്പറ്റു സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതും, ....." എന്നിങ്ങനെ ഇതിൽ പറയുന്നു. 2018-ൽ ഇതിന്റെ ഭേദഗതി വന്നിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്കായി ഇളവ് കൊടുക്കാനുള്ള സാഹചര്യം ഈ ആക്ടിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ഒരു ചെറുകിട സംരംഭകന് സംരംഭം തുടങ്ങാൻ മറ്റ് ഭൂമി ഇല്ലായെങ്കിൽ, അയാൾ prospective-ആയി മുമ്പോട്ടുപോകാൻ കഴിയുന്ന വ്യവസായിയാണെങ്കിൽ മേൽപ്പറഞ്ഞ ഇളവ് ഇത്തരത്തിലുള്ള സംരംഭകർക്കുകൂടി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. അപ്പലേറ്റ് അതോറിറ്റിയായ സ്റ്റേറ്റ് ബോർഡിനെക്കുറിച്ച് ഞാൻ നേരത്തേ സൂചിപ്പിച്ചു. ജില്ലാ ബോർഡിൽ മാറ്റം വരുത്തുകയോ, ഇതിന്റെ അർത്ഥം പൂർണ്ണതോതിൽ വരാൻ കഴിയുന്ന നിലയിലുള്ള ഒരു അപ്പലേറ്റ് അതോറിറ്റി/ബോർഡ്/ജില്ലാ തലത്തിലുള്ള അതോറിറ്റിയാണ് രൂപീകരിക്കേണ്ടത്. അല്ലെങ്കിൽ മൂന്ന് വർഷം കഴിഞ്ഞ് വീണ്ടും അംഗീകാരത്തിനായി ചെല്ലുമ്പോൾ ഇതേ സാഹചര്യം വീണ്ടും ഉണ്ടാകും. നിയമത്തിന്റെ പരിരക്ഷ വരുന്നത് മൂന്ന് വർഷം വരെയുള്ള ഒരു പീരീഡിലാണ്. അതുകഴിഞ്ഞാൽ വീണ്ടും ലൈസൻസിനും മറ്റ് കാര്യങ്ങൾക്കുമായി ചെല്ലുമ്പോൾ ഇതേ അവസ്ഥ ഒരു സംരംഭകന് ഉണ്ടാകരുത്. ഈ ബില്ലിനെ അതിന്റെ നല്ല അർത്ഥത്തിൽമാത്രമേ ഞങ്ങൾ കാണുന്നുള്ളൂ. നല്ല അർത്ഥത്തിൽ ഇത് കൊണ്ടുവരണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇത്തരത്തിലുള്ള മാറ്റങ്ങൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിക്കൊണ്ടുവേണം മുമ്പോട്ടുപോകേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വ്യവസായ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ കടന്നുവരാനുള്ള സാഹചര്യമൊരുക്കി, മനുഷ്യവിഭവ സമ്പത്തിനെയും യുവജന സമ്പത്തിനെയും ഏറ്റവും നന്നായി വിനിയോഗിക്കാൻ കഴിയുന്ന ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാൻ കഴിയണം. അതിനകത്ത് ഇവിടെ ഉയർന്നുവന്നിരിക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് നീങ്ങണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങാനുള്ള അവസരം കൂടുതൽ പ്രദാനം ചെയ്യുന്ന ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാനത്ത് വ്യവസായം തുടങ്ങാൻ ഇനി മുൻകൂർ അനുമതി വേണ്ടെന്ന അവസ്ഥയാണ് ഇത് പ്രാവർത്തികമാകുന്നതോടുകൂടി സംജാതമാകുന്നത്. സാക്ഷ്യപത്രം മാത്രം നൽകിയാൽ പത്ത് കോടി രൂപവരെ മുതൽമുടക്കുള്ള വ്യവസായങ്ങൾ തുടങ്ങാൻ കഴിയും. ആവശ്യമായ അംഗീകാരങ്ങളും പരിശോധനകളും മൂന്ന് വർഷത്തിനുശേഷം പൂർത്തിയാക്കിയാൽ മതി. സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ചുവപ്പുപട്ടികയിൽ ഉൾപ്പെടുത്തിയ വ്യവസായങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്നതും ഇതിൽ വിഭാവന ചെയ്യുന്നുണ്ട്. ആദ്യ മൂന്ന് വർഷത്തിനിടെ അനുമതികളും ലൈസൻസുകളും നൽകുന്ന അധികാര സ്ഥാപനങ്ങളായ കോർപ്പറേഷൻ, തദ്ദേശഭരണ സ്ഥാപനം, നഗരവികസന അതോറിറ്റി, സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസികൾ, അതോറിറ്റികൾ എന്നിവർ അതുമായി ബന്ധപ്പെട്ട് ഒരു പരിശോധനയും വ്യവസായ സ്ഥാപനത്തിൽ നടത്തരുതെന്നും ഇതിൽ വ്യവസ്ഥ ചെയ്യുന്നു. ഇതെല്ലാംതന്നെ, കേരളത്തെ സംരംഭകർക്ക് ആശ്രയിക്കാൻ കഴിയുന്ന സംസ്ഥാനമാക്കി മാറ്റുന്നതിന് വലിയ അളവിൽ സംഭാവന ചെയ്യുന്ന നടപടികളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏറ്റവും കൂടുതൽ വിദേശികൾ പണം അയയ്ക്കുന്ന സംസ്ഥാനമാണ് കേരളം. വർഷങ്ങളായി അത് തുടരുകയാണ്. ആദ്യകാലങ്ങളിലൊക്കെ നമ്മുടെ അനുഭവങ്ങൾ പരിശോധിച്ചാൽ അത് മണ്ണായി, കല്ലായി, സിമന്റായി, കമ്പിയായി ചില നിർമ്മാണ പ്രവർത്തനങ്ങളിലൊതുങ്ങുന്ന അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. ആ സ്ഥിതി ഇനിയും തുടരുന്ന നിലയാണുണ്ടാകുന്നതെങ്കിൽ കേരളത്തിന്റെ ഭാവി ഇരുളടഞ്ഞതാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ വിദേശത്തുള്ള ജോലിസാധ്യതകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു പശ്ചാത്തലത്തിൽ ഇവിടെ പരമ്പരാഗത വ്യവസായങ്ങൾ തകർന്നുകൊണ്ടിരിക്കുകയും ആ മേഖലകളിൽ പണിയെടുത്തിരുന്ന പതിനായിരക്കണക്കിന് വരുന്ന ആളുകൾ തൊഴിൽരഹിതരായി മാറുകയും ചെയ്യുന്ന അന്തരീക്ഷം നിലനിൽക്കുമ്പോൾ ഇവിടെ പുതിയ സംരംഭങ്ങൾ ഉണ്ടായേ മതിയാകൂ. ആ സംരംഭങ്ങൾ ഉണ്ടാകുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ ഉയർത്തിക്കൊടുക്കുക, അത് സൃഷ്ടിച്ചുകൊടുക്കുക എന്ന ഗവൺമെന്റിന്റെ ഉത്തമതാൽപ്പര്യത്തിൽ നിന്നുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിലുള്ള ഭേദഗതി ബില്ലാണ് സഭ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ '1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും നഗരപ്രദേശ വികസനവും ആക്ട് പ്രകാരം രൂപീകരിച്ച ജില്ലാബോർഡുകളാണ് വ്യവസായം

തുടങ്ങാൻ അനുമതി നൽകിവന്നിരുന്നത്. പുതിയ ആക്ട് പ്രകാരമുള്ള നോഡൽ ഏജൻസി ജില്ലാബോർഡാണ്. നിശ്ചിത ഫാറത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷ ജില്ലാബോർഡിന് നൽകി കൈപ്പറ്റ് രസീത് ലഭ്യമായിക്കഴിഞ്ഞാൽ വ്യവസായം തുടങ്ങാം. വ്യവസായം തുടങ്ങുമ്പോൾ എഴുതിനൽകുന്ന ഫാറത്തിലെ വസ്തുതകൾ സത്യസന്ധമായിരിക്കണം. നാളെ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ അതിൽ കുഴപ്പങ്ങൾ കടന്നുകൂടാൻ പാടില്ല; തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. അത്തരം പിഴവുകൾ കണ്ടെത്തിയാൽ അഞ്ചുലക്ഷം രൂപ വരെ പിഴ ചുമത്താൻ കഴിയുന്ന വ്യവസ്ഥയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആ വ്യവസ്ഥ മാറ്റേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം, അനുകൂല ഘടകങ്ങളെ ദുരുപയോഗം ചെയ്യുന്ന പ്രവണത സമൂഹത്തിൽ ചിലർക്കെങ്കിലുമുണ്ട്. അത് ദുരുപയോഗം ചെയ്യാതിരിക്കാനുള്ള ഒരു ഘടകമായി ഈ പിഴയെ കാണാൻ കഴിയണം. തീർച്ചയായും പിഴ മനഃപൂർവ്വം ചുമത്തുന്നതാണെന്ന് വന്നാൽ അപ്പീൽ കൊടുക്കാനുള്ള അവസരം ഉപയോഗപ്പെടുത്താൻ കഴിയും. സംസ്ഥാന ബോർഡാണ് ആ അപ്പീൽ കേൾക്കുന്നത്. തീർച്ചയായും സുതാര്യമായി ഈ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഏത് സംരംഭകനും ആത്മ വിശ്വാസത്തോടെ മുന്നോട്ടുവരാനുള്ള സന്ദർഭമൊരുക്കലാണ് ഈ ബില്ലിലൂടെ പ്രദാനം ചെയ്യപ്പെടുന്നതെന്നത് നാം കാണേണ്ടതായുണ്ട്. കേരളത്തെ വ്യവസായ സംരംഭക അനുകൂല സംസ്ഥാനമാക്കി മാറ്റണം. അത് നവകേരള സൃഷ്ടിക്ക് അനിവാര്യമാണെന്ന് ശ്രീ. കെ. എൻ. എ. ഖാദർ ചൂണ്ടിക്കാണിച്ചത് പൊതുവിൽ സ്വീകരിക്കപ്പെടേണ്ടതാണ്. എൽ.ഡി.എഫ്., യു.ഡി.എഫ്. വ്യത്യാസമില്ലാതെ കേരളത്തിന്റെ ഭാവി സുരക്ഷിതമാക്കാൻ, സമ്പദ്ഘടനയെ ശക്തമാക്കാൻ, തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ അനിവാര്യമായ ഒരു സാഹചര്യമാണ് നമ്മുടെ മുമ്പിൽ വന്നിട്ടുള്ളത്. അതിനെ ആ നിലയിൽ പ്രായോഗികതയോടെ സമീപിക്കുന്ന രീതിയാണ് അവലംബിക്കേണ്ടതെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിക്ഷേപകന് ഇതുമൂലം സ്വാതന്ത്ര്യവും സമയലാഭവും ലഭിക്കുന്നുവെന്നതും ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. അനുമതികളും ലൈസൻസുകളും നൽകുന്ന കോർപ്പറേഷൻ, തദ്ദേശഭരണ സ്ഥാപനം, നഗരവികസന അതോറിറ്റി തുടങ്ങിയവർ, വ്യവസായം തുടങ്ങി മൂന്നുവർഷത്തിനകം അവിടെ യാതൊരുവിധ പരിശോധനയും മുതിരരുതെന്ന് പറയുന്നത് ആ വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് അവസരമൊരുക്കാൻ വേണ്ടിയാണ്. പക്ഷേ, അതൊക്കെ നിയന്ത്രണമില്ലാതെ പോകുന്നതിനുള്ള അവസരമായി കാണാതിരിക്കണമെന്നതും വ്യവസ്ഥ ചെയ്യപ്പെടേണ്ടതായ ഒരു കാര്യമാണ്.

ശ്രീ. കെ. ബാബു: സർ, വ്യവസായവകുപ്പിന്റെ ഇടപെടലിന്റെ ഭാഗമായി ബംഗളൂരുവരെ വന്നിരുന്ന വ്യവസായ കോറിഡോർ കോയമ്പത്തൂർ മുതൽ

എറണാകുളംവരെ കൊണ്ടുവരാനും അതിന്റെ ഭാഗമായി ആയിരം ഏക്കറോളം ഭൂമി പാലക്കാട് ജില്ലയിൽ മാത്രം മൂന്നിടങ്ങളിലായി ഏറ്റെടുത്ത് വ്യാവസായിക രംഗത്ത് വലിയ വളർച്ചയുണ്ടാക്കാനുമാവശ്യമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, തീർച്ചയായിട്ടുമുണ്ട്. പക്ഷേ, ഗവൺമെന്റിന്റെ അത്തരം ഇടപെടലുകളോട് അനുകൂലമായ സമീപനമുണ്ടാകുന്നില്ല എന്നുള്ളത് ഖേദകരമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങൾ തുടങ്ങുന്നതിന് ഇവിടത്തെ കാലാവസ്ഥ ഇപ്പോൾ ഒരു വിഷയമാണ്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും ഭൂഗർഭ ജലശോഷണവും ഇന്ന് നാം നേരിടുന്ന ഏറ്റവും ഗുരുതരമായ ഭീഷണികളാണ്. പ്രകൃതിക്ക് ഇണങ്ങിയ വ്യവസായനയം കേരളത്തിന് അത്യന്താപേക്ഷിതമാണെന്ന കാര്യത്തിലും രണ്ട് അഭിപ്രായമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഇതിനായി നമ്മുടെ ഗവൺമെന്റ് കഠിന പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. ഡൽഹി നിവാസികൾ നേരിടുന്ന പാരിസ്ഥിതികാഘാത പ്രശ്നങ്ങൾ ഇന്ന് നമുക്കറിയാം. അത് നാളെ ഇവിടെ ഉണ്ടായിക്കൂടെന്നില്ല. അത് മുൻകൂട്ടി കണ്ടുകൊണ്ടുള്ള സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത് ഭാവിതലമുറയ്ക്ക് അനിവാര്യമാണെന്നതും ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൻകിട വ്യവസായങ്ങളുടെ സാങ്കേതികതയും പരിസ്ഥിതി മലിനീകരണവും പരിശോധനാവിധേയമാക്കി പരിസ്ഥിതി സൗഹാർദ്ദപരമായ സാങ്കേതികതയിലേയ്ക്ക് മാറാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഭക്ഷ്യസുരക്ഷയും തൊഴിൽ ലഭ്യതയും വെല്ലുവിളിയാകുന്ന കാലഘട്ടത്തിൽ സാമ്പത്തികമാന്ദ്യവും കാർഷിക മേഖലയുടെ തകർച്ചയും അതിജീവിച്ച് വ്യാവസായിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് ഉയർത്തുന്ന വെല്ലുവിളികൾ, വർദ്ധിച്ച കോർപ്പറേറ്റ്വൽക്കരണം, ഇറക്കുമതി നയങ്ങൾ തുടങ്ങിയവയെല്ലാം ചെറുകിട വ്യവസായങ്ങൾക്ക് ഇന്ന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക സഹായവും സാങ്കേതികസഹായവും നൽകി ചെറുകിട മേഖലയെ ശക്തമാക്കേണ്ട സാഹചര്യത്തിൽ അതിനാവശ്യമായ വ്യാവസായിക നയം രൂപപ്പെടുത്തി രാജ്യത്തിന് മാതൃകയാക്കേണ്ടതുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച, ഡൽഹിയിലെ ഇന്നത്തെ പൊല്യൂഷന്റെ കാര്യം കേരളവും ഗൗരവപൂർവ്വം കാണേണ്ടതാണ്. നമ്മുടെ ഈ കൊച്ചു സംസ്ഥാനത്ത് ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, അതിനേക്കാളേറെ വേഗതയിൽ വീടുകളുടെ നിർമ്മാണവും വർദ്ധിക്കുന്നു. ഇനി ഈ കേരളത്തിൽ വീടില്ലാത്തവരായി

ആരുമുണ്ടാകാൻ പാടില്ലെന്നും നമ്മൾതന്നെ തീരുമാനിക്കുകയാണ്. വീടുകളിൽ ടി.വി., ഫ്രിഡ്ജ് തുടങ്ങി മറ്റ് സൗകര്യങ്ങളും വലിയ ഫ്ലാറ്റ് സമുച്ചയങ്ങളും ഉയർന്നുവരുന്നതിന്റെ ഭാഗമായി വൻതോതിലുള്ള പൊല്യൂഷനാണ് ഉണ്ടാകുന്നത്. വീട് നിർമ്മാണത്തിന് നമ്മുടെ ലോക്കൽ ബോഡികൾ ലൈസൻസ് കൊടുക്കുമ്പോൾ, പൊല്യൂഷൻ നിയന്ത്രിക്കുന്ന രീതിയിൽ ആൽ, പേരാൽ പോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് നിർദ്ദേശം കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കണം. വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ അവിടെനിന്ന് പുറത്തേയ്ക്ക് വരുന്ന വായുമലിനീകരണത്തിന്റെ തോത് എത്രയെന്ന് മനസ്സിലാക്കി അതിനനുസൃതമായി, പ്രകൃതിദത്തമായിത്തന്നെ അവയെ ഇല്ലാതാക്കാൻ കഴിയുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഫയർ സർവ്വീസിനുപോലും കടന്നുചെല്ലാൻ കഴിയാത്ത രീതിയിൽ സംസ്ഥാനത്ത് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതായി കാണുന്നു. വ്യവസായ സ്ഥാപനങ്ങളുടെയും ഫ്ലാറ്റുകളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇത് അനിവാര്യമായി വേണമെന്ന വിഷയമല്ലേ അങ്ങ് സൂചിപ്പിച്ചത് ?

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, തീർച്ചയായും. പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട വിഷയം അതീവ ഗൗരവമായി നോക്കിക്കാണേണ്ട ഒരു കാലഘട്ടമാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതിന്റെ കുറച്ച് വിശദാംശങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. വ്യവസായങ്ങൾ തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ അപേക്ഷ കൊടുക്കുക, വിവിധ ഓഫീസർമാരുടെ മുമ്പിൽ എത്തേണ്ട സ്ഥിതിയുണ്ടാകുക, അതിൽ ആരെങ്കിലും ഒരാൾ ഉടക്കിട്ടാൽ ആ വ്യവസായിക്ക് വ്യവസായം തുടങ്ങാൻ കഴിയാത്ത സ്ഥിതിയുണ്ടാകുക തുടങ്ങിയ അവസ്ഥയാണ് നിലനിൽക്കുന്നത്. അത് പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്ന ഒരു അനുഭവമാണ് ഈ ബില്ലിലൂടെ പ്രദാനം ചെയ്യപ്പെടുന്നത് എന്നുള്ളത് സംരംഭകരെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസം പകരുന്ന ഒരു കാര്യമാണ്. സംരംഭകർക്ക് സാമ്പത്തികമായ പിൻബലമേകാനും പിന്തുണ കൊടുക്കാനും സാധ്യമാകുന്ന സംവിധാനങ്ങൾകൂടി അനുബന്ധമായി ആലോചിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം, സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിനെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ ശക്തമായിക്കൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ, ചെറുകിട വ്യവസായങ്ങൾ വീർപ്പുമുട്ടൽ അനുഭവിക്കുന്ന അവസ്ഥയിലേയ്ക്ക് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൂടി കണ്ടുകൊണ്ട്, വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയുന്ന ഒരവസ്ഥ

സംജാതമാക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അനുപേക്ഷണീയമാണ് എന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു കാര്യംകൂടി പറയാനുള്ളത്, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും ഇടതുപക്ഷ ഗവൺമെന്റ് വന്നതിനുശേഷം ക്രമാനുഗതമായി ലാഭത്തിലേയ്ക്ക് മാറുന്ന സ്ഥിതിയാണ് പൊതുവിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇത് എങ്ങനെയാണ് സംഭവിക്കുന്നത്? സഭ ഗൗരവമായി കാണേണ്ടതും സമൂഹം ഇന്ന് ചർച്ച ചെയ്യുന്നതുമായ ഒരു വിഷയം ഇതാണ്.

യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേയ്ക്ക് പോകുന്നു. കെടുകാര്യസ്ഥതയോ അവിടെ നടക്കുന്ന അഴിമതിയോ സ്വജനപക്ഷപാതമോ ആണ് അതിനു കാരണം. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ മറിച്ചുള്ള അനുഭവങ്ങളുണ്ടാകുന്നു. എന്റെ താലൂക്കിൽ പ്രവർത്തിക്കുന്ന KMML (Kerala Minerals and Metals Ltd) എന്ന ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനത്തിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ സ്ഥിതിയെന്തായിരുന്നു; ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ മാറ്റം എങ്ങനെ ഉണ്ടായി; ഈ പുരോഗതി എങ്ങനെ കൈവരിക്കാൻ കഴിഞ്ഞു? തീർച്ചയായും നിശ്ചയദാർഢ്യത്തോടെയും ലക്ഷ്യബോധത്തോടെയും പൊതുമേഖലയെ സംരക്ഷിക്കണം; അതിനെ ഉയർത്തിക്കൊണ്ടുവരണമെന്ന പൊതു താൽപ്പര്യത്തി ലധിഷ്ഠിതമായ ഒരു വ്യവസായനയം എൽ.ഡി.എഫ്. തുടരുന്നതിന്റെ ഫലമായുണ്ടാകുന്ന അനുഭവങ്ങളാണിത്. ഇന്ത്യയ്ക്കുതന്നെ ഇന്ന് അതൊരു മാതൃകയാണ്. കാരണം, ഇന്ത്യാ ഗവൺമെന്റ് രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നിനുപുറകെ ഒന്നായി വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമേഖലയെ പാടെ ഇല്ലാതാക്കാൻ നിശ്ചയമെടുത്തുകൊണ്ടുള്ള നിലപാടുകളുമായി അവർ മുന്നോട്ടുപോകുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇത് പറയുമ്പോൾ നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് ബി.എസ്.എൻ.എൽ. എന്ന കാര്യം നാം ഓർമ്മിക്കണം. അവിടെ അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള ജീവനക്കാരെ വി.ആർ.എസ്. എടുപ്പിച്ച്, നിർബന്ധിത വിരമിക്കൽ നടപടിയിലേയ്ക്ക് കടക്കുന്നതിന് നിർബന്ധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന ആളുകളോട് വ്യക്തിപരമായി ചോദിക്കുമ്പോൾ, ഉദ്യോഗസ്ഥതല സംവിധാനങ്ങൾ,

വ്യവസായം തുടങ്ങാൻ ആവശ്യമായ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് അറിയാത്തതും അതിനോട് ബന്ധപ്പെട്ടതുമായ പ്രശ്നങ്ങളുണ്ടെന്ന് പറയുന്നു. അത് നീക്കം ചെയ്യാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, അങ്ങനെ ഒരനുഭവം നമ്മുടെ സമൂഹത്തിലും സംസ്ഥാനത്തും നിലനിൽക്കുന്നു എന്നുള്ള തിരിച്ചറിവിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ പുതിയ നിയമം കൊണ്ടുവരുന്നത്. വ്യവസായ സംരംഭകർക്ക് ഉദ്യോഗസ്ഥരുടെ മുൻപിൽ പോയി കാത്തുകിടക്കേണ്ട അവസരം ഇല്ലാതാകുകയാണ്. അഴിമതി തുടച്ചുനീക്കുന്നതിന് ഇത് ഒരു ഘടകമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരത്തിൽ പൊതുമേഖലയോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം മുന്നേറിക്കൊണ്ടിരിക്കുമ്പോൾ, കോർപ്പറേറ്റ് താൽപ്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന ഒരു സ്ഥിതി അവർ കൈക്കൊള്ളുമ്പോൾ, അതിൽനിന്ന് വ്യത്യസ്തമായ ഒരനുഭവമായി രാജ്യത്തിനുതന്നെ ഉയർത്തിക്കാട്ടാവുന്ന തരത്തിൽ, മാതൃകാപരമായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണെന്ന കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന അഭിപ്രായം ആവർത്തിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സമാനമായ ഒരു വ്യവസായ വാണിജ്യ നയം നമ്മുടെ ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ സുഗമമായ വ്യവസായ സംരംഭവും ഏകജാലക സംവിധാനവുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിന്റെ ആവർത്തനമാണ് ഇപ്പോൾ വന്നിരിക്കുന്നത്. ക്ലിയറൻസിന് മുപ്പത് ദിവസം എന്ന ആശയം നടപ്പാക്കും, നിക്ഷേപകരുടെ അപേക്ഷയിന്മേൽ നടത്തേണ്ട നടപടിക്രമങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തും, എല്ലാ വകുപ്പുകൾക്കും ആരംഭത്തിൽ അനുവദിക്കുന്ന ലൈസൻസ് കാലവധി അഞ്ച് വർഷം എന്ന് നിജപ്പെടുത്തും; ഇങ്ങനെയാണ് ഏകജാലക സംവിധാനം എന്ന് വ്യവസായ നയത്തിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ച ഒരു പ്രശ്നവുമായി ബന്ധപ്പെട്ടാണ് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇതിന് ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ പോകുകയാണ്. വ്യവസായ സംരംഭത്തിനുള്ള അനുവാദം പെട്ടെന്ന് കിട്ടുക, സിംഗിൾ വിൻഡോ സിസ്റ്റമായതിനാൽ വ്യവസായ

സംരംഭകർ എല്ലാ വകുപ്പുകളിലും പോകേണ്ടതില്ല, സ്വാഭാവികമായും ഒരു കേന്ദ്രത്തിൽനിന്നുതന്നെ എല്ലാ അനുവാദവും ലഭ്യമാകും തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഏകജാലക സംവിധാനം. അതോടുകൂടി സംരംഭകർ ഇങ്ങനെ തട്ടിമുട്ടി നടക്കേണ്ട കാര്യം വരില്ല. അത്തരം നടപടികൾ നമുക്ക് സ്വീകരിക്കാവുന്നതാണ്. ഇവിടെ വരാൻപോകുന്ന ഒരു ബുദ്ധിമുട്ടുകൂടി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. വ്യവസായങ്ങളിൽ ഇവിടത്തെ ഏറ്റവും വലിയ ശാപം, technocrats അല്ല, bureaucrats ആണ്. അവരാണ് കേരളത്തിന്റെ വ്യവസായത്തെ ഈ ഗതിയിലാക്കിയത്. ഐ.എ.എസ്.-കാരെയും ഐ.പി.എസ്.-കാരെയും ഉൾപ്പെടെ, പല സ്ഥലത്തും ആവശ്യമില്ലാത്തവരെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ തലപ്പത്ത് കയറ്റിവച്ച ദുരന്തമാണ് കേരളത്തിലെ വ്യവസായ മേഖല അനുഭവിച്ചത്. തൊഴിലാളികളുടെ പണിമുടക്കാണ്; അവർക്ക് ലേബർ ഡിസിപ്ലിനില്ല; ഇവിടെ ഒന്നും തുടങ്ങാൻ നിവൃത്തിയില്ല; എല്ലാ സ്ഥലത്തും കൊടിയാണ് എന്നുള്ള ദുഷ്പ്രചരണങ്ങൾ നടത്തി കേരളത്തെ അപമാനിച്ച ഒരു സംവിധാനമുണ്ടായിരുന്നു. ഇന്ന് അതെല്ലാം മാറി. കേരളത്തിൽ തൊഴിലാളികളുടെ അനിശ്ചിതകാല പണിമുടക്ക് കേൾക്കാനില്ല. തൊഴിലാളികൾ ഇന്ന് മാനേജ്മെന്റിനെ ഘെരാവോ ചെയ്യുന്നില്ല. അവരുടെ സംസ്കാരവും സമീപനവും മാറി. പൊതുമേഖലാ വ്യവസായങ്ങളെ എങ്ങനെ നയിക്കണമെന്നുള്ളതിനെ സംബന്ധിച്ച്, പൂർണ്ണമായി തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട്, അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞ് അതാത് സ്ഥാപനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്ന ഒരു പുതിയ സമീപനം സ്വീകരിക്കേണ്ടതാണ്.

ഏകജാലക സംവിധാനത്തിലൂടെ വ്യവസായങ്ങൾ ഉടനെ വരുമെന്ന് വെറുതേ വിശ്വസിച്ചിട്ട് കാര്യമില്ല. കേരളത്തിലെ വ്യവസായ മേഖലയിൽ ഏറ്റവും ദുരന്തം അനുഭവിക്കുന്നത് പരമ്പരാഗത വ്യവസായ മേഖലയാണ്. ഇവിടെ ഒരുപാട് ചർച്ച ചെയ്യാറുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലവസരമുണ്ടാക്കുന്ന മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. കയർ, കൈത്തറി, കശുവണ്ടി, ചെത്ത്, ഓട്, ബീഡി വ്യവസായ മേഖലകളെല്ലാം ശവപ്പറമ്പുകളാകാൻ പോകുകയാണ്. ചെത്ത് വ്യവസായം ഇന്ന് പ്രതിസന്ധിയിലാണ്. ഓട് വ്യവസായം പൂർണ്ണമായും പടിയിറങ്ങിക്കഴിഞ്ഞു. ബീഡി വ്യവസായത്തെപ്പറ്റി അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ. ഒരു കാലത്ത് ടി. വി. തോമസ് കണ്ണൂർ ടി. ബി.-യിൽ ക്യാമ്പ് ചെയ്ത്, അടച്ചുപൂട്ടിയ ആ സ്വകാര്യ ബീഡി ഫാക്ടറി ഏറ്റെടുത്ത് തൊഴിലാളികളെ ഏൽപ്പിച്ചതാണ്. പ്രിയപ്പെട്ട വ്യവസായ മന്ത്രിക്കറിയില്ലേ? കണ്ണൂർ ദിനേശ് ബീഡി. പക്ഷേ എന്തുകൊണ്ടോ പല കാരണങ്ങളാൽ അത് അടച്ചുപൂട്ടി. അതിനു പറയുന്നത് പുകവലി നിരോധനം കൊണ്ടാണ് വ്യവസായം

അവസാനിച്ചതെന്നാണ്. അങ്ങനെയാണെങ്കിൽ മദ്യനിരോധനംകൊണ്ട് മദ്യവ്യവസായം തകരേണ്ടതല്ലേ? ഇപ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്നത് ബിവറേജസ് കോർപ്പറേഷനല്ലേ? മദ്യം ഉപയോഗിക്കാത്തതു കൊണ്ടാണോ? കാരണം അതൊന്നുമായിരുന്നില്ല. ആ വ്യവസായം തകർന്നു. പിന്നീട് ഞാൻ അവിടെ പോയപ്പോൾ കണ്ടത് അച്ചാറും മറ്റു ചില മധുരപദാർത്ഥങ്ങളും ഉൽപ്പാദിപ്പിക്കുന്നതാണ്. അവർ കഷ്ടപ്പെട്ട് കഴിയുകയാണ്. കേരളത്തിലെ ഈ വ്യവസായ മേഖലയെക്കൂടി പുനരുദ്ധരിക്കാൻ അങ്ങ് ശ്രമിക്കണം. അതിന് ഏകജാലകം ഒന്നും വേണ്ട. ഈ രംഗത്ത് മുതൽമുടക്കാൻ ആളുകൾ വരുന്നില്ല. ഗവൺമെന്റിന്റെ സാമൂഹിക പ്രതിബദ്ധതയാണിത്.

ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ എറണാകുളം കഴിഞ്ഞ് കോഴിക്കോട് ഫറോക്ക് വരെ കാണുന്നതെല്ലാം തൃശ്ശൂർ മേഖലയിലെ ഓട് വ്യവസായ കേന്ദ്രങ്ങളാണ്. ആ വ്യവസായ ശാലകളെല്ലാം പൂട്ടി. തൊഴിലാളികൾ എങ്ങോട്ട് പോയെന്ന് ആർക്കുമറിയില്ല. എന്തു തൊഴിൽ ചെയ്യുന്നുവെന്ന് അറിയില്ല. ഞാനെല്ലാം ആവർത്തിക്കുന്നില്ല. അൽപ്പമെങ്കിലും പിടിച്ചുനിൽക്കുന്നത് കൈത്തറി, കശുവണ്ടി വ്യവസായങ്ങളാണ്. പ്രത്യേകമായ സാമൂഹിക പ്രതിബദ്ധതയുള്ളതു കൊണ്ട് ഇവ രണ്ടും പുനഃസംഘടിപ്പിക്കാനും ആവശ്യമായ മൂലധനം നിക്ഷേപിക്കാനും ഇടതുപക്ഷ ഗവണ്മെന്റ് നിർബന്ധിതരായി. ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ വ്യവസായ മേഖല ശവപ്പറമ്പായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കൊല്ലത്ത് ഒരൊറ്റ കശുവണ്ടി ഫാക്ടറിപോലും പ്രവർത്തിക്കുന്നില്ലായിരുന്നു. ഇന്ന് കൊല്ലത്ത് എല്ലാ കശുവണ്ടി ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. അതിന് ആവശ്യമായ ഫണ്ട് കൊടുത്തു.

കൈത്തറി മേഖല തകർന്ന് തരിപ്പണമായതാണ്. സ്കൂൾ കുട്ടികൾക്ക് യൂണിഫോം നിർമ്മിക്കുന്ന ജോലി ഏൽപ്പിച്ചതുകൊണ്ട് കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോൾ വർക്ക്ലോഡാണ്. ആ മേഖല പുനഃസംഘടിപ്പിച്ചു. ഇതുപോലെ നിശ്ചയദാർഢ്യത്തോടുകൂടി കേരളത്തിലെ ചില വ്യവസായങ്ങൾകൂടി പുനഃസംഘടിപ്പിക്കണം. കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. കഴിഞ്ഞ കാലങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നത് ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ്. ആറേഴ്

കൊല്ലങ്ങളായി പല പൊതുമേഖലാ സ്ഥാപനങ്ങളുടേയും അക്കൗണ്ട് സിസ്റ്റം പൂർത്തിയായിട്ടില്ല; ആഡിറ്റ് നടന്നിട്ടില്ല. ലക്ഷക്കണക്കിന് രൂപ ശമ്പളം കൊടുത്ത് എം.ഡി.മാരും ബോർഡും ചെയർമാനും ഫിനാൻസ് മാനേജർമാരും എല്ലാമുള്ള എത്രയോ പൊതുമേഖലാ സ്ഥാപനങ്ങൾ അക്കൗണ്ട് ഫൈനലൈസ് ചെയ്യുന്നില്ല. അവിടെ ഇന്റേണൽ ആഡിറ്റില്ല. ആഡിറ്റ് വിഭാഗമേയില്ല. എ.ജി.യുടെ റിപ്പോർട്ടുകൾ വരുമ്പോൾ അത് പരിശോധിച്ച് നിയമസഭാ കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്താൽ ഗവൺമെന്റ് ഗൗരവമായി അത് സഭയിൽ വയ്ക്കുന്നില്ല; അത് ചർച്ച ചെയ്യുന്നില്ല. അതിലെല്ലാം ഒരുപാട് നിർദ്ദേശങ്ങളുണ്ട്.

മലബാർ സിമന്റ്സ് ഇപ്പോൾ ലാഭത്തിലാണ്. അതിന്റെ അവസ്ഥയെന്തായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെയും അതിന് മുൻപുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെയും ഭരണകാലത്താണ് കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ അടച്ചുപൂട്ടാൻ ഒരു കമ്മിറ്റി രൂപീകരിച്ചത്. ആ കമ്മിറ്റിയുടെ പേരാണ് ചൗധരി കമ്മിറ്റി. ചൗധരി കമ്മിറ്റിയാണ് പിന്നീട് റിയാബ് ആയത്. ചൗധരിയിലും റിയാബിലും ഇരുന്ന ആളുകളെല്ലാംകൂടി കെൽട്രോൺപോലും പൂട്ടാനും വിൽക്കാനും തീരുമാനിച്ചു. തൊഴിലാളികൾ കുറ്റം ചെയ്തിട്ടാണോ? തൊഴിലാളികൾ സമരം ചെയ്ത് ലോക്കപ്പിൽ പോയി. അത് പുനഃസംഘടിപ്പിച്ച് പബ്ലിക് സെക്ടറിൽ ഉണ്ടാകുമെന്ന് അന്ന് ഇടതുപക്ഷ പാർട്ടികൾ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷം അധികാരത്തിൽ വന്നപ്പോൾ കെൽട്രോൺ ശക്തമായ ഉയർത്തെഴുന്നേൽപ്പ് നടത്തി. ഇനിയും ഇത്തരത്തിൽ നിരവധി സ്ഥാപനങ്ങളുണ്ട്. ഞാൻ ചില ഉദാഹരണങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. സമീപനത്തിന്റെ കാര്യമാണ് ഇവിടെ പ്രശ്നം. ഇതെല്ലാം തൊഴിലാളികളുടേയും ട്രേഡ് യൂണിയൻ നേതാക്കന്മാരുടേയും തലയിൽ വച്ച് കെട്ടുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ഇന്ത്യൻ ഭരണഘടനയിൽ തൊഴിലാളികൾക്ക് മാനേജ്മെന്റിൽ പാർട്ടിസിപ്പേഷൻ കൊടുക്കാൻ എഴുതിവച്ചിട്ടുണ്ട്. ഇന്ന് നമുക്കതിന് കഴിയുന്നില്ല. ഒരു വ്യവസായ സ്ഥാപനത്തിലെ തൊഴിലാളികളുടെ നേതാക്കന്മാരെ സീക്രട്ട് ബാലറ്റ് അല്ലെങ്കിൽ ഇലക്ഷൻ വഴി ഡയറക്ടർ ബോർഡിലേയ്ക്ക് എടുക്കുന്നതിന് എന്താണ് തടസ്സം? തൊഴിലാളികളുടെ നേതാക്കന്മാർ ഡയറക്ടർ ബോർഡിൽ ആളുണ്ടോയെന്ന് ചോദിച്ചാൽ രാഷ്ട്രീയനേതാക്കന്മാർ അവിടെയുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഭരണകക്ഷിയുടേയും പ്രതിപക്ഷത്തിന്റേയും ആളുകൾ ഇരുന്നിട്ട് കാര്യമില്ല. അവിടെ നടക്കുന്ന ആഭ്യന്തര പ്രശ്നങ്ങൾ, അഴിമതികൾ, കെടുകാര്യസ്ഥത, ധൂർത്ത്, ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ധൂർത്താണ് ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും നടക്കുന്നത്. പലതും അവിശ്വസനീയമാണ്. അതിന്റെ പല കണക്കുകളും പുറത്ത്

വന്നിട്ടുണ്ട്. അവിടെ നിന്നാണ് കേരളത്തിലെ ഇന്നത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിച്ചത്. കേരളത്തിന്റെ വ്യവസായ മേഖല വിസ്മയകരമായ പുരോഗതിയിലേയ്ക്ക് നീങ്ങുകയാണ്. ഇതുകൊണ്ടെല്ലാം മെച്ചപ്പെട്ടു എന്നുള്ള രീതിയിൽ നാം പോകരുത്. അപകടങ്ങൾ ഇപ്പോഴും പതിയിരിക്കുകയാണ്. പലയിടത്തും Accumulated loss എന്നൊരു വാക്കുണ്ട്. എത്ര കോടി രൂപയുടേതാണ് കണക്കില്ലാത്തത്? ഒരു കാലത്തും ട്രാൻസ്പോർട്ടിന്റെ ബാലൻസ് ഷീറ്റിൽ പ്രോഫിറ്റ് വരില്ല; എന്നും നഷ്ടമാണ്. കൊടുക്കുന്ന കാശ് കാണാനില്ല. ഒടുവിൽ ഒരു ക്യാബിനറ്റ് ഉപസമിതി കൂടി അന്നുവരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ നഷ്ടവും എഴുതിത്തള്ളാൻ തീരുമാനിച്ചു. അങ്ങനെ എഴുതിത്തള്ളിയാണ് വീണ്ടും ട്രാൻസ്പോർട്ട് തിരിച്ച് വരുന്നത്.

കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ വ്യവസായമായ ട്രാൻസ്പോർട്ട് വകുപ്പിനെ സംബന്ധിച്ച് ഞാൻ ഇന്ന് മന്ത്രിക്കൊരു കത്തുകൊടുത്തു. ട്രാൻസ്പോർട്ട് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല. ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ശമ്പളം കിട്ടുന്നില്ല, അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. ട്രാൻസ്പോർട്ട് മെയിന്റയിൻ ചെയ്തുപോകാൻ കഴിയുന്നില്ല. ട്രാൻസ്പോർട്ടിന് പ്രത്യേക പരിഗണന കൊടുക്കണം. അത് പൊതുജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമാണ്. യാത്രക്കാരാണ് ഒരു ഗവൺമെന്റിനെ വിലയിരുത്തുന്നത്. സർക്കാർ ആശുപത്രികളിലെ രോഗികളും യാത്ര ചെയ്യാൻ ബസ്സ്റ്റാന്റിൽ നിൽക്കുന്ന ആളുകളുമാണ് പ്രധാനം. ആ രണ്ട് കേന്ദ്രത്തിലും മാറ്റം വരണം. ആരോഗ്യ മേഖലയിൽ വലിയ മാറ്റം വന്നിട്ടുണ്ട്. പരാതികൾ കുറവാണ്. ഈ ഗവൺമെന്റ് നേരിടുന്ന ഏറ്റവും വലിയ പ്രശ്നവും എല്ലാ എം.എൽ.എ.-മാരുടെയും പരാതിയും ബസ് സർവ്വീസുകളെല്ലാം ക്യാൻസൽ ചെയ്യുവെന്നതാണ്. അത് മനഃപൂർവ്വമല്ല. ബസ്സില്ല, ബസ്സുള്ളപ്പോൾ കണ്ടക്ടറില്ല, കണ്ടക്ടറുള്ളപ്പോൾ ഡ്രൈവറില്ല. എല്ലാവരും വരുമ്പോൾ അത് ഓപ്പറേറ്റ് ചെയ്യാൻ ഡീസൽ ഇല്ല. പഴയ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇവിടെ ഇരിക്കുകയാണ്. ഏകജാലകം വരുന്നത് നല്ലതാണ്. ഞാൻ അതിനെ പിന്തുണയ്ക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഇത് മൂവ് ചെയ്യുന്നത്. പക്ഷെ കെ.എസ്.ആർ.ടി.സി. കേരളത്തിലെ പബ്ലിക് സെക്ടറിന്റെ ഒരു ചലഞ്ചാണ്. കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളുണ്ട്. അതിൽനിന്ന് കുറച്ച് ഈ വകുപ്പിനുംകൂടി കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി പറയണം. ഒരു കൺസോർഷ്യം രൂപീകരിക്കണം. കേരളത്തിലെ ട്രാൻസ്പോർട്ട് വകുപ്പിനെ രക്ഷപ്പെടുത്താനും അവരെ കുറേ നാളത്തേയ്ക്ക് നിലനിർത്താനും ലാഭകരമായി പ്രവർത്തിക്കുന്ന മറ്റ് വ്യവസായ സ്ഥാപനങ്ങളുമായി കൺസോർഷ്യം രൂപീകരിക്കണം. അത് പൊതുജനങ്ങളുടെ ആവശ്യമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അങ്ങയുടെ ഈ നിർദ്ദേശം അംഗീകരിച്ചാൽ ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നഷ്ടത്തിലാക്കുന്ന പരിപാടിയാകുമല്ലോ.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. ഇ. പി. ജയരാജനെപോലെയുള്ള ഒരാൾ ഇങ്ങനെ ചിന്തിച്ചാൽ പിന്നെ എങ്ങനെയാണ്; ആർക്കുവേണ്ടിയാണ് ഈ ലാഭമുണ്ടാക്കുന്നത്? പൊതുജനങ്ങൾക്കുവേണ്ടിയല്ലേ; അവരാണ് ഈ തമ്പാനൂർ ബസ് സ്റ്റാന്റിൽ കാത്തുകിടക്കുന്നത്. അവരാണ് എല്ലാ ബസ്സിനും കൈകാണിച്ച് കാത്തുനിൽക്കുന്നത്, വണ്ടിയില്ല. ഇതൊരു പബ്ലിക് ഇന്ററസ്റ്റാണ്. ലാഭത്തിലാക്കുന്നത് സ്വാഭാവികമായും നല്ല കാര്യമാണ്. കഠിനാദ്ധ്വാനത്തിലൂടെ യാണ് കെ.എം.എം.എൽ. ലാഭത്തിലായത്. അത് കടലിൽ കിടക്കുന്ന മണ്ണ് കിട്ടിയിട്ടാണ്. അതിന്റെ റാ മെറ്റീരിയൽസിൽ വലിയ കാര്യമൊന്നുമില്ല. അത് അങ്ങേയ്ക്കും അറിയാമല്ലോ? ലാഭത്തിൽ നടക്കുന്നതിനെക്കൂടി ട്രാൻസ്പോർട്ടിനെ പ്പോലെ കുളത്തിലാക്കാനാണെന്ന് പറഞ്ഞാൽ, ഞാൻ സദുദ്ദേശ്യത്തിൽ പറഞ്ഞതാണ്. ഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾ നഗരത്തിലെത്താൻപെടുന്ന ബുദ്ധിമുട്ട് അങ്ങേയ്ക്കറിയാമോ? ബഹുമാനപ്പെട്ട മന്ത്രി, രാവിലെ എട്ട് മണിക്ക് ക്ലാസ്സ് തുടങ്ങുന്ന സ്കൂളിൽ വിതുര, പൊൻമുടി പോലുള്ള സ്ഥലങ്ങളിൽനിന്ന് കുട്ടികൾ എങ്ങനെ വരും?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ വിനയപൂർവ്വം എന്റെ ഒരു നിരീക്ഷണം പറയുകയാണ്. എങ്ങനെ ഈ നഷ്ടം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് ആ സ്ഥാപനംതന്നെ ആലോചിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പ്രവർത്തിക്കണം. അതിനുവേണ്ടിയുള്ള നല്ല ഇടപെടലുകളും നടപടികളും സ്വീകരിച്ചുപോകുന്നതാണ് ഉചിതമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, അതൊരു വിദഗ്ദ്ധ നിർദ്ദേശമാണ്. പക്ഷെ മൂന്നര കൊല്ലമായി നോക്കിയിട്ടും നടക്കുന്നില്ല. ഇതിന്റെ അടിസ്ഥാന പ്രശ്നം ഫിനാൻസാണ്. മറ്റൊന്ന്, പ്രൊഫഷണൽ മാനേജ്മെന്റാണ്. കേരളത്തിലെ പബ്ലിക് സെക്ടർ ഇന്ന് കഷ്ടപ്പെടുന്നതിന് കാരണം അവിടെയുള്ള ടെക്നോക്രാറ്റ്സല്ല ബ്യൂറോക്രാറ്റ്സാണ്. എല്ലാവർക്കും അറിയുന്നതല്ലേ; ട്രാൻസ്പോർട്ടിലിരുന്ന ഉദ്യോഗസ്ഥരെ അറിയാമോ? ശ്രീ. എം. കെ. ജോസഫ് അടക്കം ഇപ്പോൾ ഏറ്റവും ഒടുവിലിരുന്ന പോലീസ് ഉദ്യോഗസ്ഥൻവരെ ഐ.പി.എസ്സുകാരാണ്. ഈ പോലീസ് ഉദ്യോഗസ്ഥരെങ്ങനെയാണ് ട്രാൻസ്പോർട്ട് കൈകാര്യം ചെയ്യുന്നത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ട്രാൻസ്പോർട്ട് നഷ്ടത്തിലാണ്, ആ സ്ഥാപനം തന്നെ തകർന്നുപോകുന്നു എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ബസ് ഓടിക്കാനും അതിന്റെ മെക്കാനിക്കൽ കാര്യങ്ങൾ നോക്കാനും എഞ്ചിനീയറിംഗ് വിംഗും മറ്റു സംവിധാനങ്ങളുമൊക്കെയുണ്ട്. ഐ.എ.എസ്.കാരും ഐ.പി.എസ്.കാരും എന്തിനാണ് ഈ വകുപ്പിൽ പ്രവർത്തിക്കുന്നത്; അതുകൊണ്ടാണ് അതിന് ഏറ്റവും കൂടുതൽ ചെലവും നഷ്ടവും വരുന്നതെന്ന കാര്യം താങ്കൾക്ക് അറിയാമോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമൻ, ഞാൻ പറഞ്ഞതും അതുതന്നെയാണ്. ടൈറ്റാനിയം പ്രോസസ്സ് എന്താണെന്ന് അറിഞ്ഞുകൂടാത്ത ഒരാളെ ടെറ്റാനിയം കമ്പനിയുടെ എം.ഡി.യാക്കിയാൽ എങ്ങനെയിരിക്കും. കാരണം അതിന് വലിയ വൈദഗ്ദ്ധ്യം ആവശ്യമില്ല. കെ.എം.എം.എൽ. പോലെയാണ്. ഇഷ്ടംപോലെ ലാഭമുണ്ടാക്കാൻ കഴിയുന്നതാണ് എന്നിട്ടും അത് പൊളിഞ്ഞില്ലേ. ഇപ്പോഴല്ലേ അത് റിവൈവ് ചെയ്തത്, അപ്പോഴല്ലേ അത് ടൈറ്റാനിയം ആയത്. പൂട്ടിയ പല സ്ഥാപനങ്ങളും നമ്മൾ തുറന്നു. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു, ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. ഇത് വലിയൊരു സംഭവമാണ്. ബാലരാമപുരം സ്പിന്നിംഗ് മിൽ അടച്ചുപൂട്ടിയതാണ്. തിരുവനന്തപുരത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബ്രഹ്മോസുണ്ട്. അത് ആരുടേതാണെന്ന് ആർക്കും അറിയില്ല. കേരള ഗവൺമെന്റിന്റേതാണോ കേരള ഗവൺമെന്റിന്റെയല്ല. കേന്ദ്ര ഗവൺമെന്റിന്റേതാണോ അതുമല്ല. ഇത് സോവിയറ്റ് റഷ്യയിലെ ഒരു പ്രൈവറ്റ് കമ്പനിയാണ്. കേരളം ഇപ്പോഴാണ് അതറിയുന്നത്. നമ്മുടെ സ്ഥലം മുഴുവൻ കൈക്കലാക്കി വച്ചിരിക്കുകയാണ്. ഇതുപോലെയുള്ള ചില സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ പണം മുടക്കി കഴിവുള്ളവരെ കൊണ്ടുവന്ന് സാഹസികമായി പ്രവർത്തിച്ചാൽ കേരളത്തിൽ വ്യവസായം ഇനിയും മുമ്പോട്ടുപോകും. പൊതുമേഖലാ വ്യവസായവും പരമ്പരാഗത വ്യവസായവും കേരളത്തിന്റെ വിലപ്പെട്ട രണ്ട് വ്യവസായ മേഖലകളാണ്. പതിനായിരക്കണക്കിനാളുകൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രസംഗംകൊണ്ട് സാധ്യമല്ല. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള എല്ലാ സാധ്യതകളും നമ്മുടെ മുമ്പിലുണ്ട്. നല്ല ഒന്നാംതരം തൊഴിലാളികളും ടെക്നീഷ്യൻസുമാണ് നമുക്കുള്ളത്. വിദേശ രാജ്യങ്ങളിൽ പോയാൽ നമ്മുടെ കുട്ടികളാണ് അവിടത്തെ ഏറ്റവും നല്ല വർക്കേഴ്സ്. ഇവിടെനിന്ന് അവർ ഗത്യന്തരമില്ലാതെ പോകുകയാണ്. ഞാനിപ്പോൾ അതിനെപ്പറ്റി പറയുന്നില്ല. പ്ലംബറേയോ ഫിറ്ററേയോ ഇലക്ട്രീഷ്യനേയോ വിളിച്ചാൽ കിട്ടാനില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ അങ്ങ് പറയുന്ന വയെല്ലാം പൊതുസമൂഹത്തിൽ ആളുകൾ അംഗീകരിക്കുന്ന കാര്യങ്ങൾ തന്നെയാണ്. വളരെ വ്യക്തമായിതന്നെ അങ്ങ് കാര്യങ്ങൾ പറയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട കാര്യത്തിൽ തീർച്ചയായും അങ്ങയുടെ നിലപാട് വളരെ നല്ലതാണ്. കെ.എസ്.ആർ.ടി.സി. എല്ലാ എം.എൽ.എ. മാർക്കും പൊതുസമൂഹത്തിനും വളരെയധികം ദുരിതം സമ്മാനിക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ മണ്ഡലങ്ങളിൽ എത്രയോ ബസ്സുകളില്ലാതെയായി. ഇപ്പോൾ ഒന്നും ചോദിക്കാറില്ല; കാരണം ചോദിച്ചിട്ട് ഒരു കാര്യവുമില്ല. ആളുകൾ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പരാതിപറഞ്ഞാൽ കൈകൂപ്പി പോകേണ്ട അവസ്ഥ നമുക്കെല്ലാവർക്കുമുണ്ട്. ബസ്സുകളുടെ എണ്ണം കുറയുന്നു. ഇത് നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത വിധം സാമ്പത്തിക പ്രശ്നങ്ങളുണ്ടാകുന്നു. ബസ്സുകളെല്ലാം കട്ടപ്പുറത്താകുന്നു. സർവ്വീസുകൾ ഇല്ലാതെവരുന്ന അവസ്ഥയിൽ പകരം സംവിധാനമുണ്ടാക്കാൻ നമുക്ക് കഴിയുമോ? പല രാജ്യങ്ങളിലും പ്രൈവറ്റ്-പബ്ലിക് പാർട്ട്ണർഷിപ്പുണ്ട്. ജനങ്ങളുമായി ഒരു പാർട്ട്ണർഷിപ്പുണ്ടാക്കിക്കൊണ്ട് ഈ മേഖലയെ മെച്ചപ്പെടുത്തിയെടുക്കാൻവേണ്ട നയപരമായ പരിപാടികൾ എന്തെങ്കിലും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതുകൂടി വ്യക്തമാക്കാമോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, താങ്കൾ പറഞ്ഞത് ശരിയാണ്. എന്റെ അഭിപ്രായത്തിൽ, കെ.എസ്.ആർ.ടി.സി.യുടെ പാർട്ടിസിപ്പേഷൻ കുറച്ചുകൂടി കമ്പനികൾക്കും താല്പര്യമുള്ള വ്യക്തികൾ അടങ്ങിയ ഗ്രൂപ്പുകൾക്കുംകൂടി കൊടുത്ത് അതിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിച്ചാലേ സ്വന്തം കാലിൽ നിൽക്കാൻ പറ്റൂ. ഓരോ മന്ത്രിസഭയുംകൂടി പത്തും പന്ത്രണ്ടും പതിനാറും കോടി രൂപ കൊടുക്കുമ്പോൾ അവർക്ക് ശമ്പളമായി; ഗ്രാറ്റുവിറ്റിയായി; പ്രോവിഡന്റ് ഫണ്ടുമായി; എന്നിട്ടും ട്രാൻസ്പോർട്ട് തൊഴിലാളികൾ റോഡിൽ കിടക്കുന്നുണ്ട്. അതുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലുമൊരു സംവിധാനത്തെ ക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. എന്റെ വിനീതമായ അഭ്യർത്ഥന, ക്യാബിനറ്റിൽ പ്രത്യേകമായ ഒരു അജണ്ട വച്ച് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുക. ഒന്നുകിൽ വൈന്റ് അപ് ചെയ്യുക അല്ലെങ്കിൽ അത് നടത്താൻ ശക്തമായ ഒരു വിൽപവർ ഗവൺമെന്റ് സ്വീകരിക്കണം. ധനകാര്യ മന്ത്രിയില്ല, പകരം വ്യവസായ മന്ത്രിയുള്ളത് നല്ല കാര്യം. ഇതിനകത്ത് ധനകാര്യത്തിന്റെ പ്രശ്നങ്ങളുണ്ട്. പല മേഖലകളിലും സമയത്ത് പണം കിട്ടുന്നില്ല, ബഡ്ജറ്റിൽ അലോട്ട് ചെയ്യുന്ന തുകപോലും സമയത്ത് കൊടുക്കുന്നില്ല. പല വിഷയങ്ങളിലും പരാതി പറയുന്നുണ്ട്. ബഡ്ജറ്റിൽ തുക

ഉൾക്കൊള്ളിച്ചാലും ബന്ധപ്പെട്ട വകുപ്പിൽ ആ തുക എത്താൻ പെടുന്നപാട് ചെറുതൊന്നുമല്ല. ബഡ്ജറ്റിന്റെ അനുഭവങ്ങൾ വായിച്ചാൽ നമുക്കറിയാം. ഞങ്ങൾ ഡിപ്പാർട്ട്മെന്റ് ഹെഡ്ഡിൽ അന്വേഷിക്കുമ്പോൾ അവർ പറയുന്നത് ബഡ്ജറ്റിൽ പറഞ്ഞതല്ലാതെ ഇവിടെയൊന്നും കിട്ടുന്നില്ല, തരുന്നില്ല എന്നാണ്. ഇങ്ങനെ നിരവധി സാമ്പത്തിക ക്രൈസിസ്സുകളുണ്ട്. അതും ഈ വ്യവസായത്തെ ബാധിക്കുന്നുണ്ട്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ വ്യവസായ മേഖല സ്വന്തം കാലിൽ മുന്നോട്ടുപോകാൻ അനിവാര്യമായ ഒരു സാഹചര്യമാണുള്ളത്. കേന്ദ്ര മൂലധന നിക്ഷേപം ഇനി പ്രതീക്ഷിക്കേണ്ട. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര മൂലധന നിക്ഷേപം ധാരാളം ലഭിച്ചപ്പോൾ നമുക്ക് കിട്ടിയത് ഒന്നര-രണ്ട് ശതമാനമാണ്. കഴിഞ്ഞ കാലത്തെ കണക്ക് നോക്കിയപ്പോൾ, 1.66 ശതമാനമാണ് കേന്ദ്ര മൂലധന നിക്ഷേപം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റു കൊണ്ടിരിക്കുകയാണ്. ഒരു വിമാനത്താവളം ഉണ്ടായിരുന്നത് നമ്മൾ നമ്മുടേതെന്നും അദാനി അദാനിയുടേതാണെന്നും പറയുകയാണ്. അദാനിയുടെ ആളുകൾ അവിടെവന്ന് സ്ഥലം അളന്നിട്ട് പോയിരിക്കുകയാണ്. ഹിന്ദുസ്ഥാൻ ലാറ്റക്സും വെള്ളൂർ ന്യൂസ്പ്രിന്റും നഷ്ടപ്പെട്ട് കഴിഞ്ഞു. വിമാനത്താവളം കൂടി പോയാലുള്ള കാര്യം പറയേണ്ടതുമില്ല. റെയിൽവേ ഡിവിഷൻ വരുമെന്ന് ആളുകൾ പറഞ്ഞു. ഇവിടെ ഒരു റെയിൽവേ ഡിവിഷനുമില്ല. തിരുവനന്തപുരം സതേൺ റെയിൽവേ മേഖലയിൽ ഒരു വികസനവുമില്ല. കേന്ദ്രത്തിൽനിന്നും പ്രതീക്ഷിക്കുന്നതൊന്നും ഉണ്ടാകില്ല. സംസ്ഥാനത്തെ റിസോഴ്സും മാൻപവറും ഉപയോഗിച്ച് കേരളം സ്വന്തം കാലിൽ നിൽക്കുകയും കേന്ദ്രത്തിലൊരു ബദൽ വ്യവസായ സംവിധാനം വരികയും വേണം. കേന്ദ്രത്തിന്റെ ബദൽ കേരളത്തിലെ വ്യവസായമാണ്. ആ കാര്യത്തിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഏത് വ്യവസായം ഏറ്റെടുക്കാനും നമ്മൾ തയ്യാറാണെന്ന് കൂടുതൽ ശക്തിയായും വ്യക്തമായും പറയണം. ഇനി ഇങ്ങനെ കൈവശപ്പെടുത്തിക്കൊണ്ട് പോകാൻ പറ്റില്ല. ഈ സ്ഥലങ്ങളെല്ലാം കേരളം കൊടുത്ത സ്ഥലങ്ങളാണ്.

NTC (National Textile Corporation Limited) മില്ലുകളുടെ സ്ഥിതി എന്താണെന്ന് നിങ്ങൾക്കറിയാമോ; കേരളത്തിലെ NTC മില്ലുകളെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അന്വേഷിക്കണം. NTC മില്ലുകൾ സിറ്റി കേന്ദ്രങ്ങളിലാണ് സ്ഥലം പിടിച്ചെടുത്തിരിക്കുന്നത്. കൊല്ലത്തെ പാർവ്വതി മിൽ എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ എന്ത് ഗുണമുണ്ടായി. തിരുവനന്തപുരം ജില്ലയിലെ വിജയമോഹിനി മില്ലും തൃശ്ശൂർ ജില്ലയിലെ അളഗപ്പ മില്ലും അവരുടെ കയ്യിലായിരിക്കുകയാണ്. മില്ലുകൾ ആളുകൾ വിൽക്കുകയാണ്.

ഇന്ന് രാവിലെ ചില ചോദ്യോത്തരങ്ങൾ ഇവിടെ വന്നത് വളരെ നല്ലതാണ്. ഗവൺമെന്റ് ഒരിഞ്ച് ഭൂമി അനുവദിച്ച് കൊടുത്താൽ അവസാനം കോവളം പോലെയാകും. സഖാവ് അച്യുതമേനോന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിന് ITDC (India Tourism Development Corporation) സ്ഥാപിക്കാൻ സ്ഥലം ചോദിക്കുകയും അദ്ദേഹം സ്ഥലം അനുവദിച്ച് കൊടുക്കുകയും ചെയ്തു. കോവളത്ത് ഇപ്പോൾ മന്ത്രി പോയാൽ ചില നടപടിക്രമങ്ങളനുസരിച്ചുമാത്രമെ ബീച്ചിൽ പോകാൻ കഴിയുകയുള്ളൂ. കോവളം ബീച്ച് ലോകചരിത്രത്തിൽത്തന്നെ വലിയ സംഭവമാണ്. എന്നാൽ ഇന്ന് അത് ആണുങ്ങളുടെ കയ്യിലാണ്. അതും നഷ്ടപ്പെട്ടു. അതുകൊണ്ട്, അവശേഷിക്കുന്ന സ്ഥാപനങ്ങളും അതിന്റെ ഭൂമിയും സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാകണം.

ഞാൻ അമെന്റ്മെന്റിലേയ്ക്ക് കടക്കുകയാണ്. സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും സഹായിക്കുന്നതിനും അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കുമായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കണം. ഈ കാര്യത്തിൽ എനിക്ക് ചില സംശയങ്ങളുണ്ട്. നമ്മൾ ചുവപ്പുനാട സമ്പ്രദായത്തിനെതിരാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് ഒരു പുതിയ ചുവപ്പുനാടകൂടി അതിനകത്ത് വരുമെന്നാണ്. അതാണ് ഈ സെക്രട്ടേറിയറ്റ്. ഇത് ഏകോപിപ്പിക്കാൻ സെക്രട്ടേറിയറ്റിന്റെ ആവശ്യമുണ്ടോ; 5-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ ഞാൻ ചേർക്കുകയാണ്, സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കുമായി ബന്ധപ്പെട്ട എല്ലാ വ്യവസായ കേന്ദ്രത്തിന്റെയും ജനറൽ മാനേജർ, 5-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പിൽ ജില്ലാകളക്ടർ വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാനും ബന്ധപ്പെട്ട വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥാന കൺവീനർ ആയിരിക്കുന്നതുമാണ്. അത് അവ്യക്തമാണ്. 10 (എ) എന്ന പുതിയ വകുപ്പ് ചേർക്കാൻ പ്രധാനപ്പെട്ട ആക്ടിലെ 10-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്. സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡിന്റെയും വ്യവസായ പ്രദേശ ബോർഡിന്റെയും യോഗത്തിൽ ഹാജരാകുവാൻ വീഴ്ച വരുത്തുന്നവരെ ശിക്ഷണ നടപടികൾക്ക് വിധേയമാക്കുന്നതാണ്. അതും വ്യക്തമല്ല. ശിക്ഷണ നടപടികൊണ്ട് എന്ത് കാര്യം; 1999-ലെ കേരള വ്യവസായ ഉദ്ദേശ്യകാര്യങ്ങളാണ് ഏകജാലക ക്ലിയറൻസ് ബോർഡുകൾ. വ്യവസായ നഗര പ്രദേശ വികസന ആക്ടിൽ നിന്നാണ് നമ്മൾ ഈ ഭേദഗതി കൊണ്ടുവരുന്നത്. ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ

സംസ്ഥാന ബോർഡ്, ജില്ലാ ബോർഡ്, വ്യവസായ പ്രദേശ ബോർഡ്, വീണ്ടും കൂടുതൽ കുഴപ്പത്തിലേയ്ക്ക് പോകുകയല്ലേ; എത്ര ബോർഡായി; സംസ്ഥാന ബോർഡിൽ ചീഫ് സെക്രട്ടറിയാണ് അദ്ധ്യക്ഷൻ. മുഴുവൻ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടാണ് സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ ശ്രമിക്കുന്നത്. നിങ്ങളുടെ ഈ ഏകജാലക ബോർഡിൽ മുഴുവനും ഉദ്യോഗസ്ഥൻമാരാണ്. ഇതിൽ ഞാനെന്റെ അഭിപ്രായം പറയുകയാണ്: എം.എൽ.എ., എം.പി., തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ തുടങ്ങിയവർ ഈ ബോർഡിൽ അംഗങ്ങളായി വരണം. കാരണം, ഇതിന് ക്ലിയറൻസ് കൊടുക്കുന്നതാണ്. നമ്മൾ ആരും അറിയില്ല. എന്റെ മണ്ഡലത്തിൽ ക്ലിയറൻസ് കൊടുക്കുന്നത് ശുദ്ധ അസംബന്ധമായ ഒരു കാര്യമാണ്. അത് ഞാൻ ആരോട് പറയാൻ; പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കുള്ള അവകാശങ്ങളാണ് ഇതെല്ലാം. അത് നിങ്ങൾ കവർന്നെടുക്കുമ്പോൾ ജനപ്രതിനിധികൾ നോക്കുകുത്തികളായി നിൽക്കുകയാണ്. അതിനാൽ ഈ കാര്യത്തിൽ, നമ്മുടെ സുരക്ഷയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. അതിന് നിങ്ങൾ തടസ്സം നിൽക്കരുത്. ജന പ്രതിനിധികളില്ലാത്ത വികസനം എന്ന ഏകജാലകം എവിടെയാണ്; അതൊരു ചർച്ചയിൽ മാത്രം മതിയോ; ജനപ്രതിനിധികൾക്ക് എക്സിക്യൂഷന്റെ കാര്യത്തിൽ ഒരു പങ്കുമില്ലേ; ജനപ്രതിനിധികൾ ഇതിൽ എവിടെയാണ്; പ്രതിപക്ഷമായാലും ഭരണകക്ഷിയായാലും കൊള്ളാം. ഞാൻ ബാക്കി കാര്യങ്ങളൊന്നും പറയുന്നില്ല. ഈ കാര്യങ്ങൾ സംബന്ധിച്ച് നടപടികളെടുക്കാം അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. സെക്രട്ടേറിയറ്റിന്റെ രൂപീകരണത്തെ സംബന്ധിച്ച് പുനഃപരിശോധന നടത്തണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ ഇതിന്റെ അഞ്ചാമത്തെ പേജിൽ, സംസ്ഥാന ബോർഡ്-സംസ്ഥാന വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അവ പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ആധുനിക വത്കരിക്കുന്നതിനും സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും വേണ്ടി വിജ്ഞാപനംമൂലം സംസ്ഥാനത്ത് 'കേരള ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്. ഇത് മാത്രം പോരേ; എല്ലാ ആക്റ്റിവിറ്റീസും ആക്ഷൻസും അവരുടെ എല്ലാ ചുമതലകളും പറയുന്നുണ്ട്. അതിൽ ഗവൺമെന്റ് ചീഫ് സെക്രട്ടറി സംസ്ഥാന ബോർഡിന്റെ ചെയർമാനാണ്. ചീഫ് സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും എന്തെല്ലാം ജോലിയുണ്ടെന്ന് അറിയാമോ; ജില്ലാ കളക്ടർമാരെ ചെയർമാൻമാരായി നിയമിക്കുന്നതിനെക്കുറിച്ച് മനസ്സിലാകുന്നില്ല.

3.00 P.M.]

ഓരോ കമ്മിറ്റിയിൽ പങ്കെടുക്കുന്നതിന് എ.ഡി.എം.-നെ അല്ലെങ്കിൽ ക്ലാർക്കിനെ പറഞ്ഞയയ്ക്കും. കളക്ടർ കോടതി ഡ്യൂട്ടിക്ക് പോയിരിക്കുകയാണെന്നുള്ള കാരണം പറയും. അത് ശരിയല്ല. അതുകൊണ്ട് സംസ്ഥാന ബോർഡിനകത്ത് ചീഫ് സെക്രട്ടറിയെ കൂടാതെ എം.പി.-യോ എം.എൽ.എ.-മാരോ വേണം. മറ്റൊന്ന്, ഗവൺമെന്റ് ചീഫ് സെക്രട്ടറി സംസ്ഥാന ബോർഡിന്റെ ചെയർമാനും, കേരള സംസ്ഥാന വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സംസ്ഥാന ബോർഡിന്റെ കൺവീനറുമായിരിക്കുന്നതുമാണ്.' കേരള സംസ്ഥാന വികസന കോർപ്പറേഷൻ എന്നൊരു സ്ഥാപനമുണ്ടോ; അതിനെക്കുറിച്ച് എനിക്കറിയില്ല. അത് പരിശോധിക്കേണ്ടതാണ്. ഈ ആക്ടിനെക്കുറിച്ച് ഒരു സംശയമുണ്ട്. '(6)-ൽ സംസ്ഥാന ബോർഡിന്, ഈ ആക്ടപ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിൽ ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ തേടുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുമായി ഏതൊരു വ്യക്തിയുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആൾക്ക് ആ ആവശ്യം സംബന്ധിച്ച് ഒരു പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അദ്ദേഹത്തെ സംസ്ഥാന ബോർഡിന്റെ അംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.' ഇതെന്തിനാണ്? 6-ാമത്തെ clause ഡിലീറ്റ് ചെയ്യണം. ആർക്കും മനസ്സിലാകാത്ത കാര്യമാണ്.

(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാരസ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

ഇതെല്ലാം നല്ല കാര്യങ്ങൾ തന്നെയാണ്. അവിടെയുള്ള ആളുകൾ ഇവിടെ വന്ന് കാര്യങ്ങൾ തീരുമാനിച്ചാൽ മതി. പക്ഷേ ഇതിന് കണക്കുകളൊന്നുമില്ല.

(ക്യൂ) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ; തുടങ്ങിയവർ വരെ ഉൾപ്പെട്ടിട്ടുണ്ട്.

(ആർ) ബന്ധപ്പെട്ട വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥാനം, സ്വകാര്യ പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

ഇതിൽ ഗൗരവമായി പരിശോധിക്കേണ്ട പല വിഷയങ്ങളുമുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് വിടുമ്പോൾ അതെല്ലാം കൂടുതലായി ചർച്ച ചെയ്യാം. clause by clause ആയി ഇവിടെ പാസ്സാക്കേണ്ടിവരും. ഏകജാലക സമ്പ്രദായം ഇത് പാസ്സാക്കുന്നതോടുകൂടി നടപ്പിലാക്കണം. ഇത് കഴിഞ്ഞതവണ കൊണ്ടുവന്നതാണ്. വ്യവസായ നയത്തിലും പറഞ്ഞതാണ്. ഇന്ന് അതിനൊരു പ്രത്യേക ഐഡന്റിറ്റി വരികയാണ്, ഒരു നിയമംതന്നെ വരികയാണ്.

ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് ചട്ടങ്ങൾ ഉണ്ടാകാറില്ല. ആറും ഏഴും കൊല്ലം വരെ കാലതാമസമുണ്ടാകുന്നു. അങ്ങുതന്നെ ചില ചട്ടങ്ങൾ പാസ്സാക്കാനുള്ള അംഗീകാരത്തിനുവേണ്ടി സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നു. അത് പരിശോധിച്ചപ്പോൾ 8-ഉം 12-ഉം കൊല്ലം പഴക്കമുള്ളവയാണ്. നിയമം പാസ്സാക്കിയാൽ ചട്ടമില്ലാതെ എങ്ങനെയാണ് നടപ്പിലാക്കുന്നത്? അവ നടപ്പിലാക്കുന്നതിന് എന്ത് അധികാരമാണുള്ളത്? നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ ചട്ടം കൂടാതെ ഇംപ്ലിമെന്റ് ചെയ്യുന്നു എന്നുപറയുന്നതുപോലൊരു അരാജകത്വം വേറെയുണ്ടോ? അതുകൊണ്ട് ഇതിന് ചട്ടമുണ്ടാകണം. അതിനുവേണ്ട നടപടികൾകൂടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഇത് മൂവ് ചെയ്യുന്നു.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി <u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ദിവാകരന്റെ പല അഭിപ്രായങ്ങളോടും പൂർണ്ണമായി യോജിക്കുകയാണ്. ഈ ബിൽതന്നെ പ്രസക്തമല്ല എന്നതാണ് എന്റെ വാദം. ബഹുമാനപ്പെട്ട അംഗവും പറഞ്ഞത് അതുതന്നെയാണ്. നിയമസഭയുടെ വിലപ്പെട്ട സമയം ഇത്തരത്തിലുള്ള അപ്രസക്തമായ ബില്ലുകൾ കൊണ്ടുവന്ന് പാഴാക്കിക്കളയുകയാണെന്നാണ് എന്റെ

അഭിപ്രായം. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഓരോ ഭേദഗതികളും ഇന്ന് സർക്കാർ അവകാശപ്പെടുന്ന തരത്തിലുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനായിരുന്നാലും ഏകജാലക സംവിധാനമായിരുന്നാലും ഗുണകരമല്ല എന്നതാണ് യഥാർത്ഥ വസ്തുത. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, മൂന്നാം വകുപ്പിൽ (7)-ാം ഉപവകുപ്പുകൂടി ചേർത്തുകൊണ്ട് ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കാനുള്ള നിർദ്ദേശമാണ് വന്നിരിക്കുന്നത്. സെക്രട്ടേറിയറ്റിന്റെ രൂപമെന്താണ്; എത്ര രൂപ ചെലവ് വരും; എന്താണ് അതിന്റെ ഉദ്ദേശ്യം എന്നൊന്നും ഇതിൽ വ്യക്തമാക്കിയിട്ടില്ല. ഏകജാലകമെന്ന ഒരു പുതിയ സമിതിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബഹുജാലകമാക്കി മാറ്റാനുള്ള നീക്കമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. കൂടുതൽ സമിതികൾ കൂടുതൽ വൈകിപ്പിക്കാനും കൂടുതൽ നടപടിക്രമങ്ങളുണ്ടാക്കിക്കാനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് മുൻകാല അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. അംഗങ്ങൾക്കെതിരെ നടപടിയെടുക്കാൻ ശിപാർശ ചെയ്യുന്ന പത്താം വകുപ്പിൽ ഒരു 'എ' വകുപ്പുകൂടി ചേർത്തിരിക്കുകയാണ്. ബോർഡിലെ ഒരംഗം യോഗത്തിൽ പങ്കെടുത്തില്ലെങ്കിൽ അദ്ദേഹത്തിനെതിരെ വകുപ്പുതല നടപടിയെടുക്കാനുള്ള അധികാരം നൽകുന്ന വകുപ്പാണ് കൂട്ടിച്ചേർത്തിരിക്കുന്നത്. ഇതിൽ പങ്കെടുക്കുന്നവരെല്ലാം സർക്കാർ ഉദ്യോഗസ്ഥരാണ്. വ്യവസായ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർ അങ്ങനെ പറഞ്ഞുപോയാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേരള ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രതിനിധികൾ വരെ ഇതിനകത്ത് വന്നിരിക്കുകയാണ്. ഇവർക്കെതിരെ നടപടിയെടുക്കാൻ നിയമഭേദഗതിയുടെ ആവശ്യമുണ്ടോ; ഒരുദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ ഡ്യൂട്ടിയിൽ എന്തെങ്കിലും വ്യതിയാനം വരുത്തുകയോ അത് ചെയ്യാതിരിക്കുകയോ ചെയ്താൽ നടപടിയെടുക്കാൻ സർവ്വീസ് റൂൾ നിലവിലിരിക്കെ ഇങ്ങനെയൊരു നിയമഭേദഗതി കൊണ്ടുവരേണ്ട ആവശ്യമുണ്ടോ? ഇത്തരത്തിൽ കൊണ്ടുവന്നിട്ടുള്ള നിയമഭേദഗതികളെല്ലാംതന്നെ യഥാർത്ഥത്തിൽ മറ്റ് രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്. സെക്രട്ടേറിയറ്റിന്റെ രൂപീകരണം നടപടിക്രമങ്ങൾ കൂടുതൽ വൈകിപ്പിക്കാനും ദീർഘിപ്പിക്കാനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. അതാണ് ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അദ്ദേഹം നിരവധി കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അങ്ങനെ പല കാര്യങ്ങളും തുറന്നുപറയുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിച്ചപ്പോൾ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ 29000 വോട്ട് മാത്രമേ ലഭിച്ചുള്ളൂ. ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത നേതാവാണോ അദ്ദേഹം? അദ്ദേഹം തിരുവനന്തപുരം ജില്ലയിൽ നിന്ന് കരുനാഗപ്പള്ളിയിൽപോയി രണ്ടുതവണ ജയിച്ചു. അവിടെനിന്ന്

അദ്ദേഹത്തെ മാറ്റി നെടുമങ്ങാട് കൊണ്ടുവന്നപ്പോൾ അവിടെയും അദ്ദേഹം വിജയിച്ചു. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 40000 വോട്ടാണ് അരിവാൾ ചുറ്റിക നക്ഷത്രത്തിന് കിട്ടിയത്. ഇപ്പോൾ അദ്ദേഹത്തിന് അവിടെ കിട്ടിയത് 29000 വോട്ടാണ്. അപ്രിയ സത്യങ്ങൾ അദ്ദേഹം മുന്നണിക്കകത്തുതന്നെ വിളിച്ചു പറയുന്നതു കൊണ്ടായിരിക്കാം ഇടതുപക്ഷ വോട്ടുകളെല്ലാം പോയിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ വ്യവസായങ്ങളുടെ പുഷ്കര കാലമാണെന്നാണ് പറയുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഇവിടെ പറഞ്ഞു........

<u>ശ്രീ. വി. ജോയി</u>: സർ, വട്ടിയൂർക്കാവിലെ കാര്യം ബഹുമാനപ്പെട്ട അംഗം പറഞ്ഞല്ലോ; അവിടെ കോൺഗ്രസ്സിന്റെ വോട്ട് കുറഞ്ഞു. അതെവിടെ പോയി എന്ന് പറയാമോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കോൺഗ്രസ്സിന് 53000 വോട്ടുണ്ടായിരുന്നു. ഇപ്പോൾ 40000 വോട്ട് പിടിച്ചു. പോളിംഗ് ശതമാനം എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. 10 ശതമാനത്തിലേറെ പോളിംഗ് കുറഞ്ഞിരിക്കുകയാണ്. അതിന്റെയൊരു കുറവ് നമുക്കുണ്ടായിട്ടുണ്ട്, അത് സമ്മതിക്കുന്നു. പക്ഷേ 40000-ൽ നിന്നും 29000 ഒറ്റയടിക്ക് കുറയാൻ, അതും അദ്ദേഹത്തെപ്പോലെ സീനിയറായ, മന്ത്രിയായ, മത്സരിച്ച തെരഞ്ഞെടുപ്പുകളിലെല്ലാം ജയിച്ച ഒരു നേതാവിന് ഈ ഒരു കുറവ് വരാനുള്ള സന്ദേഹമാണ് ഞാനിവിടെ പ്രകടിപ്പിച്ചത്.

ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളൊരു കാര്യം, വ്യവസായ വകുപ്പിൽ നിന്നുതന്നെ അങ്ങേയ്ക്കൊരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. House Occupied Micro Enterprises Scheme (HOME). നമ്മുടെ വീടുകളിൽ നാനോ സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതിയാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിൽ ഏകദേശം 80 ലക്ഷത്തോളം വീടുകളുണ്ട്. അതിൽ അഞ്ചാറ് ലക്ഷം വീടുകളിലെങ്കിലും നമുക്ക് ഈ സംരംഭം ആരംഭിക്കാൻ സാധിക്കണം. മൂന്ന് വർഷത്തേയ്ക്ക് ലൈസൻസ് വേണ്ടെന്ന് പറയുന്നു. ലൈസൻസില്ലാതെ ഒരു സംരംഭം ആരംഭിക്കാൻ പോകുമ്പോൾ അതുകഴിഞ്ഞ് ലൈസൻസ് വേണമെന്ന വ്യവസ്ഥ നിലനിൽക്കെ ഏതെങ്കിലും ധനകാര്യ സ്ഥാപനം ആ സംരംഭകന് ലോൺ നൽകുമോ? സാമ്പത്തിക സഹായം ലഭിക്കാനായി അദ്ദേഹം അപേക്ഷ നൽകിയാൽ ലൈസൻസില്ലെന്ന കാരണം പറഞ്ഞ് തള്ളിക്കളയും. അഞ്ച് എച്ച്.പി.-ക്ക് താഴെ വൈദ്യുതി ഉപഭോഗവും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റെഡ് കാറ്റഗറിയിലുംപെടാത്ത നാനോ സംരംഭങ്ങൾ വീടുകളിൽ

ആരംഭിക്കുമ്പോൾ അതിന് ലൈസൻസ് ആവശ്യമില്ല; പകരം ഓൺലൈൻ രജിസ്ട്രേഷൻ മതി. ഓൺലൈൻ രജിസ്ട്രേഷൻ വന്നാൽ സോഫ്റ്റ്‌വെയറിൽ മാറ്റംവരുത്തി ഓൺലൈൻ മാർക്കറ്റിംഗും നമുക്ക് യാഥാർത്ഥ്യമാക്കാം. അങ്ങനെയായാൽ ഒരാൾക്ക് ഇന്ന് ഒരു സംരംഭം ആരംഭിക്കണമെന്ന് വിചാരിച്ചാൽ ഇന്നുതന്നെ ആരംഭിക്കാൻ കഴിയും. അങ്ങനെവരുമ്പോൾ Ease of doing business-ൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നമുക്കെത്താൻ സാധിക്കും. സംരംഭങ്ങൾക്കുള്ള എല്ലാ തടസ്സങ്ങളും മാറ്റി നമുക്കത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അതുകൊണ്ട് അതുസംബന്ധിച്ചുള്ള ഒരു തീരുമാനം അങ്ങ് കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിൽ വ്യവസായങ്ങളുടെ പുഷ്കരകാലമാണെന്ന് പറയുമ്പോൾത്തന്നെ ഈ അടുത്തകാലത്ത് വന്ന ചില വാർത്തകൾ അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. കോഴിക്കോടുള്ള ഒരു വ്യവസായി ഒരു വെളിപ്പെടുത്തൽ നടത്തി, 28 സ്റ്റോക്കിസ്റ്റുമാർ ചേർന്ന് ഒരു സംരംഭം ആരംഭിക്കാൻ ശ്രമിച്ചിട്ട് ഒരുതരത്തിലുള്ള സഹായവും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ലഭിക്കാതെ കേരളത്തിലെ ഭരണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും സമീപനത്തിൽ മനംമടുത്ത് അവർ ഗുജറാത്തിലേക്ക് പോയി. ഗുജറാത്തിൽ അവർ എത്തിയപ്പോൾത്തന്നെ അവിടത്തെ വ്യവസായ കമ്മീഷണർ അദ്ദേഹത്തിന്റെ കാറിലാണ് അവരെ സ്വീകരിച്ച് ബന്ധപ്പെട്ട മന്ത്രിയുടെ അടുത്ത് കൊണ്ടുപോയത്. 7 ശതമാനം പലിശയ്ക്ക് 100 കോടി രൂപ വായ്പ, 18 ഏക്കർ ഭൂമി. വെള്ളവും വൈദ്യുതിയും ഉൾപ്പെടെ നൽകുകയാണ്. 26 ദിവസം ഗുജറാത്ത് സർക്കാരിന്റെ അതിഥികളായി അവരെ താമസിപ്പിച്ചു. കോഴിക്കോടുള്ള ഒരു മലയാളി വ്യവസായി മാധ്യമങ്ങളോട് പറഞ്ഞ കാര്യം മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ എന്താണ് സ്ഥിതി? പ്രവാസി വ്യവസായിയായിരുന്ന സാജന്റെ കാര്യം ഇവിടെ പറഞ്ഞു. ജീവിതത്തിൽ കഷ്ടപ്പെട്ടുണ്ടാക്കിയ എല്ലാം ഉപയോഗിച്ചുകൊണ്ട് ഇവിടെയൊരു സംരംഭം ആരംഭിക്കാൻ വന്ന പ്രവാസി വ്യവസായിയായ സാജന്റെ ദുരന്തഭൂമിയാണിത്. 15 കോടി രൂപ മുടക്കിയിട്ടും അദ്ദേഹത്തിന് ആത്മഹത്യ ചെയ്യേണ്ടിവന്നു. അദ്ദേഹം ആത്മഹത്യ ചെയ്യുന്നതിന് തലേദിവസം ആ മുനിസിപ്പാലിറ്റിയിലെ ഒരു കൗൺസിലർ വിളിച്ച് നിങ്ങൾക്ക് അനുമതി തരില്ലെന്ന് ഭീഷണിപ്പെടുത്തിയതിന്റെ ഓഡിയോ റിക്കാർഡ് എല്ലാവരും കേട്ടതാണ്. ഇതാണ് ഇവിടത്തെ സമീപനം. സാജന്റെ ശവകുടീരം ഈ സർക്കാരിന്റെ സമീപനത്തിന്റെ സ്മാരകമായിട്ടാണ് ഉയർന്നുനിൽക്കുന്നതെന്ന കാര്യം മറന്നുപോകരുത്. വേളിയിലെ വ്യവസായ എസ്റ്റേറ്റിൽ സുരേഷ് എന്ന ഒരു വ്യവസായി ആത്മഹത്യ ചെയ്തു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ചെറുപുഴയിലെ കോൺട്രാക്ടറുടെ വീട് എന്തിന്റെ സ്മാരകമാക്കും?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ കരാറുകാരനായിരുന്ന ജെയിംസ് ആത്മഹത്യ ചെയ്തു. ജെയിംസ് ആത്മഹത്യ ചെയ്യാനുണ്ടായ കാരണം ഇന്ന് എല്ലാവർക്കുമറിയാം. നാല് കോൺഗ്രസ് നേതാക്കന്മാരാണ് ആ കേസിൽ അറസ്റ്റിലായത്. അതിൽ മുൻ കെ.പി.സി.സി. നിർവ്വാഹക സമിതി അംഗമുണ്ട്, ഡി.സി.സി. സെക്രട്ടറിയുണ്ട്, മുൻ പഞ്ചായത്ത് പ്രസിഡന്റുണ്ട്, കോൺട്രാക്ടറുണ്ട്. അദ്ദേഹം ആത്മഹത്യ ചെയ്ത് ഒരാഴ്ച കഴിയുന്നതിന് മുൻപ് കെ.പി.സി.സി. ഇടപെട്ട് 60 ലക്ഷം രൂപ ആ കുടുംബത്തിന് കൊടുത്തു. കോൺഗ്രസുകാരുടെ സൊസൈറ്റിയുടെ ബിൽഡിംഗ് നിർമ്മാണത്തിന് കോൺട്രാക്ടർക്ക് ചെലവായ തുക കൊടുക്കാത്തതിന്റെ പേരിൽ, 11 തവണ കോൺഗ്രസ് നേതാക്കൻമാരെയും ഡി.സി.സി. പ്രസിഡന്റിനേയും കണ്ടിട്ടും പണം കൊടുക്കാൻ തയ്യാറാകാതെ വന്നപ്പോഴാണ് അദ്ദേഹം മാനസികമായി തകർന്ന് ആത്മഹത്യ ചെയ്തത്. ആ നിങ്ങളാണ് ഇപ്പോൾ മറ്റ് കാര്യങ്ങളെക്കുറിച്ച് പറയുന്നത്. ചെറുപുഴയിലെ ജെയിംസിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് നിങ്ങൾക്കെന്താണ് പറയാനുള്ളത്? നിങ്ങൾ എന്തിനാണ് 60 ലക്ഷം രൂപ കൊടുത്ത് ആ വിഷയം സെറ്റിൽ ചെയ്തത്; അത് സ്മാരകമാക്കാൻ കഴിയുമോ; ഇതാണോ നിങ്ങളുടെ friendly ആയിട്ടുള്ള നിലപാട്?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട റ്റി. വി. രാജേഷ്, പോലീസും എല്ലാ അന്വേഷണ ഏജൻസികളും ഇന്ന് നിങ്ങളുടെ കയ്യിലാണ്. നിങ്ങൾ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി നടപടിയെടുക്കു. ആന്തൂരിലെ സാജന്റെ കേസിൽ അവരുടെ കുടുംബാംഗങ്ങൾ മൊഴി കൊടുത്തിട്ടും ആരുടെയെങ്കിലും വീട്ടിൽ, പോലീസ് സ്റ്റേഷനിൽ ചായ വാങ്ങാൻ നിൽക്കുന്ന ഒരാളെയെങ്കിലും പറഞ്ഞയച്ച് നിങ്ങളൊരു അന്വേഷണം നടത്തിയിട്ടുണ്ടോ? നിങ്ങളുടെ പോലീസ് അന്വേഷിക്കേണ്ട കാര്യത്തെക്കുറിച്ച് ഞങ്ങളോടാണോ നിങ്ങൾ ചോദിക്കുന്നത്? ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ ഒരു ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ നൽകിയ മറുപടിയുണ്ട്. അത് ഞാൻ വായിക്കാം.

"വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പീഡനംമൂലം വേളി വ്യവസായ എസ്റ്റേറ്റിലെ വ്യവസായിയായിരുന്ന സുരേഷ് ആത്മഹത്യ ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വേളി വ്യവസായ എസ്റ്റേറ്റിലെ വ്യവസായി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് വ്യവസായവകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? വ്യവസായ ആവശ്യങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു" .

അപ്പോൾ സ്ഥലം അനുവദിക്കുന്നതിൽ ഉദ്യോഗസ്ഥർ വരുത്തിയ വീഴ്ചയാണ് ഇക്കാര്യത്തിലുണ്ടായത്. മന്ത്രിതന്നെ അദ്ദേഹത്തിന്റെ മറുപടിയിൽ അത് സമ്മതിക്കുകയാണ്. അങ്ങനെയുള്ള മന്ത്രി പ്രസ്തുത സംഭവത്തിന്റെ പേരിൽ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കേസ് പോയിട്ട് വകുപ്പുതല നടപടിയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ? എങ്ങനെയാണ് വ്യവസായികൾ കേരളത്തിൽ വന്ന് വ്യവസായം തുടങ്ങുന്നത്? നിങ്ങളുടെ വൈദ്യുതി ചാർജ് വർദ്ധനവ് ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ലേ? ഒരു മാസം അയ്യായിരം രൂപയുടെ വരെ അധിക ബാധ്യതയാണ് ഇത്തരം ചെറുകിട സംരംഭങ്ങൾക്കുണ്ടാകുന്നത്. അമ്പതിനായിരത്തിലേറെ ചെറുകിട സംരംഭങ്ങൾ ഇവിടെയുണ്ട്. അമ്പതിനായിരം ചെറുകിട സംരംഭങ്ങൾക്കായി 300 കോടിയിലേറെ രൂപയുടെ അധിക ബാധ്യതയാണ് ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിലൂടെ ഉണ്ടായിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. പതിനായിരം യൂണിറ്റ് വരെയാണ് ഇത്തരം സംരംഭങ്ങൾ ഉപയോഗിക്കുന്നത്. പതിനായിരം യൂണിറ്റ് ഉപയോഗിക്കുമ്പോൾ അയ്യായിരം രൂപയുടെ അധിക ബാധ്യതയാണ് ചെറുകിട സംരംഭങ്ങൾക്കുണ്ടാകുന്നത്. ചെറിയ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ പോലെയുള്ള സ്ഥാപനങ്ങളാണ് ചെറുകിട സംരംഭങ്ങളിൽ ഉൾപ്പെടുന്നത്. പ്രതിമാസം അയ്യായിരം രൂപ അവർക്ക് അധിക ബാധ്യതയായി വരുന്നു. ജപ്പാനിലെ നിസ്സാൻ കമ്പനി ഇവിടെ ഒരു ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കാനായി വന്നു. 2018-ൽ കമ്പനി ധാരണാപത്രം ഒപ്പിട്ടു. അന്ന് മുഖ്യമന്ത്രി പറഞ്ഞത് ഈ ചരിത്ര പ്രഖ്യാപനം ആദ്യത്തെ ആഗോള ബ്രാൻഡ് കേരളത്തിൽ വരുന്നതിന്റെ തുടക്കമാണെന്നാണ്. അതിനുശേഷം മുഖ്യമന്ത്രിയെ പിന്തുണയ്ക്കുന്നവരെല്ലാം മൈക്രോസോഫ്റ്റ്, മഹീന്ദ്ര തുടങ്ങിയ കമ്പനികളൊക്കെ വരുന്നുവെന്ന് പറഞ്ഞു. നിസ്സാൻ കമ്പനിയുടെ മേലധികാരികൾ ചീഫ് സെക്രട്ടറിക്ക് ഇപ്പോൾ കത്തെഴുതിയിരിക്കുകയാണ്-സർക്കാർ ഒന്നും ചെയ്യുന്നില്ല, ഞങ്ങൾ നോക്കിയിരുന്ന് മടുത്തുവെന്ന്. ജപ്പാൻ, ചൈന, ഫ്രാൻസ്, അമേരിക്ക എന്നിവയ്ക്കുശേഷം അഞ്ചാമത് ഡിജിറ്റൽ ഹബ്ബ്. ഇവർക്ക് 70 ഏക്കർ ഭൂമി കൊടുക്കാമെന്ന് പറഞ്ഞു. ആദ്യഘട്ടത്തിൽ 30 ഏക്കറും രണ്ടാമത്തെ ഘട്ടത്തിൽ

40 ഏക്കറുമെന്നാണ് പറഞ്ഞത്. എന്നാൽ അതൊന്നും നൽകാതെ ഇൻഫോസിസ് കാമ്പസിൽ താത്കാലികമായി സ്ഥലം അനുവദിച്ചു. ആ താത്കാലിക സ്ഥലത്തിന്റെ രജിസ്ട്രേഷന് പോയപ്പോൾ അത് സബ്‌ലീസാണെന്ന കാരണത്താൽ high rate-ൽ ഉള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കാൻ പോകുകയാണ്. ഇതാണ് സംരംഭം നടത്താൻ വരുന്ന ഒരു കമ്പനിക്കുണ്ടായിരിക്കുന്ന ദുരനുഭവം.

വളരെ വേഗത്തിൽ കാര്യങ്ങൾ ചെയ്തുതീർക്കാൻവേണ്ടി 15 ലക്ഷം രൂപ കൊടുത്ത് നിർമ്മിച്ചിട്ടുള്ള സോഫ്റ്റ്‌വെയറാണ് 'കെ-സിഫ്റ്റ്'. വിവിധ വകുപ്പുകളുടെ എല്ലാ അനുമതികളും ഒരു ഏകജാലക സംവിധാനത്തിലൂടെ വരുന്നതിനുവേണ്ടി നിർമ്മിച്ച ഈ സോഫ്റ്റ്‌വെയറിൽ മാസങ്ങൾ കഴിഞ്ഞിട്ടും പല വകുപ്പുകളെയും ബന്ധപ്പെടുത്താൻ സാധിച്ചിട്ടില്ല. പുതിയ അപേക്ഷകളല്ലാതെ അനുമതി പുതുക്കാനുള്ള സൗകര്യം ഈ സോഫ്റ്റ്‌വെയറിന്റെ അപര്യാപ്തതയായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ സോഫ്റ്റ്‌വെയറിലൂടെ അഞ്ച് വർഷത്തേയ്ക്കാണ് ലൈസൻസ് നൽകുന്നത്. എന്നാൽ ഫയർ ആന്റ് സേഫ്റ്റിക്കാണെങ്കിൽ എല്ലാവർഷവും അനുമതി പുതുക്കേണ്ടതുണ്ട്. ഇത് സാങ്കേതികമായൊരു പ്രശ്നമായി ഇതിനകത്ത് നിൽക്കുകയാണ്. കഴിഞ്ഞ മെയ് മാസം 20 വരെ 305 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അതിൽ അനുമതി ലഭിച്ചത് 43 എണ്ണത്തിന് മാത്രമാണ്. ഈ 43 എണ്ണത്തിനും ഡീംഡ് അനുമതിയാണ് ലഭിച്ചത്. കാരണം, നടപടി സ്വീകരിക്കാത്തതുമൂലം അനുമതി ലഭിച്ചതായി കരുതപ്പെടുന്ന ഡീംഡ് അനുമതിയാണ് ലഭിച്ചത്. ലഭിച്ച അപേക്ഷകളിൽ 123 അപേക്ഷകൾ ജില്ലാതലത്തിൽ അനുമതിക്കായി അയച്ചിട്ടുണ്ട്. അങ്ങനെ ജില്ലാതലത്തിൽ അനുമതിക്കായി അയയ്ക്കുണമെങ്കിൽ കെ-സിഫ്റ്റ് എന്തിനാണ്? കെ-സിഫ്റ്റ് എന്നുപറയുന്നതിനേക്കാൾ കെ-സ്ലോ എന്ന് പറയുന്നതായിരിക്കും നല്ലത് പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചു. കൈത്തറി മേഖല പിടിച്ചുനിൽക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അതിനോട് യോജിക്കുന്നില്ല. കൈത്തറിയുടെ നാട്ടിൽ നിന്നാണ് ഞാൻ വരുന്നത്. കൈത്തറി തൊഴിലാളികൾക്ക് വളരെ ആശ്വാസകരമായ ഒരു പ്രഖ്യാപനമായിരുന്നു യൂണിഫോം തുണികൾ കൈത്തറിയിലേയ്ക്ക് മാറ്റുന്നുവെന്നുള്ളത്. അങ്ങനെ വന്നപ്പോൾ ആയിരക്കണക്കിന് കൈത്തറി തൊഴിലാളികൾ അവരുടെ തറികൾ യൂണിഫോം നെയ്യുന്നതിനനുസരിച്ച് റീ-സെറ്റ് ചെയ്തു. ഒരു തറി റീ-സെറ്റ് ചെയ്യണമെങ്കിൽ എണ്ണായിരം മുതൽ പതിനായിരം രൂപവരെ ചെലവുണ്ട്. അങ്ങനെ റീ-സെറ്റ് ചെയ്ത് യൂണിഫോം നെയ്യുന്ന സംരംഭത്തിലേയ്ക്ക് തൊഴിലാളികളെത്തി. കൂലിപ്പണിക്കാരായ ആളുകൾക്ക് ആറ് മാസമായി കൂലി മുടങ്ങിയിരിക്കുകയാണ്. സർക്കാരാണ് നേരിട്ട്

കൂലി നൽകുന്നത്. അതുപോലെ നൂൽ യഥാസമയം കൈത്തറി തൊഴിലാളികൾക്ക് നൽകുന്നില്ല. നൂൽ നൽകാത്തതുകൊണ്ട് ഒരു മാസം 12 ദിവസംപോലും അവർക്ക് ജോലി ചെയ്യാൻ കഴിയുന്നില്ല. 18 ദിവസവും തൊഴിലില്ലാതായിരിക്കുകയാണ്. പഴയതുപോലെ മുണ്ടും സാരിയുമെല്ലാം നെയ്യുന്ന തരത്തിലേക്ക് ആ തറികൾ റീ-സെറ്റ് ചെയ്യാൻ ഇവർക്ക് കഴിയില്ല. പഴയതിലേയ്ക്ക് കൊണ്ടുപോകണമെങ്കിൽ പതിനായിരം രൂപ വീണ്ടും ചെലവഴിക്കേണ്ടിവരികയാണ്. സർക്കാരിന്റെ കാരുണ്യം കാത്ത് ഇന്ന് നെയ്ത്ത് തൊഴിലാളികൾ നിൽക്കുകയാണ്. സർക്കാർ കൂലിയും നൂലും കൃത്യമായി നൽകാത്ത അവസ്ഥ നിലവിലുണ്ട്. പുതിയ ഏതെങ്കിലുമൊരു സ്കീം കൈത്തറി മേഖലയിൽ നമ്മൾ നടപ്പിലാക്കുന്നുണ്ടോ? ഈ മേഖലയെ സംരക്ഷിക്കാനും പ്രോത്സാഹനം നൽകാനും കാലാകാലങ്ങളായി ഹാന്റ്ലൂം ഡയറക്ടർ ഗവൺമെന്റ് മുഖേന കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പുതിയ സ്കീമുകൾ സമർപ്പിക്കും. പുതിയ സ്കീമുകൾക്ക് സംസ്ഥാന ഗവൺമെന്റുകൾ രൂപം നൽകും. അങ്ങനെ ഏതെങ്കിലുമൊരു പുതിയ സ്കീം കൈത്തറി മേഖലയ്ക്കായി പരിചയപ്പെടുത്തുകയോ കേന്ദ്രത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടുള്ളതായി ഗവൺമെന്റിന് പറയാൻ സാധിക്കുമോ? നിലവിലുള്ള പല സ്കീമുകളുടേയും ആനുകൂല്യങ്ങൾ നെയ്ത്തുകാർക്ക് ഇന്ന് നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നെയ്ത്തുകാർക്കുള്ള ഭവനനിർമ്മാണ പദ്ധതി, അവരുടെ തറി/ലൂം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, ആരോഗ്യ ഇൻഷ്വറൻസ്; സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിനുവേണ്ടിയുള്ള സർക്കാർ ഓഹരി ഇവയൊന്നും ഇപ്പോൾ നൽകുന്നില്ല. മാർക്കറ്റിംഗ് ഇൻസെന്റീവ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂടിയാണ് നൽകുന്നത്. ആ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇന്ന് മുടങ്ങിയിരിക്കുകയാണ്. കേന്ദ്രത്തിൽ നിന്ന് മാർക്കറ്റിംഗ് ഇൻസെന്റീവ് ലഭിച്ചാലും സംസ്ഥാന ഗവൺമെന്റ് അത് നൽകാത്ത അവസ്ഥ വന്നിരിക്കുന്നു. നൂൽ ബാങ്കുകൾക്കുള്ള മാർജിൻ മണി സർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൈത്തറി മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾ ഇന്ന് വലിയ പ്രതിസന്ധിയിലാണ്.

കേരളത്തിന്റെ ഏറ്റവും വലിയ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ നിരവധി വ്യവസായ സംരംഭങ്ങൾക്ക് ഇവിടെ തുടക്കം കുറിക്കാൻ സാധിക്കുമായിരുന്നു. ഈ പദ്ധതിയിൽ പറഞ്ഞിട്ടുള്ള സീ-ഫുഡ് പാർക്ക് ഉൾപ്പെടെയുള്ള അനുബന്ധ വ്യവസായങ്ങൾ ഇവിടെ വരേണ്ടതുണ്ട്. അടുത്ത ഡിസംബർ മാസം പൂർത്തിയാകേണ്ടുന്ന വിഴിഞ്ഞം പദ്ധതി ഇനി എന്നാണ് പൂർത്തിയാക്കാൻ സാധിക്കുക? മൂവായിരം മീറ്ററിലധികം നീളമുള്ള ബേക്ക് വാട്ടർ നിർമ്മിക്കുന്നിടത്ത് ഇതുവരെ നിർമ്മിച്ചിട്ടുള്ളത് വെറും 600 മീറ്റർ മാത്രമാണ്.

റെയിൽവേ അലൈൻമെന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. റെയിൽ കണക്ടിവിറ്റിയോ സീ-ഫുഡ് പാർക്കിനുള്ള പ്രവർത്തനമോ ഫിഷിംഗ് ഹാർബറിനുള്ള നടപടികളോ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. വിഴിഞ്ഞം പദ്ധതിയെ എല്ലാ നിലയ്ക്കും സ്വാഗതം ചെയ്ത തദ്ദേശവാസികളാണ് അവിടെയുള്ളത്. നമുക്കറിയാം ഇത്തരത്തിലുള്ള ബൃഹത്തായ ഏത് പദ്ധതി വന്നാലും തദ്ദേശവാസികളിൽ നിന്നുള്ള എതിർപ്പ് എല്ലാക്കാലത്തും ഉണ്ടാകുമായിരുന്നു. കുളച്ചൽ പദ്ധതിയെക്കുറിച്ച് നമുക്കറിയാം. കുളച്ചൽ പദ്ധതി വരുമ്പോൾ അവിടത്തെ ജനങ്ങൾ വലിയ എതിർപ്പുമായി വന്നു. എന്നാൽ ഇത് ഞങ്ങളുടെ സ്വപ്നപദ്ധതിയാണെന്നും ഇത് കൊണ്ടുവരണമെന്നും ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്തവരാണ് തദ്ദേശവാസികളായ വിഴിഞ്ഞം നിവാസികൾ എന്നുള്ള കാര്യം അങ്ങേയ്ക്കും അറിവുള്ളതാണ്. അങ്ങനെയുള്ള ആളുകൾക്ക് ഇന്ന് പല ബുദ്ധിമുട്ടുകളും വന്നുകൊണ്ടിരിക്കുകയാണ്. അവിടത്തെ പൈലിംഗ് കാരണം വീടുകൾക്ക് കേടുപാടുകൾ വന്നുകൊണ്ടിരിക്കുന്നു. അധികമായി വരുന്ന ഇന്ധനം നൽകുമെന്ന് പറഞ്ഞിട്ട് അധികം മണ്ണെണ്ണ നൽകാൻ കഴിയാത്ത സ്ഥിതിയുണ്ടായിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഗവൺമെന്റ് നൽകിയെന്ന് പറയുന്ന പാക്കേജ് പൂർണ്ണമായും കൊടുത്ത് തീർന്നിട്ടില്ല. നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിനുശേഷം തൊഴിൽ നഷ്ടപ്പെട്ട ആളുകൾക്ക് പൂർണ്ണമായും പാക്കേജുകൾ കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. സമയബന്ധിതമായി പൂർത്തിയാക്കിയാൽ കേരളത്തിന്റെ വ്യവസായ സ്വപ്നങ്ങൾക്ക് കൂടുതൽ ചിറകുവച്ച് പറക്കാൻ സാധിക്കുമായിരുന്ന ഈ പദ്ധതി ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്റർ എന്ന ചുമതല കൃത്യമായി നിർവ്വഹിക്കാത്തതും മോണിറ്റർ ചെയ്യാത്തതും കാരണം നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഒന്നും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥ വന്നിരിക്കുന്നു. അത് ഈ സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് സംഭവിച്ചിട്ടുള്ള ഒന്നാണെന്ന് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. ഇവിടെ വ്യവസായങ്ങൾ വരണമെന്ന് നമ്മളെല്ലാപേരും ആഗ്രഹിക്കുന്നു. വ്യവസായങ്ങൾ കൊണ്ടുവരണം. പക്ഷേ, ഇവിടത്തെ അന്തരീക്ഷമെന്താണ്? കേരളം ഒരു നക്സലൈറ്റ് ഭൂമിയാണെന്ന പ്രതീതിയല്ലേ ഇന്ന് കേരളത്തിന് പുറത്തും ലോകത്തെമ്പാടും നൽകിയിരിക്കുന്നത്? ഡി.വൈ.എഫ്.ഐ.-യുടെ രണ്ട് പ്രവർത്തകരെ ഇന്ന് യു.എ.പി.എ. നിയമം ചുമത്തി ജയിലിലടച്ചിരിക്കുകയാണ്. ആ കുട്ടികളുടെ വീട്ടിൽ പോലീസ് പരിശോധിച്ചപ്പോൾ അലമാരക്കുള്ളിൽ വിലപ്പെട്ട സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കുന്നതിനോടൊപ്പം കണ്ടെടുത്തത് സി.പി.ഐ.(എം)-ന്റെ അരിവാൾ ചുറ്റിക നക്ഷത്രം ആലേഖനം ചെയ്ത പതാകയാണെന്ന് നിങ്ങൾ ഓർക്കണം. ഇവർ നക്സലൈറ്റുകളാണ്, നക്സൽ

പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്നുള്ള തെളിവുകൾ പോലീസ് ഓരോ ദിവസവും പുറത്തുവിട്ടുകൊണ്ടിരിക്കുമ്പോൾ അവർ നക്സലൈറ്റുകളാണോ അല്ലയോ എന്നുള്ളത് നിങ്ങൾ വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നക്സലൈറ്റുകളാണെങ്കിൽ, കേരളത്തിലെ നക്സൽ പ്രസ്ഥാനങ്ങളിലേയ്ക്ക് യുവാക്കളെ റിക്രൂട്ട് ചെയ്യുന്ന ഒരു റിക്രൂട്ടിംഗ് ഏജൻസിയായി ഡി.വൈ.എഫ്.ഐ. മാറിയെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. നക്സലൈറ്റ് പ്രസ്ഥാനങ്ങളിലേയ്ക്ക് യുവാക്കൾ പോകുന്നതിന് മുമ്പുള്ള ഒരു ഇടത്താവളം മാത്രമാണ് ഡി.വൈ.എഫ്.ഐ. എന്ന് പറയേണ്ടിവരും. അതല്ലേ ഇവിടെ കാണാൻ സാധിച്ചത്? ഞങ്ങളുടെ പോലീസ് അല്ലല്ലോ. നിങ്ങളുടെ പോലീസാണ് ഡി.വൈ.എഫ്.ഐ.-ക്കാരെ മാവോയിസ്റ്റുകളെന്നുപറഞ്ഞ് അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചിരിക്കുന്നത്. മാവോയിസ്റ്റുകളല്ലെന്ന് തെളിഞ്ഞാൽ ആ കുട്ടികൾ ജയിലറയിൽ അനുഭവിക്കുന്ന പീഡനങ്ങൾക്ക് ആര് സമാധാനം പറയും?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇന്ന് ബഹുമാന്യനായ പ്രകാശ് കാരാട്ടിന്റെ ഒരു പ്രസ്താവനയുണ്ട്. അദ്ദേഹം പറഞ്ഞു മാവോയിസ്റ്റിന്റെ ലേഖനം കയ്യിൽനിന്നും ലഭിച്ച എന്നതുകൊണ്ട് അവർ മാവോയിസ്റ്റാകില്ല എന്ന്. അത് തിരുത്തണമെന്ന് ശ്രീ. പ്രകാശ് കാരാട്ടിന്റെ പ്രസ്താവനയിൽ കണ്ടു. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ശ്രീ. പ്രകാശ് കാരാട്ടിന്റെ പ്രസ്താവന ഞാനും കണ്ടിരുന്നു. അദ്ദേഹത്തെപ്പോലെയുള്ള മുതിർന്ന സി.പി.ഐ.(എം.) നേതാവും സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടറിയുൾപ്പെടെയുള്ള എല്ലാ നേതാക്കന്മാരും ഒരേ സ്വരത്തിൽ പറയുന്ന കാര്യങ്ങളാണിതെല്ലാം. ചരിത്രത്തിലില്ലാത്ത വിധത്തിൽ ഏഴുപേരെ fake encounter-ലൂടെ വെടിവച്ച് കൊലപ്പെടുത്തിയിരിക്കുകയാണ്. കേരള സംസ്ഥാനത്തെക്കുറിച്ച് മറ്റുസ്ഥലങ്ങളിൽ ഇതെന്ത് പ്രതിച്ഛായയാണ് ഉണ്ടാക്കാൻ പോകുന്നത്? എന്നിട്ട് സി.പി.ഐ.(എം)-നും മുഖ്യമന്ത്രിക്കും മാത്രം യാതൊരു കുലുക്കവുമില്ല. ഇവിടെ യു.എ.പി.എ. നിയമം കൊണ്ടുവന്നത് കോൺഗ്രസ്സാണെന്നു പറഞ്ഞ് ഞങ്ങളെ ആക്ഷേപിക്കുകയാണ്. നിയമങ്ങൾ കൊണ്ടുവരുന്നത് തെറ്റാണെന്നല്ല, ആ നിയമങ്ങൾ എങ്ങനെ ഉപയോഗിക്കുമെന്നുള്ളതിനാണ് പ്രാധാന്യം. കൊല്ലൻ കത്തിയുണ്ടാക്കുമ്പോൾ ആ കത്തിയാണ് തെറ്റുകാരനെന്ന് പറയരുത്. കുത്ത് കേസിലെ പ്രതി കത്തിയാണെന്ന് പറയുന്നതുപോലെയാണ് ഇവർ ഈ പരിഹാസവുമായി വരുന്നത്. കുത്ത് കേസിലെ പ്രതി കത്തിയല്ല. അതെടുത്ത് ദുരുപയോഗം ചെയ്യുന്നതല്ലേ? ആ

ദുരുപയോഗത്തിന്റെ കഥകളാണ് ഞങ്ങൾ പറഞ്ഞത്. ആ നിയമത്തെ ദുരുപയോഗം ചെയ്യുന്ന കഥയാണ് ബഹുമാനപ്പെട്ട പ്രകാശ് കാരാട്ട് പറഞ്ഞിരിക്കുന്നത്. വ്യവസായങ്ങൾ വരണമെന്ന് ആഗ്രഹിക്കുമ്പോൾ മാവോയിസ്റ്റുകളുടെ ഭൂമിയായി കേരളം മാറുന്നു. വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ വരുന്ന പ്രവാസി വ്യവസായികൾ ആത്മഹത്യയിലേയ്ക്ക് അഭയം പ്രാപിക്കുന്ന സാഹചര്യം ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുമ്പോൾ എങ്ങനെയാണ് വ്യവസായങ്ങൾ കൊണ്ടുവരാൻ സാധിക്കുന്നത്. ഏതെങ്കിലും പ്രവാസി ഇവിടെ വ്യവസായം ആരംഭിക്കാൻ വരുമോ? ഇത്തരത്തിലുള്ള സർക്കാരിന്റെ നിലപാടും സമീപനവുമാണ് മാറേണ്ടത്. പ്രവാസി വ്യവസായിയായ സാജന്റെ മരണത്തിൽ ഒരാളെയെങ്കിലും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; അതിന്റെ അന്വേഷണം എവിടെയാണ് എത്തിയിരിക്കുന്നത്; ആ അന്വേഷണത്തിന്റെ വിശദാംശങ്ങൾ ആർക്കെങ്കിലും അറിയാമോ? അദ്ദേഹത്തിന്റെ വിധവയായ ഭാര്യയെപ്പോലും അപമാനിക്കുന്ന തരത്തിലല്ലേ പോലീസിന്റെ അന്വേഷണം പോയിട്ടുള്ളത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ വ്യവസായങ്ങൾ കൊണ്ടുവരാനല്ല, വ്യവസായങ്ങൾ ആരംഭിക്കാനായി വരുന്ന ആളുകളെ ഇവിടെനിന്നും ഓടിക്കുന്നതിനുള്ള സമീപനം മാത്രമാണ് സ്വീകരിക്കുന്നത്. ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ ഭേദഗതികളും അനാവശ്യമാണെന്നും ഒരിക്കലും ഏകജാലക വ്യവസായത്തിന് പ്രോത്സാഹനം നൽകുന്ന തരത്തിലുള്ളതല്ലെന്നും അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ നിർത്തുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിലപ്പെട്ട ഒട്ടനവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ചില നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വീണ്ടും പരിശോധിച്ച് നിയമസഭയിൽ വിശദമായ പരിശോധനയ്ക്ക് വരും. അതോടുകൂടി സമ്പുഷ്ടമായ ഒരു നിയമമാക്കി ഈ ബില്ലിനെ മാറ്റാൻ നമുക്ക് സാധിക്കും. ഇവിടെ അവസാനം സംസാരിച്ച ശ്രീ. എം. വിൻസെന്റ് ഇങ്ങനെയൊരു നിയമം ആവശ്യമില്ലെന്നാണ് പറഞ്ഞത്. കേരളത്തിൽ എന്തുകൊണ്ടാണ് ഇത്തരമൊരു നിയമനിർമ്മാണത്തിന് ഗവൺമെന്റിനെ പ്രേരിപ്പിച്ചത്? ഇത് ആദ്യത്തെ നിയമമല്ല. 1999-ൽ ഇവിടെ വ്യവസായ വളർച്ചയ്ക്ക് ഉപയുക്തമാകത്തക്ക നിലയിലുള്ള ഏകജാലക സംവിധാനം നടപ്പിലാക്കാനുള്ള നിയമം കൊണ്ടുവന്നിരുന്നു. അതിനുശേഷം 2018-ൽ 'K-SWIFT' software (Kerala Single Window Interface for Fast & Transparent Clearance) വികസിപ്പിച്ചെടുത്തു. K-SWIFT software വികസിപ്പിച്ചെടുക്കാൻ കാരണം

കേരളത്തിലുയർന്നു വന്ന ഒരു പ്രശ്നമാണ്. കേരളം ഒരു വ്യവസായത്തിനും വളർച്ചയ്ക്കും പറ്റിയ നാടല്ല, ഇവിടെ കുഴപ്പമാണ്, സമരമാണ്, ട്രേഡ് യൂണിയൻ ബാഹുല്യമാണ്, ട്രേഡ് യൂണിയനുകൾ തമ്മിലടിയാണ്, അതുകൊണ്ട് കേരളത്തിൽ ഒരു സംരംഭവും ആരംഭിക്കാൻ കഴിയാത്ത, സാഹചര്യമില്ലാത്ത നാടാണ് എന്നൊക്കെയാണ് ശ്രീ. എം. വിൻസെന്റ് ഇപ്പോൾ നടത്തിയിട്ടുള്ള പ്രസ്താവനകളുടെ അവസാനഭാഗം. ഇതാണ് നമ്മുടെ നാടിന് ശാപം. കേരളത്തെ എങ്ങനെയെല്ലാം നമുക്ക് വികസിപ്പിക്കാൻ സാധിക്കും; കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് എങ്ങനെയെല്ലാം പരിഹാരം കാണാൻ സാധിക്കും; അതിന് ഓരോ രംഗത്തും നിർവ്വഹിക്കേണ്ട കാര്യങ്ങളെന്താണ്; അത് സംബന്ധിച്ച് ഗഹനമായി ചർച്ചനടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കേരളത്തെ അഭിവൃദ്ധിപ്പെടുത്താനല്ലേ നാം ശ്രമിക്കേണ്ടത്. ഇവിടെ സംസാരിച്ചിട്ടുള്ള പ്രതിപക്ഷ നേതാക്കളെല്ലാം അത്തരമൊരു നിലപാടല്ല സ്വീകരിച്ചത്. ആദ്യമായി സംസാരിച്ച ശ്രീ. കെ. എൻ. എ. ഖാദർ നല്ല അപ്രോച്ചാണ് നടത്തിയത്. കേരളം വികസിക്കണം, വളരണം, അതിനുള്ള സാഹചര്യമൊരുക്കണം. അപ്പുറവും ഇപ്പുറവും എന്നുള്ളതല്ല നമുക്കെല്ലാം കൂടി യോജിച്ചുകൊണ്ട് കേരളത്തിൽ വ്യാവസായിക വികസനമുണ്ടാക്കണം. കാർഷിക വ്യവസായ വളർച്ചയിലൂടെ മാത്രമേ കേരളത്തിന്റെ അഭിവൃദ്ധിക്ക് സാധിക്കുകയുള്ളൂ. അതിന് എന്തൊക്കെ കുറവുകളുണ്ട്; കാർഷികോൽപ്പാദനം എങ്ങനെയൊക്കെ വർദ്ധിപ്പിക്കാം; കാർഷികോൽപ്പാദനത്തിന്റെ വർദ്ധനവിനനുസരിച്ചുവേണം വ്യാവസായിക വളർച്ച രൂപപ്പെടുത്തിയെടുക്കേണ്ടത്. അതിനനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരളത്തിൽ വല്ലാത്തൊരു അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. ആ അന്തരീക്ഷം മാറ്റാൻ ഒരു പൊതു സാഹചര്യമുണ്ടാകണം. കേരളം ഒരു നല്ല നാടാണ്. കേരളം സമാധാനപ്രിയരുടെ നാടാണ്. രാഷ്ട്രീയ പ്രബുദ്ധതയുള്ളവരുടെ നാടാണ്. ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടം മുതൽ ഒട്ടനവധി ദേശീയ സമരങ്ങൾക്കും സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്കും നേതൃത്വം കൊടുത്ത് വളർന്നുവന്ന ഒരു നാടാണ്. സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനഫലമായി മാറിവന്നൊരു നാടാണ്. ഏത് വ്യവസായികൾക്കും, ആർക്കും കടന്നുവരാൻ പറ്റുന്ന ഇന്ത്യയിലെ മെച്ചപ്പെട്ട സംസ്ഥാനമാണെന്ന് പടിപടിയായി കേരളത്തിലെ ജനങ്ങളെ നിരീക്ഷിച്ചുകൊണ്ട് ലോകരെങ്ങും ഇന്ന് അഭിപ്രായപ്പെടുകയല്ലേ; ലോകത്തിൽ അത്തരമൊരു അഭിപ്രായം രൂപപ്പെട്ടുവരികയല്ലേ; ആ അഭിപ്രായപ്പെട്ടുവരുന്ന സാഹചര്യങ്ങളെ ഒന്നുകൂടി എങ്ങനെയൊക്കെ മെച്ചപ്പെടുത്താൻ കഴിയുമെന്നല്ലേ നമ്മൾ നോക്കേണ്ടത്. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വളർച്ചയുണ്ടാകണമെങ്കിൽ നമ്മുടെ കാർഷിക വ്യാവസായിക രംഗം വളരണം. വ്യവസായത്തിനു മുന്നിലുള്ള പ്രശ്നം എന്താണ്?

ഇവിടെ വരുന്നവർ ഇത്തരത്തിലുള്ള പ്രചരണം കേട്ട് പേടിച്ച് ഓടുകയാണ് ചെയ്യുന്നത്. കേരളീയർ പാലക്കാടിനടുത്തുള്ള വാളയാർ ചുരത്തിനപ്പുറത്തുപോയി വ്യവസായം ആരംഭിക്കുകയാണ്. ആ മനോഭാവം നമ്മൾ മാറ്റിയെടുക്കണ്ടേ? കഞ്ചിക്കോട് സ്ഥാപിച്ച വ്യവസായം തമിഴ്നാട്ടിൽ കൊണ്ടുപോയി സ്ഥാപിക്കുകയാണ്. ഇത്തരത്തിലുള്ള മനോഭാവവും പ്രചരണവും കൊണ്ടാണിത് സംഭവിക്കുന്നത്. കേരളം നിങ്ങളുടെ നാടാണ്, നിങ്ങൾ ഇവിടെ വരൂ, ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കാം എന്നാണ് അവരോട് പറയേണ്ടത്. ഇന്ത്യയിൽ ഏത് സംസ്ഥാനങ്ങളിലുംവച്ച് ഏറ്റവും മെച്ചപ്പെട്ട രാഷ്ട്രീയ നിലവാരം വച്ചുപുലർത്തുന്ന ഒരു നാടാണിതെന്ന് നമ്മൾ മനസ്സിലാക്കണം. അതുകൊണ്ടാണ് വർഗ്ഗീയ കലാപങ്ങളും കുഴപ്പങ്ങളും ഉണ്ടാകാതിരിക്കുന്നത്. വ്യവസായ സംരംഭകരെ കേരളത്തിന്റെ വികസനത്തിന് ഉതകുന്ന രീതിയിൽ രൂപപ്പെടുത്തിയെടുക്കണം. പുതിയ വ്യവസായ സംരംഭകർ വരുന്ന അവസരത്തിൽ അവർക്കിവിടെ ഉണ്ടാകുന്ന അനുഭവങ്ങളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ ശരിയാണ്. ഇവിടെ ഒരു വ്യവസായം തുടങ്ങാൻ പുറപ്പെട്ടാൽ, 1999-ലെ ഏകജാലക ലൈസൻസുകളും അതുപോലെ അനുമതികളും ലഭിക്കുന്നതിനുവേണ്ടിയുള്ള അധികാരപത്രം ലഭിക്കുന്നതിനുവേണ്ടി എത്രയെത്ര ഓഫീസുകൾ കയറിയിറങ്ങണമായിരുന്നു. 2018-ലെ ആക്ടിൽ ഭേദഗതി വരുത്തിയത് ഏഴ് നിയമങ്ങൾക്കാണ്. 10 അനുബന്ധ വിഷയങ്ങളിൽ മാറ്റം വരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു നിലപാടാണ് 2018-ൽ സ്വീകരിച്ചത്. 2018-ൽ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഒരു സോഫ്റ്റ്‌വെയറിലേയ്ക്ക് എത്തിയത്. ഇവിടെ വ്യവസായ സംരംഭകർ വരുമ്പോൾ അവർക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകൾ, വ്യവസായ ഓഫീസുകൾ തുടങ്ങി ഒട്ടനവധി ഓഫീസുകൾ കയറിയിറങ്ങേണ്ടിവരും. അതുസംബന്ധിച്ചാണ് നേരത്തെ നിയമ ഭേദഗതികൾ കൊണ്ടുവന്നത്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബിൽ പ്രകാരം ആറ് വകുപ്പുകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. അത് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പൽ ആക്ട്, 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ട്, 2013-ലെ കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട്, 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്. ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള ഏഴ് നിയമങ്ങളിലും 14 വകുപ്പുകളിലും മാറ്റം വരുത്തി അതിനുവേണ്ടിയുള്ള നിയമം നിർമ്മിച്ചു. ഈ നിയമങ്ങൾ നിർമ്മിച്ചതിന്റെ അടിസ്ഥാനത്തിൽ K-SWIFT സോഫ്റ്റ്‌വെയറിന് രൂപംകൊടുത്തു. K-SWIFT സോഫ്റ്റ്‌വെയർ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ച കുറേ കാര്യങ്ങൾ ശരിയാണ്. ഈ സോഫ്റ്റ്‌വെയറിലൂടെ ലോഗ് ചെയ്യുമ്പോൾ

6-7 വകുപ്പുകളിലേയ്ക്കും 14-ഓളം വരുന്ന ഉപ വകുപ്പുകളിലേയ്ക്കും നമ്മുടെ ആപ്ലിക്കേഷൻ പോകും. ഇതിന്റെ മറുപടി ഈ ആഫീസുകളിൽ നിന്നെല്ലാം ഒരുമിച്ച് കൊടുക്കണം. അങ്ങനെ ഒരുമിച്ച് ലഭ്യമായി ഒരു സംവിധാനത്തിലേയ്ക്ക് എത്തിയാൽ ഓൺലൈൻ വഴി ലൈസൻസ് ലഭ്യമാക്കാനുള്ളതാണ് K-SWIFT. അത് കേന്ദ്ര ഗവൺമെന്റ് നിയന്ത്രിക്കുന്ന ഒരു സോഫ്റ്റ്‌വെയർ കമ്പനിയെയാണ് ഏൽപ്പിച്ചത്. ഇവിടെ ചിലർ ചൂണ്ടിക്കാണിച്ചതുപോലെ, K-SWIFT-ൽ രജിസ്റ്റർ ചെയ്ത ഏതാണ്ട് 674 എന്റർപ്രണർമാരുണ്ടായിരുന്നു. അതിൽ പൂർണ്ണ അപേക്ഷ സമർപ്പിച്ചവർ 314 ആണ്. അതിൽ അംഗീകരിക്കപ്പെട്ട അപേക്ഷകൾ 143 ആണ്. ഇതിൽ ഡീംഡ് ലൈസൻസാണ് 40 പേർക്ക് കൊടുത്തത്. കാരണം, ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങളിൽ, നേരത്തെ ഇവിടെ പറഞ്ഞതുപോലെ, പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തിരുന്നില്ല. എന്നാൽ ഇപ്പോൾ K-SWIFT-ൽ അതുകൂടി ആഡ് ചെയ്തു. K-SWIFT-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടും നമ്മൾ ഉദ്ദേശിക്കുന്നതുപോലെ ആപ്ലിക്കേഷൻസ് സോർട്ട് ചെയ്ത് എളുപ്പത്തിൽ കാര്യങ്ങൾ നടക്കുന്നില്ല. ഇതും നമ്മുടെ മുന്നിൽ വന്നു. ഇത് പരിഹരിച്ച് സംരംഭകരെ എങ്ങനെയാണ് കൂടുതലായി പ്രൊമോട്ട് ചെയ്യുക എന്നതുകൂടി ആലോചിക്കുമ്പോഴാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്ന വ്യവസായ സംരംഭക സാഹചര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കാനുള്ള തീരുമാനമെടുത്തത്. അതനുസരിച്ച് വ്യവസായം, പ്ലാനിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽപ്പോയി അവിടത്തെ വ്യവസായ സംരംഭങ്ങളെക്കുറിച്ച് പഠിച്ചു. അവിടത്തെ സ്ഥിതിഗതികളും അവർ എങ്ങനെയാണ് ഇത്രയും വേഗത്തിൽ വ്യവസായരംഗം മെച്ചപ്പെടുത്തിയെടുക്കുന്നതെന്ന് പഠിച്ചു. കേരളത്തിന്റെ സാഹചര്യത്തിൽ ഇവിടെ വരുന്ന സംരംഭകർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകാതെ വ്യവസായം ആരംഭിക്കാൻ കഴിയണം. K-SWIFT സോഫ്റ്റ്‌വെയർവഴി ഒരു മാസമാണ് വേണ്ടത്. എന്നാൽ ഇതിനെക്കാളും കൂടുതൽ വേഗത്തിൽ നമുക്ക് വ്യവസായം ആരംഭിക്കാൻ കഴിയണം. ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞത് ശരിയാണ്. വരുമ്പോൾത്തന്നെ തുടങ്ങണമെന്നു തന്നെയാണ് ആഗ്രഹം. അതാണ് ഈ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ആക്ട് നിയമമാകുമ്പോൾ അതാണ് സംഭവിക്കുന്നത്. ഒരു സംരംഭകൻ ഇവിടെ ഒരു വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവന്നാൽ, അദ്ദേഹം എന്താണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് നോക്കി റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളതല്ലാത്ത വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള അപേക്ഷ തയ്യാറാക്കി അപേക്ഷാപത്രം സമർപ്പിക്കണം. അപേക്ഷാപത്രം സമർപ്പിച്ചുകഴിഞ്ഞാൽ ഇങ്ങനെ ഒരു അപേക്ഷ കിട്ടിയെന്നുള്ള സാക്ഷ്യപത്രം, അപേക്ഷാ പത്രത്തിന്റെ റെസീറ്റ് ജില്ലാ

അധികാരികൾ കൊടുക്കും. ജില്ലയിലാണ് അപേക്ഷ കൊടുക്കേണ്ടത്. അത് കൊടുത്തുകഴിഞ്ഞാൽ പിറ്റേ ദിവസം വ്യവസായം ആരംഭിക്കാം. ലൈസൻസ് കിട്ടിയിട്ടുള്ള ഒരു കെട്ടിടത്തിൽ എന്നതുപോലെ, ഇലക്ട്രിസിറ്റി ബോർഡിന്റെ അനുവാദം കിട്ടിയെന്നുള്ള അവകാശത്തോടുകൂടി അവിടെ വ്യവസായം ആരംഭിക്കാം. ഏത് തരത്തിലുള്ള വ്യവസായമാണ് ഇവിടെ ആരംഭിക്കേണ്ടതെന്നും അതിനുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കണമെന്നും വ്യവസായിക്കറിയാം. അതനുസരിച്ച് ഒരു സംരംഭകൻ ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നു. അതിനാവശ്യമുള്ള നിയമങ്ങളെല്ലാം അയാൾ പഠിച്ചിട്ടുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ അയാൾ പ്രവൃത്തി ആരംഭിക്കുന്നു. അദ്ദേഹത്തിന് നാളെത്തന്നെ ആരംഭിക്കാം. ഇപ്പോൾ പണമടയ്ക്കേണ്ട കാര്യമില്ല. അത് 10 കോടി രൂപ വരെ നിക്ഷേപമുള്ള സ്മാൾ, മൈക്രോ, മീഡിയം സൈസ് വ്യവസായങ്ങളായിരിക്കണം. 10 ലക്ഷം, 5 ലക്ഷം, 3 ലക്ഷം രൂപ വരെ ഇൻവെസ്റ്റ്മെന്റ് വരുന്ന വ്യവസായങ്ങൾ അദ്ദേഹത്തിന് ആരംഭിക്കാം. അത് ആരംഭിക്കുന്നതിനുള്ള അംഗീകാരമാണ്, ലൈസൻസ് പോലെയാണിത്. അങ്ങനെ സ്റ്റാർട്ട് ചെയ്തുകൊണ്ടിരിക്കുമ്പോൾ മൂന്ന് വർഷത്തിനുള്ളിൽ ഈ കാര്യങ്ങളെല്ലാം ഒരു രൂപത്തിൽ വന്നുകഴിഞ്ഞാൽ, അദ്ദേഹം ആറ് മാസത്തിനുള്ളിൽ വാങ്ങേണ്ട അനുവാദമുണ്ട്. പഞ്ചായത്ത് പെർമിഷൻ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് തുടങ്ങി ഇന്ന് ലഭിക്കേണ്ടിയിരിക്കുന്ന എല്ലാ അനുമതികളും കൃത്യമായി വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് കരസ്ഥമാക്കാൻ സാധിക്കും. ആ ലൈസൻസ് കൊടുക്കുന്നതിന് വേണ്ടിയുള്ളതാണ് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റി. 10 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് സംസ്ഥാനാടിസ്ഥാനത്തിലുള്ള കമ്മിറ്റിയുണ്ട്. അതിന്റെ ചെയർമാൻ ചീഫ് സെക്രട്ടറിയാണ്. അതിന്റെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിക്കുന്നത് കെ.എസ്.ഐ.ഡി.സി.-യുടെ എം.ഡി.-യായിരിക്കും. ജില്ലകളിലെ സംവിധാനത്തിൽ കളക്ടറാണ് ചെയർമാൻ. അതിന്റെ എം.ഡി.-യായി പ്രവർത്തിക്കുന്നത് ആ ജില്ലയിലെ വ്യവസായകേന്ദ്ര ജനറൽ മാനേജരായിരിക്കും. ചിലപ്പോൾ ചില വ്യവസായമേഖലയുള്ള പ്രദേശങ്ങളുണ്ടാകും. ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കമ്മിറ്റിയുടെ ചെയർമാൻ കളക്ടറും കൺവീനർ അവിടത്തെ ജില്ലാ വ്യവസായ ഓഫീസറുമായിരിക്കും. ഈ കമ്മിറ്റി ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കും. മൂന്ന് കൊല്ലക്കാലംവരെ ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടുമില്ലാതെ പ്രവർത്തിച്ചാൽ മൂന്ന് കൊല്ലമാകുമ്പോഴേക്കും ലൈസൻസ് കിട്ടും. ഇന്നത്തെ പ്രശ്നം ഒരു വ്യവസായം തുടങ്ങാൻ ലൈസൻസ് ലഭിക്കുന്നില്ല എന്നുള്ളതാണ്. എത്രയോ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്നു. എത്രയോ ഓഫീസുകളിൽ പണമടയ്ക്കാൻവേണ്ടി ക്യൂ നിൽക്കേണ്ടിവരുന്നു.

അവസാനം ഒരു വർഷമോ രണ്ട് വർഷമോ കഴിഞ്ഞാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവർക്ക് അതിന് കഴിയാതെ തിരിച്ചുപോകേണ്ടി വരുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മൂന്ന് വർഷം കഴിഞ്ഞാൽ ലൈസൻസ് കിട്ടുമെന്ന് ഉറപ്പില്ലല്ലോ; ഒരു അവ്യക്തത അവിടെ നിലനിൽക്കുന്നില്ലേ? മൂന്നുവർഷംവരെ സമയം നീട്ടിക്കൊടുത്ത ഒരു ഗുണം മാത്രമല്ലേ ഇതുകൊണ്ടുള്ളൂ. അദ്ദേഹത്തിന്റെ സാധാരണ ബാധ്യതകളിൽനിന്നും രക്ഷപ്പെടുന്നില്ലല്ലോ എന്നതാണ് എന്റെ സംശയം. വ്യവസായ വകുപ്പുതന്നെ എല്ലാ ലൈസൻസും കൊടുക്കുന്ന തരത്തിലുള്ള സംവിധാനം തയ്യാറാക്കിക്കൂടേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, വ്യവസായ വകുപ്പിന് ബിൽഡിംഗ് പെർമിഷനും പൊല്യൂഷൻ പെർമിഷനും ഇലക്ട്രിക്കൽ പെർമിഷനും കൊടുക്കാൻ പറ്റുമോ; ഇതെല്ലാം വ്യത്യസ്തമായ വകുപ്പുകളിൽനിന്ന് വാങ്ങേണ്ടതാണ്. മൂന്ന് വർഷക്കാലത്തേയ്ക്ക് ഇതെല്ലാം മാറ്റി വ്യവസായം തുടങ്ങാനുള്ള അനുമതിയാണ് കൊടുക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ്, ബിൽഡിംഗ് പെർമിറ്റ്, വിവിധ ലൈസൻസുകൾ എന്നിവയെല്ലാം പല വകുപ്പുകളുടേതാണ്. അത് കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ കൊടുക്കേണ്ട ലൈസൻസുകളാണ്. ഇതെല്ലാം കിട്ടിക്കഴിഞ്ഞാലേ വ്യവസായ സംരംഭം തുടങ്ങാൻ പാടുള്ളൂവെന്ന് വേറെ നിയമങ്ങളിൽ എഴുതിവച്ചിട്ടുണ്ട്. ഒരു നിയമത്തിലൂടെ നമ്മൾ ഇത് കൊണ്ടുവന്നാൽ ബാക്കിയുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങൾ മറികടക്കാൻ ഈ നിയമംകൊണ്ട് കഴിയുമോ; മാത്രമല്ല, കേന്ദ്ര നിയമത്തിലെ പ്രൊവിഷൻസിന് ഇൻകൺസിസ്റ്റന്റായ ഒരു നിയമം നമ്മൾ നിർമ്മിച്ചാൽ അത് നിലനിൽക്കുന്നതുമല്ല. അത് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കേന്ദ്ര നിയമത്തിന്റെ കോൺട്രഡിക്ഷനായിട്ടുള്ള നിയമമല്ല ഇത്. കേരളത്തിലെ ഏഴ് വകുപ്പുകളിൽ നിന്നും വാങ്ങേണ്ട അനുമതി ഈയൊരു സംവിധാനത്തിനുവേണ്ടി തൽക്കാലത്തേക്ക് ഭേദഗതി ചെയ്യുകയാണ്. എന്നാൽ മൂന്ന് വർഷംകൊണ്ട് ആവശ്യമായിട്ടുള്ള അനുവാദം ലഭിക്കാത്ത സാഹചര്യത്തിൽ കേരളത്തിൽ വ്യവസായം ആരംഭിക്കാൻ തടസ്സമുണ്ട്. ആ തടസ്സം നീക്കിയെടുക്കുന്നതിനുവേണ്ടി മൂന്ന് കൊല്ലക്കാലത്തേയ്ക്കുള്ള അവസരമാണ് സൃഷ്ടിച്ചുകൊടുക്കുന്നത്. മൂന്ന് വർഷക്കാലത്തിനുശേഷം സാധാരണഗതിയിൽ ഒരു വ്യവസായം തുടങ്ങാൻവേണ്ട ലൈസൻസുകളും അനുവാദങ്ങളും എന്താണോ അതെല്ലാം കൃത്യമായി വാങ്ങണം.

അത് കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് വിധേയമായിത്തന്നെ വേണം. മൂന്ന് വർഷക്കാലത്തേയ്ക്കുള്ള അനുവാദമാണ് ഈ ഭേദഗതിയിലൂടെ ലഭ്യമാകുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, കേന്ദ്ര നിയമത്തെ ബാധിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞു, ഞാൻ സമ്മതിക്കുന്നു. പക്ഷെ കറസ്പോണ്ടിംഗായിട്ടുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താതെ ഈ നിയമത്തിൽ ഇത്തരത്തിൽ പ്രൊവിഷൻ ഉൾപ്പെടുത്തുകയും ആ നിയമത്തിൽ അത് നിലനിൽക്കുകയും ചെയ്താൽ ഇത് നടപ്പാക്കാൻ സാധിക്കുമോ? പഞ്ചായത്ത് രാജ് ആകട്ടെ മുനിസിപ്പൽ ആകട്ടെ നമ്മൾ പാസ്സാക്കിയ നിയമങ്ങളാണ്. ആ നിയമത്തിൽ ഈ അനുമതികൾ കിട്ടിക്കഴിഞ്ഞാലേ സംരംഭം ആരംഭിക്കാൻ പാടുള്ളൂവെന്നുണ്ട്. അതിൽക്കൂടി ഭേദഗതി വരുത്താതെ ഈ നിയമം കൊണ്ട് അതിനെ മറികടക്കാൻ സാധിക്കുമോയെന്നുള്ള നിയമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിയമപരമായ കാര്യങ്ങൾ ഇനിയും വേണമെങ്കിൽ പരിശോധിക്കാം. പക്ഷെ ഞങ്ങൾ നിയമപരമായി പരിശോധിച്ചതിൽ ആദ്യം ഇതിൽ വരുത്തിയിട്ടുള്ളത് ആറ് വകുപ്പുകളിൽ നിന്ന് ലഭ്യമാകേണ്ട ലൈസൻസ് ലഭ്യമാകുന്നതിനുവേണ്ടിയുള്ള, ആ വകുപ്പിന്റെ അധികാരങ്ങളിൽനിന്ന് അവരെ ഒഴിവാക്കി ഓൺലൈൻ വഴി, അതായത് മൂന്ന് വർഷക്കാലത്തിനുള്ളിൽ ലൈസൻസ് കൊടുക്കുന്നത് അവരുടെ അധികാര പരിധിയിൽനിന്ന് ഒഴിവാക്കുന്നു. മൂന്ന് വർഷത്തിനുശേഷം ആറ് മാസത്തിനുള്ളിൽ ലൈസൻസ് നൽകിക്കൊണ്ടുള്ള നടപടി സ്വീകരിക്കുക യെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, മൂന്ന് വർഷം കൊണ്ട് ലൈസൻസ് എടുത്താൽ മതിയെന്ന് പറയുന്നു. പക്ഷെ വ്യവസായം തുടങ്ങണമെങ്കിൽ വ്യവസായത്തിന് ആവശ്യമായ കെട്ടിടം വേണമല്ലോ; ആ കെട്ടിടത്തിന് എങ്ങനെയാണ് പെർമിഷൻ ലഭിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബിൽഡിംഗ് പെർമിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ മൂന്ന് വർഷത്തിനുശേഷം അവർക്ക് ലഭ്യമാക്കിക്കൊടുക്കേണ്ടതാണ്. നിങ്ങൾക്ക് ബിൽഡിംഗ് ഉണ്ടെങ്കിലേ അവിടെ വർക്ക് ചെയ്യാൻ സാധിക്കൂ. നിങ്ങൾ അവിടെ ഇപ്പോൾ ഒരു വ്യവസായം തുടങ്ങാൻ പോകുന്നു: മൂന്ന് വർഷത്തിനുള്ളിൽ വ്യവസായം തുടങ്ങണമെങ്കിൽ ഒരു ബിൽഡിംഗ് വേണം. ആ ബിൽഡിംഗ് നിങ്ങൾ ഉണ്ടാക്കുന്നു. ആ ബിൽഡിംഗിന്റെ പേരിൽ ഇപ്പോൾ തുടങ്ങുന്നതിന് തടസ്സമില്ല. അതിനുള്ള ഇളവാണ് ഈ നിയമത്തിലൂടെ ഇപ്പോൾ ലഭ്യമാക്കുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ സദുദ്ദേശ്യത്തെ സ്വാഗതം ചെയ്യുന്നു. പക്ഷെ ഒരു ലൈസൻസ് വാങ്ങലിന്റെയും തടസ്സങ്ങളെ മറികടക്കാൻ ഈ നിയമത്തിന് സാധിക്കില്ലല്ലോ? ആദ്യമാണെങ്കിൽ ലൈസൻസ് കിട്ടിയില്ലെന്നതുകൊണ്ട് ആരംഭിക്കാതിരിക്കാമായിരുന്നു. ഇപ്പോൾ അയാൾ പണം മുടക്കി കെട്ടിടവുമുണ്ടാക്കി തുടങ്ങുകയും ചെയ്തിട്ട് ലൈസൻസ് കിട്ടാൻ താമസിച്ചാൽ കൂടുതൽ ബുദ്ധിമുട്ടല്ലേ? നിങ്ങൾ ആകെ ചെയ്തിട്ടുള്ളത് ലൈസൻസിനുള്ള കാലാവധി മൂന്ന് കൊല്ലത്തേയ്ക്ക് നീട്ടിക്കൊടുത്തു എന്ന് മാത്രമേയുള്ളൂ. അയാൾ ബാധ്യതയിൽനിന്ന് ഒഴിവാകുന്നില്ല. അയാൾ ഇന്ന് ചെയ്യുന്ന പണി മൂന്ന് വർഷം കഴിഞ്ഞ് ചെയ്താൽ മതി. ഇന്നുണ്ടാകുന്ന എല്ലാ തടസ്സങ്ങളും അവിടെ നിലനിൽക്കുകയാണ്. There is no provision for that.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ആറ് നിയമങ്ങളെ ഓവർഡ്രൈവ് ചെയ്യുന്നുണ്ട്. അതുകൊണ്ട് വേറെ പ്രശ്നങ്ങൾ വരുന്നില്ല. അതാണ് ഇതിന്റെ പ്രത്യേകത. മൂന്നുവർഷക്കാലത്തേയ്ക്കുള്ള വ്യവസായ സംരംഭം ആരംഭിച്ച് കേരളത്തെ വ്യവസായങ്ങളുടെ നാടാക്കിമാറ്റാൻ വരുന്ന എല്ലാ സംരംഭകർക്കും വാതിൽ തുറന്ന് കൊടുത്ത് ഇവിടെ വലിയ സംരംഭങ്ങളുണ്ടാക്കുകയാണ്. എന്നാൽ നിയമപരമായ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ഒരു കാലപരിധിയായിട്ടാണ് മൂന്ന് വർഷക്കാലം വരുന്നത്. മൂന്ന് വർഷക്കാലം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ ഒരു വ്യവസായ സംരംഭത്തിനുള്ള എല്ലാ രേഖകളും തയ്യാറാക്കി അതിനനുസരിച്ച് സാധാരണ ചെയ്യുന്നതുപോലെ സബ്മിറ്റ് ചെയ്യേണ്ടതാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഏതെങ്കിലും റൂൾ വയലേറ്റ് ചെയ്താൽ 5 ലക്ഷം രൂപവരെ പിഴയിടുമെന്ന് പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ ആകെ പത്ത് ലക്ഷം രൂപകൊണ്ട് തുടങ്ങുന്ന ഒരു വ്യവസായമായിരിക്കും. അതിന് 5 ലക്ഷം രൂപ വരെ പിഴയിടുമെന്ന് പറയുന്ന പ്രൊവിഷൻ അനാവശ്യമല്ലേ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് പരിശോധിക്കുന്നത് നല്ലതാണ്. പക്ഷെ 5 ലക്ഷം രൂപയെന്നു പറയുന്നത്, നമ്മൾ ഇപ്പോഴുണ്ടാക്കിയിട്ടുള്ള നിയമം സംരക്ഷിക്കണം. ഉദാഹരണത്തിന് ഇപ്പോൾ ഒരു സംരംഭം ആരംഭിച്ചു. ഇലക്ട്രിസിറ്റി ബോർഡ് അത് അടച്ചുപൂട്ടാൻ പോയാൽ അതിൽനിന്നും സംരക്ഷണം കിട്ടണം. അതിനുള്ള വകുപ്പ് ഇതിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഈ വകുപ്പിന്റെ മേൽ മറ്റേതെങ്കിലും തരത്തിലുള്ള കടന്നുകയറ്റമുണ്ടായാൽ അതൊഴിവാക്കാൻ സാധിക്കണമെന്ന സദുദ്ദേശപരമായ നീക്കം ഈ ബില്ലിലുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആകർഷിക്കുന്നതിനുവേണ്ടിയുള്ള ഈ സംരംഭം വളരെ സ്വാഗതാർഹമാണ്. പക്ഷെ ഇവിടെ പറഞ്ഞതുപോലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ശ്രീ. പി. ടി. എ. റഹീം ചൂണ്ടിക്കാണിച്ചതുപോലെ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ കിട്ടണമെങ്കിൽ കെട്ടിട നമ്പർ കാണിക്കണം. പല ഘട്ടങ്ങളിലും ഫിനാൻസ് ബിൽ പാസ്സാക്കുമ്പോൾ ആ ബിൽ ധാരാളം നിയമങ്ങളെ ബാധിക്കും. അതിലെല്ലാം ഭേദഗതി വരുത്തിക്കൊണ്ടാണ് ഫിനാൻസ് ബിൽ പാസ്സാക്കുന്നത്. അതുപോലെ ഈ നിയമം ഇഫക്ട് ചെയ്യുന്ന മറ്റ് നിയമങ്ങളുണ്ടല്ലോ, ആ നിയമങ്ങളിലൊക്കെ ഒരു ചെറിയ ഭേദഗതി വരുത്തിയാൽ, ഇത് ബാധിക്കുന്ന പഞ്ചായത്ത് ആക്ടിലും മുനിസിപ്പൽ ആക്ടിലും ഒരു ക്ലാസ് ഉണ്ടായാൽ മതി. 'ഇന്ന ആക്ട് പ്രകാരമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനൊഴികെ' എന്നുള്ള ക്ലാസ് ചേർത്താൽ ബഹുമാനപ്പെട്ട മന്ത്രി വിചാരിച്ചതുപോലെ ഈ ബിൽ നൂറ് ശതമാനം നടപ്പാക്കാൻ കഴിയുമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, സത്യവാങ്മൂലം കൊടുത്തുകഴിഞ്ഞാൽ അത് തെറ്റാകാൻ പാടില്ല. അതാണ് അതിലുള്ള നിഷ്കർഷ. നിങ്ങൾ പറഞ്ഞിട്ടുള്ള ആറ് വകുപ്പുകളിൽ മാറ്റം വരുത്തിക്കൊണ്ടുള്ളതാണ് പാസ്സാക്കാൻ പോകുന്ന നിയമം. ഈ നിയമം അനുസരിച്ച് വൈദ്യുതി വകുപ്പിനോ പഞ്ചായത്ത് വകുപ്പിനോ മുനിസിപ്പാലിറ്റിക്കോ പൊല്യൂഷൻ കൺട്രോൾ ബോർഡിനോ ഇതിന്റെ മേൽ കടന്നുകയറാൻ സാധിക്കില്ല. അതിന്റെ പരിരക്ഷയാണ് ഈ ബിൽ. അതിനുവേണ്ടിയാണ് ഈ നിയമം പാസ്സാക്കുന്നത്. 3 വർഷക്കാലത്തിനുള്ളിൽ ഇത്തരമൊരു സംരംഭം തുടങ്ങുന്നത് നിയമവിധേയമായിരിക്കണം. ഇന്നത്തെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടേ പ്രവർത്തിക്കാൻ പാടുള്ളൂ. ഇത് ഒരു മനുഷ്യന്റെ ബോധം വളർത്തി വികസിപ്പിക്കാനുള്ളതാണ്. ഇത് നേരത്തെ ഇവിടെ ചർച്ച ചെയ്യുന്ന കൂട്ടത്തിൽ ചിലർ ചൂണ്ടിക്കാണിച്ചു. ബോധ നിലവാരം വർദ്ധിപ്പിച്ചെടുക്കണം. ടാക്സ് പിരിച്ചെടുക്കുന്നതിന് വലിയ തോതിൽ manpower ഉപയോഗിക്കുകയല്ലേ? പോലീസും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരുമടങ്ങുന്ന വലിയ ഫോഴ്സില്ലേ? എന്നാൽ സ്വമേധയാ അവർ കൊടുക്കുന്ന നികുതിയെക്കുറിച്ച് ബോധമുണ്ടാവുക, അതിനനുസരിച്ച് നികുതി കൊടുക്കുക. ഈ ബോധ നിലവാരത്തിലേയ്ക്ക് നമ്മുടെ വ്യവസായ സംരംഭകരെ ഈ നിയമത്തിന്റെ പരിധിയിൽ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. ഞാൻ ഒരു വ്യവസായം

തുടങ്ങാൻ പോകുന്നു. ആ വ്യവസായത്തിന് പത്ത് ലക്ഷം രൂപയിൽ കുറവാണ് ഇൻവെസ്റ്റ്മെന്റ്. ആ വ്യവസായത്തിന് ഇന്നത്തെ നിയമമനുസരിച്ച് ഇന്നതേ ചെയ്യാൻ പാടുള്ളൂ, അല്ലെങ്കിൽ അപകടമുണ്ടാകും. കേരളത്തിലാണെങ്കിൽ കുറച്ചുകൂടി ജാഗ്രത പാലിക്കാനുള്ള സാഹചര്യമുണ്ടാകും, മരട് ഫ്ലാറ്റ് പൊളിച്ചു. നിയമ വിരുദ്ധമായി പ്രവർത്തിച്ചാൽ നാളെ അപ്രകാരം സംഭവിച്ചേക്കാം. ആ ബോധനിലവാരത്തിലേയ്ക്ക് നമ്മുടെ സംരംഭകർ കടന്നുവരുന്നു. അവർക്ക് ഇനിയൊരു ലൈസൻസിനുവേണ്ടിയോ, വൈദ്യുതി ബോർഡിന്റെ പെർമിഷന് വേണ്ടിയോ, ബിൽഡിംഗ് പെർമിഷന് വേണ്ടിയോ പോകേണ്ടതില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് തുടങ്ങാം. ആ അധികാരമാണ് ഈ നിയമത്തിലൂടെ നൽകുന്നത്. നിങ്ങൾക്ക് നൽകുന്ന റെസീപ്റ്റിലൂടെ ഈ സംവിധാനമാണ് ഒരുക്കിയെടുത്തിട്ടുള്ളത്. അത് പരിരക്ഷിക്കാനുള്ളതാണ് വ്യത്യസ്തതലങ്ങളിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക നിയമങ്ങളിലൂടെ ഉണ്ടാക്കിയിട്ടുള്ള കമ്മിറ്റികൾ, അതിനുവേണ്ടിയുള്ള സംവിധാനം. ഇതുവഴി ഫലപ്രദമായി നിക്ഷേപകർക്ക് ഒരു അനുകൂല സാഹചര്യം സൃഷ്ടിച്ചെടുക്കാൻ സാധിക്കും. ഒരാളും കേരളത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഒരു മണിക്കൂർപോലും കാത്തുനിൽക്കേണ്ടതില്ല എന്ന സാഹചര്യത്തിലേയ്ക്ക് കേരളം വന്നാൽ, ആ സാഹചര്യം സൃഷ്ടിച്ചെടുത്താൽ കേരളത്തിന്റെ വ്യവസായരംഗം പുതിയൊരു മാറ്റത്തിന്, വിപ്ലവത്തിന് സാക്ഷ്യം വഹിക്കും. അതാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. അതുകൊണ്ട് ഇവിടെ ഉന്നയിച്ചിട്ടുള്ള ഒട്ടനവധി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാൻ സാധിക്കും. ചില കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്.

ശ്രീ. കെ. എൻ.എ ഖാദർ ഉന്നയിച്ചിട്ടുള്ളത് ഒരു എക്സിക്യൂട്ടീവ് ഓർഡർ മതിയാകുമല്ലോ എന്നാണ്. എക്സിക്യൂട്ടീവ് ഓർഡർ മതിയാകില്ല. എക്സിക്യൂട്ടീവ് ഓർഡറിന് അതിന്റെ അധികാരമുണ്ടാകില്ല. അതുകൊണ്ട് ബില്ലിനുപകരം എക്സിക്യൂട്ടീവ് ഓർഡർ മതിയെന്ന വാദം നിലനിൽക്കുന്നതല്ല.

4.00 P.M.]

ഇവിടെ Nano Household സംരംഭങ്ങളെക്കുറിച്ച് പറഞ്ഞു. 5 ലക്ഷം രൂപയ്ക്ക് താഴെ 5 എച്ച്.പി.-യിൽ താഴെ വൈദ്യുതിയാവശ്യമുള്ള വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ വരുന്നതുമായ നാനോ സംരംഭങ്ങൾക്ക് സഹായങ്ങൾ നൽകി

വരുന്നുണ്ട്. ബാങ്ക് വായ്പകളിന്മേലുള്ള പലിശ സബ്സിഡിയായി നാനോ യൂണിറ്റുകൾക്ക് നൽകുന്നു. നിലവിൽ ഉല്പാദന യൂണിറ്റുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 323 യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 43.86 ലക്ഷം രൂപയുടെ സഹായം നാനോ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. ഇൻക്യുബേഷൻ സെന്ററിനെക്കുറിച്ച് ചോദിച്ചു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പുതിയ ആശയങ്ങൾ രൂപീകരിക്കുക അതിനുള്ള ഒരു സംവിധാനമെന്ന നിലയിലാണ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചത്. ഇപ്പോൾ അതു വഴി പുതിയ ആശയ രൂപീകരണം നടക്കുന്നുണ്ട്. സംരംഭകർക്ക് വലിയൊരു ഗൈഡ്‌ലൈനായിട്ടാണ് ജില്ലാ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. കെ.എൻ.എ. ഖാദർ ചോദിച്ച മറ്റൊരു കാര്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കയറിയിറങ്ങേണ്ട അവസ്ഥയെക്കുറിച്ചാണ്. ആ അവസ്ഥ ഒഴിവാക്കാനാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ. എം.എസ്.എം.ഇ. സംരംഭകർക്ക് ലോൺ വ്യവസ്ഥ ഉദാരമാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്ത് വാണിജ്യം ഇല്ലായിരുന്നു. വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാത്രമാണുണ്ടായിരുന്നത്. മാർക്കറ്റിംഗിനെ സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി വാണിജ്യ മിഷൻ രൂപീകരിച്ചു. വാണിജ്യ മിഷന്റെ ലക്ഷ്യം, കേരളത്തിലെ വ്യവസായത്തിനാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ, ടെക്നോളജി, പുതിയ മെഷീനുകൾ ഇതൊക്കെ ലോകത്തിലെ ഏത് രാജ്യത്ത് കിട്ടും; ഏത് പ്രദേശത്ത് കിട്ടും; ഏതാണ് മെച്ചപ്പെട്ടത് എന്നതിനെ സംബന്ധിച്ച് വ്യവസായികൾക്ക്; വ്യവസായ സംരംഭകർക്ക് ഉപദേശ നിർദ്ദേശങ്ങൾ കൊടുത്ത് അവരെ സഹായിക്കുകയെന്നതാണ്. ഇവിടത്തെ ഉല്പന്നങ്ങൾക്ക് വിദേശ മാർക്കറ്റ് കണ്ടെത്തുക, അതിനുവേണ്ടി ലോകരംഗത്ത് ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടുകൂടി മാർക്കറ്റിംഗിനെ സംബന്ധിച്ച് പഠിച്ച് പ്രവർത്തിക്കുന്നതിനു വേണ്ടി ഒരു മിഷൻ രൂപീകരിച്ചു. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ മൂന്ന് സ്പിന്നിംഗ് മില്ലുകളിൽനിന്ന് (കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, തിരുവനന്തപുരം

കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽ) നൂൽ ഉൽപ്പാദിപ്പിച്ച് വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയാണ്. തിരുവനന്തപുരം സ്പിന്നിംഗ് മിൽ ചൈനയിലേയ്ക്ക് നൂൽ കയറ്റി അയയ്ക്കുന്നുണ്ട്. ഇത്തരത്തിൽ ഈ മിഷന്റെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തണം

ചുമട്ടുതൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ച് വിശദമായി പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 2018-ൽ ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ട് ഭേദഗതി ചെയ്തത്. അതിൻപ്രകാരം വിദഗ്ദ്ധ തൊഴിലാളികളെ ആവശ്യമുണ്ടെങ്കിൽ വ്യവസായിക്ക് നേരിട്ട് നിയമിക്കാം. ഇവിടെ നിലനിന്നിരുന്ന ഒട്ടനവധി തെറ്റായ പ്രവണതകൾ പൂർണ്ണമായും അവസാനിപ്പിക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. അത് ഈ ഗവൺമെന്റിന്റെ നേട്ടം തന്നെയാണ്. ജോലിക്ക് ആളുകളെ നിർണ്ണയിക്കാനുള്ള പൂർണ്ണമായ അധികാരം ഈ വ്യവസായ സംരംഭകർക്കുതന്നെ നൽകിയിട്ടുണ്ട്. കൈപ്പറ്റ് രസീത് എന്ന് പറഞ്ഞാൽ ഒരു നിശ്ചിത കാലഘട്ടത്തേയ്ക്കുള്ള അധികാരമാണ്. എല്ലാ നിയമങ്ങൾക്കും അനുസൃതമായി മാത്രമേ വ്യവസായം തുടങ്ങാൻ സാധിക്കൂ എന്ന ഉത്തമബോധത്തിന്റെ അടിസ്ഥാനത്തിലാണ് സ്വയം സാക്ഷ്യപത്രം നൽകുന്നത്. അതായിരിക്കും ഏറ്റവും ലളിതമായിട്ടുള്ളത്. ഇതിന് അധികസമയം വേണ്ട. മറ്റേത് ലൈസൻസിനും കുറേക്കൂടി സമയമെടുക്കും. ഈ ബില്ലിന് ഓവർറൈഡിംഗ് ഇഫക്ട് സാധുവാണ്. ഇതുപോലെ ഇതിനുമുമ്പും നിയമമുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഇതുസംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ച ഒരു കാര്യമാണത്. സംരംഭകർ ഉത്തമബോധത്തിൽ കാര്യങ്ങൾ ചെയ്യുന്നു, പിന്നീട് അത് പിശകായി എന്ന ബോധത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തിയാൽ അവരുടെ മേൽ ശിക്ഷാനടപടികൾ വേണോ എന്ന സംശയം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് വിശദമായി ചർച്ച ചെയ്യാം.

ശ്രീ. ആർ. രാമചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം, സ്വയം സാക്ഷ്യപത്രങ്ങൾ നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടിയെടുക്കാൻ നോഡൽ ഏജൻസിക്ക് അധികാരമുണ്ട്. അതുകൊണ്ട് പരിശോധനയെ ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ടായേക്കാം എന്നാണ്. നോഡൽ ഏജൻസിക്ക് പരിശോധിക്കാനുള്ള അവകാശവും അധികാരവുമുണ്ട്. അതുപയോഗിച്ചാൽ ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

കെ-സ്വിഫ്റ്റ് അനുസരിച്ച് അംഗീകരിക്കപ്പെട്ട അപേക്ഷകൾ 134 ആണ്. അതിന്റെ കൂടി പോരായ്മകൾ പരിഹരിക്കാനാണ് പെട്ടെന്നുതന്നെ ആരംഭിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിയിട്ടുള്ളത്.

ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്കിനെ സംബന്ധിച്ച് ശ്രീ. അനൂപ് ജേക്കബ് പറഞ്ഞു. ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനായി നെഗോഷ്യേറ്റീവ് പർച്ചേസിംഗിലൂടെയാണ് ഭൂമി ഏറ്റെടുത്തത്. പദ്ധതിക്കായി ഇതുവരെ 54.47 കോടി രൂപയാണ് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളത്. നിലവിൽ 11.87 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി.- യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായി സർക്കാർ അനുവദിച്ച തുകയിൽ 21.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ ഇതുവരെ രജിസ്റ്റർ ചെയ്ത 11.87 ഏക്കർ സ്ഥലത്തിന്റെ വിലയായ 19.03 കോടി രൂപയും ബാക്കി 2.76 കോടി രൂപ ഉറപ്പിച്ച സ്ഥലങ്ങൾക്ക് 50 ശതമാനം അഡ്വാൻസും നൽകിയിട്ടുണ്ട്. അഡ്വാൻസ് കൊടുത്തിട്ടുള്ള സ്ഥലങ്ങൾ ഒന്നിച്ചുചേർന്നതല്ല. ശ്രീ. അനൂപ് ജേക്കബ് ഇപ്പോൾ ഇവിടെയില്ല. സോഫ്റ്റ്‌വെയർ പാർക്കിനുവേണ്ടിയാണ് ഈ സ്ഥലമെടുത്തത്. ആ സ്ഥലം പോയി നോക്കിയാൽ ഇത് സോഫ്റ്റ്‌വെയർ പാർക്കിനെന്നല്ല, മറ്റൊരു സംരംഭത്തിനും പറ്റുന്ന ഭൂമിയല്ല എന്ന് മനസ്സിലാകും. പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുന്ന അവസരത്തിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യമെന്തായിരിക്കണം? അത് സംശുദ്ധമായിരിക്കണം. ആ സ്ഥലം പോയി നോക്കുന്ന ഒരാൾക്കും വ്യവസായത്തിനുവേണ്ടി എടുക്കാൻ തോന്നുകയില്ല. അതാണ് അവിടത്തെ വ്യവസായത്തിന് തടസ്സം സൃഷ്ടിച്ചിട്ടുള്ളത്. അവിടെ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നവുമതാണ്. അതുകൊണ്ട് പ്രസ്തുത സ്ഥലം പദ്ധതിക്കനുയോജ്യമാണോ എന്ന് പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: ചെറിയ സംരംഭങ്ങൾക്ക് ലൈസൻസ് ഒഴിവാക്കിക്കൂടേ എന്നുള്ളതാണ് എന്റെ ചോദ്യം. ലൈസൻസ് വേണമെന്ന നിബന്ധന മൂന്നുവർഷം കഴിഞ്ഞിട്ടായിരിക്കാം, അതുകൊണ്ട് അവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ ലോണിനുവേണ്ടി അപേക്ഷിക്കാൻ കഴിയില്ല. കാരണം ലൈസൻസുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ അവർ ലോൺ അനുവദിക്കുകയുള്ളൂ. ചെറിയ സംരംഭങ്ങൾക്ക് ലൈസൻസ് വേണ്ട എന്ന് തീരുമാനിച്ചാൽ ഈ പ്രശ്നം

വരുന്നില്ല. ചെറിയ മുടക്കുമുതലിൽ ആരംഭിക്കുന്ന സ്ഥാപനങ്ങളാണ്. ഓൺലൈൻ രജിസ്ട്രേഷൻകൊണ്ട് നമുക്കത് സാധിക്കും.

ശ്രീ. ഇ. പി. ജയരാജൻ: സർ, ലൈസൻസേ വേണ്ടെന്നുള്ളത് അനിയന്ത്രിതമാണ്. എന്നുമാത്രമല്ല അത് ഗുണപ്രദമായിട്ടുള്ള ഒരു പദ്ധതിയുമായിരിക്കില്ല. അരാജകത്വത്തിലേയ്ക്ക് മാത്രമേ നാട് പോകൂ. നമ്മുടെ മുൻകാല അനുഭവങ്ങൾ വച്ച് നോക്കിയാൽ, നമ്മൾ നേരത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുണ്ടാക്കി. അതിന്റെ ഫലമായി ഒരു സ്ഥലത്ത് ഏത് തരത്തിലുള്ള വ്യവസായങ്ങളും വരാമെന്നായി. അത് സംബന്ധിച്ച് തർക്കങ്ങളായി. ഇതൊക്കെ വലിയ പ്രശ്നങ്ങളുണ്ടാക്കുന്നു. അതുകൊണ്ട് ഇതിനെല്ലാം ഒരു വ്യക്തതയുണ്ടാക്കുന്നത് നല്ലതാണ്. ലൈസൻസ് വേണം. ലൈസൻസിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അല്ലാതെ വരുന്നത് അരാജകത്വം മാത്രമേ രാജ്യത്ത് ഉണ്ടാക്കുകയുള്ളൂ. അതുകൊണ്ട് അങ്ങയുടെ നിർദ്ദേശം ഇക്കാര്യത്തിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിനെ ശക്തിപ്പെടുത്തിയെടുക്കുന്നതിനുവേണ്ടിയാണ് നിലവിലുള്ള 1999-ലെ മൂലനിയമത്തിൽ 5 ഭേദഗതികൾ വരുത്തിക്കൊണ്ട് 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ രണ്ട് ബില്ലുകളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ്. അതുകൊണ്ട് ഈ രണ്ട് ബില്ലുകളെ സംബന്ധിച്ചും വിശദമായ പരിശോധന നടത്താൻ ഇനിയും അവസരമുണ്ട്. അത്തരം അവസരങ്ങളിൽ നമുക്ക് വീണ്ടും പരിശോധിക്കാം. ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. സി. ദിവാകരൻ മുതലായവർ ഉന്നയിച്ച വിലപ്പെട്ട അഭിപ്രായങ്ങൾ തീർച്ചയായും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കും. കേരളത്തിലെ വ്യവസായരംഗം സംശുദ്ധമാകുകയാണ്. ഒരു തരത്തിലുള്ള അഴിമതിയും ഈ രംഗത്ത് വച്ചുപൊറുപ്പിക്കില്ല. ഒരു ബ്യൂറോക്രസിയെയും ഈ രംഗത്തെ അശുദ്ധമാക്കാൻ സമ്മതിക്കുന്ന പ്രശ്നമേയില്ല. മെച്ചപ്പെട്ട നിലയിലേയ്ക്കാണ് ഇതിന്റെ പ്രവർത്തനങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കാണ് ഇപ്പോൾ കൂടുതൽ സാദ്ധ്യത. വൻകിട വ്യവസായങ്ങൾക്ക് സാദ്ധ്യത കുറവാണ്. അതിനെല്ലാമുള്ളൊരു പ്രൊമോഷൻ കൊടുക്കുന്നതിന് ഈ നിയമത്തിന് സാധിക്കും. അത് കേരളത്തെ ഒരു വ്യവസായ നാടാക്കി മാറ്റിത്തീർക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇത്രയും കാര്യങ്ങൾ

ഇതുസംബന്ധിച്ച് വ്യക്തമാക്കിക്കൊണ്ട് ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV- ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്യയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ദിവാകരൻ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ....., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.12-ന് പിരിഞ്ഞു.)

**അനുബന്ധം**

(ചോദ്യം നമ്പർ 242 & 263)

പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം

| ജില്ല | തിരുവനന്തപുരം |
|---|---|
| (1) | (2) |
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| നബാർഡ് | 0.2402 |
| പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ | 22.9364 |
| ബി.എസ്.എഫ്. | 6.0704 |
| ബി.എസ്.എൻ.എൽ. | 24.3926 |
| ഭാരത് പെട്രോളിയം | 14.7615 |
| ബ്രഹ്മോസ് എയ്റോ സ്പേസ് | 5.261 |
| ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 8.3853 |
| ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ | 8.2721 |
| ദ്രാവിഡ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 10.962 |
| ആകാശവാണി | 1.4558 |
| ഇ.ആർ.റ്റി.എൽ. | 1.2286 |
| ഇൻഡ്യൻ എയർലൈൻസ് | 0.0809 |
| രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജി | 0.433 |
| രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജി | 0.6637 |
| ഇഗ്നോ | 0.4047 |

| (1) | (2) |
|---|---|
| റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ | 1.3112 |
| റീജിയണൽ കാൻസർ സെന്റർ | 0.27 |
| എഫ്.സി.ഐ. | 0.1432 |
| എച്ച്.എൽ.എൽ. | 7.9829 |
| എൽ.ഐ.സി. | 3.3703 |
| എയർ ഇൻഡ്യ | 0.4156 |
| എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ | 37.2842 |
| എസ്.ബി.റ്റി. | 0.2328 |
| ഓൾ ഇൻഡ്യ റേഡിയോ | 7.728 |
| വിജയമോഹിനി മിൽ ലിമിറ്റഡ് | 4.3644 |
| സ്റ്റീൽ ഫാക്ടറി ആറ്റിങ്ങൽ | 0.4452 |
| സായി | 10.2711 |
| സി.ബി.ഐ. | 1.2141 |
| സി.എസ്.ഐ.ആർ. | 11.18 |
| പൊതുമേഖല ബാങ്ക് | 0.464 |
| സെസ്സ് | 5.6455 |
| ടെലികമ്മ്യൂണിക്കേഷൻസ് | 0.659 |
| പോസ്റ്റ് ആഫീസ് | 0.8227 |
| കേന്ദ്രീയ വിദ്യാലയം, പട്ടം | 2.0241 |
| കേന്ദ്രീയ വിദ്യാലയം, പേരൂർക്കട | 2.0558 |
| ഡോ. എ.പി.ജെ. അബ്ദുൾ കലാം നോളജ് സെന്റർ | 0.7082 |
| ദൂരദർശൻ | 0.022 |

| ജില്ല | കൊല്ലം |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| ബി.എസ്.എൻ.എൽ. | 2.5605 |
| ഇ.സി.എച്ച്.എസ്.പോളിക്ലിനിക് | 0.2023 |
| ഇ.എസ്.ഐ. കോർപ്പറേഷൻ | 13.1886 |
| കോട്ടൺ മിൽ ലിമിറ്റഡ് | 6.2405 |
| ഇൻഡ്യൻ റെയർ എർത്ത്സ് | 82.2899 |

| ജില്ല | പത്തനംതിട്ട |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| ബി.എസ്.എൻ.എൽ. | 21.0147 |
| കേന്ദ്രീയ വിദ്യാലയം | 6.9035 |
| എം.എസ്. പ്രൊഡക്ഷൻ സെന്റർ | 0.0379 |
| ദൂരദർശൻ കേന്ദ്രം | 0.2225 |
| എസ്.ബി.ഐ. | 0.0636 |
| എൽ.ഐ.സി. | 0.1552 |

| ജില്ല | ആലപ്പുഴ |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| തപാൽ വകുപ്പ് | 0.1815 |
| ബി.എസ്.എൻ.എൽ. | 0.8559 |
| സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ | 0.8097 |
| നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പള്ളിപ്പുറം | 6.0388 |
| എൽ.ഐ.സി. | 0.178 |

| ജില്ല | കോട്ടയം |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| ബി.എസ്.എൻ.എൽ. | 20.5172 |
| അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കോട്ടയം | 0.3488 |
| എഫ്.എ.സി.റ്റി. | .0203 |
| റബ്ബർ ബോർഡ് | 25.6415 |
| നവോദയ വിദ്യാലയ | 10.0523 |
| പ്ലാന്റേഷൻ കോർപ്പറേഷൻ | 0.0605 |
| ജില്ലാ സൈനിക ക്ഷേമ കേന്ദ്രം | 0.2024 |
| പോസ്റ്റ് & ടെലിഗ്രാഫ് | 2.0307 |
| ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ | .4047 |
| സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻ ഹോമിയോപ്പതി | 0.795 |
| എൽ.ഐ.സി. | 0.157 |
| എച്ച്.എൻ.എൽ. | 282.1037 |

| ജില്ല | ഇടുക്കി |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| കാർഡമം ബോർഡ് | 56.4088 |
| ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് | 0.2729 |
| ബി.എസ്.എൻ.എൽ | 0.1996 |
| പോസ്റ്റ് ഓഫീസ്. | 0.4161 |
| ഐ.എച്ച്.ആർ.ഡി. | 5.1093 |

| ജില്ല | എറണാകുളം |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| ബി.പി.സി.എൽ. | 413.8892 |
| കൊച്ചിൻ പോർട്ട് ട്രസ്റ്റ് | 48.11821 |
| ഫാക്റ്റ് | 809.3853 |
| ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ | 5.3819 |
| ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് | 17.0164 |
| ഇൻഡ്യൻ റെയർ എർത്ത്സ് | 10.6614 |
| സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ | 3.5716 |
| എച്ച്.എം.റ്റി. | 170.62071 |
| ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇൻഡ്യ | 2.0159 |
| ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ | 39.6489 |
| എച്ച്.പി.സി.എൽ. | 22.5264 |
| കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 3.64 |
| കൊച്ചിൻ ഷിപ്പ്‌യാർഡ് | 68.3933 |

| ജില്ല | തൃശ്ശൂർ |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| (1) | (2) |
| ഗെയിൽ ഇൻഡ്യ ലിമിറ്റഡ് | 0.3669 |
| ബി.എസ്.എൻ.എൽ. | 3.2545 |
| അളഗപ്പ നഗർ ടെക്സ്റ്റയിൽ കൊച്ചിൻ പ്രൈവറ്റ് ലിമിറ്റഡ് | 11.2155 |
| ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ | 0.2108 |
| എൽ.ഐ.സി. | 0.304 |

| (1) | (2) |
|---|---|
| ഇ.എസ്.ഐ. | 3.855 |
| സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ | 4.493 |
| ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് ഇൻഡ്യ | 7.8288 |
| പോസ്റ്റ് & ടെലിഗ്രാഫ് | 0.334 |
| ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ | 2.0285 |

| ജില്ല | പാലക്കാട് |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| ബി.എസ്.എൻ.എൽ. | 5.2883 |
| എഫ്.സി.ഐ. | 10.936 |
| ഇൻസ്ട്രുമെന്റേഷൻ | 48.32 |
| ഫാക്റ്റ് | 2.1215 |
| ഷുഗർകെയിൻ ബ്രീഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 12.4757 |
| ആകെ | 79.1415 |

| ജില്ല | മലപ്പുറം |
|---|---|
| (1) | (2) |
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| തപാൽ വകുപ്പ് | 0.2003 |
| ബി.എസ്.എൻ.എൽ. | 3.1139 |
| സെറാമിക് ലിമിറ്റഡ് കെൽട്രോൺ | 8.0938 |
| ഐ.ഒ.സി. | 4.0162 |
| കാലിക്കറ്റ് എയർപോർട്ട് | 110.0817 |

| (1) | (2) |
|---|---|
| പവർഗ്രിഡ് കോർപ്പറേഷൻ | 0.389 |
| എഫ്.സി.ഐ. | 0.0404 |
| എസ്.എം.ജി.ബി. | 0.1416 |
| സൈനിക ക്ഷേമവകുപ്പ് | 0.1011 |

| ജില്ല | കോഴിക്കോട് |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| തപാൽ വകുപ്പ് | 3.89151 |
| ഐ.ഐ.എം. | 2.8692 |
| സ്പൈസസ്സ് ബോർഡ് | 0.2006 |
| സി.എം.ആർ.ഐ. | 2.1044 |
| സി.ഡബ്ല്യൂ.സി. | 2.0638 |
| ബി.എസ്.എൻ.എൽ. | 2.6094 |
| ടെലികോം | 0.2509 |
| എഫ്.സി.ഐ. | 10.5911 |

| ജില്ല | വയനാട് |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
| ബി.എസ്.എൻ.എൽ. | 12.36151 |
| ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ | 2.719 |
| കോഫി ബോർഡ് | 11.5382 |

| ജില്ല | കണ്ണൂർ |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധരീതിയിൽകൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം(ഹെക്ടറിൽ ) |
| തപാൽ വകുപ്പ് | 0.6429 |
| ബി.എസ്.എൻ.എൽ. | 4.3695 |
| കേന്ദ്രീയ വിദ്യാലയം | 9.5136 |
| എഫ്.സി.ഐ. | 9.98142 |
| സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ | 2.032 |
| ആകാശവാണി | 0.607 |
| എൻ.ടി.സി. | 0.5071 |
| കേന്ദ്ര കരിമ്പ് ഗവേഷണ കേന്ദ്രം | 6.0782 |
| എൽ.ഐ.സി. | 0.5826 |
| പ്രസാർഭാരതി/ദൂരദർശൻ | 1.6187 |
| നിഫ്റ്റ് | 3.774 |
| സായി | 0.4608 |

| ജില്ല | കാസർഗോഡ് |
|---|---|
| പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | വിവിധ രീതിയിൽ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ ) |
| ബി.എസ്.എൻ.എൽ. | 0.86203 |
| സി.പി.സി.ആർ.ഐ. | 74.3063 |
| കേന്ദ്രീയ വിദ്യാലയം | 4.2716 |
| മറൈൻ വകുപ്പ് | 0.2185 |
| പോസ്റ്റ് ഓഫീസ് | 28.4352 |
| അബ്കാരി സാൾട്ട് ഓഫീസ് | 89.03 |
| സോൾഡ് യാർഡ് | 121.41 |
| സ്റ്റാഫ് ക്വാർട്ടേഴ്സ് | 38.85 |

**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(യു)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ243/2019 റവ തീയതി, തിരുവനന്തപുരം 29-7-2019

<u>ഉത്തരവ്</u>

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി വളരെ ഉദാരമായ വ്യവസ്ഥയിലോ, സൗജന്യമായിട്ടോ വിശാലമായ ഭൂമിയും വിലയേറിയ കെട്ടിടങ്ങളും കേരള സർക്കാർ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ അവ വിറ്റഴിക്കുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിനെ അതിൽ ഒരു തരത്തിലും ബന്ധപ്പെടുത്തുന്നതായി കാണുന്നില്ല. ഇപ്രകാരം സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്കു വിധേയമായോ നല്കിയ ഈ സ്വത്തുക്കൾ ഏതെങ്കിലും ഒരു കാലത്ത് വിറ്റഴിക്കുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുമെന്ന് എന്തെങ്കിലും മുൻധാരണയുണ്ടായിരുന്ന വെങ്കിൽ സംസ്ഥാനത്തിന്റെ അമൂല്യമായ സമ്പാദ്യങ്ങളും ചരിത്രപ്രാധാന്യമുള്ള സ്വത്തുവകകളും അന്നത്തെ ഭരണാധികാരികൾ കേന്ദ്ര സ്ഥാപനങ്ങൾക്ക് നൽകുമായിരുന്നില്ല. ഇത്തരത്തിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും സ്വകാര്യവത്കരണവും ഇനിയും പല വസ്തുവകകളുടേയും നഷ്ടത്തിന് ഇടയാക്കും എന്നതിൽ സംശയമില്ല. മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ക്രിയാത്മകമായ മുൻകൂർ നടപടികൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തൊട്ടാകെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്കു വിധേയമായോ നൽകിയവയുടെ

വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാൽപ്പര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നതും അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടിയിരിക്കുന്നു.

(2) മേൽ സാഹചര്യത്തിൽ മേൽ വിവരിച്ച പ്രകാരമുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളുടെ വിശദാംശം തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, ഇവയിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സ്ഥാപിച്ച് സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാൽപ്പര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(3) മേൽപ്രകാരം രൂപീകരിക്കപ്പെട്ട മോണിറ്ററിംഗ് സെൽ ആവശ്യമായ വിവരശേഖരണം നടത്തി സർക്കാർ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ സർക്കാരിൽ വിശദാംശങ്ങൾ സമർപ്പിച്ചിരിക്കണം. വിവരശേഖരണത്തിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ ആസ്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുമായി കത്തിടപാടുകൾ നടത്തുന്നതിനും ആവശ്യമുള്ളപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ആവശ്യമായ രേഖകൾ വിളിച്ചുവരുത്തുന്നതിനും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും മോണിറ്ററിംഗ് സെല്ലിൽ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

(4) ഇപ്രകാരം രൂപീകരിക്കുന്ന മോണിറ്ററിംഗ് സെല്ലിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച തീരുമാനങ്ങൾ മോണിറ്ററിംഗ് സെല്ലിന്റെ ചുമതലയുള്ള അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(5) സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യങ്ങളുടെ മേൽനോട്ടച്ചുമതല വഹിക്കുന്നതാണ്.

(6) കൂടാതെ ഇത്തരത്തിലുള്ള വസ്തുവകകൾ പോക്കുവരവ് നടത്തുന്നതും ഉടമസ്ഥാവകാശം, കൈവശാവകാശം മുതലായവ നിർണ്ണയിച്ച് നൽകുന്നതും ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മമായും ഉന്നതതലത്തിലും പരിശോധിച്ചായിരിക്കണം എന്നും ഇതിനാൽ നിഷ്കർഷിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു വി.

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

അസിസ്റ്റന്റ് കമ്മീഷണർ ( ലാൻഡ് അസൈൻമെന്റ്), ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്,

തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ